# 1958



321



# സ്മാരകഗ്രന്ഥം

## TOP PERFORMERS

# TATA - MERCEDES - BENZ

Diesel Truck & Bus Chassis

STURDIER - MORE POWERFUL
ENGINES - HEAVIER PAYLOADS -
BETTER ROAD HOLDING
EASY ECONOMICAL
MAINTENANCE

Dealers :

**KULATHUNKAL**
**MOTOR CORPORATION**

TRIVANDRUM.

# മഹാത്മാഗാന്ധികാളേജ്
# സ്മാരകഗ്രന്ഥം



"ഞാൻ പരിഷ്കരണത്തിൽ വിശ്വസിക്കുന്നില്ല. പ്രത്യുത വളർച്ചയിലാണു വിശ്വസിക്കുന്നതു്. ഞാൻ ഈശ്വരന്റെ പദവിയിൽനിന്നുകൊണ്ടു് "നിങ്ങൾ ഈ വഴിയിലൂടെ പോകണം, ആ വഴിയിലൂടെ പോകരുതു്" എന്നു് സമുദായത്തോടു കല്പിക്കുവാൻ പോകുന്നില്ല. ദേശീയമാർഗ്ഗത്തിലുള്ള വളർച്ചയും വികാസവും പുഷ്ടിയുമാണു് എന്റെ ആദർശം. ഓരോ വ്യക്തിയും അവന്റെ സ്വന്തം മോക്ഷം നേടേണ്ടിയിരിക്കുന്നു. മററു പോംവഴി യാതൊന്നുമില്ല. അതുപോലെതന്നെയാണു് രാഷ്ട്രത്തിന്റെയും കാര്യം. കൂടുതൽ നല്ല പുതിയ സ്ഥാപനങ്ങൾ ഉണ്ടാക്കിയെടുക്കുന്നതുവരെ പഴയ സ്ഥാപനങ്ങൾ ധ്വംസിക്കുവാൻ ശ്രമിക്കുന്നതു നാശകരമാണു്. വളർച്ച എപ്പോഴും അനുക്രമമാണു്. മനുഷ്യനെ അവന്റെ നിലവിലുള്ള അവസ്ഥയിൽതന്നെ സ്വീകരിച്ചു് അവിടെനിന്നു് ഒരു സമുദ്ധാരണം നൽകണം."

— സ്വാമി വിവേകാനന്ദൻ.

വില രൂപ 1.

24-4-1958.

# ഗുരുനാഥൻ

ക്രിസ്തുദേവന്റെ പരിത്യാഗശീലവും, സാക്ഷാൽ-
കൃഷ്ണനാം ഭഗവാന്റെ ധർമ്മരക്ഷോപായവും,
ബുദ്ധന്റെയഹിംസയും, ശങ്കരാചാര്യരുടെ
ബുദ്ധിശക്തിയും, രന്തിദേവന്റെ ദയാവായ്പും,
ശ്രീഹരിശ്ചന്ദ്രനുള്ള സത്യവും, മുഹമ്മദിൻ-
സ്ഥൈര്യവുമൊരാളിൽച്ചേർന്നൊത്തുകാണണമെങ്കിൽ
ചെല്ലുവിൻ ഭവാന്മാരെൻഗുരുവിൻനികടത്തി-
ലല്ലായ്കിലവിടത്തെച്ചരിത്രം വായിക്കുവിൻ.

* * * *

ഗീതയ്ക്കു മാതാവായ ഭൂമിയെ ഭൂഷിപ്പു-
മാതിരിയൊരു കർമ്മയോഗിയെ പ്രസവിക്കൂ.
ഹിമവൽ[illegible]ശേഖരത്തെ കാണൂ
ശമമേ ശീലിച്ചുള്ളിത്തരം സിംഹത്തിനെ.
ഗംഗയാലൊഴുകുന്ന നാട്ടിലേ ശരിക്കിത്ര
മംഗളം കായ്ക്കും കല്പപാദപമുണ്ടാവുള്ളൂ

---

മഹാകവി വള്ളത്തോളിന്റെ 'എന്റെ ഗുരുനാഥൻ' എന്ന
ഖണ്ഡകാവ്യത്തിൽനിന്ന്.



K. JACOB THOMAS MEMORIAL SAHRUDAYA PUB...
R. 387
MANNARGHAT
R. 387

# സമൎപ്പണം

മഹാത്മാഗാന്ധികാളേജിൻെറ ഉൽഘാടനമഹാമഹത്തോടനുബന്ധിച്ചു് പ്രസിദ്ധപ്പെടുത്തുന്ന ഈ 'സ്മാരകഗ്രന്ഥം' ദേശാഭിമാനികളായ കേരളീയ സഹൃദയരുടെ സ്വീകരണത്തിനായി സമൎപ്പിച്ചുകൊള്ളുന്നു.

ആഘോഷസമിതിയുടെ അഭ്യൎത്ഥന അനുസരിച്ചു് ലേഖനങ്ങളും കവിതകളും അയച്ചുതന്നു് സഹായിച്ച സുഹൃത്തുക്കളോടു് ഞങ്ങൾ എന്നെന്നും കൃതജ്ഞരാണു്. താമസിച്ചു് കിട്ടിയ ലേഖനങ്ങൾ ഈ ഗ്രന്ഥത്തിൽ ചേൎക്കാൻ കഴിയാത്തതിലുള്ള ഖേദം ഞങ്ങളുടെ ഹൃദയത്തിൽ അവശേഷിക്കും.

മഹാത്മാഗാന്ധികാളേജ്
ഉൽഘാടനാഘോഷസമിതി.

തിരുവനന്തപുരം,
24-4-'58.

# ★ ലേഖനങ്ങളും ലേഖകന്മാരും ★


| | | | |
|---|---|---|---|
| 1. | കൂപ്പുകൈ! (കവിത) | സുഗതകുമാരി | 1 |
| 2. | ഒരു മധുരസ്മരണ | കൈനിക്കര കുമാരപിള്ള | 2 |
| 3. | യുഗപ്രവാചകൻ (കവിത) | സി. ജെ. മണ്ണുമ്മൂട് | 6 |
| 4. | ഗാന്ധിജിയുടെ വ്യക്തിത്വം | ഹൃദയകുമാരി | 7 |
| 5. | മന്നത്തു പത്മനാഭൻ | കെ. സുകുമാരൻ | 9 |
| 6. | 'മന്ദിരമാതാവ്' | കോന്നിയൂർ മീനാക്ഷിഅമ്മ | 11 |
| 7. | ഭാരതം മുന്നോട്ട് (കവിത) | കെടാമംഗലം | 13 |
| 8. | വിനോബാജിയെ കണ്ടപ്പോൾ | എസ്. ഗുപ്തൻനായർ | 14 |
| 9. | ആശ്രമഗുരു (കവിത) | ഒളപ്പമണ്ണ | 17 |
| 10. | ഗ്രാമീണസർവ്വകലാശാലകൾ | ജീ. രാമചന്ദ്രൻ | 18 |
| 11. | ഭരണഘടനയിലെ മൗലികാവകാശങ്ങൾ | പ്രൊഫസർ പി. എസ്. അച്യുതൻപിള്ള | 22 |
| 12. | കേരളത്തിലെ കർമ്മയോഗി | ശൂരനാട്ടു കുഞ്ഞൻപിള്ള | 29 |
| 13. | ചരിത്രം—ശാസ്ത്രമാണോ? | പുത്തേഴത്തു രാമമേനോൻ | 31 |
| 14. | ഇനിയും (കവിത) | ജി. ശങ്കരക്കുറുപ്പ് | 33 |
| 15. | ആശാന്റെ സീത | പള്ളിപ്പാട്ടു കുഞ്ഞുകൃഷ്ണൻ | 36 |
| 16. | ഭാഷാസാഹിത്യം | പി. അനന്തൻപിള്ള | 41 |
| 17. | ഉപന്യാസം | പി. ദാമോദരൻപിള്ള | 45 |
| 18. | സ്മരണയുടെ മുമ്പിൽ (കവിത) | പി. നളിനകുമാരി | 46 |
| 19. | തക്ഷശിലയിലെ അനുഭവങ്ങൾ | വി. ആർ. പരമേശ്വരൻപിള്ള | 49 |
| 20. | എൻ. എസ്. എസ്. മഹം | ററി ററി. കേശവൻശാസ്ത്രി | 51 |
| 21. | കലാക്ഷേത്രം (കവിത) | ജവഹരക്കുറുപ്പ് | 54 |
| 22. | "ഈ അലങ്കാരപ്രയോഗം ശരിയല്ല" | കെ. രാമകൃഷ്ണപിള്ള | 56 |
| 23. | കലാഭാരതം (കവിത) | പാലാ | 57 |
| 24. | സാമ്പത്തികാഭിവൃദ്ധി ഇന്ത്യയിലും ഇതരരാജ്യങ്ങളിലും | പ്രൊഫസർ സി. നാരായണൻ | 60 |
| 25. | വൈക്കം സത്യാഗ്രഹം | കെ. പി. കേശവമേനോൻ | 63 |
| 26. | പ്രാചീനഭാരതത്തിലെ രാജനീതി | ശിരോമണി എം. കെ. ഗോവിന്ദൻ | 65 |
| 27. | മായാത്ത ചിത്രങ്ങൾ (കവിത) | അയിരൂർ മാധവൻപിള്ള | 69 |
| 28. | ശ്രീ. മന്നത്തു പത്മനാഭൻ | പറവൂർ ടി. കെ. നാരായണപിള്ള | 72 |
| 29. | പ്രപഞ്ചവിജയം (കവിത) | എം. പി. അപ്പൻ | 73 |
| 30. | സാമുദായികപ്രവർത്തനവും സാഹിത്യവും | വി. എൻ. ശർമ്മ, ഹരിപ്പാട് | 74 |
| 31. | പുന്നാരമൊട്ടുകൾ (കവിത) | നാലാങ്കൽ | 76 |
| 32. | പ്രസംഗകല | തൃക്കൊടിത്താനം ഗോപിനാഥൻനായർ | 77 |
| 33. | ഒരു പൗരൻ വളരുന്നു (കവിത) | പാലാ ഗോപാലൻനായർ | 84 |
| 34. | ഏററവും സമർത്ഥന്മാരെ കാളേജുകളിലേക്കാകർഷിക്കണം | വി. ഗംഗാധരൻ | 86 |
| 35. | പാർലമെൻറിലെ ചില രംഗങ്ങൾ | പി. കെ. നായർ | 87 |
| 36. | നായർസർവീസ് സൊസൈററി | മക്കപ്പുഴ | 91 |
| 37. | ഹിന്ദുക്കളും സന്ന്യാസവും | കെ. ഗോപാലപിള്ള | 95 |
| 38. | കൈനത്താന (കവിത) | കാവാലം നാരായണപ്പണിക്കർ | 100 |
| 39. | മന്നത്തു പത്മനാഭൻ | സി. നാരായണപിള്ള | 102 |
| 40. | വിദ്യാപീഠം (കവിത) | പന്മന രാമചന്ദ്രൻനായർ | 106 |
| 41. | മഹാത്മാഗാന്ധികാളേജ് | മന്നത്തു പത്മനാഭൻ | 108 |
| 42. | സവർണ്ണജാഥ | ... | 111 |
| 43. | മഹാത്മാഗാന്ധികാളേജ് | എൻ. ആർ. കുറുപ്പ് | 114 |
| 44. | മഹാകവിയുടെ ശില്പശാലയിൽ | കുട്ടികൃഷ്ണമാരാര് | 116 |
| 45. | പ്രബന്ധരചന | മൂക്കോത്തു കുഞ്ഞപ്പ | 123 |

# LIST OF ADVERTISERS



| S.No. | Name | Page |
|---|---|---|
| 1. | M/s. The Arya Vaidyasala, Kottakal ... ... | 16 |
| 2. | The Cochin Central Co-operative Coir Marketing Society Ltd.... | 35 |
| 3. | The City Motors, Trivandrum ... ... | 35 |
| 4. | Co-operative Milk Supplies Union Ltd., Trivandrum ... | 35 |
| 5. | Seematti Gouri Mahal, Alleppey ... ... | 35 |
| 6. | The Kerala Service Bank, Ltd., Trivandrum ... ... | 59 |
| 7. | Coir Board, Government ot India, Ernakulam ... ... | 71 |
| 8. | Laboratory Supplies Company, Trivandrum ... ... | 83 |
| 9. | H. A. K. & Sons, Trivandrum ... ... | 83 |
| 10. | P. Madhavan Thampi, Trivandrum-1 ... ... | 83 |
| 11. | Olessa Ayurveda Vaidyaṣala, Olessa ... ... | 83 |
| 12. | Department of Public Relations, Kerala ... ... | 99 |
| 13. | The Alleppey Central Coir Marketing Co-operative Society Ltd., No. 1. | 107 |
| 14. | Department of Handlooms, Kerala State ... ... | 107 |
| 15. | The Queen's Bakery, Trivandrum-1 ... ... | 113 |
| 16. | Azad Hotel, Trivandrum. ... ... | 113 |
| 17. | The Metropolitan Engineering Co. (Private) Ltd., Trivandrum | 113 |
| 18. | Nampeesan's D. V. Dairy Form, Madras-28 ... ... | 113 |
| 19. | Hindustan Pharmacy, Trivandrum-1 ... ... | 113 |
| 20. | Aravinda Jewellery Mart & Watch Works, Kottayam ... | 113 |
| 21. | Sri Dhanwanthari Matom Ayurveda Pharmacy, Trivandrum-1 ... | 113 |
| 22. | Sarma & Sons, Trivandrum ... ... | 113 |
| 23. | Raj Mahal, Quilon ... ... | 120 |
| 24. | Vasantha Jewellery Mart, Trivandrum ... ... | 120 |
| 25. | The Kerala State Co-operative Bank Ltd., Trivandrum-1 ... | 121 |
| 26. | Fashion Jewelleries, Quilon ... ... | 122 |
| 27. | The Fashion Silk Stores, Quilon ... ... | 122 |
| 28. | Quilon Pencil Factory, Quilon ... ... | 122 |
| 29. | K. Parameswaran Pillai, Quilon ... ... | 122 |
| 30. | V. Gopala Pillai, Quilon ... ... | 123 |
| 31. | Hindustan Umbrella Mart, Quilon ... ... | 123 |
| 32. | K. Velayudhan Pillai & Sons, Quilon ... ... | 124 |
| 33. | Imperial Pencil Factory, Quilon ... ... | 124 |
| 34. | The Travancore Confectioney Works, Quilon ... ... | 124 |
| 35. | Last Cover: M/s. The Aluminium Industries Ltd., Kundara. | |
| 36. | Second Cover: M/s. Kulathunkal Motor Corporation, Trivandrum. | |
| 37. | Third Cover: M/s. Sree Rama Vilas Fress & Book-Depot, Quilon. | |

# കൂപ്പുകൈ!

— സുഗതകുമാരി —

ഞങ്ങൾ തലകുനിക്കുന്നു ഭവദീയ-
സന്നിധിയിങ്ക,ലനുഗ്രഹിക്കേണമേ!
നിച്ചലം സ്വാർത്ഥക്കെട്ടതിയിലാഴുമീ-
കൊച്ചുമനുഷ്യർക്കു മാപ്പുനൽകേണമേ!
ഇജ്ജീവിതങ്ങളിൽ സ്നേഹംനിറയ്ക്കുവാൻ,-
നിക്രൂരിരുട്ടിലും കാന്തി വീശീടുവാൻ,
ഹൃത്തിലെച്ചങ്ങലക്കെട്ടുകൾകൂടിയും
പൊട്ടിച്ചെറിയാൻ, വെളിച്ചംവിടർത്തുവാൻ,
സത്യപ്രകാശമേ! നിന്റെ പര്യായമായ്
നിത്യവുമിൻഡ്യതൻനാമം മുഴങ്ങുവാൻ,
ഉഗ്രമാംധർമ്മമാർഗ്ഗത്തിൽ സ്വകർത്തവ്യ-
മഗ്നമായ്നീങ്ങുമാവൃദ്ധപാദങ്ങളെ
നിശ്ചലഭക്ത്യാ തുടർന്നുവന്നീടുവാൻ
ശക്തിയുണ്ടാവാനനുഗ്രഹിക്കേണമേ!

—oo:o:oo—

# ഒരു മധുരസ്മരണ

— കൈനിക്കര കുമാരപിള്ള —

മഹാത്മാഗാന്ധിയെപ്പോലെ സംപൂർണ്ണമായ ആത്മസംയമനം സാധിച്ച മററൊരാളെപ്പററി ഞാൻ അറിഞ്ഞിട്ടില്ല. ദീർഘകാലത്തെ ഉഗ്രതപസ്സുകൊണ്ടു യമശമധനന്മാരായിത്തീൎന്ന മഹർഷിമാർപോലും ചില ദുർബ്ബലമുഹൂർത്തങ്ങളിൽ പ്രലോഭനങ്ങൾക്കും പ്രകോപനങ്ങൾക്കും വശംവദരായി തികഞ്ഞ അവിവേകങ്ങൾ കാട്ടിയിട്ടുള്ളതിനു് വേണ്ടുവോളം ദൃഷ്ടാന്തങ്ങൾ പുരാണങ്ങളിലുണ്ടു്. ഗാന്ധിജി എക്കാലത്തും യമധനനായിരുന്നില്ല. അക്രമരഹിതനായിരുന്നില്ല. കാമനകൾക്കും പ്രകോപനങ്ങൾക്കും അധീനനായി അബദ്ധങ്ങൾ കാട്ടിപ്പോയ അനേകം സന്ദർഭങ്ങൾ അദ്ദേഹംതന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്. പക്ഷേ അതെല്ലാം അദ്ദേഹത്തിന്റെ പരീക്ഷണകാലത്തായിരുന്നു. ചെയ്ത ഓരോ തെററിലും ആത്മപരിശോധനയ്ക്കും ആത്മശിക്ഷണത്തിനുമുള്ള അവസരം അദ്ദേഹം കണ്ടെത്തി. അങ്ങനെ അസംഖ്യം അഗ്നിപരീക്ഷകളിൽക്കൂടി ക്രമേണ തന്റെ വികാരങ്ങളുടെമേൽ സമ്പൂർണ്ണമായ നിയന്ത്രണം സമ്പാദിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇൻഡ്യൻസ്വാതന്ത്ര്യസമരത്തിന്റെ നായകനായി പ്രത്യക്ഷപ്പെട്ടപ്പോഴേക്കും അദ്ദേഹം ലോകോത്തരനായ ഒരു യമിയായിക്കഴിഞ്ഞിരുന്നു. കാമക്രോധലോഭമോഹമദമാത്സര്യാദികൾക്കെല്ലാം അതീതമായ അഭംഗുരമായ അന്തശ്ശാന്തിയിൽ അധൃഷ്യമായ ഒരു അഭയസങ്കേതം അദ്ദേഹം ഉറപ്പിച്ചുകഴിഞ്ഞിരുന്നു. രാജ്യവ്യാപകമായ മഹാക്ഷോഭങ്ങൾ അദ്ദേഹം ഒന്നിനുപുറകേ ഒന്നായി ഇളക്കിവിട്ടു, അക്ഷോഭ്യനായി. അന്യന്റെ അല്പമായ വേദനപോലും സ്വന്തം വേദനയായി അനുഭവിക്കാൻ ശീലിച്ച ആ ദയാമയൻ കഠോരവും സുസജ്ജവുമായ ഹിംസയുടെ ക്രൂരവക്ത്രത്തിലേയ്ക്കു തന്റെ പ്രിയപ്പെട്ട അനുയായികളെ ലക്ഷക്കണക്കിനു തള്ളിപ്പായിക്കാൻ തെല്ലും മടിച്ചില്ല. മഹാവിപത്തുകൾക്കോ, മഹാഭീകരതകൾക്കോ, മഹാവേദനകൾക്കോ അദ്ദേഹത്തിന്റെ മനശ്ശാന്തിയെ ലേശമെങ്കിലും ഭഞ്ജിക്കാൻ കഴിഞ്ഞില്ല.

അദ്ദേഹത്തിലുള്ള മാനുഷികവികാരങ്ങളെയെല്ലാം അദ്ദേഹം ഉണക്കിക്കരിച്ചുകളഞ്ഞു എന്നല്ല ഇതിനൎത്ഥം. ഒരു മഹാരാജ്യത്തിന്റെ, വൻപിച്ച ഒരു ജനതയുടെ, സകല ആശകളും ആശങ്കകളും വേദനകളും യാതനകളും തന്നിലേക്കു് ആവാഹിച്ച ആ മഹാസത്വൻ നമ്മിൽ ആരെയുംകാൾ എത്രയോ ആയിരംമടങ്ങുശക്തിയോടേ അതെല്ലാം തീച്ചയായും അനുഭവിച്ചിരിക്കണം. തന്റെ സ്വന്തം അനുയായികൾ അധർമ്മത്തിലേയ്ക്കും അക്രമത്തിലേക്കും കൂടെക്കൂടെ വ്യതിചലിച്ചപ്പോൾ, തന്റെ ഉഗ്രതപസ്യയുടെ ഫലമായി സ്വാതന്ത്ര്യയായിത്തിന്നു മാതൃരാജ്യം രണ്ടു തുണ്ടായി മുറിഞ്ഞപ്പോൾ, അതിനെത്തുടൎന്നു്, അന്നേവരെ തോളോടുതോൾ ചേൎന്നു നിന്നു് പരിശുദ്ധമായ ധൎമ്മസമരംനടത്തി അപൂർവ്വദൃഷ്ടമായ ഒരു മഹാവിജയംവരിച്ച ധീരയോദ്ധാക്കൾ പെട്ടെന്നു കലിമൂത്തു് കിരാതത്വത്തിന്റെ അടിത്തട്ടിലേക്കു കരണംമറിഞ്ഞു പരസ്പരം കടിച്ചുകീറി കൊന്നൊടുക്കിയപ്പോൾ, ആ പൈശാചഹോമത്തിൽ ഇളംകുഞ്ഞുങ്ങളുടെ കോമളിമയും കന്യകകളുടെ പരിശുദ്ധിയും സുമംഗലികളുടെ ചാരിത്രവും നിഷ്ക്കരുണം ആഹുതിചെയ്യപ്പെട്ടപ്പോൾ,— താൻ സശ്രദ്ധം, അവിശ്രാന്തം കെട്ടിപ്പടുത്ത മനുഷ്യമഹത്വത്തിന്റെ മഹാക്ഷേത്രം തന്റെ കൺമുമ്പിൽ തകൎന്നടിയുന്നതുകണ്ടപ്പോൾ—ആ മഹാഹൃദയം എത്ര ഉൽക്കടമായി വേദിനിച്ചിരിക്കണം, എത്ര തീവ്രമായി നീറിയിരിക്കണം!...പക്ഷേ ഇരുളടഞ്ഞ, നിണമണിഞ്ഞ, മരണവേദനനിറഞ്ഞ ആ നീണ്ട കാളരാത്രിയിലും അദ്ദേഹം എത്ര ശാന്തനായിരുന്നു!

അനാസക്തിയോഗത്തിന്റെ പരമമായ സാധ്യതയാണു്, പരമോന്നതമായ നിദൎശനമാണു് നാം മഹാത്മാഗാന്ധിയിൽ കാണുന്നതു്. അദ്ദേഹത്തിന്റെ ദീർഘജീവിതത്തിലെ ഓരോ നിമിഷവും കർമ്മനിരതമായിരുന്നു. പക്ഷേ ഒററ നിമിഷംപോലും കർമ്മത്തിന്റെ കറയോ ചെളിയോ പൊടിയോകൊണ്ടു കളങ്കിതമായതായി നാം കാണുന്നില്ല. കാർനിരകളിൽക്കൂടി കടന്നുപോകുന്ന കതിരവബിംബംപോലെ, വെള്ളത്തിൽക്കൂടി ചിറകുനനയാതെ നീന്തുന്ന ഹംസംപോലെ, താമരയിലയിൽ തുള്ളിക്കളിക്കുന്ന ജലബിന്ദുപോലെ, കൎമ്മനിരതമായ ജീവിതത്തിലും നിശ്ശേഷമായ നിസ്സംഗത്വവും നിർല്ലേപത്വവും പാലിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ഈ നിസ്സംഗത്വമാണു്, സമസ്വച്ഛതയാണു്, ഒരുനിമിഷത്തിൽ ലോകത്തിന്റെ ഭാഗധേയം നിൎണ്ണയിക്കുന്ന മഹാപ്രശ്നങ്ങളിൽ ആമഗ്നമായി ഗഹനചിന്താഭാരത്താൽ നിർമ്മൂകനാകാനും, അടുത്ത നിമിഷത്തിൽ കൊച്ചുകുട്ടികളുടെ കഥയില്ലാത്ത കളികളിൽ മുഴുകി ഹൃദയോല്ലാസംകൊണ്ടു തന്നെത്താൻമറന്നു തകൎത്തുവച്ചു പൊട്ടിച്ചിരിക്കുവാനുമുള്ള അത്ഭുതകരമായ കഴിവു് അദ്ദേഹത്തിനു നൽകിയതു്. വിസ്മയാവഹമായ ഈ ഭാവലാഘവത്തിന്റെ ചെറുതെങ്കിലും മനോഹരമായ ഒരു പ്രകടനത്തിനു ദൃക്സാക്ഷിയാകാനുള്ള ഭാഗ്യം എനിക്കു് ഒരിക്കൽ ലഭിച്ചു.

ii

വളരെവൎഷങ്ങൾക്കു മുൻപാണു്—വൈക്കം സത്യാഗ്രഹകാലത്തു്, 1100-ാമാണ്ടു് ഇടയ്ക്കാണെന്നു

തോന്നുന്നു — ചങ്ങനാശ്ശേരിയിൽ പെരുന്ന എൻ.എസ്. എസ്. ഹൈസ്കൂൾ മൈതാനത്തുവച്ചു് സർവീസ്സൊസൈറ്റിയുടെ നേതൃത്വത്തിൽ പൊതുജനങ്ങളുടെ വകയായി മഹാത്മാഗാന്ധിക്കു നൽകിയ ഗംഭീരമായ ഒരു സ്വീകരണമാണു സന്ദർഭം. പ്ലാറ്റ്ഫാറം സജ്ജീകരിച്ചിരുന്നതു് മൈതാനത്തിന്റെ കിഴക്കേ അറ്റത്തു മധ്യത്തിൽ പടിഞ്ഞാറു് അഭിമുഖമായിട്ടായിരുന്നു. പ്ലാറ്റ്ഫാറത്തിന്റെ ഇടതു(തെക്കു)വശത്തു് കുറേ സ്ഥലം സ്ത്രീകൾക്കായി ഒഴിച്ചിട്ടിരുന്നു. മഹാത്മാഗാന്ധി സ്കൂളിന്റെ തെക്കുവശത്തുള്ള റോഡിൽ കാറിൽ വന്നിറങ്ങി സ്കൂൾകെട്ടിടത്തിൽ കയറി വടക്കുവശത്തുകടന്നു് വടക്കോട്ടുനടന്നു പ്ലാറ്റ്ഫാറത്തിൽ എത്തത്തക്കവണ്ണമാണു് സൗകര്യപ്പെടുത്തിയിരുന്നതു്. അദ്ദേഹത്തിനു നടന്നുപോകാനുള്ള വഴി ഇരുവശവും കുറ്റികൾനാട്ടി കയറുവലിച്ചുകെട്ടി സംരക്ഷിച്ചിരുന്നു അതിലെ കിഴക്കേവേലിയായിരുന്നു സ്ത്രീകൾക്കുള്ള സ്ഥലത്തിന്റെ പടിഞ്ഞാറേ അതിരു്. ബലമുള്ള ഒരു സംരക്ഷണമായിരുന്നില്ല അതു്. എങ്കിലും ഏറ്റവും അച്ചടക്കത്തോടുകൂടി മഹാസമ്മേളനങ്ങളിൽ പങ്കെടുത്തു ശീലിച്ചിട്ടുള്ള ആ ദേശക്കാർ ദുർബലമായ ആ അതിരിന്റെ ബലവത്തായ ധാർമ്മികശാസനത്തെ ആദരിക്കുമെന്നുതന്നെ യോഗഭാരവാഹികൾ വിശ്വസിച്ചു. ആ വിശ്വാസം തെറ്റിയുമില്ല. അവിടെ കൂടിയവരെല്ലാം അതിനെ ആദരിക്കുകതന്നെ ചെയ്തു.

ഗാന്ധിജി സ്ഥലത്തെത്തുന്നതിനു് എത്രയോമുമ്പു് മൈതാനംമുഴുവൻ ആളുകളെക്കൊണ്ടുനിറഞ്ഞുകഴിഞ്ഞു. സമ്മേളനത്തിന്റെ നടത്തിപ്പിനു ചുമതലപ്പെട്ട ആളുകൾ നൽകിയ നിർദ്ദേശങ്ങളെല്ലാം അവർ പൂർണ്ണമായി പാലിച്ചു. അദ്ദേഹം വരുമ്പോൾ ആരും അവരുടെ ഇരിപ്പിടംവിട്ടു് ഇളകരുതെന്നുള്ള, അനുസരിക്കാൻ എളുപ്പമല്ലാത്ത നിർദ്ദേശംപോലും അവർ നിർമ്മത്സരം നിർവ്വഹിച്ചു. അദ്ദേഹത്തിനു നടന്നുവരാനുള്ള വഴി നിർബാധമായി ഒഴിഞ്ഞുതന്നെ കിടന്നു.

ഗാന്ധിജി വന്നു. ചുമതലപ്പെട്ടവർമാത്രം റോഡിൽച്ചെന്നു് അദ്ദേഹത്തെ എതിരേറ്റു പ്ലാറ്റുഫാറത്തിലേക്കു് ആനയിച്ചു. ആ മനുഷ്യമഹാസമുദ്രം ജയശബ്ദങ്ങൾ മുഴക്കിയതല്ലാതെ അന്യഥാ ശാന്തമായിത്തന്നെവർത്തിച്ചു. പ്ലാറ്റുഫാറത്തിൽ ഇട്ടിരുന്ന ഒരു മേശയുടെമുകളിൽ ഗാന്ധിജി ഇരിപ്പുറപ്പിച്ചു. ആ ഇരിപ്പു് ഓർമ്മിക്കാത്തവർ, ചിത്രത്തിലെങ്കിലും കണ്ടിട്ടില്ലാത്തവർ, ആരെങ്കിലുമുണ്ടോ?—ഒരുവശത്തുകൂടി രണ്ടുകാലും പുറകോട്ടുമടക്കി മറുവശത്തേക്കു് അല്പം ചരിഞ്ഞു് കൈ ഊന്നിക്കൊണ്ടുള്ള ആ ഇരിപ്പു്! അദ്ദേഹത്തെ അനുഗമിച്ചവരും എതിരേറ്റു കൂട്ടിക്കൊണ്ടുവന്നവരും മേശയ്ക്കു താഴെ പ്ലാറ്റുഫാറത്തിന്റെ അരികുകളിലും പ്ലാറ്റുഫാറത്തിനുചുറ്റും താഴെ നിലത്തും സ്ഥലംപിടിച്ചു. നേരത്തേതന്നെ പ്ലാറ്റുഫാറത്തിന്റെ സംരക്ഷണത്തിനു് ചുമതലപ്പെട്ടിരുന്ന ഞാൻ മേശയ്ക്കുപുറകിൽ പ്ലാറ്റുഫാറത്തിൽ നിൽക്കുകയായിരുന്നു. ഈ ചുമതലയുടെ പങ്കാളിയായി എന്റെകൂടെ നേരത്തേ ഉണ്ടായിരുന്നോ, അതോ അദ്ദേഹത്തെ സ്വീകരിച്ചവരുടെ കൂട്ടത്തിൽ വന്നു് ഞാൻ പിടിച്ചിരിക്കുന്ന സ്ഥാനം കൊള്ളാമെന്നു കണ്ടു അപ്പോൾ കൂട്ടുകൂടിയതാണോ എന്നു നിശ്ചയമില്ല, യോഗം ആരംഭിച്ചപ്പോൾ എന്റെ അരികിൽ പരേതനായ എം. എൻ നായരും മേശയുടെ പുറകിൽ നില്പുണ്ടായിരുന്നു.

ഗാന്ധിജിവന്നു് കാലുരണ്ടും പുറകോട്ടുമടക്കി മേശപ്പുറത്തു് ഇരിപ്പുറപ്പിച്ചപ്പോൾ ഉള്ളംകാലുരണ്ടും മിക്കവാറും മുഴുവൻ മലർന്നു് ഞങ്ങളുടെ നേരേമുൻപിൽ മേശപ്പുറത്തു പ്രത്യക്ഷപ്പെട്ടു. ആ കാലടികൾ എനിക്കു് ഇപ്പോഴും കാണാം; എപ്പോഴും കാണാം. അരികുകളിൽ മണൽത്തരികൾ പറ്റിയിരുന്നു. കുറുകെ ഒറ്റത്തോല്വാറിട്ട ആ പലകമെതിയടിക്കു് പാദങ്ങളുടെ അരികുകളെ ഭൂസ്പർശത്തിൽനിന്നു പൂർണ്ണമായി രക്ഷിക്കാൻ കഴിഞ്ഞില്ല എന്നു സ്പഷ്ടം. ഉൾഭാഗം സുരക്ഷിതമായിരുന്നതുകൊണ്ടു് ധൂളീസ്പർശമേല്ക്കാതെ ശുദ്ധമായിത്തന്നെ വിരാജിച്ചു.

ആ നീണ്ട കാലടികളെ ഉറ്റുനോക്കിക്കൊണ്ടു് ഞാൻ അങ്ങനെനിന്നു. അവയുടെ പുണ്യസ്പർശമേറ്റു പുളകമണിയാത്ത, പുതുജീവനുൾക്കൊള്ളാത്ത, ഏതെങ്കിലും സ്ഥലമുണ്ടോ വിശാലമായ ഈ ഭാരതഭൂമിയിൽ? അവയുടെ ദൃഢമായ പാതംമൂലം എന്തെല്ലാം ഉറച്ചു, എന്തെല്ലാം ഇളകി!......ഞാൻ അവയെത്തന്നെ അങ്ങനെ ഭക്തിപൂർവ്വം ഉറ്റുനോക്കിക്കൊണ്ടുനിൽക്കുന്നതറിഞ്ഞിട്ടോ എന്തോ ആ പാദങ്ങൾ എന്നോടു് ഒരു നിശ്ശബ്ദഭാഷണം ആരംഭിച്ചു—

“നിന്റെ കൈ ഒന്നനങ്ങിയാൽ തൊടത്തക്കവണ്ണം നിന്റെ മുൻപിൽ വിശ്രമംകൊള്ളുന്ന ഞങ്ങളെ നിനക്കു് ഒന്നു തൊട്ടുവന്ദിക്കേണ്ടേ? ...എത്രലക്ഷം ആളുകളാണു് ഞങ്ങളെ ഒന്നു തൊടാനുള്ള സൗകര്യത്തിനുവേണ്ടി തപസ്സുചെയ്യുന്നതു്! അതു കിട്ടാതെ കേഴുന്നതു്!......നിന്റെ കൈവിരലുകൾക്കെട്ടത്തു് നിന്നെ സ്നേഹപൂർവ്വം നോക്കിക്കൊണ്ടു", തൊടാനല്ല, വേണമെങ്കിൽ ഒന്നു മുറുകെ പുണർന്നുകൊള്ളാൻ നിന്നെ സദാ ക്ഷണിച്ചുകൊണ്ടു് നിന്റെ മുൻപിൽ ഞങ്ങൾ വർത്തിക്കുന്നു. എന്നിട്ടും നിനക്കൊന്നു തൊടാൻ തോന്നുന്നില്ലേ? നീ എന്തൊരു തീർത്ഥക്കരപ്പാപി!”

തന്റേടം ആർജ്ജിച്ചു്, എന്റെ മനസ്സിന്റെ രഹസ്യതയിൽ ഞാൻ മറുപടിപറഞ്ഞു: “ആഗ്രഹമില്ലാഞ്ഞല്ല, ദുരഭിമാനംകൊണ്ടുമല്ല തൊടാത്തതു്, നിങ്ങളെപ്പോലെ പവിത്രങ്ങളായ പാദങ്ങൾ ഇന്നു് ഈ ഭൂമുഖത്തില്ല. നിങ്ങളെ തൊടാനല്ല, മുറുകെ കെട്ടിപ്പിടിക്കാനാണു്, ജീവിതംമുഴുവൻ അങ്ങനെ വിടാതെ കെട്ടിപ്പിടിച്ചുകഴിയാനാണു ഞാൻ ആഗ്രഹിക്കുന്നതു്. പക്ഷേ, ഞാൻ അതു ചെയ്യുന്നില്ല. എന്നെ അതിലേക്കു നിശ്ശ

ബ്ബംക്ഷണിച്ചുകൊണ്ടു് എന്റെ മുൻപിൽ നിങ്ങൾ ഇങ്ങനെ നിശ്ചലം വർത്തിക്കുന്ന ഈ സന്ദർഭത്തിലും ഞാൻ അതു ചെയ്യുകയില്ല. രണ്ടു കാരണംകൊണ്ടു്—ഒന്നാമതു് അതിനുള്ള ശുദ്ധി, അർഹത, എനിക്കില്ല. രണ്ടാമതു്—അതാണു മുഖ്യം—എനിക്കറിയാം, നിങ്ങളുടെ ഉടയോന്നു് അതു് ഇഷ്ടമല്ലെന്നു്. അദ്ദേഹത്തിനു് ഇഷ്ടമുള്ളതെല്ലാം ചെയ്യാൻ ദുർബ്ബലനായ എനിക്കു് ശക്തിയില്ല. ഇഷ്ടമില്ലാത്തതു ചെയ്യാതിരിക്കാനെങ്കിലും ഞാൻ ശ്രദ്ധിക്കേണ്ടേ? ശക്തനാവേണ്ടേ? ഇല്ല ഞാൻ നിങ്ങളെ എന്റെ കൈകൊണ്ടു തൊടുകയില്ല. എന്റെ ഹൃദയത്തിൽനിന്നു വിടുകയുമില്ല"

ഈ നിശ്ശബ്ദസംവാദത്തിൽ മുഴുകിയിരുന്ന ഞാൻ അല്പനേരത്തേക്കു് അവിടെ നടന്നതൊന്നും നേരേ ശ്രദ്ധിച്ചില്ല. എന്നെ ആ ദിവാസ്വപ്നത്തിൽനിന്നുണർത്തിയതു് എം. എൻ. നായർ എന്റെ മുഖത്തു തറച്ച അർത്ഥഗർഭമായ നോട്ടവും അതിനെ ആവുംവണ്ണം വ്യാഖ്യാനിച്ചുകൊണ്ടുനടത്തിയ ഒരു ചെറിയ 'കൈക്രിയ' യുമാണു്. അപ്പോഴാണു് ആ പാദങ്ങളുടെ നിശ്ശബ്ദസന്ദേശം അദ്ദേഹത്തിനും ലഭിച്ചിരിക്കുന്നു എന്നു ഞാൻ അറിഞ്ഞതു്. ആ കൺക്രിയയും കൈക്രിയയുംകൊണ്ടു അദ്ദേഹം എന്നോടു പറഞ്ഞതു് ഇതാണു് – "കണ്ടോ ഈ കാലടികൾ? എത്രനല്ല അവസരം! ഞാൻ ആ പാദധൂളി ശിരസ്സിൽ അണിയാൻപോകയാണു്. വേണമെങ്കിൽ നിങ്ങളും ആയിക്കൊള്ളൂ." ഞാൻ അതേഭാഷയിൽ മറുപടികൊടുത്തു, "വേണ്ട അരുതു്. അദ്ദേഹത്തിനു അതു് ഇഷ്ടമല്ല." പക്ഷേ എന്റെ ഈ വിലക്കു് ഭക്തിപരവശനായ എം. എൻ. നായരിൽ നിഷ്ഫലമായി ഭവിച്ചു. അദ്ദേഹം ഇരുകൈകളും അല്പം മുന്നോട്ടുനീക്കി ആ കാലടികൾ തൊട്ടു വന്ദിച്ചു കൃതാർത്ഥനായി. വളരെ മൃദുവായിട്ടാണു് അദ്ദേഹം തൊട്ടതു് ആ സ്പർശനലേശമേററു് ആ ഉള്ളംകാലുകൾ സ്വയം അല്പമൊന്നുചുളുങ്ങിയോ എന്നു സംശയം. ഏതായാലും ഗാന്ധിജിയുടെ ബോധകേന്ദ്രത്തിൽ ഭക്തിയുടെ ആ ആക്രമണംചെന്നെത്തിയില്ല എന്നു തോന്നുന്നു; ബോധവത്തായ ഒരു പ്രതികരണം അദ്ദേഹത്തിൽനിന്നുണ്ടായില്ല

## iii

ഗാന്ധിജിയുടെ പ്രഭാഷണം കഴിഞ്ഞു. യോഗം അവസാനിച്ചു. അദ്ദേഹം മേശപ്പുറത്തുനിന്നു പ്ലാററ്ഫാറത്തിലേയ്ക്കും അവിടെനിന്നു തറയിലേയ്ക്കും ഇറങ്ങി. കാറുകിടക്കുന്നിടത്തേയ്ക്കു് അതിവേഗം നടന്നുതുടങ്ങി. ഞങ്ങൾ കുറേ ആളുകൾ അദ്ദേഹത്തിന്റെ ഇരുവശങ്ങളിലായി അദ്ദേഹത്തെ അനുഗമിച്ചു. മൂന്നുനാലു ചുവടേ മുന്നോട്ടുവച്ചുള്ളു. അപ്പോഴത്തേയ്ക്കു സദസ്സിന്റെ ഒരു വിഭാഗം അതുവരെ പാലിച്ച അച്ചടക്കമെല്ലാം പെട്ടെന്നു പരിത്യജിച്ചു. വഴിയുടെ പടിഞ്ഞാറുവശത്തുനിന്നു പുരുഷന്മാർ വേലിപൊളിച്ചു വഴിയിലേയ്ക്കു തള്ളിക്കയറി ഞങ്ങളിൽ കുറച്ചുപേർ ഗാന്ധിജിക്കു ചുററുംനിന്നു് അപ്രതീക്ഷിതമായുണ്ടായ ആ വേലിയേററത്തെ അല്പദൂരം വിജയകരമായിത്തന്നെ ചെറുത്തു. പക്ഷേ ഏതാനും നിമിഷത്തിനുള്ളിൽ ആ പ്രതിരോധം തകർന്നു. അതു് അനാദരത്തിന്റെ പ്രവാഹമല്ലായിരുന്നു; അത്യാദരത്തിന്റെ, ഭക്തിയുടെ പ്രവാഹമായിരുന്നു. ആ കാലടികളായിരുന്നു അതിന്റെ ലക്ഷ്യം. ഒന്നിനുപുറകേ ഒന്നായും ഒന്നിനുമുകളിൽ ഒന്നായും അനേകംപേർ അദ്ദേഹത്തിന്റെ മുൻപിൽ കമഴ്ന്നുവീണു പാദങ്ങൾ തൊട്ടു വന്ദിക്കാൻതുടങ്ങി. എം. എൻ. നായർ രഹസ്യമായും മൃദുവായും പ്രകടിപ്പിച്ച ഭക്തിപ്രകർഷത്തിന്റെ തന്നെ പരസ്യവും സാഹസികവും സംഘടിതവും പ്രാകൃതവുമായ ഒരു രൂപഭേദം! ആദ്യത്തെ സ്പർശത്തിൽത്തന്നെ അദ്ദേഹം പെട്ടെന്നുനിന്നു കാലു പിൻവലിച്ചുകൊണ്ടു് 'അരുതു്!' എന്നു പറഞ്ഞു. കൂടുതൽ ആളുകൾ അതിനു മുതിർന്നപ്പോൾ 'അരുതു്! അരുതു്!' എന്നു കൂടുതൽ ഉച്ചത്തിൽ ആവർത്തിച്ചു. ഞങ്ങളിൽ പലരും അതു് ഏററുപാടി. അവരുടെ ഭക്തിക്കു് അദ്ദേഹത്തിന്റെ ആജ്ഞയെക്കാൾ ശക്തിയുണ്ടെന്നു സ്പഷ്ടമായി. ഒട്ടുവളരെപ്പേർ അദ്ദേഹത്തിന്റെ മുൻപിൽ കുമിഞ്ഞുകൂടി. ഞങ്ങൾ പണിപ്പെട്ടു പിടിച്ചുമാററിയവരുടെ സ്ഥാനം പുതിയ ആളുകൾ കൈയടക്കി. മുൻപോട്ടുള്ള ഗതി നിശ്ശേഷം നിരുദ്ധമായി. അദ്ദേഹത്തിന്റെ മുഖം ഗൗരവപൂർണ്ണമായി. അക്ഷമയുടെയും നീരസത്തിന്റെയും നിഴൽ അതിൽ വീണു. അദ്ദേഹത്തിന്റെ ശബ്ദം ആ കോലാഹലത്തിനുമീതേ ഉയർന്നു, ഗൗരവംകൊണ്ടു് അതു കടുത്തു പ്രകടമായ അക്ഷമയുടെയും പ്രശാന്തമായ കോപത്തിന്റെയും ഒരു നേരിയ മുഴക്കം അതിൽ കലർന്നു—"Don't waste My time!" (എന്റെ സമയം പാഴാക്കരുതു്!) 'എന്റെ' ഒന്നു് ഊന്നിയാണു് ഉച്ചരിച്ചതു്. ഗംഭീരമായ ആ ശാസനത്തിനു് അല്പം ഫലമുണ്ടായി. ഭക്തിയുടെ ഉന്മാദം തെല്ലൊന്നു ശമിച്ചു അപരാധബോധം ഉണർന്നു. അദ്ദേഹത്തിന്റെ മുൻപിൽ കമഴ്ന്നടിഞ്ഞവർ ബദ്ധപ്പെട്ടുനിവർന്നു. വഴി ഒഴിക്കുന്നതിനു് അതേവരെ വിഫലമായി ഞങ്ങൾ ചെയ്ത ശ്രമം അതോടെ വിജയിക്കുവാൻതുടങ്ങി. വഴി ഒരുവിധം ഒഴിഞ്ഞുകിട്ടി. ഗാന്ധിജി വീണ്ടും മുന്നോട്ടുനീങ്ങി. ഏതാനംനിമിഷങ്ങൾക്കുള്ളിലാണു് ഇത്രയും നടന്നതു്.

അദ്ദേഹം രണ്ടുമൂന്നു ചുവടു മുന്നോട്ടുവച്ചപ്പോൾ, കിഴക്കുവശത്തെ വേലിക്കെട്ടു് വഴിക്കുപുറംതിരിഞ്ഞു് കിഴക്കോട്ടു് ആ സ്ഥലത്തുനിന്നു പിരിഞ്ഞുതുടങ്ങിയിരുന്ന സ്ത്രീകളുടെ ഇടയിലേയ്ക്കു് അമ്പരന്നുനോക്കിക്കൊണ്ടു്—ആ കൂട്ടത്തിൽ മറഞ്ഞ അമ്മയേയോ മററോ തിരക്കിയായിരിക്കണം – ആറേഴ വയസ്സായ ഒരു പെൺകുട്ടി ഒട്ടകലെ ററതിരിഞ്ഞുനില്ക്കുന്നതു് അദ്ദേഹം കണ്ടു. കഴിഞ്ഞ ഏതാനും നിമിഷങ്ങളിലെ നീരസം അദ്ദേഹത്തിന്റെ മുഖത്തു വിരിച്ച നിഴലെല്ലാം പെട്ടെന്നു മറഞ്ഞു. ആഹ്ലാദത്തിന്റെ പ്രകാശം തെളിഞ്ഞു. ആ പല്ലില്ലാത്ത മനോഹരമായ മന്ദഹാസം വിടർന്നുതുടങ്ങി. തേജോമയമായ ആ കണ്ണുകളിൽ വിനോദം വിശേഷാൽ ഒരു പൂത്തിരി കത്തിച്ചു. കൈത്ത

ണ്ടയിൽ തൂങ്ങിക്കിടന്നിരുന്ന മാല അരക്ഷണംകൊണ്ടു് ഇരുകൈകളിൽ വിതിർത്തുപിടിച്ചു് ആ വശത്തോട്ടൊന്നാഞ്ഞു് കറക്കിയൊരേറു്! വിദഗ്ദ്ധനായ ഒരു വളയേറുകാരനു അസൂയ ജനിപ്പിക്കുന്ന സൂക്ഷ്മതയോടെ ആ മാല കറങ്ങിച്ചെന്നു് ആ കുഞ്ഞിന്റെ കഴുത്തിൽത്തന്നെ വീണു. അവൾ ഞെട്ടിത്തിരിഞ്ഞപ്പോഴേയ്ക്കു്, അവളുടെ പ്രതികരണം കാണാൻ കാത്തുനില്ക്കാതെ അവളുടെ ആ ആകസ്മികവരൻ അപ്രത്യക്ഷനായിക്കഴിഞ്ഞു. അദ്ദേഹം നടന്നുകൊണ്ടാണു്, നടപ്പിന്റെ വേഗം അല്പംപോലും കുറയ്ക്കാതെയാണു്, ഉന്നംപിഴയ്ക്കാത്ത ആ മാലയേറു നിർവ്വഹിച്ചതു്. തന്റെ വൈദഗ്ദ്ധ്യപരീക്ഷയുടെ അസാധാരണമായ വിജയം പൂർണ്ണവികാസത്തിലെത്തിച്ച ആ പല്ലില്ലാച്ചിരിയുടെ വിശ്വവശ്യമായ മനോഹാരിതകൂടി ആ കുഞ്ഞിനു് ആസ്വദിക്കാൻ കഴിയാതെപോയതിൽ എനിക്കു് ഇന്നും ഖേദമുണ്ടു്. പക്ഷേ, അതോടുകൂടിത്തന്നെ, തന്റെ കർമ്മത്തിന്റെ പരിണാമമറിയാൻ കാത്തുനില്ക്കാതെ അദ്ദേഹം കടന്നുകളഞ്ഞതിലാണു് അതിന്റെ ചമൽക്കാരത്തികവെന്നു ഞാൻ അറിയുന്നു; അതു് ഓർത്തോർത്തു് ആനന്ദിക്കുകയും ചെയ്യുന്നു.

ആ കുഞ്ഞിനെപ്പററി പിന്നീടു് ഞാൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ടു്. അവൾക്കു അന്നു് അപ്രതീക്ഷിതമായിക്കിട്ടിയ ആ സമ്മാനത്തിന്റെ വില അവൾ മനസ്സിലാക്കിയോ? അവളുടെ കഴുത്തിൽ ആ മാല എറിഞ്ഞിട്ടു് ഓടിക്കളഞ്ഞ വിരുതൻ ആരെന്നു് ആരെങ്കിലും അവളെ പിന്നീടു പറഞ്ഞുധരിപ്പിച്ചിരിക്കണം. അവൾക്കു കൈവന്ന മഹാഭാഗ്യത്തിന്റെ മഹിമാതിരേകം പില്ക്കാലത്തെങ്കിലും അവൾ പൂർണ്ണമായി മനസ്സിലാക്കിയോ? ആ മാല അവൾ എന്തുചെയ്തു? ആ സംഭവം അവളുടെ അനന്തരജീവിതത്തെ ഏതെങ്കിലും തരത്തിൽ ബാധിക്കുകയുണ്ടായോ? ആവോ. എനിക്കറിഞ്ഞുകൂടാ. അറിയാൻ ഇന്നും കൗതുകമുണ്ടു്.

ഏതായാലും ആ സംഭവം എനിക്കു മറക്കാൻ കഴിഞ്ഞിട്ടില്ല. ഞാൻ അതു് ഒരിക്കലും മറക്കുകയുമില്ല. ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഗാന്ധിജിയുടെ വളരെ ഭിന്നങ്ങളായ രണ്ടു ഭാവങ്ങൾ നേരിട്ടുകാണാൻ എന്നെ സഹായിച്ച സംഭവമാണതു്—അത്യന്തമായ ഗൗരവവും അത്യന്തമായ നർമ്മബോധവും. ഒന്നിൽനിന്നു മററതിലേയ്ക്കു മാറാൻ അദ്ദേഹത്തിനു് അനായാസം കഴിഞ്ഞു. ഒരു നിമിഷത്തിൽ ഒരു കനത്തനിഴൽ വീശി. അടുത്ത നിമിഷത്തിൽ അതു നിശ്ശേഷം നീങ്ങി; പ്രകാശം പൂർണ്ണമായി തെളിഞ്ഞു. അതിനെപ്പററി ചിന്തിക്കുമ്പോഴെല്ലാം സംഗവും ലേപവുമിയലാത്ത സമസ്വച്ഛമായ വിഹായസ്സിനോടു് അദ്ദേഹത്തെ ഉപമിച്ച ക്രാന്തദർശിയായ മഹാകവിയെ ഞാൻ ആദരപൂർവ്വം സ്മരിക്കാറുണ്ടു്.



മഹാത്മജി

*　　*　　*　　*

ഈ മാസം (മാർച്ച്) 13-ാംനു-യ്ക്കുമുൻപാണു് ഈ ലേഖനം എഴുതിയതെങ്കിൽ ഇവിടെ അതു് അവസാനിക്കുമായിരുന്നു. ഇന്നു് അതു് അല്പംകൂടി നീളേണ്ടിയിരിക്കുന്നു. നീണ്ടേമതിയാകൂ. ഒരു മധുരസ്മരണ മറെറാരു മധുരസ്മരണയെ ഉണർത്തി. രണ്ടാമത്തേതു് ഈ അവസരത്തിൽ ശോകസങ്കുലമാണു്. ആ ശോകം അതിന്റെ മാധുര്യം വളർത്തുന്നതേയുള്ളു.

എന്റെ ഭാവനയിൽ തെളിയുന്ന മനോഹരമായ ഒരു രംഗം, ഏതായാലും, എന്റെ ഹൃദയത്തിൽ അവാച്യമായ ആനന്ദമണയ്ക്കുകയാണു്—ഭക്തനായ ആ ഗായകശിഷ്യൻ അങ്ങെത്തിയപ്പോൾ, നീണ്ട കൈ രണ്ടും നീട്ടി, പല്ലില്ലാത്ത മോണമുഴുവൻ പുറത്തുകാട്ടി ആനന്ദമയനായി പൊട്ടിച്ചിരിച്ചുകൊണ്ടു് ശതതഷ്ണവും ദുരാധർഷണമായ ആ ജഗദ്ഗുരു അദ്ദേഹത്തെ വാരിയെടുത്തു വക്ഷസ്സിൽച്ചേർത്തു് മൂലഗേഹത്തിലേയ്ക്കു സ്വാഗതംചെയ്തനുഗ്രഹിച്ച ആ രംഗം!

# യുഗപ്രവാചകൻ

— സി. ജെ. മണ്ണുമ്മൂട് —

'രാജഘട്ടി'നാൽ പൂവ്-
സുകൃതംവാച്ചും ഭക്തി-
രാഗസംഗീതത്തോടെ-
യൊഴുകും യമുനയിൽ,

മാമകചിത്തം ചെന്നു
മുങ്ങുമ്പോഴാത്മാവിന്റെ
മാദകതാപം മാഞ്ഞു-
പോകുന്നു, കുളിക്കുന്നു!

മനസ്സിൻവെള്ളിത്തിര-
ശ്ശീലയിലൊന്നൊന്നായി-
പ്പതിയുന്നല്ലോ നൂറു-
നൂറു ചിത്രങ്ങൾ വേഗം.

മസൃണമനോഹര-
മായിട്ടും ശിരസ്സിന്റെ
മഹത്വം രഞ്ജിക്കുന്ന
വിസ്തൃതലലാടവും,

കണ്ണടയ്ക്കുള്ളിൽനിന്നു
ചിത്പ്രഭാമിളിതമാ-
യണ്ണവതുല്യസ്നേഹം
സ്ഫുരിക്കും മിഴികളും,

ഹൃദയം മയക്കുന്ന
നിഷ്കളങ്കാർദ്രസ്മേര-
സുധയോലുമാദിവ്യ-
മധുരാധരങ്ങളും,

ത്യാഗമോഹനചിഹ്ന-
മായി മുൻവരിപ്പല്ല്-
പോയ മോണയുമായി-
ത്തിളങ്ങും വദനവും,

ചർക്കയിൽനൂൽക്കും കട്ടി-
നൂലിനാൽ നെയ്തുണ്ടാക്കി
വൽക്കലമുടുത്തൊര-
ക്കൃശലോലമാം മെയ്യും

ഒത്തിണങ്ങിയ യോഗി-
വര്യനെ,യൊരുയുഗ-
സത്പ്രവാചകനായി-
ബ്ഭവിച്ചോരാചാര്യനെ,

മാമകമനസ്സിന്റെ
തിരശ്ശീലയിൽ കാൺകെ
ഹാ! കുനിയുന്നു ഭക്തി-
നിർഭരമായെൻമൗലി!

* * *

ശതവത്സരങ്ങളി-
ലൂടവേ മനുഷ്യന്റെ
ഗരിയും പ്രതിഭയു-
മൗന്നത്യം പ്രാപിക്കവേ,

നാഗരസംസ്കാരത്തിൻ-
വൈദ്യുതവെളിച്ചത്തിൽ
നാടിന്റെ ശാലീനതാ-
ഭാവങ്ങൾ മങ്ങീടവേ,

ഹൃദയങ്ങളെ ബന്ധി-
ച്ചീടുമാ സൗഹാർദ്ദത്തി-
ന്നതിസുന്ദരലോല-
തന്ത്രികളുലയവേ,

ബുദ്ധിതൻവികാസത്തിൻ-
യാന്ത്രികത്വത്തിൽ മർത്ത്യ-
ചിത്തമാർദ്ദവമല്പ-
മല്പമായ് കുറയവേ,

മനുഷ്യസ്നേഹത്തിന്റെ
മഞ്ജുഗാനവുമായി,
മഹിയിൽ ത്യാഗത്തിന്റെ
ദിവ്യദീപവുമായി,

മാരകശസ്ത്രങ്ങൾക്കായ്
മത്സരിക്കുമീ രണ-
വേദിയിലൈക്യത്തിന്റെ
സുഖലേപനവുമായ്,

അങ്ങുവന്നൊരക്കഥ-
യോർമ്മയിൽ യുഗങ്ങൾക്കു
ഭംഗിയിൽ പുളകങ്ങൾ
മുളപ്പിക്കുകയില്ലേ!!...

മാഞ്ഞുപോം കാലത്തിന്റെ
ഭിത്തിയിൽനിന്നും യുദ്ധ-
മായിരം നടത്തിയ
ജേതാക്കളെല്ലാംതന്നെ,

അവർതൻസാമ്രാജ്യങ്ങൾ
ഛിന്നഭിന്നമായ്പോകും
അവർതൻപ്രതാപങ്ങ-
ളൊക്കെ മണ്ണടിഞ്ഞുപോം.

എങ്കിലും ഹൃദയങ്ങൾ
സ്നേഹശക്തിയാൽ ജയി-
ച്ചങ്കമാടിയൊരങ്ങു-
ന്നതിജീവിക്കും ചിരം!

# ഗാന്ധിജിയുടെ വ്യക്തിത്വം

— ഹൃദയകുമാരി —

ഇതിഹാസനായകന്മാൎക്ക് ഒരു പ്രത്യേകതയുണ്ട്—അവരുടെ വ്യക്തിത്വം വ്യക്തവും ദൃഢവുമായ അടിസ്ഥാനത്തിലാണ് പണിഞ്ഞുയൎത്തിയിരിക്കുന്നതു്. ഉപരിശില്പം എത്രതന്നെ സങ്കീൎണ്ണമായിരുന്നാലും അതിന്റെ അടിസ്ഥാനം എളുപ്പത്തിൽ തിരിച്ചറിയാവുന്ന മനുഷ്യഗുണങ്ങളുടെ സുദൃഢശിലകൾതന്നെയാണ്. ആധുനികമനോവിജ്ഞാനം യാതൊന്നിനെയും അത്ര ലളിതവും ഋജുവുമായി അംഗീകരിക്കുന്നില്ലെങ്കിലും, വ്യക്തതകളിൽ ആഹ്ലാദിക്കുന്ന സാധാരണക്കാരന്റെ മനസ്സ് ആ ഗുണവിശേഷങ്ങളെ കണ്ടറിഞ്ഞു് അഭിവാദനം ചെയ്യുന്നു.

ഗാന്ധിജിയുടെ വ്യക്തിത്വത്തിന്റെ ഒരടിസ്ഥാനഘടകം അദ്ദേഹത്തിന്റെ അഹംഭാവരാഹിത്യമാണ്. 'ഞാൻ' എന്ന അപരിമിതമായ ഭാവനാശക്തിയെ അദ്ദേഹം വെട്ടിക്കുറച്ചു; മറ്റൊരുവിധത്തിൽ പറയുന്നതായാൽ അദ്ദേഹം അതിനെ വളരാനനുവദിച്ചു—ചുററും കാണുന്ന വിശാലതകളുമായി താദാത്മ്യം പ്രാപിച്ച് ശുദ്ധീകരിക്കപ്പെടാനായി. അതുകൊണ്ട് സത്യത്തിനും സ്നേഹത്തിനും അത്ഭുതകരമായ കൎമ്മശക്തിക്കും അദ്ദേഹത്തിന്റെ ജീവിതത്തെ ആസ്ഥാനമാക്കുവാൻ സാധിച്ചു. അതുകൊണ്ടുതന്നെയാണ് അദ്ദേഹം ഒരു മഹാരാജ്യത്തിന്റെ ആന്തരികശക്തിയുടെ മൂൎത്തിഭാവമായി മാറിയതും, അതേസമയം തന്നെത്തന്നെ ഒരു ഉപകരണമായിക്കണ്ടു് സ്വയം ഉപയോഗിച്ചതും.

അങ്ങനെ, അദ്ദേഹത്തിന്റെ വീക്ഷണചക്രവാളം വളരെയേറെ വിസ്തൃതമായി. മനുഷ്യശക്തിയുടെ ഉറവിടമായ സ്നേഹത്തിനു ഊൎജ്ജസ്വലതയോടെ പ്രവൎത്തിക്കുവാനുള്ള സ്വാതന്ത്ര്യവും ലഭിച്ചു. 'എല്ലാ കണ്ണുകളിൽനിന്നും കണ്ണുനീർ തുടച്ചുകളയുകയാണ് എന്റെ അഭിലാഷം' എന്നു പറഞ്ഞ ഗാന്ധിജിക്കു് സമസൃഷ്ടികളോടുണ്ടായിരുന്നതു് താത്വികമോ, ഭാഗികമോ ആയ സ്നേഹമല്ല, അവൎക്കുവേണ്ടി സ്വജീവിതം മുഴുവൻ അൎപ്പണം ചെയ്തു്, സ്വന്തമായി ഒരു പൈസയോ, ഒരു നിമിഷമോ, പ്രത്യേകം കരുതിവയ്ക്കാൻ ഉദ്യമിക്കാത്ത സംപൂൎണ്ണമായ സ്നേഹമായിരുന്നു. രോഗികളെ ശുശ്രൂഷിക്കുവാനും, ജീവിതവൈഷമ്യങ്ങളിൽപ്പെട്ടുഴലുന്നവരെ സമാശ്വസിപ്പിക്കുവാനും, ഓരോരുത്തരുടേയും പ്രശ്നങ്ങൾക്കു് പരിഹാരം കണ്ടെത്തുവാനും അദ്ദേഹത്തെ പ്രേരിപ്പിച്ച അതേ ശക്തിതന്നെ സ്വരാജ്യസ്വാതന്ത്ര്യത്തിനും, സൎവ്വരാഷ്ട്രമൈത്രിക്കും, മനുഷ്യോന്നമനത്തിനുംവേണ്ടി ഉദ്യമിക്കുവാനും അദ്ദേഹത്തിനു് പ്രചോദനം നൽകിക്കൊണ്ടിരുന്നു. ഏകാന്തയോഗികൾ തിരഞ്ഞെടുത്ത വഴിയിൽ ചരിക്കുവാൻ ആകാംക്ഷയില്ലാഞ്ഞിട്ടോ, അതിനുവേണ്ട സാധനാശക്തിയില്ലാഞ്ഞിട്ടോ അല്ല അദ്ദേഹം അതിനൊരുങ്ങാഞ്ഞതു്. ധൎമ്മപുത്രർ നിരസിച്ച സ്വൎഗ്ഗം ഏതാണ്ടതേകാരണംകൊണ്ടുതന്നെ ഗാന്ധിജിക്കും അഭികാമ്യമായി തോന്നിയില്ല. ആത്മീയമായ ഫലപുഷ്ടിക്കുവേണ്ട തീൎത്ഥജലം വഹിച്ചിരുന്ന ആ മേഘം ജീവിതത്തിന്റെ സമതലങ്ങളിൽ അമൃതു വൎഷിച്ചശേഷം വാനത്തിന്റെ അഗാധനീലിമകളിൽ സഞ്ചരിക്കാമെന്നു കരുതിയതാകാം.

ഗാന്ധിജിയുടെ കൎമ്മശക്തിയുടെ ഏററവും ഉദാരമായ ഉറവിടം ഈ സ്നേഹമായിരുന്നു. രാഷ്ട്രീയപ്രവൎത്തകനായി, സമുദായപരിഷ്കൎത്താവായി, സത്യഗ്രഹിയായി, വിപ്ലവകാരിയായി, അതിനോടൊക്കെ ബന്ധപ്പെട്ട അനേകം മണ്ഡലങ്ങളിലെ പ്രധാന പ്രവൎത്തകനായി അദ്ദേഹം അരശതാബ്ദക്കാലത്തിലധികം സോത്സാഹം പണിയെടുത്തു. ശരീരമോ, മനസ്സോ തളൎന്നു പിന്മാറാത്ത ആ അമാനുഷമായ ശക്തിവിശേഷം ഒരു വൈദ്യുതകേന്ദ്രംപോലെ എത്രയെത്ര ജനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കുമാണ് ചൂടും വെളിച്ചവും എത്തിച്ചുകൊണ്ടിരുന്നതു്! 1916 മുതൽ ഇന്ത്യയുടെ സ്വാതന്ത്ര്യസമരം നയിക്കുകയും, പുതിയൊരു സമരതന്ത്രം ഒരു ജനതയെ മുഴുവൻ പഠിപ്പിക്കുകയും, ഇന്ത്യൻ നാഷനൽകാൺഗ്രസ്സിനെ ഒരു മഹാസംഘടനയാക്കി മാററുകയും, ഹിന്ദുസമുദായത്തിനെ കുലുക്കിയുണൎത്തി ഉല്പതിഷ്ണുത്വം നല്കുകയും, സൎവ്വസമുദായമൈത്രിയെ ഒരു പ്രായോഗികപരിപാടിയാക്കുകയും, ഒരു സൎവ്വോദയരാഷ്ട്രത്തിനുവേണ്ട സാമ്പത്തികാസൂത്രണം നടത്തുകയും, അതേസമയത്തുതന്നെ ആഹാരത്തിലും, വ്യായാമത്തിലും, വൈദ്യത്തിലും നവീനപരീക്ഷണങ്ങൾ നടത്തുകയും, പഠനത്തിനും മനനത്തിനും സംഭാഷണത്തിനും പ്രാൎത്ഥനയ്ക്കുമൊക്കെ സമയംകാണുകയുംചെയ്ത ആ അത്ഭുതശക്തി ഒരു മനുഷ്യനാണെന്നു വിശ്വസിക്കാൻ പ്രയാസം തോന്നിപ്പോകും.

ഇത്രയധികം പണിത്തിരക്കുള്ള ആ ജീവിതത്തിൽ അസാധാരണമായ അടക്കം ചിട്ടയുമുണ്ടായിരുന്നു. മഹാരാജ്യങ്ങളുടെ ഭരണാധിപന്മാരെക്കാളധികം ഭാരം ചുമക്കുന്നതിനിടയിലും, ഗാന്ധിജിയുടെ ജീവിതത്തിൽ അസമാധാനത്തിന്റെ നിഴലൊന്നും വീണിരുന്നില്ല. അനാസക്തനായ ആ കൎമ്മയോഗിക്കു്, ഏകനിഷ്ഠവും വ്യവസായാത്മികവുമായ ബുദ്ധിയിൽനിന്നുമാത്രംലഭിക്കുന്നശക്തി സ്വായത്തമായിരുന്നു. ആ ശക്തി ശാന്തിയുടെ പൎയ്യായമാണ്. മണിയടികളും പ്രാൎത്ഥനാരവങ്ങളും ഉയരുന്ന

ഒരു മഹാക്ഷേത്രത്തിന്റെ ഉള്ളിലെ നിശ്ശബ്ദതയെന്ന പോലെ ഗഹനമായ ഒരു ശാന്തിയാണ് ഗാന്ധിജിയുടെ ജീവിതത്തിലും നിറഞ്ഞുനിന്നിരുന്നതു്.

ഓരോരുത്തരുടെ വ്യക്തിത്വത്തിനും, അവരവരുടെ ഉപാസനാമൂർത്തിയുമായി സാമ്യം കാണുമെന്നുള്ളതു് നിഷ്പ്രയാസം കണ്ടെത്താവുന്ന ഒരു വസ്തുതയാണു്. ശാക്തേയന്റെ ഗാംഭീര്യവും, വൈഷ്ണവന്റെ സരളമായ പ്രസാദാത്മകത്വവും അവരുടെ ആദർശരൂപങ്ങളിൽ നിന്നും അവൎക്കു പകർന്നുകിട്ടുന്ന സ്വഭാവഗതികളാണു്. ഗാന്ധിജിയുടെ ഈശ്വരൻ സത്യമായിരുന്നു. യാതൊരു ഉള്ളറകളുംകൂടാതെ ലളിതവും, ഋജുവുമായ രീതിയിൽ അദ്ദേഹം തന്റെ ഈശ്വരനെ അന്വേഷിച്ചു. തൽഫലമായി അദ്ദേഹത്തിന്റെ ഹൃദയം സത്യത്തിന്റെ കിരണങ്ങളെ പ്രതിബിംബിപ്പിക്കുവാനുള്ള നിർമ്മലമായ ദർപ്പണമായി പരിണമിച്ചു. തന്റെ തെററുകളെ നിർഭയം നോക്കിക്കണ്ടു തിരുത്തുവാനും, തന്റെ ചിന്താഗതികളെ നിർദ്ദാക്ഷിണ്യമായ പരിശോധനയ്ക്കു വിധേയമാക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. ഓരോ ദിവസത്തേയും ജീവിതത്തിന്റെ മാററുരച്ചുനോക്കുവാൻ അദ്ദേഹമുപയോഗിച്ച ചാണക്കല്ലായിരുന്നു അദ്ദേഹത്തിന്റെ സത്യബോധം. കുട്ടിക്കാലത്തു് താൻചെയ്ത തെററുകൾ ഏററുപറഞ്ഞു് അച്ഛനു കത്തെഴുതാൻ പ്രേരിപ്പിച്ച അതേ മനോഭാവംതന്നെ പില്ക്കാലത്തു് എല്ലാ പ്രതിസന്ധിഘട്ടങ്ങളിലും ഗാന്ധിജിയുടെ സഹായത്തിനെത്തി. എതിർപക്ഷക്കാരിൽനിന്നും യാതൊന്നും മറച്ചുവയ്ക്കാനില്ലാത്ത ആ സേനാനി ലോകചരിത്രത്തിൽ ഒരു പുതുമയാണു്. 1942-ൽ ഭൂഗർഭത്തിലൊളിച്ചിരുന്നു വിപ്ലവസംഘടിപ്പിച്ചുകൊണ്ടിരുന്ന സോഷ്യലിസ്ററുകാരെ അദ്ദേഹം നിരുത്സാഹപ്പെടുത്തിയ കഥ ഓരോ രാഷ്ട്രീയ പ്രവർത്തകനും സ്മരണാർഹമാണു്. ചെറുതും വലുതുമായ എല്ലാ കാര്യങ്ങളിലും തെളിഞ്ഞുനിന്നിരുന്ന ഈ സത്യതൽപരത ഗാന്ധിജിയുടെ വ്യക്തിത്വത്തിനു് പ്രകാശവും നിർഭയത്വവും പ്രദാനംചെയ്തു.

ഐതിഹാസികമാണു് ഗാന്ധിജിയുടെ നിർഭയത്വം. സത്യാരാധനയിൽനിന്നും ഉയർന്നുവന്ന ധീരത ശാരീരികവും, ബുദ്ധിപരവും, സദാചാരപരവുമായ എല്ലാ മണ്ഡലങ്ങളിലും സത്യം ചൂണ്ടിക്കാണിച്ച മാർഗ്ഗത്തിൽ അടിപതറാതെ നടക്കുവാൻ അദ്ദേഹത്തെ സഹായിച്ചു. ഏററവും കഠിനമായ പരീക്ഷണങ്ങൾക്കു തന്നെത്തന്നെ വിധേയനാക്കുവാനും, ഒരു ജനതതിയെ മുഴുവൻ അഗ്നിപരീക്ഷണങ്ങളിൽക്കൂടി മുന്നോട്ടു നയിക്കുവാനുംവേണ്ട അപരിമിതമായ ധീരത അദ്ദേഹത്തിനുണ്ടായി. ഒരു സത്യഗ്രഹിയുടെ ധീരത എന്താണെന്നു് ഗാന്ധിജി ലോകത്തെ പഠിപ്പിച്ചു. ധ്രുവപ്രദേശങ്ങളിലെ മഞ്ഞുനിറഞ്ഞ മൈതാനങ്ങളും, ഹിമശിഖരങ്ങളും, അഗാധഗർത്തങ്ങളും താണ്ടി മുന്നോട്ടു പോകുന്ന ഒരു അന്വേഷകനു് വേണ്ടതിലുമധികം ധീരതയാണു് ഒരു സത്യാന്വേഷിക്കു വേണ്ടിവരുന്നതു്. ആ സംഭാവന നിർല്ലോഭമായി ഗാന്ധിജിക്കു നൽകപ്പെട്ടിരുന്നു.

സത്യപഥത്തിൽ ചരിക്കുവാൻ ഉദ്യമിക്കുന്ന ഒരാളുടെ ജീവിതംമുഴുവൻ ധർമ്മനിഷ്ഠയായി മാറുന്നു. വാൾത്തലപോലെ നേരിയതും, മൂർച്ചയുള്ളതുമായ ധർമ്മമാർഗ്ഗത്തിൽനിന്നു വ്യതിചലിക്കാതിരിക്കാൻ ഗാന്ധിജിക്കുണ്ടായിരുന്ന ദൃഢനിശ്ചയം അത്ഭുതാവഹമാണു്. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ഒരു പ്രധാനഘടകം വിട്ടുവീഴ്ചയില്ലാത്ത സദാചാരനിഷ്ഠയായിരുന്നു. ആ സദാചാരനിഷ്ഠയ്ക്കു് പ്യൂരിട്ടനിസം (Puritanism) എന്നു പേരുകൊടുക്കുന്നതിൽ തെററില്ല—അതു് അത്രയേറെ മുറുക്കമുള്ളതും, ദാക്ഷിണ്യരഹിതവും, സ്വയം ശിക്ഷിക്കുന്നതുമാണു്. യാതൊരു കീഴടങ്ങലിനും തയാറില്ലാതെ, യാതൊരു തളർച്ചയുടെ തണലിലും വിശ്രമംതേടാതെ മനുഷ്യദൗർബ്ബല്യങ്ങൾക്കെതിരായി അദ്ദേഹം മരണം വരെ പടക്കളത്തിൽനിന്നു. തന്നോടു കാണിച്ചിരുന്ന ഈ നിർദ്ദാക്ഷിണ്യം അദ്ദേഹം മററുള്ളവരോടും കാണിച്ചു. താൻ പരിപാലിച്ചിരുന്ന ആ ഉയർന്ന നിലവാരം അദ്ദേഹം സഹപ്രവർത്തകരിൽനിന്നും പ്രതീക്ഷിച്ചു. ചെറിയചെറിയ ഭീരുത്വങ്ങളും, ഒഴിഞ്ഞുമാറലുകളും, ബുദ്ധിപരമായ കസർത്തുകളും അദ്ദേഹം പൊറുത്തിരുന്നില്ല. 1927-ൽ മീരാബെന്നിനു എഴുതിയ ഒരു കത്തു് ഇതിനൊരു ഉദാഹരണമാണു്. ഒരു സുഹൃത്തു നൽകിയ വെററില അവർ ഉപയോഗിക്കുകയും, അതിനെ ന്യായീകരിച്ചുകൊണ്ടു് ഗാന്ധിജിക്കെഴുതുകയും ഉണ്ടായി. ഗാന്ധിജി അവരോടു ചോദിച്ചു: "ആവശ്യമില്ലാത്ത സാധനത്തിന്റെ രുചി അറിയുന്നതെന്തിനാണു്? ഈ തരത്തിലുള്ള ന്യായവാദം എത്രയെത്ര പാപങ്ങൾക്കാണു് വഴിതെളിച്ചിട്ടുള്ളതു്? വിലക്കപ്പെട്ട പഴത്തിന്റെ കഥതന്നെയാണിതു്...ഇതൊരു ചെറിയ കാര്യമായിരിക്കാം. പക്ഷേ ചെറിയ കാര്യങ്ങൾക്കു അത്യാപല്ക്കരങ്ങളായ ശക്തികളുണ്ടു്." സന്ധിരഹിതമായ ഈ മനോഭാവം ഗാന്ധിജിയെ ആധുനികയുഗത്തിലെ ഏററവും വലിയ 'പ്യൂരിട്ട'നായി തരംതിരിച്ചു നിർത്തുന്നു.

ഈ നിർദ്ദാക്ഷിണ്യത്തിനു് മയംചേർത്തതു് അദ്ദേഹത്തിന്റെ അലിവുനിറഞ്ഞ സ്നേഹശീലവും, ആരോഗ്യകരമായ ഫലിതബോധവുമായിരുന്നു. ഹാർദ്ദമായി ചിരിക്കുവാനും, ചിരിപ്പിക്കുവാനും കഴിവുണ്ടായിരുന്ന ഗാന്ധിജി, അദ്ദേഹത്തിന്റെ ചുററും ആഹ്ലാദം നിറച്ചുകൊണ്ടിരുന്നു. ജീവിതത്തിന്റെ ഏററവും ഇരുൾനിറഞ്ഞ സന്ദർഭങ്ങളിൽപ്പോലും ഈ കഴിവു് അദ്ദേഹത്തിനെ വിട്ടുപിരിഞ്ഞില്ല. ചിരിയുടെ ശുദ്ധീകരണശക്തിയായിരുന്നു അദ്ദേഹത്തിന്റെ ഒരായുധവും. മററുള്ളവരെ കീഴടക്കാനുള്ള കഴിവും ഗാന്ധിജിയുടെ വ്യക്തിത്വത്തിന്റെ ഒരവിഭാജ്യഘടകമാണു്. അദ്ദേഹത്തിന്റെ ശാന്തമധുരമായ പെരുമാററവും, ആ ശാന്തതയ്ക്കുള്ളിൽ നിഭൃതമായിരുന്ന വൈദ്യുതതുല്യമായ ശക്തിയും മനുഷ്യഹൃദയങ്ങളെ നിഷ്പ്രയാസം വശീകരിച്ചു. സമാഹരിക്കപ്പെട്ട ശക്തിയിൽനിന്നും, സമ്പൂർണ്ണമായ ആത്മാർത്ഥതയിൽനിന്നുംവരുന്ന അദ്ദേഹത്തിന്റെ

# മന്നത്തു് പത്മനാഭൻ

— കെ. സുകുമാരൻ —

1922-ലാണു് ഞാൻ ആദ്യമായി ശ്രീമാൻ മന്നത്തു പത്മനാഭനെ കണ്ടതു്. പൊതുമുതൽകൊണ്ടു് സംരക്ഷിക്കപ്പെട്ടുപോന്ന പബ്ളിക്‌റോഡുകൾ, ജാതികൃതങ്ങളായ അനാചാരങ്ങൾമൂലം, മഹാരാജാവുതിരുമനസ്സിലെ പ്രജകളിൽ ഒരുവിഭാഗത്തിനു് നിരോധിക്കപ്പെട്ടിരുന്ന കാലമായിരുന്നു അതു്. ആ നിരോധനത്തിന്റെ അനാശാസ്യത തിരുമനസ്സുണർത്തിച്ചു് പരിഹാരം നേടാൻ, ശ്രീ: മന്നത്തുപത്മനാഭൻ, വൈക്കത്തുനിന്നു് കാൽനടയായി ഒരു സവർണ്ണജാഥ തിരുവനന്തപുരത്തേയ്ക്കു് നയിക്കുകയായിരുന്നു. ആ യാത്രാമദ്ധ്യേ അദ്ദേഹം എന്റെ ജന്മദേശമായ മയ്യനാട്ടും സന്ദർശിക്കുകയുണ്ടായി. അദ്ദേഹത്തേയും അദ്ദേഹം നയിച്ചിരുന്ന ജാഥയേയും സ്വീകരിച്ചു് യാത്ര അയയ്ക്കാൻകൂടിയ യോഗത്തിൽ, അദ്ദേഹംചെയ്ത പ്രസംഗം ഇപ്പോഴും എന്റെ കർണ്ണപുടങ്ങളിൽ മുഴങ്ങുന്നുണ്ടു്: "വിദ്യാഭ്യാസത്തിൽ പതിനെട്ടാംപടിയിൽ എത്തിയിരിക്കുന്ന നിങ്ങളോടു്, ജാതികൃതങ്ങളായ അനാചാരങ്ങൾ, നമ്മുടെ രാഷ്ട്രശരീരത്തിനു് സംഭവിപ്പിച്ചിരിക്കുന്ന വൈകൃതങ്ങളെപ്പററി ഞാൻ പ്രസംഗിക്കേണ്ട കാര്യമില്ലല്ലോ." എന്നുതുടങ്ങി സുമാർ ഒരുമണിക്കൂർ നീണ്ടുനിന്ന സുന്ദരമായ ആ കണ്ഠപ്രവാഹം ഭിന്നാഭിപ്രായക്കാരുടെ ഹൃദയങ്ങളെപ്പോലും പരിവർത്തനംചെയ്തു് വശീകരിക്കാൻ പര്യാപ്തമായ ഒരു അനുഗൃഹീതവാഗ്ധോരണി തന്നെയായിരുന്നു. "പോവുക പോവുക സോദരരേ! നിങ്ങൾ പോകുന്നകാര്യം ജയിച്ചുപോരിൻ" എന്ന ആശംസയോടുകൂടിയാണു് ഞങ്ങൾ അന്നു് അദ്ദേഹത്തെ യാത്രയാക്കിയതു്. മന്നത്തിന്റെ യശഃപരിമളം നാടാകെ പരത്തിയ ഒരു സംഭവമായിരുന്നു സവർണ്ണജാഥാ. അന്നു് എനിക്കു് മന്നത്തെപ്പററി തോന്നിയ ബഹുമാനം ഇന്നും അക്ഷുണ്ണമായി തുടരുന്നു.

എൺപതുകൊല്ലങ്ങൾക്കുമുമ്പു് ചങ്ങനാശ്ശേരിയിലെ ഒരു സാധാരണനായർകുടുംബത്തിലാണു് മന്നം ജനിച്ചതു്. ബാല്യംമുതല്ക്കേ അദ്ദേഹം അസഹിഷ്ണുവും അസംതൃപ്തനുമായിരുന്നു. എന്തോ ഉൽക്കടമായ ചിന്ത അദ്ദേഹത്തിന്റെ മനോവ്യാപാരങ്ങളെ മഥിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ആത്മാഭിമാനത്തിൽ തറച്ചിരുന്ന ഒരു മുള്ളായിരുന്നു ആ മനോവ്യഥയ്ക്കു കാരണമായിരുന്നതു്. രാജാകേശവദാസന്റേയും വേലുത്തമ്പിദളവായുടേയും പ്രശസ്തപാരമ്പര്യമുള്ള ഒരുജനസമുദായം, ശക്തിക്ഷയിച്ചു് വിഘടിതരായി നാശത്തിലേയ്ക്കു് ത്വരിതപ്രയാണംചെയ്യുന്നകാഴ്ച യുവാവായ മന്നത്തിന്റെ ശ്രദ്ധയെ ആകർഷിച്ചു. പരശുരാമസമുദ്ധൃതമായ കേരളത്തിന്റെ നേരവകാശികളായഹിന്ദുക്കൾ, അന്യോന്യം കലഹിച്ചു് പരസ്പരസംഹാരത്തിനു് സന്നദ്ധമായി, പ്രാകൃതവേഷംപൂണ്ടുനില്ക്കുന്ന വികൃതമായ കാഴ്ചയും അദ്ദേഹം കണ്ടു. ഈ സ്ഥിതിവിശേഷങ്ങൾ സംജാതമാക്കിയ പരാധീനതാബോധമായിരുന്നു അദ്ദേഹത്തിന്റെ ആത്മാഭിമാനത്തിൽ തറച്ച മുള്ളു്. ചാണക്യന്റെ വൈരാഗ്യബുദ്ധിയോടുകൂടി ആ മുള്ളിന്റെ ഉല്പത്തിസ്ഥാനം എവിടെയെന്നു അദ്ദേഹം അന്വേഷിച്ചു. ജാതികൃതങ്ങളായ അനാചാരങ്ങൾ സൃഷ്ടിച്ച ഉച്ചനീചഭാവങ്ങളിലാണു് ആ മുള്ളു് വേരൂന്നിനില്ക്കുന്നതെന്നു് അദ്ദേഹം മനസ്സിലാക്കി. ആ വിഷവൃക്ഷത്തിന്റെ വംശവിച്ഛേദംവരുത്തുവാൻ അദ്ദേഹം ദൃഢപ്രതിജ്ഞചെയ്തു. നാരായണഗുരു സ്വശിഷ്യന്മാർക്കായി ഉപദേശിച്ചുകൊടുത്തിരുന്ന കർമ്മമാർഗ്ഗം അദ്ദേഹം കൈയിലെടുത്തു. "സംഘടനകൊണ്ടു് ശക്തരാകുവിൻ; വിദ്യാഭ്യാസംകൊണ്ടു് സ്വതന്ത്രരാകുവിൻ"—അതായിരുന്നു ഗുരുവിന്റെ ഉപദേശം. കർമ്മനിരതനായി മന്നം രംഗത്തിറങ്ങി. ആത്മവിശ്വാസം ഒന്നുമാത്രമായിരുന്നു അദ്ദേഹത്തിനു പിരിഞ്ഞുകിട്ടിയ മൂലധനം. ഏകീകൃതവും സമത്വസുന്ദരവുമായ ഒരു ഹൈന്ദവസമുദായമഹാസൗധത്തെ ലക്ഷ്യമാക്കിക്കൊണ്ടു് ക്രമമായും പടിപടിയായും അതിന്റെ അസ്ഥിവാരമുറപ്പിക്കാൻ ആ അസാധാരണശില്പി പണിയാരംഭിച്ചു. നായർസമുദായവൃത്തത്തിൽ നിന്നുകൊണ്ടു് ആ സമുദായത്തെ പ്രഥമതഃ സംഘടിപ്പിച്ചു ശക്തമാക്കാനും

---

വാക്കുകൾ ആത്മരക്ഷയ്ക്കുള്ള ഏതു കവചത്തിനെയും പൊളിച്ചുകയറുന്നതായിരുന്നു. സാധാരണക്കാരെയും, ചക്രവർത്തിതുല്യന്മാരായ ഉന്നതശീർഷന്മാരെയും അദ്ദേഹം അനായാസമായി കീഴടക്കി.

കലാകാരനല്ലാത്ത ഗാന്ധിജിയുടെ വ്യക്തിത്വത്തിൽ കലാകാരന്മാർക്കു അപൂർവ്വമായിമാത്രം ലഭിക്കുന്ന ഒരു സമ്പൂർണ്ണതയാണു് നാം കാണുന്നതു്. ആന്തരികമായ ഒരു താളം ആ ജീവിതപ്രവാഹത്തിന്നെ ഗാനാത്മകമായി മാററിയിരുന്നു. ദൗർബല്യങ്ങളോ, അപസ്വരങ്ങളോ ഇല്ലാത്തതിന്റെ പൂർണ്ണതമാത്രമല്ല ആ ഗാനത്തിനുണ്ടായിരുന്നതു്. ഗംഭീരമായ ഒരു പ്രാർത്ഥനാഗാനത്തിന്റെ പരിശുദ്ധിയും, ഭാവസാന്ദ്രതയും, ഈശ്വരസന്നിധിയിലേക്കു ഉയരാനുള്ള കഴിവും ഇണങ്ങിച്ചേർന്നതായിരുന്നു ആ മഹജ്ജീവിതം.

★



മഹാത്മാഗാന്ധികാളേജ്, തിരുവനന്തപുരം

വിദ്യാമന്ദിരങ്ങൾ നിർമ്മിച്ച്, അവരെ വിദ്യാഭ്യാസത്തിൽ കൂടുതൽ അഭിരുചിയുള്ളവരാക്കിത്തീർത്ത്, നഷ്ടപ്പെട്ടുതുടങ്ങിയിരുന്ന സ്വാതന്ത്ര്യബോധത്തെ പുനരുജ്ജീവിപ്പിക്കാനും അങ്ങനെ രാജ്യസേവനംചെയ്യാനും ഒരു പദ്ധതി അദ്ദേഹം ആസൂത്രണംചെയ്തു. ആ പദ്ധതിയുടെ ക്രിയാത്മകമായ പരിണാമമാണ് ഇന്നു രാജ്യവ്യാപകമായി കരയോഗങ്ങളായി പടർന്നു പന്തലിച്ചു പരിമളംപൊഴിയുന്ന സർവ്വീസ്സൊസൈററി. ആ പദ്ധതിയുടെ ക്രിയാത്മകമായ മറെറാരു ഭാവമാണ്, രാജവീഥികളുടെ ഇരുവശങ്ങളിലും കാണുന്ന എൻ. എസ്. എസ്. എന്നു മുദ്രാങ്കിതമായ ഗംഭീരങ്ങളായ സരസ്വതീക്ഷേത്രങ്ങൾ. ശ്രീ: മന്നത്തുപത്മനാഭന്റെ വ്യക്തിമാഹാത്മ്യത്തിന്റെ ചലനങ്ങൾ അതിന്റെ യഥാർത്ഥരൂപത്തിൽ കാണണമെന്നുള്ളവർ കേശവദാസപുരത്തുചെന്നു നോക്കിയാൽ മതി. ആകാശത്തിൽക്കൂടി സഞ്ചരിക്കുന്ന മേഘങ്ങളെ കീറിമുറിച്ചുകൊണ്ട്, ആ മനോഹരമായ കുന്നിന്റെ നെറുകയിൽ ഉയർന്നുനില്ക്കുന്ന ആ രമ്യഹർമ്മ്യം ഒന്നു കാണേണ്ടതുതന്നെയാണ്. ഇൻഡ്യൻ ഗവർണ്ണർജനറൽ ആയിരുന്ന സി രാജഗോപാലാചാരി ശിലാസ്ഥാപനം ചെയ്തു ആ സരസ്വതീക്ഷേത്രത്തിന്റെ ഔപചാരികമായ കവാടോൽഘാടനം, ഇൻഡ്യൻ പ്രധാനമന്ത്രി പണ്ഡിതജവഹരിലാൽനെഹ്റു ഇന്നു നിർവ്വഹിക്കുകയാണ്. ശ്രീ: മന്നത്തിനു കൃതാർത്ഥതയ്ക്കു അവകാശമില്ലേ! ഹിന്ദുസമുദായസംഘടനയ്ക്കുവേണ്ടിയുള്ള അദ്ദേഹത്തിന്റെ ആത്മാർത്ഥമായ ശ്രമങ്ങൾ പരിപൂർണ്ണഫലാവാപ്തിയിൽ എത്തിയിട്ടില്ലെന്നു സമ്മതിച്ചേതീരൂ. എങ്കിലും അതിനുവേണ്ടിയുള്ള നിലമൊരുക്ക് അദ്ദേഹം നടത്തിയിട്ടുണ്ട്. വിതയും കൊയിത്തും വേണമെന്നുള്ളവർ തുടർന്നു നടത്തിക്കൊള്ളട്ടെ.

സമുദായപരിഷ്കരണരംഗത്ത്, ഈ നൂററാണ്ട് അവതരിപ്പിച്ചിട്ടുള്ള മഹാപുരുഷന്മാരിൽ അഗ്രഗണ്യൻ മന്നത്തുപത്മനാഭനാണ്. അദ്ദേഹം കേവലം ഒരു വ്യക്തിയല്ല; മഹാസ്ഥാപനമാണ്. അദ്ദേഹത്തിന്റെ കഴിഞ്ഞ അൻപതുകൊല്ലത്തെ ജീവിതം ഈ രാജ്യത്തെ അൻപതുകൊല്ലത്തെ ചരിത്രമാണ്. മന്നത്തുപത്മനാഭന്റെ വ്യക്തിമുദ്രപതിഞ്ഞിട്ടില്ലാത്ത സംഭവങ്ങളൊന്നും കഴിഞ്ഞ അർദ്ധശതാബ്ദക്കാലത്ത് ഈ രാജ്യത്തു നടന്നിട്ടില്ല. അയിത്തോച്ചാടനം, ക്ഷേത്രപ്രവേശനം, സമുദായാചാരപരിഷ്കരണം തുടങ്ങിയ സാമൂഹ്യകാര്യങ്ങളിലും, പൗരസമത്വപ്രക്ഷോഭണം, ഉത്തരവാദഭരണപ്രക്ഷോഭണം തുടങ്ങിയ രാഷ്ട്രീയകാര്യങ്ങളിലും അദ്ദേഹത്തിന്റെ വ്യക്തിമുദ്ര വ്യക്തമായി പതിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ ജീവിതം ഒരു തികഞ്ഞ വിജയമാണ്. ശ്രീ: മന്നം ഇനിയും അനേകകൊല്ലം ആരോഗ്യവാനായി ജീവിച്ചിരുന്നു രാജ്യസേവനംനടത്താൻ ഇടവരട്ടേ എന്നു ഞാൻ സർവ്വേശ്വരനോടു പ്രാർത്ഥിക്കുന്നു.

★

# 'മന്ദിരമാതാവ്'-ഒരനുസ്മരണം

— കോന്നിയൂർ മീനാക്ഷിഅമ്മ —

കാൽശതാബ്ദം കഴിഞ്ഞിരിക്കണം ആ സംഭവം നടന്നിട്ട് സാമൂഹ്യാന്തരീക്ഷത്തിൽ പ്രകാശം പരത്തി പ്രശോഭിച്ചിരുന്ന ആ ഉജ്ജ്വലദീപം പൊലിഞ്ഞിട്ട്, ഇന്നേയ്ക്ക് ഇരുപത്തേഴുസംവത്സരം പൂർത്തിയായിരിക്കുന്നു. അതേ; കാരുണ്യത്തിന്റെ നീരുറവ ഇങ്ങിനി ഉയരാതവണ്ണം വററിവരണ്ടിട്ട് നീണ്ട ഇരുപത്തേഴുവർഷങ്ങൾ കടന്നുപോയിരിക്കുന്നു. ചിറകുവച്ച് പറക്കുകയാണ് കാലം!

അന്നത്തെ സംഭവങ്ങൾ എന്റെ ഓർമ്മയിൽ ഇന്നും അങ്ങനെ തെളിഞ്ഞുനില്ക്കുന്നുണ്ട്. കൊല്ലവർഷം 1106-ാമാണ്ടിലെ മിഥുനമാസം 20-ാംതീയതി ആയിരുന്നു അന്ന്. എന്നത്തേയുംപോലെ അന്നും പ്രഭാതം പ്രശാന്തമായി പുലർന്നു. അന്തരീക്ഷത്തിലെങ്ങും ഒരു തണുത്തകാററ് വീശുന്നുണ്ടായിരുന്നു. ബദ്ധപ്പെട്ട് കാളേജിലേയ്ക്കിറങ്ങുകയായിരുന്നു ഞാൻ. പെട്ടെന്നു ഒരു കാർവന്ന് എന്റെ മുൻപിൽ നിന്നു "മഹിളാമന്ദിരത്തിലെ അമ്മയ്ക്ക് സുഖമില്ലാതെ കൊണ്ടുവന്നിട്ടുണ്ട്. കാണണമെങ്കിൽ കാറിൽ കയറൂ." എന്റെ സുഹൃത്ത് ശ്രീമതി ശാരദാമ്മ പറഞ്ഞു.

ഹൃദയത്തിൽ ഒരു കത്തിക്കാളൽ. ജീവനോടെ മന്ദിരമാതാവിനെ ഇനി ഞാൻ കാണുകയില്ലെന്നൊരു തോന്നൽ എന്റെ ഉപബോധമനസ്സിൽ ഉദിച്ചു. മറെറാന്നുമാലോചിക്കാതെ ഞാൻ ആ കാറിൽ കടന്നിരുന്നു "എന്റെ അമ്മ! എനിക്കു മനുഷ്യത്വത്തിന്റെ മഹനീയത കാട്ടിത്തന്ന എന്റെ പ്രിയപ്പെട്ട അമ്മ!" ആ പാദങ്ങളിൽ അന്ത്യോപചാരം അർപ്പിക്കാൻ ഞാൻ വെമ്പി. ഞങ്ങളുടെ കാർ മന്ദിരമാതാവിന്റെ സ്വകാര്യവസതിക്കു മുൻപിൽ ചെന്നുനിന്നു. അവിടം ജനനിബിഡമായിരുന്നു. എങ്ങും നിറഞ്ഞ ശോകമൂകത! എനിക്കിനി ആശിക്കാനൊന്നുമില്ലെന്നു മനസ്സിലായി. അടിമുടി പട്ടിൽമൂടി, കാല്ക്കലും തലയ്ക്കലും കത്തുന്ന ദീപവുമായി ആ പുണ്യവിഗ്രഹം അങ്ങനെ കിടക്കുന്നു അനേകമനേകം അനാഥർക്ക് അമ്മയായി വർത്തിച്ചിരുന്ന മന്ദിരമാതാവ് അവസാനവിശ്രമംകൊള്ളുകയാണ്. ആ പാദങ്ങളിൽ കെട്ടിപ്പിടിച്ചു ഞാൻ കരഞ്ഞു. എനിക്ക് ഒരു ഉത്തമജീവിതം കരുപ്പിടിപ്പിച്ചുതന്ന ആ കൈകൾ നിശ്ചലമായിരുന്നു. സാമൂഹ്യസേവനത്തിന്റെ ആദ്യപാഠങ്ങൾ എന്നെ പഠിപ്പിച്ച ആ ചുണ്ടുകൾ മൂകമായിരുന്നു. ഭാവിയുടെ പ്രോജ്ജ്വലതകാട്ടി എനിക്ക് ആശയും ആനന്ദവും നൽകിയ ആ കണ്ണുകൾ ചൈതന്യമററതായിരുന്നു. തോരാതെ തെളിഞ്ഞുനിന്ന പുഞ്ചിരി വദനത്തിൽനിന്നും എന്നേയ്ക്കുമായി മാഞ്ഞിരുന്നു. "എല്ലാം കഴിഞ്ഞു കഴിഞ്ഞു സമസ്തവും." അമ്മയുടെ ദിവ്യസ്മരണമാത്രം അവശേഷിക്കുന്നു.

മഹത്വമേറിയ ആ സ്മരണകളാണ്, ത്യാഗത്തിന്റെ ആ മണിനാദമാണ്, സ്നേഹത്തിന്റെ ആ കുളിർവാരിയാണ് സാമൂഹ്യരംഗത്ത് എനിക്കു ഇന്നും പ്രചോദനംനൽകുന്നത്. ശ്രീമതി ചിന്നമ്മയുടെ രൂപം ഒരിക്കലും ആർക്കും മറക്കാനാവില്ല. ഉയർന്നുവിശാലമായ നെററിത്തടവും ചൈതന്യത്തിന്റെ ഉറവിടമായ സൂക്ഷ്മനയനങ്ങളും ദൃഢത കുറിക്കുന്ന നേർത്തചുണ്ടുകളും ഉയർന്ന നാസികയും വട്ടമൊത്ത മുഖവും ആ തലയെടുപ്പും കൈകൾവീശിയുള്ള നടയും ശുഭ്രമായ ഉടയും ആജ്ഞാശക്തിയുടേതായ പ്രത്യേകഭാവവും എല്ലാം ഞാൻ ഇന്നും അതുപോലെ കാണുന്നു, എന്റെ സ്മരണയുടെ കണ്ണാടിയിൽ.

നായർസമുദായത്തിൽ സേവനത്തിന്റെ ദീപവുമേന്തി ത്യാഗത്തിന്റെ പാതയിൽ ബഹുദൂരം സഞ്ചരിച്ച രണ്ടു വിശിഷ്ടവ്യക്തികളാണ് മഹിളാമന്ദിരം മാതാവും മന്നത്തുപത്മനാഭനും. സ്ത്രീത്വത്തിന്റെ അനന്തമായ കഴിവിനും പുരുഷശക്തിയുടെ നിസ്സീമമായ പ്രാഗത്ഭ്യത്തിനും എന്തെന്തു സാധിക്കയില്ല എന്ന് ഇരുവരും ലോകത്തിനു കാട്ടിക്കൊടുത്തു. ഒടുവിൽ പറഞ്ഞ ആൾ ഒരു വ്യക്തിയല്ല. നിത്യമെന്നതുപോലെ പടർന്നുപന്തലിച്ചു പുതിയപുതിയ പുഷ്പങ്ങളും പുഷ്ടമായ ഫലങ്ങളും സംജാതമാക്കിക്കൊണ്ടിരിക്കുന്ന ഒരു വൻതരുവാണദ്ദേഹം ഇന്നും. ആ തണലിൽ എത്രഎത്ര ജീവിതമാണ് തഴച്ചുവളരുന്നത്. ഔദാര്യത്തിനും സേവനത്തിനും പാരമ്പര്യമുള്ള നായർവംശമേ! ഈ രണ്ടുപേരുടെ ജന്മംകൊണ്ടുമാത്രം നീ ധന്യയാണ്.

വ്യതിയാനത്തിനു മാപ്പ്. മന്ദിരംമാതാവിന്റെ കഥ ഞാൻ തുടരട്ടെ. മഹിളാമന്ദിരം സ്ഥാപിതമായിട്ട് ഇപ്പോൾ ഏതാണ്ട് നാലുദശാബ്ദം കഴിഞ്ഞിരിക്കുന്നു. ശ്രീമൂലംതിരുനാൾമഹാരാജാവിന്റെ ഷഷ്ട്യബ്ദപൂർത്തിസ്മാരകമായി ആയിരത്തിതൊണ്ണൂററിനാലു കന്നിമാസം പതിനെട്ടാംതീയതി പ്രഭാതത്തിലായിരുന്നു ഹിന്ദുമഹിളാമന്ദിരം ഉൽഘാടനംചെയ്യപ്പെട്ടത്. ആദ്യകാലത്തെ അരിഷ്ടതകളിൽനിന്നെല്ലാം കരയേറി ഇന്നിപ്പോൾ അത് സ്വയംപര്യാപ്തതയുടേയും സുരക്ഷിതത്വത്തിന്റേയും പടികൾ തരണംചെയ്തുതുടങ്ങിയിരിക്കുന്നു. അമ്മയുടെ നിസ്വാർത്ഥമായ സേവനത്തിന്റേയും ആത്മാർത്ഥമായ ത്യാഗത്തിന്റേയും മഹത്തമമായ ഇച്ഛാശക്തിയുടേയും കഠിനമായ തപസ്യയുടേയും പ്രത്യക്ഷഫലമായി മഹിളാമന്ദിരം അഖിലേന്ത്യാ ക്ഷേമപ്രവർത്ത

നങ്ങളുടെ കേരളത്തിലെ കേന്ദ്രസ്ഥാനമായും അതിൻെറ ഇന്നത്തെ സെക്രട്ടറി കേരളമൊട്ടുക്കുള്ള സാമൂഹ്യക്ഷേമസംഘടനകളുടെ വിധാത്രിയുമായിത്തീന്നിരിക്കുന്നു. എന്തൊരു ദീർഘദശിത്വവും ഇച്ഛാശക്തിയുമായിരുന്നു അമ്മയുക്കു്!

അടുത്തനേരത്തെ ആഹാരത്തിനു വഴികാണാതെ അമ്മ വ്യസനത്തോടെ ദീർഘചിന്തയിൽ മുഴുകിയിരുന്ന സന്ദർഭങ്ങൾ പലതും ഉണ്ടായിട്ടുണ്ടു്. പക്ഷേ ഒരിക്കലും ഈശ്വരകാരുണ്യം ആ സ്നേഹമയിയെ ഉപേക്ഷിച്ചിരുന്നില്ല. പിറേറദിവസത്തെ കഞ്ഞിക്കരിയില്ലാതെ റോഡിലേയ്ക്കു കണ്ണുംനട്ടു് ചിന്തയിലാണ്ടിരുന്ന അമ്മയുക്കു അദ്ധരാത്രിയുടെ മൂകതയിൽ ആരുമറിയാതെ വണ്ടിയിൽ അരികൊണ്ടുവന്നുകൊടുത്ത അദൃശ്യകാരുണ്യത്തെപ്പററിയുള്ള കഥകൾ പലതുമുണ്ടു പറയാൻ.

ഞാനിന്നും ഓമ്മിക്കുന്നു 1103-ലെ കാളറാമഹാമാരിയുടെ ക്രൂരതാണ്ഡവപ്രകടനങ്ങൾ. തെക്കൻദിക്കിലെ ഒട്ടേറെ ജനങ്ങളെ ആ കാളറാക്കാലൻ കൊന്നൊടുക്കി. അതിൻെറ ഒരു ചെറിയ ബാധ മന്ദിരത്തിലും ചലനമുളവാക്കി. ഒരു രാത്രികൊണ്ടു് സക്കാരിൽനിന്നും പ്രതിവിധികൾ പലതുചെയ്തിട്ടും മന്ദിരത്തിലെ ഒരു പിഞ്ചുകുമാരിയേയുംകൊണ്ടു് ആ കാളറാരാക്ഷസൻ കടന്നു. സ്ഥാപനത്തിൻെറ ചുമതലവഹിച്ചുകൊണ്ടു് ഞാൻ അന്നു അവിടെത്തന്നെ താമസിക്കുകയായിരുന്നു. ദുഃഖവാത്ത ഞാൻ കമ്പിമൂലം തിരുവല്ലായിൽ ഔദ്യോഗികകൃത്യനിവ്വഹണത്തിനുവേണ്ടി താമസിച്ചിരുന്ന അമ്മയെ അറിയിച്ചു. എന്തു പറയട്ടെ, സ്വന്തം പുത്രിയുടെ വിയോഗത്തിലെന്നപോലെ അമ്മ "ഒപ്പാരടിച്ചു" കരഞ്ഞുകൊണ്ടു് അടുത്ത ദിവസം മന്ദിരത്തിലെത്തി ഞങ്ങളുടെ സാന്ത്വനവാക്കുകൾക്കൊന്നും മന്ദിരമാതാവിൻെറ കണ്ണുനീരുനിത്താൻ കഴിഞ്ഞില്ല. മന്ദിരത്തിലെ ഓരോ അംഗവും അമ്മയുടെ സ്വന്തം രക്തത്തിൽപ്പിറന്ന സന്താനങ്ങളെപ്പോലെ ആയിരുന്നു ആ മഹതിക്കു്. ഇങ്ങനെയൊരു കറയററ തന്മയീഭാവം അധികം സാമൂഹ്യപ്രവത്തകരിൽ ഞാൻ കണ്ടിട്ടില്ല. മഹിളാമന്ദിരത്തിൻെറ ഓരോ എട്ടപ്പും ശ്രീമതി ചിന്നമ്മയുടെ പ്രയത്നത്തിൻേറയും ത്യാഗത്തിൻേറയും മൂത്തിമത്ഭാവമാണു്. കെട്ടിടംപണിക്കുവേണ്ടി പ്രാരംഭകാലത്തു് ചേത്തലയിലെ തിളയ്ക്കുന്ന മണലിൽക്കൂടെ മഴയും വെയിലുംവിടാതെ വീടുതോറും കയറിഇറങ്ങി പണപ്പിരിവുനടത്തിയ പഴയകഥകൾ പലതും അമ്മയുടെ ചുണ്ടിൽനിന്നും നേരിട്ടുകേൾക്കുന്നതിനു് എനിക്കു സംഗതിയായിട്ടുണ്ടു്. എത്ര ലുബ്ധൻെറ പണപ്പെട്ടിയും തുറപ്പിക്കാനുള്ള കഴിവു് ആ വാക്ചാതുരിക്കുണ്ടായിരുന്നു. പ്രതിദിവസം മന്നൂറും അഞ്ഞൂറും രൂപവീതം പിരിച്ചെടുത്തു് മന്ദിരംപണിക്കായി തിരുവനന്തപുരത്തേക്കയച്ചിട്ടുള്ള മാസങ്ങൾ ഉണ്ടു്. ആ ആത്മാത്ഥതയുടെ മുൻപിൽ കവാടങ്ങൾ താനേ തുറക്കപ്പെടുകയായിരുന്നു......



യശഃശരീരയായ മഹിളാമന്ദിരം കെ. ചിന്നമ്മ.

ക്രമേണ മന്ദിരം ഒരു മഹാതറവാടായി വളന്നു. അംഗസംഖ്യ 150-ഓളമായി വദ്ധിച്ചു. ചെലവിനു നിവൃത്തിയില്ലാതെ ചാലയിലെ കച്ചവടംസേട്ടിനെ കണ്ടു കടംചോദിക്കാൻ അമ്മ ഒററക്കാളവണ്ടിയിൽ പുറപ്പെട്ട ആ യാത്ര ഞാൻ ഇന്നും ഓമ്മിക്കുന്നു. ഒപ്പം ഞാനുമുണ്ടായിരുന്നു വണ്ടിയിൽ. ഒരു കാളേജ്ലക്ചററായിരുന്ന എനിക്കു് കാളവണ്ടിയിലെ—അതും ഒററക്കാളവണ്ടിയിലെ—യാത്ര വളരെ അസഹ്യമായിത്തോന്നി. എൻെറ മിഥ്യാഭിമാനത്തിനു വിരാമമിട്ട ദിവസമായിരുന്നു അന്നു്. അമ്മയുടെ സംഭാഷണമെല്ലാം യഥാത്ഥസേവനത്തെപ്പററിയായിരുന്നു. "സേവനം നാം വിചാരിക്കുന്നതുപോലെ അന്യരെ നന്നാക്കാനല്ല, സ്വയം നന്നാകാനാണു് ഉപകരിക്കുന്നതു്." മററുള്ളവക്കുവേണ്ടി നാം പ്രവത്തിക്കുന്നു എന്ന അഹംഭാവം ഒരിക്കലും ഒരു സാമൂഹ്യസേവകനു പാടില്ല. കാരണം നമ്മുടെ ഓരോ പ്രവൃത്തിയും നമ്മെ മഹത്വത്തിലേയ്ക്കു്, ഈശ്വരത്വത്തിലേയ്ക്കു് ഉയത്താനാണു് കൂടുതൽ പ്രയോജനപ്പെടുന്നതു്. The quality of mercy is twice blest, It blesseth him that gives, and him that takes.



കേന്ദ്ര ആഭ്യന്തരമന്ത്രി
പണ്ഡിററ് ഗോവിന്ദവല്ലഭപാന്ത്

ഷേക്സ്പീയരുടെ വാക്കുകൾ എത്രയോ പരമാത്ഥം. അമ്മയുടെ അഭിപ്രായങ്ങളുടെ ശരിയായ അത്ഥം ഞാൻ ഇപ്പോഴാണു മനസ്സിലാക്കുന്നതു്. ഔദ്യോഗികജീവിതത്തിൻെറ പൂമുഖത്തുനിന്നു് പെൻഷൻകാലമാകുന്ന വടക്കേക്കെട്ടിലേയ്ക്കു നീങ്ങിയ എനിക്കു് അനുഭവമാണു് അതിൻെറ അത്ഥം ശരിക്കു മനസ്സിലാക്കിത്തന്നതു്. നമ്മുടെ ഇടയിൽ ഈ തത്വത്തെപ്പററി ചിന്തിക്കുന്നവർ എത്രപേരുണ്ടു്?

ചന്ദ്രിക പാലൊളി പരത്തി പ്രകാശിച്ചിരുന്ന രാത്രികളിൽ മന്ദിരത്തിൻെറ വിസ്തൃതമായ പൂമുററത്തു് കട്ടിലിൽ വിശ്രമിച്ചുകൊണ്ടു് ചുററുംകൂടിയിരുന്ന ഞങ്ങൾക്കുവേണ്ടി മഹത്വമേറിയ എത്രഎത്ര ഉപദേശങ്ങളാണു് സ്വജീവിതത്തിലെ ഉദാഹരണം ഉദ്ധരിച്ചുകൊണ്ടു അമ്മ വ്യക്തമാക്കിത്തന്നിട്ടുള്ളതു്. എൻെറ ജീവിതസായാഹ്നത്തിലെ പ്രവത്തനങ്ങൾക്കു പൂണ്ണത കൈവരുത്തുന്ന ആ വാക്കുകൾ കണ്ണുങ്ങളിൽ ഇന്നും മുഴങ്ങിക്കേൾക്കുന്നുണ്ടു്. അതിൻെറ ദിവ്യമായ പ്രതിധ്വനി കേരളമൊട്ടുക്കു് ഉയരാൻ ഇടയാകട്ടേ എന്നു ഞാൻ ആശിക്കുന്നു. മഹിളാമന്ദിരം ഇന്നു് അതിൻെറ സ്ഥാപകയുടെ ശാശ്വതസ്മാരകമായി, ബഹുശതം അനാഥക്കു് അഭയസ്ഥാനമായി, ഭാരതമൊട്ടുക്കുള്ള വനിതാപ്രസ്ഥാനത്തിൻെറ ഒരു പ്രധാനകേന്ദ്രമായി വത്തിക്കുന്നു. ഭാവിയിൽ അതൊരു അഖിലഭാരതപ്രശസ്തിയുള്ള ക്ഷേമകേന്ദ്രമായി ഉയരുന്നതിനു് ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ! അതിൻെറ സ്ഥാപകയുടെ സ്മരണയ്ക്കുമുമ്പു് എൻെറ ആദരാഞ്ജലി!

★

# ഭാരതം മുന്നോട്ട്

— കെടാമംഗലം —

ഓരോനാട്ടിലുമക്രമകീടങ്ങൾ
ചോരക്കൂമ്പിനു കൊമ്പുവയ്ക്കേ,
വായ്ക്കുംജീവിതം വാൽപ്പുഴകുത്തിയ
വാടാമല്ലിപോൽ വാടിടുമ്പോൾ,

കള്ളപ്പുഞ്ചിരി തൂകിയാവഞ്ചന
ഉള്ളിൽപ്പല്ലുഞെരിച്ചിരിക്കേ,
സ്വാസ്ഥ്യംപാകിടും പാത്തലരക്ഷകർ
സ്വാത്ഥത്തിൻമുഖം മൂത്തിടുമ്പോൾ

ശാന്തിമന്ത്രിക്കും വൻകിടശക്തികൾ
സ്വന്തംകീശയിൽ‘ബോംബൊ’ളിക്കേ,
കൈച്ചുട്ടുമടിച്ചിട്ടു തൻനില
നോക്കാൻ തന്ത്രജ്ഞൻ ലാക്കുനോക്കേ,

സ്വന്തംക്രൂരയ്ക്കു കൊള്ളിവച്ചീടുന്ന
മന്ദൻമത്ത്യൻെറ പാടുകണ്ടു
കാടുംമേടുമപ്പവ്വതവൃദ്ധനും
കൂടുമേഞ്ഞിടും പൈങ്കിളിയും

തമ്മിൽത്തല്ലുന്ന വന്യമൃഗങ്ങളും
ചുമ്മാനോക്കിച്ചിരിച്ചിടുമ്പോൾ
സത്യംകാണുന്ന കണ്ണുകൾ, രോദനം
കേൾക്കുംകാതുകൾ, ഹൃത്തടങ്ങൾ

എല്ലാമാശയിൽത്തൂങ്ങി വീപ്പിട്ടുകൊ-
ണ്ടല്ലോനോക്കുന്നു ഭാരതത്തെ.
കൊല്ലാതെ, നിണമൂററാതെ, ശാന്തിതൻ–
‘പല്ലില്ലാത്തൊരപ്പുഞ്ചിരി’യാൽ

ഘോരസംഗരംനേടിയ നാടിൻെറ
വീരനേതൃത്വത്തിൻെറ കയ്യിൽ
ശോകമൂകരാം മാനവർ കാണുന്നു
ലോകശാന്തത വ്യക്തമായി.

പേടിമാറുവാൻ സൗഹൃദംനേന്നവർ
പാടീടുന്നല്ലോ പഞ്ചശീലം
പൊട്ടാൻവെമ്പുമിത്തീമലയിൽ സ്നേഹ–
വൃഷ്ടിവർഷിച്ചു ശാന്തമാക്കാൻ;

മുന്നോട്ടാഞ്ഞു നീ വയ്ക്കുക നിൻപദം
ധന്യേ! ബുദ്ധൻെറ ജന്മഭൂവേ!

★

# വിനോബാജിയെ കണ്ടപ്പോൾ

— എസ്. ഗുപ്തൻനായർ —

അവിരാമമായി സഞ്ചരിക്കുന്ന ഈ അത്ഭുതപുരുഷനെ ഒന്നു കാണണം, ആ അമൃതവാണിയൊന്നു കേൾക്കണം, ഇതിൽക്കവിഞ്ഞൊരു താല്പര്യവും എനിക്കുണ്ടായിരുന്നില്ല. സർവ്വോദയത്തെപ്പററി സംശയങ്ങൾ ചോദിക്കണമെന്നോ ഭൂദാനത്തെപ്പററി കൂടുതൽ വെളിച്ചംകിട്ടണമെന്നോ എനിക്കുണ്ടായിരുന്നില്ല. ഒന്നുകാണുക; ഒരിക്കൽ കേൾക്കുക. അത്രതന്നെ.

ഞാൻ കണ്ടു; കേട്ടു. ആ മധുരവാണിപ്രവാഹത്തിൽ മുങ്ങിക്കുളിച്ചു എന്താണ് ആ മഹാത്മാവിൻെറ ആകർഷണശക്തി? ആ ആകൃതിയാണോ? അല്ല; അസാധാരണമായ ഒരു കാർശ്യമല്ലാതെ അതിൽ ആകർഷകമായൊന്നുമില്ല. ആ താടിരോമമാണോ, ആ അല്പവസ്ത്രമാണോ? അല്ലല്ല അവയൊക്കെ നാം വേറേ കണ്ടിട്ടുണ്ട്. പക്ഷേ ആ അന്തഃകരണശുദ്ധിയെ വിളംബരപ്പെടുത്തുന്ന സത്യചൈതന്യം, ആ ചൈതന്യത്തെ സാക്ഷാത്കരിക്കുന്ന ചാരിത്രനിഷ്ഠ, അതത്രേ അസുലഭം, അതത്രേ ഹൃദയാവർജ്ജകം

അദ്ദേഹത്തെ ഞങ്ങൾ കുറച്ചു മലയാളകവിത വായിച്ചുകേൾപ്പിച്ചു—രാമായണം, കുചേലവൃത്തം മുതലായവ. അദ്ദേഹം എത്രകണ്ടു മനസ്സിലാക്കി എന്നറിഞ്ഞുകൂടാ പക്ഷേ ശ്രദ്ധാലുവായി കേട്ടു. ഒടുവിൽ രാമായണംവാങ്ങി തിരിച്ചും മറിച്ചും നോക്കി ഒന്നുരണ്ടു വരികൾ തപ്പിത്തപ്പി വായിച്ചു. ഉത്തരരാമായണം എന്നു കണ്ടപ്പോൾ, "എഴുത്തച്ഛൻ ഉത്തരരാമായണം എഴുതിയിട്ടുണ്ടോ" എന്നദ്ദേഹം ചോദിച്ചു "എഴുത്തച്ഛൻെറതന്നെയാണെന്നാണ് പരക്കെയുള്ള വിശ്വാസം" എന്നു ഞാൻ മറുപടിപറഞ്ഞു. "അങ്ങനെ വരുകയില്ല" അദ്ദേഹം പറയുകയാണ്. "ആ കഥ കൂട്ടിച്ചേർപ്പാണ്. മഹാന്മാരാരും അതെഴുതുകയില്ല; എഴുത്തച്ഛനും അതെഴുതിയിരിക്കയില്ല." സാക്ഷാൽ രാമചന്ദ്രൻ സീതയെ അങ്ങനെ പരീക്ഷിക്കുകയില്ലെന്നാണ് അദ്ദേഹത്തിൻെറ വിശ്വാസം. പിന്നെ, അദ്ദേഹം ഞങ്ങളോടു സംസാരിച്ചു — സാഹിത്യകാരന്മാരോട് പ്രത്യേകമായി. ആളുകളെ പരിചയപ്പെടുത്തുമ്പോൾ മുഖത്ത്, ആകർഷകമായ ഒരു കൃത്രിമപ്പുഞ്ചിരി പൂശുക ഇന്നത്തെ സമുദായമര്യാദയുടെ അനിവാര്യഭൂഷണമാണ്. ഞങ്ങളെ പരിചയപ്പെടുത്തിയപ്പോൾ അദ്ദേഹത്തിൻെറ മുഖത്ത് ആ മന്ദസ്മിതം കണ്ടില്ല. നേത്രത്തിൻെറ സഹജസിദ്ധികളായ യാതൊരഭിനയങ്ങളും അവിടെ കണ്ടില്ല. അകൃതകമായ ലാളിത്യത്തിൻേറതാണ്—ചിലപ്പോൾ കാർക്കശ്യത്തിൻെറ എന്നുപോലും തോന്നാം—ഞങ്ങൾ കണ്ട ഭാവങ്ങളെല്ലാം.



വിനോബാജി

വിനോബാജി മഹാപണ്ഡിതനാണ്, പക്ഷേ അദ്ദേഹം സംസാരിക്കുന്ന ഭാഷ ശിശുവിൻേറതാണ്. ഇത്ര അഗാധമായ അറിവിനെ ഇങ്ങിനെ സുലളിതമായി ആവിഷ്കരിക്കാൻകഴിയുന്നവർ അധികമുണ്ടാവുകയില്ല.

സാഹിത്യകാരനു ചുരുങ്ങിയതു രണ്ടു ശക്തികളെങ്കിലും വേണമെന്ന് അദ്ദേഹം പറഞ്ഞു — മേധാശക്തിയും വാക്ശക്തിയും. ഈ രണ്ടുംതികഞ്ഞ സാഹിത്യകാരനാണദ്ദേഹം. എന്തൊരു ധാരണാ ശക്തിയാണദ്ദേഹത്തിൻെറ. എന്തോ പറഞ്ഞുവന്നപ്പോൾ ലണ്ടൻപട്ടണത്തിലെ ജനസംഖ്യ എത്രയെന്നു പറഞ്ഞു. മറെറന്തോ പറഞ്ഞപ്പോൾ കത്തിയവാഡിലെ വനങ്ങളിൽ ഇപ്പോൾ എത്ര സിംഹമുണ്ടെന്നു പറഞ്ഞു. ഉപനിഷത്തും ഗീതയും ഖുർആനും എല്ലാം അദ്ദേഹത്തിനു ഹൃദിസ്ഥമാണ്. 'നാലുവേദങ്ങളും ആറുശാസ്ത്രങ്ങളും അറിയും' എന്നൊക്കെ പറയുന്നതു് അദ്ദേഹത്തെസ്സംബന്ധിച്ചിടത്തോളം അക്ഷരംപ്രതി ശരിയാണ്.




മഹാത്മാഗാന്ധികാളേജിൻെറ ശിലാസ്ഥാപനകർമ്മം—ഗവർണ്ണർജനറലായിരുന്ന ശ്രീ: സി. രാജഗോപാലാചാരി നിർവ്വഹിക്കുന്നു

ആ മഹാസാഹിത്യകാരൻ ഞങ്ങളോടൊന്നും ആവശ്യപ്പെട്ടില്ല. വെറും വാഗ്ദാനംമാത്രംമതി അദ്ദേഹത്തിനു്. "ഇന്നതു ചെയ്യൂ, ഇന്നതു് എഴുതു്" എന്നൊക്കെപ്പറഞ്ഞാൽ കേൾക്കുന്നവനല്ല സാഹിത്യകാരൻ എന്നദ്ദേഹത്തിനു് അറിയാമത്രേ. അന്തഃപ്രചോദനം കൊണ്ടു് എഴുതുന്ന സാഹിത്യകാരനോടു് അങ്ങനെയൊന്നും പറഞ്ഞുകൂടാ. വിനോബായ്ക്കു് സാഹിത്യകാരൻെറ ബലവും ദൗർബല്യവും അറിയാം.

വിനോബാ സന്ന്യാസിയാണു്, ഭക്തനാണു് എന്നൊക്കെ പറഞ്ഞു ഞങ്ങൾ കേട്ടിരുന്നു. കാഷായം ധരിച്ചവരെയൊക്കെ സന്ന്യാസിയെന്നും നാമംജപിക്കുന്നവരെയൊക്കെ ഭക്തനെന്നും വിളിക്കുമ്പോൾ നാം വളരെയൊന്നും ആ വിളികൊണ്ടു് ഉദ്ദേശിക്കുന്നില്ല. വിനോബായ്ക്കു് കാഷായവും കമണ്ഡലുവുമില്ല. നാമവും ജപവുമില്ല. പക്ഷേ അദ്ദേഹമാണു് സംന്യാസി—എല്ലാം ത്യജിച്ചവൻ. അദ്ദേഹം ഈശ്വരൻെറ മടിയിലിരുന്നാണു വളരുന്നതു്. ഒരു സന്ദർഭത്തിൽ അദ്ദേഹം രാജാക്കന്മാരും കിരീടങ്ങളും ഒക്കെ പോയതിനെപ്പററി പറയുകയായിരുന്നു. "എല്ലാ രാജാക്കന്മാരും പോയി, എല്ലാവരെയും നാം മറന്നു. പക്ഷേ ഒരു രാജാവുണ്ടു്—ശ്രീരാമചന്ദ്രൻ." ഇത്രയും പറഞ്ഞപ്പോഴേക്കും അദ്ദേഹത്തിൻെറകണ്ണുകളിൽ വെള്ളംനിറഞ്ഞു. വാക്കുകൾ പുറപ്പെടാതെയായി. രണ്ടുമൂന്നു നിമിഷത്തേക്കു് ആ സദസ്സുമുഴുവൻ പ്രാണനടക്കിക്കൊണ്ടു്, ആ രംഗം നോക്കിനിന്നു. ഇതല്ലേ, യഥാർത്ഥമായ പ്രേമം? ഈശ്വരസാക്ഷാൽക്കാരം? ഈ ഒരു രംഗത്തിൻെറ ദർശനം അന്നത്തെ അനുഭവങ്ങൾക്കു മകുടംചാർത്തി. മധുരാനുഭൂതികൾനിറച്ച ഹൃദയചഷകവുമായി ഞങ്ങൾ മടങ്ങിപ്പോന്നു.

# DHANWANTHARAM (101)

## Very Effective in Nervous Disorders.

*Manufacturers :*

## VAIDYA RATNAM P. S. VARIER'S

# THE ARYA VAIDYA SALA

**KOTTAKAL (Kerala State).** **Estd. 1902.**

BRANCHES:- Kozhikode (phone 155), Tirur (phone 31), Palghat (phone 104), Erode & Ernakulam.

Sales Depot:- Palghat (on Vettilakulam Road).

More than 600 Standard Ayurvedic Medicines scientifically prepared are available at our Head Office and Branches. The Kerala Special Treatments such as Navarakizhi, Dhara, Pizhichil etc. conducted at moderate costs at our GOLDEN JUBILEE NURSING HOME at Kottakal.

Qualified and experienced Physicians available at our Branches for consultation. Treatments prescribed by personal consultations by our Chief Physician at Kottakal, who himself attends to correspondence.

***For further details write to :*** MANAGING TRUSTEE.



രാഷ്ട്രപതി ബാബു രാജേന്ദ്രപ്രസാദ്

# ആശ്രമഗുരു

— ഒളപ്പമണ്ണ —

ഇന്ത്യയി,ലിരുപതാം-
നൂററാണ്ടിൽച്ചരിപ്പതു
കണ്ടു നാം തപഃക്ലിഷ്ട-
ഗാത്രനാമൊരു യോഗി.

ആ മഹായോഗീശനിൽ
നടന്നുവന്നു കണ്വൻ,
വാല്മീകി, വേദവ്യാസൻ,
വസിഷ്ഠൻ, ഭരദ്വാജൻ.

വന്നിതദ്ദേഹം ഭിക്ഷ
യാചിച്ചുകൊണ്ടെൻവീട്ടി-
ലന്നൊരു പുലർച്ചയ്ക്കു
മെലിഞ്ഞ കയ്യുംനീട്ടി.

പാലു ഞാൻ നിവേദിച്ചേൻ;
പഴം ഞാൻ നിവേദിച്ചേൻ;
ലോലമായ്ക്കടാക്ഷിച്ചു
ചൊല്ലിനാനപ്പോൾ യോഗി:

“പാലല്ല, പഴമല്ല
യാചിപ്പൂ; നിന്നെത്തന്നെ
വേണമെന്നത്രേ!”ഞാനൊ-
ന്നമ്പരക്കുകയത്രേ.

നിൻേറതായ്നണ്ണും വീടും
ഭൂമിയും വ്യാമോഹങ്ങൾ;

എന്തിനു ഞെട്ടുന്നു നീ
നിന്നെ ഞാൻ വീണ്ടെല്ലുമ്പോൾ?

നീയടക്കിയ ഭൂമി
വെള്ളംപോൽ,ത്തേജസ്സുപോൽ,
വായുപോ,ലാകാശംപോ-
ലുണ്ടാക്കി ജഗദീശൻ.

പ്രാവുകളാകാശത്തും
മീനുകൾ കടലിലും-
പോലെ നാം വിഹരിച്ചു
പണ്ടുകാലത്തീ മണ്ണിൽ.

കായ്കളും പഴങ്ങളും
തിന്നു നാം നടന്നില്ലേ
കാനനങ്ങളിൽ,ജ്ജഗ-
ദീശന്റെ കിടാങ്ങളായ്?

അന്നത്തെ സ്വച്ഛന്ദത
തേടിക്കൊണ്ടലയുന്നേൻ!”
എന്നോതും വിനോബയിൽ
വീണു ഞാനുണരുമ്പോൾ

എന്നെ ഞാൻ കണ്ടേനൊരു
പർണ്ണശാലയിൽ;ച്ചെന്നു
നിന്നു ഞാൻ മാൻകുട്ടിപോ-
ലാശ്രമഗുരുവിങ്കൽ.



# ഗ്രാമീണസർവ്വകലാശാലകൾ

— ജീ. രാമചന്ദ്രൻ —

ഈ വിഷയം എൻെറ ഹൃദയത്തിൽ വീണ്ടും വീണ്ടും വള്ളിവീശിവളൎന്നുവരികയാണു്. ഈ ചെടിയുടെ വേരു് അത്രയ്ക്കു് ദൃഢമൂലമായി എന്നിൽ ഊന്നി ഉറച്ചു കഴിഞ്ഞിട്ടുണ്ടു്. ഇതിൻെറ പ്രതിപാദനത്തിൽ മായാത്ത ഒരു മഹാസത്യം ലീനമായിട്ടുണ്ടു്, എന്നാണു് എൻെറ വിശ്വാസം. നിസ്സഹകരണപ്രസ്ഥാനത്തിൻെറ കൊടുംകാററു് ഇളക്കി രാജ്യത്തെ മുഴുവൻ ക്ഷുബ്ധമാക്കിക്കൊണ്ടു് ഗാന്ധിജി മുന്നോട്ടുവന്ന കാലംമുതൽ — 1920-ൻെറ ആദ്യഘട്ടം—ആണു് ദേശീയബോധത്തിൻെറ അടങ്ങാത്ത അഭിനിവേശമായി ഗ്രാമീണസർവ്വകലാശാലകൾ രൂപംകൊണ്ടതു്. ബ്രിട്ടീഷ്ഭരണകാലത്തു് സ്ഥാപിതമായ കാളേജുകളും കലാശാലകളും ബഹിഷ്കരിക്കണമെന്നുള്ളതു് അന്നത്തെ സമരപരിപാടിയുടെ ഒരു പ്രധാനഘടകമായിരുന്നു. കാൺഗ്രസിൻെറ ആഹ്വാനം അനുസരിച്ചു് ആയിരക്കണക്കിനു് വിദ്യാർത്ഥികൾ അദ്ധ്യയനം ഉപേക്ഷിച്ചു പുറത്തുവന്നു. ഗുജറാത്തു്, ബീഹാർ, ആലിഗർ, കൎണ്ണാടകം തുടങ്ങിയ ദേശീയകലാശാലകളായിരുന്നു വിദേശീയകലാലയങ്ങളും കലാശാലകളും ബഹിഷ്കരിച്ച ഭാരതീയവിദ്യാർത്ഥിസഹസ്രങ്ങൾക്കു് അഭയവും അഭിമാനവും പ്രദാനംചെയ്തതു്. ഗ്രാമഭാഗങ്ങളിൽ വിദ്യാഭ്യാസകേന്ദ്രങ്ങൾ സ്ഥാപിച്ചു തൃപ്തിയടയാനല്ലായിരുന്നു അന്നത്തെ ഉദ്ദേശം. 'സിലബസ്സി'നും 'കരിക്കുല'ത്തിലും സമൂലപരിവർത്തനം വരുത്തണം; ആവിധം വിദ്യാഭ്യാസത്തിൻെറ സത്തയിലും സ്വരൂപത്തിലും വിപ്ലവകരമായ വ്യതിയാനം സാധിക്കണം. ഗ്രന്ഥനിബദ്ധംമാത്രമായിരുന്ന വിദ്യാഭ്യാസം പ്രവർത്തനബദ്ധവും ജീവിതബന്ധിയും ആയി രൂപാന്തരപ്പെടുത്തുകയായിരുന്നു പ്രധാനലക്ഷ്യം. സാമൂഹ്യക്ഷേമപ്രവർത്തനങ്ങളുടെ വിവിധമണ്ഡലങ്ങളുമായി ഇടപഴകത്തക്കവിധം വിദ്യാർത്ഥികൾ കായികമായ വേലകൾ ചെയ്യുവാനും ജനസമുദായത്തിനാവശ്യമായ സാധനങ്ങൾ ഉല്പാദിപ്പിക്കുവാനും, ഗ്രാമീണരുടെ ഇടയിലേക്കിറങ്ങി ശുചീകരണപ്രവർത്തനങ്ങൾ നടത്തുവാനുംവേണ്ട പാഠപദ്ധതികൾ ദേശീയസർവ്വകലാശാലകൾ അംഗീകരിച്ചു. ഈ വ്യതിയാനത്തിൻെറ ഉദയം ജനതയുടെ ജീവിതത്തിൽ ഒരു വേലിയേററംതന്നെ ഉണ്ടാക്കി; മറക്കാൻകഴിയാത്ത പല സാധനപാഠങ്ങളും അവരെ പഠിപ്പിച്ചു. ഗ്രന്ഥബന്ധിയായ അദ്ധ്യയനസംപ്രദായത്തിൻെറ ആകർഷണീയത അസ്തമിച്ചു. മനസ്സും ശരീരവും ബുദ്ധിയും സംയുക്തമായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസരീതിയിൽ പുതിയ തലമുറയ്ക്കു് അടിയുറച്ച വിശ്വാസം ഉണ്ടായി. ബൃഹത്തായ ഒരു ചരിത്രവും മഹത്തായ ഒരു പാരമ്പര്യവും സ്വന്തം ജന്മഭൂമിക്കുണ്ടെന്ന ബോധം വിദ്യാർത്ഥിലോകത്തെ അഭിമാനവിജൃംഭിതരാക്കി. അവരുടെ ജീവിതാദർശത്തിലും ജീവിതചര്യയിലും ശബ്ദരഹിതമെങ്കിലും ശക്തിമത്തായ ഒരു വിപ്ലവം നടന്നുകൊണ്ടിരുന്നു.

പക്ഷേ, അടിച്ചുയർന്നുവന്ന ആവേശത്തിൻെറ അലകൾ അചിരേണ അടിഞ്ഞുതാഴ്ന്നു് അമർന്നു. ഗ്രന്ഥനിഷ്ഠമായ അദ്ധ്യയനസമ്പ്രദായത്തിൻെറ സ്വാധീനശക്തി വീണ്ടും തല ഉയർത്തി. ബ്രിട്ടീഷ്ഭരണവും ബ്രിട്ടീഷ്മാതൃകയിലുള്ള പഠനപദ്ധതിയും ഒരു കാലഘട്ടത്തേക്കുകൂടി വിജയക്കൊടിപറത്തി. എങ്കിലും ഗാന്ധിജി പാകിയവിത്തു്, അനസ്യൂതമായ ആഗ്നികപരീക്ഷണങ്ങളേയും അനന്തമായ ദുരിതങ്ങളേയും അതിജീവിച്ചുകൊണ്ടു് ഭാരതത്തിൻെറ മണ്ണിൽ പുതഞ്ഞുകിടന്നിരുന്നു. അത്ഭുതശക്തിയുള്ള ആ വിത്തു് മഴപെയ്യുവാൻ, മണ്ണുകുതിരുവാൻ കാത്തുകാത്തു് കിടന്നു. 1938-ൽ മഹാത്മാഗാന്ധി ചരിത്രപ്രസിദ്ധമായ ദേശീയവിദ്യാഭ്യാസസമിതി വാർദ്ധായിൽ വിളിച്ചുകൂട്ടി. അടിസ്ഥാനവിദ്യാഭ്യാസം എന്ന ശാക്രേതയമായ ആശയത്തിനു് ഗാന്ധിജി രൂപംകൊടുത്തതു് ആ സമിതിയിൽവച്ചാണു്. അതിനുശേഷമാണു് അടിസ്ഥാനവിദ്യാഭ്യാസം ഒരു മഹാപ്രസ്ഥാനമായി വളൎന്നുതുടങ്ങിയതു്. അതോടുകൂടി ഗ്രാമീണസർവ്വകലാശാലകൾ എന്ന ആശയത്തിനും വ്യക്തമായ രൂപവും ഭാവവും കൈവന്നു

അടിസ്ഥാനവിദ്യാഭ്യാസം ഇന്നൊരു വാദപ്രതിവാദവിഷയമല്ലാതായിത്തീർന്നിട്ടുണ്ടല്ലോ. ദേശീയപുനരുദ്ധാരണപരിപാടിയിൽ ഇന്നു് അതു് കണ്ണുകൊണ്ടു കാണാവുന്ന ഒരു യാഥാർത്ഥ്യം ആയിത്തീർന്നിരിക്കുന്നു, അതിൻെറ മാർഗ്ഗവും ലക്ഷ്യവും ഇപ്പോൾ സർവ്വവിദിതവുമാണു്. 'ഗൗണീയ'രായ സർവ്വകലാശാലാപ്രേമികൾ പ്രാരംഭകാലംമുതൽ അടിസ്ഥാനവിദ്യാഭ്യാസസമ്പ്രദായത്തെ എതിർക്കുകയായിരുന്നു. ഇന്നും അവരുടെ എതിർപ്രചരണം തുടൎന്നുവരുന്നതാനും. എല്ലാ പ്രതിസന്ധിഘട്ടങ്ങളും കടന്നു്, ഈ പദ്ധതി പരിമിതമായ വലയത്തിലാണെങ്കിലും, വളൎന്നുവരികയാണു്. കേന്ദ്രഗവണ്മെൻറും സ്റ്റേററുഗവണ്മെൻറുകളും അവരുടെ എലിമെൻററിവിദ്യാഭ്യാസപദ്ധതിയിൽ ഇതു് ഉൾക്കൊള്ളിച്ചു് ഇതിനു് അംഗീകാരം നൽകിയിട്ടുണ്ടു്. പുതിയ പദ്ധതിയുടെ ഗതിക്കു വേഗത കുറവാണെങ്കിലും അതിൻെറ പാദമുദ്രകൾ ദൃഢമായി സാമൂഹ്യജീവിതത്തിൽ പതിഞ്ഞുതുടങ്ങിയിരിക്കുന്നു. പഴയ പഠനസമ്പ്രദായത്തെ പാടേ വിപാടനംചെയ്യുവാൻ ഈ പദ്ധതിക്കു കഴിഞ്ഞിട്ടില്ലെങ്കിലും, അതിൻെറ നിലനിൽപ്പിനെ അടിസ്ഥാനവിദ്യാഭ്യാസസമ്പ്രദായം സാരമായി സ്പർശിച്ചിട്ടുണ്ടു്.



കേരള ഗവണ്ണർ ശ്രീ: ബി. രാമകൃഷ്ണറാവു

അടിസ്ഥാനവിദ്യാഭ്യാസകാര്യവുമായി ഗ്രാമീണസർവ്വകലാശാലകളെ ബന്ധിപ്പിക്കുന്നതെന്തിനു് എന്നൊരു ചോദ്യം സ്വാഭാവികമായുണ്ടാവാം. ഈ പദ്ധതിയുടെ വികസനഘട്ടങ്ങളുമായി പരിചയപ്പെട്ടവക്കു് ഉത്തരം പറയുവാൻ പ്രയാസമുള്ളതല്ല ഈ ചോദ്യം. ഭാരതീയരുടെ രസവാസനകൾക്കു് അനുഗുണമായി ഭാരതീയമായ അന്തരീക്ഷത്തിൽ വിദ്യാഭ്യാസസമ്പ്രദായത്തെ ഗ്രാമീണമാക്കുക എന്നുള്ളതാണു് അടിസ്ഥാനവിദ്യാഭ്യാസംകൊണ്ടു് സാധിക്കുന്നതു്. വിദ്യാഭ്യാസത്തെ ഗ്രാമീണമാക്കുന്നതു് എങ്ങിനെയെന്നു ഞാൻ വിശദമാക്കാൻ ശ്രമിക്കാം.

വിദ്യാഭ്യാസത്തെ ഗ്രാമീണമാക്കുക എന്നു പറയുമ്പോൾ ബ്രിട്ടീഷ്ഭരണകാലത്തിനുമുമ്പുള്ള വിദ്യാഭ്യാസസമ്പ്രദായത്തിലേക്കുള്ള തിരിച്ചുപോകലാണെന്നാരും ധരിക്കരുതു്. അതു സുവണ്ണകാലമെന്നു് അറിയപ്പെട്ടുന്ന വൈദികകാലത്തേക്കുള്ള പ്രതിപ്രയാണവുമല്ല, നാം മുന്നോട്ടുപോവണം; അല്ലെങ്കിൽ മരിച്ചു മണ്ണടിയണം. നഗരമല്ല, ഭാരതീയസംസ്കാരത്തിൻെറ ഉറവിടം; റോമൻസംസ്കാരം നഗരത്തിൽനിന്നും ഉദിച്ചുയന്നതാണു്. ഗ്രീക്കുസംസ്കാരത്തിൻെറ ഉത്ഭവസ്ഥാനവും അതുപോലെതന്നെ പട്ടണമാണു്. ഉപനിഷത്തുകളുടെ കാലത്താണു്, നമ്മുടെ സംസ്കാരത്തിൻെറ ചരിത്രം ആരംഭിക്കുന്നതു്. പിന്നീട്ടുള്ള ചരിത്രകാലം, ബുദ്ധൻ മുതൽ ഗാന്ധിജിവരെയുള്ള ദീർഘദീർഘമായ കാലഘട്ടത്തിൽ നമ്മുടെ സംസ്കാരം വളന്നു പന്തലിച്ചതു്, നഗരങ്ങളിലോ, നഗരപരിസരങ്ങളിലോനിന്നല്ലായിരുന്നു. ഭാരതത്തിൻെറ ഹൃദയം ഗ്രാമമാണു്; ഭാരതീയസംസ്കാരത്തിൻെറ പ്രസ്രവണകേന്ദ്രം ഭാരതീയഗ്രാമമാണു്. എങ്കിലും നാഗരികമായ സംസ്കാരം ഇന്നൊരു വസ്തുതതന്നെയാണല്ലോ. ബ്രിട്ടീഷ്ഭരണത്തിൻെറ ശാശ്വതമുദ്രയാണു് നഗരപരിഷ്കാരവും നാഗരികസംസ്കാരവും. ഗ്രാമത്തെ ചൂഷണംചെയ്തു നഗരം ജീവിച്ചു; പുഷ്ടിപ്പെട്ടു. ഗ്രാമത്തിൻേറതായതെല്ലാം വിനഷ്ടമാവുന്നതു കണ്ടപ്പോഴാണു്, ഗ്രാമത്തിൻെറ അന്തഃസത്തതന്നെ നഷ്ടപ്പെട്ടുന്നുവെന്നു ബോദ്ധ്യമായപ്പോഴാണു്, ക്രാന്തദശിയായ ഗാന്ധിജി രംഗത്തുവന്നതു്. ഭാരതത്തിൻെറജീവൻ വീണ്ടെടുക്കുന്നതിനു ധീരമായ നിശ്ചയംചെയ്തു ആദ്യത്തെ ദേശീയനേതാവുംഗാന്ധിജിതന്നെയാണെന്നു നാം ഓമ്മിക്കണം. ഗ്രാമാന്തരങ്ങളിലേക്കു് ജനങ്ങളുടെ ശ്രദ്ധയെ തിരിച്ചുവിട്ടിട്ടു്, ഗ്രാമങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള വിവിധങ്ങളായ പ്രവത്തനങ്ങൾ ഗാന്ധിജി ആവിഷ്കരിച്ചു. ഗ്രാമപുനരുദ്ധാരണം അതിശക്തമായ ഒരു പ്രസ്ഥാനമായി വളന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷവും, ഗ്രാമവും നഗരവും തമ്മിലുള്ള സമീകൃതഭാവം സംരക്ഷിക്കുവാനുള്ള പരിപാടികൾ തുടന്നുവരുന്നുണ്ടു്. അതിൻെറ ഏററവും ഫലപ്രദമായ ഉപാധിയായി നിലകൊള്ളുന്നതു ഇന്നത്തെ സാമൂഹ്യക്ഷേമപരിപാടികളാണു്. ഗ്രാമവും നഗരവും സഹാനുഭൂതിയോടെ, സഹവത്തിത്വഭാവത്തിൽ ഒരുപോലെ വളരുന്നതിനുവേണ്ട സാഹചര്യംസൃഷ്ടിക്കാൻ കഴിഞ്ഞെങ്കിലേ സാമൂഹ്യക്ഷേമപരിപാടികൾ വിജയിച്ചു എന്നു് പറയുവാൻ കഴിയുള്ളൂ. രണ്ടിൻേറയും അവകാശങ്ങളെ പക്ഷപാതംകൂടാതെ കാത്തുരക്ഷിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഈ പരിപാടികൾ പരാജയപ്പെട്ടു എന്നാണത്ഥം. ബുദ്ധിപൂവ്വമായ 'പ്ലാനിംഗി'ൽ നഗരവും ഗ്രാമവും തമ്മിലുള്ള സംഗരം ആരും വിഭാവനം ചെയ്യുകയില്ല. സംഗരംകൂടാതെ ഈ രണ്ടു ഘടകങ്ങൾക്കും വളന്നു് വികസിക്കുവാൻ കഴിയും. നഗരവും ഗ്രാമവും തമ്മിലുള്ള അനുരഞ്ജനമാണു് പദ്ധതികളുടെ ആസൂത്രണഫലമായി അഭിലഷിക്കേണ്ടതു്. ഈ ഘടകങ്ങളുടെ അനുരഞ്ജനാത്മകമായ വികാസംകൊണ്ടുമാത്രമേ സവ്വാംഗീണമായ ദേശീയപുരോഗതി സാധിതപ്രായമാവുകയുള്ളൂ. ഏകഭാഗീയമായ വികസനം വികസനമല്ല: അതു് ആപൽക്കാരികൂടിയായിരിക്കും. ഗ്രാമങ്ങളെ ഗ്രസിക്കുന്നതിനു് ഇനിയും നഗരങ്ങളെ അനുവദിക്കുന്നപക്ഷം, അതിൻെറ ദുരന്തഫലം, സവ്വംദഹിയായ ഒരു അഗ്നിപവ്വതത്തിൻെറ വിസ്ഫോടനമായിരിക്കും, ഇൻഡ്യയിലുണ്ടാവുക. ഈ വിനാശത്തിൽനിന്നു് ഇൻഡ്യയെ രക്ഷിക്കേണ്ടതിൻെറ ആവശ്യകത ആദ്യം കണ്ടതു് ഗാന്ധിജിയായിരുന്നു. ദേശീയമായ മുഴുവൻ ശക്തിധാരകളേയും സമാഹരിച്ചു്

പ്രായോഗികതലത്തിലൂടെ ആദ്യം തിരിച്ചുവിട്ട പ്രതിഭാശക്തിയും ഗാന്ധിജിയുടേതായിരുന്നു. ഗാന്ധിജിക്കുശേഷം, ഇന്നത്തെ സാമൂഹ്യവികസനപദ്ധതികൾക്ക് ജീവനും പ്രകാശവും നൽകിക്കൊണ്ടുനിൽക്കുന്നതു് പണ്ഡിതനെഹ്റുവിൻെറ ദീർഘവീക്ഷണപടുതയും നിരന്തരപ്രയത്നവും ആകുന്നു. അതിൻെറ പ്രവർത്തനത്തിൽ ചില കുറവുകൾ സൂക്ഷ്മദൃക്കുകൾക്കു കാണാൻ കഴിയുമെങ്കിലും, അതിൻെറ കർമ്മപരിധി വ്യാപകമായി വരികയാണു്.

ഗ്രാമങ്ങളുടെയും നഗരങ്ങളുടെയും സമീകൃതവികസനത്തിൽ ഗ്രാമീണസർവ്വകലാശാലകൾക്കു ഒരു വലിയ പങ്കു നിർവ്വഹിക്കുവാനുണ്ടു്. മണ്ണിനോടു ചേർന്നു് മണ്ണിൻെറ മാഹാത്മ്യമറിഞ്ഞു ജീവിക്കുന്ന ഗ്രാമീണരുടെ കുടിലുകളിലേക്കു ഉന്നതവിദ്യാഭ്യാസത്തിൻെറ വെളിച്ചം കൊണ്ടുചെല്ലേണ്ടതു് ഗ്രാമീണസർവ്വകലാശാലകളാകുന്നു. അവരുടെ നിത്യജീവിതത്തിനു സഹായകമായി അവരുടെ കഴിവുകളെ പൂർണ്ണമായി പ്രയോജനപ്പെടുത്തത്തക്കവിധം കായികശക്തിയും ബുദ്ധിശക്തിയും സൃഷ്ട്യുന്മുഖപ്രവർത്തനങ്ങളിലേക്കു തിരിച്ചുവിടുവാൻ ഗ്രാമീണസർവ്വകലാശാലകളിലെ പഠനക്രമത്തിനും പാഠപദ്ധതിക്കുമേ സാധിക്കുകയുള്ളു. വ്യവസ്ഥാപിതവും സമാധാനപരവും ആയ മാർഗ്ഗങ്ങളിലൂടെ പുരോഗതിയും വികസനവും പൂർത്തിയാക്കാനും ആവിധം ജീവിതത്തിൽ പരിതൃപ്തിയും അഭിമാനവും ഉണ്ടാകുന്നതിനും, ഈ പുതിയ സർവ്വകലാശാലകൾക്കുമാത്രമേ സാധിക്കുകയുള്ളു.

ഇന്നത്തെ ഉന്നതവിദ്യാഭ്യാസത്തിൻെറ ശരിയായ ചിത്രം എന്തെന്നു നാം ധരിക്കണം. ഉടുപ്പിൽപ്പൊതിഞ്ഞ പരിഷ്കൃതവിദ്യാഭ്യാസം ഇന്നു ലഭിക്കുന്നതു്, ജനസംഖ്യയിൽ ഒരു ശതമാനത്തിനുമാത്രമാണു്. ഇംഗ്ലീഷു പഠിച്ചവർക്കേ ഉയർന്ന വിദ്യാഭ്യാസം ലഭിക്കുന്നുള്ളു. പ്രാദേശികഭാഷകളിലുള്ള സാക്ഷരതാശതമാനം മുപ്പതുമാത്രമാണെന്നു മറന്നുകളയരുതു്. മാതൃഭാഷ എഴുതുവാനും വായിക്കുവാനും അറിയാവുന്നവർ ചിലയിടത്തു് എണ്ണതുശതമാനംവരെ ആയിട്ടുണ്ടു്. പഠിച്ചുപോകുന്ന കുട്ടികളിൽ അറുപതുശതമാനത്തിനു് തുടർന്നു പഠിക്കുവാൻ വേണ്ടത്ര വിദ്യാലയങ്ങളില്ല വളരെ കുറച്ചാളുകളേ ഈ പ്രശ്നത്തിൻെറ ഗൗരവത്തെപ്പറ്റി ആലോചിച്ചിട്ടുള്ളു. വിദ്യാഭ്യാസപുനഃസംഘടനയ്ക്കായി ആവശ്യമുള്ള പണം പഞ്ചവത്സരപദ്ധതിയിൽ വകകൊള്ളിച്ചിട്ടില്ല എന്ന പരാതിയാണു് പ്ലാനിംഗ്കമ്മീഷൻെറനേരേ പലരും ഉന്നയിക്കുന്നതു്. വിദ്യാഭ്യാസത്തിനുള്ള ചിലവുകൾ വർദ്ധമാനമായിരിക്കുന്നിടത്തോളംകാലം ഈ ദുരവസ്ഥ അവസാനിക്കുകയില്ല.

നിലവിലിരിക്കുന്ന ദുർഘടസന്ധിയിൽനിന്നും കടന്നുകയറുവാനുള്ള ഒരു മാർഗ്ഗമാണു് ഗ്രാമീണസർവ്വകലാശാലകൾ. ഗ്രാമീണസർവ്വകലാശാലകളുടെ പരമപ്രധാനമായ കർത്തവ്യം, ഇൻഡ്യയിലെ അഞ്ചുലക്ഷം ഗ്രാമങ്ങളിലായി ചിന്നിച്ചിതറിക്കിഴിഞ്ഞുകൂടുന്ന ഗ്രാമീണർക്കു് ഉയർന്ന വിദ്യാഭ്യാസം നൽകുക എന്നുള്ളതാണു്. ഒരുമിച്ചല്ല, അവിടവിടെയായിട്ടാണു്, ഗ്രാമീണർ താമസിക്കുന്നതു്. വികേന്ദ്രീകൃതജനപദമാണു് ഗ്രാമീണർ. ജീവിതത്തോതും, വിദ്യാഭ്യാസമാനദണ്ഡവും ഉയർത്തുന്നതിനു്, ലക്ഷക്കണക്കിനുള്ള ഗ്രാമീണരെ നഗരങ്ങളിലേക്കു മാററിത്താമസിപ്പിക്കുക എന്നതു് മനുഷ്യസാദ്ധ്യമായ കാര്യമല്ല; ക്ലിപ്തകാലഘട്ടത്തിനകം അതു പ്രയോഗത്തിൽവരുത്താമെന്നുള്ള മൂഢചിന്ത ആർക്കുമില്ലതാനും. ഇംഗ്ലണ്ടിലേയും, അമേരിക്കയിലേയും ഉദാഹരണങ്ങൾ ഈ വിഷയത്തിൽ ഉദ്ധരിച്ചതുകൊണ്ടും ഫലമില്ല. അവരുടെ സാമൂഹ്യജീവിതചരിത്രംതന്നെ ഭിന്നമാണു്. ഏഷ്യയിലെ സാമൂഹ്യചരിത്രവും ഇവിടത്തേതിൽനിന്നു ഭിന്നമാണു്. അവരവരുടെ രാജ്യത്തിൻെറ പാരമ്പര്യവും പരിതഃസ്ഥിതിയും അനുസരിച്ചു് സ്വന്തവും സ്വതന്ത്രവും ആയ രീതിയിൽ ജനപദങ്ങൾ വളരണം ഇവിടത്തെ ഗ്രാമങ്ങൾക്കുവേണ്ടിയുള്ളതായിരിക്കണം ഇവിടത്തെ ഗ്രാമീണസർവ്വകലാശാലകൾ. ഗ്രാമജീവിതത്തിൻെറ വെല്ലുവിളികൾക്കു സമാധാനം കാണത്തക്കവിധം ജീവിതത്തെ പാകപ്പെടുത്തുന്നതിനു പര്യാപ്തമായ പാഠക്രമവും പഠനസമ്പ്രദായവും ക്രമീകരിക്കണം. ഇതിനു വിദ്യാഭ്യാസകേന്ദ്രങ്ങൾ നഗരത്തിലേയ്ക്കു മാററിയതുകൊണ്ടു് ഫലമില്ല. ഗ്രാമവിദ്യാർത്ഥികളെ നഗരകേന്ദ്രങ്ങളിൽ സഞ്ചയിച്ചതുകൊണ്ടും പ്രയോജനമില്ല. ഗ്രാമീണർക്കുവേണ്ടിയുള്ള വിദ്യാഭ്യാസം ഗ്രാമത്തിൻെറമണ്ണിൽ വേരുറപ്പിച്ചു നിർത്തണം. ഭൗതികശക്തികളെയും സാന്മാർഗ്ഗികമൂല്യങ്ങളെയും ഗ്രാമപുനരുദ്ധാരണത്തിനായി സമാഹരിക്കണം. അതിനു് നാഗരികസർവ്വകലാശാലകളെ അതേമാതൃകയിൽ ഗ്രാമത്തിലേയ്ക്കു മാററിസ്ഥാപിക്കുന്നതു വ്യർത്ഥമാണു്; വ്യയഹേതുകമാണു്. വിദ്യാദാനവിഷയകമായ ഒരു വിപ്ലവം ഗ്രാമത്തിലുണ്ടാവുകതന്നെ വേണം. ആ സർവ്വകലാശാലകളിലും ഗ്രന്ഥനിഷ്ഠമായ പഠനം വേണ്ടിവരും; പക്ഷേ ഗ്രന്ഥനിഷ്ഠമായ പഠനത്തിനു് പരമപ്രാധാന്യം ഉണ്ടായിരിക്കയില്ല; ഗ്രന്ഥങ്ങളുടെ അമിതമായ സ്വാധീനശക്തിയിൽ അവിടത്തെ പഠനസമ്പ്രദായം പരാധീനമാവുകയില്ല. മുമ്പു് സൂചിപ്പിച്ചതുപോലെ ഗ്രന്ഥബന്ധിയായ പഠനമല്ല, ജീവിതബന്ധിയായ പഠനമാണു് അവിടെ നടക്കുന്നതു്. കൂടുതൽ കാര്യക്ഷമമായ കൃഷി; കൂടുതൽ കാര്യശാസ്ത്രീയമായ കുടിൽവ്യവസായപ്രവർത്തനം; ഔഷധവിതരണത്തിനു പകരം, രോഗനിരോധനമാർഗ്ഗങ്ങളെപ്പററിയുള്ള പ്രചരണം; മത്സരപ്രധാനമായ വ്യാപാരത്തിനുപകരം, സഹകരണപ്രധാനമായ ശുചീകരണപ്രവർത്തനം; ഈ ചൊന്നതിനെല്ലാമായിരിക്കും ഗ്രാമീണസർവ്വകലാശാലകളുടെ പഠനവിഷയം. ഇവയൊക്കെയാണു് അവിടത്തെ ഉന്നതവിദ്യാഭ്യാസത്തിനുള്ള പഠനവിഷയങ്ങൾ. ഗ്രാമത്തിൻേറയും ഗ്രാമീണരുടേയും സ്ഥിതിവിവരങ്ങൾ അവയുമായും അവരുമായും അടുത്തുപെരുമാറി ശേഖരിക്കപ്പെടുന്നവയായിരിക്കും. അങ്ങിനെ നിത്യസമ്പർക്കംകൊണ്ടു് അനുഭവങ്ങളുമായി താദാത്മ്യപ്പെടുന്ന വിദ്യാർത്ഥികളേയാ



എൻ. എസ്. എസ്. വിമൻസ്കാളേജ്, പെരുന്താന്നി, തിരുവനന്തപുരം

യിരിക്കും, ആ സർവ്വകലാശാലയിൽ കാണുന്നതു്. ഗ്രാമീണയാഥാർത്ഥ്യങ്ങൾക്കുള്ള പരിഹാരമായിരിക്കും, അവരുടെ ചർച്ചാവിഷയം.

നഗരങ്ങളെ നിർമ്മാർജ്ജനംചെയ്യുക സാധ്യമല്ല; നാഗരികകലാശാലകളെ അടച്ചുപൂട്ടുവാനും സാധ്യമല്ല. ഉപരിപഠനത്തിനും ഗവേഷണത്തിനുമുള്ള സങ്കേതങ്ങളായിരിക്കണം നാഗരികസർവ്വകലാശാലകൾ. നഗരവാസികളുടെ ആവശ്യങ്ങൾ അവിടംകൊണ്ടു നടക്കണം. പക്ഷേ ഗ്രാമീണസർവ്വകലാശാലകൾ പൂർണ്ണമായ വളർച്ച പ്രാപിക്കുമ്പോൾ, അവയ്ക്കനുസൃതമായ പരിവർത്തനങ്ങൾ, നാഗരികസർവ്വകലാശാലകളിലും ഉണ്ടാകാതെ നിർവ്വാഹമില്ല. കാരണം ഗ്രാമീണസർവ്വകലാശാലകൾ വെട്ടിത്തുറക്കുന്ന ജീവിതത്തിന്റെ വഴികളിൽക്കൂടി സഞ്ചരിച്ചവരായിരിക്കുമല്ലോ, അന്നുണ്ടായിരുന്നവരിൽ ഭൂരിപക്ഷവും. ആ ഭൂരിപക്ഷത്തിന്റെ പ്രതിനിധികളായിരിക്കുമല്ലോ, അന്നത്തെ വിദ്യാഭ്യാസഗതിയെ നിയന്ത്രിക്കുന്നതും

അടിസ്ഥാനവിദ്യാഭ്യാസപദ്ധതിയനുസരിച്ചു പ്രാഥമികവിദ്യാഭ്യാസത്തിലും, ഹൈസ്കൂൾവിദ്യാഭ്യാസത്തിലും പ്രകടമായ മാററങ്ങൾ ഉണ്ടാവും. ഇന്നത്തെ സർവ്വകലാശാലകളെ നിലനിർത്തുന്നതു്, ഇപ്പോഴത്തെ ഹൈസ്കൂൾവിദ്യാഭ്യാസമാണല്ലോ. ആ നിലയ്ക്കു്, അവയ്ക്കു് ആധാരമായ സ്ഥിതിഗതികൾ വ്യത്യാസപ്പെടുന്നതിന്റെ പ്രത്യക്ഷമായ ഫലം, സർവ്വകലാശാലകളിലും ദൃശ്യമാവും. അങ്ങിനെ ഒന്നിന്റെ ശക്തി കുറയുമ്പോൾ, മറെറാന്നു് ശക്തിസംഭരിച്ചു് വളർന്നുവരും. നാഗരികസർവ്വകലാശാലകളുടെ സ്ഥാനം അചിരേണ ഗ്രാമീണസർവ്വകലാശാലകൾ കൈവശപ്പെടുത്തും.

ഇൻഡ്യാഗവമ്മെൻറു് ഈ അടുത്തകാലത്തു് പത്തു് "റൂറൽ ഹയ്യർ എഡ്യുക്കേഷൻ ഇൻസ്റ്റിററ്യൂട്ടു്" (Institutes of Rural Higher Education) കൾ സ്ഥാപിച്ചിട്ടുണ്ടു്. അവയുടെ പ്രവർത്തനം ഇപ്പോൾ പരീക്ഷണഘട്ടത്തിലാണു് ഇരിക്കുന്നതു്. ഇൻഡ്യയിലെ എല്ലാ ഗ്രാമപ്രദേശങ്ങളേയും ഉൾക്കൊള്ളത്തക്കവിധം ആ വിദ്യാകേന്ദ്രങ്ങളുടെ പരിധി വിപുലമാക്കപ്പെടും. ഗ്രാമീണരായ ഇൻഡ്യയിലെ എൺപതുശതമാനം ജനങ്ങളുടേയും ജീവിതഗതിയെ അതു് സ്പർശിക്കും. ഗ്രാമീണസർവ്വകലാശാലകളുടെ സുവർണ്ണകാലം അന്നുമുതലാരംഭിക്കും. അദ്ധ്വാനിക്കുന്ന ജനകോടിയുടെ കുടിലുകളിലും ജീവിതത്തിലും ഉന്നതവിദ്യാഭ്യാസത്തിന്റെ പ്രകാശം വീശുന്നതു് അന്നുമാത്രമായിരിക്കും. ദേശീയവിദ്യാഭ്യാസത്തിന്റെ വിജയക്കൊടിപറക്കുന്നതും അന്നുമാത്രമായിരിക്കും. ആ പരിപൂർത്തി കാണുവാൻ, ആ സുപ്രഭാതത്തിന്റെ ആശ്ലേഷസുഖം അനുഭവിക്കാൻ നാം തയ്യാറാവുക! അതിന്റെ ആഗമനത്തിന്റെ അർത്ഥം നാം ആസ്വദിക്കുക! ആഗമനത്തെ സ്വാഗതംചെയ്യുക! സർവ്വോപരി ആ പുതുപ്രഭാതത്തിന്റെ ആഗമനത്തെ ത്വരിതപ്പെടുത്താൻ ആത്മാർത്ഥമായി സഹകരിക്കുക!

# ഭരണഘടനയിലെ മൗലികാവകാശങ്ങൾ

— പ്രഫസർ പി. എസ്. അച്യുതൻപിള്ള —

ഇൻഡ്യൻഭരണഘടനയിൽ ഭദ്രമാക്കപ്പെട്ടിട്ടുള്ള അവകാശങ്ങൾ ഒരു വ്യക്തിയുടെ താല്പര്യങ്ങളെ അടിസ്ഥാനമാക്കി പരിഗണിക്കപ്പെട്ടമ്പോൾ രണ്ടു വിഭാഗങ്ങളായി തരംതിരിക്കപ്പെടാവുന്നതാണ്. (1) ഏതൊരു മനുഷ്യനും അവകാശപ്പെടാവുന്ന മൗലികാവകാശങ്ങൾ. (2) ഇൻഡ്യയിലെ പൗരന്മാർക്കുമാത്രം അവകാശപ്പെടാവുന്നവകൾ. ഇവയിൽ ഒന്നാംഭാഗത്തിൽ പെടാവുന്നവയെ മനുഷ്യാവകാശങ്ങളെന്നും മററുള്ളവയെ പൗരാവകാശങ്ങളെന്നും വേണമെങ്കിൽ നാമകരണംചെയ്യാവുന്നതാണ്.

## മനുഷ്യാവകാശങ്ങൾ.

ജീവൻ—ഭൂമിയിൽപ്പിറക്കുന്ന ഒരു മനുഷ്യൻെറ പരമവും പ്രധാനവുമായ അവകാശം ഏതാകുന്നു? ഈ ചോദ്യത്തിനു തീച്ചയായും അയാളുടെ ജീവൻതന്നെ എന്ന് ആരും നിസ്സംശയം മറുപടിപറയും. "എനിക്കു ജീവിക്കണം, എൻെറ ജീവനു സംരക്ഷണംനൽകണം." എന്നിങ്ങനെയുള്ള വ്യക്തിതാല്പര്യം ഓരോ മനുഷ്യനിലും സദാസമയവും കുടികൊള്ളുന്നു. ഒരു മനുഷ്യൻെറ പരമമായ താല്പര്യം അയാളുടെ ജീവനു യാതൊരു ഹാനിയും ഉണ്ടാകരുതെന്നുതന്നെയാണ്. ഓരോ മനുഷ്യൻെറയും ഈ അടിസ്ഥാനതാല്പര്യത്തെ ആസ്പദമാക്കിത്തന്നെയാണ് നമ്മുടെ ഭരണഘടനയിൽ 21-ാംവകുപ്പിൽ "നിയമപ്രകാരമുള്ള നടപടികളാലല്ലാതെ യാതൊരുവനിൽനിന്നും അയാളുടെ ജീവനോ വ്യക്തിസ്വാതന്ത്ര്യമോ അപഹരിക്കപ്പെട്ടവാൻ പാടില്ല" എന്നു വ്യവസ്ഥചെയ്തിരിക്കുന്നതു്. നിയമാനുസാരമുള്ള നടപടികൾമൂലംമാത്രമേ ഒരുമനുഷ്യൻ കൊല്ലപ്പെടാവൂ എന്നു സാരം. അതായതു് പരമാധികാരക്കോടതിയാൽ വധശിക്ഷയ്ക്കു് വിധേയരായവരെമാത്രം തൂക്കിക്കൊല്ലുന്നതിനു് ഭരണഘടന അനുമതിനൽകുന്നു. അല്ലാതെ ഒരു മനുഷ്യൻ മറ്റൊരുവനെ ഹനിച്ചുകൂടാ. ഇപ്രകാരം ഭരണഘടന 21-ാംവകുപ്പു് ഓരോ മനുഷ്യൻെറയും ജീവനു് പരിപൂർണ്ണസംരക്ഷണം നൽകുന്നു.

സ്വത്തു്—ഒരു മനുഷ്യനു് തൻെറ ജീവൻകഴിഞ്ഞാൽ, പിന്നീടേററവും പ്രധാനമായിട്ടുള്ളതെന്താണ്? തീച്ചയായും അയാളുടെ സ്വത്തുവകകളാണെന്നു് ആരും നിസ്സംശയം പറയും. താൻ പ്രയത്നംചെയ്തു സമ്പാദിച്ചിട്ടുള്ളവയും തൻെറ പൂർവികരിൽനിന്നും ലഭിച്ചതുമായ തൻെറ സ്വത്തുവകകൾക്കു് സംരക്ഷണംലഭിക്കണമെന്നു് ഓരോ വ്യക്തിയും ന്യായമായാഗ്രഹിക്കുന്നു. ഈ ആഗ്രഹസമ്പൂത്തിക്കായും മനുഷ്യൻെറ സ്വത്തുസംരക്ഷണത്തിനായുംവേണ്ടി, നമ്മുടെ ഭരണഘടനയിൽ 31-ാം വകുപ്പു് നിലകൊള്ളുന്നു. അതായതു് "യാതൊരുവനിൽനിന്നും നിയമപ്രകാരമല്ലാതെ അയാളുടെ സ്വത്തുവകകൾ അപഹരിക്കപ്പെട്ടുകൂടാ" എന്നു് ടി വകുപ്പു് നിരോധിക്കുന്നു. എന്നാൽ ജനങ്ങളുടെ പൊതുവായിട്ടുള്ള ആവശ്യങ്ങൾക്കായി പ്രതിഫലംനൽകി വസ്തുവകകൾ കൈവശപ്പെടുത്തുന്നതിനു് സംസ്ഥാനത്തിനു് അധികാരമുണ്ടു്. ആയതു് 31-ാംവകുപ്പിൽ രണ്ടുമുതൽ ആറുവരെയുള്ള ഉപവകുപ്പുകളിൽ സ്റ്റെയിററിനു നൽകപ്പെട്ടിട്ടുണ്ടു്. എന്നിരുന്നാലും ഒരു മനുഷ്യൻെറ സ്വകാര്യസമ്പത്തിനെ സ്റ്റെയിററിൻെറ പരമാധികാരാവകാശങ്ങൾക്കു വിധേയമായി പരിപൂർണ്ണസംരക്ഷണം നമ്മുടെ ഭരണഘടനയിൽ 31-ാംവകുപ്പിൽ 17-ാംഉപവകുപ്പിൽ നല്കപ്പെടുന്നുണ്ടെന്നു് നമുക്കഭിമാനിക്കാം.

## നിയമദൃഷ്ടിയിൽ തുല്യനില

ഒരു മനുഷ്യനു് തൻെറജീവനും സ്വത്തിനും സംരക്ഷണം ലഭിച്ചുകഴിഞ്ഞാൽ പിന്നീടയാൾ കാംക്ഷിക്കുന്നതെന്തായിരിക്കും? തീച്ചയായും ഏതെങ്കിലും സംഗതിയാൽ താൻ നിയമശാസനത്തിനു വിധേയനാകുമ്പോൾ മററുള്ളവർക്കു ബാധകമായ ശാസനകൾ തന്നെയും ബാധിക്കാവൂ എന്നതായിരിക്കും. തൻെറ അയൽപക്കക്കാരൻ ഏതെങ്കിലും മോഷണക്കുററം ചെയ്താൽ അയാൾക്കു വെറും പ്രായശ്ചിത്തശിക്ഷയും തനിക്കു് അതേകുററത്തിനു കഠിനതടവുശിക്ഷയും ആണു് നിയമം കല്പിക്കുന്നതെങ്കിൽ തീർച്ചയായും ആ ശിക്ഷാരീതി അയാൾക്കു തൃപ്തികരമായിരിക്കുകയില്ല. ഈമാതിരി വ്യക്തിവിവേചനംകാണിക്കുന്നതിൽനിന്നും രക്ഷനൽകുവാൻവേണ്ടി "നിയമത്തിൻെറ മുമ്പിൽ തുല്യനില, നിയമത്തിൻെറ തുല്യസംരക്ഷണം" എന്നീ തത്വങ്ങൾ എല്ലാ ജനാധിപത്യരാജ്യങ്ങളിലും അടിസ്ഥാനതത്വമായി സ്വീകരിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ടു്. ഓരോ മനുഷ്യനും തൻെറ ജീവനെസംബന്ധിച്ചും സ്വത്തിനെ സംബന്ധിച്ചും ഉള്ള കാര്യങ്ങളിൽ കോടതിമുമ്പാകെ സമത്വനിലയും തുല്യസംരക്ഷണവും ലഭിക്കണമെന്നുള്ള ആഗ്രഹം സഹജമാണു്. ആയതു് മനുഷ്യൻെറ സഹജാഭിലാഷങ്ങളിലൊന്നും, തന്മൂലം ആ അഭിലാഷസിദ്ധി വ്യക്തിയുടെ പ്രത്യേക മൗലികാവകാശങ്ങളിലൊന്നുമായി പ്രജായത്തഭരണഘട

നകളിൽ അംഗീകരിക്കപ്പെട്ടും കാണുന്നുണ്ട്. ഉദാഹരണമായി അമേരിക്കൻ ഐക്യനാട്ടരണഘടനയിൽ 18-ാംവകുപ്പിൽ വ്യക്തികൾക്ക് അവരുടെ ജീവനും സമ്പത്തിനും സംരക്ഷണം നൽകുന്നതോടൊപ്പംതന്നെ നിയമത്തിന്റെ തുല്യസംരക്ഷണവും പ്രദാനംചെയ്യുന്നുണ്ട്. ഈ വകുപ്പിനെ ആധാരമാക്കിത്തന്നെയാണ് നമ്മുടെ ഭരണഘടനയിൽ 21-ം 31-ം വകുപ്പുകളും ഇപ്പോൾ പറയാൻപോകുന്ന 14-ാംവകുപ്പും ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇന്ത്യൻ ഭരണഘടന 14-ാംവകുപ്പിൽ ഇപ്രകാരം അനുശാസിക്കുന്നു:-"ഇന്ത്യനതിർത്തിക്കുള്ളിൽ സ്റ്റേററ് യാതൊരുവനും നിയമദൃഷ്ട്യാ തുല്യനിലയും നിയമത്തിന്റെ തുല്യസംരക്ഷണവും നിരാകരിക്കുവാൻ പാട്ടുള്ളതല്ല" അതായത് നിയമദൃഷ്ട്യാ തുല്യനിലയും നിയമത്തിന്റെ തുല്യസംരക്ഷണവും ഇന്ത്യയിലുള്ള ഏതൊരുവ്യക്തിയ്ക്കും മൌലികാവകാശമായി അവകാശപ്പെടാവുന്നതാകുന്നു. ആയതു് വെറും നിർദ്ദേശികാതത്വമല്ല. പ്രത്യുത കോടതിമുമ്പാകെ ഉന്നയിച്ചു ലഭിക്കത്തക്ക അവകാശങ്ങളാണ്. ഭരണഘടനയിൽ മൂന്നാം വിഭാഗത്തിൽ 12 മുതൽ 35 വരെ വകുപ്പുകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നവയാണു ടി മൌലികാവകാശങ്ങൾ. ഈവക അവകാശങ്ങൾക്കു വിപരീതമായ ഏതൊരുനിയമവും അസാധുവായിരിക്കുമെന്ന് ഭരണഘടനയിലെ 13-ാംവകുപ്പനുശാസിക്കുന്നു. തന്മൂലം ഭരണഘടന 14 മുതൽ 35 വരെയുള്ള വകുപ്പുകളിലടങ്ങിയിരിക്കുന്ന അവകാശങ്ങൾക്കു വിപരീതമായ ഏതൊരു നിയമവും അസാധുവെന്നു പ്രഖ്യാപിക്കാനുള്ള അധികാരം ഇന്ത്യയിലെ നീതിന്യായക്കോടതികൾക്ക്, പ്രത്യേകിച്ച് ഹൈക്കോടതികൾക്കും പരമാധികാരക്കോടതിയായ സുപ്രീംകോടതിക്കും ഉണ്ട്. വ്യക്തിയുടെ മൌലികാവകാശസംരക്ഷണത്തിനായി 'ഹേബിയസ് കോർപ്പസ്' 'മെൻഡാമസ്', 'പ്രോഹിബിഷൻ', 'കോവാറൻേറാ', 'സെർഷിയോർറി' മുതലായ 'റിട്ടു'കളും മററത്യാവശ്യമായ ഉത്തരവുകളും പുറപ്പെടുവിക്കുന്നതിന് ഭരണഘടന 32-ാംവകുപ്പ് സുപ്രീംകോടതിയെ പ്രത്യേകം അധികാരപ്പെടുത്തുന്നു. ഈവക റിട്ടുകൾക്കുപുറമേ അത്യാവശ്യമായ മററുത്തരവുകളും പുറപ്പെടുവിക്കുന്നതിന് സംസ്ഥാനഹൈക്കോടതികൾക്ക് ഭരണഘടന 226-ാം വകുപ്പനുസരിച്ചും വേണ്ട അധികാരമുണ്ട്.

## പൌരന്മാർക്കുമാത്രം അവകാശപ്പെടാവുന്ന മൌലികാവകാശങ്ങൾ

ഭരണഘടനാനിയമം 15, 16, 19, 29, 30 എന്നീ വകുപ്പുകളിലടങ്ങിയിരിക്കുന്ന അവകാശങ്ങൾ ഇന്ത്യൻ റിപ്പബ്ളിക്കിലെ പൌരന്മാർക്കുമാത്രം അവകാശപ്പെടാവുന്നവയാണ്. അവ താഴെ പറയുന്നവയാകുന്നു.

15(1) മതം, വർഗ്ഗം, ജാതി, സ്ത്രീപുരുഷവ്യത്യാസം, ജനനസ്ഥലം എന്നിവകളെമാത്രം അടിസ്ഥാനപ്പെടുത്തിയോ അഥവാ അതിലേതെങ്കിലുമൊന്നിനെമാത്രം അടിസ്ഥാനമാക്കിയോ സ്റ്റേയിററ് ഇന്ത്യയിലെ ഏതെങ്കിലും പൌരനെതിരായി യാതൊരുവിധമായ വിവേചനവും ചെയ്യുവാൻ പാടില്ല.

(2) ഇവകളെ ആസ്പദമാക്കിത്തന്നെ യാതൊരു പൌരനും കച്ചവടസ്ഥലങ്ങൾ, കാപ്പിക്കടകൾ, ഹോട്ടലുകൾ, സിനിമാശാലകൾ, നാടകശാലകൾ എന്നിവകളിൽ പ്രവേശനം നിരോധിക്കപ്പെട്ടുകൂടാ. അതുപോലെതന്നെ കിണറുകൾ, കുളങ്ങൾ കുളിസ്ഥലങ്ങൾ, റോഡുകൾ, പാർക്കുകൾ മുതലായി പൊതുമുതലുകളാൽ പൊതുജനങ്ങൾക്കുവേണ്ടി പരിരക്ഷിക്കപ്പെട്ടുവരുന്ന സ്ഥലങ്ങളിലും മുൻപറഞ്ഞ കാരണങ്ങളെമാത്രം ആസ്പദമാക്കി യാതൊരു പൌരനും ആവക സ്ഥലങ്ങളുടെ ഉപയോഗം നിരസിക്കപ്പെട്ടുകൂടാ.

എന്നാൽ സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും പ്രത്യേകം താല്പര്യപരിരക്ഷണത്തിനായി, വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിന് സ്റ്റേയിററിനു പൂർണ്ണാധികാരമുണ്ട്. ആ കർത്തവ്യകർമ്മനിർവ്വഹണത്തിനു മുൻപറഞ്ഞ വകുപ്പുകളിലെ വ്യവസ്ഥകൾ യാതൊരുവിധത്തിലും ബാധകമായിരിക്കുന്നതല്ല.

16. സ്റ്റേയിററ് പബ്ളിക്ക്സർവീസിൽ നിയമിക്കപ്പെടുന്നതിന് എല്ലാ പൌരന്മാർക്കും അവസരസമത്വം ഉണ്ടായിരിക്കുന്നതാണ്.

സ്റ്റേയിററിന്റെ കീഴിലുള്ള ഉദ്യോഗങ്ങളിൽ നിയമിക്കപ്പെടുന്നതിന്, മതം, വർഗ്ഗം, ജാതി, സ്ത്രീപുരുഷഭേദം, ഗോത്രം, ജനനസ്ഥലം, താമസസ്ഥലം എന്നിവകളെയോ അവയിലേതെങ്കിലും ഒന്നിനെയോ ആസ്പദമാക്കി പൌരന്മാർക്കെതിരായി വിവേചനമോ അയോഗ്യതകല്പിക്കലോ യാതൊരു സ്റ്റേയിററും ചെയ്യുവാൻ പാടില്ല.

എന്നാൽ, കേന്ദ്രഗവമ്മെൻറിന്റെയോ സംസ്ഥാനഗവമ്മെൻറുകളുടെയോ മററു പ്രാദേശികസമിതികളുടെയോ കീഴിലുള്ള ചിലതരം ഉദ്യോഗങ്ങൾക്കു യോഗ്യതയായി അതാതുസ്ഥലങ്ങളിൽ ഇത്രകാലത്തെ താമസമുണ്ടായിരിക്കണമെന്നു ചില വ്യവസ്ഥകൾ പാർലിമെൻറിനു ചെയ്യാവുന്നതാണ്. അതുപോലെതന്നെ പബ്ളിക്ക്സർവീസിൽ വേണ്ട പ്രാതിനിദ്ധ്യം ലഭിച്ചിട്ടില്ലാത്ത പിന്നോക്കസമുദായക്കാർക്കു ഉദ്യോഗനിയമനങ്ങളിൽ വേണ്ടത്ര സംവരണങ്ങൾ ഏർപ്പെടുത്തുന്നതിന് അതാതു സ്റ്റേററധികാരികൾക്കു സ്വാതന്ത്ര്യമുണ്ടായിരിക്കും. മുൻപറഞ്ഞവയൊന്നുംതന്നെ മതസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അവകളിലുദ്യോഗം വഹിക്കേണ്ടവർ അതാതു മതസ്ഥരായിരിക്കണമെന്നു വ്യവസ്ഥചെയ്യുന്നതിനു ബാധകമല്ല.

അടുത്ത 17-ഠ 18-ഠ വകുപ്പുകൾ അയിത്താചാരം, വിദേശികളിൽനിന്നുള്ള ബഹുമതിസ്വീകരണം ഇവയെ നിരോധിക്കുന്നതാണ്.

ഇന്ത്യൻഭരണഘടന 19-ാമത്തു വകുപ്പിലാണ് ഇന്നു പരിഷ്കൃതലോകമാകെ സുപ്രസിദ്ധിയാർജ്ജിച്ചിട്ടുള്ളതും ഇന്ത്യൻപൗരന്മാർക്കുമാത്രം ഇന്ത്യനതിർത്തികളിൽ സംവരണം ചെയ്യപ്പെട്ടിട്ടുള്ളതുമായ സപ്തസ്വാതന്ത്ര്യങ്ങൾ അടങ്ങിയിരിക്കുന്നതു്. ആധുനികലോകത്തുള്ള ഏതു ജനായത്തരാജ്യങ്ങളിലും പൗരന്മാർക്കു അവശ്യം വേണ്ടതാണു ഈ ഏഴു സ്വാതന്ത്ര്യങ്ങൾ.

അവ—

1) അഭിപ്രായപ്രകടനസ്വാതന്ത്ര്യം
2) സമ്മേളനസ്വാതന്ത്ര്യം
3) സംഘടനാസ്വാതന്ത്ര്യം
4) സഞ്ചാരസ്വാതന്ത്ര്യം
5) ആവാസസ്വാതന്ത്ര്യം
6) സ്വത്തുസമ്പാദനസ്വാതന്ത്ര്യം
7) തൊഴിൽസ്വാതന്ത്ര്യം

ഓരോ പൗരന്റേയും ഈ സ്വാതന്ത്ര്യങ്ങൾ സാമൂഹ്യപൊതുക്ഷേമത്തെ ആസ്പദമാക്കിയുള്ള പരിമിതികളാൽ നിയന്ത്രിതമാണ്. ഓരോസ്വാതന്ത്ര്യവും പൊതുക്ഷേമത്തിനത്യന്താപേക്ഷിതവും ന്യായയുക്തവുമായ ചില നിയന്ത്രണങ്ങളാൽ പരിമിതമാക്കപ്പെട്ടിരിക്കുന്നു. ഉദാഹരണമായി 1951-ലെ ഒന്നാംഭേദഗതിനിയമപ്രകാരം 19-ാംവകുപ്പിന്റെ 2-ാംഉപവകുപ്പനുസരിച്ചു് വ്യക്തിയുടെ അഭിപ്രായപ്രകടനസ്വാതന്ത്ര്യം, (1) രാജ്യരക്ഷ, (2) വിദേശരാജ്യങ്ങളുമായുള്ള സൗഹാർദ്ദബന്ധം, (3) പൊതുസമാധാനം, (4) സഭ്യതയും സദാചാരവും, (5) കോർട്ടലക്ഷ്യം, (6) അപകീർത്തിനിയമം, (7) അക്രമകൃത്യപ്രേരണക്കുററം എന്നിവകൾക്കു വിധേയമാണ്. ഒരാൾ തന്റെ അഭിപ്രായപ്രകടനസ്വാതന്ത്ര്യം മറെറാരാളെ ഏതെങ്കിലും കുററം ചെയ്യുന്നതിനു് പ്രേരിപ്പിക്കുന്നതിലേയ്ക്കാണ് വിനിയോഗിക്കുന്നതെങ്കിൽ അയാൾ ശിക്ഷാർഹനാണ്. അതുപോലെതന്നെ ഒരാളുടെ അഭിപ്രായം മറെറാരാളെ അന്യായമായി അപകീർത്തിപ്പെടുത്തുന്നതിനാണ് വിനിയോഗിക്കുന്നതെങ്കിൽ ആദ്യം പറഞ്ഞയാൾ സാധാരണ നിലവിലിരിക്കുന്ന അപകീർത്തിനിയമത്തിലെ ശിക്ഷാവിധികൾക്കു് വിധേയനാകും. ഇതേപോലെ 19-ാംവകുപ്പിലെ സപ്തസ്വാതന്ത്ര്യങ്ങളും പൊതുനന്മയെ ആധാരമാക്കിയുള്ള നിയന്ത്രണങ്ങൾക്കു വിധേയമാണ്.

## സാംസ്കാരികവും വിദ്യാഭ്യാസപരവുമായ വകുപ്പുകൾ

29. (1) ഇന്ത്യൻ രാജ്യാതിർത്തിക്കുള്ളിലോ അതിലേതെങ്കിലും ഭാഗത്തോ താമസിക്കുന്നവരും പ്രത്യേകഭാഷയോ ലിപിയോ സംസ്കാരമോ ഉള്ളവരുമായ ഏതു സംഘം പൗരന്മാർക്കും താന്താങ്ങളുടെ പ്രത്യേകഭാഷയേയോ ലിപിയേയോ സംസ്കാരത്തേയോ പരിപാലിക്കാനുള്ള അവകാശമുണ്ടു്.

(2) സ്റ്റേററുവകയോ സ്റ്റേററുഫണ്ടിൽനിന്നു സഹായധനം ലഭിക്കുന്നവയോ ആയ വിദ്യാഭ്യാസസ്ഥാപനങ്ങളൊന്നുംതന്നെ ഇന്ത്യയിലെ യാതൊരു പൗരനും മതം, വർഗ്ഗം, ജാതി, ഭാഷ ഇവകളെ മാത്രമാധാരമാക്കി പ്രവേശനം നിരോധിക്കപ്പെട്ടുകൂടാ.

എന്നാൽ

30. (1) മതത്തേയോ, ഭാഷയേയോ അടിസ്ഥാനമാക്കിയുള്ള ന്യൂനപക്ഷങ്ങൾക്കു് അവരുടെ ഇഷ്ടമനുസരിച്ചുള്ള വിദ്യാലയങ്ങൾ സ്ഥാപിയ്ക്കാനും നടത്താനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) സ്റ്റേററ്, വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു് ഗ്രാൻറു നൽകുന്നതിൽ, ഏതെങ്കിലും വിദ്യാഭ്യാസസ്ഥാപനം മതത്തേയോ ഭാഷയേയോ ആസ്പദമാക്കിയുള്ള ഒരു ന്യൂനപക്ഷസംഘടനയുടെ മാനേജുമെൻറിലാണെന്നുള്ള കാരണത്താൽ ആയതിനെതിരായി യാതൊരുവിധമായ വിവേചനവും കാണിക്കുവാൻ പാടില്ല.

## ഇതരവകുപ്പുകൾ

ഭരണഘടനയിൽ മൗലികാവകാശങ്ങളുടെകൂട്ടത്തിൽപ്പെടുത്തിയിട്ടുള്ള മററു സംഗതികൾ താഴെപ്പറയുന്നവയാകുന്നു.

(1) ചൂഷണത്തിനും അടിമത്വത്തിനും എതിരായുള്ള 23-ഠ 24-ഠ വകുപ്പുകൾ—28-ാംവകുപ്പനുസരിച്ചു് 14 വയസ്സിനു താഴെയുള്ള യാതൊരു കുട്ടിയേയും ജീവാപായത്തിന്നിടയുള്ള ഫാക്ടറികളിലോ ഖനികളിലോ ജോലിയ്ക്കേർപ്പെടുത്തിക്കൂട.

(2) ആരാധനാസ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും തത്പരമായ നിയന്ത്രണങ്ങളും 25 മുതൽ 28 വരെയുള്ള വകുപ്പുകളിലടങ്ങിയിരിക്കുന്നു. 25-ാംവകുപ്പനുസരിച്ചു് പൊതുസമാധാനം, സദാചാരം, ആരോഗ്യം, ഇതുപോലെ ഭരണഘടനയിലെ മൗലികാവകാശവിഭാഗത്തിൽ പറയുന്ന ഇതരകാര്യങ്ങൾ എന്നിവയ്ക്കു് വിധേയമായി എല്ലാ ആളുകൾക്കും അന്തഃകരണസ്വാതന്ത്ര്യവും അവരവർക്കിഷ്ടമുള്ള മതം സ്വീകരിക്കുന്നതിനും ആചരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും സ്വാതന്ത്ര്യവുമുണ്ടു്.

26-ാം വകുപ്പനുസരിച്ചു് പൊതുസമാധാനത്തിനും സദാചാരത്തിനും ആരോഗ്യത്തിനും വിധേയമായി എല്ലാ മതവിഭാഗക്കാർക്കും മതസംഘടനകൾക്കും,

(a) മതകാര്യങ്ങൾക്കോ ധർമ്മകാര്യങ്ങൾക്കോ വേണ്ടി സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനും പരിപാലി

ക്കുന്നതിനും (b) അവയെ സ്വയം ഭരിക്കുന്നതിനും അവകാശമുണ്ടു്.

27. ഒരു പ്രത്യേകമതത്തേയോ മതവിഭാഗത്തേയോ സംരക്ഷിക്കുന്നതിനോ അഭിവൃദ്ധിപ്പെടുത്തുന്നതിനോവേണ്ടി പ്രത്യേകനികുതികൊടുക്കുന്നതിനു് ആരും നിർബ്ബന്ധിക്കപ്പെടുവാൻ പാടുള്ളതല്ല.

28 (1) പരിപൂർണ്ണമായി സ്റ്റെയിററുഫണ്ടുകൊണ്ടു് നടത്തപ്പെടുന്ന യാതൊരു വിദ്യാഭ്യാസസ്ഥാപനത്തിലും മതബോധനം പാടില്ല.

(2) എന്നാൽ, മുൻവകുപ്പിൽ (1) പറഞ്ഞിരിക്കുന്ന യാതൊന്നും മതബോധനം നൽകുന്നതിലേയ്ക്കായേപ്പെടുത്തപ്പെട്ടിട്ടുള്ള ട്രസ്ററുകളും, ധർമ്മസ്ഥാപനങ്ങളും സ്റ്റെയിററു് ആവക ഫണ്ടുകളാൽ നടത്തുന്നതിനു ബാധകമായിരിക്കുകയില്ല.

(3) സ്റ്റെയിററംഗീകരിച്ചിട്ടുള്ളതോ സ്റ്റെയിററുഫണ്ടിൽ നിന്നു സഹായധനം ലഭിക്കുന്നതോ ആയ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിർബ്ബന്ധിതമതബോധനയോ മതാരാധനയോ പാടില്ല. അന്യമതം പഠിക്കുന്നയാൾ മൈനറാണെങ്കിൽ ആ കുട്ടിയുടെ രക്ഷകർത്താവിന്റെ സമ്മതം സ്കൂളധികാരികൾ വാങ്ങിയിരിക്കണം.

## പ്രധാനപ്പെട്ട വിധികൾ

നമ്മുടെ ഭരണഘടനയിലെ പ്രധാനപ്പെട്ട മൗലികാവകാശങ്ങളുടെ സ്ഥൂലരൂപം മുൻഖണ്ഡികകളിൽ പ്രസ്താവിക്കപ്പെട്ടുകഴിഞ്ഞു. ഇനിയും അവയെ സംബന്ധിച്ചുള്ള ചില പ്രധാനവിധികളുടെ ചുരുക്കംകൂടിനല്കി ഈ ലേഖനം അവസാനിപ്പിക്കാം

**മതസ്വാതന്ത്ര്യം**—മതസ്വാതന്ത്ര്യത്തെപ്പററിയുള്ള ഏററവും പ്രധാനപ്പെട്ട വിധി സുപ്രീംകോടതിയിൽനിന്നും ശ്രീ: ലക്ഷ്മീന്ദ്രതീർത്ഥസ്വാമിയാരും മദ്രാസ് ഹിന്ദുമതസ്ഥാപനം ബോർഡധികാരികളും തമ്മിൽ നടന്ന കേസിൽ പ്രഖ്യാപിച്ച വിധിയാണു്. ടി കേസിൽ തിരുർ മഠാധിപതിയായ ശ്രീ: ലക്ഷ്മീന്ദ്രതീർത്ഥപാദസ്വാമിയാരുടെ ഭരണത്തിൽനിന്നും ദേവസ്വം ബോർഡധികാരികൾ ക്ഷേത്രഭരണം ബലാൽ ഏറെറടുത്തു് തങ്ങളുടെ നിയന്ത്രണത്തിലുള്ള ദേവസ്വം എക്സിക്യൂട്ടീവു് ഉദ്യോഗസ്ഥന്റെ നിയന്ത്രണത്തിലാക്കിയതു് 26 (a) വകുപ്പനുസരിച്ചു് മതസ്ഥാപനങ്ങൾ സ്ഥാപിച്ചു നടത്തുന്നതിനു് മഠാധിപതികൾക്കുള്ള മൗലികാവകാശത്തിന്റെ ലംഘനമാണെന്നായിരുന്നു, ബഹുമാനപ്പെട്ട സുപ്രീംകോർട്ടുജഡ്ജിമാരുടെ വിധി. ഈ കേസിൽ മതമെന്ന വാക്കിൽ ഓരോ മനുഷ്യന്റെയും വിശ്വാസത്തിനുപുറമേ തത്സംബന്ധമായ ആരാധനാക്രമങ്ങളും ഉൾപ്പെടുന്നുവെന്നാണു് ജഡ്ജിമാർ വിധിച്ചതു്. ക്ഷേത്രത്തിൽ പൂജാദികർമ്മങ്ങൾ നടത്തുവാനും നടത്തിയ്ക്കാനുമുള്ള അധികാരം മഠാധിപതിക്കാണുള്ളതു്. ആ അധികാരം ദേവസ്വംബോർഡധികാരികൾ സ്വാമിയാരിൽനിന്നും മദ്രാസ് നിയമസഭ പാസ്സാക്കിയ നിയമംമൂലമേന്നയെങ്കിലും പിടിച്ചുപറിച്ചതു് നിയമാനുസാരമല്ലെന്നാണു് വിധിസാരം

29. (2) വിദ്യാലയപ്രവേശനസമത്വം

ബോംബെ ഗവണ്മെൻറിൽനിന്നും ഹിന്ദിഭാഷാപോഷണത്തിനായി ബോംബെസംസ്ഥാനത്തു ഇംഗ്ലീഷുപഠിപ്പിക്കുന്ന വിദ്യാലയങ്ങളിൽ ഇംഗ്ലീഷു് മാതൃഭാഷയല്ലാത്തവരുടെ സന്താനങ്ങളെ പ്രവേശിപ്പിക്കരുതെന്നു് ഒരു കല്പന പുറപ്പെടുവിച്ചു. ഇതിന്റെ ഫലം യൂറോപ്യന്മാരുടേയും മററു് ആംഗ്ലോഇന്ത്യാക്കാരുടേയും സന്താനങ്ങൾക്കുമാത്രമേ ആ പരിപൂർണ്ണഇംഗ്ലീഷ്സ്കൂളുകളിൽ പ്രവേശനം ലഭിക്കയുള്ളൂ എന്ന സ്ഥിതി വന്നുചേർന്നു. ബോംബെയിൽ താമസമുള്ള നാട്ടുകാർക്കു്, പ്രത്യേകിച്ചു് മലയാളികൾക്കും മററും, ഇംഗ്ലീഷ്സ്കൂളുകളിൽ തങ്ങളുടെ കുട്ടികളെ ചേർക്കുന്നതിനു നിവൃത്തിയില്ലാതെയായി. അവർക്കു തങ്ങളുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കണമെങ്കിൽ ഹിന്ദി നിർബ്ബന്ധിതവിഷയമാക്കിയിട്ടുള്ള സ്കൂളുകളിൽ ചേർക്കണമെന്നുള്ള നിലയായി ഇത്തരണത്തിൽ ഒരു യൂറോപ്യൻ സ്കൂളധികാരികൾ (ബോംബെ എഡ്യൂക്കേഷൻ സൊസൈററി) ബോംബെ ഗവണ്മെൻറിന്റെ ഈ ഉത്തരവിനെതിരായി കേസുകൊടുക്കുകയും അവസാനം സുപ്രീംകോടതിയിൽനിന്നും ബോംബെഗവണ്മെൻറിന്റെ മേല്പടി ഉത്തരവിനെ ഭരണഘടന 29 (2) നു് എതിരാണെന്നുകണ്ടു് ദുർബ്ബലപ്പെടുത്തുകയുംചെയ്തു (State of Bombay V Bombay Education Society. 1954 S. C. 787.)

## മദ്രാസ് കമ്മ്യൂണൽ ജി. ഓ.

**ചെമ്പകം ദൊരരാജ്കേസ്, സി. ആർ. ശ്രീനിവാസൻകേസ്, ബി. വെങ്കട്ട്രാമൻകേസ്**

ഭരണഘടനയിലെ 15 (1), 29 (2), എന്നീ വകുപ്പുകളുടെ പ്രാധാന്യവും ശക്തിയും മുകളിൽ ചേർത്തിരിക്കുന്ന വിധികളിൽനിന്നും ഗവൺമെൻറധികാരികൾക്കു് വ്യക്തമായി. മദ്രാസ്ഗവണ്മെൻറു് സംസ്ഥാനത്തിലെ മെഡിക്കൽകാളേജുകളിലും,ഇഞ്ചിനിയറിങ്ങ്കാളേജിലും പ്രവേശനം നിയന്ത്രിച്ചുകൊണ്ടു് ഒരുത്തരവു പാസ്സാക്കി. അതിൽ വിദ്യാർത്ഥികളുടെ പ്രവേശനം; മുൻപരീക്ഷയിലവർക്കു കിട്ടിയ മാർക്കിനേയോ സ്ഥാനത്തേയോ ആസ്പദമാക്കിയല്ലായിരുന്നു. നേരേമറിച്ചു സമുദായപ്രാതിനിദ്ധ്യത്തെ ആസ്പദമാക്കിയായിരുന്നു. അബ്രാഹ്മണസമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കു് കൂടുതൽ പ്രോത്സാഹനവും പ്രവേശനവും ലഭിക്കണമെന്നുകരുതി മദ്രാസ്ഗവണ്മെൻറ് ബ്രാഹ്മണസമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കു കൂടുതൽ മാർക്കുണ്ടായിരുന്നാൽപ്പോലും ഇതരസമുദായത്തിൽപ്പെട്ട വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കു മുൻഗണനനൽകി ടി വിദ്യാലയങ്ങളിൽ പ്രവേശനം നൽകണമെന്നാജ്ഞാപിച്ചിരുന്നു. ഈ കമ്മ്യൂ

ണൽ ജി. ഓ. കാരണം മെഡിക്കൽകാളേജിൽ പ്രവേശനത്തിനപേക്ഷിക്കുവാൻപോലും നിവ്വാഹമില്ലായിരുന്നു. ചെമ്പകം ദൊരരാജ് എന്ന വിദ്യാൎത്ഥിനി മദ്രാസ് ഹൈക്കോടതിമുമ്പാകെ ഈ ഉത്തരവസ്ഥിരപ്പെടുത്തുവാൻ 226-ാംവകുപ്പനുസരിച്ചപേക്ഷിച്ചു. കോടതി ആ അപേക്ഷയനുവദിച്ച് മദ്രാസ്ഗവമ്മെൻറിൻെറ കമ്മ്യൂണൽ ജി ഓ. ഭരണഘടന 15(1), 29 (2)എന്നീവകുപ്പുകളിൽ അടങ്ങിയിരിക്കുന്ന മൗലികാവകാശങ്ങൾക്ക് വിപരീതമെന്നുകണ്ട് ദുർബ്ബലപ്പെടുത്തി ഈ വിധിയിന്മേൽ മദ്രാസ്ഗവണ്മെൻറ് സുപ്രീംകോടതി മുമ്പാകെ അപ്പീൽ ബോധിപ്പിച്ചു എന്നാൽ ഗവണ്മെൻറിൻെറ അപ്പീൽ തള്ളിക്കൊണ്ട് സുപ്രീംകോടതിയിൽനിന്നും മദ്രാസ്ഹൈക്കോടതിയുടെ വിധി ശരിവയ്ക്കുകയാണുണ്ടായത്. (State of Madras V Champakam Dorai Raj 1951 S. C. J. 313)

കുപ്രസിദ്ധമായിത്തീൎന്ന ഈ കമ്മ്യൂണൽ ജി. ഓ. മൂലം മദ്രാസ് എഞ്ചിനീയറിംഗ്കാളേജിൽ പ്രവേശനം ലഭിക്കാതിരുന്ന മറെറാരു ബ്രാഹ്മണവിദ്യാൎത്ഥിയായ സി. ആർ. ശ്രീനിവാസനും ഇതേകാരണത്താൽത്തന്നെ സുപ്രീംകോടതിവിധിമൂലം കാളേജിൽ പ്രവേശനം ലഭിക്കുന്നതിനു സംഗതിയായി (State of Madras V C. R. Sreenivasan. 1951 S. C. J 313)

ഈ സാമുദായികപ്രാതിനിദ്ധ്യം മദ്രാസ്ഗവണ്മെൻറ് മുൻസിഫുമാരുടെ തിരഞ്ഞെടുപ്പിലും സ്വീകരിച്ചിരുന്നു. അതിനെ അസാധുവാക്കുവാൻ ശ്രീ. ബി. വെങ്കട്ടരാമൻ എന്ന ബ്രാഹ്മണഅഭിഭാഷകൻ നൽകിയ അപേക്ഷയും സുപ്രീംകോടതിയിൽനിന്ന് അനുകൂലമായി വിധിക്കപ്പെട്ടു. (B. Venkata Raman V State of Madras S. C. J. ?18)

ഏതായാലും ഈ കേസുകളുടെ വിധിമൂലം മദ്രാസുസംസ്ഥാനത്തെ അബ്രാഹ്മണരുടേയും പിന്നോക്കസമുദായക്കാരുടേയും ഇടയിൽ വലുതായ അതൃപ്തിയും അസ്വാസ്ഥതയുമുണ്ടായി. പല തലമുറകളായി ഇന്ത്യയിൽ ഹിന്തുമതത്തിലെ വൎണ്ണാശ്രമധൎമ്മവിവേചനംമൂലം അസമത്വവും, അവശതയും, വിദ്യാഭ്യാസസൗകര്യം ലഭിക്കായ്മയും ഉണ്ടായിരുന്ന പിന്നോക്കസമുദായക്കാരായ വിദ്യാൎത്ഥികൾക്ക്—സവൎണ്ണരോടൊപ്പം മാൎക്കുകൾ വാങ്ങിക്കാൻ, പരിതഃസ്ഥിതികൾമൂലം കഴിവില്ലാതെപോയ ടി സമുദായങ്ങളിലെ സാധുവിദ്യാൎത്ഥികൾക്ക്—മെഡിക്കൽ, ഇഞ്ചിനിയറിങ്ങ് മുതലായ പ്രധാനവിദ്യാലയങ്ങളിൽ പ്രവേശനം ലഭിക്കാനുള്ളവഴി അടഞ്ഞതായിത്തോന്നി. ഈ പ്രശ്നത്തെ പരിഹരിക്കാൻ വന്ദ്യനായ നമ്മുടെ പ്രധാനമന്ത്രി ഉടൻതന്നെ പാർലിമെൻറിൽ 15-ാംവകുപ്പിനു കൂട്ടതലായൊരു ഭേദഗതി കൊണ്ടുവന്നു പാസ്സാക്കി. അതയതിപ്രകാരമായിരുന്നു: "15-ാംവകുപ്പിലോ 29 (2) ലോ ഉള്ള യാതൊന്നും തന്നെ സാമൂഹ്യസ്ഥിതിയിലും വിദ്യാഭ്യാസത്തിലും പിന്നോക്കംനില്ക്കുന്ന സമുദായങ്ങളിലും, പട്ടികജാതിക്കാരിലും, വർഗ്ഗക്കാരിലുംപെട്ട പൗരന്മാരുടെ ഉന്നമനത്തിനായി പ്രത്യേക ആനുകൂല്യവ്യവസ്ഥകളേർപ്പെടുത്തുന്നതിനു ബാധകമായിരിക്കുകയില്ല." ഈ ഭേദഗതിയെ 15 (3) ആയി ഭരണഘടനയിലുൾപ്പെടുത്തി.



കേരളമുഖ്യമന്ത്രി
ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്

## വ്യക്തിസ്വാതന്ത്ര്യം

ഇന്ത്യയിലൊരു വ്യക്തിയുടെ സ്വാതന്ത്ര്യപരിധി എത്രയെന്ന് നിർദ്ദേശംനൽകുന്നൊരു വിധിയാണ് സുപ്രീംകോടതിയിൽനിന്നും ശ്രീമാൻ എ. കെ ഗോപാലൻെറ കേസ്സിൽ നൽകപ്പെട്ടത്. ഈ കേസ്സിലെ വസ്തുതകളിപ്രകാരം സംഭവിക്കാം. 1950-ൽ ഇന്ത്യൻ പാർലമെൻറ് പൊതുരാജ്യരക്ഷയെക്കരുതി ഒരു നിരോധനത്തടങ്കൽനിയമം പാസ്സാക്കി. ആ ചട്ടമനുസരിച്ച് സ്റ്റേററധികാരികൾക്ക് രാജ്യരക്ഷയെക്കരുതി വ്യക്തികളെ പരസ്യവിചാരണകൂടാതെ തടങ്കലിൽവയ്ക്കുന്നതിനധികാരമുണ്ടായിരുന്നു. മദ്രാസ്ഗവമ്മെൻറ് ഈ അധികാരമുപയോഗിച്ച് ശ്രീ: എ. കെ. ഗോപാലനെ അറസ്ററുചെയ്തു തടവിലാക്കി. ഇപ്രകാരം തടങ്കലിൽ പാൎപ്പിക്കപ്പെട്ട എ. കെ. ഗോപാലൻ തൻെറ ബന്ധനം ഭരണഘടനാനിയമം 19-ം 21-ം വകുപ്പുകൾ നൽകുന്ന വ്യക്തിയുടെ മൗലികസ്വാതന്ത്ര്യാവകാശങ്ങൾക്കു വിരുദ്ധമാണെന്നും തന്നെ വിട്ടതൽചെയ്ത് ഉത്തരവുണ്ടാകണമെന്നും കാണിച്ച് 'ഹേബിയസ് കോർപ്പസ്' ഹർജി, സുപ്രീംകോടതിമുമ്പാകെ ഭരണഘടനാനിയമം 32-ാം വകുപ്പനുസരിച്ചു ബോധിപ്പിച്ചു. പാർലമെൻറു പാസ്സാക്കിയ ആ കരുതൽതടങ്കൽനിയമം പാടേ അസാധുവാണെന്നും അതനുസരിച്ച് പാടേ ദുർബലപ്പെടുത്തേണ്ടതും ആണെന്നായിരുന്നു ഹർജിക്കാരൻെറ വാദം. എന്നാൽ ഇന്നയിന്നപരിതഃസ്ഥിതികളിൽ ഒരാളെ തടങ്കലിൽവയ്ക്കാമെന്നുള്ള വ്യവസ്ഥകൾ ചെയ്യുന്നതിനുള്ള അധികാരം ഭരണഘടന പാർലമെൻറിനു നൽകിയിരിക്കുന്ന സ്ഥിതിക്ക് ആ അധികാരമുപയോഗിച്ച് പാർലമെൻറു

പാസ്സാക്കിയ നിയമത്തെ അസാധുവാക്കുവാൻ തങ്ങൾ തയ്യാറില്ലെന്നാണ് ഭൂരിപക്ഷം ജഡ്ജിമാർ വിധിച്ചത്. ഭരണഘടന 21-ാം ഖണ്ഡികയിൽ പറയുന്നത് "നിയമനടപടികളനുസരിച്ചല്ലാതെ യാതൊരുവന്റേയും ജീവനോ വ്യക്തിസ്വാതന്ത്ര്യത്തിനോ ഹാനിവരുത്തിക്കൂടാ" എന്നാകുന്നു. പരസ്യവിചാരണയോ കോടതിശിക്ഷയോ കൂടാതെയുള്ള ജയിൽബന്ധനം നിയമാനുസാരമുള്ള നടപടിയല്ലെന്നുള്ള ശ്രീ: ഗോപാലന്റെ വാദം ഭൂരിപക്ഷം ജഡ്ജിമാർ നിരാകരിച്ചു. അവരുടെ അഭിപ്രായത്തിൽ പാർലമെന്റു പാസ്സാക്കുന്ന ചട്ടങ്ങൾ സാമാന്യനീതിക്കു വിരുദ്ധമായിരുന്നാൽപ്പോലും ശരിയായ നിയമമായിരിക്കുമെന്നായിരുന്നു. തന്മൂലം പാർലമെന്റു പാസ്സാക്കിയ നിരോധനത്തടങ്കൽ ആക്ടിലെ ചട്ടങ്ങൾ ശരിയായവയാണെന്നും അതനുസരിച്ചുള്ള നടപടികൾ അസാധുവാക്കുവാൻ നിർവ്വാഹമില്ലെന്നുമായിരുന്നു കേസ്സിലെ അവസാനവിധി. നിശ്ചിതകാലാവധിക്കുശേഷം ശ്രീ: ഗോപാലൻ മോചിപ്പിക്കപ്പെട്ടു. ഇന്നു പാർലമെന്റിലെ ബഹുമാന്യനായ ഒരു പ്രതിപക്ഷാംഗമാണ് ശ്രീ: ഗോപാലൻ. ഇന്നും നിരോധനത്തടങ്കൽനിയമം നമ്മുടെ നാട്ടിൽ നിലവിലുണ്ട്. എന്നാലതനുസരിച്ച് ജയിലിലടയ്ക്കപ്പെട്ടിട്ടുള്ള ആളുകളുടെയെണ്ണം വളരെ തുച്ഛമാണ് എന്നാലും അടിയന്തിരസന്ദർഭങ്ങളിൽ രാജ്യരക്ഷയ്ക്കുവേണ്ടി ഉപയോഗിക്കുന്നതിലേയ്ക്കുമാത്രമാണ് ഈ ചട്ടം നിയമസംഹിതയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## നിയമത്തിന്റെമുമ്പിൽ തുല്യനില

നിയമത്തിന്റെമുമ്പിലേതൊരാൾക്കും സമത്വമുണ്ടായിരിക്കണമെന്നനുശാസിക്കുന്ന 14-ാംവകുപ്പിന്റെ പ്രൗഢിയേയും പ്രാബല്യത്തേയും പരിമിതിയേയും വിശദമാക്കുന്ന ചില കേസ്സുകളുടെ സംക്ഷിപ്തവിവരണത്തോടുകൂടി ഈ ലേഖനം സമാഹരിക്കാമെന്നുകരുതുന്നു.

### സ്റ്റെയിററ് ഓഫ് ബെങ്കാൾ അഭി അൻവർ ആലിസക്കാർ (1952 S. C. J. 55)

പശ്ചിമബങ്കാൾ ഗവമ്മെന്റ് ചിലതരം കുററക്കാരെ പ്രത്യേകരീതിയിൽ വേഗത്തിൽ ശിക്ഷയ്ക്കു പാത്രീഭൂതരാക്കുന്നതിനുവേണ്ടി ഒരു നിയമം, അതായത് ഒരു 'സ്പെഷ്യൽ കോർട്ട്സ് ഓഡിനൻസ്' പാസ്സാക്കി. ഈ നിയമത്തിലെ വ്യവസ്ഥകൾ സാധാരണ ക്രിമിനൽ നടപടിനിയമത്തിലെ വ്യവസ്ഥകളിൽനിന്നും വിഭിന്നമായിരുന്നു. ഏതെങ്കിലും കുററംചെയ്തു എന്ന ചാർജ്ജിനു വിധേയനാകുന്ന ഒരു പ്രതി സാധാരണ ക്രിമിനൽനടപടിനിയമപ്രകാരം ഒരു മജിസ്ട്രേട്ടിന്റെമുമ്പാകെ വിസ്തരിക്കപ്പെടണം. മജിസ്ട്രേട്ട് പ്രതിയെ കുററംചെയ്തു എന്ന് പ്രത്യക്ഷത്തിൽകണ്ട്, 'കമ്മിററ്'ചെയ്താൽമാത്രമേ, സെഷൻസ്‌കോടതി മുതലായ മേൽത്തരം ക്രിമിനൽകോടതികളുടെ മുമ്പാകെ അയാൾ ഗംഭീരമായ വിശദവിസ്താരത്തിനു വിധേയനാകേണ്ടു. എന്നാൽ ബങ്കാൾഗവമ്മെന്റ് പാസ്സാക്കിയ ഈ നിയമമനുസരിച്ച് മജിസ്ട്രേട്ടിന്റെമുമ്പാകെയുള്ള ഈ പ്രാഥമികവിചാരണകൂടാതെ ഗവമ്മെന്റിനിഷ്ടമുള്ള കേസ്സുകളിലെ പ്രതികളെ ഗവമ്മെന്റു സൃഷ്ടിക്കുന്ന പ്രത്യേകകോടതിമുമ്പാകെ വിസ്തരിക്കാമായിരുന്നു. സെഷ്യൽ കോർട്ട് ഓഡിനൻസിലെ ഈ അഞ്ചാംവകുപ്പ് ഗവമ്മെന്റ് എക്സിക്യൂട്ടീവ് അധികാരികളിൽ അനിയന്ത്രിതമായ അധികാരവും അവർക്കു തോന്ന്യാസംപ്രവത്തിക്കുന്നതിനുള്ള സൗകര്യവും കൊടുത്തു എന്ന കാരണത്താൽ സുപ്രീംകോടതിയിൽനിന്നും അൻവറാലിസക്കാരിന്റെ കേസ്സിൽ അസാധുവാക്കി. സക്കാരിനെ മുൻപറഞ്ഞ നിയമമനുസരിച്ച്, മജിസ്ട്രേട്ടിന്റെ മുമ്പാകെയുള്ള വിചാരണകൂടാതെ ശിക്ഷിക്കപ്പെടുകയാണുണ്ടായത്. ഇന്ത്യയിലുള്ള ഏതു വ്യക്തിക്കും കോടതികൾമുമ്പാകെ തുല്യനിലയും തുല്യസൗകര്യവും ഉണ്ടായിരിക്കണമെന്നുള്ള 14-ാം ഖണ്ഡികയിലെ തത്വത്തിനു വിപരീതമായിട്ടാണ് സക്കാരിനെ ശിക്ഷിക്കുന്നതിനു സംഗതിയായത്. മററു പ്രതികൾക്കു ഒരു മജിസ്ട്രേട്ടിന്റെമുമ്പാകെ ലഭിക്കുമായിരുന്ന ന്യായം സക്കാരിനു നിരാകരിക്കപ്പെടുകയാണു ചെയ്തത്. അതിനു കാരണമായ സ്പെഷ്യൽ കോർട്ട് ഓർഡിനൻസ് അഞ്ചാംവകുപ്പ് അസാധുവാണെന്നു സുപ്രീംകോടതി അസന്ദിഗ്ദ്ധമായ ഭാഷയിൽ പ്രഖ്യാപിച്ചു.

### കെ.ആർ.റാവെററ് അഭി. സൗരാഷ്ട്രസംസ്ഥാനം

(K. R. Rawat V State of Sowrashtra.
52 S. C. J. 168.)

സൗരാഷ്ട്രസംസ്ഥാനാധികൃതർ രാജ്യത്തരാജകത്വം തടയുവാനും രാജ്യരക്ഷ ഭദ്രമാക്കുവാനും നിയമസമാധാനം പരിപാലിക്കാനുമായി ഒരു പുതിയ 'രാജ്യരക്ഷാനിയമം' പാസ്സാക്കി. ഈ നിയമം 11-ാംവകുപ്പനുസരിച്ച് ചിലതരം കുററങ്ങളുൾപ്പെട്ട കേസുകളെ പ്രത്യേകകോടതികൾമുമ്പാകെ വിസ്തരിക്കപ്പെടണമെന്നുത്തരവിടുവാൻ ഗവമ്മെന്റിനധികാരമുണ്ട്. രാജ്യരക്ഷാനിയമമനുസരിച്ചുള്ള കുററത്തിനു വിധേയനായി പ്രത്യേകകോടതിമുമ്പാകെയുള്ള വിസ്താരത്തിനുശേഷം ശിക്ഷിക്കപ്പെട്ട കെ. ആർ. റാവെററ് എന്ന പ്രതി സൗരാഷ്ട്ര സംസ്ഥാനരാജ്യരക്ഷാനിയമത്തിലെ 11-ാംവകുപ്പ് ഭരണഘടനാനിയമം 14-ാം ഖണ്ഡികയിലടങ്ങിയിട്ടുള്ള 'നിയമദൃഷ്ട്യായുള്ള തുല്യനില' എന്ന മൗലികാവകാശത്തിനെതിരാണെന്നു വാദിച്ചു. എന്നാൽ പ്രതിയുടെ ഈ തക്കത്തെ സുപ്രീംകോടതിജഡ്ജിമാർ സ്വീകരിച്ചില്ല. അവരതിനു കാരണം പറഞ്ഞത്, രാജ്യരക്ഷയെക്കരുതി സംസ്ഥാനത്തിലെ ചില പ്രദേശങ്ങളിൽ സമാധാനസംസ്ഥാപനാത്ഥം പ്രത്യേകകോടതികൾ സ്ഥാപിക്കുന്നതിനും കുററക്കാരുടെമേൽ പ്രത്യേകനടപടികൾ തുടരുന്നതിനും ഗവണ്മെന്റിനധികാരം നല്കേണ്ടത് അത്യന്താപേക്ഷിതമാകുന്നു എന്നാണ്. ഈ തത്വത്തെ അംഗീകരിച്ചുകൊണ്ടുതന്നെ സുപ്രീംകോട



എൻ. എസ്. എസ്. ഹൈസ്കൂൾ കവിയൂർ

തിയിൽനിന്നും കെ. എൻ. ബെജോറിയ എന്ന വ്യക്തിയും പശ്ചിമബംഗാൾ സംസ്ഥാനാധികൃതരും തമ്മിൽ നടന്ന കേസ്സിലും, ബങ്കാൾ ക്രിമിനൽ ലാ ഭേദഗതിനിയമം 4-ാംവകുപ്പു് അനുസരിച്ച സ്പെഷ്യൽ കോടതിമുമ്പാകെ വിസ്തരിക്കപ്പെട്ടു് ശിക്ഷിതനായ പ്രതിയുടെ അപ്പീൽ തള്ളുകയുണ്ടായി. (K N Bejoria V State of W. Bengal. 1953 S. C J 580.)

### ചിരഞ്ജിത്ത്ലാൽ അഭി. ഇന്ത്യൻ യൂണിയൻ

(Chiranjith Lal Vs Union of India. A. I. R. 1951. S. C. J. 41.)

ഈ കേസ്സിൽ കമ്പനിഡയറക്ടർമാരുടെ ദുർഭരണംമൂലം പൂട്ടിയിടേണ്ടിവന്ന 'ഷോലാപ്പൂർ സ്പിന്നിങ്ങ് ആൻഡ് വീവിങ്ങ്മില്ലി'നെ ഒരു പ്രത്യേക അടിയന്തിരനിയമംമൂലം ഗവമ്മെൻറു് കൈവശപ്പെടുത്തിയതു് 14-ാംവകുപ്പനുസരിച്ചുള്ള കമ്പനിയുടെ മൗലികാവകാശത്തിനു വിപരീതമാണെന്നു് കമ്പനിയിലെ ഒരു ഓഹരിക്കാരനായ ചിരഞ്ജിത്ത്ലാൽ വാദിച്ചു. എന്നാൽ ആ വാദത്തെ സുപ്രീംകോടതിയിൽനിന്നും തിരസ്കരിച്ചു് അയാളുടെ അപേക്ഷ തള്ളി. ചില പ്രത്യേകപരിതഃസ്ഥിതികൾ രാജ്യത്തു് അത്യാവശ്യസാധനങ്ങളുടെ നിർമ്മാണം പുലർത്തുന്നതിനും തൊഴിലില്ലായ്മയ്ക്കു പരിഹാരം നൽകുന്നതിനും പൊതുവേ സമാധാനം പുലർത്തുന്നതിനും ഈമാതിരിയുള്ള അടിയന്തിരനിയമങ്ങൾ പാസ്സാക്കി രാജ്യത്തെ രക്ഷിക്കേണ്ടതു ഭരണാധികാരികളുടെ കടമയാണെന്നും ആയതു് ഭരണഘടനാനിയമം 14-ാംവകുപ്പിനു വിപരീതമാകയില്ലെന്നുമാണു് സുപ്രീംകോടതിയുടെ വിധിസാരം.

പൊതുവേ നോക്കുന്നപക്ഷം വ്യക്തിയുടെ സ്വാതന്ത്ര്യവും അവകാശങ്ങളും ഒരു വശത്തും ഗവമ്മെൻറധികാരികളുടെ അധികാരാവകാശങ്ങൾ മറുവശത്തുമായി നടന്നതും നടക്കുന്നതുമായ ഈ പോരാട്ടങ്ങളിൽ സമാധാനം പാലിക്കുന്നതിനു് നമ്മുടെ ഭരണഘടനാനിയമവകുപ്പുകളും അതിനെ ആസ്പദമാക്കിയുള്ള അധിശക്കോടതിവിധികളും സാരമായി വിജയിച്ചിട്ടുണ്ടെന്നു നിഷ്പക്ഷബുദ്ധികൾ സമ്മതിക്കാതിരിക്കുകയില്ല. ജനായത്തഭരണരീതി നിലവിലുള്ള ഏതു രാജ്യത്തെ ജനങ്ങൾക്കും സംതൃപ്തിയും സമാധാനവും പുരോഗമനവും നൽകുന്നതിനു പര്യാപ്തമായ ഒരു ഭരണഘടനയാണിന്ത്യയിൽ നിലവിലുള്ളതെന്നു ഏതൊരു പൗരനും അഭിമാനിക്കാം. രാഷ്ട്രത്തിന്റെ പൊതുനന്മയെ പരമലക്ഷ്യമാക്കി ഓരോ വ്യക്തിയും പെരുമാറുകയും മററുള്ളവരോടു് സഹകരിക്കുകയും ചെയ്യുമെങ്കിൽ നമ്മുടെ ഭരണഘടന വിഭാവനംചെയ്യുന്ന ക്ഷേമരാഷ്ട്രം തീർച്ചയായും അടുത്തുതന്നെ നമുക്കനുഭവവേദ്യമാകുമെന്നുള്ളതിനു സംശയമില്ല.

ജയ്ഹിന്ദ്.

# കേരളത്തിലെ കർമ്മയോഗി- മന്നത്തു പത്മനാഭൻ

— ശൂരനാട്ടു് കുഞ്ഞൻപിള്ള —

മഹാന്മാർ സ്വയം മാതൃകസൃഷ്ടിക്കുന്നവരാണു്. അവരുടെ ജീവിതം മററുള്ളവർക്കു് പ്രമാണമായി ഭവിക്കുന്നു. ഈ തത്വം സമ്പൂർണ്ണമായി പ്രകാശിപ്പിക്കുന്ന ഒരു മഹാവ്യക്തി ഇന്നു കേരളത്തിൽ ജീവിച്ചിരിപ്പുണ്ടു്. എന്റെ എന്നപോലെ കേരളീയരായ ബഹുസഹസ്രം ജനങ്ങളുടെ ബഹുമാനത്തിനും ആദരവിനും പാത്രമായ കർമ്മസിദ്ധൻ; മഹാവൃദ്ധൻ എങ്കിലും യൗവനോന്മേഷശാലി; ജനസേവാവ്യഗ്രനും ത്യാഗധനനുമായ മന്നത്തു പത്മനാഭൻ. ഉയർന്ന കുടുംബത്തിലുള്ള ജനനമല്ല, ഉന്നതമായ വിദ്യാധനമല്ല, ബന്ധുബലമല്ല, സന്ദർഭസൗകര്യങ്ങൾപോലുമല്ല അദ്ദേഹത്തെ ഇത്രമാത്രം അസാധാരണനാക്കിയതു്. സാധാരണന്മാരിൽ സാധാരണൻ ആയതാണു് അദ്ദേഹത്തിന്റെ അസാധാരണതയ്ക്കു കാരണം. സാധാരണന്മാരിൽപ്പെട്ടവനാണു് താൻ, സാധാരണക്കാരന്റേതാണു് ലോകം, സാധാരണക്കാരനെയാണു് എന്നാൽ സാധാരണക്കാർ ശ്രദ്ധിക്കാത്തതു്, എന്നെല്ലാം ധരിച്ചതാണു് മന്നത്തിന്റെ വിജയത്തിനു മൂലം. ഈ വസ്തുത ഇത്രകണ്ടു മനസ്സിലാക്കിയ വേറൊരു കേരളീയനെപ്പററി നമുക്കു് ഓർമ്മിക്കാൻ പ്രയാസമാണു്. തന്റെ ചുററുപാടുകൾ എന്തെന്നു മനസ്സിലാക്കി അവയ്ക്കനുസരിച്ചു ജീവിച്ചു്, പ്രയത്നത്തിൽനിന്നു വിജയത്തിലേക്കും പ്രയാസത്തിൽക്കൂടി പ്രഭാവത്തിലേക്കും മുന്നേറിയതും മുന്നേറുന്നതുമായ ഒരു മഹാജീവിതത്തിന്റെ രേഖയാണു് അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ പ്രത്യക്ഷമാകുന്നതു് മഹാന്മാരായ രാജാക്കന്മാരും, മേധാശാലികളായ കവികളും, തത്വജ്ഞന്മാരും, സമർത്ഥന്മാരായ ഭരണാധിപന്മാരും, പ്രശസ്തന്മാരായ കലാകാരന്മാരും, ത്യാഗസമ്പന്നന്മാരായ സംന്യാസിമാരും നമ്മുടെ നാട്ടിൽ വളരെപ്പേർ ഉണ്ടായിട്ടുണ്ടു്. എന്നാൽ മന്നത്തെപ്പോലെ കർമ്മസിദ്ധന്മാരായ ആളുകൾ ചുരുക്കമാണു് നമ്മുടെ നാട്ടിൽ. അദ്ദേഹത്തിന്റെ ജീവിതം പ്രവൃത്തിക്കുവേണ്ടി ഉഴിഞ്ഞുവച്ചതാണു്. ആ പ്രവൃത്തി സ്വന്തം കാര്യത്തിനുവേണ്ടിയല്ല. സാധാരണക്കാരന്റെ ഉന്നമനത്തെ ലക്ഷ്യമാക്കിയുള്ളതാണു് അദ്ദേഹത്തിന്റെ കർമ്മപരിപാടി. ആ ലക്ഷ്യത്തിൽ ഉറപ്പോടേനിന്നു് അക്ഷീണയത്നംചെയ്തതിന്റെ നേട്ടങ്ങളാണു് അദ്ദേഹത്തിന്റെ ജീവിതത്തെ സഫലോജ്ജ്വലമാക്കിയതു്.

വസ്തുസ്ഥിതി സൂക്ഷ്മമായി മനസ്സിലാക്കാനും അതനുസരിച്ചു് കർമ്മപരിപാടി കരുപ്പിടിപ്പിക്കാനും അദ്ദേഹത്തെപ്പോലെ കഴിവുള്ളവർ ചുരുങ്ങും. ജനനംകൊണ്ടു് നായർസമുദായത്തിലെ ഒരംഗമാണു് അദ്ദേഹം പലതരത്തിലും പ്രശസ്തിനേടിയിട്ടുള്ളതാണു് നായർസമുദായം. ചരിത്രവും പാരമ്പര്യവും വിദ്യാസമ്പത്തും പലതും ഉയർത്തിക്കാണിക്കാനുണ്ടു് ആ സമുദായത്തിനു്. ഈ വസ്തുതകളെപ്പററി വേണ്ടുവോളം അഭിമാനമുള്ളവരാണു് അവർ. എങ്കിലും കാലംവരുത്തിയ പോരായ്മകളെപ്പററി നായന്മാർക്കു് തീരെ അറിവില്ലാതെപോയി. അവരുടെ വലിപ്പമെല്ലാംനഷ്ടപ്പെട്ടു്, പോരായ്മകളെല്ലാം തെളിഞ്ഞുവന്നു്, നാശത്തിലേയ്ക്കു അവർ നീങ്ങിക്കൊണ്ടിരുന്ന ഘട്ടത്തിലാണു മന്നത്തിന്റെ രംഗപ്രവേശം. അദ്ദേഹത്തെക്കാൾ പ്രാപ്തന്മാരെന്നുവച്ചിരുന്നവരും, അഭിമാനിച്ചിരുന്നവരും, ആരും ആ സമുദായത്തെ ബാധിച്ചിരുന്ന വൈകല്യങ്ങൾ അദ്ദേഹത്തെപ്പോലെമനസ്സിലാക്കിയില്ല. നായന്മാർക്കു് സ്വന്തംസമുദായത്തോടും, കേരളത്തിലെ മററു സമുദായങ്ങളോടും അനേകം കടപ്പാടുകൾ ചെയ്തുതീർക്കാനുണ്ടെന്നു് അദ്ദേഹം മനസ്സിലാക്കി. സ്വന്തം രക്ഷയ്ക്കു നീന്തുമ്പോൾത്തന്നെ മററുപലരേയും ചുമന്നുകൊണ്ടു നീന്തണം എന്ന സ്ഥിതിയാണു പ്രത്യക്ഷമായതു്. എന്നാൽ നായന്മാരുടെനിലയോ? ദുരഭിമാനംകൊണ്ടു പണ്ടുള്ളവരുടെ തേട്ടം വിററുണ്ടു ചെലവുകഴിക്കേണ്ടിവന്നു. സ്വസ്ഥം എന്നുപറയുന്നതു് ആഭിജാത്യത്തിനു പര്യായമായിക്കരുതി അലസജീവിതം നയിക്കുന്നതു് അന്തസ്സായിത്തീർന്നു. പാഴ്ച്ചെലവുകൾക്കും അടിയന്തിരങ്ങൾക്കും ദുർവ്യവഹാരങ്ങൾക്കുംവേണ്ടി കുടുംബസ്വത്തു് അന്യാധീനമാക്കുക സാധാരണമായി. ചേരിതിരിവുകളും കുടിപ്പകകളുംകൊണ്ടു സമുദായശക്തി നശിപ്പിച്ചു ഈ സ്ഥിതിയിൽക്കഴിഞ്ഞ നായന്മാരെയാണു് യഥാർത്ഥമായ കർമ്മപദ്ധതിയിലേക്കു വിളിച്ചിറക്കേണ്ടിവന്നതു്. ആരും വിളിച്ചാൽ പുറകേചെല്ലുന്നവരല്ല ഇക്കൂട്ടർ. നായകത്വംനടിച്ചു സംഘടിതജീവിതത്തെ വെല്ലുവിളിക്കുന്നതാണു് ഇക്കൂട്ടരുടെ ശീലം. അതിനാൽ നായന്മാരെ സംഘടിപ്പിക്കാനും, ആലസ്യത്തിൽനിന്നു് അവരെ ഉണർത്താനും, കർത്തവ്യങ്ങളിലേക്കു് അവരെപ്രേരിപ്പിക്കാനും എത്രമാത്രം പ്രയാസംവേണ്ടിവരും എന്നു് ഊഹിക്കാവുന്നതാണു്. പൊതുവായ ജീവിതത്തിനു് ഇണങ്ങുന്നതരത്തിലുള്ളതല്ല നമ്മുടെനാട്ടിൽ അധികം പേരുടേയും മനോഗതി. പൊതുക്കാര്യം കാര്യമായി കരുതുന്നവരുമല്ല അധികംപേരും. തൻകാര്യം കാണുന്നവരാണു് സാധാരണക്കാരുടെ ദൃഷ്ടിയിൽ മാന്യന്മാർ. പിന്നെ എങ്ങനെയാണു് അഴിഞ്ഞുകുഴഞ്ഞുകിടക്കുന്ന

സമുദായജീവിതത്തെ സംഘടിപ്പിക്കുന്നതും, നിർദ്ദിഷ്ടമായ ലക്ഷ്യത്തിലേക്കു അതിനെ നയിക്കുന്നതും? പ്രയാസമേറിയ ഈ കൃത്യങ്ങൾതന്നെയാണ് മന്നം കണ്ടറിഞ്ഞു കൈക്കൊണ്ടതും പ്രയത്നംകൊണ്ടു നിർവ്വഹിച്ചതും.

തനിക്കു സഹായത്തിന് ഉത്സാഹശക്തിയല്ലാതെ പിന്നെ എന്തെങ്കിലും ഉണ്ടായിരുന്നോ എന്നു ചോദിച്ചാൽ, ഒന്നുകൂടി ഉണ്ടായിരുന്നു എന്നു നിശ്ചയമായുംസമ്മതിക്കണം. ആരെയും പാട്ടിലാക്കാനുള്ള വാക്കുകൾ. മന്നത്തിന്റെ ആ ശക്തി ആരും തലകുലുക്കിസമ്മതിച്ചുപോകും. വാക്കിന്റെ കരുത്തുകാണിച്ചിട്ടുള്ളവർ പല തരക്കാരുണ്ടു് നമ്മുടെനാട്ടിൽ. നല്ല കവിത എഴുതിയവർ. നല്ല ഫലിതക്കാർ. നല്ല പ്രസംഗധാടിയുള്ളവർ. വലിയ അഭിഭാഷകന്മാർ. എന്നാൽ മന്നത്തിന്റെ വാഗ്വൈഭവം ആ കൂട്ടക്കാരുടെ ശക്തികളെയൊക്കെ കവിഞ്ഞുനിൽക്കുന്നതാണ്. പൊതുക്കാര്യത്തിന് ഒരു കാശുകൊടുക്കാത്ത ലുബ്ധന്മാരുടെ മടിശ്ശീലയ്ക്കു വിരേചനമുണ്ടാക്കാനും, അവരുടെ പണപ്പെട്ടിയെ വാതുറപ്പിച്ചു നാണയശബ്ദംകൊണ്ടു കൊട്ടിച്ചിരിപ്പിക്കാനും, ഒരുകാശു ചെലവാക്കിയാൽ കഴുത്തറുക്കാൻ നിൽക്കുന്ന ഭദ്രകാളികളെ അനുഗ്രഹദാത്രികളാക്കാനും മാത്രമല്ല അദ്ദേഹത്തിന്റെ വാക്കുകൾക്കു കഴിയുന്നതു്. ഏതു് എതിരാളിയേയും കൊമ്പുകുത്തിക്കാനും ഏതു വാദഗതിയേയും തനിക്കു് അനുകൂലമാക്കിത്തിരിക്കാനും അവയ്ക്കു കരുത്തുണ്ടു്.

തളർച്ചയില്ലാത്ത ഉന്മേഷവും, വ്യതിചലിക്കാത്ത നിശ്ചയവും, മഹാകാര്യങ്ങൾ സാധിക്കാനുള്ള ആഗ്രഹവും, എന്തും പ്രയത്നസാധ്യമാണെന്നുള്ള ആത്മവിശ്വാസവും, പ്രയാസങ്ങളിലൊന്നും പതറാത്ത ഉറപ്പും ഒത്തുചേർന്നു് ആണു് അദ്ദേഹത്തെ വിജയങ്ങളിലേക്ക് നയിച്ചതു്.

"ആയുസ്സിനല്ലാക്കമായുസ്സുസാധനമായതു് സാധ്യം പുമർത്ഥം"

എന്നു് അദ്ദേഹത്തെപ്പോലെ സുദൃഢമായി ധരിച്ച വ്യക്തികൾ എവിടെയും ഏതുകാലത്തും തുലോം ചുരുക്കമാണു്. ആയുസ്സിന്റെ ഒരു ക്ഷണം കട്ടുകൊണ്ടു സൂര്യൻ അസ്തമിക്കുമ്പോൾ ആ നഷ്ടത്തെ പരിഹരിക്കാൻ താൻ എന്താണു നേടിയതു് എന്നു ബുദ്ധിമാൻ ആലോചിക്കണമല്ലോ. അപ്രകാരമുള്ള ആലോചന മന്നത്തെപ്പോലെ നടത്തുന്ന ധന്യന്മാരും ചുരുക്കമാണു്.

ഒരുകാര്യംതന്നെ പ്രയാസമാണു് എന്നു കണ്ടാൽ അത്തരം പല കാര്യങ്ങൾ ഒരുമിച്ചുചെയ്യാനാണു് മന്നത്തിനു് കൂടുതൽ ഉത്സാഹം. നായർസമുദായത്തിന്റെ സമുദ്ധരണംതന്നെ വിഷമമായിരിക്കേ ഹിന്ദുസമുദായത്തെ മുഴുവൻ സമുദ്ധരിക്കണമെന്നാണു് അദ്ദേഹത്തിന്റെ ലക്ഷ്യം. സമുദായപ്രവർത്തകനാണെങ്കിലും രാഷ്ട്രീയമായ മേന്മയാണു് അദ്ദേഹം മുഖ്യമായി ലാക്കാക്കുന്നതു്. വൈക്കത്തുനിന്നു അയിത്തോച്ചാടനത്തിനുവേണ്ടിയുള്ള ജാഥയെ നയിക്കാനും, രാഷ്ട്രീയസ്വാതന്ത്ര്യം കൈവരുത്താൻ പ്രക്ഷോഭണം നടത്താനും, ഹിന്ദുജനതയെ സംഘടിപ്പിക്കാൻ വേണ്ട പരിപാടികൾ ആസൂത്രണംചെയ്യാനും, എല്ലാം മുൻകയ്യെടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞുവല്ലോ. ഒരു സംഘടനതന്നെ പ്രയാസമായ നായർസമുദായത്തിൽ ആയിരക്കണക്കിനു കരയോഗസംഘടനകൾ ഉണ്ടാക്കാനും അദ്ദേഹത്തിനു സാധിച്ചു. വിദ്യാലയങ്ങളില്ലാതിരുന്ന ഈ സമുദായത്തിനു നൂറുകണക്കിനു വിദ്യാശാലകൾ സ്ഥാപിക്കാനും, അവയെല്ലാം ഒന്നാംകിടയിൽനടത്താനും അദ്ദേഹത്തിന്റെ പ്രേരണ പ്രയോജനപ്പെട്ടു. ഒന്നും ചെറുതായി വിഭാവനംചെയ്യാൻ അദ്ദേഹത്തിനു കഴിവില്ലെന്നു തോന്നുംവണ്ണമാണു് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സ്ഥാപിച്ചിട്ടുള്ള കലാശാലകൾ. രാഷ്ട്രപിതാവിന്റെ പുണ്യനാമാങ്കിതമായ തിരുവനന്തപുരത്തെ കാളേജും, പന്തളത്തും ചങ്ങനാശ്ശേരിയിലുമുള്ള കാളേജുകളും, നമ്മുടെ സംസ്കാരമണ്ഡലത്തിലെ മഹാസൗധങ്ങൾ ആണു്. വിദ്യാപ്രചരണവിഷയത്തിൽ പ്രശംസനീയമായ സേവനം നടത്തിയിട്ടുള്ള സ്വകാര്യസംഘടനകളുടെ മുന്നണിയിൽ എൻ. എസ്സ്. എസ്സ്-നു് സ്ഥാനം നേടിക്കൊടുക്കുന്ന സ്ഥാപനങ്ങളാണു് ഇവ

ഒരു സമുന്നതലക്ഷ്യത്തിനുവേണ്ടിയുള്ള സ്ഥിരോത്സാഹം ഒരു വ്യക്തിയെ എത്രമാത്രം ഉയർത്തും എന്നുള്ളതിനു് നിദർശനമാണു് ഈ മഹാന്റെ ജീവിതം വയസ്സുകൊണ്ടു വൃദ്ധപദവി സമ്പാദിച്ചിട്ടുള്ള ഈ നിത്യയുവാവു് ചിരായുസ്സായിരിക്കണം എന്നാണു് ബഹുലക്ഷം ജനങ്ങളുടെ നേർച്ച. അദ്ദേഹത്തിന്റെ ജീവിതം മററുള്ളവക്കു് അളവററ അനുഗ്രഹങ്ങൾ വർഷിക്കുന്നതാണു് അതിനു കാരണം. സ്വാർത്ഥത്തെ ത്യജിച്ചു് പരാർത്ഥമായി ജീവിതം ഉഴിഞ്ഞുവെച്ചാൽ ആ ജീവിതത്തിനു് എന്തു് അഴകും ശോഭയും ഉണ്ടാകുമെന്നു് ഈ കർമ്മസിദ്ധന്റെ ചരിത്രം തെളിയിക്കും. അദ്ദേഹത്തിനു് ഇനിയും ദീർഘമായ ജനസേവനം സാധിക്കാൻ അഭംഗമായ ആരോഗ്യവും പൂർണ്ണപുരുഷായുസ്സും ജഗദീശ്വരൻ നൽകി അനുഗ്രഹിക്കട്ടേ! അദ്ദേഹത്തിന്റെ ജീവിതം നമ്മുടെ നാട്ടിലെ എല്ലാ ജനവിഭാഗങ്ങളുടേയും ഇടയിൽ സേവനസമുൽസുകരായ ആളുകൾക്കു് നിദർശനമായും ഭവിക്കട്ടേ!

# ചരിത്രം-ശാസ്ത്രമാണോ?

— പുറോഴത്തു രാമമേനോൻ —

ചരിത്രവും ശാസ്ത്രവും നാം നിത്യേന കേൾക്കുകയും ഉപയോഗിക്കുകയുംചെയ്യുന്ന വാക്കുകളാണ്. രണ്ടിനെക്കുറിച്ചും നമുക്കു സാമാന്യമായ ഒരറിവുമുണ്ട്. ചരിത്രവും ശാസ്ത്രത്തിന്റെ ചരിത്രവും രണ്ടും രണ്ടാണെന്നും നമുക്കറിയാം. ചരിത്രപഠനം വളരെ വിലപ്പെട്ട ഒരു പഠിപ്പാണ്. അതിൽ പ്രത്യേകം ബിരുദങ്ങളും ഗവേഷണപന്ഥാക്കളും വിദഗ്ദ്ധസംഘങ്ങളുമുണ്ട്. ചരിത്രപണ്ഡിതന്മാരും ഇക്കാലത്തു് കൃഷിപണ്ഡിതന്മാരെപ്പോലെ അസുലഭമല്ല. ഭാരതഭൂമി ചരിത്രത്തിന്റെകാര്യത്തിൽ നന്നേ പിന്നോക്കമാണെന്നു പരക്കെ അധിക്ഷേപിക്കപ്പെട്ടുപോരുന്നുമുണ്ട്. പാശ്ചാത്യരാജ്യക്കാർ പലരും ഹെറോഡോട്ടസ്സിന്റെ കാലംമുതൽ, അവരവർക്കു തോന്നിയപോലെ, അഥവാ അവരവരുടെ അഭിപ്രായഗതിക്കനുസരിച്ചു പടച്ചുവിട്ടിട്ടുള്ള രാജ്യചരിത്രങ്ങളെപ്പോലെ ഇന്ത്യയിൽ ആരും, അടുത്തകാലംവരെ, അങ്ങിനെ നേരും നുണയും ഇടകലർത്തി രാജ്യചരിത്രം രചിച്ചിട്ടില്ലെന്നതാണ് ആ അധിക്ഷേപത്തിനു കാരണം. അല്പം പാലും ഒട്ടധികം വെള്ളവുംപോലെയാണു രാജ്യചരിത്രഗ്രന്ഥങ്ങളുടെ സ്ഥിതിയെന്നു കാലം ചെല്ലുംതോറും കൂടുതൽകൂടുതൽ തെളിഞ്ഞുവരികയാണ്. ആ പാഴ്വേലയ്ക്കോ, വഞ്ചനപ്പണിക്കോ, ഭാരതീയർ മുതിർന്നില്ലെന്നതായിരിക്കുമോ, അവർക്കുള്ള കുറവ്? അങ്ങിനെയാണെങ്കിൽ, ആ ഇനത്തിൽപ്പെടുത്താവുന്നവയാകുന്നു, ഭാരതത്തിലെ ഇതിഹാസപുരാണാദിഗ്രന്ഥസമുച്ചയങ്ങളെല്ലാം. അല്പസത്യവും അതിശയോക്തിബാഹുല്യം കലർന്നവയാണ് ആ ഗ്രന്ഥങ്ങളെങ്കിൽ, അവയും ചരിത്രഗ്രന്ഥങ്ങളും തമ്മിലുള്ള വ്യത്യാസം, ഭാരതീയഗ്രന്ഥകർത്താക്കന്മാർ തങ്ങളുടെ കൃതികളെ ചരിത്രം എന്ന സംജ്ഞകൊണ്ടു ബഹുമാനിച്ചില്ലെന്നതുമാത്രമാകുന്നു! ചരിത്രം എന്നും വിചിത്രമാണ്. "ആഴക്കുവററടിയിലുള്ളതെടുക്കുവാനായ്, ഏഴെട്ടിടങ്ങഴി ജലം വെറുതെക്കുടിച്ചു" എന്നു പറഞ്ഞപോലെയാണ് ചരിത്രത്തിലെ സത്യത്തിന്റെ സ്ഥിതിയും.

ചരിത്രത്തിന്റെ വിഷയം എന്നും, കഴിഞ്ഞുപോയ ഒരു കാലമാണ്. അതിനു വർത്തമാനഭാവികളോടു സജീവമായ ബന്ധംപോലുമില്ല. ഇന്നത്തെയോ, നാളത്തെയോ കഥയല്ല ചരിത്രം കഥിക്കുന്നതു്. നടക്കുന്നതിനെക്കുറിച്ചോ, നടക്കാൻപോകുന്നതിനെക്കുറിച്ചോ, എങ്ങനെ നടന്നാൽക്കൊള്ളാമെന്നുള്ളതിനെക്കുറിച്ചോ ചരിത്രത്തിനു് ഒന്നും പറയാനില്ല. കഴിഞ്ഞതും, തുലഞ്ഞതും, കടന്നുപോയതും, തകർന്നുവീണതും ആയ ഭൂതകാലമാണു ചരിത്രത്തിന്റെ അവലോകനപരിധിയും, അന്വേഷണരംഗവും. സത്യം, സദാചാരം, സാഹിത്യം മുതലായവയെക്കുറിക്കുന്നതല്ലാ ചരിത്രം. ചരിത്രം നടത്തുന്നതു് ഒരു ശവപരിശോധനയാണ്; "പോസ്റ്റുമാർട്ടം എക്സാമിനേഷ്യൻ." ഒരാൾ അകാലമൃത്യുവണഞ്ഞാൽ, അവന്റെ ശവം, "മെഡിക്കൽ" പരിശോധനയ്ക്കയച്ചു, "ഡാക്ടർ സർട്ടിഫിക്കേററു്" വാങ്ങുന്ന പതിവുണ്ടല്ലോ. ആ "പോസ്റ്റുമാർട്ടം സർട്ടിഫിക്കേററി"നോടു് ഉപമിക്കാം, ഒരർത്ഥത്തിൽ ചരിത്രഗ്രന്ഥങ്ങളെ. ചത്തതിനെ നോക്കി, ജീവിച്ചിരുന്നാലത്തെ സ്വഭാവവും, ചാകുവാനുണ്ടായ കാരണവും നിർണ്ണയിക്കുന്നതിൽ ബുദ്ധിക്കോ, യുക്തിക്കോ കൂടുതൽ സ്ഥാനമെന്നു സംശയമാണ്. ഏതിൽക്കൂടിയാണു വന്നുകൂടിയതെന്നു പറയാനാവാത്ത ജീവൻ, ഏതുവഴിയേയാണു കടന്നുപോയതെന്നുള്ള ഒരു പരിശോധനയാണല്ലോ നടത്തപ്പെടുന്നതു്! "ഷോക്കും" ചോരചോക്കും, ഹൃദയസ്തംഭനവുമാണു മരണകാരണമെന്നു സാമാന്യമായും സാധാരണയായും കുറിച്ചിടുകയും ചെയ്യും. കഴിഞ്ഞകാലത്തെക്കുറിച്ചു്, അതു കാണാനും അനുഭവിപ്പാനും കഴിയാത്ത ഒരാൾ ദൂരെമാറിനിന്നു മരണാവശിഷ്ടങ്ങളെ പരിശോധിച്ചു്, മൃത്യുവിന്റെ കാരണം കണ്ടുപിടിക്കുന്നപോലെയാണു ചരിത്രരചനയിലും, ഏറക്കുറേ ഉണ്ടാകുന്നതു്! ഡാക്ടരുടെ വൈദഗ്ദ്ധ്യംപോലെ, മരണകാലത്തിന്റെ പഴക്കവും പുതുക്കവുംപോലെ ആ "സർട്ടിഫിക്കററ്" അംഗീകാര്യയോഗ്യവും അധികൃതവുമായിരിക്കാവുന്നതാണ്.

ശവപരിശോധനകൊണ്ടുള്ള ആവശ്യവും, അതുകൊണ്ടുള്ള പ്രയോജനവും ശവത്തിനല്ലെന്നു് തീർച്ചയാണ്; അതു ജീവിച്ചിരിക്കുന്നവർക്കാണ്. ചിലപ്പോഴൊക്കെ, അതു ജീവിച്ചിരിക്കുന്നവനു സാധനപാഠങ്ങളെ പ്രദാനം ചെയ്തു എന്നും വരാം. ശരീരത്തിന്റെ ഘടകങ്ങളെക്കുറിച്ചറിയാനല്ലാതെ, അവയവങ്ങളുടെ—വിശേഷിച്ചും അന്തർനിഷ്ഠങ്ങളായ സൂക്ഷ്മാവയവങ്ങളുടെ—പ്രവർത്തനപരിധികളേയോ, സജീവപ്രവണതകളേയോ നിർണ്ണയിക്കുവാൻ ശവപരിശോധന പര്യാപ്തമല്ലെന്നു നിർവിവാദമാണ്. ഒരു ഗോളത്തിനുള്ളിൽ വായു എങ്ങിനെ വർത്തിക്കുന്നു; പ്രവർത്തിക്കുന്നു എന്നറിയുവാൻ വായുവിമുക്തമായ ഗോളപരിശോധനകൊണ്ടെങ്ങിനെസാധിക്കും? പക്ഷേ ജീവനുള്ള ഒരാളെ കീറിമുറിച്ചു, ജീവശ്ശക്തിയുടെ വ്യാപാരസ്വഭാവം പഠിക്കുവാൻ നിർവ്വാഹമില്ലാത്തതുകൊണ്ട്, ചത്തവന്റെ ശരീരംനോക്കി പഠിക്കുന്നതുപോലെ, വർത്തമാനകാലത്തിന്റെ യോഗഫലങ്ങളും അനുഭവങ്ങളും അറിയുവാൻ ഭൂതകാലത്തെ പരിശോധിക്കുന്നു എന്നു സമാധാനിക്കാം. ആ പരിശോധനയുടെ രേഖയാണ് ചരിത്രം. അതു് ഏതുവിധമായാലും, അപൂർണ്ണവും അസ്പഷ്ടവും അവ്യവസ്ഥിതവുമാകാനേ

നിവൃത്തിയുള്ളു. അതിനു ചരിത്രകാരൻ മുഴുവൻ ഉത്തരവാദിയുമല്ല. എങ്കിലും, അവന്റെ ഏകപക്ഷീയതയും, ദുരഭിമാനദുരഭിപ്രായാദികളും, അതിനെ കൂടുതൽ വഷളാക്കുന്നു എന്നു സമ്മതിക്കാതെയും തരമില്ല. ആവശ്യക്കാരന്റെ നിർദ്ദേശമോ, പ്രചോദനപ്രലോഭനങ്ങളോ അനുസരിച്ചു് “പോസ്റ്റ്മാർട്ടം സർട്ടിഫിക്കററുകൾ” രൂപംകൊള്ളുന്ന കാഴ്ച നമുക്കു നിത്യപരിചയമുള്ളതുമാണല്ലോ.

“പോളിററിക്സം” “ഇക്കോണോമിക്സം”—രാജ്യതന്ത്രവും, സാമ്പത്തികശാസ്ത്രവും, — “ഹിസ്റ്ററി”യിൽനിന്നുണ്ടാകുന്നു, അഥവാ, അവയെ രൂപീകരിക്കുന്നതു ചരിത്രമാകുന്നു എന്നാണു പറയപ്പെടുന്നതു്. മാത്രമല്ല, പോളിററിക്സ് എന്നു പറയുന്നതു് ചരിത്രം വേരായിരിക്കുന്ന വൃക്ഷത്തിന്റെ കായയാണെന്നുംകൂടി അഭിജ്ഞമതമുണ്ടു്. വിപ്ലവപരമായ യാതൊരു പരിഷ്കാരവും, ഒരിക്കലും, പെട്ടെന്നും, ഒരു ചാട്ടത്തിനും വരുത്തുവാൻ പാടില്ലെന്നും, ഏതു രാജ്യത്തിനും അതിന്റേതായ ഒരു പൂർവ്വചരിത്രമുള്ളതിന്റെ ആകെത്തുകയും, സ്ഥിതിവിഗതികളും സൂക്ഷിച്ചു മനസ്സിലാക്കി കുറേശ്ശെയായിട്ടുവേണം സാമൂഹ്യമോ, സാമ്പത്തികമോ, രാജ്യതന്ത്രപരമോ, മറേറാ ആയ ഏതു നൂതനപരിവർത്തനവും വരുത്തുവാൻ എന്നും സാധാരണനിയമമായി എണ്ണപ്പെടാറുണ്ടു്.

ചരിത്രപഠനം അല്ലെങ്കിൽ, ഒരു പാഠ്യവിഷയമെന്നനിലയിൽ ചരിത്രം, കുറേ ക്ലേശകരവും അവ്യവസ്ഥിതവുമാകുന്നു. കഴിഞ്ഞുപോയ ഏതോ ഒരു കാലത്തെ—ദൂരസ്ഥമോ സമീപസ്ഥമോ ആയാലും—കാണുവാനുള്ള ശ്രമമാണവിടെ നടക്കുന്നതു്. എന്നാൽ, ആ കാലത്തെ കൃത്യമായും സത്യമായും കാണിക്കയോ പ്രതിഫലിപ്പിക്കയോ ചെയ്യുന്നതു് എന്താണു കൈവശമുള്ളതു്? സംഗതികൾ അവയുടെ നഗ്നരൂപത്തിൽ, സംഭവങ്ങൾ അവയുടെ യഥാർത്ഥ സംവിധാനത്തിൽ, അനുഭവങ്ങൾ അവയനുഭവിച്ചവരുടെ ഭാവത്തിൽ നമുക്കു കാണാനും അറിയാനും അളക്കാനും കഴിയുന്നുണ്ടോ? സംഗതികളും സംഭവങ്ങളുമല്ലാ നമ്മോടു സംസാരിക്കുന്നതു്. അവയെ, നമ്മെപ്പോലെ ദൂരത്തുനിന്നു കേട്ടറിഞ്ഞ ചരിത്രകാരനാണു സംസാരിക്കുന്നതു്.

ഇവിടെ രണ്ടുതരം വിഷമങ്ങളുണ്ടു്. ഒന്നാമതു് ആ സംഭവങ്ങളും സംഗതികളും എങ്ങിനെയോ ഏതോ വിധത്തിൽ കഴിഞ്ഞുപോയവയും, തന്നിമിത്തം ദൃഢീഭൂതങ്ങളും നമ്മുടെ തട്ടലും മുട്ടലും ഒന്നും സഹിക്കാത്തവയുമാണു്. നാം നേരേകണ്ടാലും അറിഞ്ഞാലും ഇല്ലെങ്കിലും അവയുടെ സത്യത്തിനും സത്തയ്ക്കും ഒരു മാററവും ഇനി ആരാലും വരുത്താവുന്നതല്ല. “സയൻസി”ന്റെ കാര്യത്തിലെ പരീക്ഷണങ്ങളെപ്പോലെ, നമുക്കിവിടെ “എക്സ്പെരിമെൻറു്” ചെയ്യുന്നതു സാധ്യമല്ല. രണ്ടാമതു്, അവയെ നോക്കിക്കാണുകയും അവയിൽനിന്നു പാഠങ്ങൾ പകർത്തുകയുംചെയ്യുന്ന ചരിത്രകാരൻ, അവനെത്ര സത്യസന്ധനും നിഷ്പൃഷ്ടനും ആയാലും—അവനും ഹന്ത! മനുഷ്യനല്ലയോ— എന്ന ന്യായപ്രകാരം, സ്വന്തം പക്ഷഭേദങ്ങളും, ഇഷ്ടാനിഷ്ടങ്ങളും പലപ്പോഴും സുനിശ്ചിതോദ്ദേശത്തോടുകൂടിയവനും ആയിരിക്കും. ഭഗവത്ഗീതയെ ഭക്തനും, ജ്ഞാനിയും, കർമ്മിയും മററും അവനവന്റെവഴിക്കുമാത്രമായി വ്യാഖ്യാനിക്കുന്നതും, അതിൽ മനുഷ്യമുഷ്ടിയല്ല, മർക്കടമുഷ്ടിതന്നെ പിടിക്കുന്നതും നമുക്കു നിത്യാനുഭവമുള്ളതാകുന്നു. ഒന്നു സാധിച്ചാൽത്തന്നെ വലിയ സമാധാനമായി; എന്തായാലും ചരിത്രകാരൻ സംഭവങ്ങളെ യഥേഷ്ടം രൂപപ്പെടുത്തുകയും പാകപ്പെടുത്തുകയുംചെയ്യുന്നില്ലെന്നു്! എന്നാൽ വാസ്തവംപറഞ്ഞാൽ, ആ സമാധാനമാണു് കാലാന്തരത്തിൽ വളരെ ദുർല്ലഭമായിരിക്കുന്നതു്. സംഭവങ്ങളുടെ പ്രകൃതമാററം മാത്രമല്ല, നിഷേധവും നിഷ്കാസനവും ദുരുപദിഷ്ടമായി കല്പിച്ചുകൂട്ടിച്ചെയ്യുന്ന ചരിത്രകാരന്മാരെയാണു് കാണപ്പെടുന്നതു്. ദേശാഭിമാനം, മതപ്രതിപത്തി, അസഹിഷ്ണുത—പലതും ആതിനു കാരണമാകുന്നു. പ്രത്യക്ഷത്തിൽ അതൊരു അതിവാക്കാണെന്നുതോന്നാം. എന്നാൽ, നിത്യങ്ങളും സുപരിചിതങ്ങളുമായ സഹസ്രാധികം ഉദാഹരണങ്ങളെ, തൽസംസ്ഥാപനാർത്ഥം ഉദ്ധരിക്കാവുന്നതാണു്. കല്ക്കട്ടയിലെ ഇരുട്ടറയും, തിരുവനന്തപുരത്തെ കളിപ്പാൻകുളവും നമ്മെ തുറിച്ചുനോക്കുന്ന ദൃഷ്ടാന്തങ്ങളാകുന്നു. “ഓർഡർ കൊടുത്തുണ്ടാക്കിച്ചു വാങ്ങിക്കാവുന്നതല്ല ചരിത്രം.” ആരുടേയും കല്പനയ്ക്കു വിധേയമോ, ആരുടെയെങ്കിലും പ്രിയാപ്രിയങ്ങൾക്കു വഴങ്ങുന്നതോ അല്ലതന്നെ കഴിഞ്ഞകാലത്തെ സംഭവങ്ങളൊന്നും. അവയെ തനിരൂപത്തിൽ കാണാനും, അവയുടെ കാരണങ്ങളെ യഥാർത്ഥമായറിയാനും—രണ്ടും വളരെ വിഷമമാണു്. തന്നിമിത്തം, ചരിത്രത്തിനു കേവലം ഒരു നോവലിനെപ്പോലെയുംകൂടി സത്തയോ പ്രസക്തിയോ ഇല്ലെന്നു തോന്നിപ്പോകാം. നോവലെഴുത്തുകാരനു് അവൻ ഉദ്ദേശിക്കുന്ന പരിണാമത്തിനൊപ്പിച്ചു സംഭവങ്ങളെ കരുപ്പിടിപ്പിക്കാനുള്ള സ്വാതന്ത്ര്യവും സൗകര്യവുമുണ്ടു്. ചരിത്രകാരനു് അതില്ലെങ്കിലും അവൻ പലപ്പോഴും ചെയ്യുന്നതു് അതുതന്നെയായിരിക്കും

സത്യസന്ധനും, നിഷ്പക്ഷവാദിയും, സ്വാർത്ഥോദ്ദേശങ്ങളൊന്നുമില്ലാത്തവനുമാണു് ചരിത്രരചനയ്ക്കു പുറപ്പെടുന്ന ധീമാൻ എന്നുതന്നെവച്ചാലും, ചരിത്രമെഴുത്തിനുവേണ്ട സംഗതികളുടെ സംഭരണം അത്ര സുഗമമോ, സത്യനിഷ്ഠമോ ആയിരിക്കയില്ല. ചരിത്രലക്ഷ്യങ്ങൾപോലും, തെററായ ധാരണകളെ ഉളവാക്കുന്നവയാവാം. അവയെ, അവയുടെ കാടും പടലും നിറഞ്ഞ ചുററുപാടുകളിൽനിന്നു വേർതിരിച്ചും, തരംതിരിച്ചും, ശുദ്ധിചെയ്തു് എടുക്കുന്നതും അത്ര എളുപ്പമല്ല. അതിന്റെ ഫലം എപ്പോഴും നൂറുശതമാനം ശരിയായിക്കൊള്ളണമെന്നുമില്ല. കിട്ടുന്ന അറിവുകളെ അപ്പപ്പോൾ പരിശോധിക്കാനും വിലയിരുത്താനും ഒരു സയൻസുകാരനുസാധിക്കുംപോലെ ഒരു ചരിത്രരചയിതാവിനു സാധ്യമല്ല. അതിനുംപുറമേ പൂർവ്വകാലകഥകളെ നേരുപോലെ



തന്നെ അറിയാൻ സാധിച്ചാലും, അവയുടെ പ്രത്യാഘാതങ്ങളെ, ചരിത്രകാരനിൽ ഉല്പാദിപ്പിക്കുന്ന അനുകൂല പ്രതികൂലവികാരങ്ങളെ തീരെ മറന്നു പ്രവൎത്തിക്കുന്ന കാൎയ്യവും അസംഭാവ്യമാകുന്നു. തന്റെ വ്യക്തിത്വത്തെ, സ്വാഭിപ്രായഗതികളെ, വിസ്മരിച്ചും മാററിവച്ചും ഇന്നുവരെ ഒരുത്തനെങ്കിലും ചരിത്രനിൎമ്മാണം നടത്തിയിട്ടുണ്ടെന്നും തോന്നുന്നില്ല ഒരു "സയൻറിസ്റ്റിന്റെ" നിഷ്പക്ഷതയും നിൎവ്വികാരത്വവും ഒരു ചരിത്രകാരനൊട്ടും സാദ്ധ്യവുമല്ല. അതുകൊണ്ടു്, ഒരു ശാസ്ത്രജ്ഞന്റെ നിഷ്പക്ഷതയും, ഒരു യന്ത്രവിദഗ്ദ്ധന്റെ സൂക്ഷ്മതയും, ഒന്നാന്തരം മുഖക്കണ്ണാടിയുടെ നിൎമ്മലമായ പ്രതിഫലനശക്തിയും, വിദഗ്ദ്ധനായ ഒരു അഭിഭാഷകന്റെ സാരാസാരവിവേചനസാമൎത്ഥ്യവും, മഹാനായ ഒരു ന്യായാധിപന്റെ പക്ഷരഹിതത്വവും, എല്ലാററിനും ഉപരിയായി ഒരു സത്യാന്വേഷകനുമാത്രം ഉണ്ടാകാവുന്ന ആത്മീയോന്നതിയുംതികഞ്ഞ ഒരുവന്നല്ലാതെ യഥാൎത്ഥമായ ഒരു ചരിത്രകാരനാകുവാൻ സാധിക്കുന്നതല്ല. ഇവയിൽ ഒന്നും രണ്ടും കൂടുതലും ചിലരിൽ കണ്ടേക്കാമെങ്കിലും ഇവയെല്ലാംകൂടി ഏകത്ര സമ്മേളിക്കുന്നതായ സന്ദോഹനാവസ്ഥ വളരെ അസാധാരണംതന്നെയാകുന്നു.

"എന്താണു് ചരിത്രം" എന്നുതന്നെയും ഇനിയും തൎക്കം തീൎന്നിട്ടുള്ളതല്ല. ഓരോ രാജാക്കന്മാരുടെ വരവും പോക്കും, കൊല്ലും കൊലയും, ജയവും അപജയവും കൊല്ലംതെററാതെ കുറിച്ചിട്ടാൽ അതു ചരിത്രമാകുമോ? രാജവംശങ്ങളുടെ ചരിത്രംമാത്രമാണോ രാജ്യചരിത്രം? എല്ലാവരുടേയുംകൂടിയ ഒരു ചരിത്രമുണ്ടോ? ജനങ്ങളെക്കൂടാതെ ഏതുരാജ്യത്തിനു് എന്തു ചരിത്രമുണ്ടു്? പലപ്പോഴും മഹാനായ ഒരാളുടെ ജീവചരിത്രവും അദ്ദേഹത്തിന്റെ രാജ്യത്തിന്റെ ചരിത്രവും മിക്കവാറും ഒന്നുതന്നെ ആയി എന്നു വരാം. വിശ്വവിശ്രുതനായ അലക്ഷന്തരുടെ ജീവചരിത്രംതന്നെയാണു് അദ്ദേഹത്തിന്റെകാലത്തെ മാസിഡോണിയൻചരിത്രമെന്നു പറഞ്ഞാൽ തെററില്ല. മഹാത്മജിയുടെ ജീവചരിത്രവും ആ കാലത്തെ ഇന്ത്യൻചരിത്രവും എത്രവളരെയാണു കൂട്ടിമുട്ടിനില്ക്കുന്നതു്. എന്നാലും, മാസിഡോണിയായ്ക്കും ഇന്ത്യയ്ക്കും അതാതുകാലങ്ങളിൽ ചരിത്രം വേറിട്ടുതന്നെ ഉണ്ടുതാനും. ഒരു ജനവൎഗ്ഗത്തിന്റെ അല്ലെങ്കിൽ ഒരു രാജ്യത്തിലെ ജനങ്ങളുടെ, സാംസ്കാരിക-സാമുദായിക-സാമ്പത്തിക-ആദ്ധ്യാത്മികപുരോഗതിയുടെ ചിത്രമാണു് ആ രാജ്യത്തിന്റെ യഥാൎത്ഥമായ ചരിത്രമെന്നും പക്ഷാന്തരമുണ്ടു്. എന്നാൽ, ആ പറഞ്ഞവയൊന്നും പ്രത്യക്ഷങ്ങളോ, ലിഖിതങ്ങളോ ആയിരിക്കുന്നതു വളരെ അപൂൎവ്വമാണു്. വാസ്തവവും വസ്തുതയും മേല്പ്രകാരമിരിക്കേ, "ചരിത്രം, ചരിത്രം" എന്നു പറഞ്ഞു കൂടുതൽ ആവേശംകൊള്ളുന്നതിനു് ആവശ്യവും അടിസ്ഥാനവുമില്ല.

ഇതിനെല്ലാം ഉപരിയായി മറെറാരു സംഗതിയുണ്ടു്. എന്തൊക്കെയായാലും, ചരിത്രം മനുഷ്യസംബന്ധിയാണു്. എന്നാൽ, മനുഷ്യനുള്ളതുപോലെ ഇത്ര ചഞ്ചലവും ചപലവും അവിശ്വസനീയവുമായ അഭിപ്രായസ്വഭാവപെരുമാററാദികളോടുകൂടിയ ഒരു നടപടിക്രമം ഭൂമുഖത്തു പക്ഷിമൃഗാദികൾക്കുപോലുമില്ല. അഭിപ്രായമാററങ്ങൾ, ആദൎശനിഷേധങ്ങൾ, പൂൎവ്വാപരവൈരുദ്ധ്യങ്ങൾ, ഇഷ്ടാനിഷ്ടങ്ങൾ, സ്വാൎത്ഥലാഭോദ്ദേശങ്ങൾ, വിചാരവികാരാദികളുടെ സങ്കീൎണ്ണതകൾ മുതലായവയുടെയെല്ലാം ഒരു കൂടാണു മനുഷ്യൻ; അവരിൽ എത്ര നല്ലവനും ഏററവും ദുഷിച്ചവനും. അവൻ ഇന്നപ്പോൾ ഇന്നതു പറയുമെന്നോ, ചെയ്യുമെന്നോ അവനുതന്നെയും തീൎച്ചയില്ലാത്തപ്പോൾ മററുള്ളവരുടെ കഥ പറയണമോ? സുസ്ഥിരമായ ഒരു നിയമവ്യവസ്ഥിതിയും, തന്മൂലമുള്ള വിശ്വസനീയതയും ഈ പ്രപഞ്ചത്തിൽ മനുഷ്യനൊഴിച്ചുള്ള സകലത്തിനുമുണ്ടു്. അതുകൊണ്ടാണല്ലോ ശാസ്ത്രീയപുരോഗതിതന്നെ സാദ്ധ്യമായിട്ടുള്ളതു്. രണ്ടു ഹൈഡ്രജനും, ഒരു ഓക്സിജനും ഇന്നവിധം ചേൎന്നാൽ ഒരു തുള്ളി വെള്ളമാകുന്നു എന്ന നിയമം എന്നുണ്ടായ

# ഇനിയും

— ജി. ശങ്കരക്കുറുപ്പ് —

അന്തരിക്ഷാന്താം നക്ഷ-
    ത്രങ്ങളാൽ, പരിഗമ്യാ-
പ്രാന്തമുജ്ജ്വലവിദ്യു-
    ദ്ദീപപങ്ക്തികളാലും

രാവിലങ്ങനെ മനോ-
    ഹരമായ്ക്കാണുമ്പോളീ-
യാവിലവിചാരത്താ-
    ലെൻകരളിരുളുന്നു:

ബന്ധുരസ്നേഹത്തിന്റെ
    ശക്തിയാലെൻനാടിന്റെ-
യന്തരംഗത്തിൻതട്ടിൽ
    മാനവീയതാബോധം

കൊളുത്താൻ, കൂടെക്കൂടെ
    ത്തിരിനീട്ടുവാൻ, നാള-
മിളകാതൊളിവീശി-
    യേതുകാററിലും നിൎത്താൻ,

തുനിയുന്നില്ലെന്നാകി-
    ലന്ധമാം കാലത്തിൻപിൻ-
പിനിയും വലയും നാം,
    ലക്ഷ്യത്തിലെത്തീടാതെ.



എൻ. എസ്. എസ്. ഹൈസ്കൂൾ, പെരുന്ന, ചങ്ങനാശ്ശേരി

തായാലും അതിനിന്നുവരെ ഒരു മാററവും സംഭവിച്ചിട്ടില്ല, ഒരു കാലത്തും ഒരു മാററവും വരാവുന്നതുമല്ല. അങ്ങിനെയാണ് പ്രകൃതിനിയമങ്ങളെല്ലാം അതാണ് ശാസ്ത്രത്തിൻെറ അടിസ്ഥാനവും അഭിവൃദ്ധിക്കു നിദാനവും. എന്നാൽ ഏതു മനുഷ്യനെക്കുറിച്ചാണ് അപ്രകാരം ഒരു സ്ഥിരതയും ദൃഢതയും ഏതു കാര്യത്തിനെങ്കിലുമുള്ളതായി പറയാവുന്നതു്? അഭിപ്രായം അവനു ഇരുമ്പുലക്കയല്ല; ആദർശം അവനു അലംഘ്യമല്ല; ലക്ഷ്യങ്ങൾ അവനു് അലക്ഷ്യങ്ങളാണ്. അങ്ങിനെയുള്ള മനുഷ്യൻെറയോ, അവൻെറ സമുദായത്തിൻെറയോ, രാജ്യത്തിൻെറയോ കഥയാണ് "ചരിത്ര"മെങ്കിൽ, അതിനെ എങ്ങിനെയാണു ശാസ്ത്രരീത്യാ നിരീക്ഷിക്കയും പഠിക്കയും പ്രയോജനപ്പെടുത്തുകയുംചെയ്യുക. ചരിത്രവും, തന്നിമിത്തം മനുഷ്യൻെറ ദുരഭിമാനത്തിൻെറയും ദുരഹങ്കാരത്തിൻെറയും ഫലമാകുന്നു. അതുകൊണ്ടു് ചരിത്രം ശാസ്ത്രമല്ല, ശാസ്ത്രത്തിൻെറ ഒന്നുമുള്ളതുമല്ല.

വിജ്ഞാനത്തിൻെറ നാനാതുറകളിലും, ശാസ്ത്രങ്ങളുടെ വിവിധരംഗങ്ങളിലും പ്രവേശിക്കുകയും പ്രവൃത്തിക്കുകയും മാത്രമല്ല, പ്രശസ്തമായ വിജയം കൈവരിക്കയും കൂടി ചെയ്തിട്ടുള്ള ഭാരതീയപൗരാണികന്മാർ എന്തുകൊണ്ടു്, കേവലമായ ചരിത്രവിഷയത്തിൽമാത്രം വിമുഖരോ, വിരസരോ ആയിത്തീർന്നു എന്നു ചിന്തിക്കേണ്ടതാണ്. അനിശ്ചിതവും അവിശ്വസനീയവും അല്പസുഖപ്രദങ്ങളുമായ "ചരിത്രസത്യ"ത്തെ തേടിത്തിരഞ്ഞു തോന്നിയപോലെ തോണ്ടിവിടുന്നതുകൊണ്ടുണ്ടാകാവുന്ന പ്രയോജനത്തെക്കുറിച്ച് അവർ ദൃഢചിത്തന്മാരായിരുന്നതുകൊണ്ടല്ലാ ആ വഴിക്കു് അവർ, പ്രയത്നിക്കാഞ്ഞതു് എന്നു് എങ്ങിനെ നിശ്ചയിക്കാം? അതുകൊണ്ടായിക്കൂടെന്നില്ല, അവർ, ചരിത്രവും ഐതിഹ്യവും അറിവും അനുഭവവും അനുമാനവും അഭിപ്രായവും എല്ലാം ഉൾക്കൊള്ളുന്ന പുരാണേതിഹാസങ്ങളുടെ രചനയിൽ കൂടുതൽ ശ്രദ്ധാലുക്കളായിബ്ഭവിച്ചതു്! പ്രഗത്ഭമതികളുടെ പ്രസിദ്ധപ്പെട്ട ചരിത്രങ്ങൾകൂടി "മാററി എഴുതപ്പെടുന്ന" ഇക്കാലത്തു്, ആ അവമാനാവസ്ഥയെ കാലേക്കൂട്ടിക്കണ്ടു് അതിൽനിന്നു് ഒഴിഞ്ഞുമാറിയതിൽ അവർ അനുമോദനാർഹന്മാരാണെന്നുംകൂടി പറയണം.

Tel. Add: "COIRCOS" Telephone No. 649.

**THE COCHIN CENTRAL CO-OPERATIVE COIR MARKETING SOCIETY LTD.,**

**No. 423.**

**(Aided by the State & Central Governments)**

EXPORTERS & IMPORTERS: COIR FIBRE, COIR YARN, COIR ROPE, COIR MATS & MATTINGS.

**POST BOX No. 15F.**

| BRANCH | HEAD OFFICE, |
|---|---|
| 5, AMRATALLA LANE, | COCHIN-2. |
| CALCUTTA-1. | South India. |

Enquiries invited for large-scale dealings in India and countries all over the continent.

*For terms refer to us direct or through our Branch at 5, Amartala Lane, Calcutta – 1.*



Gram: MILK Phone: 2935

**തിരുവനന്തപുരംഡിസ്ട്രിക്ട് കോവാപ്പറേററീവ്**

**മില്ക്ക് സപ്ലൈസ് യൂണിയൻ ക്ലിപ്തം**

നമ്പർ 2989. :: തിരുവനന്തപുരം

( ഗവ: സെക്രട്ടറിയേററിനു തെക്കുവശം )

പഞ്ചവത്സരപദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള തിരുവനന്തപുരം സിററിയിലെ ഏകക്ഷീരവിതരണസഹകരണസ്ഥാപനം.

കൂപ്പൺ വാങ്ങിയോ, ഡെപ്പാസിററുവച്ചോ പേർ രജിസ്റ്റർ ചെയ്യുന്നവർക്ക് ശുദ്ധമായ പശുവിൻപാലും, എരുമപ്പാലും സ്റ്റീൽ പാത്രങ്ങളിലാക്കി മുദ്രവച്ച് തിരുവനന്തപുരം സിററിയുടെ ഏതു ഭാഗത്തും രാവിലെയും വൈകുന്നേരവും കൃത്യമായി എത്തിച്ചുകൊടുക്കപ്പെടും.

യൂണിയനിൽനിന്നുതന്നെ പാകപ്പെടുത്തിവച്ചിട്ടുള്ള ശുദ്ധമായ പശുവിൻനെയ്യ്, എരുമനെയ്യ്, പശുവിൻവെണ്ണ, എരുമവെണ്ണ, തൈർ എന്നീ സാധനങ്ങളും എല്ലാദിവസവും രാവിലെ 5 മണിമുതൽ വൈകുന്നേരം 7 മണിവരെ വില്പനയ്ക്കുതയ്യാറുണ്ട്.

യൂണിയൻ ആഫീസിലും, തമ്പാനൂർ ബസ്സ്സ്റ്റേഷനിലും നടത്തിവരുന്ന മിൽക്കുബാറുകളിലും, ചൂടുപാൽ, തണുപ്പിച്ച പാൽ, ഐസ്ക്രീം, ഫ്രൂട്ട്സലാഡ് തുടങ്ങിയ സാധനങ്ങൾ എപ്പോഴും ലഭിക്കുന്നതാണ്.

വിലവിവരം

| | | | | | |
|---|---|---|---|---|---|
| പശുവിൻപാൽ | 12 ഔ. | 0-27 | എരുമപ്പാൽ | 12 ഔ. | 0-31 |
| പശുവിൻനെയ്യ് | ,, | 3-00 | എരുമനെയ്യ് | ,, | 2-00 |
| പശുവിൻവെണ്ണ | 1 പൗ. | 3-25 | എരുമവെണ്ണ | 1 പൗ. | 2-00 |

തൈർ 10 ഇടങ്ങഴിക്ക് 5 ക.

കൂടുതൽവിവരങ്ങൾക്ക് സെക്രട്ടറിയെ സമീപിക്കുക.

സെക്രട്ടറി.



**THE QUICK & EFFICIENT SERVICE**

Running Repairs Overhauls, Paintings,

Body Buildings Lubrication Service Etc. Etc

**Phone: 2834.**

*Contact:*

**THE CITY MOTORS,**

*Automobile Enginers & Authorised*

*Shell Lubrications Dealers.*

**TRIVANDRUM.**



**ജൗളികൾക്ക്**

**ശ്രീമാട്ടി**

**ഗൗരിമഹാൾ**

**ആലപ്പുഴ.**

★ ★ ★ ★ ★ ബ്രാഞ്ചുകൾ ★ ★ ★ ★ ★

**കൊല്ലം, കോട്ടയം, ചങ്ങനാശേരി, പത്തനംതിട്ട, തിരുവല്ലാ.**

# ആശാൻെറ സീത

— വള്ളിപ്പാട്ട കുഞ്ഞുകൃഷ്ണൻ —

യാഗത്തിൽ സംബന്ധിക്കാനായി വാല്മീകിമഹർഷി കുശലവന്മാരോട്ടകൂടി അയോദ്ധ്യയിൽ പോയി. ആശ്രമത്തിൽ ഒന്നരണ്ടു താപസിമാരല്ലാതെ വിശേഷിച്ചാരുമില്ല. വാല്മീകിയുള്ളപ്പോൾ അദ്ദേഹത്തെ പരിചരിച്ചും, കുമാരന്മാർ സമീപത്തു സ്ഥിതിചെയ്യുകയാണെങ്കിൽ അവരോടു നമ്മഭാഷണംചെയ്തും സമയംപോവുന്നതു് അറികയില്ലായിരുന്നു സീതയ്ക്കു്. അവരാരും ഇല്ലാതായപ്പോൾ, തനിച്ചിരുന്ന സീതയുടെ മനസ്സിൽ പല ചിന്തകളും കടന്നുകൂടി. അതു സ്വാഭാവികമാണു്. ഏകാന്തത ചിന്തയെ ഉദ്ദീപിപ്പിക്കുകയുംചെയ്യും.

മനസ്സിൽ പ്രവേശിച്ച ചിന്ത മറെറാന്നുമല്ല. ഭത്താവായ രാമനെപ്പററിത്തന്നെ. അതിനു കാരണമുണ്ടു്. അയോദ്ധ്യയിലല്ലേ മാമുനിയും കുശലവന്മാരും പോയിരിക്കുന്നതു്?

"മുനിചെയ്ത മനോജ്ഞകാവ്യമ-
മ്മനുവംശാധിപനിന്നു കേട്ടടൻ
അനുതാപമിയന്നിരിക്കണം
തനയന്മാരെയറിഞ്ഞിരിക്കണം"

തീച്ചയായും അറിഞ്ഞിരിക്കണം അല്ലെങ്കിൽ ഇടത്തുതോൾ തുടിക്കുമോ ? ഇതിനുമുമ്പിങ്ങനെ വിചാരമുണ്ടാവാൻ സീതയ്ക്കിടംകിട്ടിയിരുന്നില്ല. ഗർഭിണിയായ താൻ കാട്ടിലുപേക്ഷിക്കപ്പെട്ടപ്പോൾ വലിയ താമസംവേണ്ടിവന്നില്ല, വാല്മീകിയുടെ അഭയം തനിക്കു ലഭിക്കുവാൻ. സീതയുടെ സവ്വവിധക്ലേശങ്ങളും ആശ്രമത്തിൽ പരിഹൃതമായി. മാത്രമല്ല മററു വിചാരങ്ങൾക്കു് ആശ്രമവാസികൾ പഴുതും നൽകിയില്ല. വിശേഷിച്ചു് സവ്വജ്ഞനായ മുനി വാല്മീകി, സീതാകാര്യത്തിൽ പ്രത്യേകശ്രദ്ധാലുവുമായിരുന്നു.

ഈ സന്ദർഭം മഹാകവി കുമാരനാശാൻെറ സ്വന്തസൃഷ്ടിയാണു്. രാമായണങ്ങളിൽനിന്നു് സ്വീകരിച്ചതല്ല. കാളിദാസൻെറ രഘുവംശത്തിലും സൂചന കാണുന്നില്ല.

. അതങ്ങനെ നിൽക്കട്ടെ. സീത എന്തുകൊണ്ടാണു് ഉപേക്ഷിക്കപ്പെട്ടതു് ? രാമൻ നിർബന്ധിച്ചു ചോദിച്ചപ്പോൾ ഭദ്രനെന്ന ചാരൻ പറഞ്ഞു:

"സവ്വം സ്തുവന്തി പൗരാശ്ചരിതം ത്വദീയം,
അന്യത്ര രക്ഷോഭവനോഷിതായാഃ
പരിഗ്രഹാന്മാനവ ദേവ! ദേവ്യാഃ"

രാക്ഷസഗൃഹത്തിൽ പാത്ത ദേവിയെ സ്വീകരിച്ചതൊഴിച്ചു് രാമൻെറ എല്ലാ നടപടികളേയും പൗരന്മാർ വാഴ്ത്തുന്നു എന്നാണു് ചാരൻ പറഞ്ഞതു്. അപ്പോൾ സീതയെ കൂടെ താമസിപ്പിക്കുന്നതു ശരിയല്ല, അവളെ പരിത്യജിക്കണം—എന്നല്ലേ പൗരന്മാരുടെ അഭിമതം? ശരി. അതിനുതന്നെ രാമൻ തീരുമാനിച്ചു. വീണ്ടും അഗ്നിപരിശുദ്ധിവരുത്തേണ്ട ആവശ്യമുണ്ടെന്നും തോന്നിയില്ല. എത്ര ശുദ്ധിചെയ്താലും രാക്ഷസഭവനത്തിൽ പാത്തു എന്ന പേരു ശേഷിക്കുമല്ലോ അതാണപവാദം. ഈ പശ്ചാത്തലത്തിലാണു് സീതയെ പരിത്യജിക്കുവാൻ രാമൻ പ്രേരിതനായതു്.

എവിടെയാണു് വെടിഞ്ഞതു്?

"പ്രജാവതീ ദോഹദശംസിനീ തേ
തപോവനേഷു സ്പൃഹയാലുരേവ
സ ത്വം രഥീ തദ്വ്യപദേശനേയാം
പ്രാപയ്യ വാല്മീകിപദം ത്യജൈനാം" (ര: വം:)

വാല്മീകിയുടെ ആശ്രമപരിസരത്തിൽ, അവിടെ വിട്ടാൽ സീത തദാശ്രമത്തിൽ ചെന്നുചേരുമെന്നും ആ മുനിശ്രേഷ്ഠൻ രക്ഷിച്ചുകൊള്ളുമെന്നും രാമനറിയാം. ഇപ്രകാരം വേറേ നിവൃത്തിയില്ലാത്ത ഘട്ടത്തിലും, ആശ്രയം സുനിശ്ചിതമായ സ്ഥലത്തും, സീതയെ പരിത്യജിച്ചതിൽ രാജധമ്മൈകനിരതനായ രാമൻ അപരാധിയാണെന്നുണ്ടോ? സീതയ്ക്കതറിയാം. ലക്ഷ്മണനാൽ കാട്ടിൽ തള്ളപ്പെട്ട സീത തനിക്കു പറയാനുള്ളതെല്ലാം അപ്പൊഴേ പറഞ്ഞു:—

"ഇപ്പൊഴേതന്നെ സൗമിത്രേ
ജീവനെ ജാഹ്നവീതലേ
പോക്കാനുംവയ്യ! ത്വൽഭ്രാതൃ-
രാജവംശം മുടിഞ്ഞുപോം
..........................
ഇതുനൽധമ്മപരനാം
നൃപനോടുമുരയ്ക്കണം:
ഭവാൻ ഭ്രാതാക്കളിൽപ്പോലെ
നിൽക്ക പൗരരിലെപ്പൊഴും;
യാതൊന്നു നേടും രാജാവേ
ധമ്മത്താൽ പുരവാസികൾ .
ഇതാണതിൽ മഹാധമ്മ-
മിതിനാൽ കീത്തി മുററിടും
എനിക്കെൻമെയ്യിനെപ്പററി-
യില്ല ദുഃഖം നരർഷഭ!
പൗരാപവാദത്തെ നിന-
ച്ചുള്ളോളം രഘുനന്ദന!
വരനാണീശ്വരൻ സ്ത്രീക്കു
.........................

പ്രാണനാലും പതിക്കിഷ്ടം
വിശേഷിച്ചും നടത്തണം" (വാ: രാ:)

കാളിദാസൻെറ സീത പറഞ്ഞതിപ്രകാരമാണ്:—

"വാച്യസ്ത്വയാ മദ്വചനാൽ സ രാജാ,
വഹ്നൗ വിശുദ്ധാമപി യൽ സമക്ഷം
മാം ലോകവാദശ്രവണാദഹാസീഃ,
ശ്രുതസ്യ കിം തൽ സദൃശം കുലസ്യ

* * *
* * *

നൃപസ്യ വൎണ്ണാശ്രമപാലനം യൽ
സ ഏവ ധൎമ്മോ മനുനാ പ്രണീതഃ
നിൎവാസിതാപ്യേവമതസ്ത്വയാഹം
തപസ്വി സാമാന്യമവേക്ഷണീയാ."
(ര: വം: 55 മുതൽ 60 വരെ പദ്യങ്ങൾ.)

സ രാജ എന്നു കാളിദാസൻ പറയിച്ചതുമൂലം സീതയ്ക്കു് രാമനോടു് അമൎഷംതോന്നി എന്നു വ്യഞ്ജിക്കുന്നുണ്ടു്. എന്നാൽ,

"ന ചാവദദ് ഭൎത്തുരവൎണ്ണമാൎയ്യാ
നിരാകരിഷ്ണോർവൃജിനാദൃതേപി
ആത്മാനമേവ സ്ഥിരദുഃഖഭാജം
പുനഃപുനർദ്ദുഷ്കൃതിനം നിനിന്ദ"

എന്ന ര: വം: 51-ാംപദ്യത്തിലെ 'ന ചാ അവൎണ്ണംഅവദദ്' എന്ന വാക്യംകൊണ്ടു്, ഭൎത്താവിനെപ്പററി കറുത്ത വാക്കുകളൊന്നും സീത പറഞ്ഞില്ലെന്നും കാളിദാസൻ ഉറപ്പുപറയുന്നുണ്ടു്.

എന്നാൽ ആശാൻെറ സീത എന്തെല്ലാം പറയുന്നു? സംസ്കാരസമ്പന്നകളെപ്പോലെ ധൎമ്മബുദ്ധിയോടും, പതിവ്രതാരത്നങ്ങളെപ്പോലെ പതിഭക്തിയോടും, തരുണികളെപ്പോലെ ദാമ്പത്യാഭിലാഷത്തോടും, നാടോടിപ്പെണ്ണുങ്ങളെപ്പോലെ സ്വാൎത്ഥവിചാരത്തോടും, രാജന്യസ്ത്രീകളെപ്പോലെ ധൈൎയ്യഗൗരവങ്ങളോടും യുക്തിയും കുയുക്തിയും ഇടകലൎന്ന ഭാഷയിൽ പലതും പറഞ്ഞു. സമ്മിശ്രവിചാരങ്ങളുടെ കലവറയായി പ്രത്യക്ഷപ്പെട്ടുകയാണു് ആശാൻെറ സീത. സ്വാഭാവികതയ്ക്കു് അല്പാല്പം കോട്ടംതട്ടുന്ന ഭാവനാവിലാസമാണു് സീതാവിചാരം. അവളുടെ വാചാലതയിൽ ധൎമ്മചിന്തയ്ക്കു് വിള്ളലും പോറലും വീഴുന്നതായി നാം ദൎശിക്കുന്നു. നായികയുടേതിനേക്കാൾ നായകാവിധാതാവായ കവിയുടെ പ്രതിഭാകന്ദളികയാണു് ചിന്താവിഷ്ടയായ സീതയിൽ കതിർവീശി പ്രകാശിക്കുന്നതെന്നു തോന്നുന്നു.

## സംസ്കാരസമ്പന്നകളുടെ ധൎമ്മബുദ്ധി

രാമൻെറ രാജധൎമ്മത്തെ സാധൂകരിക്കുന്ന ഭാഗങ്ങളാണു് സീതയുടെ വിചാരങ്ങളിൽ ഉൽകൃഷ്ടങ്ങൾ.

"അതിസങ്കടമാണു നീതിതൻ-
ഗതി; കഷ്ടം പരതന്ത്രർ മന്നവർ" എന്നും,



ഇന്ത്യാംവൈസ്പ്രസിഡൻറ് ഡാ: എസ്. രാധാകൃഷ്ണൻ

"മുടി ദൂരെയെറിഞ്ഞു തെണ്ടിടാം
വെടിയാമന്യനുവേണ്ടി ദേഹവും
മടിവിട്ടു ജനേച്ഛപോലെ തൻ-
തടികാത്തുഴിഭരിക്ക ദുഷ്കരം.

എതിരററ യമാദിശിക്ഷയാൽ
വ്രതികൾക്കും ബഹുമാന്യനമ്മഹാൻ
ക്ഷിതിപാലകധൎമ്മദീക്ഷയാ-
ന്നതിവൎത്തിപ്പു സമസ്തരാജകം"

എന്നും പറയുമ്പോൾ സീത രാമൻെറ രാജനീതിപാലനത്തെ മാനിക്കയാണുചെയ്യുന്നതു്; ആ രാജശ്രേഷ്ഠൻെറ പ്രവൃത്തിയെ സാധൂകരിക്കയാണുചെയ്യുന്നതു്. ഇവിടെ ഉയൎന്ന മണ്ഡലത്തിൽത്തന്നെ സീത വിളങ്ങുന്നു.

## പതിവ്രതകളുടെ ഭൎത്തൃഭക്തി

ഭൎത്തൃവിശ്വാസമാണല്ലോ പതിഭക്തിക്കാധാരം.

"അതിനില്ല വികല്പമിപ്പൊഴും
ക്ഷിതിപൻ മൽപ്രണയൈകനിഷ്ഠനാം

പതിയാം വിരഹം മഥിക്കിലും
രതിയും രാഘവനോക്കിലന്യയിൽ"

എന്ന് സീത പറയുന്നതു് പതിയാം പരദേവതയ്ക്കു മതിയപ്പിച്ചവളാണ് താനെന്ന തെളിയിക്കുകയാണ്.

### താരുണ്യശാലിനികളുടെ ദാമ്പത്യജീവിതമോഹം

"ഒരു ദമ്പതിമാരുമൂഴിയിൽ
കരുതാത്തോരുവിവിക്തലീലയാൽ
മരുവീ ഗതഗർവ്വർ ഞങ്ങള-
ങ്ങിരുമെയ്യാന്നൊരു ജീവിപോലവെ.

നളിനങ്ങളവുത്തുനീന്തിയും
കുളിരേലും കയമാന്നുമുങ്ങിയും
പുളിനങ്ങളിലെന്നൊടോടിയും
കളിയാട്ടം പ്രിയനന്നുകട്ടിപോൽ.

പറയേണ്ടയി! ഞങ്ങൾ, ബുദ്ധിയാൽ
കുറവില്ലാത്തമൃഗങ്ങൾപോലെയും
നിറവേററി സുഖം വനങ്ങളിൽ
ചിറകില്ലാത്തഖഗങ്ങൾപോലെയും."

എന്നിത്യാദി പഴയ കാര്യങ്ങൾ ഓക്കുമ്പോൾ മാത്രമല്ല ഭത്തൃമതികളായ താപസികളെ കാണുമ്പോഴും ഈ മോഹം സീതയ്ക്കു് വിജൃംഭിക്കുന്നുണ്ടു്.

"പ്രതിയാംകണവൻെറ സേവ നിർ-
വൃതിയായ് കാണ്മൊരുശുദ്ധരാഗമാർ
പതിദേവതമാർ ജയിക്ക, യുൾ-
ക്കൊതിയോരാത്തവർ ഭോഗമായയാൽ."

എന്നത്രേ സീത അവക്കു് വിജയാശംസ ചെയ്യുന്നതു്.

### നാടോടിപ്പെണ്ണുങ്ങളുടെ സ്വാത്ഥലോലുപത

അപവാദം സഹിച്ചും തന്നോടുകൂടി ജീവിക്കുവാൻ എന്തുകൊണ്ടു് രാമൻ കൂട്ടാക്കിയില്ലെന്നു സീത ചോദിക്കുന്നു.

"നിഹതാരികൾ ഭൂഭരിക്കുവാൻ
സഹജന്മാർ നൃപനില്ലി യോഗ്യരായ്?
സഹധർമ്മിണിയൊത്തുവാഴവാൻ
ഗഹനത്തിൽ സ്ഥലമില്ലി വേണ്ടപോൽ.

പരിശുദ്ധവനാശ്രമം നൃപൻ
പരിശീലിച്ചറിവുള്ളതല്ലയോ?"

രാജ്യം അനുജന്മാരെ ഏല്പിച്ചിട്ടു് തന്നോടുകൂടി കാട്ടിൽ പ്പോരരുതോ എന്ന ചോദ്യം എന്തു സ്വാത്ഥപരമായിരിക്കുന്നു! എന്നു മാത്രമല്ല ഭാര്യയുടെ പേരിൽ അപവാദം ചൊന്ന ആളുകളെയെല്ലാം രാമൻ വധിക്കേണ്ടതായിരുന്നുപോലും!!

"പറവാൻപണി—തൻപ്രിയയ്ക്കൊരാൾ
കുറചൊന്നാൽ സഹിയാ കുശീലനും;
കറയെന്നിലുരപ്പതുത്തമൻ
മറപോലെങ്ങിനെ കേട്ടു മന്നവൻ?"

എന്നാണ് സീത അത്ഭുതം കൂറുന്നതു്. എന്നാൽ അതൊന്നും ചെയ്യാതെയിരുന്നതു്,

"വിഭവോന്നതി, കൃത്യവൈഭവം
ശുഭവിഖ്യാതി, ജയങ്ങൾമേല്ക്കുമേൽ
പ്രഭവിഷ്ണുത"

എന്നിവററയിൽനിന്നുണ്ടായ രാമൻെറ ദുരഹന്തമൂലമാണെന്ന സീത തീപ്പുകല്പിക്കുന്നു. 'ഭ്യന്തരഗർവ്വം'

"സമദൃഷ്ടി, സമത്ഥചിന്തനം
ക്ഷമ,യന്യോന്യഗുണാനുരാഗിത"

ഇവയെല്ലാം കരളുന്ന മൂഷികനാണ്.

### സുക്ഷത്രിയകളുടെ ധൈര്യഗൗരവങ്ങൾ

രാമൻ ധമ്മശ്ശുരതപ്രേരിപ്പിച്ച കാര്യം ചെയ്തതാണെന്നു് സീത സമാധാനിക്കുന്നു.

"വിഷയാധിപധമ്മമോത്തഹോ!
വിഷമിച്ചങ്ങിനെ ചെയ്തതാം നൃപൻ!"

എന്തെന്നാൽ വിദ്വാന്മാർ അപരാധബോധത്തിൽ അംഗച്ഛേദംപോലും ചെയ്യുന്നവരാണ്. സീതയ്ക്കറിയുകയുംചെയ്യാം.

"പുറമേ വമ്പൊട്ടു തൻെറകൈയിനാൽ
മുറിവനഹമേററു നീതിതന്നറയിൽ"

രാമൻ തടങ്കലിൽ പാക്കുന്നതായിട്ടു് ഇനിവേറൊരു വേഷംകൂടി സീതയുടെ ചിന്ത അണിയുന്നുണ്ടു്. അതു് കലിംഗരാജ്യാക്രമണത്തോടുകൂടി മാനസാന്തരംഭവിച്ച അശോകചക്രവത്തിയുടെ ചിത്തവൃത്തിയാണ്. രാമനെക്കൊണ്ടു മേലിൽ ക്രൂരതകളൊന്നും ചെയ്യിക്കാതിരിക്കയാണ് നല്ലതെന്നു് സീത തീരുമാനിക്കുന്നു. എന്തെന്നാൽ:

"ഇവൾമൂലമെത്രപേർ
പതിമാർചത്തുവലഞ്ഞു നാരിമാർ
അതുപോലെ പിതാക്കൾപോയഹോ!
ഗതികെട്ടെത്ര കിടാങ്ങൾ ഖിന്നരായ്:"

ജീവിതത്തിൽ മതിവന്നു. ജീവിതത്തിൽ വിരക്തിപോലും സീതാചിത്തത്തിൽ അംകുരിക്കുന്നു.

"ചരിതാത്ഥതയാന്ന ദേഹിയിൽ
തിരിയെച്ഛോഭനമല്ല ജീവിതം
പിരിയേണമരങ്ങിൽനിന്നുടൻ
ശരിയായിക്കളിതീന്ന നട്ടുവൻ."

സീത സൂര്യചന്ദ്രന്മാരോടും നക്ഷത്രങ്ങളോടും യാത്രപറയുന്നതു് ഏതു ശിലാഹൃദയത്തെയും ദ്രവീകൃതമാക്കും.

"ഇനി യാത്രപറഞ്ഞിടട്ടെ ഹാ!
ദിനസാമ്രാജ്യപതേ! ദിവസ്പതേ!"

സൂര്യവംശത്തോടും അവസാനയാത്രപറയുന്നതായി ഇവിടെ വ്യഞ്ജിക്കുന്നുണ്ടു്.



എൻ. എസ്. എസ്. ഹൈസ്കൂൾ, ചാത്തന്നൂർ

"രമണീയവനങ്ങളേ! രണൽ-
ഭ്രമരവ്യാകുലമാം സുമങ്ങളെ!"

എന്നിത്യാദി വരികളിൽക്കാണുന്ന സീതയുടെ ഹൃദയവത്വം രോമഹർഷണമുളവാക്കുന്നു. സ്വമാതാവായ ഭൂമിദേവി തിരിയെ മടിത്തട്ടിലെടുത്തുവച്ച് തിരോഭവിക്കുന്നതായിക്കൂടി സീത അന്തർനേത്രംകൊണ്ടു ദർശിക്കുന്നു; ആ അങ്കശയ്യയിൽ സസുഖം താൻ രമിക്കുമെന്നും സ്വപ്നം കാണുന്നു.

സാധാരണ സ്ത്രീസഹജമായ ദുസ്സന്ദേഹങ്ങൾ പലതും സീതയ്ക്കുണ്ടായി. അതിലൊന്നാണ്,

തെളിയിച്ച വിരക്തിയെന്നില-
ന്നൊളിവായ് ലങ്കയിൽവച്ചു, പിന്നെയും
ചെളിയിൽപ്പദമൂന്നിയെന്തിനോ
വെളിവായിക്കുഴകുന്നു രാഘവൻ

എന്ന പ്രസ്താവന. അത്ര വലിയ സന്തോഷത്തോടുകൂടിയല്ല രാമൻ തന്നെ സ്വീകരിച്ചതെന്നും, തന്നെ ഇത്രനാൾ കൂടെത്താമസിപ്പിച്ചതെന്നും സീത ശങ്കിക്കുന്നു. രാക്ഷസഗൃഹത്തിൽപാർത്ത സീതയെ സ്വീകരിക്കുന്നതിൽ അന്നേ രാമനു വൈമനസ്യമുണ്ടായിരുന്നു. അതല്ലയോ അവിടെവച്ചുതന്നെ അഗ്നിപ്രവേശം ചെയ്യിച്ചതു്. ['രഘുപതിരപി ജാതവേദോവിശുദ്ധാം പ്രഗൃഹ്യസീതാം' രഘുവംശം] എന്നിട്ടും രാജധാനിയിൽ വന്നപ്പോൾ ലോകാപവാദംകേട്ടു. എന്നാലിനി സംരക്ഷിച്ചിട്ടുകാര്യമില്ല, ഉപേക്ഷിച്ചുകളയാം എന്നുതന്നെ രാമൻ തീരുമാനിച്ചു.

"ഇതുവരെ രവിവംശം ശുദ്ധമായ്ത്തന്നെ കാത്തു
ക്ഷിതിപതികൾ മഹാന്മാരായമൽപൂർവരെല്ലാം
അതിലൊരുമലിനത്വം ഞാൻനിമിത്തം ഭവിച്ചാൽ
ക്ഷിതായ്യലഹമധന്യൻ ഹന്ത! ഞാനുതന്നെ നിന്ദ്യൻ."
(ഉ: രാ: ച:)

വേണ്ടിവന്നാൽ ഒരുത്തനെ വെടിഞ്ഞു ഒരു കുടുംബം രക്ഷിക്കണം; ഒരു കുടുംബം വെടിഞ്ഞ് ഒരു ഗ്രാമം രക്ഷിക്കണം; ഒരു ഗ്രാമം വെടിഞ്ഞ് ഒരു ദേശം രക്ഷിക്കണം എന്നൊക്കെ ആപ്തവാക്യമുണ്ടല്ലോ.

ശരി, ഉപേക്ഷിച്ചുകൊള്ളട്ടെ; അതു നേരേ പറഞ്ഞുകൂടായിരുന്നോ എന്നാണ് സീത ചോദിക്കുന്നതു്.

"പതിയാം പരദേവതയ്ക്കുഹോ!
മതിയർപ്പിച്ചൊരുഭക്തയല്ലി ഞാൻ
ചതിയോർക്കിലുമെന്നോടോതിയാൽ
ക്ഷതിയെന്തു്?" എങ്ങിനെ പറയാനാണ്? അലയും മുറയും ഉണ്ടാകില്ലേ? അന്നു വനവാസത്തിനു പോയപ്പോൾ അലമുറനടത്തി കൂടെത്തിരിച്ചവളല്ലേ? ലക്ഷ്മണന്റെഭാര്യ കൂടെ പോയില്ലല്ലോ? (കൂടെപ്പോകാതിരുന്നതിനാൽ അവൾക്കു കുഴപ്പമൊന്നും പററിയില്ല.)

വേറൊരാരോപണം സീത ചെയ്യുന്നതു് താൻ ദോഷസഹിതയാണെന്ന് ഈ പരിത്യാഗംകൊണ്ട് രാമൻ തെളിയിച്ചുവല്ലോ എന്നാണ്.

"കൃപണോചിതവൃത്തിമൂലമെ-
ന്നപവാദം ദൃഢമാക്കിയില്ലയോ?"

എന്തുചെയ്യണം രാമൻ? സീതയെ തന്റെകൂടെത്താമസിപ്പിക്കുന്നതു ലോകാപവാദമാണെന്നു് തെളിഞ്ഞുകഴിഞ്ഞു. കളങ്കരഹിതയാണെന്നു രാമന്റെ മനസ്സാക്ഷിക്കറിയാമായിരിക്കാം. എന്നാലും ജനഹിതത്തെ മാനിക്കേണ്ടേ? അതിനുവേണ്ടി ഉപേക്ഷിച്ചതാണു്, സുരക്ഷിതമായി വാല്മീക്യാശ്രമത്തിൽ.

രാമനേയും സീതയേയും വീണ്ടും കൂട്ടിഘടിപ്പിക്കണമെന്നു വാല്മീകിക്കു് ആഗ്രഹമുണ്ടായിരുന്നുവോ? ഉണ്ടായിരുന്നു എന്നു നിശ്ശങ്കം പറയാം സീത ആശ്രമത്തിൽ ജീവിച്ചു. പ്രസവിച്ചു. കുട്ടികളും വളൎന്നു. മനുവംശാങ്കുരങ്ങളെ ഇനി ഇങ്ങനെ നിൎത്തിയാൽ ഒക്കുമോ? രാജവംശം നിലനില്ക്കേണ്ടേ? അതിനു വാല്മീകിയുടെ ബുദ്ധിശാലയിൽ പണിനടന്നു. രാമായണം രചിച്ചു. അതു യാഗവേളയിൽ കുശലവന്മാരെക്കൊണ്ടു പാടിക്കേൾപ്പിച്ചു. വാല്മീകി സ്വാഭിലാഷത്തിനു് അവ്വിധം പരാൎദ്ധ്യമായ പശ്ചാത്തലമൊരുക്കി.

രാമനെ അന്തഃതാപാകുലനാക്കണമെന്നു വാല്മീകിക്കും, കാളിദാസനും, ഭവഭൂതിക്കും ഒരുപോലെ ആഗ്രഹമുണ്ടായിരുന്നു ഭവഭൂതിയുടെ ഉത്തരരാമചരിതത്തിൽ പൂൎണ്ണഗൎഭിണിയായ സീതയെ ഹിംസ്രമൃഗങ്ങൾ പിടിക്കാൻ ചെല്ലുന്ന വൎണ്ണനയും, ഗംഗാദേവി രക്ഷിക്കുന്ന ഭാഗവും രാമനെ കരയിക്കാൻവേണ്ടിമാത്രം കേൾപ്പിക്കുന്നതാകുന്നു.

ഗാനംകേട്ടു് കാവ്യത്തിനുള്ള സമ്മാനമായിട്ടു് എന്താണു് വേണ്ടതെന്നു രാമൻ ചോദിച്ചപ്പോൾ വാല്മീകി എന്താണുപറഞ്ഞതു്?

"സതാവാഖ്യായ രാമായ മൈഥിലേയൌ തദാത്മജൌ
കവിഃ കാരുണികോ വവ്രേ സീതായാഃ സമ്പരിഗ്രഹം"

വേറൊന്നുമല്ല, സീതയെ പരിഗ്രഹിക്കലാണു് തന്റെ കാവ്യത്തിനു് സമ്മാനമായി വേണ്ടതെന്നു അമ്മുനി പറഞ്ഞു. പക്ഷേ സംഭവിച്ചതോ, രാമനും, വാല്മീകിയും, മാലോകരും ചിന്തിച്ചതോ ആഗ്രഹിച്ചതോ അല്ല.

സീത വീണ്ടും ഭൎത്തൃയോഗത്തിനഭിലഷിച്ചുവോ? ഇതും ചിന്തനീയമാണു്. അഭിലഷിച്ചില്ല. അതു് ആശാന്റെ സീത ആരംഭത്തിലേ പറഞ്ഞുകഴിഞ്ഞു.

"നിഴലിൻവഴി പൈതൽപോലെ പോ-
യുഴലാ ഭോഗമിരന്നു ഞാനിനി."

എന്തിനിനി ഭൎത്തൃസമാഗമം. പുത്രലാഭത്തിനുവേണ്ടിയാണു് അവൾ അന്നേ ആത്മഹത്യചെയ്യാതിരുന്നതു്. കുലം അന്യം നില്ക്കരുതല്ലോ. "വ്രതചൎയ്യയെല്ലാംപഴകി; അഴൽനിങ്ങി, ആത്മവിദ്യകൊണ്ടു് കാലം ശാന്തമായി കഴിയുകയാണു്." പിന്നെ, "വിവേകശക്തിയാൽ അപമാനശല്യമേ ഒഴിയാതുള്ളു." അതിനു നിവൃത്തി നേടണം. സീത സകല ചരാചരങ്ങളോടും അവസാനയാത്ര പറയുന്നതുതന്നെ അതിന്റെ നാന്ദിയാണു്. അവൾ ഈ ലോകത്തിൽനിന്നും തിരോധാനംചെയ്യാൻ തീരുമാനിച്ചു. എന്നാൽ, അതു് താൻ കളങ്കരഹിതയാണെന്നു ലോകരെ ബോദ്ധ്യമാക്കിട്ടുവേണംതാനും. രാജധാനിയിൽ ആഹൂതയായ സീതയുടെ സത്യവാചകം ചൊല്ലൽ ആൎക്കാണു് രോമഹൎഷണംജനിപ്പിക്കാത്തതു്?:

"രാമനല്ലാതൊരാളെ ഞാ-
നുള്ളിലും നിനയായ്കിലോ
എനിക്കു മാധവീദേവി
പഴുതൊന്നുതരേണമേ!

മനസ്സാൽ, തൊഴിലാൽ, വാക്കാൽ
ഞാൻ രാമാൎച്ചനചെയ്യുകിൽ
എനിക്കു മാധവീദേവി
പഴുതൊന്നുതരേണമേ!

രാമേതരനെയോൎത്തിലെ-
ന്നീയെൻചൊല്ലുള്ളതെങ്കിലോ
എനിക്കു മാധവീദേവി
പഴുതൊന്നുതരേണമേ!"

സീതയ്ക്കു രാമയോഗത്തിൽ അഭികാമമുണ്ടായിരുന്നെങ്കിൽ 'പഴുതൊന്നുതരേണമേ!' എന്നു ക്ഷമാദേവിയോടു് പ്രാൎത്ഥിക്കുകയില്ലായിരുന്നു.

ആ പതിവ്രത അപ്പോഴും രാമനെയല്ലാതെ സദസ്യരെ ആരെയും നോക്കിയില്ല. "അനുശയക്ലാന്താസ്യനാം കാന്തനെ ഒന്നുകണ്ടു" എന്നാണു് ആശാൻ പറയുന്നതു്.

"സ സീതാമങ്കമാരോപ്യ
ഭൎത്തൃപ്രണിഹിതേക്ഷണാം"

എന്നു് കാളിദാസനും പറയുന്നുണ്ടു്. "കൈകൂപ്പിതൊണ്ടയിടറി—രാമനെക്കരംചേൎത്തുമേ" എന്നാണു് വാല്മീകിവാക്യവും.

ആശാന്റെസീത മററു സീതമാരിൽനിന്നും അല്പം വ്യത്യസ്തയാണു്. അവൾ ആദ്യം രാമനെ കുററംപറയുകയും, പിന്നീടു സാധൂകരിക്കുകയുംചെയ്യുന്നു. കുററംപറച്ചിലെല്ലാം നേരത്തെ കഴിഞ്ഞില്ലേ? ആദ്യഘട്ടത്തിലാണല്ലോ അതെല്ലാം സംഭവിക്കുക. പെററു; രണ്ടു കുട്ടികളുണ്ടായി; അവർ വളൎന്നു പ്രായമായി; ശസ്ത്രശാസ്ത്രാഭ്യാസങ്ങളുംനേടി. ഇനിആണോ ഭൎത്താവിനെ കുററംപറയുന്നതു്? കുമാരനാശാന്റെ കാവ്യം വായിച്ചാൽ ആദ്യഭാഗം സീത ഉപേക്ഷിക്കപ്പെട്ട ദിവസത്തേയും ഉത്തരഭാഗം പക്വതവന്നകാലത്തേയും ആണെന്നുതോന്നും. ഞാൻ ആദ്യം പറഞ്ഞപോലെ, ഈ കാവ്യം സീതയുടെ ചിന്തയല്ല കവിയുടെ ചിന്തയാകുന്നു.

# ഭാഷാസാഹിത്യം

— പി. അനന്തൻപിള്ള എം. എ. —

ലേഖനത്തിന് ഒരു വർഗ്ഗീയച്ഛായ നൽകണമെന്ന് തീരെ ഉദ്ദേശ്യമില്ല. ശ്രീമാൻ രാമകൃഷ്ണപിള്ള ലേഖനം ആവശ്യപ്പെട്ടപ്പോൾ സാഹിത്യവിഷയമായിരുന്നാൽക്കൊള്ളാമെന്ന് പ്രതീക്ഷിച്ചിരിക്കാൻ ഇടയുണ്ടെന്നു വിചാരിച്ച്, നമ്മുടെ സാഹിത്യത്തിന്റെ നാനാവശങ്ങളേയും സ്പർശിക്കുന്ന ഒരു വിഷയം തെരഞ്ഞെടുത്തു എന്നേയുള്ളു. നിലവിലിരിക്കുന്ന സാഹിത്യചരിത്രങ്ങൾ നോക്കിയാൽ നായന്മാർക്കു ന്യായമായി അഭിമാനിക്കാവുന്ന പങ്ക് അവർ നിർവ്വഹിച്ചിട്ടുണ്ടോ എന്നു സംശയം ജനിക്കുന്നതാണ്. സാഹിത്യചരിത്രനിർമ്മാണത്തിൽ കാണുന്ന വൈകല്യങ്ങളും ഏറെക്കുറെ ഉത്തരവാദിത്വം വഹിക്കുന്നില്ലെന്നില്ല. നാടൻകൃതികളിൽ ഒരു സാരമായ ഭാഗം പ്രണേതാവാരെന്നു നിശ്ചയമില്ലാതെ വിട്ടിരിക്കയാണ്. സംസ്കൃതമോ, മണിപ്രവാളമോ ആണെങ്കിൽ ഒറ്റശ്ലോകമായാലും വേണ്ടില്ല, കർത്തൃത്വം കണ്ടുപിടിക്കുന്നതിന് തീവ്രശ്രമം ചെയ്തിരിക്കുന്നു. ഇതിൽ പക്ഷപാതശങ്ക ആരോപിക്കേണ്ടയാവശ്യമില്ല, എല്ലാം അന്വേഷിക്കാൻ തരംകിട്ടിയില്ലെന്നേയുള്ളു. എന്തായാലും ശരിയായ സംഭരണം പൂർത്തിയാക്കീട്ട് ചരിത്രമെഴുതിയിരുന്നെങ്കിൽ ഇങ്ങനെ സംഭവിക്കയില്ലായിരുന്നു.

പ്രാചീനകേരളത്തിൽ ക്രിസ്തുവർഷാരംഭത്തിനുമുമ്പുതന്നെ ഇവിടത്തെ ആദിമനിവാസികളെന്നൂഹിക്കപ്പെട്ടുവരുന്ന 'നാക'വർഗ്ഗക്കാരെ കാണാവുന്നതാണ്. അന്നു മലയാളം മൂലദ്രാവിഡഭാഷയിൽനിന്ന് വേർപിരിഞ്ഞുതുടങ്ങിയതേയുള്ളു. വ്യവഹാരഭാഷ കൊടുന്തമിഴും, സാഹിത്യഭാഷ ചെന്തമിഴും ആയിരുന്നു. ചേരരാജാക്കന്മാരുടെകാലത്ത് ചെന്തമിഴിൽ പാട്ടുകളെഴുതിയിരുന്ന കവികളുടെ കൂട്ടത്തിൽ പതിനേഴ നാകന്മാരും ഉൾപ്പെട്ടിരുന്നതായി സാഹിത്യചരിത്രകാരൻതന്നെ പറയുന്നുണ്ട്. ഈ നാകന്മാരായിരുന്നു അടുത്ത സമുദായഭരണകാലത്തു നാടുവാഴികളായും, മന്ത്രിമാരായും, സേനാനികളായും മററും വർത്തിച്ചിരുന്ന 'നായന്മാർ' എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

സംസ്കൃതവുംകൊണ്ടുവന്ന നമ്പൂരിമാർ നായന്മാരെ ഏതാണ്ടു ക്ഷത്രിയർ എന്ന ഭാവത്തിലാണ് പരിഗണിച്ചതു്. നായന്മാർക്കു രാജ്യരക്ഷയ്ക്കായി യുദ്ധംചെയ്യേണ്ടിവന്നതിനാൽ സാഹിത്യസേവനത്തിന് സൗകര്യം ലഭിച്ചില്ലെങ്കിൽ അത്ഭുതപ്പെടുവാനില്ല. എങ്കിലും നമ്പൂരിമാർ സംസ്കൃതത്തിലേയ്ക്കു പിടിച്ചുവലിച്ച ഭാഷാസാഹിത്യത്തെ നിലയ്ക്കുനിർത്തുന്നതിന് അവർക്ക് സാധിച്ചു. നമ്പൂരിമാർ നായന്മാരെ സംസ്കൃതം പഠിപ്പിച്ചില്ലെങ്കിലും, സാഹചര്യംകൊണ്ട് ചില ഗുണങ്ങളെല്ലാം ഉണ്ടായി ഏതെങ്കിലും സംസ്കൃതവാക്കു് തങ്ങളുടെ ലിപിക്കും ഉച്ചാരണത്തിനും അനുഗുണമായി മാററുന്നതിനു നായന്മാർ മടിച്ചില്ല. അങ്ങനെയുണ്ടായ അപഭ്രംശങ്ങളാണ് 'തത്ഭവങ്ങൾ'. നമ്പൂരിമാർക്ക് ആ വക വാക്കുകൾ സാഹിത്യത്തിൽ പ്രയോഗിക്കുവാൻ വൈമനസ്യമുണ്ടായിരുന്നു. മലയാളപദങ്ങളെത്തന്നെയും സംസ്കൃതീകരിക്കാനായിരുന്നു അവരുടെ യത്നം.

"പുവ്വൂകിരേ പന്തലകത്തു സൂകരാം"

ഇത്യാദി കവിതകൾ നായന്മാരുടെ അവഹേളനത്തിനു പാത്രമായി. ആ സമ്പ്രദായം അധികകാലം നിന്നില്ല. ഒടുവിൽ തത്ഭവങ്ങൾതന്നെ പ്രയോഗിക്കാമെന്നു നമ്പൂരിമാർ തീർച്ചപ്പെടുത്തി, നിലവിലിരുന്ന ചില നാടൻരീതികളിൽ കവിതയെഴുതിത്തുടങ്ങി.

"കണ്ടുമിരണ്ടുനടംചെയ്യുന്നേൻ ചേവടിയേ"—

ഇത്യാദി യാത്രകളിയിലെ നാലു പാദമായിരുന്നുവത്രേ ആദ്യത്തെ മലയാളകവിത. ഇതു നമ്പൂരിയുണ്ടാക്കിയതോ നായരുണ്ടാക്കിയതോ എന്നു തീർച്ചപറവാൻമേല. എന്തെന്നാൽ തൃക്കാരിയൂരുനിന്നും തിരുവഞ്ചിക്കുളത്തുവന്നതിനുശേഷമാണ് ഇതു പ്രയോഗിച്ചുകാണുന്നതു്. അതോടൊപ്പം 'ഇട്ടിക്കണ്ടപ്പക്കൈമൾ' മുതലായ ചില നായർപ്രമാണികളുടെ പ്രാതിനിദ്ധ്യവും യാത്രകളിയിൽ കാണാം. അവരുടെ പാട്ടുകളും ശ്ലോകങ്ങളുമൊക്കെ മലയാളത്തിലാണ്. മുക്കുവന്മാരും അവരുടെ മീൻപിടിത്തവും രംഗത്തു പ്രദർശിപ്പിക്കുന്നുണ്ട്. അതിനുവേണ്ട സാഹിത്യം നമ്പൂരിമാർ സംവിധാനംചെയ്തു എന്നു വരുന്നതല്ലല്ലോ. ഒരു തോലൻനമ്പൂരിമാത്രം അതിനായി കച്ചകെട്ടി പുറപ്പെട്ടു. അദ്ദേഹം 'ചക്കി' എന്ന നായർ സ്ത്രീയെ ഭാര്യയായി സ്വീകരിക്കുകയും, ഉപനയം മുതലായ ബ്രാഹ്മണകൃത്യങ്ങൾ വെടിഞ്ഞു് ഒരു നായരായി കഴിഞ്ഞുകൂടുകയുമാണ് ചെയ്തതു്. സംസ്കൃതം തൽഭവമായിട്ടും തത്സമമായിട്ടും ഉപയോഗിച്ച് അനവധി ഗദ്യപദ്യങ്ങൾ തോലൻ എഴുതിട്ടുണ്ട്

കൂടിയാട്ടത്തിൽ ആദ്യം നമ്പൂരിമാരും അമ്പലവാസികളുംമാത്രമേ ഭാഗഭാക്കുകളായിരുന്നുള്ളു. ഭാഷാവൈഷമ്യത്താൽ സദസ്യരുടെ സംഖ്യയും പരിമിതമായിരുന്നു. തോലന്റെ പരിശ്രമത്താലാണ് നാട്ടുഭാഷയിൽ ഫലിതം പറയുന്ന ഒരു വിദൂഷകന്റെ രംഗപ്രവേശമുണ്ടായതു്. കൂടിയാട്ടത്തിനായി കുലശേഖരവർമ്മ രചിച്ച 'തപതീസംവരണാ'ദി നാടകങ്ങളിലും ഈ പരിഷ്കാരം അനുവദിച്ചതിൽനിന്നും തോലന്റെ വിദഗ്ദ്ധജനമാ

ന്യത നമുക്കൂഹിക്കാം പ്രസ്തുത നാടകങ്ങൾക്ക് ആട്ടപ്രകാരമെഴുതിയ ഈ നായരനുഭാവിയെ അനുകരിച്ച് പല നായർകവികളും ഗദ്യപദ്യങ്ങൾ എഴുതിട്ടുള്ളതിൽ ചിലതെല്ലാം അപ്പൻതമ്പുരാന്റെ 'ശാസ്ത്രാംക'ത്തിൽ കാണാവുന്നതാണ്. കവികളുടെ പേരുവിവരങ്ങൾ അറിവാൻപാടില്ലെന്നേയുള്ളു ഒരു ശിവരാമന്റെ പേരുമാത്രം മുഴച്ചുനില്ക്കുന്ന ഈ ശിവരാമനെ ദ്രാവിഡക്ഷത്രിയൻ എന്ന സാഹിത്യചരിത്രത്തിൽ സൂചിപ്പിച്ചിരിക്കുന്നതുകൊണ്ട് നായരാകാൻമേലെന്നില്ല രാമായണപാരായണമായിരുന്നുവത്രെ അദ്ദേഹത്തിന്റെ ജീവികാമാർഗ്ഗം. ഏതു രാമായണമാണ് വായിച്ചുകൊണ്ടുനടന്നതെന്നു വ്യക്തമാക്കിട്ടില്ല. 'രാമചരിത'മായിരിക്കുമോ? അതോ തമിഴിലെ കമ്പരാമായണമോ? എന്തായാലും രാമചരിതത്തിന്റെ കർത്തൃത്വവുമായി ഈ പേര് ഒരു സാഹിത്യചരിത്രത്തിൽ ഘടിപ്പിച്ചുകാണുന്നതു് ശരിയാണോ എന്നറിഞ്ഞില്ല.

ഇക്കാലംകൊണ്ട് നമ്പൂരിമാരേർപ്പെടുത്തിയ സംസ്കൃതവിദ്യാഭ്യാസരീതി നാട്ടാശാന്മാർ മുഖാന്തിരമായി നായന്മാരുടെ ഭവനങ്ങളിലും പ്രചരിച്ചു. അങ്ങനെ വിദ്യ അഭ്യസിച്ചും, കളരിയിൽ ചേർന്ന നംപൂരിമാരുടെ സാഹചര്യംകൊണ്ടും, ഉത്തരകേരളീയരായ നായന്മാർ സംസ്കൃതത്തിലും വൈദുഷ്യം സമ്പാദിച്ചു. എങ്കിലും നംപൂരിമാർ ഏർപ്പെടുത്തിയ 'മണിപ്രവാള'ത്തിൽ അവർ ഒരു താല്പര്യവും പ്രദർശിപ്പിച്ചില്ല. ഭാരതീയപുരാണങ്ങളിലേയും ഇതിഹാസങ്ങളിലേയും കഥകൾ അവർ കേട്ടുപഠിച്ച് മലയാളത്തിലാക്കാൻ ശ്രമിച്ചു. ഒരു വിലങ്ങുതടിയായിനിന്നതു് അക്ഷരമാലയുടെ അപൂർണ്ണതയാണ്. അനവധി സംസ്കൃതപദങ്ങൾ, വിശേഷിച്ചും സംജ്ഞാനാമങ്ങൾ അപഭ്രംശങ്ങളായിട്ടേ സ്വീകരിക്കാൻ നിവൃത്തിയുള്ളൂ. അതു് നമ്പൂരിമാക്കിഷ്ടമില്ല. അതു വകവയ്ക്കാതെ വേണ്ട തൽഭവങ്ങളുണ്ടാക്കി സാഹിത്യത്തിൽ പ്രയോഗിക്കാനുള്ള ധൈര്യം നാട്ടുകാക്കുണ്ടായിരുന്നു. സംസ്കൃതവൃത്തങ്ങളിൽ ആണ് അവയെ നിബന്ധിക്കുവാൻ സൗകര്യമുള്ളതു്. സ്വന്തം വൃത്തങ്ങളുണ്ടല്ലോ പിന്നെ എന്തിനുബുദ്ധിമുട്ടുന്നു എന്നായിരുന്നു നായന്മാരുടെ മനോഗതി ചുരുക്കിപ്പറഞ്ഞാൽ 'പാട്ടു്' എന്ന പ്രസ്ഥാനം അഭിവൃദ്ധിയെ പ്രാപിക്കാനുള്ള ഉത്തമമാർഗ്ഗമായിരുന്നു അതു്. കാളിപൂജയും, നാഗാരാധനവും പണ്ടേതന്നെ നായന്മാരുടെ വകയായിരുന്നുവല്ലോ. നമ്പൂരിമാർ വന്നു് ഏറിയകാലംകഴിഞ്ഞതിനുശേഷമേ അവർ ഈ ആരാധനക്രമങ്ങളെ അംഗീകരിച്ചുള്ളൂ. പിന്നീട് അവയ്ക്കു വേണ്ട മന്ത്രതന്ത്രങ്ങളും മററും അവരേർപ്പെടുത്തി. ഇപ്പോഴും ഭദ്രകാളിക്ഷേത്രങ്ങളിൽ അകത്തു് തന്ത്രവിധിയനുസരിച്ചുള്ള പൂജനടക്കുമ്പോൾ പുറത്തുനിന്നു ഒരാൾ പാടാറുണ്ട്. സാധാരണയായി ഒരു 'ബ്രാഹ്മണി'യാണ് ആ കൃത്യം നിർവ്വഹിക്കുന്നതു്. എന്തായാലും ഒരുസംഗതി അനിഷേധ്യമാണ്. അവയെ സംബന്ധിച്ചു കാണുന്ന പാട്ടുകൾ എല്ലാംതന്നെ നായന്മാർ രചിച്ചതാണ്. അവ അംശികമായിട്ടേ കാണുന്നുള്ളൂ. ഈ അംശങ്ങളെത്തന്നെ വീണ്ടുംവീണ്ടും പകർത്തുകയല്ലാതെ, സമ്പൂർണ്ണരൂപങ്ങൾ തേടിപ്പിടിക്കുന്നതിനോ, പ്രണേതാക്കൾ ആരെല്ലാമെന്നറിയുന്നതിനോ ഇതുവരെ ഉണ്ടായിട്ടുള്ള സാഹിത്യചരിത്രങ്ങളൊന്നുംതന്നെ ശ്രമം ചെയ്തുകാണുന്നില്ല. വീരചരിതത്തെ സംബന്ധിച്ചും ഇങ്ങനെതന്നെ പറയേണ്ടിയിരിക്കുന്നു. "തച്ചോളിപ്പാട്ടു്" സുദീർഘവും മിക്കവാറും സമ്പൂർണ്ണവുമാണ്. എന്നാൽ കഥാഗതിക്കു് വിച്ഛിത്തിവരത്തക്കവിധത്തിൽ ഭാഗികമായിട്ടേ പ്രസിദ്ധപ്പെടുത്തിക്കാണുന്നുള്ളൂ. ഇതൊരുനായരുടെ കൃതിയാണെന്നു പറഞ്ഞിട്ടുള്ളതല്ലാതെ കവിയെപ്പററി യാതൊരുവിവരവും കാണുന്നില്ല തെക്കൻപാട്ടുകളുടേയും ഗതി ഏതാണ്ടിതുപോലെതന്നെ. 'ഇരവിക്കുട്ടിപ്പിള്ളപ്പോരു്', 'കന്നടിയൻപോരു്' മുതലായ വീരചരിത്രപരമായ പാട്ടുകൾ നായന്മാരുടെകൃതികളായിരിക്കെ, നിർദ്ദിഷ്ടസ്ഥലങ്ങളിൽ ചെന്നു് വേണ്ട അന്വേഷണംനടത്താൻ സാധിക്കായ്കയാൽ ഉഴലുറായിവിട്ടിരിക്കുന്നു.

വടക്കൻപാട്ടുകൾ മലയാളവും സംസ്കൃതവും ചേർന്നതാണെങ്കിൽ, തെക്കൻപാട്ടുകൾ നാട്ടുഭാഷയും തമിഴും കലന്നതാണെന്നു വ്യത്യാസം. ഇവയുടെ ഇടയ്ക്കുള്ള 'കണ്ണശ്ശൻ'പാട്ടുകളിലാകട്ടെ മലയാളവും, തമിഴും, സംസ്കൃതവും ഇടകലർത്തി പ്രയോഗിച്ചിരിക്കുന്നതുകാണാം. ഇതൊന്നും മണിപ്രവാളത്തിൽ പെടാത്തതുകൊണ്ടു് ശുദ്ധനാടൻകവിതയായിട്ടുതന്നെയാണു നാം ഗണിച്ചുവരുന്നതു്. ഈ പരമാർത്ഥം 'ലീലാതിലക'കാരനും അറിയാമായിരുന്നു. എങ്കിലും അദ്ദേഹം 'വൃത്തവിശേഷയുക്തം' എന്നു വടക്കൻപാട്ടിനേയും, 'പാണ്ഡ്യഭാഷാസാരൂപ്യം ബാഹുല്യേന പാട്ടിൽ' എന്നു തെക്കൻപാട്ടിനേയും പരാമർശിച്ചുകൊണ്ടു കണ്ണടച്ചു കടന്നുകളഞ്ഞു. പാട്ടിനെപ്പററി എഴുതാൻ ആളുണ്ടായില്ല. ഇങ്ങനെ നമ്മുടെ യഥാർത്ഥസ്വതന്ത്രകവിതയെ തള്ളിമാററി ദീർഘവൃത്തങ്ങളും, പെരുമ്പാമ്പിഴയുന്നതുപോലെയുള്ള സംസ്കൃതഗദ്യവും, നാടൻരീതികളിൽ ഗദ്യമെന്നു പേരുപറഞ്ഞു പദ്യവും, അശ്ലീലവും, അലംകാരശബളതയും കൊണ്ടുനിറഞ്ഞ മണിപ്രവാളം,ഡ്രൈഡന്റെകാലത്തെ ഇംഗ്ലീഷുസാഹിത്യംപോലെ ഏകദേശം മുന്നൂറുകൊല്ലത്തോളം കേരളത്തിൽ നടമാടി എന്നെന്നേക്കുമായി മറഞ്ഞു. അസ്ഥാനത്തും അകാലത്തും ആണെങ്കിലും ഈയ്യിട അന്തരിച്ച ശ്രീ: കെ. പി. ശാസ്ത്രി എഴുതിയ 'ചിത്രാഭിഷേകം' ചമ്പുമാത്രമേ ഈ പ്രസ്ഥാനത്തിൽ നായരുടെ വകയായിട്ടുള്ളൂ. അതിലനുമോദിക്കാൻ വകയില്ല, പ്രത്യുത സാഹിത്യത്തിലെ അന്ധകാരമയമായ ആ അന്തരാളഘട്ടം—കണ്ണശ്ശനും എഴുത്തച്ഛനുംഇടയ്ക്കു് —അങ്ങനെ കഴിഞ്ഞുപോയല്ലോ എന്നു് ആശ്വസിക്കാൻ വഴിയുണ്ടു്. ലീലാതിലകകാരൻ പാട്ടു് 'ശ്ലോകത്തിൽകഴിച്ചു' എങ്കിലും നാട്ടുഭാഷയ്ക്കു് ഒരു ആനുകൂല്യം ചെയ്തു "ഭാഷാസംസ്കൃതയോഗം" എന്നു മണിപ്രവാളത്തെ നിർവ്വചിച്ചപ്പോൾ ഭാഷയുടെ സ്ഥാനത്തു് 'മണി' യാണു നിർദ്ദേശിച്ചതു്. എന്നാൽ കവികളെന്താണു

ചെയ്തതു്? സംസ്കൃതത്തിനുതന്നെ ആ സ്ഥാനംനൽകി. ചില പദ്യങ്ങളിൽ തൊണ്ണൂററൊമ്പതുശതമാനവും പദങ്ങൾ സംസ്കൃതമായാലും മണിപ്രവാളംതന്നെ! എന്നാൽ മുഴുവനുമങ്ങു സംസ്കൃതമാക്കിക്കളയരുതോ? ഇങ്ങനെ കേരളീയസംസ്കൃതകൃതികൾക്കും ഭാഷാസാഹിത്യത്തിൽ സ്ഥാനം ലഭിച്ചു. പുതിയ ഭാഷാചരിത്രത്തിലെ ഇരുനൂററിനാല്പതിൽപരം പേജുകൾ ആവക കൃതികൾ അപഹരിച്ചുകാണുന്നുണ്ടു്. പോരെങ്കിൽ അതേഗ്രന്ഥകാരന്റെതന്നെ മുന്നൂറിൽപരം പേജുകളുള്ള 'ചമ്പുപ്രസ്ഥാനം' എന്ന പുസ്തകവും ഉണ്ടു്. സഹൃദയലോകത്തിനു് ഇതെല്ലാം ആവശ്യമാണത്രേ! എന്നാലെന്തുകൊണ്ടാണു് അവ സൂര്യപ്രകാശമേല്ക്കാതെ കിടന്നുപോയതു്? അവയുടെ മദ്ധ്യത്തിലുണ്ടായ 'കൃഷ്ണഗാഥ' എത്രനേരത്തേ പ്രസിദ്ധീകൃതമായിത്തീൎന്നു? സഹൃദയലോകവും അസ്തമിച്ചുപോയിരിക്കാം. ഇപ്പോഴത്തെ സഹൃദയലോകത്തിനു് അതൊന്നും ആവശ്യവുമില്ല. മലയാളം 'എം. ഏ.'യ്ക്കു ചേരുന്ന എട്ടോ പത്തോ സഹൃദയന്മാരൊഴികെ ആരും അവയെ ആദരിച്ചുകണ്ടിട്ടില്ല. ഇത്രയുംപേക്ഷായി അത്തരം ഗ്രന്ഥങ്ങൾ ആവൎത്തിച്ചു മുദ്രണംചെയ്യുവാനും ആരും തുനിയുന്നില്ല. ഒരു കാലത്തു് കേരളസാഹിത്യം സംസ്കൃതമയമായിരുന്നുവെന്നുവന്നാൽ അതു് അഭിമാനാസ്പദമാണല്ലോ. ഈ വ്യതിയാനം നില്ക്കട്ടെ.

മലയാളത്തിൽ ഗണ്യമായ ഒരു സാഹിത്യകൃതി ഉണ്ടായതു് കൊല്ലം നാലാംശതകത്തിലാണെന്നും, അതു 'രാമചരിത'മാണെന്നും സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ. അതിന്റെ പ്രണേതാവിനെപ്പററി സംശയമൊന്നുമില്ല. ഒരു 'ചീരാമ'നാണെന്നു ഗ്രന്ഥത്തിൽത്തന്നെ പറഞ്ഞിട്ടുണ്ടു്. എന്നാൽ ഈ ചീരാമൻ ഒരു ശ്രീരാമവൎമ്മമഹാരാജാവാണെന്നു നിൎണ്ണയിക്കുവാൻ എന്താണാവോ തെളിവുള്ളതു്? രാജഗൃഹത്തിലനു സംസ്കൃതവിദ്യാഭ്യാസത്തിനേതരമുള്ളു. കവിയാകട്ടെ തമിഴ്മുറയ്ക്കു വിദ്യ അഭ്യസിച്ചു് ചെന്തമിഴിലുള്ള ഉപരിഗ്രന്ഥങ്ങൾ പരിചയിച്ചിട്ടുള്ള ആളാണു്. വീരചരിതപ്രധാനങ്ങളായ പാട്ടുകളനു് പല നായർകവികളും രചിച്ചതായി പറഞ്ഞുവല്ലോ. രാമായണം കഥയിലെ വീരന്മാരെയെല്ലാം ഒരുമിച്ചുകാണുന്നതു് യുദ്ധകാണ്ഡത്തിലാണു്. അതുകൊണ്ടു പ്രസ്തുത കവികളിലൊരാളാണു് രാമചരിതം എഴുതിയതെങ്കിൽ അതു ഖണ്ഡിക്കേണ്ടയാവശ്യമുണ്ടെന്നു തോന്നുന്നില്ല. ശ്രീപത്മനാഭസ്വാമിയെ കുലദൈവമായി പ്രസ്താവിച്ചിട്ടില്ല. കവി പത്മനാഭദാസനാണെന്നും പറഞ്ഞിട്ടില്ല. ഒരു പ്രധാനക്ഷേത്രത്തിലെ ദേവനായതുകൊണ്ടും താൻ സമീപവൎത്തിയായതുകൊണ്ടും കവി സ്തുതിക്കുന്നു എന്നേയുള്ളു. ആകയാൽ ശ്രീരാമനെ ചീരാമനാക്കി അധഃപതിപ്പിക്കാതെ ആ പേരുകാരനായ ഒരു നായർ കവി എഴുതിയതാണു് പ്രസ്തുത കൃതി എന്നഭിപ്രായപ്പെടുവാൻ വൈഷമ്യമില്ല. സംസ്കൃതാപഭ്രംശങ്ങൾ പേരുകളായിത്തീരുമ്പോൾ മൂലരൂപം ആരും അന്വേഷിക്കാറില്ല. 'ചീരാമൻ' അന്നു് നായന്മാരുടെ ഇടയിൽ സൎവ്വസാധാരണമായ ഒരു നാമമായിരുന്നു. 'മാമാങ്ക'പ്പാട്ടിൽ 'ചാവേറുനായന്മാ'രുടെ പേരുകൾ വിവരിക്കുമ്പോൾ,

"അപ്പൊഴേവരുന്നിതു പട്ടിക്കാട്ടുണ്ണാമനും,
അന്നേരംവരുന്നിതു വെളുത്തോൻ ചീരാമനും"

എന്നു കാണുന്നു. ചാവേറിൽ അയാൾ മരിക്കുന്നു.

"പള്ളമേൽവെട്ടുകൊണ്ടു മരിച്ചു ചീരാമനും."

ഇങ്ങനെ മലയാളത്തിലെ സ്വതന്ത്രകവിതയായ പാട്ടിനു് ആദ്യമായി ഒരു ഉത്തമകാവ്യം സമ്മാനിച്ചതു് ഒരു നായർകവിയായ ചീരാമനാണു്. അദ്ദേഹത്തെ തുടൎന്നു രാമകഥപ്പാട്ടു രചിച്ച അയ്യപ്പിള്ളആശാനും, അദ്ദേഹത്തിന്റെ അനുജൻ ഭാരതംപാട്ടുണ്ടാക്കിയ അയ്യനപ്പിള്ളആശാനും നായന്മാരായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. അന്നത്തെ ഗദ്യത്തിലും നായന്മാർ കൈവയ്ക്കാതിരുന്നില്ല. കൗടില്യന്റെ അൎത്ഥശാസ്ത്രം ഭാഷാന്തരപ്പെടുത്തിയതു് അജ്ഞാതനാമാവായ ഒരു നായരായിരുന്നു. "അമ്മാമൻധനം മരുമക്കൾ കൊള്ളുവതു്" എന്നും മററുമുള്ള കേരളാചാരങ്ങൾക്കു അതിൽ പ്രാധാന്യം നൽകിയിരിക്കുന്നു. അവ മൂലത്തിലില്ലാത്ത ആശയങ്ങളാണു്.

ചീരാമന്റെ വഴിപിടിച്ചു് നിരണത്തു രാമപ്പണിക്കർ വാല്മീകിരാമായണം സമഗ്രമായി വിവൎത്തനംചെയ്തവതരിപ്പിച്ചു. മാധവപ്പണിക്കർ ഭഗവൽഗീതയും, ശങ്കരപ്പണിക്കർ ഭാരതഭാഗവതങ്ങളും (അംശികമായി) ഭാഷയിലാക്കി. ഈ കൃതികൾക്കു് ദേശഭേദംകൊണ്ടുള്ള ഭാഷാവൈകല്യംനിമിത്തം കേരളമൊട്ടുക്കു പ്രചരിക്കുവാൻ ഇടയായില്ല. ഭാരതഭാഗവതാദി ചമ്പുക്കൾക്കും അങ്ങനെതന്നെയാണല്ലോ സംഭവിച്ചതു്. ഏതായാലും നിരണംപാട്ടുകളിലും, കൃഷ്ണഗാഥയിലും അനവധി മണിപ്രവാളകൃതികളിലുംകൂടി മലയാളത്തിൽ കടന്നുകൂടിയ സംസ്കൃതപദങ്ങൾക്കു കണക്കില്ലായിരുന്നു. ഭാഷയുടെ ദാരിദ്ര്യം നീങ്ങി. ഇനി അതിനെ വ്യവസ്ഥപ്പെടുത്തിയാൽമതി എന്ന ഘട്ടത്തിലെത്തിയപ്പോൾ ആണു് തുഞ്ചന്റെ ആവിർഭാവം. പാട്ടെന്നും, മണിപ്രവാളമെന്നുമുള്ള വിഭാഗീയസംജ്ഞകളേ ആവശ്യമില്ല. ഭാഷാകവിത അതെല്ലാം ഉൾക്കൊള്ളും. ഏതു വൃത്തമോ, ശീലോ സ്വീകരിക്കാം. സംസ്കൃതത്തിലെ തത്ഭവങ്ങളും തത്സമങ്ങളും വേണ്ടിടത്തോളമുപയോഗിക്കാം. പക്ഷേ പ്രസിദ്ധങ്ങളായിട്ടുള്ളവയേ പാടുള്ളു. ഇനിമേൽ തത്ഭവങ്ങൾ പുതുതായി സൃഷ്ടിക്കേണ്ടയാവശ്യമില്ല. ഏതുവാക്കും ഭാഷയിലുപയോഗിക്കുന്നതിനു് ലിപി പ്രതിബന്ധമായി നില്ക്കരുതു്. വേണ്ട ലിപികളെല്ലാം അപ്പോളപ്പോളായി ആവിർബ്ഭവിച്ചിട്ടുണ്ടെങ്കിലും, എല്ലാം ഒരുമിച്ചുകൊണ്ടുവന്നു ചിട്ടപ്പെടുത്തി ഒരു സമ്പൂൎണ്ണ അക്ഷരമാല നടപ്പാക്കണം. 'സദ്യഃ പരനിർവൃതി'ക്കായിമാത്രം കവിതയെഴുതിയാൽ പോരാ. അതിനു ശാശ്വതമായ ഒരു മൂല്യം ഉണ്ടായിരിക്കണം. ജനങ്ങളുടെ മതവിശ്വാസത്തിനും സന്മാൎഗ്ഗബോധത്തിനും അതു സഹായകമായിരിക്കണം. അലങ്കാരവും ധ്വനിയും




എൻ. എസ്. എസ്. ഹൈസ്കൂൾ, പാൽക്കുളങ്ങര

മററും കവിതയ്ക്കു ഭൂഷണമാണു്. എന്നാലവയ്ക്കുവേണ്ടി മാത്രം കവിതയെഴുതരുതു്. അശ്ലീലം കഴിയുന്നത്ര വർജ്ജിക്കണം. അതിരുകവിഞ്ഞ സംഭോഗശൃംഗാരവർണ്ണനം വായനക്കാരെ, പ്രത്യേകിച്ചും യുവജനങ്ങളെ അപഥസഞ്ചാരം ചെയ്യിക്കുന്നതാണു്. പണ്ടത്തെ കവിതയിൽ അതു ധാരാളം കാണും. അന്നത്തെ സമുദായസ്ഥിതി അതിനു് ഏറെക്കുറെ അനുകൂലമായിരുന്നു ഇന്നു് അതിനാവശ്യമില്ല. എഴുത്തച്ഛൻ ഒരു നിയമസംഹിത കൊണ്ടല്ല ഇവയെല്ലാം നടപ്പിലാക്കാൻ ശ്രമിച്ചതു്. കൃതികൾ എഴുതിയാണു്. ഭാരതീയസംസ്കാരത്തിന്റെ കലവറയായ രണ്ടു ഇതിഹാസങ്ങളും പ്രഥമസ്ഥാനമർഹിക്കുന്ന ഒരു പുരാണവും അദ്ദേഹം ഭാഷയിലവതരിപ്പിച്ചു. ഈ മൂന്നു കൃതികളും കേരളീയരെ എത്രമാത്രം സന്മാർഗ്ഗത്തിൽ പ്രേരിപ്പിച്ചിട്ടുണ്ടെന്നു പറയേണ്ടയാവശ്യമില്ല. ഭക്തന്മാർക്കും, ദ്വൈതികൾക്കും, അദ്വൈതികൾക്കും എന്നുവേണ്ട വിവിധ മതവിശ്വാസികൾക്കും അവ അത്യന്തം പ്രയോജനകരമായിത്തീർന്നിട്ടുണ്ടു്. പിന്നീടു വന്ന കവികൾക്കു് ആട്ടക്കഥയോ തുള്ളലോ മഹാകാവ്യമോ ഏതുപ്രസ്ഥാനത്തിലും വേണ്ട കഥകൾ നിഷ്പ്രയാസം തെരഞ്ഞെടുക്കുന്നതിനു സാധിച്ചു. തുഞ്ചൻപാട്ടുകളുടെ അഭാവത്തിൽ നമ്മുടെ സാഹിത്യം ഇത്ര വിപുലമായിത്തീരുകയില്ലായിരുന്നു എന്നുള്ളതു് അനുക്തസിദ്ധമാണു്.

* * * *

ഇത്രയും എഴുതിക്കഴിഞ്ഞപ്പോൾ ആണു് അതിദാരുണമായ ആ വാർത്ത ഇടിത്തീപോലെ എന്റെ കർണ്ണപുടങ്ങളിൽ പതിച്ചതു്. മഹാകവി വള്ളത്തോളിന്റെ ചരമം ഏതു കേരളീയനാണു സഹിക്കുന്നതു്? കൈരളി നിസ്സഹായയായി, നിരാധാരയായി. ആ പാവനമായ നാമം ഞാൻ കേട്ടുതുടങ്ങീട്ടു കൊല്ലം അൻപതുകഴിഞ്ഞു ഇതിനിടയ്ക്കു് ആ മഹാനുഭാവൻ ഭാഷയ്ക്കു നേടിക്കൊടുത്തിട്ടുള്ള ധനവിഭവങ്ങളുടെ ഒരു കണക്കെടുക്കുകയാണെങ്കിൽ വേറേ ആർക്കെങ്കിലും ഇത്രയും സാധിച്ചിട്ടുണ്ടോ എന്ന ചോദ്യം അവശേഷിക്കും. ആ വിനയസമ്പന്നതയും, സഹപ്രവർത്തകരോടുള്ള അനുകമ്പയും, പരിശ്രമശീലവും എല്ലാത്തിലും ഉപരിയായി ഭാവനാശക്തിയും തികഞ്ഞ ആദർശപുരുഷൻ, നായർവംശമണിദീപം, എന്നെന്നേക്കുമായി നമ്മെ വിട്ടുപിരിഞ്ഞുവല്ലോ. സാഹിത്യസരണിയിൽക്കൂടിത്തന്നെ അദ്ദേഹത്തെ സമീപിക്കണമെന്നു വിചാരിച്ചുതുടങ്ങിയ ഈ ലേഖനം ഇവിടെ ഇങ്ങനെ അപൂർണ്ണമായി വിടുവാനേ തരമുള്ളു എന്നു് ഖേദപൂർവ്വം വിരമിക്കുന്നു.

★

# ഉപന്യാസം

പ്രാചീനകേരളീയർ കൈവയ്ക്കാത്ത വിഷയങ്ങളൊന്നുമില്ലെന്നുതന്നെ പറയാം. തന്ത്രം, സ്മാർത്തം, അനുഷ്ഠാനം, ചിത്രകല, ശില്പം, നാട്യം, സംഗീതം, കായികാഭ്യാസം, ചായപ്പണി, സൈന്യതന്ത്രം, മന്ത്രവാദം, കണക്കു്, വൈദ്യം, ജ്യോതിഷം, വ്യാകരണം, തർക്കം, വേദാന്തം എന്നിങ്ങനെ എത്രയെത്ര വിഷയങ്ങളെപ്പററിയാണു് പഴയകാലത്തു് ഗ്രന്ഥങ്ങൾ ഉണ്ടായിട്ടുള്ളതെന്നാലോചിച്ചാൽ ഇന്നത്തെ കഥ കുറേ പരുങ്ങലിലാണെന്നു സമ്മതിക്കേണ്ടിവരും. അത്രമാത്രവുമല്ല, പദ്യത്തിലാണു് പണ്ടുള്ളവർ പാടെ എഴുതിവന്നതെന്നുള്ള ധാരണ പരമാബദ്ധവുമാണു്. കൊല്ലവർഷം 50-ൽ ഉണ്ടായ ഒരു ഗദ്യഗ്രന്ഥത്തെപ്പററി അപ്പൻതമ്പുരാൻ രേഖപ്പെടുത്തിയിരിക്കുന്നു. അതിനുശേഷം എഴുത്തച്ഛൻെറകാലംവരെയും മലയാളത്തിൽ കൂടുതൽ ഉണ്ടായിട്ടുള്ളതു് ഗദ്യഗ്രന്ഥങ്ങളാണു്. അക്കഥ അറിയാതെ സംസ്കൃതപണ്ഡിതന്മാർ പലരും, അവരെ അനുകരിച്ചു് മററുചിലരും, മലയാളത്തിൽ ഗദ്യം പൂജ്യമാണെന്നു പ്രസ്താവിച്ചിട്ടുണ്ടു്. ഇന്നും ആ തെററിദ്ധാരണ മാറിയിട്ടില്ലെന്നു പറയണം. ഇവിടെ പോർട്ടുഗീസുകാരാണു ഗദ്യസാഹിത്യം ഇറക്കുമതിചെയ്തതെന്നുള്ള ചിലരുടെ അഭിപ്രായം ഈ ഘട്ടത്തിൽ ഓർമ്മവരുന്നു.

എന്നിരുന്നാലും, ഒന്നുണ്ടു്. ആധുനികരൂപത്തിലുള്ള ഉപന്യാസങ്ങൾക്കു് നാം പാശ്ചാത്യരോടാണു് കടപ്പെട്ടിരിക്കുന്നതു്. ആ പാശ്ചാത്യർ പോർട്ടുഗീസുകാരല്ല, ഇംഗ്ലീഷുകാരാണു്. ഇംഗ്ലീഷുവിദ്യാഭ്യാസത്തിൻെറ പ്രചാരമാണു് മലയാളത്തിൽ ഉപന്യാസം, വിമർശനം, ഇത്യാദി സാഹിത്യശാഖകൾ ഉൽഭവിക്കാനും വളരാനും കാരണം. എന്നാൽപോലും, ഉപന്യാസത്തിനു ആംഗലസാഹിത്യത്തിൽത്തന്നെയും അത്രവളരെ പഴക്കമുണ്ടെന്നർത്ഥമില്ല. പതിനാറാംനൂററാണ്ടിൽ മോണ്ടെയിൻ എന്ന ഫ്രഞ്ചുഗദ്യകാരൻ ഉപന്യാസങ്ങൾ എഴുതിയതിനെ ബേക്കൺതുടങ്ങിയ ഇംഗ്ലീഷുഗദ്യകാരന്മാർ അനുകരിച്ചു. അങ്ങനെ ആംഗലസാഹിത്യത്തിൽ ഉപന്യാസശാഖ ഉണ്ടായി. പെട്ടെന്നു് അതു വളച്ചുപ്രാപിക്കയും ചെയ്തു ഇന്നാകട്ടെ ലോകത്തിൽ ആകെത്തന്നെയും ഉപന്യാസങ്ങൾക്കാണു് കൂടുതൽ പ്രചാരം. പലപ്പോഴും പത്രങ്ങളിലെ പരസ്യങ്ങൾപോലും ഉപന്യാസരൂപം കൈക്കൊള്ളാറുണ്ടു്. പക്ഷേ അവയ്ക്കു് സാഹിത്യമൂല്യം ആരും കല്പിക്കാറില്ല. കേവലം പ്രചാരവേലയ്ക്കുവേണ്ടി സാഹിത്യം കൈകാര്യംചെയ്താൽ യഥാർത്ഥസാഹിത്യത്തിൽ ആ വ്യവസായം വിലപ്പോകുകയില്ലെന്നു അതുകൊണ്ടു മനസ്സിലാക്കാവുന്നതും മനസ്സിലാക്കേണ്ടതുമാണു്. പരസ്യമെഴുത്തുകാരുടെ കഴിവുകേടല്ല; സാഹിത്യഗുണം ഇല്ലാഞ്ഞിട്ടുമല്ല. എന്തൊക്കെയായാലും പ്രചാരവേലയ്ക്കു് മനുഷ്യൻെറ കൗതുകത്തേയും, താല്പര്യത്തേയും നിലനിത്തിക്കൊണ്ടുപോകാൻ കഴിവില്ലെന്നുമാത്രം.

സമീപത്തു്, അഥവാ മുൻപിൽ, ന്യസിക്കപ്പെടുന്നതെന്തോ അതു് ഉപന്യാസം എന്നു പദാർത്ഥം. ഉപന്യാസകാരൻ തൻെറ ഹൃദയഭാവങ്ങളെ ഗദ്യരൂപത്തിൽ നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കുമ്പോൾ അതു് ഉപന്യാസമാകുന്നു എന്നു ചുരുക്കം. അഥവാ, അയാൾ ഉപന്യാസരൂപത്തിൽ തന്നെത്തന്നെ വായനക്കാരൻെറ സമീപത്തു് ന്യസിക്കുന്നു. ഉപന്യാസത്തിലൂടെ വായനക്കാരൻ ഉപന്യാസകാരൻെറ ആത്മഭാവം കാണാനിടയാകുന്നു എന്നു് ഇതുകൊണ്ടു് വ്യക്തമാണു്.

ഉപന്യാസം എന്നതു് ഉപന്യാസകാരൻെറ മനസ്സിൻെറ ഒരു കുതിച്ചുചാട്ടം, "a sally of the mind" ആണെന്നു് ഡാ: ജാൺസൺ ഇംഗ്ലീഷിൽ നിർവ്വചിച്ചിട്ടുണ്ടു്. പക്ഷേ ഇംഗ്ലീഷിൽ അതിനു The essay എന്നാണുപേരു്; അർത്ഥം, "ഉദ്യമം" എന്നും. എന്നാൽ മനസ്സു് വെളിയിലേയ്ക്കു കുതിക്കുന്നതുകൊണ്ടുണ്ടാകുന്ന ഫലം ഉപന്യാസകാരൻ വായനക്കാരനു സ്വന്തഭാവങ്ങളെ ആവിഷ്കരിച്ചുകൊടുക്കുക എന്നതാണു്. ഉപന്യാസശബ്ദത്തിൻേറയും അർത്ഥം അതുതന്നെയാണെന്നു നാം കണ്ടു. അതിനാൽ അർത്ഥാൽ രണ്ടും ഒന്നുതന്നെയെന്നു ഗമ്യം.

— പി. ദാമോദരൻപിള്ള —

സ്വന്തംഭാവങ്ങളുടെ ആവിഷ്കരണമാണു് ഉപന്യാസമെങ്കിൽ അതിൽ കേവലം ശാസ്ത്രീയമായ ശുഷ്കപ്രതിപാദനത്തിനു കാര്യമില്ലെന്നു കാണാം. "ചന്ദ്രൻ ഭൂമിയിൽനിന്നു് രണ്ടരലക്ഷംമൈൽ അകലെനിൽക്കുന്ന ഒരു ഗോളമാകുന്നു സൂര്യൻെറ പ്രകാശംതട്ടി അതു് തിളങ്ങുന്നു. പതിനഞ്ചുദിവസത്തിലൊരിക്കൽ അതിനു വൃദ്ധിക്ഷയങ്ങളിലൊന്നുണ്ടാകുന്നു. ക്ഷയകാലത്തെ കറുത്തപക്ഷമെന്നും, വൃദ്ധികാലത്തെ വെളുത്തപക്ഷമെന്നും പറയുന്നു." ഇത്യാദി പ്രതിപാദനത്തെ മലയാളത്തിൽ ഉപന്യാസമെന്നു പറയാറുണ്ടെങ്കിലും "എസ്സേ" എന്ന അർത്ഥത്തിൽ അതു് ഉപന്യാസമല്ല; വെറും ശാസ്ത്രീയ വിവരണമാണു്.

ശാസ്ത്രം ബാഹ്യവസ്തുകളെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നു ആ വസ്തുകൾക്കു് നിങ്ങളുമായി ബന്ധമൊന്നുമില്ല നിങ്ങൾ അംഗീകരിച്ചാലും ഇല്ലെങ്കിലും അവ സ്വന്തനിലയിൽ യഥാർത്ഥവസ്തുകളായിത്തന്നെ ശേഷിക്കും. സൂര്യനും, ചന്ദ്രനും ബാഹ്യവസ്തുകളാണു്. സൂര്യനു ചൂടും ചന്ദ്രനു തണുപ്പും ഉണ്ടെന്നുള്ളതും ബാഹ്യവസ്തുതന്നെ. നിങ്ങളോ ഞാനോ അക്കാ

# സ്മരണയുടെ മുമ്പിൽ

— പി. നളിനകുമാരി —

കലയുടെമനോജ്ഞമാം കോവിലിലിത്രനാൾ
കതിരൊളി ചൊരിഞ്ഞൊരുദിവ്യപ്രകാശമേ!

ഒരു മഹിതസുന്ദരസ്വപ്നമായ് മന്നിൽനി-
ന്നൊട്ടുവിലിത, നീയും പൊലിഞ്ഞുപോയെങ്കിലും

മറവിയുടെകൈകൾക്കുമാവില്ല നിൻയശോ-
ധവളിമയിലൊട്ടും നിഴൽപ്പാടുയർത്തുവാൻ.

ലഘുതരമൊരോമനത്തൂലികത്തുമ്പിനാൽ
അലഘുജയമാർന്നു വിശ്വമൊട്ടാകവേ;

ഇതുവിധമൊരത്ഭുതസിദ്ധിതൻപാവന-
സ്മൃതിയിലതിധന്യയായ് നിൽക്കുകയാണിതാ

പരിചിയലുമക്കാവ്യദിവ്യസൂനങ്ങളാൽ
പരിണതസുഗന്ധിയായ് തീർന്നൊരെൻകൈരളി.

കനിവിയലുമക്കരലാളനയേറ്റേറ്റു
പുകഴുമൊരു സാഹിതീസൽക്കലാക്ഷേത്രമേ!

കരയുവതിനില്ലിന്നു കാര്യ,മൊന്നോർക്കിലി-
ധരയിലിതുമട്ടാർക്കു ഭാഗധേയംവരാൻ?

വിഷമയശരങ്ങളാൽ "ഗ്രാമവൃക്ഷത്തിലെ-
ക്കുയിലിനെയു"മെയ്യാൻതരംനോക്കിനില്പവർ

നിറയുമൊരിടത്തെന്നുമൊന്നുപോൽ കീർത്തിതൻ-
നറുമണമിയന്നിതേ തൽക്കലാസേവനം.

അതിമഹിതമാമാർഷസംസ്കാരവേദിയിൽ
പുതുകനകദീപവുമായ് ഭവാനെത്തവേ,

അതുലകുതുകാദരം നിന്നുപോയീ വിശ്വ-
മഖിലവുമൊരേമട്ടിലക്കാഴ്ച കാൺകയാൽ

അഴകലകളോലുമാനാദസരിത്തിലൂ-
ടൊഴുകിയഹൃദന്തങ്ങളെല്ലാമുണർന്നിടാൻ

സിരകളിൽനവോന്മേഷഹർഷംപകർത്തുമാ-
റുരുവിട്ടുകയായങ്ങു സ്വാതന്ത്ര്യഗാഥകൾ.

ജനഹൃദയലക്ഷങ്ങളെത്രമേലാ നവ-
പ്രണവരസമാസ്വദിച്ചാഹ്ലാദമത്തരായ്!

തവ മധുര"സങ്കല്പവായുവിമാനത്തി"-
ലതികുതുകമേറി നാം സഞ്ചരിച്ചീടവേ,

മരികവരുമായിരം മോഹനദൃശ്യങ്ങ-
ളതിനിടയിലീക്ഷിച്ചു കോൾമയിർക്കൊണ്ടുപോം.

മധുരതരശൈശവോല്ലാസത്തിലും, സ്ഫുരൽ-
പ്രഭയെഴുമമോഘമാം വേദസാരത്തിലും,

'പഴയൊരുപധാനത്തിലൂ'ടെയുമൊന്നുപോൽ
പ്രതിഭപകരുന്നൊരാ സൽക്കാവ്യഗംഗയിൽ

അനുനിമിഷമാമഗ്നരാകവേ ഞങ്ങളി-
ങ്ങൊരുസുഖദനിർവൃതി പൂണുന്നു മേല്ക്കുമേൽ.

കവനസുധതൂകിയിക്കൈരളീദേവിതൻ-
കരളിലുരുപുണ്യം പകർന്ന മഹാഗുരോ!

ഭവികദവിശുദ്ധം ഭവൽസ്മരണാമൃതം
പരിചൊടു നുകർന്നാവു ഞങ്ങളനാരതം!!

---

[ദിവംഗതനായ മഹാകവി വള്ളത്തോളിനെ അനുസ്മരിച്ചെഴുതിയതു്.]

★

---

ത്യം സമ്മതിച്ചില്ലെങ്കിലും അതു നീക്കുപോക്കില്ലാതെ ശേഷിക്കുമെന്നു സാരം. ശാസ്ത്രം ഈമാതിരി ബാഹ്യസത്യങ്ങളെയാണു് ആശ്രയിച്ചിരിക്കുന്നതെന്നുള്ളതിനാൽ അതിലെ പ്രതിപാദനങ്ങൾക്കു് ഉപന്യാസകാരന്റെ സ്വന്തഭാവങ്ങളെ ആവിഷ്കരിക്കുക എന്ന ധർമ്മമില്ല.

ശാസ്ത്രീയപ്രതിപാദനത്തിൽ വിഷയത്തെ കാണുമ്പോൾ ഉപന്യാസത്തിൽ ആളിനെയാണു കാണുക. സ്വച്ഛന്ദതയാണു് ഉപന്യാസത്തിന്റെ ലക്ഷണം. തന്നിമിത്തം ബാഹ്യവസ്തുതകളുടെ നിയമങ്ങളാലും പരിമിതികളാലും ഉപന്യാസകാരൻ ബദ്ധനാകുന്നില്ല. ഇപ്രകാരം ഒരുവൻ, 'ചന്ദ്രനെപ്പററിത്തന്നെയാണു് എഴുതുന്നതെങ്കിൽ അതു് ഒരുപക്ഷേ ഇങ്ങനെയൊരു രൂപത്തിലാണെന്നുവരാം: "ചന്ദ്രൻ! അതെത്ര ആനന്ദകരമായ ഒരു ഗോളമാണു്! രാത്രിയുടെ നെററിപ്പൊട്ടാണു ചന്ദ്രൻ എന്നു കവികൾ ഉൽപ്രേക്ഷിക്കുന്നു. പക്ഷേ ആ നെററിപ്പൊട്ടിനു നാടിനെ മുഴുവൻ പ്രകാശത്തിൽ ആറാടിക്കാൻ കഴിയുന്നതോർക്കുമ്പോൾ "നാഴിപ്പാൽകൊണ്ടു് നാടൊക്കെ അഭിഷേകം" എന്നുപറഞ്ഞ പാമരനല്ലേ കൂടുതൽ കവിത്വം പ്രദർശിപ്പിച്ചതെന്നു സംശയിക്കേണ്ടിയിരിക്കുന്നു ......"

ഇതിൽ ചന്ദ്രന്റെ അകലവും അടുപ്പവുമൊന്നുമില്ല. ആ ഗോളത്തിന്റെ വലിപ്പവും വലിപ്പമില്ലായ്മയുമൊന്നും ഉപന്യാസകാരന്റെ ദൃഷ്ടിയിൽ പെടുന്നില്ല. ചന്ദ്രദർശനത്തിൽ തന്റെ മനസ്സു് എങ്ങനെ പ്രതിചേഷ്ടിക്കുന്നു (reacts) എന്നുമാത്രമേ അയാൾക്കു നോട്ടമുള്ളൂ. ആ പ്രതിചേഷ്ടയെ ആയാൾ ഒരു കവിയെപ്പോലെ സ്വച്ഛന്ദമായി ആവിഷ്കരിക്കുന്നു എന്നു പറയു

മ്പോൾ ഉപന്യാസകാരനും കവിയും ഏറെക്കുറേ തുല്യമാണെന്നു മനസ്സിലാക്കാം. അതിനാൽ ഉപന്യാസകാരനു് ശാസ്ത്രകാരനോടില്ലാത്ത സാമ്യം കവിയോടുണ്ടു് എന്നൎത്ഥമാകുന്നു. ഉപന്യാസങ്ങൾ ഗദ്യരൂപത്തിലുള്ള ഒരുവക ഭാവഗീതങ്ങളാണു്. ഇംഗ്ലീഷിൽ ഗോൾഡ്സ്മിത്തു് എഴുതിയ City Night-piece എന്ന ഉപന്യാസം ഇതിനു് ഒരു ഒന്നാംതരം ഉദാഹരണവുമാണു്.

എങ്കിലും ഉപന്യാസകാരൻ ഒരു ഗദ്യകവിയാണു് എന്നു തീൎത്തുപറയാവുന്നതല്ല. കവിയുടെ മനസ്സു് കൂടുതൽ അഗാധമായി ചലിപ്പിക്കപ്പെടുന്നു. കൂടുതൽ ഗൗരവമുള്ള കാൎയ്യങ്ങളാണു് കവിക്കു പറയാനുള്ളതു്. ജീവിതത്തിന്റെ അടിത്തട്ടുവരെ അയാളുടെ ദൃഷ്ടി പായുന്നതാണു്. ഉപന്യാസകാരന്റെ ദൃഷ്ടിയാകട്ടെ, അതിന്റെ മേൽത്തട്ടുകളെമാത്രമേ കാണുന്നുള്ളു. സാധാരണകാൎയ്യങ്ങൾ ഹൃദ്യമായ രീതിയിൽ പറയുന്നതുകൊണ്ടുമാത്രം അയാൾ തൃപ്തിപ്പെടുന്നു. ജീവിതത്തിന്റെ നിത്യപരിചിതങ്ങളായ പെരുവഴികളും, നാൽക്കവലകളുമാണു് ഉപന്യാസകാരന്റെ ലോകം. അവിടെയൊക്കെത്തന്നെയും നാം കാണാത്തതും ഓൎക്കാത്തതും ആയ പല രസികതകളും ഉണ്ടു്. ഉപന്യാസകാരൻ കാട്ടിത്തരുമ്പോൾ അതൊക്കെ ശരിയെന്നും, മുൻപു കണ്ടിട്ടുണ്ടെന്നും നാം സമ്മതിക്കയും ചെയ്യും. "തട്ടിൻപുറത്തെ താമസം", "ഒരു സായാഹ്നസവാരി," എന്നിങ്ങനെയുള്ള വിഷയങ്ങളെപ്പററി ഇംഗ്ലീഷിൽ ഉപന്യാസങ്ങളുണ്ടാകാൻ കാരണമിതാണു്.

ഉപന്യാസകാരൻ ഒരു വിഷയത്തെപ്പററി പ്രതിപാദിക്കുമ്പോൾ അതിനെപ്പററി സകലതും പറയുന്നു എന്നോ, അയാൾ കാണുന്നതുമാത്രമാണു മുഴുവൻ കാഴ്ചയെന്നോ വിചാരിക്കേണ്ടതില്ല. ഒരേ വിഷയത്തെപ്പററി പലർ എഴുതുമ്പോൾ പലതരത്തിലിരിക്കും. ഒരാൾ കാണുന്നതല്ല മറെറാരാൾ കാണുന്നതെന്നും വരും. ഷേക്സ്പിയറിന്റെ "ഹാംലററു്" നാടകത്തെപ്പററി ടി. എസ്. എലിയട്ടു്, സി ഇ. എം ജോഡു് എന്നീ രണ്ടു വിമൎശനകുശലന്മാർ ഓരോ അഭിപ്രായം എഴുതിയിട്ടുണ്ടു്. മററു ചിലരും എഴുതിയിട്ടുണ്ടു്. പക്ഷേ ജോഡും എലിയട്ടും പറഞ്ഞിരിക്കുന്ന അഭിപ്രായം ഏകദേശം ഒന്നുതന്നെ ആയിരുന്നിട്ടും രണ്ടുതരത്തിലാണിരിക്കുന്നതു്. ഹാംലററിലെ നാടകകല ആകെ താറുമാറായിരിക്കുന്നു എന്ന കാൎയ്യത്തിൽമാത്രമേ അവർ തമ്മിൽ വീക്ഷണസാമ്യമുള്ളു. മററു നിരൂപകന്മാർ അതിനെപ്പററി എഴുതിയിട്ടുള്ളതെല്ലാം പ്രശംസയാണുതാനും. എന്നിരുന്നാലും, ഇവർ പറഞ്ഞിരിക്കുന്നതെല്ലാം ശരിയാണെന്നു സമ്മതിക്കാൻ നമുക്കു പ്രയാസം തോന്നുകയുമില്ല.

ഉപന്യാസകാരൻ ഒരു വിഷയത്തെ ഒരുവശത്തു നോക്കിക്കാണുകയാണുചെയ്യുന്നതു്. അതിനു മറുവശങ്ങൾ ഉണ്ടായിരിക്കും. അതിനെപ്പററി ഉപന്യാസകാരൻ ചിന്തിക്കണമെന്നു യാതൊരു നിൎബ്ബന്ധവുമില്ല. ഒരുവശത്തുനിന്നുനോക്കുമ്പോൾ കാണുന്നതുമാത്രം പ്രതിപാദിക്കുമ്പോഴും ഉപന്യാസത്തിനു ഒരു പൂൎത്തി ഉണ്ടായിരിക്കും; ഉണ്ടായിരിക്കണം. ഒരു ചെറുവാക്യംപോലും തികവുള്ള ഒരാശയത്തിന്റെ സ്വരൂപമാണു്. അതിനാൽ ഒരു കാഴ്ചയ്ക്കു മുഴുവൻകൂടി ആ തികവില്ലെന്നു വരാവുന്നതല്ല. ഉപന്യാസം ഒരു "Point of View" ആണു്. പലരുടെ ഉപന്യാസങ്ങൾ ചേൎത്തു പ്രസിദ്ധീകരിച്ച ഒരു ഗ്രന്ഥത്തിനു് "Phints of View" എന്നു പേരിടാൻതന്നെ കാരണം ഇതാണെന്നുകാണാം. ഒരു വിഷയത്തിനു് എത്ര വശങ്ങൾ ഉണ്ടെന്നുള്ളതല്ല, കണ്ട വശത്തെപ്പററി ഉപന്യാസകാരൻ ഒരു തികവുററ പ്രദൎശനമാണോ നൽകുന്നതു് എന്നുള്ളതാണു് പ്രധാനം. ഉപന്യാസത്തിന്റെ ഗമ്യതയും രൂപസൗഭാഗ്യവും ആ തികവിനെ ആശ്രയിച്ചാണിരിക്കുന്നതു്.

ജീവിതവും ഉപന്യാസവുംതമ്മിലുള്ള ബന്ധമെന്തെന്നു മുകളിൽ പറഞ്ഞതിൽനിന്നു് ഏറെക്കുറെ സ്പഷ്ടമാണു്. നിസ്സാരമെന്നുതോന്നുന്ന പലതും ജീവിതത്തിലുണ്ടു്. പക്ഷേ അവയൊന്നും അത്രനിസ്സാരമല്ല. ഉപന്യാസകാരന്റെ ദൃഷ്ടിയിൽ അവയെല്ലാം സാരവത്താണു്. തട്ടിൻപുറത്തെ താമസം നമ്മുടെ ദൃഷ്ടിയിൽ അത്ര ഗൗരവമുള്ള കാൎയ്യമല്ലെങ്കിലും അതിനെപ്പററി ഒരു ഉപന്യാസം എഴുതേണ്ടതാണെന്നാണു ഡാ: ജാൺസണുതോന്നിയതു്. സായാഹ്നസവാരിയെപ്പററി ഹാസ്ലിററും ഒരു ഉപന്യാസമെഴുതി. ജീവിതത്തിലെ ഉൾക്കട്ടികുറഞ്ഞ അനുഭൂതികൾ അവയിലെല്ലാം ഉൾക്കൊള്ളുന്നുണ്ടു്. ഉൾക്കട്ടികുറഞ്ഞാലും അവ ഹൃദയംഗമങ്ങളാണു്. അതിനാൽ ജീവിതത്തിലെ നിസ്സാരമെന്നു തോന്നുന്ന സാധാരണ അനുഭൂതികളുടെ രസനീയത നമുക്കു മനസ്സിലാക്കിത്തരികയാണു് ഉപന്യാസത്തിന്റെ ഒരു പ്രധാനധൎമ്മമെന്നുവരുന്നു. അഥവാ, ജീവിതം കേവലം കാവ്യോചിതങ്ങളായ ഗംഭീരാനുഭൂതികൾ മാത്രമല്ല, ഉപന്യാസോചിതങ്ങളായ ലളിതാനുഭൂതികൾ കൂടി ഉൾക്കൊള്ളുന്നുണ്ടെന്നറിയണം. ഗംഭീരഹൃദയന്മാൎക്കു് കാവ്യങ്ങളിലൂടെ ജീവിതത്തെ ആസ്വദിക്കാൻ കഴിയുമെങ്കിൽ മററുള്ളവൎക്കു് ഉപന്യാസങ്ങളിലൂടെ അതു സാധിക്കും. കാവ്യകാരൻ ശ്രദ്ധിക്കാത്ത ജീവിതാംശങ്ങളെ ഉപന്യാസകാരൻ ശ്രദ്ധിക്കുന്നു എന്നേയുള്ളു.

ഉപന്യാസം ഒരുതരം കലാരൂപത്തിലുള്ള ജീവിതാനുഭൂതിയാകുമ്പോൾ, അതിൽ ഉപദേശങ്ങൾക്കും സന്മാൎഗ്ഗപാഠങ്ങൾക്കുമൊന്നും പറയത്തക്ക യാതൊരു സ്ഥാനവുമില്ല. ഉപന്യാസകാരൻ അദ്ധ്യാപകനല്ല, ഉപദേശിയല്ല, ലോകാചാൎയ്യനുമല്ല. വായനക്കാരനെ ഉപദേശിക്കത്തക്ക കഴിവും മാഹാത്മ്യവും തനിക്കുണ്ടെന്നു് അയാൾ വിചാരിക്കുന്നില്ല. വായനക്കാരനും താനും സമന്മാരെന്ന വീക്ഷണഗതിയാണു് ഉപന്യാസകാരനുള്ളതു്. അതിനാൽ അയാൾ ഒരു കൂട്ടുകാരനോടു തന്റെ അനുഭൂതികളെപ്പററി പറയുന്നു; കൂട്ടുകാരൻ അതുകേട്ടു രസിക്കുന്നു—ഇതാണു് ഉപന്യാസങ്ങളിൽ കാണുന്ന ഭാവം. ഹൃദയം തുറന്നുള്ള സ്വച്ഛന്ദമായ ഒരു




എൻ. എസ്. എസ്. ഹൈസ്കൂൾ, കരുവാററാ

സംഭാഷണം; അതിൽ ഉപന്ന്യാസകാരൻമാത്രം സംസാരിക്കുന്നു, മററെയാൾ കേൾക്കുന്നു, എന്നൊരു നിലയാണുള്ളതു്. ഉപന്ന്യാസത്തിൻെറ മതിയായ ധമ്മവും ലക്ഷണവുമെല്ലാം ഇതിലടങ്ങുന്നതാണു്.

ഉപന്ന്യാസം എത്ര തരത്തിലാകാമെന്നുള്ളതിനു തിട്ടമൊന്നുമില്ല. ഒരു വിഷയത്തെത്തന്നെയും ഒരാൾ കാണുന്ന രൂപത്തിൽ മറെറാരാൾക്കു കാണാൻ സാധിക്കയില്ല; വ്യക്തികളുടെ വൈവിധ്യമനുസരിച്ചു് കാഴ്ചയും വിവിധമായിത്തന്നെയിരിക്കും. അതിനാൽ എത്ര ഉപന്ന്യാസകാരന്മാരുണ്ടോ, അത്രയും തരത്തിലുള്ള ഉപന്ന്യാസങ്ങളും ഉണ്ടായിരിക്കുമെന്നതീൎച്ചയാണു്. എങ്കിലും ഇംഗ്ലീഷിൽ സാമാന്യമായി ഉപന്യാസങ്ങളെ പല ജാതികളായി തരംതിരിച്ചിട്ടുണ്ടു്. വിചാരോദ്ദീപകങ്ങളായവ reflective essays, വിമൎശനപരങ്ങളായവ critical essays, ആത്മപ്രകാശകങ്ങൾ മാത്രമായവ personal essays എന്നിങ്ങനെയാണു് അതിൻെറ പോക്കു്. മലയാളത്തിൽ കഴിഞ്ഞ ഒരു നൂററാണ്ടിൽ ഉപന്ന്യാസശാഖയ്ക്കു് ഗണ്യമായ പുഷ്ടി ഉണ്ടായിട്ടുണ്ടെന്നു തീൎത്തുപറയാം. കണക്കെടുത്തു പരിശോധിച്ചാൽ, ഇന്നു കവികളെക്കാൾ കൂടുതൽ ഉപന്ന്യാസകാരന്മാരാണുള്ളതു്. കവിത കുറയുകയും ഗദ്യം വളരുകയും ചെയ്യുന്ന ഒരു നിലയാണു് ഇന്നത്തെ മലയാളത്തിൽ കാണുന്നതെന്നു തോന്നുന്നു. അങ്ങനെയാണെങ്കിൽ ഭാവി ഉപന്ന്യാസത്തെ സംബന്ധിച്ചിടത്തോളം കൂടുതൽ ശോഭനമാണെന്നുള്ള വിനിഗമനം തികച്ചും ന്യായമാണെന്നുള്ളതിനെപ്പററി സംശയിക്കാനില്ല.



ശ്രീചിത്തിരതിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ട്

# തക്ഷശിലയിലെ അനുഭവങ്ങൾ

— വി. ആർ. പരമേശ്വരൻപിള്ള എം. എ. —

പുരാതനവസ്തുഗവേഷണത്തിൻെറ എല്ലാ ശാഖകളിലും നല്ല പരിജ്ഞാനം നൽകുക എന്നതായിരുന്നു തക്ഷശില ആർക്കിയാളജിക്കൽ ഇൻസ്റ്റിട്യൂട്ടിൻെറ ലക്ഷ്യം. ഡിപ്പാർട്ടുമെൻറിലെ വിദഗ്ദ്ധന്മാരെ എല്ലാവരെയും അവിടെ വരുത്തിയിരുന്നു. ഖനനം, സർവേ, നാണയമാതൃകനിർമ്മാണം, ഛായാഗ്രഹണം, രേഖപ്പെടുത്തൽ, രസതന്ത്രശുദ്ധീകരണം മുതലായവയിൽ പ്രായോഗികപരിശീലനംതന്നെ ലഭിക്കത്തക്ക വ്യവസ്ഥ ചെയ്തിരുന്നു. ഡാ: വീലർ, ഡാ: ചക്രവർത്തി, ഡാ: പുരി, ശ്രീ: കെ. സി. ഖാൻബഹദൂർസാനാഉള്ള, ശ്രീ: ഗിയാനി, ശ്രീ: നസ്സൂർ ബാക്കർ, ശ്രീ: പിഗട്, ശ്രീ: എഫ്. എ. ഖാൻ, ശ്രീ: അൻസാരി, ഡാ. നസീം, ശ്രീ: യങ്ങ്, ശ്രീ: കൃഷ്ണദേവ്, ശ്രീ: വത്സ്, ശ്രീ: കുക്സൻ, ശ്രീ: മുക്കർജി എന്നിവർ പുരാവൃത്തവിജ്ഞാനീയത്തിൻെറ വിവിധ ശാഖകളെ ആസ്പദമാക്കിച്ചെയ്ത പ്രസംഗങ്ങളും അവയെത്തുടർന്നുള്ള ചർച്ചകളും അത്യന്തം പ്രയോജനപ്രദമായിരുന്നു. പ്രസംഗംചെയ്യുന്നവർ ഉദ്യോഗനിലയിൽ എത്ര ഉന്നതന്മാരായാലും നല്ലവണ്ണം തയാർചെയ്തിട്ടേ അതിനു വന്നിരുന്നുള്ളു. മഹാമിടുക്കന്മാരായ അദ്ധ്യേതാക്കളിൽ നിന്നുണ്ടാകുന്ന സന്ദേഹങ്ങൾക്കു നിവൃത്തിവരുത്താൻ തക്കവിധത്തിൽ നല്ല തയാറെടുപ്പോടുകൂടിയാണ് അവർ വന്നിരുന്നതു്. പ്രസാദകഠിനനായ ഡാ: വീലരുടെ ഗംഭീരസാന്നിധ്യത്തിൽ വല്ലതും 'ചലമ്പി' 'വഴിപാട്ടു'പ്രസംഗംനടത്താൻ ആരും ധൈര്യപ്പെട്ടിരുന്നില്ല.

മഴയുടേയും ഹിമപാതത്തിൻേറയും ആധിക്യംനിമിത്തം രണ്ടുമൂന്നുദിവസം ഖനനം നിർത്തേണ്ടിവന്നതിനാൽ ഒരുമാസം കഴിഞ്ഞപ്പോഴേക്കും ഞായറാഴ്ചപോലും ജോലിചെയ്യണമെന്നായി. ഞങ്ങൾക്കു അല്പം ഇടകിട്ടിയാൽ അടുത്തുള്ള കലാവാൻ, ജൗലിയാൻ, പിപ്പലാ, മൊറാമൊറാദു, ഗിരി, ധർമ്മരാജികസ്തൂപം മുതലായ പ്രാചീനാവശിഷ്ടങ്ങൾ കാണാൻ പോവുകയായി.

ആദ്യത്തെ ഒരുമാസം ഭീർമൗണ്ടിൽ ഖനനംചെയ്യാനാണ് എന്നെ നിയോഗിച്ചതു്. കേസി (ബംഗാൾ ഗവർണ്ണരായിരുന്ന റാബർട്ട് കേസിയുടെ അനുജൻ)യുടെ മേൽനോട്ടത്തിൽ ആയിരുന്നു അവിടത്തെ ജോലി. ആ ആസ്ട്രേലിയൻധ്വരയുടെ കർമ്മകുശലതയും സമഭാവനയും വിജ്ഞാനതൃഷ്ണയും ഒരിക്കലും മറക്കവയ്യ. എന്തെങ്കിലും സന്ദേഹംവന്നാൽ ഞാൻ ഉടനെ അദ്ദേഹത്തെ സമീപിക്കും. ആ നിമിഷം കൂടെവന്നു സഹായിക്കും അദ്ദേഹം. ശ്രീ. കേസിക്കു് എന്നോടു വലിയ താല്പര്യമായിരുന്നു. അനപേക്ഷിതമായിത്തന്നെ പലപ്പോഴും എൻെറ 'പിററിൽ' വന്നിരുന്നു. ഇതുമൂലം ശ്രീ: ഗുഹ മുതലായ കൂട്ടുകാർ, കേസിക്കു് എന്നോടു വലിയ 'പ്രേമ'' ആണെന്നു പറഞ്ഞു കളിയാക്കാറുണ്ടായിരുന്നു. പിന്നീടു ഒരാഴ്ച അകത്തിരുന്നുള്ള പഠനമായിരുന്നു എനിക്കു്. പാട്ടറി (Pottery), മൺപ്രതിമ (Terra cotta) മുതലായവയെപ്പററിയുള്ള പഠനത്തിൽ ഡാക്ടർ പുരിയും ശ്രീ കൃഷ്ണദേവും ആയിരുന്നു സഹായിച്ചിരുന്നതു്. നാണയങ്ങളുടെ മാതൃകയുണ്ടാക്കുന്നതിനു ശ്രീ. എം. എൻ. ഗുപ്ത ഞങ്ങളെ പഠിപ്പിച്ചു.

ഫോട്ടോഗ്രഫിക്ലാസ്സായിരുന്നു അതിനെത്തുടർന്നുണ്ടായതു്. റിട്ടയാർഡ് സിവിലിയൻ യങ്ങ്, ഫ്ളൈററ് ലഫ്ററനൻറ് കുക്സൻ, തിവാരി എന്നിവരായിരുന്നു അതിൻെറ മേൽനോട്ടം വഹിച്ചിരുന്നതു്. ഫോട്ടോഗ്രഫിക്ലാസ്സിൽവച്ചു വിശ്രമവേളയിൽ ശ്രീ. കുക്സനോടു്,

'അങ്ങു് തനി ഇംഗ്ലീഷുകാരനായിരുന്നിട്ടും ഇപ്പോഴത്തെ യുദ്ധരംഗത്തു പോകാത്തതെന്താണു്?'

എന്നു ഞാൻ ചോദിച്ചു.

'മിസ്റ്റർ പിള്ളേ, ഞാൻ ഭാര്യ നഷ്ടപ്പെട്ടവനാണു്. ഞാൻ യുദ്ധരംഗത്തുപോയി മരിക്കാനിടവന്നാൽ നിങ്ങടെ പ്രായത്തിലുള്ള എൻെറ ഏകസന്താനം അനാഥയായിത്തീരും.'

എന്നായിരുന്നു മറുപടി. നാല്പത്തിയഞ്ചുവയസ്സിലധികം പ്രായമില്ലാത്ത സായ്പിനു് എൻെറ വയസ്സു് ഇരുപത്തിയഞ്ചിനുതാഴെയാണെന്നുതോന്നിയെന്നു എനിക്കു സംശയമുണ്ടായി.

'അങ്ങയുടെ പുത്രിക്കു എന്തുപ്രായം?' എന്നായി ഞാൻ വീണ്ടും.

'സംശയമെന്തു്? അവൾക്കു മിസ്റ്റർ പിള്ളയുടെ പ്രായമേയുള്ളു.'

എന്നായിരുന്നു സായ്പിൻെറ മറുപടി. കുറേനേരത്തെ സംഭാഷണത്തിനുശേഷം എനിക്കു നാല്പതു വയസ്സു കഴിഞ്ഞു എന്നു ഞാൻ പറഞ്ഞപ്പോൾ ആ ഇംഗ്ലീഷുകാരൻ അത്ഭുതപ്പെട്ടു. സാക്ഷാൽ വയസ്സിൽ

---

ഉടനെ പ്രസിദ്ധപ്പെടുത്താൻപോകുന്ന "തക്ഷശിലായാത്ര"യിൽ ഒരു ഭാഗം. V. R. P. P.



എൻ. എസ്. എസ്. ഹൈസ്കൂൾ, പന്തളം

നിന്നു പതിനഞ്ചുവയസ്സെങ്കിലും കുറവായിട്ടേ എനിക്കു തോന്നുകയുള്ളു എന്നദ്ദേഹം പറഞ്ഞു. അതു് ഈശ്വരാധീനംകൊണ്ടാണെന്നായിരുന്നു എന്റെ സമാധാനം.

ആ ശാഖയിലെ പഠനം പൂർത്തിയായശേഷം സർവേക്ലാസ്സിലേക്കാണു് പോകേണ്ടിവന്നതു്. താമ്രനാളാനദീതീരത്തു തുറന്ന വെളിയിൽവച്ചായിരുന്നു സർവേ സംബന്ധിച്ച പ്രായോഗികപരിശീലനം. അരഡസൻ ചെറുപ്പക്കാർ പതിവായി നദീതീരത്തു വരുന്നതുകണ്ടിട്ടും അവിടത്തെ സ്ത്രീകൾ ആററിൽവന്നു നഗ്നശരീരിണികളായി കുളിക്കുന്ന പതിവിനു മുടക്കംവരുത്തിയില്ല. ശ്രീ. മുക്കർജിയുടെ കീഴിലുള്ള സർവേപരിശീലനം പ്രത്യേകം ശ്രദ്ധേയവും ഞങ്ങളുടെ ഹൃദയത്തിൽ എന്നും പച്ചപിടിച്ചുനിൽക്കുന്നതും ആണു്. എത്രയും ശുഷ്കമായ ഒരു വിഷയത്തെ ഏററവും രസകരമായി കൈകാര്യംചെയ്യാൻ കഴിയും എന്നു കാണിച്ചുതന്നു ആ വിജ്ഞാനധനൻ.

വീണ്ടും ഭീർമൗണ്ടിൽ ഖനനത്തിലേർപ്പെട്ടു ഞാൻ. ആയിടയ്ക്കു് മദ്രാസ് മ്യൂസിയം സൂപ്രണ്ടു് ഡാക്ടർ ഏ. അയ്യപ്പനും മൈസൂർ ആർക്കിയാളജിക്കൽ ഡിപ്പാർട്ടുമെന്റിലെ അസി: ഡയറക്ടർ ശ്രീ: കെ. നാരായണയ്യങ്കാരും അവിടെ വന്നുചേർന്നു. അയ്യങ്കാരുടെ മാതൃഭാഷ കന്നടമായിരുന്നു. പല രാത്രികൾ ഞങ്ങൾ ഒരുമിച്ചു നർമ്മസംഭാഷണത്തിൽ വ്യാപൃതരായിക്കഴിച്ചിട്ടുണ്ടു്.

രണ്ടാംപ്രാവശ്യം ഭീർമൗണ്ടിൽ പ്രിയസുഹൃത്തായ ശ്രീ: വ്രജവാസിലാൽ ഒന്നിച്ചാണു് പ്രവൃത്തി. മൂടൽമഞ്ഞു്, ഹിമപാതം മുതലായവ ഞങ്ങളുടെ ജോലിക്കു വിഘാതമുളവാക്കി. അടുത്തുനില്ക്കുന്ന ആളിനെപ്പോലും കാണാൻ കഴിയാത്തവിധം മൂടൽമഞ്ഞു് അന്തരീക്ഷം മുഴുവൻ പടർന്നുകണ്ടു ഒരു പ്രഭാതത്തിൽ. മുൻരാത്രിപെയ്ത മഴയിലെ വെള്ളം നിലത്തു കണ്ണാടിപോലെ ഉറഞ്ഞു് മഞ്ഞുകട്ടയായി മാറിയതും കാണാമായിരുന്നു. ആ അതികഠിനമായ തണുപ്പിൽ ഞാൻ അനുഭവിച്ച ക്ലേശം വാക്കിനു വിഷയമല്ല. ഒരു മദ്ധ്യാഹ്നത്തിൽ പെയ്ത മഴകൊണ്ടു കൂടാരവും തറയും വൃക്ഷലതാദികളും എല്ലാം വെള്ളിപൂശിയതുപോലെ കാണപ്പെട്ടു. കൂട്ടുകാർ പലരും ഓവർകോട്ടും ഹാററുമായി മുററത്തിറങ്ങി മഞ്ഞുകട്ടയുരുട്ടി അങ്ങോട്ടുമിങ്ങോട്ടും എറിഞ്ഞു വിനോദിച്ചു. ചില ദിവസങ്ങളിലെ ശൈത്യം അതിഭയങ്കരം. ഖനനം കഴിഞ്ഞു വരുമ്പോൾ ഉള്ളംകാൽ നന്നേ നോവും. അതുകൊണ്ടു നടക്കാൻ വളരെ വിഷമിച്ചിരുന്നു. തണുപ്പിന്റെ ആധിക്യത്താൽ വാച്ചു് പലപ്പോഴും നിന്നുപോയി. തലയിൽത്തേയ്ക്കാൻ ഇവിടെനിന്നു കൊണ്ടുപോയ എണ്ണ ഉറഞ്ഞു കട്ടിയായിത്തീർന്നു.

ഒരാഴ്ച കഴിഞ്ഞപ്പോൾ, സിർക്കാപ്പിലെ ഖനനത്തിൽ പങ്കുകൊള്ളാൻ എന്നെ അയച്ചു. അവിടത്തെ ജോലി വിഷമകരമായിക്കണ്ടു. പലപ്പോഴും വലിയ

# എൻ. എസ്. എസ്. മഹം

റ്റി. റ്റി. കേശവൻശാസ്ത്രി (എക്സ് ഡെപ്യൂട്ടിസ്പീക്കർ)

തിരുവനന്തപുരം മഹാത്മാഗാന്ധികാളേജിന്റെ ഉൽഘാടനത്തോടനുബന്ധിച്ച് അതിന്റെ സ്മരണയ്ക്കായി ഒരു സ്മാരകഗ്രന്ഥംകൂടെ പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നതായറിയുന്നതിൽ സന്തോഷിക്കുന്നു. പൊന്നുംകുടത്തിനു പൊട്ടെന്നപോലെ അതു ഒരു ശാശ്വതമഹാസ്മാരകമായിത്തീരുമെന്നു വിശ്വസിക്കുന്നു

എൻ. എസ് എസ്സിന്റെ അത്ഭുതാവഹമായ പുരോഗതി കണ്ടുകൊണ്ടിരിക്കുന്ന സാധാരണക്കാരെപ്പോലും പൂർവ്വാധികം ആനന്ദപുളകംകൊള്ളിക്കുന്ന ഒരു അപൂർവ്വസന്ദർഭമാണല്ലോ സമാഗതമായിരിക്കുന്നതു്. ഇതെഴുതാൻതുടങ്ങിയപ്പോൾ പലപല ഘട്ടങ്ങളും എന്റെ ഓർമ്മയിൽവരുന്നുണ്ടു്. ഞാൻ വിദ്യാർത്ഥിയായിരുന്നപ്പോൾ ഒരുദിവസം ചങ്ങനാശ്ശേരി എൻ. എസ്. എസ്. ഇംഗ്ലീഷ്സ്കൂൾ ഗേറ്റും അന്നത്തെ ബോർഡും പ്രഥമമായി കാണാനിടയായി. അതിന്റെ മുൻപിൽ റോഡിൽനിന്നു ഞാൻ പലതും വിചാരിച്ചു. ആ വിചാരധാര എന്തായിരുന്നുവെന്നു ഞാൻ ഇന്നും

---

ഏണിവഴി ഇറങ്ങി ആഴമേറിയ കുഴികളിലിരുന്നു ഖനനം നടത്തേണ്ടിവന്നു. സൂട്ടുമിട്ടുകൊണ്ടു സാമാന്യത്തിലധികം നീളംകൂടിയ ഏണിയിൽ കയറിയിറങ്ങുക അപകടകരമാണു്. ആയിടെ ഒരു കൂലിക്കാരൻ ഏണിയിൽനിന്നു കാൽതെററിവീണു കയ്യൊടിഞ്ഞു് വലിയ അവശതയിലായി. ഒഴിഞ്ഞുമാറാൻ തരമില്ലാത്തതുകൊണ്ടു് ഞാൻ വളരെ കരുതലോടെ അതിൽ തുടർന്നു. സിർക്കാപ്പിൽ ഞങ്ങൾ ഖനനം നടത്തിക്കൊണ്ടിരുന്ന സ്ഥലത്തുനിന്നു നോക്കിയാൽ കാണത്തക്കദൂരത്തിൽ ഒരു കുന്നിന്റെ മുകളിൽ ആണു് അശോകപുത്രനായ കുണാളന്റെ സ്തൂപവും സംഘാരാമങ്ങളും. ഖനനംചെയ്തുകൊണ്ടിരുന്ന വേളകളിൽ പലപ്പോഴും എന്റെ ഹൃദയം ആ പുരാതനകാലത്തെ സംഭവപരമ്പരകളെപ്പററിയുള്ള സ്മരണകളിൽ ആണ്ടുപോകാറുണ്ടായിരുന്നു.

ഇങ്ങനെ പുരാതനവസ്തുവിജ്ഞാനീയത്തിന്റെ എല്ലാ ശാഖകളിലും നിശ്ചിതകാലാവധിക്കുള്ളിൽ നല്ല പരിചയം സമ്പാദിച്ചു. 1945 ഫെബ്രുവരി അവസാനത്തിൽ തക്ഷശിലയോടു യാത്രപറഞ്ഞു. അവിടത്തെ അദ്ധ്യേതാക്കൾക്കു പരിശീലനം അവസാനിക്കുന്ന ഘട്ടത്തിൽ ചരിത്രപ്രാധാന്യമുള്ള കേന്ദ്രങ്ങൾ സന്ദർശിക്കാൻ ഡയറക്ടർജനറൽ സൗകര്യം നൽകാറുണ്ടായിരുന്നു. അതനുസരിച്ചു ഞങ്ങളെ പെഷാവർ ആർക്കിയോളജിക്കൽ മ്യൂസിയവും പണ്ടത്തെ പുഷ്കലാവതി സ്ഥിതിചെയ്തിരുന്ന ബാലാഹിസ്സാർ, പ്രാചീനാവശിഷ്ടങ്ങളുള്ള ചാർസദ്ദാ, സാക്ഷാൽ പാണിനിയുടെ ജന്മദേശമായ സാലാതുര മുതലായ സ്ഥലങ്ങളും സന്ദർശിക്കുന്നതിനു ആർക്കിയോളജിക്കൽ സർവ്വേയിലെ ഒരുദ്യോഗസ്ഥനായ ശ്രീ: വലീയുള്ളാഖാനൊന്നിച്ചു അയച്ചു. തക്ഷശിലയിൽ ചെന്ന ദിവസംമുതൽക്കു എന്നോടു ഉററസമ്പർക്കം പുലർത്തിയിരുന്ന ശ്രീ: ഉപേന്ദ്രനാരായൺമുക്കർജിയും ഞങ്ങളുടെ സംഘത്തിൽ ഉണ്ടായിരുന്നതു് എനിക്കു പ്രത്യേകം സന്തോഷപ്രദമായിരുന്നു. യാത്രപറയാൻ ഡാക്ടർ വീലറെക്കണ്ടപ്പോൾ അദ്ദേഹം വാത്സല്യപൂർവ്വം നൽകിയ ഉപദേശവാണികൾ ഞാൻ എന്നും സ്മരിക്കുന്നതാണു്.

★

ഓക്കുന്നുണ്ട്. അന്നു ഞാൻ കാൽനടയായി ചങ്ങനാശ്ശേരി ചന്തക്കടവിലേക്കു പോവുകയായിരുന്നു.

എൻ. എസ്. എസ്സിൻെറ ഇപ്പോഴത്തെ ഹെഡ്ഡാഫീസ്സും ഗേററും എടുപ്പുകളും സ്ഥാപനങ്ങളും, അഭികാമ്യങ്ങളായ കാളേജുബിൽഡിംഗുകളുമെല്ലാം ഇരുത്തിചിന്തിപ്പിക്കാതിരിക്കുന്നില്ല. വഷങ്ങൾ അത്രയധികം കഴിഞ്ഞിട്ടില്ല. അതാണ് അറിയേണ്ടുംഅവസ്ഥ. മോഹനോജ്ജ്വലമായ പന്തളം എൻ എസ്. എസ്. കാളേജ് അങ്ങനെ അവിടെ; മഹോന്നതമായ എൻ. എസ് എസ്. മഹാത്മാഗാന്ധികാളേജ് ഇങ്ങനെ ഇവിടെ. കുന്നുകൾ തട്ടിക്കളഞ്ഞും, കുഴികൾ ഭദ്രമായി നികത്തിയെടുത്തും, കരിങ്കന്മതിലുകൾകൊണ്ട് പരമാവൃതമാക്കിയും രീത്തിട്ടുള്ള കലാലയങ്ങൾ ആകാശചുംബികളായിത്തീന്നിരിക്കുന്നു. അഹോ! ആശ്ചര്യം ആശ്ചര്യം.

എൻ. എസ്. എസ്സിൻെറ വളച്ചയ്ക്കു നായർസമുദായത്തിലെ പ്രാമാണികന്മാർ, മരിച്ചവരും മരിക്കാത്തവരും യഥാസമയം പങ്കാളികളാണെങ്കിലും, എൻ എസ്. എസ്. വൃക്ഷം നട്ടനാൾമുതൽ ഇന്നുവരെ കാലികൾ കടിക്കാതെ, നഷ്ടപ്പെടുത്താതെ, ദോഹളം നൽകി വെള്ളമൊഴിച്ച് വളത്തിയെടുത്തു സമ്പൂണ്ണഫലദായകമാക്കിത്തീക്കുവാൻ നിറഞ്ഞഭാഗ്യവും ദീർഘായുസ്സുമുണ്ടായതു് ശ്രീ: മന്നത്തു പത്മനാഭപിള്ള അവർകൾക്കുമാത്രമാണെന്നുള്ളതാണ് വസ്തുത. അതു വിസ്മരിക്കാവുന്നതല്ല; വിസ്മരിക്കപ്പെടാവുന്നതുമല്ല നായർസമുദായത്തിലെ പ്രഗത്ഭമതികളും ബിരുദധാരികളും, എന്നുവേണ്ട ആബാലവൃദ്ധം അംഗങ്ങളും അദ്ദേഹത്തിൻെറ നേതൃത്വത്തെ—അനിഷേധ്യമായ നായകത്വത്തെ—തലകുനിച്ച് ഹൃദയപൂർവ്വം ആദരിച്ചു; മാനിച്ചു; ധനപരമായി മുൻനിന്നു സഹായിച്ചു. മലയാളക്കരയിലെ മറെറാരു വർഗ്ഗീയസംഘടനയ്ക്കും, പ്രത്യേകിച്ച് എസ്. എൻ. ഡി. പി. യോഗത്തിനുപോലും തുടരെ ലഭിക്കാത്ത ഒരുറച്ച നേതൃത്വമാണ് വിജ്ഞാനസമ്പന്നരായ നായർസമുദായാംഗങ്ങൾ ശ്രീ: മന്നത്തു പത്മനാഭപിള്ളഅവർകളിൽ നിക്ഷേപിച്ചിരുന്നതു് അതൊന്നുമാത്രമാണ് എൻ എസ്. എസ്സിൻെറ സവ്തോമുഖമായ ഐശ്വര്യങ്ങൾക്കു നിദാനമായിത്തീരുവാൻ സഹായിച്ചിട്ടുള്ളതു്. തന്നിമിത്തം അദ്ദേഹം മുൻകൈയെടുത്തിട്ടുള്ള സംരംഭങ്ങളിൽ വിജയംവരിക്കാത്ത കാര്യങ്ങൾ അപൂവ്വങ്ങളാണ്. മന്നം വരുന്നു എന്നു കേട്ടാൽ ഏതു പണക്കാരൻതന്നെയും പേടിച്ചിട്ടില്ലെങ്കിലും ഭയന്നിരുന്നതായിട്ട് അറിയാൻ കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിൻെറ പരിഷ്കാരങ്ങളിൽ ചിലതിൽ ഭിന്നാഭിപ്രായമുണ്ടാകാതിരുന്നവരും ഇല്ലാതില്ല. അദ്ദേഹത്തിൻെറ പത്മനാഭപിള്ള എന്ന പേരിൽ പത്മനാഭൻ എന്ന ഭാഗംമാത്രം സ്വീകരിച്ചുകൊണ്ട് പിള്ളസ്ഥാനം ഉപേക്ഷിച്ചതിൽ അരിശംകൊണ്ട ഒരു മൂത്താൻ നായർവൃദ്ധൻ എന്നോടു പറഞ്ഞതു് "ആ ദുഷ്ടൻ നായരുടെ അന്തസ്സും അഭിമാനവും നഷ്ടപ്പെടുത്തി; എനിക്കു് വേദനയുണ്ട്. ഞങ്ങൾ ഇല്ലക്കാരാണ്. പത്മനാഭൻ എന്നു പറഞ്ഞാൽ കല്ലനോ, കൊല്ലനോ, ചോവനോ, ഈ കാലംകെട്ടകാലത്തു് പുലയനോ, പറയനോ, ചാക്കയോ എന്നു തോന്നിപ്പോകുമല്ലോ. കഷ്ടം! കാലത്തിൻെറ പോക്കു്. നായക്കും തലതിരിച്ചിലായി. ഇതുകണ്ട് നായന്മാർ അവരുടെ സ്ഥാനമാനങ്ങൾ ഉപേക്ഷിക്കുമോ എന്തോ?" എന്നായിരുന്നു. ആ വലിയ മൂത്താൻ ജീവിച്ചിരിപ്പുണ്ട്. അദ്ദേഹത്തെ നേരിട്ട് കാണണമെന്നുള്ളവക്കു് കാണ്മാൻ സാധിക്കുന്നതാണ്. മറെറാരു വൃദ്ധൻനായർ (മൂത്തമേലാരു്) "മന്നം ചോവൻെറയും പുലയൻെറയും കൂടെയിരുന്നു് കഞ്ഞികുടിക്കുന്നതോ ഊണുകഴിക്കുന്നതോ ഒക്കെ ക്ഷമിക്കാം, ദേവസ്വംബോർഡുപ്രസിഡൻറായി അങ്ങോട്ടുകേറിയപ്പോൾ തന്നെ ഭഗവാൻെറയും ഭഗവതിയുടെയും ഉണ്ണിയപ്പവും പായസവും ഊണുമെല്ലാം നിറുത്തിയതു് കഷ്ടമായിപ്പോയില്ലേ? അതാണ് എളുപ്പം താഴെയിറങ്ങാനിടയായതു്" എന്നായിരുന്നു. അദ്ദേഹവും മരിച്ചിട്ടില്ല. നോക്കണേ ചിന്താഗതിക്കാരുടെ പോക്കു്. ശ്രീ: മന്നത്തുപത്മനാഭപിള്ളഅവർകൾ കൈക്കൊണ്ട അനുകരണീയമായ മാതൃകയ്ക്കുനേരേയുണ്ടായ തോന്നലും ചിന്താഗതികളും അതങ്ങനെ. ഞാൻ ശ്രീ: മന്നത്തുപത്മനാഭപിള്ള അവർകളെ ആദ്യമായി കണ്ടതു് ആലുവാ അദ്വൈതാശ്രമത്തിൽവച്ചായിരുന്നു. എൻ. എസ്. എസ്-ൻെറയും, എസ്. എൻ. ഡി പി. യോഗത്തിൻെറയും സംഘടനാപ്രവത്തനങ്ങൾ ഏതാണ്ട് ഏകകാലത്തായിരുന്നു. ശ്രീ: ടി. കെ മാധവൻഅവർകളും, ശ്രീ: മന്നത്തുപത്മനാഭപിള്ളഅവർകളും അവിടെക്കൂടിയ സന്ദർഭമായിരുന്നു അതു്. ക്ഷേത്രപ്രവേശനം ഹിന്ദുവിൻെറ ജന്മാവകാശമാകുന്നു എന്നു് ധീരമായി വാദിച്ച ശ്രീ: ടി. കെ മാധവൻഅവർകളെ ശ്രീ: മന്നത്തുപത്മനാഭപിള്ളഅവർകൾ അനുകൂലിക്കുന്നതും, ഈഴവരെമാത്രം സംഘടിപ്പിച്ചാൽപോര, സംഖ്യാബലമുള്ള പുലയരെയും സഹോദരസമുദായങ്ങളെയുംപററി പരിചിന്തിക്കണമെന്നും, അല്ലെങ്കിൽ അവരെ ക്രിസ്ത്യാനികൾ തട്ടിക്കൊണ്ടുപോകുമെന്നും, അതു് നമുക്കുതന്നെ ആപത്തായിത്തീരുമെന്നും ആലോചിച്ചവിവരം എനിക്കു നേരിട്ടറിയാമായിരുന്നു. ശേഷിച്ച ഹിന്ദു അധഃകൃതജനതയെ ഹിന്ദുക്കളാക്കിത്തന്നെ നിറുത്താൻ അവർ രണ്ടുപേരും പ്രേരണചെലുത്തിയിരുന്നു എന്നുള്ളതു് മറക്കാൻ സാധ്യമല്ല. അങ്ങനെ വൈക്കംസത്യാഗ്രഹവിജയത്തിനും ക്ഷേത്രപ്രവേശനത്തിനുമെല്ലാം ഒരുമിച്ചുനിന്നു് പരിശ്രമിച്ചിരുന്നു

ശ്രീ: ടി. കെ. മാധവൻ കാലയവനികയ്ക്കുള്ളിലായി. അദ്ദേഹത്തിൻെറ നേതൃത്വം അന്നോളം അതിവിസ്തൃതമായിരുന്നു. അദ്ദേഹത്തിൻെറ ദേഹവിയോഗത്തിൽ ഹൃദയമലിയാത്തവരായി ആരുംതന്നെ ഉണ്ടായിരുന്നില്ല. രാഷ്ട്രവും ദേവസ്വവും ജനകീയമായിട്ട് വർഷങ്ങൾ എത്ര കഴിഞ്ഞു?

ദിവാൻ ശ്രീ: മന്നത്തു കൃഷ്ണൻനായർ അവർകൾ വാത്സല്യപൂർവ്വം നൽകിയ ഗവമ്മെൻറു സ്കാളർഷിപ്പോടുകൂടി ഞാൻ ആലുവായിൽ താമസിച്ചു് പഠിക്കുകയായിരുന്നു. എന്നോടു് ഒരാൾ പറഞ്ഞതു് മന്നത്തുപത്മനാഭപിള്ള അവർകൾ മന്നത്തു കൃഷ്ണൻനായർ അവർകളുടെ സ്വന്തം എന്നായിരുന്നു. അന്നുമുതൽ ശ്രീ. മന്നത്തുപത്മനാഭപിള്ള അവർകളോടു് എന്തെന്നില്ലാത്ത ഒരാദരവും സ്നേഹവും എനിക്കുണ്ടായി. അദ്ദേഹത്തിൻെറ പ്രസംഗമുണ്ടെന്നറിഞ്ഞാൽ ഞാൻ അവിടെ എത്തുമായിരുന്നു ആ ആന്തരികസ്നേഹത്തെ അദ്ദേഹം ഇതേവരെ അറിഞ്ഞിരിക്കുമോ എന്നറിയുന്നില്ല.

കൃഷ്ണസചിവോത്തമകൃപാസരണിമൂലം
തുഷ്ണ പലതും പലവഴിക്കിഹ ലഭിപ്പൂ
ജിഷ്ണുവിനുപോലുമൊരു നേർവഴിപുരാതാൻ
കൃഷ്ണഭഗവാനരുളി രാമഹരിരാമ.

മന്നത്തുവിലസും കൃഷ്ണമന്ദാരദ്രുമമിങ്ങനെ
നന്ദനാഢ്യം വിളങ്ങുന്നു നന്ദജൻെറ കൃപാബലാൽ.

ഈ പദ്യങ്ങൾ ദിവാൻ മന്നത്തു കൃഷ്ണൻനായർ അവർകളെക്കുറിച്ചു ഞങ്ങൾ അന്നു് പാടിയിട്ടുള്ളതാണു്. അദ്ദേഹത്തിൻെറ കാലത്തായിരുന്നു അധഃകൃതർക്കും ഈഴവർ മുതലായവർക്കും ഉണ്ടായിരുന്ന തീണ്ടൽ, തൊടീൽ ആദിയായവയ്ക്കു് അയവുകിട്ടിത്തുടങ്ങിയതും, അതിൽ നായന്മാർ ദാക്ഷിണ്യം കാണിക്കാൻ തുടങ്ങിയതും ശ്രീ: മന്നത്തു കൃഷ്ണൻനായർ അവർകളെ ഓർക്കുന്ന സന്ദർഭങ്ങളിലെല്ലാം, ശ്രീ: മന്നത്തു പത്മനാഭപിള്ള അവർകളേയും പ്രത്യേകം ഓർക്കുവാൻ സംഗതിയായിട്ടുണ്ടു്.

ശ്രീ: മന്നത്തു പത്മനാഭപിള്ള അവർകൾ എല്ലാംകൊണ്ടും വിജയശ്രീലാളിതനായി ജീവിക്കുന്നു. അദ്ദേഹത്തിൻെറ സമർത്ഥമായ നേതൃത്വം നായർസമുദായത്തിൻെറ കീർത്തിയെ നിലനിറുത്തുന്നു. കോടിക്കണക്കിനു സ്വത്തുക്കളും സ്ഥാപനങ്ങളും സമുദായത്തിനുണ്ടാക്കി, അങ്ങനെ കീർത്തനീയനായിത്തീരുന്നു.

നായർപ്രമാണികളുടെ പ്രഥമസമ്മേളനം കൈക്കൊണ്ട തീരുമാനങ്ങളിലെ അവസാനത്തെ വരികൾ ഹിന്ദുമതസ്ഥരായ അധഃകൃതസമൂഹങ്ങളുടെ കാര്യമായിരുന്നു. അതു് അങ്ങനെതന്നെ അവിടെ നിൽക്കുന്നതേയുള്ളു. കാര്യമായി, സ്ഥിരമായി ഒന്നും ഉണ്ടായതായി കാണുന്നില്ല. പ്രസംഗങ്ങളും പ്രേരണകളും മററെല്ലാപേർക്കുമെന്നപോലെ അവർക്കും നൽകീട്ടുണ്ടു്. ശ്രീ: മന്നത്തു പത്മനാഭപിള്ള അവർകളും, ശ്രീ: ആർ. ശങ്കർ അവർകളും എൻ. എസ്. എസ്-ൻെറയും, എസ്. എൻ. ഡി. പി യോഗത്തിൻെറയും നിലനില്പിനു ചെയ്തിട്ടുള്ള നല്ലകാര്യങ്ങളിൽ ഞങ്ങൾക്കു് തെല്ലും അസൂയയില്ല. എങ്കിലും ഉന്നതന്മാരായ ഈ നേതാക്കൾ അവരുടെ അധഃകൃതസമുദായങ്ങളുടെ കാര്യങ്ങളിൽ കാര്യമായി ഒന്നുംചെയ്യാൻ സന്ദർഭം വിനിയോഗിച്ചില്ല. ഹിന്ദുമതസ്ഥരായ ഹരിജനങ്ങളുടെയും അധഃസ്ഥിതജനസഞ്ചയത്തിൻെറയും നില നിന്നിടത്തുതന്നെ. അവരുടെ സാമ്പത്തികനില, വിദ്യാഭ്യാസപുരോഗതി മുതലായവയെപ്പററി സൂക്ഷ്മവീക്ഷണംചെയ്യുന്ന ഏതൊരാൾക്കും ആ കുറവുകൾ കാണാൻ പ്രയാസമുണ്ടാകുന്നതല്ല. കേരളത്തിലെ പ്രബലസമുദായങ്ങളായ എൻ. എസ്. എസ്സും എസ്. എൻ ഡി. പി-യും പഴമകൾ അനുസ്മരിച്ചു് പുതുമകളിൽ, മഹാത്മാഗാന്ധിയുടെയും, പണ്ഡിററു് ജവഹർലാൽനെഹ്റുവിൻെറയും, ഡാ: രാജേന്ദ്രപ്രസാദിൻെറയും പ്രിയപ്പെട്ട ഹരിജനങ്ങളുടെനില ഉയർത്താൻ ധീരമായി ഒന്നു യത്നിക്കുമെങ്കിൽ എത്ര എളുപ്പം. ഇനിയുമതിനു വികലത വരികയാണെങ്കിൽ കഷ്ടം എന്നല്ലാതെ ഇപ്പോൾ ഒന്നും പറയാൻ ആഗ്രഹിക്കുന്നില്ല.



യശശ്ശരീരനായ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള

മഹാത്മാഗാന്ധികാളേജിൻെറ ഉൽഘാടനം, ഭാരതത്തിൻെറ ഭാവിഭാഗധേയവിധാതാവായ പണ്ഡിററു് ജവഹർലാൽനെഹ്റു നിർവ്വഹിക്കുകയാണല്ലോ. ഈ മംഗളകർമ്മത്തിൽ ഞാൻ ഹൃദയപൂർവ്വം ഭാവുകം പ്രാർത്ഥിക്കുന്നു.

# കലാക്ഷേത്രം

ജവഹരക്കുറപ്പ്

കേരളചരിത്രത്തിൽ
മിന്നിടുന്നപദാനോ-
ദാരമാം ജയഗാന-
ത്തോടു മത്ക്കലാക്ഷേത്രം,

രോമഹർഷത്താലാക്കു-
മുറംകളിരേകുംമട്ടി-
രാജപാതതൻവക്കിൽ
മിന്നിടുംവെങ്കൽക്ഷേത്രം,

ഭാരതപിതാവിന്റെ
നാമധേയത്താൽ പുണ്യ-
പൂരിതം വിരാജിക്കു-
ന്നോരുമൽക്കലാക്ഷേത്രം,

ഭാരതസംസ്കാരത്തിൻ-
ഭാഗധേയമായ്, നവ്യ-
കേരളചരിത്രത്തിൻ-
ജീവനാഡികയായി,

ഇന്ത്യതൻഹൃദയത്തിൽ-
നിന്നുയിർക്കൊള്ളും ഹർഷ-
സ്പന്ദമാ,യൈക്യത്തിന്റെ
ദൃഗ്ഗോപുരമായി

കാന്തിയും വൈമല്യവു-
മെപ്പൊഴുംതൂകും ലോക-
ശാന്തിതൻരത്താകീർണ്ണ-
ക്ഷേത്രമായ്ലസിക്കുന്നു.

ii

സാഗരതരംഗങ്ങ-
ളെപ്പൊഴും തഴുകീടു-
മീ നഗരത്തിന്നല-
ങ്കാരമാം കലാക്ഷേത്രം,

താവിമേവുകയാണു
ശുക്രനക്ഷത്രംപോലെ!
പാവനസംസ്കാരത്തിൻ-
താഴികക്കുടംപോലെ!!

ചാമരം വീശിടുന്നു
പൈങ്കുളിർക്കാറ്റും പ്രാന്ത-
ഭൂമിയിൽ വിരാജിക്കും
പുഷ്പിതദ്രുമങ്ങളും!

മൂകമാം പ്രകൃതിയെ-
ക്കൂടിയും വെല്ലുന്നുണ്ടാ-
മീ മണിസൗധം കലാ-
ഭംഗിതൻ മാധുര്യത്താൽ!

വിശ്വവൈജയന്തിക-
യാമൊരു 'നാളന്ദ'യായ്

വിദ്രുതം വളരെട്ടെൻ-
നാട്ടിലിക്കലാക്ഷേത്രം!!!

iii

തൂമയിലാനന്ദാശ്രു-
തൂകുവാനൈക്യത്തിന്റെ
സീമയിലഭിമാനം
മാറ്റൊലിക്കൊണ്ടീടുവാൻ,

രോമാഞ്ചമോരോ ഭാര-
തീയനുമുണ്ടാകേണ-
മീ മനോഹരമായ
മന്ദിരം സ്മരിക്കുമ്പോൾ!!

ഹിന്ദുരാജ്യത്തിൻഹൃത്തി-
ലാദ്യമായ്പൊങ്ങി, ത്യാഗ-
ബിന്ദുവാം മഹാത്മജി-
തൻതിരുനാമത്തിനാൽ,

നൂനമിക്ഷേത്രംമാത്ര-
മിന്നിതിൻ പ്രതാപമ-
ന്യൂനമായ് മുഴങ്ങുന്നു
ചക്രവാളോപാന്തത്തിൽ!

ശ്രീ ജവഹരിലാൽതൻ-
പാദരേണുക്കൾവീണോ-
രീജഗത്ത്രയലാവ-
ണ്യാങ്കുരകലാക്ഷേത്രം,

ജാതമാക്കിനാൻ "പത്മ-
നാഭ",നാഹൃദയത്തിൻ-
നാദമീലോകംകേട്ടു
കോൾമയിർക്കൊണ്ടീടണം!!!




സ്വപ്നസാക്ഷാൽക്കാരം

# "ഈ അലങ്കാരപ്രയോഗം ശരിയല്ല"

— കെ. രാമകൃഷ്ണപിള്ള —

നായർസർവ്വീസ്സൊസൈററി എന്ന നാമം കേൾക്കുമ്പോൾ മനോമണ്ഡലത്തിൽ ഉദിച്ചു് ഉയരുന്നതു് ആ ചിത്രംമാത്രമാണു്. ഇന്നും ആ ശിരോമദ്ധ്യത്തിൽ അവശേഷിച്ചിട്ടുള്ള രോമങ്ങൾ എഴുന്നു് എണീററുതന്നെ നില്ക്കുന്നു. ഷഷ്ടിപൂർത്തിക്കുശേഷം ഇരുപതുകൊല്ലംക്രമിച്ചിട്ടും വാർദ്ധക്യത്തിനു് അതിന്റെ ലോലമായ ഒരു മുദ്രപോലും ആ മുഖത്തു് പതിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്തും എപ്പോഴും എവിടെനിന്നും എത്തിപ്പിടിച്ചുകേൾക്കാൻ ആ ചെവി രണ്ടും വിരിഞ്ഞു് വട്ടംപിടിച്ചു നില്ക്കുകയാണു്. കറുത്ത ചുട്ടിയുമായി പഴയ ഈരിഴയൻതോർത്തു് ഖദർഷർട്ടിനുമീതെ പാററിച്ചേർന്നു കിടക്കുന്നു. വടി വഴുതിവീഴാതെ വലംകയ്യുകൊണ്ടു മുറുകിപ്പിടിച്ചിട്ടുണ്ടു്. ആ പുരുഷായുസ്സിലെ പ്രയത്നഫലം ഈ രാജ്യത്തെവിടെയും കാണത്തക്കവിധം തല ഉയർത്തി നില്ക്കുന്നുണ്ടെങ്കിലും മന്നത്തു പത്മനാഭപിള്ളസാർ ഇന്നും അപൂർണ്ണചരിതാർത്ഥനാണു്. സന്തോഷംകൊണ്ടു് ഇനിയും ആ ഹൃദയം നിറഞ്ഞുകവിയുന്നില്ല. ഈ സത്യം ആ അർദ്ധമന്ദസ്മിതം സൂചിപ്പിക്കുകയും ചെയ്യുന്നു.

സർവ്വീസ്സൊസൈററിക്കുവേണ്ടി മൂവായിരംഏക്കർ ഭൂമിയും വിദ്യാലയങ്ങളെപ്പോലെ വിലപ്പെട്ട കെട്ടിടങ്ങൾ ഉൾപ്പെടെ രണ്ടരക്കോടിരൂപയുടെ സ്വത്തു് ആ ജീവിതം സമ്പാദിച്ചുകൊടുത്തിട്ടുണ്ടു്. തിരുവനന്തപുരം മുതൽ ഒററപ്പാലംവരെ വളർന്നെത്തിയ മുപ്പതു ഹൈസ്കൂൾഉൾപ്പെടെ നാല്പതു വിദ്യാലയങ്ങൾ പണികഴിപ്പിച്ചിട്ടുണ്ടു്. പത്തുവർഷത്തിനുമുമ്പു സമാരംഭിച്ച ഒരു പദ്ധതി വികസിച്ചു് ഇപ്പോൾ ഒരു ട്രെയിനിംഗ്സ്കൂൾ ഉൾപ്പെടെ ആറു് കാളേജുകളായിത്തീർന്നിരിക്കുന്നു. കാളേജുപണികൾക്കുതന്നെ ഒരുകോടിയിലധികംരൂപ ചിലവായിട്ടുണ്ടു്. തുടങ്ങിയ പണികൾ പൂർത്തിയാകാൻ ഇനിയും ഇരുപതുലക്ഷം രൂപയോളം വേണംതാനും.

സൊസൈററിയിൽ വർണ്ണോജ്ജ്വലകാന്തിയോടെ വളരുന്നതു് വിദ്യാഭ്യാസശാഖയാണു്. സി. എം. എസ്സ്., എൽ. എം. എസ്സ്, കാത്തലിക് മിഷ്യനറി സംഘം എന്നിങ്ങനെ അർത്ഥശക്തിയും സംഘടനാബലവും ഉള്ള സ്ഥാപനങ്ങളുടെ നേതൃത്വത്തിലായിരുന്നു സർക്കാരിന്റെ ഒഴികെയുള്ള വിദ്യാലയങ്ങൾ തിരുവിതാംകൂറിൽ വികസിച്ചുപോന്നതു്. മതസ്ഥാപനങ്ങളുടെ നിറഞ്ഞ ഭണ്ഡാരങ്ങളിൽനിന്നും, നിർല്ലോഭമായ സഹായം അവയ്ക്കു് നിരന്തരമായി ലഭിച്ചുകൊണ്ടുമിരുന്നു പക്ഷേ, സൊസൈററിയുടെ പേരിലുള്ള വിദ്യാലയങ്ങളുടെ ഉത്ഭവവും വളർച്ചയും ആവിധമുള്ള അനുകൂലസാഹചര്യങ്ങളിലല്ല. സൊസൈററിയുടേതായതെല്ലാം, ഒരു മഹാവ്യക്തിയുടെ നിത്യസ്വപ്നങ്ങളുടേയും നിരന്തരക്ലേശങ്ങളുടേയും പരിണതഫലങ്ങളാണു്. ഒരു വ്യക്തി വളർന്നു് ഒരു മഹാസ്ഥാപനമായി പടർന്നു് പന്തലിച്ചുനില്ക്കുന്നതു് ശ്രീ: മന്നത്തിന്റെ ജീവിതത്തിലൂടെ വ്യക്തമായി നമുക്കു് കാണാം

സർദാർ കെ. എം. പണിക്കർ "മന്നത്തിനെ കേരളത്തിലെ മാളവ്യ" എന്നു് അലങ്കാരഭാഷയിൽ പരാമർശിച്ചിട്ടുണ്ടു്. ഈ അലങ്കാരത്തിന്റെ പരിധിയെ അതിലംഘിക്കുന്ന വൈപുല്യം ശ്രീ. മന്നത്തിന്റെ വിദ്യാഭ്യാസപ്രവർത്തനത്തിൽ ഞാൻ കാണുന്നു. എന്റെ ഹൈസ്കൂൾവിദ്യാഭ്യാസം തുടർന്നതു് എൻ. എസ്സ്. എസ്സ്. വിദ്യാലയത്തിലും, കാളേജ്വിദ്യാഭ്യാസം നിലച്ചതു് കാശിസർവ്വകലാശാലയിലുമാണു്. രണ്ടിനോടും എനിക്കു മാതൃതുല്യമായ ഭക്തിയുമുണ്ടു്. പണ്ഡിത മദനമോഹനമാളവ്യയുടെ രംഗം വിശാലമായ ഭാരതമായിരുന്നു. മാളവ്യജി "രാജയാചക"നും, "യാചകരാജ"നും ആയിരുന്നു. ഭാരതത്തിലെ ഹൈന്ദവരാജാക്കന്മാർ പണക്കിഴികൾ കാണിക്കവെച്ചാണു്, ആ ചാര്യനായ മാളവ്യജിയെ പൂജിച്ചതും, ഹിന്ദുസർവ്വകലാശാലയെ വളർത്തിയതും. സർവ്വകലാശാല സ്ഥാപിച്ചിരിക്കുന്ന ആയിരത്തിഇരുനൂറു് ഏക്കർ സ്ഥലം, കാശിരാജാവു് ദാനമായി ആ പാദങ്ങളിൽ വച്ചുകൊടുത്തതാണു്. 'രാജപുട്ടാണ'ഹോസ്റ്റൽ രജപുത്രരാജാക്കന്മാരുടെ സംഭാവന. 'ലിംഡി'ഹോസ്റ്റലും അതുപോലെ തന്നെയുള്ള ഒരു സംഭാവന. നാനൂറുകുട്ടികൾക്കു സുഖസമൃദ്ധമായി താമസിക്കാവുന്ന "ബർളാഹോസ്റ്റൽ" ബർളാ പണിയിച്ചുകൊടുത്തതാണു്. വിശ്രുതമായ സർവ്വകലാശാലാ ലൈബ്രറി പണിയിച്ചു് ഒരുലക്ഷം രൂപയുടെ പുസ്തകങ്ങളും നിറച്ചുസമർപ്പിച്ചതു് ബറോഡാ മഹാരാജാവാണു്. ഏതു തുകയും ആവശ്യപ്പെട്ടപ്പോൾ എഴുതിപ്പണംവാങ്ങാവുന്ന ഒരു "ബ്ളാങ്ക്ചെക്കും" ബർളാ മാളവ്യജിയെ ഏല്പിച്ചിരുന്നു. ഈവിധം ഭാരതത്തോളംതന്നെ വിസ്തൃതമായ ഒരു രംഗമണ്ഡപത്തിലാണു്, അഖിലേന്ത്യാപ്രശസ്തനായ മാളവ്യജി കാശി





# കലാഭാരതം

— പാലാ —

കലയെപ്പൂജിക്കുന്ന
 കാലമല്ലല്ലകാകെ-
ക്കലഹം വിതയ്ക്കുവാൻ
 നോക്കുന്ന നേതാക്കന്മാർ.
കനകച്ചിലങ്കതൻ-
 ക്വാണമല്ലണുബോംബിൻ-
കഠിനസ്വനംകേട്ടു
 പാരിടം വിറയ്ക്കുന്നു.
അമൃതംവഹിക്കുന്ന
 മേഘമല്ലത്യുഗ്രമാം
മൃതിയെപ്പടർത്തുന്ന
 ധൂമമാണാകാശത്തിൽ.
സ്വൈരമായ് കിടന്നൊരി-
 ബ്ഭൂതലം പരാക്രമ-
ഭൈരവപ്രയോഗത്തിൻ-
 ഭ്രാന്തശാലയായ്മാറി.
തമ്മിലിങ്ങനെ വൈരം
 മർത്ത്യരിൽ ജ്വലിക്കുമ്പോൾ
ധർമ്മകാഹളമൂതാൻ
 ഭാരതമുണരുന്നു.

* * *

പണ്ടൊരുവേടൻകൊന്ന
 പക്ഷിയിലനുകമ്പ-
കൊണ്ടഹോ മഹാമുനി
 കണ്ണുനീർ തൂകിപ്പോയി.
സംഗരം നിരർത്ഥക-
 മാണെന്നു കാട്ടാനല്ലി
മംഗളപ്രദൻ വ്യാസൻ
 ഭാരതം കഥചൊല്ലി.
ഹിംസയെത്തടുക്കുവാൻ
 യാഗശാലയിലേക്കു
സംശയംകൂടാതെത്തി
 ബുദ്ധനായ് ശൗദ്ധോദനി.
സ്വന്തമാം രണം മഹാ-
 മാരണമായിക്കണ്ടു
പിന്തിരിഞ്ഞില്ലേ പണ്ടു
 ഭാരതപിതാമഹൻ.
കൊലയെപ്പരിലാളി-
 ച്ചീടവേ വിദേശികൾ,
കലയെപ്പൂജിക്കുവാൻ
 ഭാരതം മുന്നോട്ടെത്തി.

---

സർവ്വകലാശാല കെട്ടിയുയർത്തിയതു്. പക്ഷേ, ശ്രീ മന്നത്തിന്റെ രംഗമണ്ഡപമോ? ഇന്നലെവരെ കൊച്ചു തിരുവിതാംകൂർ! ഇപ്പോൾ കൊച്ചിയും; ഇനി മലബാറും. അന്നു് ഭിക്ഷാപാത്രവുമായി സമീപിച്ചതോ? വിശപ്പടക്കുവാൻപോലും വകകാണാതെ വാടിത്തളർന്നുപോയ ഒരു സമുദായം! കാശിരാജാവിനുപകരം കണ്ടെത്തിയതോ, ഒരു നടമേൽ ഇരവിക്കുറുപ്പു്; ഒരു സമുദായത്തിൽകുറുപ്പു്; ഒരു കുതിരവട്ടത്തുതമ്പാൻ; ഒരു കൊച്ചുതമ്പി! കാശിഗ്രാമത്തിനുപകരം കയ്യിൽക്കിട്ടിയതു് കരുകച്ചാലിലെ കടത്തിണ്ണ! ബറോഡാരാജാവിനുപകരം ഒരു ലക്ഷ്മിപ്പിള്ളക്കൊച്ചമ്മ! രാജഭണ്ഡാരങ്ങൾക്കുപകരം ഒററത്തേങ്ങാമാത്രം തരുവാൻ കരുത്തുള്ള കൊന്നത്തെങ്ങുകൾ! ബർളായില്ല, ബ്ളാങ്കുചെക്കില്ല! എങ്കിലും ഒരു കഥകളിനടന്റെ അതുല്യമായ അഭ്യാസപാടവത്തോടെ അദ്ദേഹം ആടുകയാണു്! വെറും എട്ടടി സമചതുരത്തിൽനിന്നു് ആടിത്തകർക്കുകയാണു്. സൊസൈററിയുടെ തിരശ്ശീലനീക്കി, വററിയ ചെമ്പിലെ എണ്ണയെടുത്തു്, പൊട്ടനിലവിളക്കിലെ കത്തിയെരിഞ്ഞ കരിന്തിരിതെളിച്ചു്, അത്ഭുതപ്രഭാവനായി, ഈ എൺപതാംവയസ്സിലും അഷ്ടകലാശംചവിട്ടി ആടിത്തകർക്കുകയാണു്. പണിതീർന്ന ചങ്ങനാശ്ശേരികാളേജിന്റെ രൂപഭദ്രത! പണിതീരുന്ന പന്തളംകാളേജിന്റെ ഭാവഭംഗി! കടഞ്ഞെടുത്ത ശില്പകലാസൗന്ദര്യമല്ലേ മഹാത്മാഗാന്ധികാളേജ്! ഈ രാജപാതയിലൂടെ കടന്നുപോകുന്ന പാദചാരികളും അപാദചാരികളും, കലാലയഭംഗികണ്ടു്, നിന്നിമേഷരായി ഇതിന്റെ മുമ്പിൽ നിന്നുപോവും! മാളവ്യജി മാളവ്യജിയാണു്; മന്നം മന്നംമാത്രവുമാണു്.

മാനിനെക്കൊല്ലാൻപോയ
മന്നവൻ മാൻകണ്ണിയെ
മാനമായ് പരിണയി-
ച്ചുള്ളതാണൊരുകാവ്യം.
ഹംസഗാമിനിയാകും
കന്യയെ വേൾക്കാൻ നൃപൻ
ഹംസദൂതംഗീകരി-
ച്ചെന്നതും കലാരൂപം.
തൻതനു പരുന്തിനു-
തീനിനായ് സമർപ്പിച്ചു
ബന്ധുരത്യാഗാമൃത-
നായൊരാൾ കഥകളിൽ.
സത്യപാലനത്തിനു
പട്ടടപ്പടിയോള-
മെത്തിയ നൃപാലകൻ
കാവ്യനായകനായി.
റാണിതന്നാഡംബരം
വിട്ടഹോ വൃന്ദാവന-
വേണുവായ് മാറിപ്പോയി
ഭക്തയാം മീരാബായി.
പാവമാം കബീർദാസ-
നീശ്വരസാക്ഷാൽക്കാര-
ഭാവമാം ഗാനങ്ങളി-
ലിപ്പൊഴും ജീവിക്കുന്നു.
ഭോഗമാനസനായ
തുളസീദാസൻ പൂർണ്ണ-
യോഗിയായ് രൂപാന്തര-
പ്പെട്ടതും കാവ്യാമൃതം.
സ്വാന്തമാമനുഭൂതി-
ധാരകളൊഴുക്കിയ
ഗന്ധർവ്വപ്രസൂതികൾ
പാരമുണ്ടിവിടത്തിൽ.
പ്രകടപ്രതാപങ്ങ-
ളൊക്കെയും നിരസിച്ചോർ!
പ്രതിഭാപ്രകാശത്തി-
ലൂടവേ മുന്നേറിയോർ!!
തുവലുംവാളും കയ്യി-
ലൊപ്പമായ് പെരുമാറും
ഭൂവരന്മാരെക്കണ്ടു
ഭാരതം ചിരകാലം.

യുദ്ധരംഗത്തിൽപ്പോലെ
ഹൃദ്യമാമാട്ടക്കഥാ-
നൃത്തമണ്ഡപത്തിലും
ചാഞ്ചാടി രാജാക്കന്മാർ.
പണ്ഡിതന്മാരെ, കലാ-
കോവിദന്മാരെക്കൊണ്ടേ
മണ്ഡിതമാകാറുള്ളു
രാജമന്ദിരംപോലും.
ദേവതാക്ഷേത്രങ്ങളാ-
ണാദ്യമായ്പകന്നതു
പാവനതീർത്ഥംപോലെ
ഭാവനാപ്രകർഷങ്ങൾ!
ശാന്തിയിൽ സമസ്സൃഷ്ടി-
സ്നേഹകാന്തിയിൽനിന്നു-
പൊന്തിയ ചെന്താമര-
പ്പൂവുകൾ പുരാണങ്ങൾ!
മധുവും പരാഗവും
വേണ്ടപോലുൾക്കൊള്ളുന്ന
മധുരപ്രകൃതികൾ
നാടകകാവ്യാദികൾ!

* * *

ശൈലകാനനനദീ-
സാഗരപരീതമായ്
പേലവഫലപുഷ്പ-
മേദുരകേദാരമായ്
ഭൂതലജനപദ-
സൗഹൃദപ്രദീപമായ്
നൂതനപുരാതന-
സംസ്കാരപ്രതീകമായ്
ഭാരതം വിജയിക്ക-
യാണിതാ, പരോൽക്കർഷ-
ഭാവുകംനേരും ചാരു
മന്ദഹാസവുമായി.
ധന്യമാമാഭ്യന്തര-
ബാഹ്യഭംഗികൾപോലെ-
തന്നെയാണവളുടെ
ഭാഷയും ഭാവങ്ങളും.
സുന്ദരവൃന്ദാവന-
യമുനാഗോവർദ്ധന-
മന്ദിരം ശ്രീഭാരത-
മെങ്ങനെ മങ്ങിപ്പോകാൻ?

# THE KERALA SERVICE BANK LTD.

## *Reg. Office:-* TRIVANDRUM.

(Bankers to The Nair Service Society)

### *BRANCHES:*

1. TRIVANDRUM
2. QUILON
3. KOTTAYAM
4. ALLEPPEY
5. PUNALUR
6. PANDALAM
7. CHANGANACHERRY
8. THODUPUZHA
9. KAYAMKULAM
10. PONKUNNAM

**Fixed Deposits, Short Notice Deposits and Savings Bank Deposits received on attractive terms Our Recurring Deposits Scheme Designed to suit every purse.**

*For particulars please contact the nearest Branch.*

**BOARD OF DIRECTORS:**

Sri. N. Chandrasekharan Nair B. A., B. L. I. P. S. (Retd.) (President)
Sri. Mannathu Padmanabhan
Sri. Kalathil Velayudhan Nair
Sri. G. V. Dass
Dr. V. R. Narayanan Nair
Sri. N. Chandrasekharan Nair
Sri. K. Gangadhara Kurup B. Com. (Managing Director)

# സാമ്പത്തികാഭിവൃദ്ധി ഇന്ത്യയിലും ഇതരരാജ്യങ്ങളിലും

— പ്രഫസർ സി. നാരായണൻ —

ഇന്ത്യ ജനസംഖ്യാവലിപ്പംകൊണ്ടു ലോകത്തിൽ വച്ചു് രണ്ടാമത്തെ രാജ്യമാണെങ്കിലും, സാമ്പത്തികസ്ഥിതി നോക്കുമ്പോൾ ലോകത്തിലെ മിക്ക രാജ്യങ്ങളുടെയും പിന്നിലാണു്. നമുക്കിവിടെ കണക്കററ പ്രകൃതിവിഭവങ്ങളുണ്ടു്. ധാതുവിഭവങ്ങളും, സസ്യജാലങ്ങളും, വനസമ്പത്തും, നദീജലസമ്പത്തും, മത്സ്യസമ്പത്തും, മൃഗസമ്പത്തും നോക്കുകയാണെങ്കിൽ ഈ രാജ്യം പ്രകൃതിയുടെ കലവറയാണെന്നുതന്നെ പറയാം. വമ്പിച്ച ആൾശക്തിയും ഇവിടെയുണ്ടു്. എന്നാൽ നമ്മുടെ അസംസ്കൃതവിഭവങ്ങളേയും മനുഷ്യശക്തിയേയും നാം വേണ്ടവിധം ഉപയോഗപ്പെടുത്താത്തതിനാൽ നമ്മുടെ രാജ്യം ദാരിദ്ര്യത്തിന്റെയും തൊഴിലില്ലായ്മയുടെയും നൃത്തരംഗമായിത്തീർന്നു. രണ്ടു നൂററാണ്ടുകാലത്തോളം നമ്മെ ഭരിച്ച ബ്രിട്ടീഷ്ഭരണതന്ത്രജ്ഞന്മാർ നമ്മുടെ രാജ്യത്തിന്റെ സാമ്പത്തികവികസനക്കാര്യത്തിൽ ശ്രദ്ധപതിപ്പിച്ചില്ല. ഇവിടെ വ്യവസായങ്ങൾ വളർന്നുവരുന്നതു് അവരുടെ രാജ്യങ്ങളിലെ വ്യവസായോല്പന്നങ്ങൾക്കുള്ള കമ്പോളത്തിനു് ഹാനികരമാവുമെന്ന ഭയത്താൽ, പുതിയ വ്യവസായങ്ങൾ ഏർപ്പെടുത്തുവാനോ, വ്യവസായികൾക്കു് ഇക്കാര്യത്തിൽ പ്രോത്സാഹനം നൽകുവാനോ അവർ മിനക്കെട്ടില്ല. എന്നുമാത്രമല്ലാ, പല നൂതനവ്യവസായസംരംഭങ്ങളും ഏർപ്പെടുത്തുവാനുള്ള ഇന്ത്യൻവ്യവസായപ്രേമികളുടെ ഉത്സാഹത്തിന്മേൽ തണുത്തവെള്ളം പകരുകയാണു് അവർ ചെയ്തിരുന്നതും. അങ്ങനെ വ്യവസായവിപ്ലവത്തിന്റെയും, കാർഷികവിപ്ലവത്തിന്റെയും ജന്മഭൂവായ ബ്രിട്ടന്റെ ആധിപത്യത്തിൽ നാം രണ്ടുനൂററാണ്ടുകാലം കഴിഞ്ഞുകൂടിയെങ്കിലും, ബ്രിട്ടൻ നമ്മുടെ കാർഷികരംഗം അപരിഷ്കൃതസ്ഥിതിയിലും, വ്യവസായരംഗം അവികസിതനിലയിലും വിട്ടുംവച്ചാണു് ഇവിടെനിന്നു പിൻവാങ്ങിയതു്.

എന്നാൽ സ്വാതന്ത്ര്യലബ്ധിക്കുശേഷം ഈ ശോചനീയസ്ഥിതി നീണ്ടുപോകുവാൻ അനുവദിച്ചുകൂടെന്നു നമ്മുടെ നേതാക്കൾ തീരുമാനിച്ചു. രാജ്യത്തിന്റെ സർവ്വതോമുഖമായ അഭിവൃദ്ധി കൈവരുത്തേണ്ടതാണെന്നും അതിനു് സുവ്യവസ്ഥിതമായ ഒരു പരിപാടി ആവശ്യമാണെന്നും തീരുമാനിച്ചു. തൽഫലമായി ഇവിടെ സാമ്പത്തികാസൂത്രണം സമാരംഭിക്കപ്പെട്ടു. ഇവിടെ സാമ്പത്തികാസൂത്രണത്തിന്റെ ആവശ്യകത ലോകസാമ്പത്തികാധഃപതനകാലത്തു് നമ്മുടെ വന്ദ്യവയോധികനായ സർ എം. വിശ്വേശ്വരയ്യ ചൂണ്ടിക്കാണിച്ചിരുന്നു. അതിനുശേഷം ബിർലാപദ്ധതി, ജനകീയപദ്ധതി, ഗാന്ധിയൻപദ്ധതി, കാൺഗ്രസ്സിന്റെ ദേശീയാസൂത്രണസമിതിയുടെ പദ്ധതി എന്നിങ്ങനെ പലതും പുറത്തുവന്നു. ഇവ ആസൂത്രണത്തിന്റെ ഒരന്തരീക്ഷം സൃഷ്ടിക്കുകയുംചെയ്തു. പ്രസ്തുത പശ്ചാത്തലത്തിലാണു് സ്വാതന്ത്ര്യലബ്ധിക്കുശേഷം സാമ്പത്തികാസൂത്രണത്തിനായി നമ്മുടെ ദേശീയഗവമെൻറു് പ്ലാനിംഗ്കമ്മിഷനെ നിയമിച്ചതു്. രാജ്യത്തിന്റെ വിഭജനം ഇതു കൂടുതൽ ആവശ്യമാക്കിത്തീർത്തു.

പ്ലാനിംഗ്കമ്മീഷൻ തയ്യാറാക്കിയ ഒന്നാമത്തെ പഞ്ചവത്സരപദ്ധതി സാമ്പത്തികപുരോഗതിക്കുള്ള മാർഗ്ഗം വെട്ടിത്തെളിയിക്കുവാനായിരുന്നു. നാട്ടിലെങ്ങും കൊടുമ്പിരിക്കൊണ്ടിരുന്ന ഭക്ഷണക്ഷാമത്തെ ദൂരീകരിച്ചു്, അസംസ്കൃതപദാർത്ഥങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരുത്തി, സമ്പദ്‌വ്യവസ്ഥയ്ക്കു് ഒരു നിലയുറപ്പു് കൈവരുത്തുക എന്നതായിരുന്നു ഒന്നാംപദ്ധതിയുടെ ഉദ്ദേശ്യം. അതിനുവേണ്ടി പല കാർഷികവികസനപരിപാടികളും നാം സ്വീകരിച്ചു. പല വമ്പിച്ച ജലസേചനപദ്ധതികളും വിദ്യുച്ഛക്തി ഉല്പാദനസംരംഭങ്ങളും സമാരംഭിക്കപ്പെട്ടു. ഏതാനും വ്യവസായസംരംഭങ്ങളും നാം തുടങ്ങിവച്ചു. കൃഷിയും വ്യവസായവും വളർത്തുവാനുള്ള അത്യാവശ്യമായ ഉപാധിയെന്ന നിലയിൽ ഗതാഗതവാഹനസൗകര്യങ്ങളുടെ വിപുലീകരണത്തിലും ശ്രദ്ധപതിപ്പിച്ചു. വിദ്യാഭ്യാസം, ആരോഗ്യം, ശുചീകരണം, ചികിത്സാസൗകര്യം മുതലായ ജനക്ഷേമപരിപാടികളും നടപ്പിൽ വരുത്തി. ഇപ്രകാരം ദേശീയജീവിതത്തിന്റെ വിവിധവശങ്ങളേയും സ്പർശിക്കുന്ന ഒരു സമഗ്രമായ വികസനപദ്ധതിയാണു് ഇവിടെ പ്രയോഗത്തിൽ വരുത്തിയതു്. ഇതിനു് നാം ഏതാണ്ടു് 2000 കോടി രൂപ ചെലവാക്കുകയും ചെയ്തു

ഒന്നാം പഞ്ചവത്സരപദ്ധതി നമ്മെ എവിടെ എത്തിച്ചു? പ്ലാനിംഗ്കമ്മീഷന്റെ റിപ്പോർട്ടു് അനുസരിച്ചു നോക്കുകയാണെങ്കിൽ നമുക്കു് ഗണ്യമായ അഭിവൃദ്ധി കൈവന്നിട്ടുണ്ടു്. കൃഷിയിലും വ്യവസായത്തിലും ഉല്പാദനത്തോതു ഗണ്യമായി ഉയർത്തുന്നതിനു് ഒന്നാം പഞ്ചവത്സരപദ്ധതി ഉപകരിച്ചിട്ടുണ്ടു് എന്നാണു് കമ്മീഷന്റെ അഭിപ്രായം. കാർഷികോല്പാദനം ഏതാണ്ടു് 20 ശതമാനംകണ്ടു വർദ്ധിച്ചു. ഭക്ഷ്യോല്പാദനം 1955-56-ൽ 649 ലക്ഷം ടൺ ആയിരുന്നു. ഇതു് പദ്ധതിയിലെ ലക്ഷ്യത്തിലും 30 ലക്ഷം ടൺ അധിക



ഡാക്ടർ വി. ആർ. നാരായണൻനായർ
(സ്വാഗതസംഘം പ്രസിഡൻറ്)

മാണ്. പരുത്തി, ചണം, എണ്ണവിത്തുകൾ മുതലായവയുടെ ഉല്പാദനവും ഗണ്യമായി വർദ്ധിച്ചു. വ്യവസായരംഗത്തിൽ സുമാർ 30 ശതമാനം ഉല്പാദനവർദ്ധനയുളവായി. പഞ്ചസാര, തുണി, കടലാസ്സ് മുതലായവയുടേതിൽ ഉല്പാദനവർദ്ധന പദ്ധതിയുടെ ലക്ഷ്യത്തിലും കവിഞ്ഞതായിരുന്നു. കപ്പൽ, വിമാനം, റെയിൽവേ എൻജിൻ, റെയിവേ വാഗൺ, പെനിസിലിൻ, ഡി. ഡി. ടി, ശുദ്ധീകരിച്ച പെട്രോൾ എന്നിങ്ങനെ പല വസ്തുക്കളും പുതുതായി നിർമ്മിക്കാനും തുടങ്ങി. തൽഫലമായി വിദേശവ്യാപാരനിലയും അഭിവൃദ്ധിപ്പെട്ടു.

മേല്പറഞ്ഞപ്രകാരമുള്ള ഉല്പാദനവർദ്ധന ഹേതുവായി നമ്മുടെദേശീയവരുമാനവും തൊഴിലവസരങ്ങളും വർദ്ധിച്ചു പുതുതായി 45 ലക്ഷം പേക്ക് പദ്ധതിക്കാലത്തു തൊഴിൽലഭിച്ചുവെന്നാണ് കമ്മീഷൻെറ മതിപ്പ്. ദേശീയവരുമാനം 18 ശതമാനവും, ആളോഹരിവരുമാനം 11 ശതമാനവും വർദ്ധിച്ചു. പദ്ധതിപ്രകാരം ആദ്യം പ്രതീക്ഷിച്ച വർദ്ധന യഥാക്രമം 11 ശതമാനവും, 8 ശതമാനവും ആയിരുന്നു. അങ്ങനെ പ്രതീക്ഷിച്ചതിലുമധികം വർദ്ധന നമ്മുടെ ജനങ്ങളുടെ വരുമാനത്തിലുണ്ടായിട്ടുണ്ട്. 1955-'56-ലേക്ക് ആളോഹരി വരുമാനം 255 രൂപയിൽനിന്ന് 280 രൂപയായി വർദ്ധിച്ചിട്ടുണ്ട്. 1948-49-ലെ വിലനിരക്കിനെ അടിസ്ഥാനപ്പെടുത്തി നോക്കുകയാണെങ്കിൽ ഇതു് 272 രൂപ ആയിരിക്കും അങ്ങനെ മൊത്തത്തിൽ 25 രൂപയുടെ വർദ്ധനയുണ്ടായി. വർഷത്തിൽ 5 രൂപാ എന്ന തോതിൽ മുൻപൊരുകാലത്തും ഇത്രയധികം വർദ്ധന കൈ വന്നിട്ടില്ല.

എന്നാൽ ഇതരരാജ്യങ്ങളെ അപേക്ഷിച്ച് നാമിപ്പോൾ എത്രത്തോളം മുന്നോട്ടെത്തി? നമുക്കു സാധിക്കേണ്ടതായിട്ടുള്ള പുരോഗതി നോക്കുമ്പോൾ നമുക്ക് കൈവന്ന നേട്ടം അത്രയൊന്നും ഗംഭീരമല്ലെന്ന് വ്യക്തമാവുന്നതാണ്. ലോകത്തിലെ മുന്നണിരാജ്യങ്ങളുടെ സ്ഥാനത്തേക്കെത്തേണമെങ്കിൽ സുദീർഘമായ ഒരു പാതയിൽക്കൂടി ഇനിയും നമുക്കു പ്രയാണംചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്. ഇതു താഴെചേർത്തിട്ടുള്ള പ്രധാന പാശ്ചാത്യരാജ്യങ്ങളിലെ 1956-ലേക്കുള്ള ആളോഹരി വാർഷികവരുമാനക്കണക്ക് വ്യക്തമാക്കുന്നതാണ്:

| | | | |
|---|---|---|---|
| അമേരിക്കൻ ഐക്യരാജ്യം | — | 9,700 | രൂപ |
| ക്യാനഡ | — | 6,700 | ,, |
| സ്വീഡൻ | — | 5,700 | ,, |
| സ്വിററ്സർലാണ്ട് | — | 5,400 | ,, |
| ന്യൂസിലാണ്ട് | — | 5.400 | ,, |
| ആസ്ട്രേലിയ | — | 4,900 | ,, |
| നോർവ്വേ | — | 4,400 | ,, |
| ബ്രിട്ടൻ | — | 4,300 | ,, |
| ഫ്രാൻസ് | — | 4,000 | ,, |
| ഡെന്മാർക്ക് | — | 3,800 | ,, |
| പശ്ചിമജർമ്മനി | — | 3,300 | ,, |
| നെതർലാണ്ട്സ് | — | 3,000 | ,, |
| ഇററലി | — | 1,800 | ,, |
| ഇന്ത്യ | — | 272 | ,, |

നമ്മുടെ വരുമാനത്തിൻെറ 35 ഇരട്ടിയാണ് അമേരിക്കക്കാരുടേതെന്നും, 20 ഇരട്ടിയാണ് സ്വിററ്സർലാണ്ടുകാരുടേതെന്നും, 16 ഇരട്ടിയാണ് ബ്രിട്ടീഷുകാരുടേതെന്നും, ഏതാണ്ട് 7 ഇരട്ടിയാണ് ഇററലിക്കാരുടേതെന്നും ഇതിൽനിന്നു വ്യക്തമാകുന്നു.

ഇനി പൗരസ്ത്യദേശങ്ങളിലെ സ്ഥിതിനോക്കുകയാണെങ്കിലും നമ്മുടെ നില മെച്ചമല്ല. കണക്കുകൾതന്നെ കഥപറയട്ടെ:

| | | | |
|---|---|---|---|
| ജപ്പാൻ | — | 1000 | ക |
| ഫിലിപ്പൈൻസ് | — | 860 | ,, |
| സിലോൺ | — | 570 | ,, |
| ഇന്ത്യ | — | 272 | ,, |
| പാകിസ്ഥാൻ | — | 237 | ,, |
| ബർമ്മ | — | 210 | ,, |



എൻ. എസ്. എസ്. ഹൈസ്കൂൾ, ഒററപ്പാലം

ജപ്പാൻകാരുടെ ആളോഹരിവരുമാനം നമ്മുടേതിലും നാലിരട്ടിയാണെന്നും, ഫിലിപ്പൈൻകാരുടേതു മൂന്നിരട്ടിയാണെന്നും, സിലോൺകാരുടേതു് നമ്മുടേതിലും ഇരട്ടിയാണെന്നും ഈ കണക്കുകൾ പറഞ്ഞുതരുന്നുണ്ടല്ലോ. 4800 കോടിരൂപ ചെലവുവരുന്ന രണ്ടാമത്തെ പഞ്ചവത്സരപദ്ധതി പൂർത്തിയായാൽക്കൂടി നമ്മുടെആളോഹരിവരുമാനം 330 രൂപമാത്രമായിരിക്കുമത്രെ. എന്നാലും നാമെത്ര പിന്നിലാണു്? ഇനിയും നാമെത്ര മുന്നോട്ടുപോകണം. ദ്രുതതരമായ വ്യവസായവല്ക്കരണത്തെ ആശ്രയിച്ചിരിക്കും നമ്മുടെ പ്രയാണത്തിന്റെ വേഗത.

ഒന്നാം പഞ്ചവത്സരപദ്ധതിയിൽ നാം വ്യവസായങ്ങൾക്കു് 179 കോടിരൂപയും വിദ്യുച്ഛക്തിയുല്പാദനത്തിനു് 266 കോടിരൂപയും മാത്രമേ നീക്കിവച്ചിരുന്നുള്ളു. രണ്ടാംപദ്ധതിയിൽ ഇവയ്ക്കു് യഥാക്രമം 891 കോടി രൂപയും 440 കോടി രൂപയും നീക്കിവച്ചിട്ടുണ്ടു്. എന്നുമാത്രമല്ല, വാഹനസൗകര്യവും മററും വർദ്ധിപ്പിക്കുവാൻ ഒന്നാംപദ്ധതിയിൽ 556 കോടിരൂപമാത്രം നീക്കിവച്ചതു് രണ്ടാംപദ്ധതിയിൽ 1,384 കോടി രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. തൽഫലമായി ഗണ്യമായ വ്യവസായവികസനം സാധിതപ്രായമായിത്തീരുമെന്നാണു് പ്രതീക്ഷിക്കുന്നതു്. രണ്ടാം പദ്ധതിയിൽ അടിസ്ഥാനവ്യവസായങ്ങൾക്കു് മുൻഗണന നൽകിട്ടുള്ളതുകൊണ്ടു് അവയുടെ വളർച്ച് കൂടുതൽ വ്യവസായങ്ങളുടെ ആവിർഭാവത്തിനു ഹേതുഭൂതമാകുമെന്നും കരുതാം. ഇങ്ങനെ മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് വ്യവസായരംഗത്തിൽ അഭൂതപൂർവമായ ഒരു തള്ളിക്കയററംതന്നെ ഉണ്ടാവുമെന്നു പ്രതീക്ഷിക്കാവുന്നതാണു്. കുടിൽവ്യവസായങ്ങൾക്കു് ഒന്നാംപദ്ധതിയിൽ 27 കോടി രൂപമാത്രം അനുവദിച്ചതു് രണ്ടാംപദ്ധതിയിൽ 200 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടു്. ഈ വർദ്ധന ഗ്രാമീണരുടെ വരുമാനവർദ്ധനയ്ക്കു് ഹേതുവാകുമെന്നു പ്രതീക്ഷിക്കാം. മൂന്നാംപദ്ധതിക്കാലത്തു് ഇതിലുംകൂടുതലായ സംഖ്യ ഈ ആവശ്യത്തിലേക്കു നീക്കുമെന്നുകരുതാം. അതോടൊപ്പം കാർഷികപരിഷ്കരണനടപടികൾകാരണം കൃഷിയിലെ വരുമാനം വർദ്ധിക്കേണ്ടതുമാണു്. ഇപ്രകാരം നോക്കുമ്പോൾ മൂന്നാംപദ്ധതിയുടെ അന്ത്യമാവുമ്പോഴേക്കും നമ്മുടെ ആളോഹരിവരുമാനം ഒരുപക്ഷേ ഇരട്ടിപ്പിക്കാൻ സാധിച്ചേക്കും. എന്നാലും നാമെത്ര പിന്നിലായിരിക്കും. പക്ഷേ അക്ഷമപ്രദർശിപ്പിച്ചിട്ടു പ്രയോജനമില്ല. നാം കഠിനാദ്ധ്വാനത്തിനു മുതിരുകയാണുവേണ്ടതു്. അലസന്മാർ സമുദായത്തിലില്ലെന്നുവരണം. അദ്ധ്വാനിക്കാത്തവനു് ആഹാരമില്ലെന്നനിലയാവണം. അപ്പോൾ സാമ്പത്തികാധഃപതനത്തിൽ അഭൂതപൂർവമായ വർദ്ധന കൈവരും. ആളോഹരിവരുമാനവും ജീവിതത്തോതും ഉയരുകയുംചെയ്യും.

# വൈക്കം സത്യാഗ്രഹം

— കെ. പി. കേശവമേനോൻ —

1924 മാർച്ച് 30-ാംതിയതിയാണു് വൈക്കം സത്യാഗ്രഹം തുടങ്ങുവാൻ തീർച്ചപ്പെടുത്തിയതു്. അതിനു് നാലുദിവസംമുമ്പ് ഞാൻ വൈക്കത്തെത്തി. സത്യാഗ്രഹത്തെ സഹായിക്കുവാനായി ധാരാളം സുഹൃത്തുക്കളും വാളണ്ടിയർമാരും അവിടെ വന്നുചേർന്നിരുന്നു. നായർ സമുദായത്തിലേയും ഈഴവസമുദായത്തിലേയും നേതാക്കന്മാർ അവിടെ എത്തിയിരുന്നു. അവരുടെ പ്രസംഗങ്ങളും കൂടിയാലോചനകളും ഉത്സാഹപൂർവമായ ഒരുക്കങ്ങളും വൈക്കത്തിനു് ഒരുത്സവകാലത്തെ ഉണർവുണ്ടാക്കി. മന്നത്തു പത്മനാഭപിള്ള, ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, എം. എൻ. നായർ, ടി. വി. കുഞ്ഞുരാമൻ, ആലുംമൂട്ടിൽ ചാന്നാർ മുതലായ നേതാക്കന്മാരെല്ലാം വന്നുചേർന്നു. പണംപിരിക്കുന്നതിനും പദാർത്ഥങ്ങൾ ശേഖരിക്കുന്നതിനും പ്രചാരവേല നടത്തുന്നതിനും സന്ദർശകന്മാരെ സ്വീകരിക്കുന്നതിനും വാളണ്ടിയർമാരെ ഏർപ്പെടുത്തുന്നതിനും എല്ലാററിനും വെവ്വേറെ വിഭാഗങ്ങൾ ഉണ്ടായി. നേതാക്കന്മാരെ അറസ്ററു ചെയ്താലും സത്യാഗ്രഹത്തിനു് യാതൊരു വീഴ്ചയുമുണ്ടാകരുതെന്ന മുൻകരുതലോടെ വേണ്ടുന്ന ഒരുക്കങ്ങളെല്ലാം ചെയ്തു. 29-ാംനു- ഉറങ്ങാൻ കിടന്നപ്പോൾ നേരം വളരെ വൈകി. അർദ്ധരാത്രിയിൽ എന്നെ ചിലർ വിളിച്ചുണർത്തി. അടിയന്തിരമായ ചില കാര്യങ്ങൾ ആലോചിക്കുവാനാണു് വന്നതെന്നു പറഞ്ഞു. ചില സമുദായപ്രമാണികളായിരുന്നു അവർ. നിശ്ചയിച്ചതനുസരിച്ചു് പിറേറദിവസം കാലത്തു സത്യാഗ്രഹം തുടങ്ങുന്നതായാൽ പല കുഴപ്പങ്ങളുമുണ്ടാകുമെന്നും, സത്യാഗ്രഹത്തിൻെറ ഫലം അയിത്തോച്ചാടനപ്രസ്ഥാനത്തെ പിന്നോക്കം തിരിക്കുകയായിരിക്കുമെന്നും, അതുകൊണ്ടു് അതു് പിറേറദിവസം ആരംഭിക്കുന്നതു് വിവേകപൂർവമായിരിക്കുകയില്ലെന്നും വൈക്കംറോഡിനെക്കുറിച്ചു് ഉദാരഭാവപൂർവം അധികാരസ്ഥന്മാർ ആലോചിക്കുന്നതാണെന്നും അവർ എന്നെ അറിയിച്ചു. ആ സംഭാഷണം എന്നെ അമ്പരപ്പിക്കാതിരുന്നില്ല. അതുവരെ എൻെറ ഒന്നിച്ചു്, എന്നിൽ ഒട്ടും കുറയാത്ത ഉത്സാഹത്തോടെ സത്യാഗ്രഹകാര്യത്തിൽ പരിശ്രമിച്ചിരുന്ന ചില സുഹൃത്തുക്കളും അവരുടെകൂട്ടത്തിൽ ഉണ്ടായിരുന്നു. പെട്ടെന്നുണ്ടായ ആ മാററത്തിനു കാരണമെന്താണെന്നു ഞാൻ ആശ്ചര്യപ്പെട്ടു. പിറേറദിവസം സത്യാഗ്രഹം തുടങ്ങാതിരുന്നാൽ അതു വേണ്ടെന്നുവയ്ക്കുന്നതുപോലെയായിരിക്കുമെന്നും അങ്ങിനെ അതുപേക്ഷിക്കാൻ യാതൊരു കാരണവും കാണുന്നില്ലെന്നും ഉത്സാഹം കൈവിടാതെ സത്യാഗ്രഹത്തെ സഹായിക്കുകയാണു് അവരുടെ കടമയെന്നും ഞാൻ അവരോടു പറഞ്ഞു. "നാമെല്ലാവരും കൂടി വളരെ ആലോചിച്ചു് തീർച്ചപ്പെടുത്തിയതല്ലേ ഇതു്? നമുക്കിനി പിന്നോട്ടു മാറുവാൻ തരമുണ്ടോ? ജയമായാലും പരാജയമായാലും നിശ്ചയിച്ചപ്രകാരം സത്യാഗ്രഹം നാളെ തുടങ്ങുക" എന്നവരോടു് അഭ്യർത്ഥിച്ചു് ഞാൻ പിന്നെയും ഉറങ്ങുവാൻപോയി.

30-ാംതിയതി നേരംപുലർന്നു. സത്യാഗ്രഹക്യാമ്പിലുള്ളവർ കുളികഴിഞ്ഞു് കുറിയിട്ടു് ക്ഷേത്രറോഡിലേയ്ക്കു പുറപ്പെടുവാനുള്ള ഒരുക്കങ്ങൾചെയ്തു. മൂന്നാളുകളായിരുന്നു ആദ്യത്തെ ദിവസം സത്യാഗ്രഹത്തിനു പുറപ്പെട്ടതു്. കുഞ്ഞപ്പി എന്നു പേരായ ഒരു പുലയനും ബാഹുലേയൻ എന്ന ഒരു ഈഴവനും ഗോവിന്ദപ്പണിക്കർ എന്ന ഒരു നായരും. കാലത്തു് 7 മണിക്കു ഞങ്ങൾ ക്യാമ്പിൽനിന്നു പുറപ്പെട്ടു. ഈരണ്ടാളുകളായി മുന്നോട്ടു നടന്നു. ക്യാമ്പിൽനിന്നു ക്ഷേത്രറോഡിലേയ്ക്കു് ഏകദേശം ഒരുനാഴിക ദൂരമുണ്ടു്. സാവധാനത്തിൽ നടന്നു് അവിടെയെത്തി. കാഴ്ചക്കാരും പോലീസുകാരുമടങ്ങിയ വലിയൊരു ജനക്കൂട്ടം അവിടെയുണ്ടായിരുന്നു. 'അയിത്തജാതിക്കാർക്കു് ഇതിനപ്പുറം പ്രവേശിക്കാൻ പാടില്ല' എന്നെഴുതിയ ഒരു ബോർഡു് ക്ഷേത്രത്തിനു് 100 വാര അകലെയായി റോഡിൽ നാട്ടിയിരുന്നു. ആ ബോർഡു വെച്ച സ്ഥലത്തുനിന്നും അൻപതുവാര അകലെ എത്തിയപ്പോൾ എല്ലാവരും അവിടെനിന്നു. സത്യാഗ്രഹത്തിനൊരുങ്ങിയ മൂന്നുപേർമാത്രം മുന്നോട്ടു നടന്നു. എന്താണുണ്ടാകുവാൻപോകുന്നതെന്നറിയാൻ ജനങ്ങൾ ഉൽക്കണ്ഠയോടെ കാത്തിരുന്നു. പോലീസുകാർ അങ്ങോട്ടും ഇങ്ങോട്ടും നടന്നു് ജനത്തിരക്കു നിയന്ത്രിച്ചു. സത്യാഗ്രഹികൾ മൂന്നുപേരും ബോർഡിൻെറ സമീപത്തെത്തി. അവിടെ എട്ടുപത്തു പോലീസുകാർ അണിനിരന്നുനിന്നിരുന്നു. സത്യാഗ്രഹികൾ അവിടെനിന്നു. "നിങ്ങൾ ഓരോരുത്തരുടേയും ജാതി എന്താണു്?" എന്നൊരു പോലീസുദ്യോഗസ്ഥൻ ചോദിച്ചു. 'ഞാൻ പുലയനാണു്' 'ഞാനു ഈഴവനാണു്' 'ഞാൻ നായരാണു്' എന്നവർ സമാധാനം പറഞ്ഞു. "നായർക്കു് കടന്നുപോകാം. മററു രണ്ടുപേർക്കും ഇതിലെ കടന്നുപോകാൻ പാടില്ല" എന്നു പോലീസുദ്യോഗസ്ഥൻ ആജ്ഞാപിച്ചു. "മററു രണ്ടുപേരേയും ഈ വഴിക്കു കൊണ്ടുപോകാനാണു് അവരുടെകൂടെ ഞാൻ വന്നിരിക്കുന്നതു്. അവരുടെ ഒരുമിച്ചേ ഞാൻ പോകുന്നുള്ളൂ" എന്നായിരുന്നു ഗോവിന്ദപ്പണിക്കരുടെ ഉത്തരം. പോലീസുകാർ വഴി തടുത്തുനിന്നു. സത്യാഗ്രഹികൾ മൂന്നുപേരും പോലീസുകാരെ അഭിമുഖീകരിച്ചുനിന്നു. അങ്ങനെ സമയം കുറേ കഴിഞ്ഞു. "ഒന്നുകിൽ ഞങ്ങളെ ഈവഴി പോകുവാൻ

അനുവദിക്കണം; അതല്ലെങ്കിൽ അതിനു ശ്രമിച്ചതിന് ഞങ്ങളെ അറസ്ററുചെയ്യണം; അല്ലാതെ ഞങ്ങൾ മടങ്ങുവാൻ ഭാവമില്ല" എന്നു പറഞ്ഞു് സത്യഗ്രഹികൾ അവിടെ ഇരുന്നു.

ഡിസ്ത്രിക്ട്മജിസ്രേട്ടും പോലീസ്മേലധികാരികളും കൂടിആലോചന നടത്തി, സത്യഗ്രഹികളെ അറസ്ററുചെയ്യാൻ കല്പനകൊടുത്തു. അവരെ അറസ്ററുചെയ്തുകൊണ്ടുപോയതിനുശേഷം ഞങ്ങളെല്ലാവരും ക്യാമ്പിലേയ്ക്കു മടങ്ങി. അങ്ങനെ ആദ്യദിവസത്തെ സത്യഗ്രഹം കഴിഞ്ഞു.

പിറേറദിവസം മജിസ്രേട്ട് അവരെ വിചാരണ ചെയ്ത് ആറാറുമാസം വെറുംതടവിന് ശിക്ഷിച്ചു. വേറേ മൂന്നുപേർ അന്നും സത്യഗ്രഹം അനുഷ്ഠിച്ചു. അവരെയും അറസ്ററുചെയ്ത് ശിക്ഷിച്ച് ജയിലിലേയ്ക്കയച്ചു.

അനിഷ്ടസംഭവങ്ങളൊന്നും ഈ രണ്ടുദിവസവും ഉണ്ടായില്ല. സത്യഗ്രഹത്തിൻെറ സമാധാനപൂർവ്വമായ നടത്തിപ്പ് ഞങ്ങളെ സന്തോഷിപ്പിച്ചു. എന്നാൽ ചില സവർണ്ണഹിന്ദുക്കളിൽ അതു് വലിയ അമ്പരപ്പുണ്ടാക്കിത്തീർത്തു. പല അവാസ്തവപ്രസ്താവനകളും അവിടെ പരന്നു. "അമ്പലത്തിൽ അയിത്തക്കാർ പ്രവേശിക്കാൻപോകുന്നു; ലഹളയ്ക്ക് ഒരുങ്ങുന്നു" എന്നും മററുമുള്ള വർത്തമാനങ്ങൾ കേട്ടുതുടങ്ങി. ഈ വിവരം സൂചിപ്പിച്ച് ചില എഴുത്തുകളും എനിക്ക് കിട്ടാതിരുന്നില്ല. സത്യഗ്രഹം രണ്ടുദിവസം നിർത്തിവച്ചു. സവർണ്ണനേതാക്കന്മാരെ കണ്ട് അവരെ സ്വാധീനമാക്കാനുള്ള ശ്രമം ഒന്നുകൂടി ചെയ്യേണ്ടതാണെന്ന് ചില സ്നേഹിതന്മാർ ഞങ്ങളെ ഉപദേശിച്ചു. അതനുസരിച്ച് സത്യഗ്രഹം രണ്ടുദിവസം നിർത്തിവച്ചു.

സവർണ്ണഹിന്ദുക്കളുടെ യോഗത്തിൽ സന്നിഹിതനായി, അയിത്തജാതിക്കാരോട് നീതികാണിക്കുവാൻ ഞാൻ അഭ്യർത്ഥിച്ചു. അവർ ക്ഷേത്രറോഡിൽക്കൂടി പോകുവാൻ അനുവദിക്കണമെന്ന് ഗവർമ്മെൻറിനോടപേക്ഷിക്കേണ്ടതു് സവർണ്ണജാതിക്കാരാണെന്നും, അരിനുള്ള ഈ സുവർണ്ണാവസരം പാഴാക്കരുതെന്നും ഞാൻ അവരോടു പറഞ്ഞു. അതിന് വളരെ ഫലമുണ്ടായെന്നുപറയുവാൻ ധൈര്യപ്പെടുന്നില്ല. ക്യാമ്പിൽ മടങ്ങിയെത്തിയതിനുശേഷം മററുള്ളവരുമായി ആലോചിച്ച് പിറേറദിവസം സത്യഗ്രഹം തുടങ്ങുവാൻ തീർച്ചപ്പെടുത്തി.

ഞാനും ടി. കെ. മാധവനും അന്ന് സത്യഗ്രഹത്തിനൊരുങ്ങി. സത്യഗ്രഹം തുടരുവാൻപോകുന്നുണ്ടെ



പി. എസ്. പി. നേതാവ് ശ്രീ. പട്ടം താണുപിള്ള

ന്നുള്ള വിവരമറിഞ്ഞു് അന്നും ജനങ്ങൾ വൈക്കം ക്ഷേത്രത്തിൻെറ ഇരുവശത്തും തിരക്കിക്കൂടി. സത്യഗ്രഹക്യാമ്പിൽനിന്നു പുറപ്പെട്ട ഞങ്ങൾ ക്ഷേത്രറോഡിലെത്തി. മററുള്ളവരിൽനിന്നുവിട്ട് ഞാനും മാധവനും ക്ഷേത്രസന്നിധിയിലേയ്ക്ക് നടന്നു. കുറേ മുന്നോട്ടുപോയപ്പോൾ അധികാരികൾ ഞങ്ങളെ അറസ്ററുചെയ്ത് പോലീസ്സ്റ്റേഷനിലേയ്ക്കു കൊണ്ടുപോയി. ഭക്ഷണത്തിനുശേഷം കോടതിയിൽ കേസ് വിചാരണ തുടങ്ങി.

മജിസ്രേട്ട് ശ്രീ: ആണ്ടിപ്പിള്ളയുടെ മുൻപിൽ വച്ചായിരുന്നു വിചാരണ. തീണ്ടൽജാതിക്കാരെ ക്ഷേത്രറോഡിൽക്കൂടി കടന്നുപോകുവാൻ ഞങ്ങൾ പ്രേരിപ്പിച്ചു എന്നും, അങ്ങനെ അവർ കടന്നുപോകുന്നതായാൽ സവർണ്ണഹിന്ദുക്കളുടെയിടയിൽ ക്ഷോഭംഉണ്ടാകുമെന്നും അതു് സവർണ്ണഹിന്ദുക്കളിൽ ചിലരെ ലഹളയ്ക്ക് പ്രേരിപ്പിക്കുമെന്നുമായിരുന്നു തെളിവിൻെറ ചുരുക്കം. സാക്ഷികളെ ഞാനും മാധവനും എതിർവിസ്താരം ചെയ്തില്ല.

വിചാരണ കഴിഞ്ഞതിനുശേഷം ഞങ്ങൾ ഓരോരുത്തരോടും അഞ്ഞൂറു് ക ജാമ്യംകൊടുക്കാൻ കോടതി കല്പിച്ചു. അതിനൊരുക്കമല്ലാത്തതുകൊണ്ട് ഞങ്ങൾക്ക് ആറുമാസത്തെ വെറുംതടവ് വിധിച്ചു.

# പ്രാചീനഭാരതത്തിലെ രാജനീതി

— ശിരോമണി, എം. കെ. ഗോവിന്ദൻ —

"ഭാരതത്തിന്റെ വിശിഷ്ടമായസമ്പത്തു് എന്താണെന്നു് എന്നോടു ചോദിച്ചാൽ സംസ്കൃതഭാഷയും ആ ഭാഷ ഉൾക്കൊള്ളുന്ന വിജ്ഞാനവിഭവങ്ങളുമാണെന്നു് ഞാൻ സംശയലേശംകൂടാതെ പറയും." മഹാനായ നമ്മുടെ പ്രധാനമന്ത്രി ജവഹർലാൽനെഹ്റുവിന്റെ സുചിന്തിതമായ അഭിപ്രായമാണു് ഇതു്. അദ്ദേഹം ചെയ്ത ഈ പ്രഖ്യാപനം പ്രത്യക്ഷരം അർത്ഥവത്താണെന്നു് പണ്ഡിതന്മാർ സമ്മതിക്കാതെയിരിക്കയില്ല. ചരിത്രം വീശിയ വെളിച്ചത്തിൽക്കൂടി നമുക്കു കണ്ടെത്താൻ കഴിയുന്നകാലംതുടങ്ങി ഭാരതത്തിന്റെ സ്വന്തം ഭാഷ സംസ്കൃതമായിരുന്നു. ഓരോകാലത്തു് ജീവിച്ചിരുന്ന ചിന്തകന്മാരും കവികളും നിരൂപകന്മാരും അവർക്കു ലഭിച്ച വിജ്ഞാനം രേഖപ്പെടുത്തിയിട്ടുള്ളതു് ഈ ഭാഷയിലാണു്. ചുരുക്കിപ്പറഞ്ഞാൽ ഭാരതത്തിന്റെ വിജ്ഞാനസമ്പത്തുമുഴുവനും സംസ്കൃതഭാഷയാകുന്ന കലവറയിലാണു് സൂക്ഷിച്ചു വച്ചിരിക്കുന്നതു്. കാശ്മീരംമുതൽ കന്യാകുമാരിവരെ നീണ്ടുകിടക്കുന്ന ഭാരതത്തിൽ ഓരോ പ്രദേശങ്ങൾക്കും ഓരോ ഭാഷയും സാഹിത്യവും സ്വന്തമായി ഉണ്ടെന്നിരുന്നാലും അവയിലൊന്നിനുംതന്നെ ഭാരതത്തിന്റെ പൊതുഭാഷയാകാനുള്ള ഭാഗധേയം സിദ്ധിച്ചിട്ടില്ല. എന്നാൽ സഹസ്രാബ്ദങ്ങളായി സംസ്കൃതം ഭാരതത്തിന്റെ പൊതുഭാഷയും, അതിൽ ലിഖിതങ്ങളായിട്ടുള്ള വിജ്ഞാനസമ്പത്തു് ഭാരതത്തിന്റെ പൊതുവിജ്ഞാനവുമാകുന്നു. വ്യാസന്റെയും വാല്മീകിയുടെയും ഭാസകാളിദാസാദി മഹാകവികളുടെയും മധുമയഭണിതികളുടെ സാരള്യവും ഗാംഭീര്യവും മറ്റൊരു ഭാരതീയഭാഷയ്ക്കും സ്വായത്തമാക്കാൻ സാധിച്ചിട്ടില്ല ഭാരതത്തിന്റെ ഹൃദയം മഹാഭാരതത്തിലും രാമായണത്തിലുമാണു് നിഴലിച്ചുകാണുന്നതു്. ഈ രണ്ടു മഹൽഗ്രന്ഥങ്ങളിലുംകൂടി സഹസ്രാബ്ദങ്ങളിലെ ഭാരതത്തിന്റെ ഹൃദയത്തുടിപ്പു് നമുക്കിന്നു വ്യക്തമായി കേൾക്കുവാൻ സാധിക്കും. ഈ രണ്ടു ആകരഗ്രന്ഥങ്ങളേയും ആശ്രയിച്ചാണു് ഭാരതത്തിലങ്ങോളമിങ്ങോളം ഇന്നുവരെയുണ്ടായിട്ടുള്ള കവികൾ കാവ്യനിർമ്മാണം ചെയ്തിട്ടുള്ളതു്. അനേകസഹസ്രംവർഷങ്ങളായി ഭാരതത്തിന്റെ ഐക്യം ഭംഗമെന്യേ നിലനിത്തിപ്പോന്നിട്ടുള്ളതും ഈ ഭാഷയാണെന്നു പറയുന്നതു് കേവലം പരമാർത്ഥംമാത്രമാണു്.

അടുത്തകാലംവരെ സമുദായത്തെയും മതത്തെയും രാജശാസനത്തെയും നിയന്ത്രിച്ചു് നയിച്ചിരുന്നതു് സംസ്കൃതത്തിലെഴുതപ്പെട്ടിട്ടുള്ള രാജനീതിതന്നെയായിരുന്നു. ഒരു ശാസ്ത്രം എന്നനിലയിൽ ഈ നിയമങ്ങൾക്കു രണ്ടായിരത്തിഅഞ്ഞൂറിലധികംകൊല്ലത്തെ പഴക്കമുണ്ടു്. അത്രയുംകാലംകൊണ്ടു സിദ്ധിച്ച വളർച്ചയും വികാസവും അവയ്ക്കിന്നുണ്ടു്. കൃത്യമായിപ്പറഞ്ഞാൽ തക്ഷശിലയിലെ വിദ്യാർത്ഥിയും മൗര്യചന്ദ്രഗുപ്തന്റെ പ്രധാനസചിവനുമായിരുന്ന കൗടില്യനാണു് ഇന്നു നമുക്കുകിട്ടുന്ന രാജനീതിഗ്രന്ഥങ്ങളിൽ പ്രധാനമായ അർത്ഥശാസ്ത്രം രചിച്ചിരിക്കുന്നതു്. കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽത്തന്നെ അനേകം പൂർവാചാര്യന്മാരുടെ മതങ്ങൾ പൂർവപക്ഷമായുംമററും അവതരിപ്പിച്ചു് ചർച്ചചെയ്യപ്പെട്ടിട്ടുണ്ടു്. (1) ബാഹുദന്തീപുത്രൻ, (2) വാതവ്യാധി, (3) കൗണപദന്തൻ, (4) വിശാലാക്ഷൻ, (5 പിശുനൻ, (6) പരാശരൻ. ഇവർ അർത്ഥശാസ്ത്രത്തിൽ പരാമൃഷ്ടന്മാരായ പൂർവാചാര്യന്മാരിൽ ചിലരാണു്. ഭാരതീയരാജനീതിയുടെ പുരാതനത്വവും വ്യാപ്തിയും വൈപുല്യവും ഇതിൽനിന്നും നമുക്കൂഹിക്കാവുന്നതാണു്.

"ഓം നമഃ ശുക്രബൃഹസ്പതിഭ്യാം" എന്നു് അസുരഗുരുവായ ശുക്രാചാര്യനെയും ദേവഗുരുവായ ബൃഹസ്പതിയെയും നമസ്കരിച്ചുകൊണ്ടാണു് കൗടില്യൻ തന്റെ അർത്ഥശാസ്ത്രം സമാരംഭിക്കുന്നതു്. ശുക്രാചാര്യപ്രണീതമായ 'ഔശനസം' ഏററവും പ്രാചീനമായ രാജനീതിഗ്രന്ഥമാകുന്നു. ഇതിന്റെ സംഗ്രഹരൂപമായ ശുക്രനീതി ഇന്നു നമുക്കു കിട്ടുന്നുണ്ടു്. ബൃഹസ്പതി രചിച്ച ബാർഹസ്പത്യവും മററനേകം വിശിഷ്ടഗ്രന്ഥങ്ങളും നഷ്ടപ്പെട്ടുപോയി.

രാജ്യഭരണം സുശക്തവും സുഗമവുമായി നടത്തുന്നതിനുവേണ്ടി എത്ര സൂക്ഷ്മമായും വിശദമായും വിഷയങ്ങളെ വിഭജനംചെയ്തശേഷമാണു് ആചാര്യൻ തന്റെ ഗ്രന്ഥം നിർമ്മിച്ചിരിക്കുന്നതെന്നു നമുക്കൊന്നു നോക്കാം. ഏതാനും വകുപ്പദ്ധ്യക്ഷന്മാരുടെ ഉദ്യോഗപ്പേരുകളും ഭരണവകുപ്പുകളുംമാത്രം ചുവടെ ചേർക്കുന്നു: സ്വർണ്ണം വെള്ളി മുതലായ ലോഹങ്ങൾകൊണ്ടു് നാണയങ്ങളടിക്കുന്ന കമ്മട്ടത്തിന്റെ വിചാരിപ്പു് സുവർണ്ണാദ്ധ്യക്ഷൻ നടത്തുന്നു. ഭക്ഷ്യധാന്യങ്ങൾ ശേഖരിച്ചു സൂക്ഷിക്കുന്ന വകുപ്പിന്റെ മേൽവിചാരം കോഷ്ഠാഗാരാദ്ധ്യക്ഷനാണു വഹിക്കുന്നതു്. വാണിജ്യവകുപ്പിന്റെ ഭരണം പണ്യാദ്ധ്യക്ഷൻ നിർവഹിക്കുന്നു. മേൽത്തരം

തടികൾ, മുളകൾ, മരപ്പട്ടകൾ മുതലായ വനവിഭവങ്ങൾ ശേഖരിക്കുന്നതും സൂക്ഷിക്കുന്നതും കുപ്യാദ്ധ്യക്ഷനാണു്. ആയുധാഗാരാദ്ധ്യക്ഷനാണു് ആയുധപ്പുരകളുടെ ഭരണം നടത്തുന്നതു്. രാജ്യത്തിലെ അളവുകളും തൂക്കങ്ങളും തെററാതെ സൂക്ഷിക്കുന്നതിനു് ഒരു പ്രത്യേക വകുപ്പദ്ധ്യക്ഷനുണ്ടു്. ശുല്കാദ്ധ്യക്ഷൻ തീരുവപിരിക്കുന്ന വകുപ്പിന്റെ ഭരണം നടത്തുന്നു. ടെക്സ്റ്റൈൽസിന്റെ ഭരണം നടത്തുന്നതിനു് സൂത്രാദ്ധ്യക്ഷനുണ്ടു്. സീതാദ്ധ്യക്ഷൻ കൃഷിവകുപ്പു ഭരിക്കുന്നു. എല്ലാത്തരം മദ്യവ്യാപാരങ്ങളുടെയും മേൽനോട്ടംവഹിക്കുന്നതിനു് സുരാദ്ധ്യക്ഷനും, കശാപ്പുശാലകളുടെ ഭരണം നടത്തുന്നതിനു് സൂതാദ്ധ്യക്ഷനുമുണ്ടു്. ജലവാഹനങ്ങളിൽനിന്നും ചുങ്കം പിരിക്കുന്നതിനു് നാവദ്ധ്യക്ഷനും, കന്നുകാലിസംരക്ഷണത്തിനു് ഗോദ്ധ്യക്ഷനും പ്രത്യേകമുണ്ടു്. കുതിരകളുടെ ലക്ഷണം, വംശശുദ്ധി മുതലായവയറിഞ്ഞു് അവയെ സൂക്ഷിക്കുന്ന വകുപ്പിന്റെ ചുമതല അശ്വാദ്ധ്യക്ഷൻ വഹിക്കുന്നതുപോലെ ആനകളുടെ കാര്യം വിചാരിക്കുവാൻ ഹസ്ത്യദ്ധ്യക്ഷൻ വേറേയുണ്ടു്. മുദ്രാദ്ധ്യക്ഷൻ രാജമുദ്ര സൂക്ഷിക്കുന്നു. കന്നുകാലിമേച്ചിൽസ്ഥലങ്ങളുടെ സൂക്ഷിപ്പുകാരനായി വിവീതാദ്ധ്യക്ഷൻ പ്രത്യേകമുണ്ടു്. ഇങ്ങനെ മുപ്പത്തിയെട്ടു വകുപ്പദ്ധ്യക്ഷന്മാരെപ്പററിയും അവരുടെ ജോലികളെപ്പററിയും അർത്ഥശാസ്ത്രത്തിൽ വിശദമായി വിവരിച്ചിരിക്കുന്ന ഭാരതീയ നീതിശാസ്ത്രത്തിന്റെ ഇരുളടഞ്ഞ ഉള്ളറകളിലേയ്ക്കു് വെളിച്ചംവീശുന്ന ഒരു പ്രസ്താവമാണു് അർത്ഥശാസ്ത്രത്തിൽ നാം കാണുന്നതു്. ബി. സി. നാലാംശതകത്തിൽ ഭാരതത്തിലെ രാജ്യഭരണം എത്രമാത്രം പരിഷ്കൃതമായും കാര്യക്ഷമമായും നടത്തിയിരുന്നു എന്നു് ഇതിൽനിന്നു നമുക്കു് ഊഹിക്കാം. മൗര്യസാമ്രാജ്യത്തിന്റെ സ്ഥാപകനും ഉപദേഷ്ടാവും ഭരണഭാരം നിയന്ത്രിച്ചിരുന്ന മഹാസചിവനുമാണു് ഈ ഗ്രന്ഥം നിർമ്മിച്ചിരിക്കുന്നതെന്നു് നാം അനുസ്മരിക്കണം. സ്വബുദ്ധിവൈഭവംകൊണ്ടു ഒരു സാമ്രാജ്യം സൃഷ്ടിച്ചു് പ്രതിപക്ഷത്തെ മുഴുവൻ നാമാവശേഷമാക്കി സ്വന്തംശിഷ്യനെ ചക്രവർത്തിയായി വാഴിച്ചു് ഭരണഭാരം സർവ്വാധികാരങ്ങളോടുംകൂടി താൻതന്നെ നിയന്ത്രിച്ചു കൊട്ടാരംമുതൽ കുടിലുകൾക്കുള്ളിൽവരെ തന്റെ അധികാരഖഡ്ഗത്തിന്റെ വീര്യപ്രഭ പായിച്ചു് രാജ്യത്തെയാകെ കിടുകിടെ വിറപ്പിച്ചുകൊണ്ടു് കുറേക്കാലം ഭരിച്ചശേഷം ശത്രുപക്ഷത്തിൽനിന്നുതന്നെ, താൻ അതുവരെ നിയന്ത്രിച്ചുപോന്ന ഭരണഭാരം വഹിക്കുവാൻ സർവ്വഥാ യോഗ്യനായ ഒരാളെ തിരഞ്ഞെടുത്തു്, സ്വന്തം ചക്രവർത്തിയുടെയും സാമ്രാജ്യത്തിന്റെയും സംരക്ഷണഭാരം ആ രാജ്യതന്ത്രജ്ഞന്റെ ഹസ്തങ്ങളിൽ സുരക്ഷിതമായി സമർപ്പിച്ചുകൊണ്ടു് തപോവനത്തിലെ സ്വന്തം കുടിലിലേയ്ക്കു മടങ്ങിപ്പോയി തപോനിഷ്ഠയിലേർപ്പെട്ട ഒരു മഹാനുഭാവനും മഹാപ്രതിഭനും കർമ്മയോഗിയുമാണു് ഈ ശാസ്ത്രം ഭാരതത്തിനു പ്രദാനംചെയ്തിരിക്കുന്നതെന്നു് അത്ഭുതാനന്ദപീയൂഷം നുകർന്നുകൊണ്ടു് നാം സ്മരിക്കേണ്ടതാണു്. ചക്രവർത്തിയായ മൗര്യചന്ദ്രഗുപ്തന്റെ മുഖത്തുനോക്കി “വൃഷലാ, വൃഷലാ’” എന്നു് അഭിസംബോധനംചെയ്യുവാൻ ഉള്ള ചങ്കുററം അദ്ദേഹത്തിനുണ്ടായിരുന്നു. ഭരണസാരഥ്യം വഹിച്ചിരുന്നകാലത്തു് ആ മന്ത്രിസത്തമൻ താമസിച്ചിരുന്ന ഭവനത്തിലേയ്ക്കു് ഒന്നെത്തിനോക്കുവാൻ മുദ്രാരാക്ഷസനാടകത്തിന്റെ കർത്താവായ വിശാഖദത്തൻ ഒന്നു ശ്രമിച്ചിട്ടുണ്ടു്. ആ മന്ത്രിമന്ദിരത്തിൽക്കണ്ട ഉപകരണങ്ങളിൽപ്പോലും വിശാഖദത്തന്റെ ദൃഷ്ടി പതിഞ്ഞിട്ടുണ്ടു്.

ഉപലശകലമേതദ് ഭേദകം ഗോമയാനാം
വടുഭിരുപഹൃതാനാം ബർഹിഷാം സ്തൂപമേതത്.
ശരണമപി സമിദ്ഭിഃ ശുഷ്യമാണാഭിരാഭി-
ർവിനമിതപടലാന്തം ദൃശ്യതേ ജീർണ്ണകുഡ്യം.

ചക്രവർത്തിയുടെ കല്പനപ്രകാരം മന്ത്രിസത്തമനെ കൂട്ടിക്കൊണ്ടുവരുവാനെത്തിയ തവണക്കാരൻ കാണുന്ന ‘ഭക്തിവിലാസ’ത്തിന്റെ യഥാർത്ഥമായ വിവരണമാണു് നാമിവിടെ കാണുന്നതു്. ആ ജീർണ്ണിച്ച കുടിൽ തവണക്കാരന്റെമാത്രമല്ല നമ്മുടെ കണ്ണിനുമുമ്പിലും തെളിഞ്ഞുകാണുന്നു. ചാണകവറളി ഉടച്ചെടുക്കുവാൻ ഉപയോഗിക്കുന്ന ഒരുടഞ്ഞ കല്ലിന്റെ കഷണം ഒരു ഭാഗത്തു്. ശിഷ്യന്മാർ ഗുരുപാദരുടെ മുമ്പിൽ കാഴ്ചവച്ച പിടിപിടിയായിക്കെട്ടിയിട്ടുള്ള കുശപ്പുല്ലുകൾ ഒരു ഭാഗത്തു്. ഉണങ്ങുവാൻ നിരത്തിയ ചമതക്കോലുകളുടെ ഭാരംകൊണ്ടു് മേൽക്കൂരയുടെ ഒരുഭാഗം നിലംപററിക്കിടക്കുന്ന പഴംകുടിലിലെ ഉപകരണങ്ങളാണിവയെല്ലാം. ഈ കുടിലിൽ കുടികൊണ്ടു് സംതൃപ്തിയും ഏകാന്തതയും അനുഭവിച്ചുകൊണ്ടാണു് മന്ത്രിസത്തമനായ ചാണക്യൻ ഈ മഹാഗ്രന്ഥം രചിച്ചതും ഭരണഭാരം വഹിച്ചതും ഈവക കുടിലുകൾ ലോകചിന്ത വെടിഞ്ഞ മഹർഷിമാരുടെ തപോവനങ്ങളിൽ നാം കണ്ടു പരിചയിച്ചിട്ടുണ്ടു്. അടുത്തകാലത്തു് സബർമതിയിലും സേവാഗ്രാമത്തിലും പർണ്ണകുടിയിലും ഉള്ള ഇല്ലിക്കോലുകൾകൊണ്ടുകെട്ടിയ കുടിലിലെ വെറുംനിലത്തിരുന്നുകൊണ്ടു് ഒരു കർമ്മയോഗി ഭാരതത്തിന്റെ മാത്രമല്ല ലോകത്തിന്റെ ഒട്ടാകെയുള്ള ചിന്താമണ്ഡലത്തെ നിയന്ത്രിച്ചിരുന്നതു കണ്ടിട്ടുള്ള നമുക്കു് ഇക്കാഴ്ച അത്ഭുതം ജനിപ്പിച്ചില്ലെന്നുവരാം. ഭാരതത്തിലെ ഐ. എ. എസ്സ്-കാരും മഹാമന്ത്രിമാരും വിശാഖദത്തൻ കാണിച്ചുതരുന്ന ഈ കുടിലിലേയ്ക്കൊന്നു് എത്തിനോക്കിയിരുന്നെങ്കിൽ എന്നു ഞാൻ വിചാരിച്ചുപോകുകയാണു്.

## രാജസ്ഥാനത്തിന്റെ ഉത്ഭവം, വളർച്ച, വീഴ്ച.

രാഷ്ട്രത്തിൽ പ്രധാനസ്ഥാനം വഹിക്കുന്നതു് രാജാവാണു് ആ സ്ഥാനത്തിന്റെ ഉല്പത്തിയെപ്പററി നമുക്കല്പം ചിന്തിക്കാം. ശരശയനത്തിൽ കിടന്നുകൊണ്ടു് ഭീഷ്മർ തന്റെ വത്സലശിഷ്യനായ ധർമ്മപുത്രനു രാജ

ധർമ്മം ഉപദേശിക്കുന്ന രംഗം മഹാഭാരതം ശാന്തിപർവ്വത്തിൽ വിവരിച്ചിട്ടുണ്ട്. അവിടെ നാമിങ്ങനെ കാണുന്നു: രാഷ്ട്രം ഏതുകാലത്തും സരാജകമായിരിക്കണം. രാജാവില്ലാത്ത രാജ്യത്തിലെ സർവ്വസ്വവും ചോരന്മാർ അപഹരിക്കും; അവിടെ ധർമ്മം നിലനില്ക്കുകയില്ല. ശക്തന്മാരായ രാജ്യലോഭികൾ രാജാവില്ലാത്ത രാജ്യത്തെ അപഹരിക്കും. ഒരുവന്റെ ധനത്തെ രണ്ടുപേർചേർന്നു കവൎച്ചചെയ്യും. ആ രണ്ടുപേരുടേയും ധനത്തെ പലരുംചേർന്നു പിടിച്ചുപറിക്കുന്ന പ്രഭുവിനെ ദാസനാക്കുന്നു. സ്ത്രീകളെ ബലാല്ക്കാരം ചെയ്യുന്നു. അരാജകമായ രാജ്യത്തിൽ ഇവയെല്ലാം സാധാരണമാണു്. മത്സ്യന്യായമാണവിടെ നടക്കുന്നതു്.

"അരാജകാഃ പ്രജാഃ പൂർവ്വം വിനേശുരിതി നഃ ശ്രുതം
പരസ്പരം ഭക്ഷയന്തോ മത്സ്യാ ഇവ ജലേ കൃശാൻ."

വലിയ മത്സ്യങ്ങൾ ചെറുമത്സ്യങ്ങളെ പിടിച്ചു വിഴുങ്ങി ജീവിക്കുന്നതുപോലെ അരാജകമായ രാജ്യത്തിലെ ജനങ്ങൾ കയ്യൂക്കുകുറഞ്ഞവരെ കൊള്ളയിടുന്നു. അങ്ങനെ പ്രജകൾ സ്വയം നശിക്കുന്നു. ഇതു പണ്ടു പണ്ടേ നാം പറഞ്ഞുകേൾക്കുന്ന ചരിതമാണു്. ഈ ദോഷങ്ങൾ വരാതിരിക്കുവാൻ പണ്ടു് പ്രജാപാലന്മാരെ സൃഷ്ടിച്ചു. ജനങ്ങൾ സംഘംകൂടി ചുവടെ പറയുന്ന പ്രതിജ്ഞചെയ്തു:—"പരുഷമായി സംസാരിച്ചും, തീക്ഷ്ണമായ ദണ്ഡമേല്പിച്ചും, പരദാരപരിഗ്രഹംചെയ്തും സ്വന്തം പ്രതിജ്ഞയെ ലംഘിക്കുന്ന രാജാവിനെ നമ്മൾ പരിത്യജിക്കണം." അവർ വൈവസ്വതമനുവിനെ സമീപിച്ചു നിവേദനംചെയ്തു,—"ഭഗവൻ, നാഥനില്ലാതെ ഞങ്ങൾ നശിക്കുന്നു. അതുകൊണ്ടു് ഞങ്ങൾക്കൊരു നാഥനെ തരിക; അദ്ദേഹം ഞങ്ങളെ രക്ഷിക്കട്ടെ" ഈ നിവേദനംകേട്ടു് മനു മറുപടിപറഞ്ഞു:—"ഈ പ്രയാസമുള്ള പ്രജാപരിപാലനം ഏല്ക്കുവാൻ ഞാൻ ഭയപ്പെടുന്നു. രാജ്യഭരണം ഏററവും ദുർഘടംപിടിച്ച ഒന്നാണു്. വിശേഷിച്ചു് ചരിതശുദ്ധിയില്ലാത്ത മനുഷ്യരെ ഭരിക്കേണ്ടിവരുമ്പോൾ."

ജനങ്ങൾ മറുപടിപറഞ്ഞു—"അങ്ങു് തെല്ലും ഭയപ്പെടേണ്ട. ഭരണനിർവ്വഹണത്തിനു വേണ്ടുന്ന ധനം ഞങ്ങൾ സമ്പാദിച്ചുതരാം. നാല്ക്കാലികളുടേയും ഭൂമിയിൽനിന്നു ലഭിക്കുന്നവയുടേയും അഞ്ചിലൊന്നു അങ്ങയ്ക്കു സമർപ്പിക്കാം. ഞങ്ങളുടെ ധാന്യത്തിന്റെ പത്തിലൊരംശം അങ്ങയ്ക്കു സ്വന്തമായെടുക്കാം. ഞങ്ങളിൽ വില്ലാളിവീരന്മാരായവർ അംഗരക്ഷകന്മാരായിരിക്കാം. അവിടുന്നു് സൈന്യപരിസേവിതനായി, പ്രതാപവാനായി, അധൃഷ്യനായി രാജ്യം വാണരുളിയാലും; ധർമ്മത്തെ വളർത്തി എല്ലാവിധത്തിലും ഞങ്ങളെ രക്ഷിച്ചാലും. ഞങ്ങൾ ശത്രുക്കളുടെ മാനംകെടുത്താം. അവരെ സംഹരിക്കാം." മനു അവരുടെ അഭ്യർത്ഥന സ്വീകരിച്ചു; അവരോടൊപ്പം പുറപ്പെട്ടു. അവർ ധർമ്മനിരതന്മാരായി.



യശശ്ശരീരനായ രാജ്യസേവാനിരതഃ കെ. ജി. പരമേശ്വരൻപിള്ള

ഇതാണു് രാജാവിന്റെ ഉത്ഭവത്തെപ്പററി മഹാഭാരതത്തിൽനിന്നു നാം പഠിക്കുന്നതു്. ഭീഷ്മരെയും മനുവിനെയും ധർമ്മപുത്രരെയും തല്ക്കാലം മറന്നുകൊണ്ടു നമുക്കൊന്നു ചിന്തിക്കാം. രാഷ്ട്രവും രാജാവും രാജനീതിയും എങ്ങനെ ആവിർഭവിച്ചു? ജനങ്ങൾ സമൂഹമായി ചേർന്നു ചെയ്ത ദൃഢപ്രതിജ്ഞയും രാജാവിന്റെ മുമ്പിൽ സമർപ്പിച്ച വ്യവസ്ഥകളും നമ്മുടെ കണ്ണുതുറപ്പിക്കുന്ന വസ്തുതകളാണു്. ജനങ്ങൾ പെരുകുന്നു; വിഭവങ്ങൾ ചുരുങ്ങുന്നു; ശക്തന്മാർ ബലഹീനരെ ഹിംസിക്കുന്നു; തമ്മിൽത്തമ്മിൽ ഹിംസിച്ചുഹിംസിച്ചു് ഒട്ടൊക്കെ ഒടുങ്ങുന്നു; ഒടുവിൽ ചിലക്കു വിവേകം തെളിയുന്നു; അവർ ഒത്തുചേരുന്നു; കുശലമാർഗ്ഗം കണ്ടെത്തുവാൻ ചിന്തിക്കുന്നു; അവരുടെ തീരുമാനത്തിൽ ആത്മാഭിമാനവും ധർമ്മധീരതയും വെളിച്ചംവീശുന്നു. സ്വയം ബദ്ധപ്രതിജ്ഞരായ അവർ ഒരു വിശിഷ്ടപുരുഷനെ സമീപിക്കുന്നു. വ്യക്തമായ വ്യവസ്ഥകളോടുകൂടി തങ്ങളെ ഭരിക്കുന്ന ഭാരം അദ്ദേഹത്തിനു സമർപ്പിക്കുന്നു. അങ്ങനെ രാജ്യവും രാജാവും രാജനീതിയും ഉടലെടുക്കുന്നു ഇതല്ലേ നാം വ്യാസന്റെ ദിവ്യസൂക്തങ്ങളിൽ കണ്ടതു്.

ഈ രാജസ്ഥാനവും സാമ്രാജ്യച്ചെങ്കോലുംകൊണ്ടു തന്നെ അത്യുന്നതമായ ആത്മീയസാമ്രാജ്യത്തിന്റെ ആധിപത്യവും ഒരേസമയം അലങ്കരിച്ച വിദേഹരാജാവായ ജനകന്റെ പദവിവരെ ഉയർന്നു; രാജ്യരക്ഷമാത്രമല്ല ലോകസംരക്ഷണവും ലോകസംഗ്രഹവുംതന്നെ

നിർവ്വഹിച്ചു. അവിടെനിന്നും ഉയൎന്ന് പിതാവിൻെറ പ്രതിജ്ഞ പരിപാലിക്കുവാൻ, സ്വയമേവ ആഗതയായ രാജ്യലക്ഷ്മിയെ ഉപേക്ഷിച്ചുകൊണ്ട് വനവാസം സ്വീകരിക്കുകയും വീണ്ടും വിയന്മണ്ഡലത്തിലേയ്ക്കുയൎന്ന്,

"സ്നേഹം ദയാഞ്ച സൗഖ്യഞ്ച യദി വാ ജാനകീമപി
ആരാധനായ ലോകസ്യ മുഞ്ചതോ നാസ്തി മേ വ്യഥാ"

വിശ്വസ്നേഹത്തേയും ജീവകാരുണ്യത്തേയും സ്വന്തംസുഖങ്ങളേയും ലോകാരാധനത്തിനു—പ്രജാനുരഞ്ജനത്തിനു—വേണ്ടിവന്നാൽ പ്രാണപ്രേയസിയായ ജാനകിയെപ്പോലും ഞാൻ നിർവ്യഥം ഉപേക്ഷിക്കാൻ ഒരുക്കമാണു്.

എന്നു് സ്വയം പ്രതിജ്ഞചെയ്യുകമാത്രമല്ല ലോകാരാധനത്തിനുവേണ്ടി ജാനകീപരിത്യാഗംതന്നെ ചെയ്തു്,

"ദുഃഖസംവേദനായൈവ രാമേ ചൈതന്യമാഗതം"

ദുഃഖങ്ങൾ ഒന്നിനുപിറകെ ഒന്നായി അനുഭവിപ്പാൻവേണ്ടിത്തന്നെയാണു് ശ്രീരാമചന്ദ്രനിൽ ചൈതന്യം—ജ്ഞാനശക്തി—ഉദയംചെയ്തതു്,

എന്നു് ലോകത്തെക്കൊണ്ടു പറയിച്ച ശ്രീരാമചന്ദ്രൻവരെ ഉയൎന്നു. ഒന്നിനുമില്ല സ്ഥിതിയെന്നു തെളിയിച്ചുംകൊണ്ടു് ആ ശ്രീരാമചന്ദ്രൻെറ കാലത്തുതന്നെ രാജസ്ഥാനത്തിൻെറ താഴോട്ടുള്ള ഗതിയും ആരംഭിച്ചതായി കാണുന്നു. നമുക്കിന്നു വിശ്വസിക്കുവാൻ കഴിയാത്ത ഒരു ഘോരകൃത്യം വസിഷ്ഠനുൾപ്പെടെയുള്ള പുരോഹിതന്മാർ ശ്രീരാമചന്ദ്രനെക്കൊണ്ടു ചെയ്യിച്ചു. അതു മറ്റൊന്നുമല്ല, ദണ്ഡകാരണ്യത്തിൻെറ ഒരൊഴിഞ്ഞകോണിൽപ്പോയി ആത്മനിർവൃതി നേടുവാൻ വേണ്ടി തപസ്സുചെയ്ത ശൂദ്രമുനിയായ ശംബൂകൻെറ വധംതന്നെ. എന്തിനുവേണ്ടിയെന്നോ? അകാലത്തിൽ ചരമമടഞ്ഞ ഒരു ബ്രാഹ്മണശിശുവിൻെറ ജീവനെ വീണ്ടെടുക്കുവാൻ. മരിച്ച കുട്ടിയുടെ പ്രേതവും തോളിലേന്തി ബ്രാഹ്മണർ കൊട്ടാരവാതുക്കൽക്കൂടി വിളിച്ചു പറഞ്ഞു, രാജാവിൻെറ ദോഷംകൊണ്ടാണു കുട്ടി മരിച്ചതെന്നു്. അവർ "ചെട്ടിമാരെച്ചെന്നിളക്കി; പട്ടണമാകെ മുഴക്കി." രാജാവിനു കിടക്കപ്പൊറുതിയില്ലാതായി. മന്ത്രിസഭകൂടി. അവർ തീരുമാനിച്ചു—രാജ്യത്തിലെവിടെയോ, ഒരു ശൂദ്രമുനി തപസ്സുചെയ്യുന്നതുകൊണ്ടാണു് കുട്ടി മരിച്ചതെന്നു്. അതുകൊണ്ടു മഹാരാജാവു അവനെ തേടിപ്പിടിച്ചു് വധിക്കണം. കുലഗുരുവായ വസിഷ്ഠൻ മന്ത്രിസഭയുടെ തീരുമാനം രാജാവിനെ അറിയിച്ചു. ഉടനെ വാളും കയ്യിലേന്തി മഹാരാജാവു പുറപ്പെടുകയായി. എട്ടുദിക്കുകളിലും ചെന്നുതേടി; അവിടെങ്ങും ആ താപസനെ കണ്ടില്ല. ഒടുവിൽ ദണ്ഡകാരണ്യത്തിൻെറ ഒരു കോണിൽ ഒരു മരത്തണലിൽ ജഗദീശ്വരപാദങ്ങളെ ധ്യാനധാരയിലുറപ്പിച്ചുംകൊണ്ടു് തപസ്സുചെയ്യുന്ന ആ നിർഭാഗ്യവാനെ രാമൻ കണ്ടെത്തി പുരോഹിതാജ്ഞ നിറവേററി. കുലഗുരുവിൻെറ ആജ്ഞ നിർവ്വഹിക്കുമ്പോൾ ശ്രീരാമചന്ദ്രനുണ്ടായ ഹൃദയവ്യഥ എത്ര ഭാരമേറിയതായിരുന്നുവെന്നു് ഹൃദയാലുവായ മഹാകവി ഭവഭൂതി നമ്മോടു പറയുന്നുണ്ടു്.

ഹേ ഹസ്ത! ദക്ഷിണ! മൃതസ്യ ശിശോർദ്വിജസ്യ
ജീവാതവേ വിസൃജ ശൂദ്രമുനൗ കൃപാണം
രാമസ്യ ബാഹുരസി നിർഭരഗർഭഖിന്ന-
സീതാവിവാസനപടോഃ കരുണാ കുതസ്തേ?

എടോ എൻെറ ദക്ഷിണമായ ഹസ്തമേ! ബ്രാഹ്മണൻെറ മരിച്ചുപോയ കുട്ടിയുടെ ജീവനെ രക്ഷിക്കുവാൻ വേണ്ടി ഈ ശൂദ്രതാപസനിൽ നീ വാളയയ്ക്കുക—ഓങ്ങിവെട്ടുക. നീ രാമൻെറ കയ്യല്ലേ? നിറഞ്ഞ ഗർഭാരംകൊണ്ടു കുഴഞ്ഞിരുന്ന സീതയെ വനത്തിൽ വലിച്ചെറിയാൻ കെല്പുകാണിച്ച രാമൻെറ. നിനക്കിപ്പോൾ എവിടെനിന്നു കാരുണ്യമുണ്ടായി?

രാജസ്ഥാനത്തിൻെറ വീഴ്ചതുടങ്ങുന്നതിനുള്ള കാരണം നാം ദൂരെയെങ്ങും തേടേണ്ടതില്ല. പ്രാചീനഭാരതത്തിൻെറ നിയമാവലിതന്നെയാണു് ഈ പതനത്തിനു് മൂലശിലപാകിയതു്. ഭാരതത്തിലെ വൎണ്ണവ്യവസ്ഥ, അതെങ്ങനെയുണ്ടായതായിരുന്നാലുംശരി, ഏതു തത്വത്തിൽ അധിഷ്ഠിതമായിരുന്നാലുംശരി, ആ തത്വങ്ങൾ സുസ്ഥിരങ്ങളോ സദ്ധൎമ്മത്തിൽ പ്രതിഷ്ഠിതങ്ങളോ അല്ലാത്തതുകൊണ്ടു് അപ്രായോഗികമാകുന്നു. അസത്യത്തിൽ അടിയുറച്ച വൎണ്ണവ്യവസ്ഥയെ ആധാരമാക്കിയാണു് ഭാരതത്തിലെ രാജനീതിയും ധൎമ്മശാസ്ത്രങ്ങളും വിരചിതങ്ങളായിരിക്കുന്നതു്. വൎണ്ണവ്യവസ്ഥ സുപ്രതിഷ്ഠിതമായാൽ സ്വകാര്യലാഭം ശാശ്വതമായിത്തീരുമെന്നു കണ്ട ബ്രാഹ്മണർ ധൎമ്മശാസ്ത്രങ്ങൾ നിൎമ്മിച്ചു്, രാജാക്കന്മാരെക്കൊണ്ടു നടപ്പിൽവരുത്തി പുരോഹിതനു് പരമാധികാരം നൽകി. അവൻെറ ചൊല്പടിക്കു രാജാവും പ്രജകളും വൎത്തിച്ചുകൊള്ളണമെന്നു് ലിഖിതവും അലിഖിതവുമായ നിയമങ്ങൾ ഉണ്ടാക്കി.

1 വേദോ ധൎമ്മമൂലം
2 തദ്വിദാഞ്ച സ്മൃതിശീലേ
(ഗൗതമധൎമ്മസൂത്രം)

വേദം ധൎമ്മത്തിനു മൂലമാകുന്നു. മാത്രമല്ല, വേദവിത്തുകൾ രചിച്ച സ്മൃതികളും അവരുടെ ആചാരങ്ങളും ധൎമ്മത്തിനു മൂലപ്രമാണങ്ങളാകുന്നു ഭാരതത്തിലെ വൎണ്ണധൎമ്മങ്ങളുടേയും ആശ്രമധൎമ്മങ്ങളുടേയും അടിത്തറ ഇങ്ങനെയാണു കെട്ടിപ്പടുത്തിരിക്കുന്നതു്. വേദവിത്തുകൾ എഴുതിയ സ്മൃതികളിലും അവരുടെ ആചാരങ്ങളിലും ഒതുക്കി പ്രാമാണികമാക്കാൻകഴിയാത്ത യാതൊരു ധൎമ്മവും ക്രമേണ ഭാരതത്തിൽ ഇല്ലാതെയായിത്തീൎന്നു. വൈദികരുടെ ആചാരത്തെ പ്രമാണമായിക്കാണിച്ചാൽ മതിയല്ലോ?

1 ബ്രാഹ്മണോ ന ഹന്തവ്യഃ
2 ന സ്ത്രീ ശൂദ്രൗ വേദമധീയാതാം

# മായാത്ത ചിത്രങ്ങൾ

— അയിരൂർ മാധവൻപിള്ള —

ജയിക്ക ഭാരതാംബേ, ലോകത്തിലനുപമ
സുയശസ്സുമോദ്ഗമസൗഗന്ധ്യവാസന്തികേ!

ആത്മജീവയോദ്ഭാവം പ്രത്യക്ഷമാക്കുന്നു; നി-
ന്നാത്മാവാം ഹിമവാനും ഗംഗ ജീവനുമായി

കാലാനുരൂപം കർമ്മയോഗത്തിന്നവതാര-
ലീലയ്ക്കു രംഗസംവിധാനമാം സംവിത്സ്വതേ

ചിന്മയി, ജഗദ്ധിതസിദ്ധ്യർത്ഥമായിട്ടൊരു
ജന്മമുണ്ടായതത്രേ ശ്രീഗാന്ധി ജഗൽബന്ധു

വന്ദ്യനാമദ്ദേഹത്തെയെൻഗുരുനാഥനാക്കി
വന്ദിച്ചു വാഴ്ത്തിപ്പാടിപ്പൊന്നണിവീണമീട്ടി

മന്ദാരമകരന്ദമാധുരീനുകർന്നു, നി-
ഷ്പന്ദമായ് വൃന്ദാവനമായ്മാറി ഭൃംഗകങ്ങളും

കേരളേശ്വരിയുടെ സാഹിത്യശ്രീകോവിലിൽ
കൈരളിയുരുക്കഴിച്ചീടുമിക്കാവ്യഗീതം

ബ്രഹ്മനാഡിയിലൂടെയോങ്കാരധ്വനിപോലി-
തുന്മിഷത്താക്കീടുമേ ജീവലോകത്തെയെന്നും.

അമ്മഹാത്മാവിൻ യശോവിഗ്രഹം പ്രതിഷ്ഠിച്ചു
സന്മാന്യനിലയ്ക്കൂഴിവില്ലാസ്മാരകമാക്കി

ധന്യധന്യമായ്ച്ചെയ്താനഭിവന്ദ്യനായൊരു-
മെന്നുമേ മാനിക്കുന്ന മന്നത്തുപത്മനാഭൻ

പാവനം സമുദായസേവനം ബഹിശ്ചര-
ജീവനായ്ക്കരുതീടുമുൽകൃഷ്ടകർമ്മയോഗി

ആ,തപഃസാധനയാൽ സിദ്ധികളെത്രയെത്ര
ശ്രോതവ്യമാക്കി ശ്രുതികൂട്ടിയമ്മഹാവാഗ്മി

അങ്ങനെ മലയാളഭാഷയ്ക്കും രാജ്യത്തിനു-
മെങ്ങുമേയഭിമാനിച്ചീടുവാൻ കഴിയുന്നു

നിങ്ങൾതൻപ്രതിഭയും ദീർഘദൃഷ്ടിയുമൊത്തു
ഞങ്ങൾക്കു സമ്മാനിച്ചീ മായാത്ത ചിത്രങ്ങളെ

മല്ക്കുലസുകൃതത്തിൻ മൂർത്തിമദ്ഭാവങ്ങളാം
സൽകൃതിപ്രവരരേ! നിങ്ങൾക്കു നമസ്കാരം!!

---

ബ്രാഹ്മണരെ വധിക്കരുതു്, സ്ത്രീയും ശൂദ്രനും വേദം പഠിച്ചുപോകരുതു്. * ബ്രാഹ്മണൻ ചൊല്ലുന്ന വേദം ഓർത്തിരിക്കാതെയും അറിയാതെയും ഒരു ശൂദ്രൻ കേട്ടുപോയാൽ ഈയവും അരക്കുംകൂട്ടിയുരുക്കി അവൻെറ ചെവിയിൽ നിറയ്ക്കണം; അവൻ വേദം ഉച്ചരിച്ചുപോയാൽ നാക്കറുക്കണം; അവൻ വേദം പഠിച്ചു് അർത്ഥം ധരിച്ചുപോയാൽ അവൻെറ ശരീരം കഷണംകഷണമായി മുറിക്കണം; എന്നൊക്കെയാണു് ഭാരതത്തിലെ രാജനീതി കല്പിച്ചിരിക്കുന്നതു്. സഹസ്രാബ്ദങ്ങളായി ഭാരതത്തിൽ നിലവിലിരുന്ന പീനൽകോഡിലെ ചില വകുപ്പുകളാണു് നാമിവിടെ കണ്ടതു്. പരമകാരുണികനായ വിവേകാനന്ദസ്വാമികൾ കന്യാകുമാരിക്കടലിലെ പാറപ്പുറത്തിരുന്നു് ഹൃദയമുരുകി രാത്രിമുഴവൻ കരഞ്ഞതുകൊണ്ടോ, ശ്രീനാരായണഗുരുസ്വാമികൾ നെയ്യാറിലെ കയത്തിൽ മുങ്ങിത്തപ്പിയെടുത്ത സ്കന്ദൻെറ വിഗ്രഹം സ്വന്തം ബാഷ്പധാരയിൽ അഭിഷേകംചെയ്തു് പ്രതിഷ്ഠിച്ചതുകൊണ്ടോ മുൻപറഞ്ഞ ധർമ്മശാസ്ത്രങ്ങളുടെ ക്രൂരദംഷ്ട്രകളുടെ മൂർച്ചയ്ക്കു തെല്ലും മയംവരുന്നതല്ല. ഈ രാജനീതി അനുസരിച്ചു് എഴുതിയ ഒരു ജഡ്ജ്മെൻറിലെ വിധിസാരം എ. ഡി. ഏഴാം ശതാബ്ദത്തിൽ ശൂദ്രകൻ രചിച്ച മൃച്ഛകടികം എന്ന നാടകത്തിൽ നമുക്കു കാണാൻകഴിയും. അവിടെ ഒരു ബ്രാഹ്മണൻ സ്വന്തം കാമുകിയെ ആഭരണങ്ങൾ അപഹരിക്കുവാൻവേണ്ടി കഴുത്തുഞെരിച്ചുകൊന്നു് കരിയിലക്കൂമ്പാരത്തിൽ കുഴിച്ചിട്ടു എന്ന കുററം വ്യക്തമായിത്തെളിയുകയാൽ കൊലപാതകിയെന്നു തെളിഞ്ഞ ആ ബ്രാഹ്മണനു് വധശിക്ഷ വിധിക്കേണ്ടതായിവന്നു. എന്നാൽ ധർമ്മശാസ്ത്രം-രാജനീതി-ആ നീതിപീഠത്തിനെതിരെ ചൂണ്ടുവിരലുമുയർത്തി നിൽക്കുന്നു. ജഡ്ജിക്കു നിവൃത്തിയില്ല വധശിക്ഷ വിധിക്കുവാൻ. അദ്ദേഹം രാജസ്ഥാനത്തോടു ശുപാർശചെയ്യുകയാണു്,

അയം ഹി പാതകീ വിപ്രോ
ന വദ്ധ്യോ മനുരബ്രവീത്
രാജ്യാദസ്മാത്തു നിർവാസ്യോ
വിഭവൈ രക്ഷതൈസ്സഹ.

ഈ ബ്രാഹ്മണൻ കൊലപാതകം ചെയ്തതായി തെളിഞ്ഞിരിക്കുന്നു; എന്നാൽ ബ്രാഹ്മണനെ വധിക്കരുതെന്നു മനു പറഞ്ഞിരിക്കുന്നു. അതുകൊണ്ടു് ഇവൻെറ സർവസ്വത്തുക്കളുംകൊടുത്തു് ഈ രാജ്യത്തിൽനിന്നു് ഇവനെ നാടുകടത്തണം.

പുരോഹിതന്മാർക്കു് നിയമം നിർമ്മിക്കുവാനും രാജസ്ഥാനത്തെക്കൊണ്ടു് അതു നടപ്പിൽവരുത്തുവാനും

---

* അഥ ഹാസ്യവേദമുപശൃണ്വതസ്ത്രപുജതുഭ്യാം ശ്രോത്രപ്രതിപൂരണമുദാഹരണേ ജിഹ്വാച്ഛേദഃ ധാരണേ ശരീരഭേദഃ
(ഗൗതമധർമ്മസൂത്രം)

കഴിഞ്ഞിട്ടുള്ള എല്ലാ രാജ്യങ്ങളിലെയും നിയമങ്ങൾ ഏറെക്കുറെ പക്ഷപാതമലിനങ്ങളായി തീൎന്നിട്ടുണ്ടു്. എന്നാൽ ജനനത്തെ അടിസ്ഥാനമാക്കി സങ്കല്പിച്ച ഉച്ചനീചത്വങ്ങൾ ഭാരതത്തിലെപ്പോലെ ഒരു രാജ്യത്തിലെയും ധൎമ്മശാസ്ത്രത്തെ പങ്കിലമാക്കിയിരിക്കയില്ല. ഒരു രാജാവു് സമ്രാട്ടായിക്കഴിഞ്ഞാൽ സൎവ്വസ്വദക്ഷിണമായ വിശ്വജിത്തു് എന്ന യാഗംചെയ്തു് സ്വത്തുമുഴുവൻ ബ്രാഹ്മണൎക്കു ദാനംചെയ്തു് കൊട്ടാരത്തിലെ സ്വന്തം ആവശ്യങ്ങൾക്കു് മൺകലവും മൺചട്ടിയുമെടുത്തുകൊള്ളണമെന്നു് ഭാരതത്തിലെ നീതിശാസ്ത്രം വിധിച്ചിരിക്കുന്നു. ഈ നിയമശാസനത്തിനൊരുദാഹരണമായി കാളിദാസൻ വരതന്തുശിഷ്യനായ കൗത്സൻ എന്ന ബ്രാഹ്മണവിദ്യാൎത്ഥിയെ സ്വാഗതംചെയ്യുവാൻ മൺചട്ടിയിൽ അൎഘ്യപാദ്യങ്ങളുമേന്തി എഴുന്നള്ളുന്ന രഘുവിനെ രഘുവംശത്തിൽ നമുക്കു കാണിച്ചുതരുന്നുണ്ടു്. *

ബ്രഹ്മസൂത്രഭാഷ്യത്തിലെ അപശൂദ്രാധികരണത്തിൽ ശൂദ്രനു വേദാധികാരമില്ലെന്നു സ്ഥാപിക്കുവാൻ വേണ്ടി നാലുപേർ കേട്ടാൽ നിരക്കാത്ത ബാലിശങ്ങളായ യുക്തിവാദങ്ങളുമേന്തി ശങ്കരഭഗവത്പാദർ കിണഞ്ഞു പണിയുന്നതുകണ്ടാൽ അദ്ദേഹത്തെപ്പററി അങ്ങേയററത്തെ ബഹുമാനമുള്ള നമുക്കെല്ലാം പുഞ്ചിരിതൂകാതെ നിവൃത്തിയില്ലെന്നുവരും. യുക്തിക്കും പ്രത്യക്ഷാനുഭവങ്ങൾക്കും കടകവിരുദ്ധമായി ഒരു അപസിദ്ധാന്തം സ്ഥാപിക്കുവാൻ വ്യൎത്ഥശ്രമംചെയ്തു ഭഗവത്പാദർ അവിടെ ദയനീയമായി പരാജയമടഞ്ഞിരിക്കുന്ന കാഴ്ച ആശ്വാസകരമാണു്. ഗീതാഭാഷ്യത്തിലും ആചാൎയ്യപാദർ വൎണ്ണവ്യവസ്ഥയും തദധിഷ്ഠിതമായ ഉച്ചനീചത്വങ്ങളും സ്ഥാപിക്കുവാൻ ശ്രമിക്കാതെയിരുന്നിട്ടില്ല.

യാവാനൎത്ഥ ഉദപാനേ സൎവ്വതഃ സംപ്ലുതോദകേ
താവാൻ സൎവ്വേഷു വേദേഷു ബ്രാഹ്മണസ്യ വിജാനതഃ

എന്നു തുടങ്ങുന്ന ഭാഗത്തിനു ഭാഷ്യമെഴുതുമ്പോൾ ഭഗവത്പാദർ എന്തിനുവേണ്ടി അപഥസഞ്ചാരം ചെയ്യുന്നുവെന്നു് ആരെങ്കിലും ചിന്തിച്ചുപോയാൽ അതു ക്ഷന്തവ്യമാണു്. "എങ്ങും ജലം വന്നുനിറഞ്ഞാൽ കൂപതടാകാദികൾകൊണ്ടു് എന്തു പ്രയോജനമോ അത്രേയുള്ളു ജ്ഞാനമുദിച്ചുകഴിഞ്ഞാൽ വേദങ്ങൾ എല്ലാംകൊണ്ടുള്ള പ്രയോജനം" എന്ന വിശദമായ ആശയത്തെ വേദപ്രയോജനം സ്ഥാപിക്കാൻവേണ്ടി ആചാൎയ്യൻ കുഴച്ചുമറിക്കുന്നുണ്ടു്. അത്രയ്ക്കു പാരമ്പൎയ്യനിയന്ത്രിതമാണു് ബുദ്ധിഗതിയും ചിന്താരീതിയും ആചാൎയ്യനുപോലും." വേദാധികാരവാദത്തെ വിശകലനംചെയ്തുകൊണ്ടു് പരമഭാഗവതനായ ശ്രീചട്ടമ്പിസ്വാമികൾ വേദാധികാരനിരൂപണമെന്ന വിശിഷ്ടഗ്രന്ഥത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:— "ശൂദ്രനും വേദാധികാരം മാത്രമല്ല വേദമന്ത്രകൎത്തൃത്വംകൂടിയുണ്ടു്. ഐതരേയം, കൗഷീതകി മുതലായ ബ്രാഹ്മണങ്ങളിൽ ദാസീപുത്രനായ കവഷന്റെ കഥ കാണുന്നു. ഈ ശൂദ്രനായ കവഷൻ അനേകം വേദമന്ത്രങ്ങളുടെ ദ്രഷ്ടാവാണെന്നു പ്രസിദ്ധമാണല്ലോ."

ഒരു കാൎയ്യംകൂടി എടുത്തുപറഞ്ഞിട്ടു് ഈ പ്രബന്ധം ഉപസംഹരിക്കാം. വിജയനഗരരാജാവായിരുന്ന ബുക്കന്റെ പ്രധാനമന്ത്രിയും കുലഗുരുവുമായിരുന്ന മാധവാചാൎയ്യരുടേതായ ഒരു മീമാംസാഗ്രന്ഥമുണ്ടു്. ന്യായമാലാവിസ്തരം എന്നാണതിനുപേർ. പൂൎവ്വമീമാംസയിൽ വളരെ പ്രാമാണ്യമുള്ളൊരു ഗ്രന്ഥമാണതു്. അതിൽ ധൎമ്മാധൎമ്മങ്ങളെ നിരൂപണംചെയ്യുന്ന പ്രകരണത്തിൽ നമുക്കു വിനോദത്തിനവകാശംതരുന്ന ഒരു ഭാഗമുണ്ടു്. ഇന്നതു ധൎമ്മം, ഇന്നതധൎമ്മം എന്നു വിചാരണചെയ്യുന്ന പ്രകരണം. ഭഗവാൻ ശാക്യമുനി അനുശാസിക്കുന്ന അഹിംസ ധൎമ്മമാണോ അല്ലയോ എന്നു പൂൎവ്വപക്ഷം ചെയ്തുകൊണ്ടു്, അഹിംസ പൊതുവിൽ ധർമ്മമാണെന്നിരുന്നാലും ശാക്യസിംഹൻ പറഞ്ഞതുകൊണ്ടു് അതു് അധർമ്മംതന്നെ. പശുവിൻപാൽ പരിശുദ്ധമാണെങ്കിലും പട്ടിത്തോലുറയിലൊഴിച്ചാൽ അതു് അശുദ്ധമാകുന്നുവല്ലോ എന്നാണു് ഇവിടെ സിദ്ധാന്തിച്ചിരിക്കുന്നതു്. സിദ്ധാന്തം ഭേഷായിരിക്കുന്നു. ഉദാഹരണവും ഒന്നാന്തരംതന്നെ. ഈ ആചാൎയ്യന്മാരുടെ ഉപദേശവും ആജ്ഞയുമനുസരിച്ചു് വിജയനഗരരാജാക്കന്മാർ സൎവ്വജ്ഞന്മാരായ എത്രയെത്ര തീൎത്ഥങ്കരന്മാരെ ജീവനോടെ അഗ്നികുണ്ഡത്തിൽ ഹോമിച്ച കഥ ശങ്കരവിജയം മുതലായ ഗ്രന്ഥങ്ങളിൽ കാണാം.

ഭാരതത്തിൽ രാജധർമ്മവും മതധർമ്മങ്ങളും കൂട്ടിക്കുഴച്ചു് ഒന്നാക്കിത്തീൎത്തു് രണ്ടിന്റെയും പരമാധികാരം രാജാവിൽ സ്ഥാപിച്ചു് ആ രാജാവിനെ പുരോഹിതന്റെ ആജ്ഞാകരനാക്കിത്തീൎത്തതിന്റെ ദുരന്തഫലമാണു് ഭാരതത്തിലെ രാജ്യനീതിയും രാജാധികാരവും അനുഭവിക്കാനിടയായതു് എന്നു ചുരുക്കിപ്പറയാം.



* സ മൃണ്മയേ വീതഹിരണ്മയത്വാൽ
പാത്രേ നിധായാൎഘ്യമനൎഘശീലഃ
ശ്രുതപ്രകാശം യശസാ പ്രകാശഃ
പ്രത്യുജ്ജഗാമാതിഥിമാതിഥേയഃ (രഘുവംശം 5. 2.)

# COIR PRODUCTS

## give your home an exciting new personality!

## ..for years of wear, minutes of care.

You can quickly and economically increase the beauty, comfort, convenience and value of your homes by floor coverings with

## COIR CARPETS, MATTINGS, RUGS & DOOR-MATS.

They last a life-time and require little maintenance. The colourful beauty of Coir Products makes lovely houses look more lovelier and creates a pleasant environment. Lay them in your Drawing-Room and Bed-Room, on the Staircase and in areas throughout the house. These improvements will bring you all the fun and healthful atmosphere and give safer, surer and non-slip footing to the whole family.

Plan wall-to-wall floor coverings and put your houses in trim condition with

## COIR MATS - MATTINGS - RUGS - CARPETS - DOOR-MATS

now available in a variety of colours and pleasing patterns to satisfy every decorative inspiration.

*For fuller information about COIR, write to:*

## COIR BOARD, Government of India, Ernakulam

# ശ്രീ: മന്നത്തു പത്മനാഭൻ- നായർസമുദായത്തിന്റെ ഉത്തമസ്വഭാവങ്ങളുടെ പ്രതീകം!

— പറവൂർ ടി കെ. നാരായണപിള്ള —

രാഷ്ട്രീയമായ അഭിപ്രായവ്യത്യാസങ്ങളെ വ്യക്തിഗതവും സ്വകാര്യപരവുമായ മണ്ഡലങ്ങളിൽപ്പോലും കടത്തിവിട്ടു വൈരനിര്യാതനം നടത്തുവാൻ ഔൽസുക്യം പ്രദർശിപ്പിക്കുന്ന ഒരു കാലഘട്ടത്തിൽനിന്നും നാം തികച്ചും മുക്തിനേടിയോ എന്ന പ്രശ്നത്തെപ്പററി എനിക്കു് ഇന്നും സംശയമുണ്ടു്. കക്ഷിരാഷ്ട്രീയം അതിന്റെ അതിജുഗുപ്സാവഹമായ ഭാവങ്ങളിൽ നൃത്തംചെയ്യുന്ന ഒരന്തരീക്ഷത്തിൽ, രാഷ്ട്രീയമായ ഭിന്നതകളോ അഭിമതവൈജാത്യങ്ങളോ വ്യക്തിപ്രധാനമായ ബന്ധങ്ങളെ ഉലയ്ക്കുവാൻതക്കവണ്ണം ശക്തിനേടുന്നതു സ്വാഭാവികമാണെങ്കിലും, അവയെ അതിലംഘിച്ചു അനുമോദനാർഹങ്ങളായ വൈശിഷ്ട്യങ്ങളെ അഭിനന്ദിക്കുക എന്നതാണു് സ്ഥായിയായ മാനുഷികമൂല്യങ്ങളുടെ യഥാർത്ഥവിലയിരുത്തലെന്നു് എനിക്കു തോന്നുന്ന അങ്ങനെയുള്ള ഒരു പശ്ചാത്തലത്തിലാണു് ഈ ഉപഹാരഗ്രന്ഥത്തിൽ ശ്രീ: മന്നത്തുപത്മനാഭനെപ്പററിയുള്ള എന്റെ പ്രതികരണങ്ങൾക്കു് പ്രകാശംനൽകുവാൻ ഞാൻ ഒരുങ്ങുന്നതു്.

ആരൊക്കെ എന്തൊക്കെപ്പറഞ്ഞാലും സാമുദായികചായ്‌വിൽ ഏററവും പിന്നോക്കം നിൽക്കുന്നതും സ്വതഃസിദ്ധമായ സ്വതന്ത്രബുദ്ധിയുടേയും, തനിക്കു താൻപോന്നവനെന്നു് ഏതാണ്ടു് എല്ലാവരും ആത്മാർത്ഥമായി വിശ്വസിക്കുകയാൽ ഒരു നേതൃത്വത്തിന്റെ അന്ധാനുസാരികളാകുവാനുള്ള വൈമുഖ്യത്തിന്റെയും ഉറവിടമോ, വിളനിലമോ ആണല്ലോ നായർസമുദായം. നിർദ്ധനത്വം വരിച്ചും വിദ്യാഭ്യാസംനേടി അതിൽ അലംഭാവമോ, തെല്ലു് അഹംഭാവമോ ആർജ്ജിച്ചു ഏതാണ്ടു് സ്വച്ഛന്ദചാരികളായി കഴിഞ്ഞുകൂടിയ ഒരു സമുദായത്തിന്റെ സമുദ്ധാരണമാണു് ശ്രീ: മന്നത്തുപത്മനാഭൻ തന്റെ ജീവിതവ്രതമാക്കിയിരിക്കുന്നതു്. കറകളഞ്ഞ ദേശീയത്വത്തിൽ 'വസുധൈവ കുടുംബക' മുദ്രാവാക്യത്തിൽ ഒട്ടിപ്പിടിക്കുവാൻ ആകാംക്ഷയുള്ള ഒരു ഭൂരിപക്ഷം അടങ്ങിയ ഒരു സമൂഹത്തിൽ സാമുദായികോദ്ധാരണപരിശ്രമങ്ങൾ അതിക്ലേശകരങ്ങളാണല്ലോ. അത്തരത്തിലുള്ള പ്രതിബന്ധങ്ങളോടു് നിരന്തരം പടവെട്ടി ഭാഗികമാണെങ്കിലും മററൊരുത്തർക്കും ഇന്നേവരെ സാദ്ധ്യമല്ലാത്തതോതിൽ വിജയംസമ്പാദിച്ച ഒരുന്നതസേനാനിയാണു് ശ്രീ: മന്നത്തു പത്മനാഭനെന്നതിൽ തർക്കമില്ല. അദ്ദേഹത്തിന്റെ രാഷ്ട്രീയാഭിപ്രായങ്ങളോടോ, പരിപാടികളോടോ പലപ്പോഴും യോജിക്കുവാൻ കഴിയാത്തവർപോലും അദ്ദേഹത്തിന്റെ സമുദായസേവനതൃഷ്ണയേയോ സമുദായത്തിന്റെ അഭിവൃദ്ധിയിൽ അദ്ദേഹത്തിനുള്ള ഉൽക്കടമായ ആകാംക്ഷയേയോ ചോദ്യംചെയ്യാവുന്നതല്ല. തനിദേശീയമായ കാഴ്ച്ചപ്പാടിൽ സങ്കുചിതങ്ങളായി പരിഗണിക്കപ്പെട്ടേക്കാവുന്ന അദ്ദേഹത്തിന്റെ പരിപാടികൾപോലും അവയിലുള്ള അദ്ദേഹത്തിന്റെ ദൃഢവിശ്വാസംനിമിത്തം അപലപനീയതയിൽനിന്നു് പലപ്പോഴും രക്ഷനേടിയിട്ടുള്ളതായി കാണാം.

ശ്രീ: മന്നത്തു പത്മനാഭൻ അതികർക്കശവും രൂക്ഷവും വളരെ നിശിതവുമായ രീതിയിലും ഭാഷയിലും ഇതെഴുന്ന ആളിനെ വിമർശിച്ചിട്ടുണ്ടു്. ഈ ലേഖനകർത്താവും തന്റെ കഴിവും ബുദ്ധിയും അനുസരിച്ചു അതിനു മറുപടിയും നൽകിയിട്ടുണ്ടു്. അന്നും ശ്രീ: പത്മനാഭന്റെ വിമർശനത്തിനു് പ്രചോദകമായിനിന്നതു് അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പ്രമാദപൂർണ്ണങ്ങളെന്നു തോന്നിയതും, എനിക്കു് ഒരിക്കലും അപ്രകാരമല്ലെന്നു് വിശ്വാസമുണ്ടായിരുന്നതുമായ നയങ്ങളോടായിരുന്നുവെന്നു് ഞാൻ കരുതുന്നു.

എതിർപ്പിലെന്നപോലെ സ്നേഹപ്രകടനത്തിലും യാതൊരു കലവറയുമില്ലാത്ത ഒരു ബഹുമാന്യവ്യക്തിയാണു് ശ്രീ: മന്നത്തു പത്മനാഭനെന്നു ഞാൻ അഭിമാനിക്കുന്നു. നായർസമുദായത്തിന്റെ കഴിഞ്ഞ അമ്പതിൽപ്പരംകൊല്ലത്തെ ചരിത്രമാണു് ധീരനായ ഈ സമുദായനായകന്റെ ജീവിതത്തിൽ പ്രതിഫലിക്കുന്നതു്.

ദയാമസൃണനായ ഒരു അവശസമുദായസ്നേഹി, പുരോഗമനേച്ഛുവായ ഒരു സാമൂഹികപരിഷ്കർത്താവു്, സ്വാതന്ത്ര്യസ്നേഹിയായ ഒരു പൗരാവകാശസംരക്ഷകൻ, നിർഭയനായ ഒരു സമുദായാവകാശവാദി, ഹിന്ദുദേശീയത്വത്തിന്റെ ഒരു പ്രചണ്ഡപ്രചാരകൻ എന്നിനിലകളിൽ ശ്രീ: മന്നത്തു പത്മനാഭനു് ഒരു വിരാടു്രൂപം ഉണ്ടെങ്കിലും, അവയെല്ലാംകൂടി ഇപ്പോൾ നിരുപമനായ ഒരു വിദ്യാദായകചക്രവർത്തിയായി രൂപാന്തരപ്പെട്ടിരിക്കുകയാണു്. ഇതരമണ്ഡലങ്ങളിലെ പ്രവർത്ത

നങ്ങളിൽ അദ്ദേഹം കക്ഷിരഹിതനായി ദത്താവധാനനാണെങ്കിലും വിദ്യാനികേതസ്ഥാപനത്തിൽ നിസ്തുലമായ ഒരു സ്ഥാനം തന്റേതായമാത്രം ശ്രമംകൊണ്ടു് സമാജ്ജിച്ച ഒരു വീരപുരുഷനായിട്ടായിരിക്കും പിറകും തലമുറകൾ ശ്രീ: പത്മനാഭനെ ദശിക്കുക അദ്ദേഹത്തിന്റെ ഈ രംഗത്തുള്ള നേട്ടങ്ങളുടെ പരിമാണം ആരേയും അത്ഭുതസ്തിമിതരാക്കുന്ന ഒന്നാണു്. കേവലം പാപ്പരായെന്നു കരുതാവുന്ന ഒരു ജനസമൂഹത്തിൽനിന്നു പണം പിരിച്ചെടുത്തു് ഇന്നുകാണുന്നതരത്തിലുള്ള ഒരു വിദ്യാലയസംഘാതം സൃഷ്ടിക്കുവാൻകഴിഞ്ഞ ഈ ഉത്തമപുരുഷൻ രാജാക്കന്മാരുടെ ലക്ഷങ്ങളും കോടികളും കൊണ്ടു് ബനാറീസ് വിശ്വവിദ്യാലയം കെട്ടിപ്പടുത്ത മദനമോഹനമാളവ്യജിയെ ബഹുകാതം പിന്നിലാക്കിയിരിക്കുന്നു.

പുസ്തകരൂപത്തിൽ ആവിർഭവിച്ചുകഴിഞ്ഞിരിക്കുന്ന അദ്ദേഹത്തിന്റെ ഭൂതകാലസ്മരണകൾ, അനുവാചകഹൃദയങ്ങളിൽ, നിരന്തരമായ സ്ഥിരോത്സാഹത്തിന്റേയും, നിസ്തന്ദ്രമായ പരിശ്രമങ്ങളുടേയും പരാജയത്തിൽ പതറാത്ത ആത്മവിശ്വാസത്തിന്റേയും, സ്വസമുദായത്തിന്റെ മാനുഷികമൂല്യപ്രേമത്തിലുള്ള അഭിമാനത്തേയും ആണു് പകരുന്നതു്.

നായർസർവീസ്സൊസൈററിയുടെ സരസ്വതീമന്ദിരങ്ങൾക്കു് മകുടം ചാത്തുന്ന മഹാത്മാഗാന്ധികാളേജ് സൗധം ദക്ഷിണേന്ത്യയിലുള്ള രാഷ്ട്രപിതാവിന്റെ ഉത്തമസ്മാരകമായിത്തീന്നിരിക്കുകയാണു്. അതിന്റെ ഔപചാരികമായ ഉൽഘാടനത്തിനു് ലഭിക്കുന്നതോ ഗാന്ധിശിഷ്യാഗ്രണിയായ ജവഹർലാലിനെ.

മററു് യാതൊരു സമൂഹത്തിനും അവകാശപ്പെടുവാൻ വഹിയാത്തതരത്തിലുള്ള ഒരു വിദ്യാഭ്യാസസ്ഥാപനസംവിധാനം വളരെ ഹ്രസ്വമായ ഒരു കാലഘട്ടത്തിൽ സാധിതപ്രായമാക്കിയ ആ കമ്മകുശലൻ പ്രതിയോഗികൾക്കുപോലും അഭിനന്ദനീയനല്ല, അനുകരണീയനാണു്. എണ്പതുകഴിഞ്ഞിരിക്കുന്ന ഈ യുവാവിനു് ഇനിയും പലപദ്ധതികളും ഈ മണ്ഡലത്തിലുണ്ടെന്നുള്ള വസ്തുത അദ്ദേഹത്തിൽനിന്നുതന്നെ അറിയാൻ സാധിച്ചിട്ടുണ്ടു് വ്യക്തികളെ അവലംബിച്ച സ്ഥാപനങ്ങളുടെ ഭാവി തുലനംചെയ്യുന്നതു് ശരിയല്ലെന്നിരുന്നാലും, ശ്രീ: മന്നത്തു പത്മനാഭന്റെ ആയുസ്സിനെ ആശ്രയിച്ചാണു് ഈ സ്ഥാപനങ്ങളുടെ ഭാവിഭാസുരത നിലനില്ക്കുന്നതെന്നു പരിഗണിക്കത്തക്കവണ്ണം അദ്ദേഹത്തിന്റെ കമ്മസാന്ദ്രമായ ജീവിതം അവയുമായി അലിഞ്ഞുചേന്നിരിക്കുകയാണു്.

പണപ്പിരിവുനടത്തുന്ന ഒരു നേതാവിനും ഒഴിച്ചുകൂടാൻപാടില്ലാത്തവിധം വളന്നുവന്നിട്ടുള്ള അപവാദവ്യവസായം അദ്ദേഹത്തിന്റനേരെ ഇതുവരെ കൊഞ്ഞനംകുത്തിയിട്ടില്ല. അരശതകത്തിലധികംകാലം ഇത്തരത്തിലുള്ള ഒരു പൊതുജീവിതം നയിച്ച ഒരു വ്യക്തിക്കു് ലഭിക്കുന്ന അപൂർവ്വമഹാഭാഗ്യങ്ങളിൽ ഒന്നാണു് ഈ നേട്ടം എങ്കിലും അതിലുമുപരിയായി അതു പ്രതിബിംബിപ്പിക്കുന്നതു് തദ്വിഷയകമായിട്ടുള്ള അദ്ദേഹത്തിന്റെ സത്യസന്ധതയെയാണു്. കാലത്തിന്റെ അപ്രതിഹതമായ പോക്കിൽ സങ്കുചിതങ്ങളായ വിഭാഗപാദിമാനങ്ങൾ കുറഞ്ഞുവരുന്നു എങ്കിലും ഇന്നു കേരളത്തിൽ നായർസമുദായമെന്നുപറഞ്ഞാൽ ശ്രീ: മന്നത്തു പത്മനാഭനെന്നാണു് നായരുടേയും നായരേതരന്റേയും വിവക്ഷ അത്രയ്ക്കു് ശ്രീ: പത്മനാഭൻ സമുദായവും അതിന്റെ ശ്രേയസ്സുമായി താദാത്മ്യംപ്രാപിച്ചുകഴിഞ്ഞു.

അദ്ദേഹത്തിന്റെ പല വീക്ഷണഗതികളോടും സമ്പൂർണ്ണമായി യോജിക്കുവാൻ സാദ്ധ്യമല്ലെങ്കിലും,

> ഗീതയ്ക്കുമാതാവായ ഭൂമിയേ ദൃഢമിതു–
> മാതിരിയൊരു കർമ്മയോഗിയെ പ്രസവിക്കൂ

എന്ന കവിവാക്യം ശ്രീ: മന്നത്തു പത്മനാഭനെസംബന്ധിച്ചും അന്വത്ഥമാണെന്നു് ഇതെഴുതുന്ന ആൾ വിശ്വസിക്കുന്നു.

അദ്ദേഹത്തിന്റെ കർമ്മകുശലതയ്ക്കും ജനസേവനതൃഷ്ണയ്ക്കും നമോവാകം. അദ്ദേഹം സേവനനിരതനായി ഇനിയുമേറെനാൾ വത്തിക്കട്ടേ എന്നു പ്രാത്ഥിക്കുന്നു.

# പ്രപഞ്ചവിജയം

— എം. പി. അപ്പൻ —

(ഗീതകം)

അന്തസ്സിൽ നരേന്ദ്രന്മാർ കുതിരപ്പുറത്തേറി,
കുന്തത്തിൻമുനകൊണ്ടു പാർവെന്നു തിമിർത്തപ്പോൾ

അഞ്ചിതഭാസ്സിൽ ഭവാൻ കാൽനടയായിച്ചെന്നു
പുഞ്ചിരിക്കുളിമ്മയാൽ പ്രപഞ്ചം ജയിച്ചല്ലോ.

ഘോരതൻദുശ്ശസന്ധവും ചെന്തീതൻപ്രകാശവും
ഘോരമാരാജ്യങ്ങൾ വെൺചാമ്പലായ്ഭവിച്ചപ്പോൾ

അക്ഷയം തവ ലോകമന്യൂനപ്രഭവീശി
നക്ഷത്രപഥത്തിലും ശാന്തിസൗരഭംചേത്തു.

ആദിത്യനണയാതെ കാത്തോരാസാമ്രാജ്യവു–
മായുധംതൊടാതെഴമങ്ങേയ്ക്കു പാഴ്പ്പൂച്ചെടി

അത്രകണ്ടമേയമാമാത്മീയബലമാണ–
ന്നഗ്നനാംഭവാനാന്നതു തപോരാശേ!

അങ്ങതൻവിശുദ്ധമാമാമന്ദസ്മിതംപോരും
ഞങ്ങൾക്കേതിരുളിലും നേരായവഴികാട്ടാൻ.

# സാമുദായികപ്രവത്തനവും സാഹിത്യവും

— വി. എസ്. ശർമ്മ, ഹരിപ്പാട് —

"നിങ്ങൾക്ക് ആരെയും സഹായിക്കുക സാദ്ധ്യമല്ല. പക്ഷേ സേവിക്കാം. അവസരം ലഭിക്കുന്നെങ്കിൽ സകലരേയും സേവിക്കുക. അങ്ങനെ ഈശ്വരനെയും. ഭഗവാൻ അനുവദിച്ചാൽ ആരെയും സഹായിക്കാം. അപ്പോൾ നിങ്ങൾ അനുഗൃഹീതരായിത്തീരും." ഇതു പറഞ്ഞതു് സ്വാമി വിവേകാനന്ദനാണ്. സകല മനുഷ്യരുടേയും ധർമ്മവും കർമ്മവും ഈ തത്വത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. ഭാരതീയദർശനങ്ങളെല്ലാംതന്നെ ഇതിനനുകൂലമാണ്. "ഈശ്വരപൂജയും ദരിദ്രനാരായണസേവയും" എന്നു വ്യാപകമായ ഒരാദർശമാണ്!

മനുഷ്യനേയും അവന്റെ കർമ്മത്തേയും ബന്ധിക്കുന്ന മേല്പറഞ്ഞ തത്വം, മനുഷ്യന്റെ എല്ലാ പ്രവൃത്തിമണ്ഡലങ്ങളെയും ഒരുപോലെ ബാധിക്കുന്നു. അതുകൊണ്ടു്, സാമുദായികപ്രവത്തനങ്ങളും സാഹിത്യസൃഷ്ടിയും സദൃശസ്വഭാവമുള്ള രണ്ടു കർമ്മമാർഗ്ഗങ്ങളാണ്. എങ്ങനെ? നിരാശയും കഷ്ടപ്പാടുംകൊണ്ടു് ഭൗതികജീവിതത്തിൽ ക്ലേശിക്കുന്നവരെ സമുദ്ധരിക്കുന്നതിനും, അവരെ ഉത്തമജീവിതമാർഗ്ഗത്തിലെത്തിക്കുന്നതിനും ഒരു സമുദായപ്രവത്തകൻ യത്നിക്കുന്നു. അതേസമയം സന്മാർഗ്ഗബോധവും സംസ്കാരവും നിഴലിക്കമാത്രംചെയ്തിട്ടുള്ള മനുഷ്യഹൃദയങ്ങളിലേക്കു് ഐശ്വരമായ ആനന്ദത്തിന്റെ സ്നേഹരശ്മികൾ വാരിവിതറുകയാണ് ഒരു യഥാർത്ഥസാഹിത്യകാരൻ ചെയ്യുന്നതു്. അങ്ങനെ, രണ്ടിനും ഒരേലക്ഷ്യം. മനുഷ്യന്റെ ഉന്നമനം. പരമോൽകൃഷ്ടമായ ഒരു ജീവിതപഥത്തിൽ സാധാരണക്കാരനെ കൊണ്ടെത്തിക്കുവാൻ, സമുദായപ്രവത്തകനും സാഹിത്യകാരനും ഒപ്പം പണിയെടുക്കുന്നു. മറെറാരുവിധത്തിൽ സങ്കല്പിച്ചാൽ സാഹിത്യകാരന്മാരെല്ലാം സമുദായപ്രവത്തകരുംകൂടിയാണ്. "ഔദ്യോഗികാംഗീകാരം സിദ്ധിച്ചിട്ടില്ലാത്ത നിയമനിർമ്മാതാക്കളാണ് സാഹിത്യകാരന്മാർ" എന്ന ഷെല്ലിയുടെ ആശയം പ്രകൃതത്തിൽ സ്മരണീയമാണ്.

സുഖിനഃ പരസൗഖ്യേന
പരദുഃഖേന ദുഃഖിതാഃ
ജയന്ത കവയഃ കാവ്യേ
നയതന്ത്രേ ച മന്ത്രിണഃ

എന്നു് ഒരു പൂർവാചാര്യൻ പറഞ്ഞിട്ടുള്ളതും ഈ ആശയം ഉള്ളിൽവെച്ചുകൊണ്ടായിരിക്കണം.

സാമുദായികപ്രവത്തനം; എന്നതുകൊണ്ടു് ഇവിടെഅർത്ഥമാക്കുന്നതു്, മനുഷ്യസമുദായത്തിന്റെ നന്മയ്ക്കു വേണ്ടിയുള്ള യത്നങ്ങൾ എന്നാണ്. നിഷ്കാമമായ കർമ്മമാണ്, സമുന്നതമായ സമുദായപ്രവത്തനത്തിന്റെ മർമ്മം. യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നീ അഷ്ടാംഗങ്ങൾ ശാരീരികവും മാനസികവും ആയ വികാസത്തെ ലക്ഷ്യീകരിക്കുന്നു. 'യമ'ത്തിൽ ഉൾപ്പെട്ട സത്യം, അഹിംസ, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം എന്ന അഞ്ചു നിഷ്ഠകൾ സമുദായപ്രവത്തകർക്കു് അവശ്യം വേണ്ടതാണ്. നിഷ്കളങ്കനായ ഒരു സമുദായപ്രവത്തകന്റെജീവിതം ഈ പഞ്ചതത്വങ്ങളുടേയും ഒരു പരീക്ഷണശാലയായിരിക്കും. അയാൾ സൃഷ്ടിക്കുന്ന പ്രവത്തിമണ്ഡലം അനശ്വരമായ മനുഷ്യസ്നേഹത്തിന്റെ വിജയമണ്ഡലമായിരിക്കും. അവിടെനിന്നും ഈ ലോകത്തുള്ള ഏതൊരുമനുഷ്യനും ലഭിക്കുന്നതു് ഉദാത്തമായ ജീവശക്തിയും, അപ്രമേയമായ ശാന്തിയും ആയിരിക്കും. സർവ്വധർമ്മസമന്വയമൂർത്തിയായ സമുദായപ്രവത്തകന്റെ ആഗോളവിശാലമായ സേവനതൃഷ്ണ യഥാർത്ഥത്തിൽ പരമമായ ഐശ്വര്യതൃഷ്ണതന്നെയാണ്. ഉപായശുദ്ധിയെക്കാളധികം ഉപേയശുദ്ധിക്കു പ്രാധാന്യംകല്പിക്കുവാൻ ഉത്തമസാമുദായികപ്രവത്തകൻ മുതിരുകയില്ല. അന്തഃകരണശുദ്ധിയെ ലക്ഷ്യമാക്കിച്ചെയ്യുന്ന കർമ്മപദ്ധതികൾ സമുദായസേവകൻ സ്വീകരിക്കുന്നു. ബുദ്ധഭഗവാനും, ശ്രീരാമകൃഷ്ണപരമഹംസനും, മഹാത്മാഗാന്ധിയും എല്ലാം ആ കർമ്മമാർഗ്ഗത്തിൽക്കൂടിത്തന്നെ സഞ്ചരിച്ചു് 'അധികതുംഗപദ'ത്തിലെത്തിയവരാണ്. അവരെയൊക്കെ നയിച്ചതും ഭരിച്ചതും മതമാത്സര്യങ്ങളോ സ്വാർത്ഥചിന്തയോ അല്ല, മധുരോദാരമായ മനുഷ്യത്വം—അല്ല ഈശ്വരപരത—ആണ്.

സാഹിത്യം. സഹിതഭാവമുള്ളതു് സാഹിത്യം. എന്നു പറഞ്ഞാൽ, വ്യാപകമായ അർത്ഥത്തിൽ, ഒരാത്മാവിൽ മറെറാരാത്മാവിനെ ലീനമാക്കുവാൻ കഴിവുള്ളതേതോ, അതു സാഹിത്യം. സംസ്കാരസമ്പന്നമായ ഹൃദയം സത്യസൗന്ദര്യങ്ങളിൽ വിശ്രമംകൊള്ളുമ്പോൾ അവാച്യമായ ആനന്ദപ്രകർഷം അനുഭവിക്കുന്നു. ആ ആനന്ദസ്യന്ദനം അന്യരിലേക്കു പകർന്നു്, അവരെക്കൂടി താൻ വിഹരിക്കുന്ന സത്യസൗന്ദര്യമണ്ഡലങ്ങളിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി പിന്നെയും പിന്നെയും ആനന്ദം പകരുകയാണ് ഒരു സാഹിത്യകാരൻ ചെയ്യേണ്ടതു്. 'സത്യം, ശിവം, സുന്ദരം' എന്ന മൂല്യത്രയത്തെയാണ് സാഹിത്യാദികലകൾ സാക്ഷാത്ക്കരിക്കേണ്ടതു്. ഐശ്വരമായ ആനന്ദസന്ദായകത്വമാണ് സാഹിത്യത്തിന്റെ ഉദ്ദേശം.



എൻ. എസ്. എസ്. ഹൈസ്കൂൾ, കുന്നന്താനം

ഇങ്ങനെ ചിന്തിക്കുമ്പോൾ, 'സാഹിത്യം പ്രചരണോപാധിയാണോ, അല്ലയോ?' 'സാഹിത്യം മനുഷ്യനുവേണ്ടിയോ, സാഹിത്യത്തിനുവേണ്ടിയോ?' എന്നു തുടങ്ങിയ ചില ചോദ്യങ്ങളുടെ അപശബ്ദങ്ങൾ അവ്യക്തമായിക്കേൾക്കാം കേട്ടു പരിഭ്രമിക്കേണ്ട കാര്യമില്ല. അതൊന്നും സാരമില്ല. അനിർവ്വചനീയമായ പരമാനന്ദത്തിനെ അനുഭവിക്കുവാൻ ഉള്ള ആ പരിമിതികളെ ഗണിക്കുകയേവേണ്ട. ശ്രമിക്കുക, ആസ്വദിക്കുക, ഐശ്വരമായ ആനന്ദമടയുക. മുൻപറഞ്ഞതുപോലെ, സത്യശിവസൗന്ദര്യങ്ങളിൽ അധിഷ്ഠിതമായുള്ള സാഹിത്യസൃഷ്ടിയാണു്, സാഹിത്യകാരനെ സംബന്ധിച്ചിടത്തോളം ഉൽകൃഷ്ടമായ സമുദായസേവനവും സമൂഹസ്നേഹവും എല്ലാം. എല്ലാം ബന്ധപ്പെട്ടുകിടക്കുന്ന ആ സ്നേഹശൃംഖലകളെ തകർക്കാനുദ്യമിക്കുമ്പോഴാണു് മേല്പറഞ്ഞവിധത്തിലുള്ള അനാസ്പദസംശയങ്ങൾ പൊന്തുന്നതു്. യഥാർത്ഥസഹൃദയനിൽ ആവക സന്ദേഹങ്ങൾക്കു സ്ഥാനമില്ല. വാഗ്ദേവതയുടെ മഞ്ജീരശിഞ്ജിതമുണ്ടോ അത്തരം അപഹാസശബ്ദങ്ങളെ ഗാനാത്മകമാക്കുന്നു!

'സത്യശിവസൗന്ദര്യങ്ങളും,' അഹിംസ, സത്യം, ബ്രഹ്മചര്യം, അസ്തേയം, അപരിഗ്രഹം എന്നിവയും ഒരേ ഉണ്മയെത്തന്നെ നിർദ്ദേശിക്കുന്നു. അപ്പോഴാണു്, സാമുദായികപ്രവർത്തനവും സാഹിത്യസേവനവും ഈ പ്രപഞ്ചത്തിലെ കർമ്മനാണയത്തിന്റെ രണ്ടുവശങ്ങൾ മാത്രമാണു് എന്നു് നാം മനസ്സിലാക്കുന്നതു്. അതു് 'കലഹം പലവിധം' സൃഷ്ടിക്കുന്ന കനകനാണയമല്ല. പ്രത്യുത, മാനവധർമ്മത്തിന്റെ മൂല്യമാണു്.

എവിടെയാണു് യോജിപ്പു്? സാമുദായികപ്രവർത്തനവും സാഹിത്യവും സമഞ്ജസമായി സമ്മേളിക്കുമ്പോൾ ആണല്ലോ അനശ്വരങ്ങളായ കലാസൃഷ്ടികൾ ഈ ലോകത്തു് ഉയിർക്കുന്നതു്. രാമായണവും ഭാരതവും മററും സാഹിത്യസൃഷ്ടികളല്ലെന്നോ, അവയിൽ സമുദായപ്രവർത്തനത്തിന്റെ വൈശിഷ്ട്യം പ്രതിഫലിക്കുന്നില്ലെന്നോ പറയാൻ പററുമോ? ഇങ്ങനെ വല്ലതും ഗീതയെപ്പററി പറഞ്ഞാൽ ആ നിഗമനം ഒരു 'സ്വപ്നമോ, മായയോ മന്മതിഭ്രാന്തിയോ' ആണെന്നേ ചിന്തകനു തോന്നൂ.

സാഹിത്യകാരന്റെ ലോകവും അനുവാചകന്റെ ലോകവുമായി താദാത്മ്യം പ്രാപിക്കണം. ഒരു പുസ്തകം വായിച്ചുകഴിയുമ്പോൾ അനുവാചകന്റെ ജീവിതം കൂടുതൽ സമ്പന്നമായിയെന്നോ, സന്തുഷ്ടവും സമ്പുഷ്ടവുമായ ഒരു പരിവർത്തനം സാധിച്ചുവെന്നോഉള്ള പ്രതീതി ഉളവാക്കണം. അത്തരം സൃഷ്ടികളാണു് സാഹിത്യകാരനെ ഒരുത്തമസമുദായസേവകൻകൂടിയാക്കിത്തീർക്കുന്നതു്. ഉന്നതമായ ഈ യോജിപ്പു് അപൂർവ്വം കൃതികളിലേ കാണാൻ സാധിക്കുന്നുള്ളു. ഷേക്സ്പീയർ ഇബ്സൻതുടങ്ങിയ ആംഗലസാഹിത്യകാരന്മാർ ഉത്തമസാമുദായികപരിഷ്കൃത്താക്കൾകൂടിയായിരുന്നു. എന്തിനവിടംവരെപ്പോകുന്നു? നമ്മുടെ കൊച്ചുകേരളംമതി ആ മാതിരി പ്രതിഭാസമ്പന്നരെ സൃഷ്ടിക്കുവാൻ. ശൃംഗാരം മാത്രം അറിയാമായിരുന്ന കേരളീയഹൃദയത്തിലേയ്ക്കു് ഭക്തി അയത്നമായി പ്രവഹിപ്പിച്ചു് ഭാവഗാംഭീര്യം നൽകിയ യതിവര്യനായ തുഞ്ചത്തെഴുത്തച്ഛനും, പരിഹാസമെന്ന ആയുധമുപയോഗിച്ചു് കേരളീയസമുദായ

# പുന്നാരമൊട്ടുകൾ

— നാലാങ്കൽ —

1. പാതവക്കത്തു തണൽവിരിക്കും
പാദപച്ചോട്ടി,ലൊരു കുടിലിൽ,
കാലംകഴിച്ചു ഞാൻ, ചുററുപാടും
കോലാഹലങ്ങളലയടിക്കെ......

2. തേങ്കനികൊണ്ടും സുരഭിലമാം
തങ്കസ്സുമങ്ങൾ തൻകാന്തികൊണ്ടും,
അപ്പുറത്തുണ്ടു പൂങ്കാവനങ്ങൾ
പാല്പുഞ്ചിരിതന്നിൽ മഗ്നമായി......

3. നിർദ്ധനനായ ഞാൻ വീടുതോറും
പിച്ചയാചിച്ചുനടന്നുചുററി;
സമ്പന്നരാരുമെൻചട്ടിയിങ്കൽ
സംഭാവനയന്നരുളിയില്ല......

4. വന്നു ഭവാനൊരു സുപ്രഭാതം
വന്നപോ,ലന്നു പുലരിയിങ്കൽ,
നിദ്രയിൽനിന്നുമുണർന്നു ഞാൻ, നിൻ-
കാല്പെരുമാററംശ്രവിക്കയാലേ......

5. ഭിക്ഷയേകീടുവാനെന്തുകാണും
പൊട്ടിത്തകർന്നോരെൻചട്ടിയിങ്കൽ?
എങ്കിലുമങ്ങേയ്ക്കുനൽകി ഞാ,നെൻ-
മൺപാത്രവു,മെൻെറ സേവനവും......

6. കാലമാംപാന്ഥനതീവവേഗം
കാലടിവെച്ചുകടന്നുപോയീ;
എങ്കന്നക്കുള്ള ദരിദ്രലക്ഷം
നിൻകാല്ക്കൽവെച്ച ചെറുതുകകൾ,
മന്നിന്നാധാരമാം സ്ഥാപനങ്ങൾ
പൊന്തുവാൻപാകീയടിത്തറകൾ......

7. പുച്ഛരസത്തിൽ കുബേരരന്നു
നോക്കി മുളച്ചകിനാവുകളെ,
ചുട്ടുവെയ്ലത്തവയാകമാനം
പട്ടുപോമെന്നവർ നിശ്ചയിച്ചു......

8. ഇന്നവ, പൂവും കനികളുമായ്
മിന്നുന്നു കണ്ണുകൾക്കുത്സവമായ്,
ചിത്തരംഗങ്ങളിൽ പൂത്തിരികൾ
കത്തിച്ചതുകൾ പരിലസിപ്പൂ......

ഒന്നൊന്നായിട്ടുവിരിഞ്ഞുവല്ലോ
പുന്നാരമൊട്ടാ, പ്രതീക്ഷകളിൽ.

---

ജീവിതത്തിലെ എല്ലാ ക്ലേശതകളും ഒഴിവാക്കാനായി സാഹിതീസ്വർഗ്ഗത്തിൻെറ സ്വർണ്ണകവാടം തുറന്നുവന്ന കുഞ്ചൻനമ്പ്യാരും ഉത്തമ സമുദായസേവകരായിരുന്നു. ആധുനികകാലത്തേയ്ക്കു വരുമ്പോൾ, മുന്നിൽക്കാണുന്ന സമുദായപ്രവൎത്തകനായ കവി കുമാരനാശാനാണ്. എങ്കിലും കുഞ്ചനോ തുഞ്ചനോ വിജയിച്ചിട്ടുള്ളതുപോലെ ആശാൻ വിജയിച്ചിട്ടുണ്ടോ എന്ന കാൎയ്യം ഉത്തമനിരൂപകർ നിശ്ചയിക്കട്ടെ. വള്ളത്തോൾ 'മഗ്ദലനമറിയ' ത്തിൽ ചിത്രീകരിച്ച മനഃപരിവൎത്തനവും, 'രണ്ടിടങ്ങഴി' യിൽ തകഴി കെട്ടിപ്പൊക്കിയ ഭാവശുദ്ധിയും സ്വഭാവദൃഢതയും എല്ലാം സമുദായപരിഷ്ക്കാരങ്ങൾക്കു മാതൃകകളാണ്. ശാകുന്തളംനാടകത്തിൽ മാംസളമായ പ്രേമവികാരം നീറിനീറി പരിശുദ്ധസ്നേഹമായിത്തീരുന്ന ഒരു കഥ മഹാകവി കാളിദാസൻ ആവിഷ്കരിച്ചു. അമ്മാതിരിയുള്ള ഭാവശോധനം, അമ്മാതിരിയുള്ള സ്വഭാവസംസ്കാരം ആണ് സാഹിത്യകാരൻ അനുവാചകനിലും അങ്ങനെ സമുദായത്തിലും സൃഷ്ടിക്കേണ്ടതു്. എങ്കിൽ മാത്രമേ, ഒരു സാഹിത്യകാരന് യഥാൎത്ഥമായ സമുദായസേവനം തൻെറ കർമ്മമാർഗ്ഗത്തിൽക്കൂടി നിർവ്വഹിക്കുവാൻ പററൂ.

## ഉപസംഹാരം

ഏതു സാഹിത്യസൃഷ്ടിയുടേയും, ഏതു സാമുദായികപ്രവൎത്തനത്തിൻേറയും ലക്ഷ്യം, നിർമ്മയൂഖമായ ഈ തമോമണ്ഡലത്തിൽനിന്നും മനുഷ്യരാശിയെ രക്ഷിച്ച് ആനന്ദവും ശാശ്വതസൗന്ദൎയ്യബോധവും നല്കുക എന്നതായിരിക്കണം. അവിടെയാണ് കർമ്മം സഫലമാകുന്നതു്. അവിടെയാണ് ധർമ്മം വിജയിക്കുന്നതു്.

"അസതോ മാ സത് ഗമയ
തമസോ മാ ജ്യോതിർഗമയ
മൃത്യോർ മാ അമൃതം ഗമയ."

# പ്രസംഗകല

തുക്കൊടിത്താനം
ഗോപിനാഥൻനായർ എം. എ.

പ്രസംഗകർക്ക് ഒരുനാട്ടിലും യാതൊരു ക്ഷാമവുമില്ലാത്ത കാലഘട്ടമാണിതു്. രാഷ്ട്രീയസമ്മേളനങ്ങളിൽമുതൽ സാഹിത്യസമ്മേളനങ്ങളിലും മതസമ്മേളനങ്ങളിലുംവരെ ഒരുപോലെ സംസാരിക്കുന്ന പ്രസംഗകർ നമ്മുടെനാട്ടിൽ ധാരാളമാണല്ലോ. എല്ലാവരും വളരെ പ്രസംഗങ്ങൾ കേട്ടിട്ടുള്ളവരും കേൾക്കുന്നവരുമാണുതാനും. പ്രസംഗംകൊണ്ടു മററുള്ളവരെ ആഹ്ലാദിപ്പിക്കുകയും, ചിന്തിപ്പിക്കുകയും. ആവേശം കൊള്ളിക്കുകയും, പരിവർത്തിപ്പിക്കുകയും ചെയ്യുന്നവരും, ശ്രോതാക്കളെ ക്ഷുദ്രമായ സംസാരംകൊണ്ടു് ചെടിപ്പിക്കുകയും മുഷിപ്പിക്കുകയും ചെയ്യുന്നവരുമുണ്ടു്. ഒരു പരമാർത്ഥം വളരെ വ്യക്തമാണു്. പ്രസംഗത്തിന്റെ കലാപരമായ വശത്തെക്കുറിച്ചും പ്രസംഗകന്റെ ജയാപജയങ്ങളുടെ കാരണങ്ങളെക്കുറിച്ചും ചിന്തിക്കുന്നവർ വളരെ ചുരുങ്ങും. ചിലരുടെ പ്രസംഗം നമ്മെ അങ്ങേയററം രസിപ്പിക്കുന്നു. ചിലരുടേതു മുഷിപ്പിക്കുന്നു. അവിടം വരെ ആരും മനസ്സിലാക്കുകയും, സമ്മതിക്കുകയും, പറയുകയും ചെയ്യും. അതിനുള്ള കാരണങ്ങൾ പൂർണ്ണമായി കണ്ടുപിടിക്കാൻ അധികമാരും തല വേദനിപ്പിക്കാറില്ല. നല്ല പ്രസംഗത്തെ സംബന്ധിച്ചിടത്തോളം അതിന്റെ ഏതെല്ലാം പ്രത്യേകതകളാണു് ഹൃദ്യതയ്ക്കു നിദാനമായിത്തീരുന്നതെന്നും ആലോചിക്കാറില്ല.

## വാഗ്മിത്വത്തിന്റെ വൈശിഷ്ട്യം

പ്രസംഗത്തിന്റെകാലം കഴിഞ്ഞുപോയെന്നും, ഇതു് പ്രവർത്തനങ്ങളുടെമാത്രം കാലമാണെന്നും ഉച്ചൈസ്തരം ഉൽഘോഷിച്ചുകൊണ്ടു് രണ്ടും മൂന്നും മണിക്കൂർ പ്രസംഗിക്കുന്ന ഒരുതരം 'മനുഷ്യമാലാഖ'മാരെയും നാം കാണാറുണ്ടല്ലോ! പ്രസംഗത്തിന്റെകാലം കഴിഞ്ഞിട്ടില്ലെന്നല്ല, എന്നും ജനതയിൽ പ്രസംഗത്തിനു് ചെങ്കോൽചെലുത്താൻ സാധിക്കുന്നതുപോലെ മററൊന്നിനും സാദ്ധ്യമല്ല. കാലംചെല്ലുന്തോറും അതിനുള്ള പ്രാധാന്യം കൂടിക്കൂടി വരികയും ചെയ്യുന്നു. ജനസ്വാധീനം നേടുകയും, ജനതയെ നയിക്കുകയും, നേതൃത്വം നല്കുകയും, വിപ്ലവം സൃഷ്ടിക്കുകയും, പരിവർത്തനങ്ങളുടെ സൂത്രധാരത്വം വഹിക്കുകയും ചെയ്തിട്ടുള്ള വ്യക്തികളെല്ലാം അനുഗൃഹീതവാഗ്മികളായിരുന്നുവെന്നു് ലോകചരിത്രത്തിന്റെ ഏടുകൾ തെളിയിക്കുന്നു. ലോകഭരണം നടത്തിയിട്ടുള്ള — നടത്തുന്ന — പ്രതിഭാസമ്പന്നന്മാരായ മഹാന്മാരുടെ പ്രഭാവത്തിനു കാരണം ഹൃദയവശീകരണനിപുണമായ വാക്കിന്റെ മഹിമയാണു്. സമുന്നതന്മാരായ ചിന്തകന്മാരോ, കലാകാരന്മാരോ, വേദാന്തികളോ, രാഷ്ട്രീയപ്രവർത്തകരോ ആരായിരുന്നാലും പ്രത്യക്ഷമായ സ്വാധീനം വേഗത്തിൽ ചെലുത്തി ആകർഷിച്ചു് നേതൃത്വംകൊടുത്തു് ഉദ്ദേശിക്കുന്ന മാർഗ്ഗങ്ങളിൽക്കൂടി ജനസഞ്ചയത്തെ നയിക്കണമെങ്കിൽ പ്രസംഗം കൂടിയേതിരൂ. ഒരു പ്രസംഗകനെപ്പോലെ ജനങ്ങളെ പെട്ടെന്നാകർഷിക്കാനും, നയിക്കാനും, നിയന്ത്രിക്കാനും, ആവേശംകൊള്ളിക്കാനും മററാർക്കും സാദ്ധ്യമല്ല. ഒരു കവിയെക്കാളും, മതപ്രവാചകനെക്കാളും ജനസമൂഹത്തിന്റെ സത്വരശ്രദ്ധയെ ബലാദാകർഷിക്കുന്നതു് ഉത്തുംഗപ്രതിഭനായ പ്രസംഗകനാണു്. അല്പംപോലും വിദ്യാഭ്യാസവും പാണ്ഡിത്യവും ലോകപരിചയവുമില്ലാത്ത ആളുകളുടെ ഇടയിലേയ്ക്കു നോക്കിയാലും, ചിലർ മററുള്ളവരിൽ സ്വാധീനമുള്ളവരായിത്തീരുന്നതു് കാണാം. ചിലരുടെ സംഭാഷണം ആരെയും ആകർഷിക്കും; ആരുടെയും ഹൃദയത്തിൽ രൂഢമൂലമായിപ്പതിയും; അവരുടെ വാക്കു കേൾക്കാൻ ചുററുമുള്ളവർ ചെവി കൂർമ്പിച്ചു് ഇരുന്നുകൊടുക്കും. ആ വാക്കുകളെ നിരാകരിക്കാനോ, അവിശ്വസിക്കാനോ, കേൾക്കുന്നവർക്കു് സാദ്ധ്യമല്ലാതെ വരും. കാരണം അവരുടെ പ്രസംഗപാടവമാണു്. ഓരോ വാക്കിനും മാധുര്യവും ശക്തിയും ഹൃദയദ്രവീകരണനിപുണതയും ഉണ്ടായിരിക്കും. ഒരാൾ എത്ര വിരൂപനായിരുന്നാലും സരസകോമളമായ വചോവിലാസമുണ്ടെങ്കിൽ എല്ലാവരും അയാളുടെ വൈരൂപ്യത്തെ വിസ്മരിക്കുകയും അയാളെ ഇഷ്ടപ്പെടുകയും ചെയ്യുന്നു. എത്രമാത്രം സുന്ദരനായാലും വാക്കു നല്ലതല്ലെങ്കിൽ അയാൾ മററുള്ളവരുടെ മുന്നിൽ ശപിക്കപ്പെട്ടവനായിപ്പോകുന്നു.

"കേയൂരാണി ന ഭൂഷയന്തി പുരുഷം,
ഹാരാ ന ചന്ദ്രോജ്ജ്വലാ,
ന സ്നാനം, ന വിലേപനം, ന കുസുമം,
നാലങ്കൃതാ മൂർദ്ധജാ,
വാണ്യേകാ സമലങ്കരോതി പുരുഷം
യാ സംസ്കൃതാ ധാര്യതേ
ക്ഷീയന്തേ ഖലു ഭൂഷണാനി സതതം
വാഗ്ഭൂഷണം ഭൂഷണം."

(തോൾവള ധരിക്കുന്നതുകൊണ്ടോ, ചന്ദ്രനെപ്പോലെ പ്രശോഭിക്കുന്ന മുത്തുമാലയണിയുന്നതുകൊണ്ടോ, സ്നാനംകൊണ്ടോ, നല്ല കുറിക്കൂട്ടുകൾ അണിയുന്നതുകൊണ്ടോ, തലമുടിയിൽ പുഷ്പമണിയുന്നതുകൊണ്ടോ പുരുഷൻ

അലംകൃതനാകുന്നില്ല. പിന്നെയോ? പരിശുദ്ധമായി സംസ്കരിക്കപ്പെട്ട വാക്ക് ധരിച്ചിരിക്കുന്ന പുരുഷൻ യാതൊരുവനാണോ അവൻമാത്രമാണ് അലംകൃതൻ. എന്തുകൊണ്ടെന്നാൽ മററു സകലഭൂഷണങ്ങളും കാലക്രമേണ തേഞ്ഞുപോകുന്നതാണ്. അതിനാൽ വാക്ഭൂഷണംതന്നെയാണ് ഭൂഷണമായിട്ടുള്ളത്.) ലോകത്ത് അന്യാദൃശമായ സ്വാധീനശക്തി സമാർജ്ജിച്ചവരെല്ലാം നല്ല പ്രസംഗകരാണ്.

## പ്രഭാഷണവും പ്രചോദനവും

പ്രസംഗംപോലെ, സുകുമാരകലകളിൽ പലതും സമഞ്ജസമായി സമ്മേളിച്ചിട്ടുള്ള ഒരു കല മററില്ല. സാഹിത്യവും, സംഗീതവും, നൃത്തവും, നാട്യവുമെല്ലാം പ്രസംഗവുമായി നേദിഷ്ഠബന്ധം പുലർത്തുന്നു. ഉത്തമനായ പ്രസംഗകൻെറ വാക്കുകളെല്ലാം സാഹിത്യഭംഗിയും സംഗീതാത്മകത്വവും നിറഞ്ഞതായിരിക്കും. അയാൾ അഭിനയപാടവമുള്ളവനായിരിക്കും പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോഴുള്ള ഭാവഹാവവൈവിദ്ധ്യങ്ങളിൽ നൃത്തത്തിൻെറ അംശങ്ങൾകൂടി വാസ്തവത്തിൽ കലന്നിരിക്കും.

അനുഗൃഹീതരായ വാഗ്മികളെക്കുറിച്ചാലോചിക്കാം. അവരുടെ എല്ലാദിവസത്തെയും പ്രസംഗം ഒരുപോലെ സുന്ദരമായിരിക്കയില്ല. ചില ദിവസം അവർ അറിയാതെതന്നെ പരിപൂർണ്ണവിജയം നേടും. ചിലപ്പോൾ മനഃപൂർവ്വം വിചാരിച്ചാലും പരാജയപ്പെട്ടെന്നുവരാം. അപജയത്തിനു കാരണം പാണ്ഡിത്യക്കുറവോ കഴിവുകുറവോ അല്ല. പ്രചോദനത്തിൻെറ കുറവാണ്. ആശയങ്ങളും വാചകങ്ങളും ഹൃദിസ്ഥമാക്കി 'പ്ലേററുവയ്ക്കുന്നതുപോലെ' മാത്രം പറയുന്ന ചില കഥാപ്രസംഗകർപോലും എല്ലായിടത്തും പ്രസ്താവിക്കുന്ന കാര്യങ്ങളും വാചകങ്ങളും, ആലപിക്കുന്ന ഗാനങ്ങളും കവിതകളും ഒന്നുതന്നെ ആയിരുന്നിട്ടും ഒരുപോലെ അവ ഫലിക്കാറില്ല അതിനുപോലും പ്രചോദനം അത്യന്താപേക്ഷിതമാണ്. സംഗീതവിദ്വാനായ ഒരു ഗായകന് പ്രചോദനമില്ലെങ്കിൽ ഹൃദയംഗമമായി ഗാനങ്ങൾ ആലപിക്കാൻ സാദ്ധ്യമല്ല. അങ്ങനെയിരിക്കെ പ്രസംഗത്തിന് പ്രചോദനം എത്രമാത്രം അനുപേക്ഷ്യമാണെന്ന് ഊഹിക്കാമല്ലോ. ഒരു പ്രസംഗകൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരേഅവസരത്തിൽ എത്രയധികം കാര്യങ്ങളിലാണ് ശ്രദ്ധ പതിപ്പിക്കേണ്ടത്! പറയുന്ന വിഷയത്തിൻെറ വിവിധവശങ്ങളെപ്പററി അവഗാഢമായി ആലോചിക്കണം; ആശയങ്ങൾ കണ്ടുപിടിക്കണം; അവ ഉചിതമായി അടുക്കിന് വിന്യസിക്കണം; അത്യാകർഷകമായി ആവിഷ്കരിക്കണം; സമുചിതപദങ്ങൾ കണ്ടുപിടിക്കണം; ഔചിത്യ [illegible] പ്രയോഗിക്കണം; ഓരോ പദത്തിൻെറയും ഉച്ചാ[illegible]ാലും ശ്രദ്ധിക്കണം; വാചകങ്ങൾ കലാ[illegible] വാർത്തെടുക്കണം; അവയ്ക്ക് വൈവിദ്ധ്യം [illegible]. വാചകങ്ങളിൽ ഗാനാത്മകത്വവും, വികാരസാന്ദ്രതയും, ആവേശവുമെല്ലാം അവ്യാഹതമായി വളർത്തിക്കൊണ്ടുവരണം പൊതുവേ സ്വരത്തിലും വാചകശൈലിയിലും ഉച്ചാരണത്തിലും ആശയത്തിലുംവരെ ആരോഹണാവരോഹണക്രമം പാലിക്കണം. ഇവയെല്ലാം ഒരുമിച്ചു നിർവ്വഹിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ മുമ്പിലിരിക്കുന്ന ശ്രോതാക്കളെ പഠിക്കണം; ഓരോ വാക്കും ആശയവും അവർ എങ്ങനെ സ്വീകരിക്കുന്നുവെന്നും, അവരിൽ എന്തെല്ലാം ചലനങ്ങൾ ഉളവാക്കുന്നുവെന്നും നോക്കണം; അവരുടെ മുഖഭാവത്തിൽക്കൂടി ഹൃദയഭാവത്തെ സൂക്ഷ്മമായി പരിശോധിച്ചറിയണം; അവരുടെ ഭാവവ്യത്യാസങ്ങൾക്ക് അനുഗുണമായ പരിവർത്തനം സ്വന്താവാക്കിലും, വാചകത്തിലും, അവയുടെ ഉള്ളടക്കത്തിലും വരുത്തിക്കൊണ്ടിരിക്കണം ആശയങ്ങൾ ശ്രോതാക്കളുടെ ഹൃദയത്തിൽ ശക്തിയായി പതിയാൻ പാകത്തിന് അഭിനയവും വേണം; ആശയങ്ങൾക്ക് അനുയോജ്യമായ ഭാവവും രസവും മുഖത്ത് അതാതവസരത്തിൽ സഞ്ജനിപ്പിക്കണം.

ഇങ്ങനെ ഒരേഅവസരത്തിൽ നിരവധി കാര്യങ്ങളിൽ ഒരുപോലെ ശ്രദ്ധിക്കേണ്ട പ്രസംഗകന് പ്രചോദനവും, ഏകാഗ്രതയും, വ്യക്തിത്വവും, ആദർശശുദ്ധിയും, പ്രതിപാദനസാമർത്ഥ്യവും, പാണ്ഡിത്യവും, ഔചിത്യവും, ഭാഷാസ്വാധീനവും, സാഹിത്യാഭിരുചിയും, സംഗീതവാസനയും, ശബ്ദമാധുര്യവും, അഭിനയവൈദഗ്ദ്ധ്യവും, ആകാരഭംഗിയും സർവ്വോപരി ഔദ്ധത്യരഹിതതയും, ആത്മപ്രത്യയവും, പ്രതിപക്ഷബഹുമാനവും ഉണ്ടായിരിക്കണം.

## പ്രചോദനംനൽകുന്ന സാഹചര്യം

പ്രസംഗിക്കാൻ ക്ഷണിക്കുന്ന ആളുകളോ, പോകുന്ന ആളുകളോ പ്രചോദനം നൽകുന്ന സാഹചര്യമില്ലെങ്കിൽ പ്രസംഗം പരാജയപ്പെടുമെന്നു പലപ്പോഴും ഓർമ്മിക്കാറില്ല. ഒരാൾ ക്ഷണിക്കപ്പെടുന്ന നിമിഷത്തിനുപോലും വളരെ പ്രാധാന്യമുണ്ട്. 'അങ്ങ് ഞങ്ങളുടെ സമ്മേളനത്തിൽ ഒരു പ്രസംഗം ചെയ്യാൻ വരണം' എന്നു വിനയപൂർവ്വം ഒരാൾവന്നു ക്ഷണിക്കുന്ന നിമിഷത്തിൽത്തന്നെ, സ്വയം അറിയാതെ പ്രസംഗകൻെറ മനസ്സിൽ പ്രസംഗത്തിൻെറ ഒരു വിത്തു പതിക്കുകയാണ് അയാൾ അറിയാതെ അവിടെക്കിടന്ന് അതു മുളയ്ക്കും. അതാണ് പിന്നീട് അയാൾ പ്ലാററുഫാറത്തിൽനിന്നു സംസാരിക്കുമ്പോൾ, പ്രചോദനജലസേചനംകൊണ്ടു തഴച്ചുവളർന്ന്, പടർന്നു പന്തലിച്ച് പുഷ്പിച്ചു ഫലിച്ച് അനേകായിരം ശ്രോതാക്കൾക്ക്, തണലും ആശ്വാസവും ആശയും ആവേശവുമെല്ലാം നൽകുന്നത്. ക്ഷണിക്കപ്പെടുന്ന നിമിഷം[illegible]ട്ട് പ്രസംഗകൻ അറിയാതെ മനസ്സിൽ പ്ര[illegible]ം കൊണ്ടുതുടങ്ങുകയും, പ്രചോദനം ആ[illegible]ം ചെയ്യുമെന്നുള്ളതുകൊണ്ട് ക്ഷണിക്കാൻ [illegible]



എൻ. എസ്. എസ്. ഹൈസ്കൂൾ, കറുകച്ചാൽ

ആളിന്റെ വാക്കിനും പെരുമാററത്തിനും വളരെ പ്രാധാന്യം കല്പിക്കണം. പ്രസംഗിക്കുവാനുള്ള യാത്രയും, ചെന്നിറങ്ങിയാലുള്ള സ്വീകരണവും, പെരുമാററവും, സകലവിധ സജ്ജീകരണങ്ങളും, സദസ്സും തികച്ചും പ്രചോദനം നൽകുന്നതല്ലെങ്കിൽ പ്രസംഗം നന്നാവുകയില്ല. അല്പമെങ്കിലും ഉത്സാഹക്കുറവ് മനസ്സിനുണ്ടായാൽ അവഗാഢമായി ചിന്തിക്കാനും, ഭംഗിയായി പറയാനുമുള്ള ആത്മചോദനം കിട്ടുകയില്ല. ഏററവും കൂടുതൽ പ്രചോദനം നൽകേണ്ടതു് മുമ്പിലുള്ള സദസ്സാണു്. നല്ല പ്രസംഗം, യഥാർത്ഥത്തിൽ രൂപംപ്രാപിക്കുന്നതും നിറം കൈവരിക്കുന്നതും പ്രസംഗസ്ഥലത്തുവച്ചു് അതാരംഭിക്കുന്നതിനുമുൻപുള്ള നാലഞ്ചുമിനിട്ടുസമയംകൊണ്ടു മാത്രമായിരിക്കും. എന്തൊക്കെ പറയണമെന്നും, എങ്ങനെ പറയണമെന്നും സദസ്സുകാണാതെ കാലേക്കൂട്ടി നിശ്ചയിക്കാൻ പ്രഗത്ഭനായ പ്രസംഗകനു സാദ്ധ്യമല്ല. നേരത്തേ തിരുമാനിക്കപ്പെട്ട ആശയങ്ങളാണെങ്കിൽ അവ ഒട്ടും ഫലിക്കുകയില്ല; സദസ്സുമായി പൊരുത്തപ്പെടുകയില്ല. എഴുതിവായിക്കുന്ന പ്രസംഗം സദസ്സിനെ അണുമാത്രമെങ്കിലും ചലിപ്പിക്കുകയോ രസിപ്പിക്കുകയോ ഇല്ലല്ലോ. റേഡിയോ പ്രഭാഷണം വഴിപാടായിമാത്രം കലാശിക്കുന്നതിന്റെ പ്രധാനകാരണങ്ങളിൽ ഒന്നിതാണു്. പ്രസംഗവും ശ്രോതാക്കളുമായി സാത്മ്യം പ്രാപിക്കണമെങ്കിൽ—വക്താവും സദസ്സുമായി താദാത്മ്യം പ്രാപിക്കണമെങ്കിൽ—പ്രസംഗം സദസ്സിന്റെ മുമ്പിൽവച്ചു് രൂപം കൈവരിച്ചതുതന്നെ ആയിരിക്കണം. അതിലും

കവിഞ്ഞു്, ആദ്യത്തെ പത്തോ പതിനഞ്ചോ മിനിട്ടിലെ സംസാരത്തിൽക്കൂടി ശ്രോതാക്കളുടെ നാഡി പരിശോധിച്ച്, അവരുടെ സ്ഥിതിയും അഭിരുചിയും പൂർണ്ണമായി ഗ്രഹിച്ചതിനുശേഷമാണ് എന്തെല്ലാം കാര്യങ്ങൾ പറയണമെന്നുള്ളതിൽ പ്രസംഗകൻ അവസാനതീരുമാനമെടുക്കേണ്ടതു്. അയാൾ മനഃശാസ്ത്രവിശാരദനല്ലെങ്കിൽ വിജയം അയാളിൽനിന്നകലും. കേൾക്കാൻ കൂടുന്ന ആളുകളുടെ എണ്ണത്തിനുമാത്രമല്ല പ്രാധാന്യം മുമ്പിൽ ചൈതന്യമുള്ള മുഖങ്ങളായിരിക്കണം. നിർജ്ജീവമായ മുഖങ്ങളാണ് മുമ്പിലെങ്കിൽ പ്രസംഗവും നിർവ്വികാരമായിത്തീരും. കേൾക്കാൻ താല്പര്യപൂർവ്വം വന്നിരിക്കുന്നവരും, ക്ഷമയും സഹൃദയത്വവും അച്ചടക്കബോധവും ഉള്ളവരും ആയിരിക്കണം മുമ്പിൽ അണിനിരന്നിരിക്കുന്നതു്. സദസ്സിൽ ആളുകൾ ഇരിക്കുന്ന രീതിയും, പാലിക്കുന്ന അച്ചടക്കവും, പ്രകടിപ്പിക്കുന്ന ഭാവവുമെല്ലാം പ്രസംഗത്തിന്റെ വിജയപരാജയങ്ങളെ സാരമായി സ്പർശിക്കും. സദസ്സ് മോശമായാൽ പ്രസംഗവും മോശമാകുന്നതിന്റെ കാരണം പ്രചോദനത്തിന്റെ അഭാവമാണ്.

## ഏകാഗ്രത

പ്രസംഗം ഭംഗിയാകുന്നതു് പ്രസംഗകൻ പൂർണ്ണമായ ഏകാഗ്രതനേടി, മററു സകലകാര്യങ്ങളും മറന്ന്, പ്രതിപാദ്യവുമായി താദാത്മ്യംപ്രാപിച്ച് സംസാരിക്കുമ്പോഴാണ്. അപ്പോൾമാത്രമേ ആശയങ്ങളുടെ നൈരന്തര്യം (Continuity) പരിരക്ഷിക്കപ്പെടുകയുള്ളു. ഏകാഗ്രത, പരിപൂർണ്ണമായി കിട്ടണമെങ്കിൽ മനസ്സ് തെളിഞ്ഞിരിക്കണം. പറയുന്നകാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കപ്പെടണം.

## വ്യക്തിത്വം

വ്യക്തിത്വമഹത്ത്വം സർവ്വഥാ സുപ്രധാനമായ ഒന്നുതന്നെയാണ്. ആദർശശുദ്ധിയും, ആത്മാർത്ഥതയുമില്ലാത്ത ഒരാളിന് ആസ്വാദ്യജനകങ്ങളോ അമൂല്യങ്ങളോ ആയ യാതൊരു സംഭാവനയും ജനതയുടെ മുന്നിൽ സമർപ്പിക്കാൻ സാദ്ധ്യമല്ല. കേൾവിക്കാരുടെ ചിന്താവ്യഗ്രതയുടെ മുമ്പിൽ ഒരൊററ നൂതനപന്ഥാവും വെട്ടിത്തെളിക്കാൻ കഴിവുണ്ടാകയില്ല. പ്രസംഗകന്റെ ആദർശശുദ്ധിയിലും, ആത്മാർത്ഥതയിലും തെല്ലും വിശ്വാസമില്ലാത്തവരാണു മുമ്പിലെങ്കിൽ അയാൾ ആദർശത്തിന്റെ ഹിമാലയോന്നതശൃംഗത്തിൽ നിന്നുകൊണ്ടു് സംസാരിച്ചാലും, ആളുകൾക്ക് ലേശവും ഹൃദയംഗമമായി തോന്നുകയില്ല.

## പ്രതിപാദനസാമർത്ഥ്യം

ആശയമേതും അത്യാകർഷകമായി പ്രപഞ്ചനം ചെയ്യാനുള്ള കഴിവു് ഒരു പ്രസംഗകനു ഒന്നാമതായി വേണ്ട ഗുണവിശേഷമാണ്. പ്രസംഗത്തിന്റെ പൊലിമ പ്രതിപാദനത്തെ ആശ്രയിച്ചിരിക്കുന്നു. കേട്ടുകൊണ്ടിരിക്കുന്നവരുടെ അന്നുവരെയുള്ള വിശ്വാസങ്ങൾക്കും, ധാരണകൾക്കും കടകവിരുദ്ധമായ കാര്യങ്ങളാണു പ്രസ്താവിക്കുന്നതെങ്കിൽപ്പോലും പ്രതിപാദനം കലാപരമായിരുന്നാൽ അവക്ക് അനായാസേന അത്ഭുതകരമായ മാനസാന്തരം വന്നുപോകും. അല്ലെങ്കിൽ ഫലം നേരേ തിരിച്ചേവരൂ. ദീപ്തമായ ഭാഷയിൽ അവതരിപ്പിക്കപ്പെടുന്ന കലാസൃഷ്ടമയുള്ള ആലേഖ്യങ്ങൾ പലതും ഒരു പ്രസംഗത്തിൽ ഉണ്ടായിരിക്കണം.

## പാണ്ഡിത്യവും ഔചിത്യവും

പ്രസംഗകൻ പണ്ഡിതനും, ആലോചനാകുശലനും, പ്രതിഭാശാലിയുമായിരിക്കണം. എല്ലാവിഷയങ്ങളെക്കുറിച്ചും സാമാന്യമായ അറിവുണ്ടായിരിക്കണമെന്നു മാത്രമല്ല, ഉള്ള അറിവ് സംശയാതീതമായിരിക്കയും വേണം. നല്ല ഗ്രന്ഥപരിചയവും ചിന്താശീലവും ആവശ്യമാണ്. പരിപക്വമായ അറിവ് നേടിയിട്ടില്ലാത്തവരുടെ പ്രസംഗം മറെറന്തെല്ലാം സവിശേഷതകളുണ്ടായിരുന്നാലും വെറും 'പൊള്ള'യായി അവശേഷിക്കുകയേയുള്ളു. അടുത്തതായി വേണ്ടതു് അപ്രതിഹതമായ ഔചിത്യത്തിന്റെ ആയസകവചമാണ്. സദസ്യരുടെ ക്ഷമയേയും ക്ഷമകേടിനേയും, രസത്തേയും മുഷിവിനേയും സമഗ്രമായി കണ്ടറിഞ്ഞു പ്രഭാഷണം നീട്ടാനും, നിർത്താനും, പൊലിപ്പിക്കാനും, ചുരുക്കാനും സാധിക്കണം. വാക്കിലും, സ്വരത്തിലും, ആശയത്തിലും, നില്പിലും, ഭാവത്തിലുമെല്ലാം ഔചിത്യദീക്ഷവേണം. ശാഖാചംക്രമണം ആകാം. പക്ഷേ ആനുഷംഗികമായി പറയുന്നതൊന്നും 'ഉടലിനെക്കാൾ വലിയ തല'യായിക്കൂടാ.

## ഭാഷാസ്വാധീനം

അഴകും മിഴിവുമുള്ള ലളിതവും സുന്ദരവുമായ ഭാഷ സ്വാധീനമായിരിക്കുന്നവനുമാത്രമേ, ഓരോ വാക്കും സമുചിതമായരീതിയിൽ പ്രയോഗിക്കുന്നവനുമാത്രമേ, പ്രഗത്ഭനായ പ്രസംഗകനാകാൻ സാധിക്കൂ; ആശയങ്ങൾ ആഴത്തിൽ വേരൂന്നത്തക്കവിധം പറയാൻ സാധിക്കൂ ഔചിത്യത്തിന്റെ ചാണക്കല്ലിലുരച്ച്, മാററു പരിശോധിച്ച്, യാതൊരു കുററവും അഭംഗിയുമില്ലാത്ത പദങ്ങൾ പ്രയോഗിക്കണം. അവ ആശയങ്ങളെയും വഹിച്ചുകൊണ്ടു് ശ്രോതാവിന്റെ ഹൃദയക്ഷേത്രത്തിലെ ശ്രീകോവിലിലേക്ക് അനായാസേന കടന്നുകയറുന്ന വാഹനങ്ങളായിരിക്കണം. അർത്ഥാപലക്ഷിയായ ശബ്ദത്തിന്റെ ഭംഗിയുള്ള 'ലളിതകോമളകാന്തപദാവലി'കൾ ഉച്ഛൃംഖലമായി ഒഴുകണം. ധാരാവാഹിയായ വാക്പ്രവാഹം ആവശ്യമാണെങ്കിലും വാക്ജാലകൗതുഹലത്തിൽ ആളുകളെ കബളിപ്പിക്കുന്ന പ്രതീതി ഉണ്ടാകാൻ പാടില്ലതാനും. അയത്നസുന്ദരമായ ഭാഷാരീതിയാണ് ആവശ്യം. പദപ്രയോഗമിതത്വംകൂടി ഉണ്ടായിരുന്നാലേ വികാരോത്തേജകശക്തിയും ഉജ്ജ്വലതയും പ്രസംഗത്തിന് ഉണ്ടായിരിക്കയുള്ളു. അനുചിതമായ ഒരൊററ പദംകൊണ്ടു വക്താവ് സകലരുടേയും അവജ്ഞയ്ക്കോ, പ്രതിഷേധത്തിനോ, വൈരാഗ്യത്തി

നോ ശരവ്യമായിത്തീർന്നെന്നുവരാം. വാക്കിനെ ദേവതയായി ഭക്തിപൂർവ്വം ആരാധിക്കാൻ പറഞ്ഞവരുടെ ഉചിതജ്ഞതയെ എത്ര അഭിനന്ദിച്ചാലും അധികമായിപ്പോവുകയില്ലെന്നു് വാക്കിന്റെ മാഹാത്മ്യത്തേയും ശക്തിയേയും കുറിച്ചു് ഓർമ്മിക്കുമ്പോൾ തോന്നിപ്പോകും. സാധാരണക്കാരനായ ഒരാൾക്കുപോലും പദപ്രയോഗത്തിലുള്ള ഔചിത്യവും ഔചിത്യരാഹിത്യവുംനിമിത്തം ബന്ധുക്കളും ശത്രുക്കളും ഉണ്ടാകുന്നു; ഉയർച്ചതാഴ്ചകൾ സംഭവിക്കുന്നു; ജനസ്വാധീനവും പൊതുജനവിദ്വേഷവും ഉണ്ടാകുന്നു!

"ജിഹ്വാഗ്രേ വർത്തതേ ലക്ഷ്മീഃ
ജിഹ്വാഗ്രേ മിത്രബാന്ധവാഃ
ജിഹ്വാഗ്രേ ബന്ധനപ്രാപ്തിഃ
ജിഹ്വാഗ്രേ മരണം ധ്രുവം"

എന്നു പറയുവാൻ കാരണമതാണു്. വാക്കിന്റെ ഗുണദോഷങ്ങളുടെ അതുല്യമായ ഗൗരവത്തെക്കുറിച്ചു ചിന്തിച്ചാണു്—

"ഇതി പ്രാർത്ഥയതേ ദന്തം
ഹേ ജിഹ്വേ! ബഹു മാ വദഃ
ത്വയാപരാധന്തു കൃതം
സ്ഥാനഭ്രംശം ഭവേന്മമ"

(പല്ലു് ഒരിക്കൽ നാക്കിനോടു് അപേക്ഷിച്ചു:— "അല്ലയോ നാക്കേ! നീ അധികമൊന്നും പറയരുതു്. നീ അപരാധം പ്രവർത്തിച്ചാൽ സ്ഥാനഭ്രംശം ഉണ്ടാകുന്നതു് എനിക്കായിരിക്കും") എന്ന സംഭാഷണം രചിച്ചിട്ടുള്ളതു്. വാഗ്വിലാസമുള്ളവനു് പ്രേരണാശക്തിയുള്ള സരളോക്തികളാകുന്ന താക്കോലുകൾകൊണ്ടു് മററുള്ളവരുടെ ഹൃദയകവാടങ്ങൾ തുറന്നു് അവിടെ സ്വൈരവിഹാരംചെയ്തു്, നൂതനമായ വികാരവിചാരങ്ങൾ സംജാതമാക്കി, ഏതുതരം പരിവർത്തനങ്ങൾ വരുത്താനും, അവരുടെ ശ്രദ്ധയേയും ചിന്തയേയും വിഭാവനയേയും ഏപ്രകാരമുള്ള കർമ്മമണ്ഡലങ്ങളിലേയ്ക്കു തിരിക്കാനും പ്രയാസമില്ല.



വേലുത്തമ്പിദളവാ

## സാഹിത്യാഭിരുചി

സാഹിത്യപ്രസംഗംചെയ്യുന്നവർക്കുമാത്രമല്ല, സാഹിത്യാഭിരുചി ഉണ്ടായിരിക്കേണ്ടതു്. നിരക്ഷരകുക്ഷികളായ അപരിഷ്കൃതരിൽ ചിലരുടെ സംഭാഷണംപോലും നമ്മെ അതിമാത്രം ആകർഷിക്കുന്നതു് അതിലെ ചമല്ക്കാരംകൊണ്ടാകുന്നു. ഒരു പ്രസംഗകന്റെ പ്രഭാഷണത്തിൽ എപ്പോഴും ചമല്ക്കാരം അലയടിച്ചുയരണം. അല്ലെങ്കിൽ പ്രഭാഷണം വെറും അസ്ഥിപഞ്ജരം മാത്രമായിപ്പോകും. രക്തവും മാംസവും കലർത്തി അതു ചൈതന്യപൂർണ്ണമാക്കുന്നതു് ചമല്ക്കാരമാണു്. ചമൽക്കൃതമായ ഭാഷയായിരുന്നാലേ പ്രസംഗം ഉൾക്കൊള്ളുന്ന ആശയം മായാത്തരീതിയിൽ മററുള്ളവരുടെ മനസ്സിൽ പതിയുകയുള്ളു. പ്രസംഗകൻ ഒരു കവി ആയിരിക്കണമെന്നില്ലെങ്കിലും, ഒരു കവിയുടെ സൗന്ദര്യബോധവും, നിരീക്ഷണവിചക്ഷണതയും, ഔചിത്യവും, ജീവിതപഠനവുമുള്ള ആളായിരിക്കണം. ഭാഷയിൽ കാവ്യമധുരിമ ആശയത്തിൽ എന്നതുപോലെതന്നെ നിറഞ്ഞുതുളുമ്പണം. ഫലിതത്തിലും പരിഹാസത്തിലുംകൂടി പ്രാവീണ്യമുള്ളവർക്കു് വളരെവേഗം വിജയം നേടാം. ഹാസ്യഭേദങ്ങളിൽ വാങ്മാത്രമായ ഫലിതം അഥവാ ഉക്തിഹാസം (Wit), അനുകമ്പാർദ്രമായ ഹാസ്യം(Humour), പരോക്ഷഹാസ്യം (Irony), ആക്ഷേപഹാസ്യം (Satire) എന്നീ വിഭാഗങ്ങൾക്കു് പ്രസംഗകലയിൽ വളരെ പ്രാധാന്യമുണ്ടു്.

## സംഗീതവാസന

ഏതു പ്രസംഗകനും സംഗീതവാസനകൂടി വേണമെന്നു പറഞ്ഞാൽ, പാടാനറിയാവുന്നവർമാത്രമേ

പ്രസംഗിക്കാവൂ എന്നതിനർത്ഥമില്ല. ഗദ്യത്തിലും സംഗീതാത്മകത്വമുണ്ടു്. ഗദ്യത്തിനും ഛന്ദസ്സുണ്ടു്. പലരും കാരണം ആലോചിക്കാറില്ലെങ്കിലും, ചിലരുടെ ഗദ്യം ആകർഷകമായനുഭവിക്കുന്നതു് അവർ അറിയാതെ തന്നെ അവരുടെ ഗദ്യം ഒരുവിധം ഛന്ദോനിബദ്ധമായ നിരന്ധ്രധാരയായി രൂപാന്തരപ്പെടുന്നതുകൊണ്ടാകുന്നു; സംഗീതാത്മകത്വം അതിലൊക്കെ കസവുനൂലുകൾ പാകുന്നതുകൊണ്ടാകുന്നു. ഗദ്യപ്രബന്ധങ്ങളായിരുന്നാൽപ്പോലും വാചകങ്ങൾക്കു് ദീർഘതയിലും, ഹ്രസ്വതയിലും, സൃഷ്ടിയിലും, ഗതിയിലുമെല്ലാം വൈവിധ്യം ഉണ്ടായിരിക്കണമല്ലോ. പ്രസംഗത്തിൽ അതു് അനുപേക്ഷണീയമാണു്.

## ശബ്ദമാധുര്യം

ശബ്ദം മാധുര്യവും മാർദ്ദവവുമുള്ളതായിരിക്കണം. ശബ്ദത്തിന്റെ പ്രാധാന്യത്തെ ഒരിക്കലും അവഗണിക്കാൻ സാധ്യമല്ല. ശാരീരം പരുപരുപ്പുള്ളതാണെങ്കിൽ എത്ര ചമല്ക്കാരാത്മകമായ ഭാഷയിൽ പറഞ്ഞാലും ആദ്യന്തം അരോചകമായിരിക്കും; അനാസ്വാദ്യതമമായിരിക്കും. ഉള്ള ശബ്ദം തെളിഞ്ഞിരുന്നാലേ ആക്കം ആശയവും, തദനുയോജ്യമായ വാക്കും, ഏകാഗ്രതയും കിട്ടുകയുള്ളുവെന്നുള്ളതും ഒരു യാഥാർത്ഥ്യംമാത്രമാണു്. ആശയങ്ങളുടെ ഗുരുലഘുത്വത്തിനു് അനുഗുണമായി സ്വരം ഉയർത്തുകയും താഴ്ത്തുകയും ചെയ്യേണ്ടതും ആവശ്യമാണു്.

## അഭിനയപാടവം

ആശയാവിഷ്കരണത്തിൽ മിതമായ അഭിനയം പ്രസംഗകലയുടെ അനുപേക്ഷണീയഘടകങ്ങളിൽ ഒന്നാണു്. എന്തുപറയുമ്പൊഴും ഭാവത്തിൽ നിർവ്വികാരനായി നിലകൊള്ളുന്ന വക്താവിനു് കേൾക്കുന്നവരുടെ ഹൃദയത്തെ തട്ടിയുണർത്തി സ്പന്ദനങ്ങൾ ഉൽഭൂതമാക്കാൻ കഴിയുകയില്ല. ഘനമുള്ള ചലനരഹിതമായ മുഖം പ്രസംഗകനു പററിയതല്ല. സമർത്ഥനായ പ്രസംഗകൻ സംസാരിക്കുമ്പോൾ അയാളുടെ മുഖത്തു പ്രതിബിംബിക്കുന്ന രസങ്ങളും ഭാവങ്ങളും അതുപോലെ തന്നെ ശ്രോതാവിന്റെ മുഖത്തും പകരുന്നതുകാണാം. അതിനു് ആകാരഭംഗിയും അഭിനയപാടവവും ആവശ്യമാണു്. പ്രത്യേകിച്ചും നിർജ്ജീവമായ ചെറിയകണ്ണുകളാണു പ്രസംഗകൻേറതെങ്കിൽ പ്രസംഗഭംഗി പകുതിയും ചോർന്നുപോകും. എത്രനല്ല പ്രസംഗവും, മുമ്പിൽ ചെന്നിരുന്നു് ആളിനെക്കാണാതെ, ദൂരെയിരുന്നു് ഉച്ചഭാഷിണിയിൽക്കൂടിമാത്രം കേട്ടാൽ, വാസ്തവത്തിലുള്ള ശക്തിയുടെയും രസികത്വത്തിന്റെയും പകുതിപോലും നമ്മിൽ ഉളവാകുകയില്ലല്ലോ.

## ഔദ്ധത്യരഹിതതയും ആത്മപ്രത്യയവും

ഔദ്ധത്യരഹിതതയും ആത്മപ്രത്യയവും അനുപേക്ഷ്യമായ രണ്ടു ഘടകങ്ങളാണു്. വിനയവും, പ്രതിപക്ഷബഹുമാനവും, ആത്മവിശ്വാസവും ഉണ്ടെങ്കിലേ സദസ്യരുടെ അനുകമ്പയും, സ്നേഹവും, വാത്സല്യവും, മതിപ്പും സമാർജ്ജിക്കാനും, പറയുന്നകാര്യങ്ങൾ അവരെക്കൊണ്ടു് അംഗീകരിപ്പിക്കാനും പ്രസംഗകനു സാദ്ധ്യമാവുകയുള്ളു. മുമ്പിൽ ഇരിക്കുന്നവർ വിദ്യാവിഹീനരും, അപരിഷ്കൃതരും, അപ്രഗത്ഭരുമായിരുന്നാൽപ്പോലും അവരോടുള്ള ഭക്തിയും ബഹുമാനവും വിനയവും പ്രഭാഷകന്റെ സകലവാക്കിലും നോക്കിലും നിറഞ്ഞുതുളുമ്പണം. വിനയശീതളമായ സൽക്കാരവചസ്സുകൾകൊണ്ടു് സദസ്യരെ പ്രീണിപ്പിക്കണം. ഒരു വാക്കുപോലും അഹങ്കാരത്തിന്റെ കരിനിഴൽ വ്യാപിച്ചതായിരിക്കാൻ പാടില്ല

## മുഖവുര

പ്രസംഗത്തിന്റെ ആമുഖവും ഒട്ടും അപ്രധാനമല്ല. അതുകൊണ്ടാണു് ആദ്യമായി ആളുകളെ അളക്കേണ്ടതും, അവരുടെ അഭിരുചി അറിയേണ്ടതും, അവരുടെ ശ്രദ്ധയെ ആകർഷിക്കേണ്ടതും. മുഖവുരകൂടാതെ വിഷയത്തിലേക്കുപ്രവേശിക്കുന്നതു് ഇലയിടാതെ ചോറു വിളമ്പുന്നതുപോലെയാകും. പ്രഭാഷണംനടക്കുന്ന ദേശവും, കാലവും അവിടത്തെ ആളുകളുടെ ജീവിതരീതിയും അഭിരുചിയുമായി സംബന്ധം പുലർത്തത്തക്കവിധത്തിൽ ആമുഖം ആസൂത്രണംചെയ്യുന്നതിലായിരിക്കണം പ്രസംഗകന്റെ ആദ്യത്തെ ശ്രദ്ധ. "Well begun is half done" എന്നതു പ്രസംഗത്തേസംബന്ധിച്ചിടത്തോളം നൂറുശതമാനവും പരമാർത്ഥമാകുന്നു. ഒരിക്കലും "വീടിനെക്കാൾ വലിയ പടിപ്പുര" ആയിപ്പോകാതെ സൂക്ഷിക്കണമെന്നേയുള്ളു.

## ഉപസംഹാരം

പ്രസംഗവിജയം ഉപസംഹാരത്തെയും ഏററക്കുറേ ഉപാശ്രയിച്ചിരിക്കുന്നു. ആകസ്മികമായി സംസാരം സമാപിപ്പിക്കുന്നതു് ആരോചകമാകും; അംഗഭംഗമുള്ള കുഞ്ഞിനെപ്പോലാകും. സമാപനത്തിനുള്ളമാർഗ്ഗം ആശയത്തിലും വാക്കിലുംകൂടി സാവകാശത്തിൽ നിർമ്മിക്കണം. ആദ്യന്തികമായി, ആകെക്കൂടി, പറഞ്ഞകാര്യങ്ങളുടെ 'നെയ്യും പഞ്ചസാര'യും ഒന്നോ രണ്ടോ ചെറിയവാചകങ്ങളിൽപ്പകർന്നു നൽകി വിനയമസൃണമായ സ്വരത്തിൽ മംഗളം ആശംസിച്ചു്, ശ്രോതാക്കളോടുള്ള കൃതജ്ഞത സ്നേഹബഹുമാനനിർഭരമായ വാക്കുകളിൽക്കൂടി പ്രകാശിപ്പിച്ചതിനുശേഷം പ്രസംഗം ഉപസംഹരിക്കണം. പ്രസംഗത്തിനു് ആദ്യന്തം തികച്ചും സർവ്വാദരണീയമായ ഒരു സാംസ്കാരികപശ്ചാത്തലം ഉണ്ടായിരിക്കേണ്ടതുണ്ടു്. വിഷയം ഏതായിരുന്നാലും ഭാഷയിലും രീതിയിലും പെരുമാററത്തിലും പ്രസംഗകൻ അപരിഷ്കൃതമായ താണനില അവലംബിക്കാൻ പാടില്ല. അഭിപ്രായധീരതയും, ആത്മാർത്ഥതയും, സ്വകൃത്യത്തിന്റെ മഹിമയെക്കുറിച്ചുള്ള ബോധവും, ആത്മവിശ്വാസവും പ്രസംഗകനു് ഉണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങളാണു്. ലോകത്തെ നയിക്കുന്ന ഈ വിശിഷ്ടകലയിൽ നാം കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടിയിരിക്കുന്നു.

*Yours faithfully*

*Serving science faithfully for*

*more than quarter of a century*

*Laboratory Supplies Company*

*P. O. Box 27*

*Main Road, Trivandrum.*

H. O. Phone: 2583 Factory Phone: 2138

# കോമളവിലാസം

**വെങ്കലപാത്രഫാക്ടറിയിൽ നിർമ്മിക്കുന്ന**

വെങ്കലപാത്രങ്ങൾ,

ഗവണ്മെൻറ് സ്ഥാപനങ്ങൾ, ഹോസ്റ്റൽ, റെസ്റ്റോറൻറ് കൂടാതെ എല്ലാം ഗൃഹങ്ങളിലും നിത്യഉപയോഗത്തിലിരിക്കുന്നതും അവ ഇതിനകം തിരു-കൊച്ചി കൂടാതെ ഡെൽഹി, കൽക്കട്ട, ബോംബെ മുതലായ ഭാരതത്തിലെ പട്ടണങ്ങളുംകടന്ന്, ക്യാനഡാ, ഫ്രാൻസ് തുടങ്ങിയ മറുനാടുകളിലും പ്രശസ്തിനേടിയതും, ആവക സാധനങ്ങൾ നിർമ്മിച്ച കോമളവിലാസം വെങ്കലപാത്രഫാക്ടറി പൊതുജനങ്ങളുടെ അഭിമാനകേന്ദ്രവുമാണ്.

# പി. മാധവൻതമ്പി

## വെങ്കലപാത്രവ്യാപാരം

## H. O. ചാല, തിരുവനന്തപുരം 1.

**കോമളവിലാസംഫാക്ടറി, നെടുങ്കാട്, കരമന**

ബ്രാഞ്ചുകൾ:—1. ആററിങ്ങൽ, 2. വർക്കല, 3. S. പരവൂർ,
4. സരസ്വതീമെററൽസ്റ്റോഴ്സ്, മെയിൻറോഡ്, പുത്തൻചന്ത, തിരുവനന്തപുരം-1.

കോമളവിലാസം വെങ്കലപാത്രഫാക്ടറിയിൽ നിർമ്മിക്കുന്ന വെങ്കലപാത്രങ്ങൾ H. O. യിലും ഞങ്ങളുടെ എല്ലാം ബ്രാഞ്ചുകളിലും ലഭിക്കുന്നതാണ്. ഒരേ വില.

Tele: "TEXTILES" Phone: 2815 with extn.

# You be the JUDGE

**QUALITY GOODS** from

*Thank You for the Purchase of*

# H. A. K. & SONS

**CHALAI • • • • • TRIVANDRUM**

*Dealers* –

In all kinds of Piece Goods

*Manufacturers of* –

Gramaphone Brand Umbrellas.

# ഒളശ്ശ ആയുർവേദ വൈദ്യശാല

## H. O. ഒളശ്ശ (പോസ്റ്റാഫീസിനു വടക്ക്)

ബ്രാഞ്ചുകൾ:

കോട്ടയം ടൗൺ (കെ. കെ. റോഡ്)

ആലപ്പുഴ (സി. എം. എസ്. ഇൻസ്റ്റിററ്യൂട്ട്)

ചങ്ങനാശ്ശേരി, പാലാ.

പ്രത്യേകമേൽനോട്ടത്തിൽ ശാസ്ത്രവിധിപ്രകാരം ഒളശ്ശയിൽതന്നെ തയാറാക്കിയ എല്ലാവിധ ആയുർവേദഔഷധങ്ങളും തയാറുണ്ട്. കൂടാതെ സ്നേഹപാനം, വസ്തി, ധാര, പിഴിച്ചിൽ മുതലായ ചികിത്സകളും ആവശ്യാനുസരണം നടത്തുന്നതാണ്.

ഞങ്ങളുടെ ചീഫ്വൈദ്യൻ

**കെ. നാരായണപിള്ള** (ഒളശ്ശ നാണുപിള്ളവൈദ്യൻ) തിങ്കൾ, ചൊവ്വാ, വ്യാഴം, ശനി എന്നീ ദിവസങ്ങളിൽ പകൽ മൂന്നുമണിക്കുശേഷം കോട്ടയം ബ്രാഞ്ചിലും, ഞായറാഴ്ച ആലപ്പുഴ ബ്രാഞ്ചിലും, ബുധനാഴ്ച ചങ്ങനാശ്ശേരി ബ്രാഞ്ചിലും, വെള്ളിയാഴ്ച പാലാ ബ്രാഞ്ചിലും രോഗികളുടെ സൗകര്യാർത്ഥം ഉണ്ടായിരിക്കുന്നതാണ്. മാനേജർ.

# ഒരു പൗരൻ വളരുന്നു

— പാലാ ഗോപാലൻനായർ എം. എ. —

'ഇന്നലെ'കളിൽ കാലൂ-
ളുറപ്പിച്ചുന്നിക്കൊണ്ടും,
വന്നെത്താൻ കൊതിക്കുന്ന
'നാളെ'യെയുന്നിക്കൊണ്ടും,

'ഇന്നി'നെപ്പതറാത്ത
നെഞ്ചുമായെതിരിട്ടും,
മുന്നോട്ടുപോകുന്നു ഞാൻ
ഭാരതത്തിലെ പൗരൻ!

* * * *

പൂവിരിച്ചിട്ടില്ലെൻെറ
പാതയി,ലെവിടെയും
ജീവത്താം യാഥാർത്ഥ്യങ്ങൾ
കൺമിഴിച്ചുട്ടക്കുന്നു

കുഴിയുംകുന്നുംകൊണ്ടു
ദുർഗ്ഗമമാണെൻമാർഗ്ഗം
കൊട്ടതാം കല്ലും മുള്ളും
കാൽകളെ നോവിക്കുന്നു

ഒളിഞ്ഞും തെളിഞ്ഞും ഞാൻ
കേൾക്കുന്നു ചില ഹിംസ്ര-
മൃഗങ്ങളുയർത്തുന്ന
രൂക്ഷമാമാക്രോശങ്ങൾ

എന്തുതാനാട്ടെ, തെല്ലും
ക്രസാതെ മുന്നോട്ടേയ്ക്കു-
തന്നെ ഞാനോരോപാദം
വച്ചു നീങ്ങുന്നു നിത്യം!

* * * *

കാണുന്നിതല്പം ദൂരെ-
ക്കണ്ണിണയ്ക്കമൃതേകി-
ച്ചേണിയന്നുദ്ഭാസിക്കു-
മൊരു മോഹനചിത്രം!

ഭാവിഭാരതചിത്രം
മനുജപ്രയത്നത്തിൻ-
ഭാവരശ്മികൾവീശു-
മതുലാമലചിത്രം!

അവിടെസ്സമതപത്തിൻ-
നിത്യമാം വസന്തമാ-
ണവിടെ സ്വാതന്ത്ര്യത്തിൻ-
സൗവർണ്ണോജ്ജ്വലകാലം

കലയും ശാസ്ത്രങ്ങളും
കൈകോർത്തുലാത്തുന്നങ്ങു
കലിതാദരം ശക്തി
കൂപ്പുന്നു സൗഹാർദ്ദത്തെ.

ആ നല്ലകാലത്തിന്റെ-
യരുണോദയശ്രീയി-
ലാനന്ദത്തുടിപ്പാർന്നു
നില്ക്കുന്നൊരെന്നുള്ളത്തെ

പിന്തിരിപ്പിക്കാ,നസ്ഥ-
ചൈതന്യമാക്കാനാവി-
ല്ലിന്നത്തെ പ്രതിബന്ധ-
ശക്തികൾക്കല്പംപോലും!

* * * *

തിരിഞ്ഞുനോക്കു, കാണാം
മറെറാരുചിത്രം, നാടിൻ-
കഴിഞ്ഞകാലത്തിന്റെ
മുഗ്ദ്ധമോഹനചിത്രം

ദീർഘദീർഘമായോരു-
ച്ചൈതന്യപ്രവാഹമി-
ന്നാക്കുതാനൊരു ശക്തി-
കേന്ദ്രമായ്ത്തീരുന്നില്ല!

നരച്ചതലയുമായ്
നിന്നിട്ടും ഹിമാചല-
മുരയ്ക്കും ഭരതോർവ്വീ-
സാംസ്കാരികൗന്നത്യത്തെ.

ആയതിൻവൈചിത്ര്യത്തെ-
സ്സുസ്വരരാജികൾ ചൊല്ലു-
മായതതപമോ കാണാം
ചുഴലും സമുദ്രത്തിൽ.

അതിന്റെ കാരുണ്യംതാൻ
ഗംഗയായൊഴുകുന്നി-
തതിന്റെ ത്യാഗംതന്നെ
'കന്യ'യിൽക്കൂടികൊൾവൂ.

ഹാ, നെഞ്ചമെന്തെന്നില്ലാ-
തുററംകൊണ്ടുപോമെന്നു-
മാ മഹാസംസ്കാരത്തെ-
പ്പററി ഞാൻ സ്മരിക്കുമ്പോൾ!

* * * *

അത്രമേലുറപ്പാർന്നോ-
രസ്തിവാരത്തിന്മീതേ
ഭദ്രഭാരതഭാവി-
സൗധമൊന്നുയരുമ്പോൾ,

സഹജാതരെത്തമ്മിൽ
തല്ലിച്ചു കാര്യംനേട്ട-
മുപജാപത്തിന്നൊട്ടും
കൂട്ടുനില്ക്കില്ലിപ്പൗരൻ!



എൻ. എസ്. എസ്. ഹിന്ദുകാളേജ്, ചങ്ങനാശ്ശേരി

ഭാരതീയൻ ഞാനാദ്യം;
മറ്റെല്ലാമതിൻശേഷം
ഭാരതനാട്ടിൻസേവ-
യെന്റെ ജീവിതധർമ്മം.
മാറിനില്ക്കുവിൻ ദൂരെ!
ഛിദ്രവാസനകളേ,
കേറുമെൻചവിട്ടേററു
തകരാനിച്ഛിക്കായ്കിൽ!

വരുവിൻ സഹജരേ,
നാളത്തെ നാടിൻസൃഷ്ടി-
പരിപാടിതൻകർമ്മ-
കാഹളം കേൾക്കുന്നില്ലേ?
വേലതൻയുഗമെത്തി-
യെൻനാട്ടി,ലദ്ധ്വാനത്തിൻ-
ശ്രീലസൽക്കൊടിക്കൂറ
പാറുന്നിതെങ്ങും കാണ്മിൻ!

# ഏററവും സമർത്ഥന്മാരെ കാളേജുകളിലേക്കാകർഷിക്കണം

— വി. ഗംഗാധരൻ —

സേവനവ്യഗ്രതയിൽനിന്നാണു് നായർസർവ്വീസ്സൊസൈററി ഉടലെടുത്തതു്. നായർസമുദായത്തെ സംഘടിപ്പിക്കാനും പരിഷ്ക്കരിക്കാനുമുള്ള പ്രവർത്തനങ്ങളിൽ സൊസൈററി നേരത്തേമുതൽതന്നെ വ്യാപൃതമായി. അപ്പോൾ വിദ്യാഭ്യാസസ്ഥാപനങ്ങളുണ്ടാക്കേണ്ടതിന്റെ ആവശ്യം സൊസൈററിപ്രവർത്തകർക്കു ബോദ്ധ്യപ്പെട്ടു. ക്രൈസ്തവരുടെ സംഘടനാപ്രവർത്തനങ്ങളും വിദ്യാഭ്യാസപ്രവർത്തനങ്ങളുമാണു് നായർസർവ്വീസ്സൊസൈററി പ്രവർത്തനങ്ങൾക്കു് പ്രചോദനം നൽകിയതെന്നുപറയാം. ക്രൈസ്തവരുടെ കുത്തകയായിരുന്ന വിദ്യാഭ്യാസരംഗത്തു് സർവ്വീസ്സൊസൈററിയുടെപേരിൽ ശ്രീ: മന്നത്തു പത്മനാഭൻ നല്ല നേരം നോക്കിയും വലത്തുകാൽവച്ചുമാണു് പ്രവേശിച്ചതു്. ഇന്നനേകമനേകം വിദ്യാലയങ്ങളും അനേകം കാളേജുകളും സർവ്വീസ്സൊസൈററിക്കുണ്ടു്. അതിൽ ഒന്നാണു് തിരുവനന്തപുരത്തെ മഹാത്മാഗാന്ധികാളേജ്. അതിന്റെ ഉൽഘാടനം മഹാനായ പണ്ഡിത ജവഹർലാൽനെഹ്റുവിനെക്കൊണ്ടുതന്നെ ശ്രീ: മന്നത്തു പത്മനാഭൻ നടത്തിക്കുന്ന കാഴ്ചയാണു് നാമിന്നുകാണുന്നതു്. ഈയവസരത്തിൽ കർമ്മനിരതരായ നെഹ്റുവിന്റേയും മന്നത്തിന്റേയും ആയുരാരോഗ്യസൗഭാഗ്യങ്ങൾക്കായി പ്രാർത്ഥിക്കണമെന്നേ എനിക്കുദ്ദേശമുള്ളു. എന്നാൽ അതോടുകൂടി എന്റെ ചിന്താമണ്ഡലത്തിലുദിക്കുന്ന ഒരു ചോദ്യം താല്പര്യമുള്ളവരുടെയെല്ലാം പരിഗണനയ്ക്കായി സമർപ്പിക്കുകയാണു്. 'നെഹ്റുവിനുശേഷം ആരു്'' എന്ന ചോദ്യം ഇന്നു ഇൻഡ്യൻ രാഷ്ട്രീയനഭോമണ്ഡലത്തിൽ മുഴങ്ങിക്കേൾക്കാറുണ്ടു്. നെഹ്റുവിനെപ്പോലെ അഖിലേന്ത്യായ്ക്കും അഖിലകക്ഷികൾക്കും അഖിലരാഷ്ട്രങ്ങൾക്കും സ്വീകാര്യനും ബഹുമാന്യനുമായ ഒരു രാജ്യതന്ത്രജ്ഞനെ സ്വതന്ത്രഇൻഡ്യ സൃഷ്ടിച്ചിട്ടില്ലെന്നുള്ളതു് പരമാർത്ഥമാണു്. എന്നാൽ ഇൻഡ്യയുടെ പ്രധാനമന്ത്രിപദമലങ്കരിക്കാൻ കഴിവുള്ളവരെ സൃഷ്ടിക്കാനുള്ള കരുത്തും ചൈതന്യശക്തിയുമുള്ള സജീവമായ രാഷ്ട്രീയപ്രസ്ഥാനങ്ങൾ ഇൻഡ്യയിലുണ്ടു്. അതുകൊണ്ടു് നെഹ്റുവിനുശേഷം എന്തെന്നുള്ള ചോദ്യം നമ്മെ പരിഭ്രമിപ്പിക്കേണ്ടതില്ല. അതുപോലല്ല നായർസർവ്വീസ് സൊസൈററിയുടെകാര്യം. ശ്രീ: മന്നത്തു പത്മനാഭനുശേഷം എൻ. എസ്സ്. എസ്സിനു ഒരേകീകൃതനേതൃത്വം പുലർത്തുവാൻ പ്രയാസമാണു്. അതുകൊണ്ടു കാളേജുകളുടേയും മററു വിദ്യാഭ്യാസസ്ഥാപനങ്ങളുടേയും മററും ഭരണം കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകാനുള്ള ഒരു സുശക്തമായ വ്യവസ്ഥ നേരത്തേതന്നെ ഉണ്ടാക്കുന്നതു നന്നായിരിക്കും. അതിലേക്കൊരു പ്രത്യേക ട്രസ്റ്റ് രൂപീകരിക്കുന്നതായിരിക്കും നല്ലതു്. ഏതാനും കൊള്ളാവുന്നവരെച്ചേർത്തു് മന്നംട്രസ്റ്റെന്നപേരിൽ ഒന്നുണ്ടാക്കി വിദ്യാഭ്യാസസ്ഥാപനങ്ങളെയെല്ലാം അതിന്റെ പൂർണ്ണചുമതലയിലാക്കിത്തീർക്കാൻ ഒട്ടുംതന്നെ അമാന്തിച്ചുകൂടെന്നാണു് എന്റെ അഭിപ്രായം. ഈ അഭിപ്രായം എൻ. എസ്സ്. എസ്സ്. നേതാക്കന്മാരുടേയും സൊസൈററിപൊതുയോഗാംഗങ്ങളുടേയും പരിചിന്തനത്തിനായി ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

ഇപ്പോൾ സുപ്രീംകോടതിയുടെ പരിഗണനയിലിരിക്കുന്ന കേരളാ വിദ്യാഭ്യാസബില്ല് പാസ്സാകുന്നതോടുകൂടി അദ്ധ്യാപകരുടേയും മററു വിദ്യാലയജീവനക്കാരുടേയും ജോലിസ്ഥിരതയ്ക്കും ശമ്പളത്തിനും സേവനവ്യവസ്ഥകൾക്കുമുള്ള ഏർപ്പാടുകൾ നടപ്പാക്കാനുള്ള അധികാരം ഗവമ്മെൻറിനു വന്നുചേരുന്നതാണു്. ഈ അധികാരം ഗവർമ്മെൻറിനു നൽകുന്ന വിദ്യാഭ്യാസബില്ല് സുപ്രീംകോടതിയുടെ അഭിപ്രായത്തിനായി ഇൻഡ്യാഗവർമ്മെൻറു് അയച്ചതു് ജനാധിപത്യവിരുദ്ധമായ ഒരു നടപടിയാണു്. പാർലമെൻററി ഭരണസമ്പ്രദായത്തിൽ എക്സിക്യൂട്ടീവും ലെജിസ്ലേച്ചറും ജുഡിഷ്യറിയും തമ്മിലുള്ള ആരോഗ്യകരമായ ഒരു മത്സരമുണ്ടു്. ഈ ആരോഗ്യകരമായ മത്സരമാണു് യഥാർത്ഥത്തിൽ പാർലമെൻററി ഡിമോക്രസിയെ ഏററവും പരിഷ്കൃതവും അത്യാകർഷകവുമായ ഒരു ഭരണസമ്പ്രദായമാക്കിത്തീർത്തിട്ടുള്ളതു്. നിയമനിർമ്മാണത്തിനു് നിയമസഭയ്ക്കുള്ള അധികാരാവകാശങ്ങൾ ജുഡിഷ്യറിക്കടിയറവയ്ക്കുന്ന ഏർപ്പാടു് പാർലമെൻററി ഡിമോക്രസിയുടെ വേരറുക്കുന്നതിനു തുല്യമാണു്. നിയമസഭകളും പാർലമെൻറും നിർമ്മിക്കുന്ന നിയമങ്ങളെ വ്യാഖ്യാനിക്കാനുള്ള അധികാരമല്ലാതെ, നിയമനിർമ്മാണത്തിൽത്തന്നെ ജുഡിഷ്യറിക്കൊരു പങ്കു നൽകുന്നതു് തികച്ചും പ്രതിലോമപരമാണു്. ഏതായാലും വിദ്യാഭ്യാസസ്ഥാപന

# പാർലമെൻറിലെ ചില രംഗങ്ങൾ

— പി. കെ. നായർ —

അന്നു് ഇംഗ്ലീഷ്പാർലമെൻറിൻെറ ഉൽഘാടനദിനമാണ്. നൂററാണ്ടുകളായി വർഷംതോറും ആചരിച്ചുപോരുന്ന ഒരു ചടങ്ങാണിതു്. നവംബർ ആദ്യവാരം; ശീതകാലം ആരംഭിക്കുന്നതേയുള്ളു. രാജാവു് താമസിക്കുന്ന ബക്കിംഗ്ഹാംകൊട്ടാരംമുതൽ, പാർലമെൻറു സമ്മേളിക്കുന്ന വെസ്റ്റ്മിനിസ്റ്റർകൊട്ടാരം വരെയുള്ള തെരുവീഥികളിൽ, ജനങ്ങൾ ബഹുശതമായി അണിനിരക്കുകയാണ്. വരുംവർഷത്തിൽ തങ്ങളുടെ അവകാശങ്ങളേയും ചുമതലകളേയും പ്രഖ്യാപിക്കുവാൻ പോകുന്ന സംസ്ഥാനാധിപതിയെ പ്രോത്സാഹിപ്പിക്കുന്നതിന് സ്ത്രീപുരുഷഭേദമെന്യേ, ആബാലവൃദ്ധം പൗരർ സഞ്ചയിക്കുകയാണ്. അവരെ നിയന്ത്രിക്കുന്നതിനു പോലീസുകാരെ അവിടെയെങ്ങും കാണാനില്ല. കറുത്ത യൂണിഫാറം ധരിക്കുന്ന ലണ്ടൻപോലിസിൻെറ ഹസ്തങ്ങൾ (The Black Arm of Law) കാണുന്നതു്, ചില കവലകളിൽ, ട്രാഫിക്ക നിയന്ത്രണങ്ങൾ അനുസരിക്കുന്നുണ്ടോ എന്നു നോക്കിനിൽക്കുന്നതുമാത്രമാണ്. ഇംഗ്ലീഷ് ജനതതി സ്വയം നിയന്ത്രിതരാണ്—വിശേഷിച്ചും പൊതുക്കാര്യങ്ങളിൽ. പൂർവാചാരങ്ങളനുസരിച്ച് ആറു കുതിരകളെ പൂട്ടിയ തുറന്ന വണ്ടിയിൽ, കുതിരപ്പട്ടാളക്കാരാൽ പരിസേവിതനായി, രാജാവു് പാർലമെൻറുമന്ദിരത്തിൽ എത്തുന്നു; യഥോചിതം സ്വീകരിക്കപ്പെട്ട സഭാതലത്തിലേയ്ക്കു് ആനയിക്കപ്പെടുന്നു. ഈ അവസരത്തിൽ, രണ്ടു സഭകളും—പ്രഭുസഭയും കാമൺസ് സഭയും—അവരവരുടെ സഭാതലങ്ങളിൽ കൂടിയിരിക്കുകയാണ്. രാജാവിൻെറ നയപ്രഖ്യാപനപ്രസംഗം നടക്കുന്നതു് പ്രഭുസഭാമണ്ഡലത്തിലാണ്. അതിലേക്കു പരമ്പരാഗതമായ അംഗത്വം അനുഭവിച്ചുവരുന്ന പ്രഭുക്കന്മാർ സമ്മേളിച്ചിരിക്കുകയാണ്. ഈ സഭാതലത്തിലേയ്ക്കു കാമൺസ്സഭയിലെ അംഗങ്ങളെ ക്ഷണിച്ചുവരുത്തുകയാണ് പതിവു്. ഇതിനനുവർത്തിച്ചുപോരുന്ന നടപടിക്രമം രസാവഹമാകുന്നു. ക്ലിപ്തപ്പെടുത്തിയിട്ടുള്ള സമയത്തോടടുത്തു്, പ്രഭുസഭയിൽനിന്നും ഒരു ദൂതൻ കാമൺസ്സഭയിലേയ്ക്കു പോകുന്നു. ഇയാളറിയപ്പെടുന്നതു് ബ്ളായ്ക്കുറാഡ് (Black Rod) എന്ന പേരിലാണ്. ഈ ദൂതൻ വരുന്നതു കണ്ടുകൊണ്ടു്, കാമൺസ്സഭയുടെ സംരക്ഷകകൃത്യം നിർവഹിക്കുന്ന സാർജൻറ് അററ് ആംസ് (Serjent-at-arms) കാമൺസ് സഭയുടെ കവാടം ശക്തിയിൽ വലിച്ചടയ്ക്കുന്നു. കവാടം വലിക്കുന്നതോടെ, ചരിത്രത്തിൻെറ പേജുകൾ പുറകോട്ടു മറിക്കുകയാണ്. വാതിലടയ്ക്കുമ്പോളുണ്ടാകുന്ന ശബ്ദം പിൽക്കാലങ്ങളിൽ ഉണ്ടായിട്ടുള്ള കോലാഹലങ്ങളുടെ മാറെറാലിമാത്രമാണ്. ജനാവകാശങ്ങൾക്കുവേണ്ടി, ജനായത്തഭരണം സംസ്ഥാപിക്കുന്നതിനു്, ജനപ്രതിനിധികൾ, സ്വേച്ഛാധിപതികളായ രാജാക്കന്മാരുമായി പോരാടിയ കാലങ്ങളെ ഈ സംഭവം പ്രതിവർഷം അനുസ്മരിപ്പിക്കുകയാണ്. സ്വാത്മമൂർത്തികളായ നാട്ടുവാഴികളുടെ വാഞ്ഛകൾക്കു വിരുദ്ധമായി ജനാഭിലാഷങ്ങൾ പുലർത്തുവാനായി ശബ്ദം ഉയർത്തിയ കാമൺസ്സഭയിലെ നേതാക്കന്മാരെ കയ്യേററംചെയ്യുന്നതിനുമതിന്നു രാജദൂതന്മാരിൽനിന്നും രക്ഷനേടുന്നതിനു സഭയുടെ കവാടം അടച്ചു പൊരുതിയ ചരിത്രസംഭവത്തെ

---

ങ്ങൾ ധാരാളമുള്ള എൻ. എസ്സ്. എസ്സ്. അതിലെ അദ്ധ്യാപകരുടേയും മററു ജോലിക്കാരുടേയും സ്ഥിതി നന്നാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടു്. സ്വകാര്യ കാളേജുകളിലെ കാളേജ് അദ്ധ്യാപകരുടെ നില ഇന്നു് വളരെ മോശമാണ്. യൂണിവേഴ്സിററി ഗ്രാൻറ്സ് കമ്മീഷൻെറ സഹായങ്ങൾ സമ്പാദിക്കാൻ കഴിയത്തക്ക വിധം സ്വകാര്യകാളേജ് മാനേജുമെൻറുകളും സംസ്ഥാനഗവർമ്മെൻറും ഈയവസരത്തിൽ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഒന്നാംകിടയിലുള്ളവരായിരിക്കണം നമ്മുടെ സർവകലാശാലാദ്ധ്യാപകന്മാർ. അങ്ങനെയുള്ളവരെ കാളേജുകളിലേക്കാകർഷിക്കാൻകഴിയാത്ത സേവനവ്യവസ്ഥകളോടുകൂടിയ കാളേജുനടത്തിപ്പുകൊണ്ടു് യാതൊരു പ്രയോജനവുമില്ലെന്നു നാം ഓർക്കേണ്ടതാണ്. മനോമോഹനങ്ങളും അംബരചുംബികളുമായ മണിമന്ദിരങ്ങൾ കാളേജുകൾക്കാവശ്യമാണ്. എന്നാൽ അതിനെക്കാളാവശ്യം ഒന്നാംകിടയിലുള്ള അദ്ധ്യാപകരാണ്. കാളേജ്അദ്ധ്യാപകരുടെ അവശതകൾ പരിഹരിച്ചു്, ഏററവും സമർത്ഥന്മാരായവരെ കാളേജ് സ്റ്റാഫുകളിലേക്കാകർഷിക്കാൻകഴിയുന്ന സേവനവ്യവസ്ഥകളും ശമ്പളനിരക്കുകളും ഏർപ്പെടുത്തുന്നതിൽ കേരള സർവകലാശാല മുൻകൈഎടുത്തു പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു.

ഓമ്മിപ്പിക്കുകയാണ്. കാലം വളരെയേറെ മാറിയെങ്കിലും, മാനിനെയും ആട്ടിൻകുട്ടിയെയും അപേക്ഷിച്ചു സാധുവായ ഒരു ജീവിയാണ് ഇംഗ്ലീഷ്സിംഹാസനത്തിൽ അവരോധിതനായി വരുന്നതെന്നുവരികിലും, ചരിത്രത്തോടും പാരമ്പര്യത്തോടുമുള്ള ബഹുമാനസൂചകമായി, ഇന്നും രാജദൂതൻ കാമൺസ്സഭയുടെ കവാടത്തിലെത്തുമ്പോൾ, പണ്ടത്തെപ്പോലെതന്നെ, വാതിൽ ബലമായി അയാളുടെ മുഖത്തു വലിച്ചടയ്ക്കുന്ന പതിവു് തുടൎന്നുവരികയാണ്. ഈ ഭയങ്കരശബ്ദം കേട്ടുകൊണ്ടു് കാമൺസ്സഭയിലെ സ്പീക്കർ അതിന്റെ കാരണം ആരായുകയാണ്. സഭയുടെ ഭൃത്യനായ സാർജൻറ പറയുന്നു:—

"രാജദൂതനായ ബ്ളായ്ക്കുറാഡ് വന്നിരിക്കുന്നു."

സ്പീക്കർ:—"എന്താണു കാര്യമെന്നന്വേഷിക്കുക."

സാർജൻറ വാതിൽ മുഴുവൻ തുറക്കുന്നില്ല. പകരം, ഒരു കിളിവാതിൽ തുറന്നു് എന്താണു കാര്യമെന്നു ബ്ളായ്ക്കുറാഡിനോടു ചോദിക്കുന്നു. "ഒരു സന്ദേശമുണ്ടു്" എന്നു ബ്ളായ്ക്കുറാഡ് പ്രതിവചിക്കുന്നു. സാർജൻറു് ആയതു് സ്പീക്കറെ അറിയിക്കുന്നു.

സ്പീക്കർ:—"വാതിൽ തുറക്കു."

വാതിൽ തുറക്കപ്പെടുന്നു. പ്രത്യേകവേഷധാരിയായ ബ്ളായ്ക്കുറാഡ് അകത്തു പ്രവേശിച്ചു്, ആദ്യം സ്പീക്കറെയും, അതിനുശേഷം അയാളുടെ ഇടത്തുവശത്തിരിക്കുന്ന ട്രെഷറിബഞ്ചിലെ ഭരണകക്ഷിഅംഗങ്ങളെയും, വലത്തുവശത്തിരിക്കുന്ന പ്രതിപക്ഷകക്ഷിയംഗങ്ങളെയും അഭിവന്ദിക്കുന്നു. എന്നിട്ടു് ഉയൎന്നശബ്ദത്തിൽ, സ്ഫുടമായ ഭാഷയിൽ പറയുകയാണ്: "മിസ്റ്റർ സ്പീക്കർ, സർ, ഈ സഭയുടെ സാന്നിദ്ധ്യം ഉടനടി പ്രഭുസഭയിൽ ഉണ്ടാകണമെന്നു്, രാജാവു് കല്പിച്ചിരിക്കുന്നു."

പ്രധാനമന്ത്രി:—"നമുക്കു പോകാം."

പ്രതിപക്ഷകക്ഷിനേതാവു്:—"ഞാൻ അനുകൂലിക്കുന്നു."

സ്പീക്കർ:—"ശരി; നമുക്കു പോകാം."

ബ്ളായ്ക്കുറാഡ് ഉടനെ തിരിഞ്ഞുപോകുന്നു. പുറകെ സാർജൻറു് അററ് ആംസ്, കാമൺസ്സഭയുടെ അധികാരചിഹ്നമായ ദണ്ഡുമേന്തി (Mace) നടക്കുന്നു. മി: സ്പീക്കർ സ്വസ്ഥാനത്തുനിന്നെഴുന്നേററു പ്രഭുസഭയിലേയ്ക്കു നടക്കുന്നു: പുറകെ ഒരു വരിയിൽ, പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ, ഭരണകക്ഷിയംഗങ്ങളും, മറേറവരിയിൽ പ്രതിപക്ഷകക്ഷിനേതാവിന്റെ പുറകിൽ മററംഗങ്ങളും അനുധാവനം ചെയ്യുന്നു. അവർ പ്രഭുസഭയിൽ പ്രവേശിക്കുന്നു. അവിടെ പ്രഭുക്കന്മാർ സ്വസ്ഥാനങ്ങളിലിരിക്കുകയാണ്. അവിടെ വേറേ സീററുകളില്ല. സ്പീക്കറും പ്രധാനമന്ത്രിയും പ്രതിപക്ഷകക്ഷിനേതാവുംകൂടി നയിച്ച കാമൺസ്സഭാംഗങ്ങൾക്കു് അവിടെ ഇരിക്കാൻ സീററു നൽകുന്ന പതിവില്ല. അവർ അവിടെ, ഒരു അഴിക്കിപ്പുറം കയ്യുംകെട്ടി നിന്നുകൊള്ളണം. (standing behind the Bar with folded arms).

രാജാവു് ആഗതനാകുന്നു. പ്രത്യേകം സജ്ജമാക്കിയിട്ടുള്ള സിംഹാസനത്തിൽ ഇരുന്നുകൊണ്ടു് നയപ്രഖ്യാപന പ്രസംഗം വായിക്കുന്നു. ആ പ്രസംഗത്തിന്റെ രചയിതാവു്, അവിടെ ദൂരെ, അഴിക്കപ്പുറം കൈയും കെട്ടിനിൽക്കുന്ന പ്രധാനമന്ത്രിയാണ്. അതിലെ വ്യാകരണതെററുകളുണ്ടെങ്കിൽ അവയ്ക്കുപോലും ഉത്തരവാദിത്വംവഹിക്കുന്നതു് ആ പ്രധാനമന്ത്രിയാണ്. അതാണു സാക്ഷാൽ "ഇംഗ്ലീഷ് പാർലമെൻററിഡെമോക്രസി." ഈ ഭരണസമ്പ്രദായത്തിന്റെ പ്രത്യേകതകളറിയുവാൻ സാധിച്ചിട്ടില്ലാത്ത ഒരാൾക്കു് എന്താണു് ഈ കാഴ്ചകൾ കണ്ടാൽ ധാരണയുണ്ടാവുക! കറയററ ഒരു സ്വേച്ഛാധികാരത്തിന്റെ പ്രതീതിയുണ്ടാകുന്നെങ്കിൽ അത്ഭുതമോ? പക്ഷേ സത്യമെന്താണ്? ഏവക്കും മാതൃകയായി സ്വീകരിക്കാവുന്ന ഇംഗ്ലീഷ് ജനായത്തഭരണക്രമത്തിന്റെ, ബാഹ്യസംവിധാനങ്ങൾമാത്രമാണിവ. രാജാവിന്റെ പ്രസംഗം കഴിഞ്ഞു, വന്നപോലെതന്നെ കാമൺസ്സഭാംഗങ്ങൾ തിരികെ പോകുന്നതോടെ ആ രംഗം അവസാനിക്കുന്നു

* * * *

നവംബറിൽനിന്നു് മാൎച്ച്മാസത്തിലേയ്ക്കു നിങ്ങളെ ഞാൻ ക്ഷണിക്കുകയാണ്. ഇവിടെപ്പോലെതന്നെ ഇംഗ്ലണ്ടിലും ബഡ്ജററു് അവതരിപ്പിക്കുന്നതു് മാൎച്ചിൽത്തന്നെയാകുന്നു. "ബഡ്ജററു്" എന്ന വാക്കിന്റെ അൎത്ഥവും ഉല്പത്തിയും അറിയുന്നതു രസാവഹമായിരിക്കുമല്ലോ. ബഡ്ജററു് ഒരു ഗ്രീക്കുവാക്കാണ്. അതിന്റെ അൎത്ഥം "തുകൽസഞ്ചി" എന്നാകുന്നു. ഏതു മന്ത്രിയുടെ കാലത്താണെന്നു ഞാൻ ഓക്കുന്നില്ല, അയാൾ തന്റെ കണക്കുകളും ആയതവതരിപ്പിക്കുന്നതിനുള്ള പ്രസംഗവും ഒരു തുകൽസഞ്ചിയിൽ അടച്ചുകൊണ്ടാണ് സഭയിൽ സന്നിഹിതനായതു്. ഏററവും സ്വീകാര്യവും അക്കാരണത്താൽ വിജയപ്രദവുമായ ആയവ്യയക്കണക്കുകളാണു് അക്കൊല്ലം ആ മന്ത്രി അവതരിപ്പിച്ചതു്. അതിൽനിന്നുളവായ അന്ധവിശ്വാസത്തിനടിമപ്പെട്ടു്, പിന്നീടുള്ള വഷങ്ങളിലെല്ലാം ധനകാര്യമന്ത്രി, തന്റെ കണക്കും പ്രസംഗവും കൊണ്ടുവരുന്നതിനു് ഈ തുകൽസഞ്ചിതന്നെ ഉപയോഗിച്ചുപോന്നു. ഇന്നും ഈ പതിവു് തുടൎന്നുപോരികയാണ്. ബഡ്ജററു് എന്നുള്ള തുകൽസഞ്ചിയിൽനിന്നുമാണു് അതിന്റെ ഉള്ളടക്കങ്ങൾക്കും ഇന്നു ബഡ്ജററു് എന്നു പേരുകിട്ടിയിട്ടുള്ളതു്.

സുപ്രസിദ്ധ ധനതത്വശാസ്ത്രവിദഗ്ദ്ധനും സോഷ്യലിസ്റ്റ്കക്ഷിനേതാവും ആയ സർ ഹ്യൂ ഡാൽടൺ, ധനകാര്യമന്ത്രിയായിരുന്ന ഒരവസരം ഞാൻ ഓക്കുകയാണ്. കാമൺസ്സഭ പതിവുപോലെ ഉച്ചയ്ക്കു് രണ്ടേമുക്കാൽമണിക്കു കൂടി. ആദ്യം ചോദ്യോത്തരങ്ങൾ നടന്നു. തുടൎന്നു് അടുത്തവഷത്തെ ബഡ്ജററു് അവത

രിപ്പിക്കുന്നതിനു് ഡാൽടണെ ക്ഷണിച്ചു. എന്തെല്ലാമാണു് പുതിയ ബഡ്ജററുനിർദ്ദേശങ്ങൾ എന്നറിയുവാൻ സഭാംഗങ്ങൾ ഉൽക്കണ്ഠാകുലരായിരിക്കയാണു്. ഡാൽടൺ എഴുന്നേററു പ്രസംഗിക്കുവാൻ തുടങ്ങി: "മി: സ്പീക്കർ, സർ, അടുത്ത വർഷത്തെ ബഡ്ജററു് അവതരിപ്പിക്കുന്ന ബഹുമതിയിൽനിന്നു ഞാൻ സ്വയം ഒഴിഞ്ഞുമാറിയിരിക്കയാണു്. എന്തെന്നാൽ എൻെറ മന്ത്രിപദം രാജിവച്ചു ഞാൻ പ്രധാനമന്ത്രിക്കു കത്തു നൽകിയിരിക്കയാണു്. അതിനുള്ള കാരണം വിശദീകരിക്കേണ്ടതു് എൻെറ ചുമതലയും അറിയേണ്ടതു സഭയുടെ അവകാശവും ആകയാൽ ഞാൻ ഒരു പ്രസ്താവന ചെയ്യുവാൻ പോകുകയാണു്. ഇന്നിപ്പോൾ, ഒന്നരമണിക്കൂർ മുമ്പു് എൻെറ താമസസ്ഥലത്തുനിന്നും സഭയിലേയ്ക്കു ഞാൻ യാത്രതിരിക്കുന്നതിനുമുമ്പായി ചില പത്രപ്രതിനിധികൾ എന്നെ സമീപിക്കയും ഞങ്ങൾ തമ്മിൽ സംഭാഷണം നടത്തുകയും ഉണ്ടായി. ആ സംഭാഷണത്തെത്തുടർന്നു് ഒരു പത്രം ഝടിതിയിൽ ഒരു വിശേഷാൽപ്രതി പ്രസിദ്ധപ്പെടുത്തിയതായി എനിക്കു് അറിവുകിട്ടിയിരിക്കുന്നു. ബഡ്ജററിൽ വരാവുന്ന ചില കാര്യങ്ങൾ ആ പത്രം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. യാതൊരു വിവരവും ഞാൻ നൽകിയതല്ല എങ്കിലും അഭ്യൂഹങ്ങളുടെ അടിസ്ഥാനത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കാര്യങ്ങളും ഞാൻ സമർപ്പിക്കുവാനുദ്ദേശിച്ചിരുന്ന നിർദ്ദേശങ്ങളും തമ്മിൽ പൊരുത്തം കാണുന്നുണ്ടു്. ഈ പത്രവാർത്തയുടെ അടിസ്ഥാനത്തിൽ സ്റ്റോക്കു്എക്സ്ചേഞ്ചിലുംമററും ക്രയവിക്രയങ്ങൾ നടന്നിരിക്കാനിടയുണ്ടു്. മനസാ, വാചാ, കർമ്മണാ യാതൊരു ബഡ്ജററുരഹസ്യവും ഞാൻ പുറത്തുവിട്ടിട്ടില്ലെന്നുവരികിലും, പൊതുക്കാര്യങ്ങളിൽ അവശ്യം ഉണ്ടായിരിക്കേണ്ട ശുദ്ധതയെ പുരസ്കരിച്ചു്, എൻെറ നിർദ്ദേശങ്ങൾ ഞാൻ പിൻവലിച്ചു്, ഈ സ്ഥാനത്തുനിന്നു പിരിയുവാൻ ആഗ്രഹിക്കുകയാണു്. അങ്ങിനെ ഞാൻ ചെയ്യാത്തപക്ഷം, എന്നോടും ഈ സഭയോടും പൊതുജനങ്ങളോടും ഞാൻ ഒരു വഞ്ചനയായിരിക്കും കാണിക്കുന്നതു്. എൻെറ ആഗ്രഹം ഞാൻ പ്രധാനമന്ത്രിയെ അറിയിക്കയും അദ്ദേഹം ആയതു സ്വീകരിക്കുകയും ചെയ്തിട്ടുണ്ടു്. എൻെറ അനന്തരഗാമി എന്നെക്കാൾ ഭാഗ്യവാനായിരിക്കട്ടെ. നിങ്ങളുടെ സഹായസഹകരണങ്ങൾക്കു എൻെറ നന്ദി."

സഭാതലം സ്തബ്ധമായിപ്പോയി. സാമാജികർക്കു ഇതപ്രതീക്ഷിതമായിരുന്നു. ഇതികർത്തവ്യതാമൂഢതയിൽനിന്നുളവായ ഒരു മൗനം സ്വല്പനിമിഷങ്ങളിലേയ്ക്കു നീണ്ടുനിന്നു. യാഥാർത്ഥ്യങ്ങളിലേയ്ക്കു തിരിച്ചുവന്ന പ്രതിപക്ഷനേതാവു് ചാടിയെഴുന്നേററുപറഞ്ഞു: "ഈ രാജിയുടെ ആവശ്യമില്ല. ധനകാര്യമന്ത്രിയുടെ ആത്മാർത്ഥതയേയും പൊതുജനസേവനത്തിൽ അദ്ദേഹത്തിൻെറ ഏററവും ഉയർന്ന മാനദണ്ഡത്തേയും ബഹുമാനിക്കുന്നു. ഈ സ്വല്പസമയത്തിനുള്ളിൽ ഈ ചോർച്ചയെ അടിസ്ഥാനമാക്കി ആരും ഒന്നും ദൂഷണംചെയ്തിരിക്കാനിടയില്ല. രാജ്യത്തിനു യാതൊരു ദോഷവും വന്നിട്ടില്ല. ആ നിലയ്ക്കു എൻെറ ബഹുമാന്യസ്നേഹിതനെപ്പോലെയുള്ള ഒരു വിദഗ്ദ്ധൻെറ സേവനം ഈ നിസ്സാരകാരണത്തിന്മേൽ നഷ്ടപ്പെടുത്തുവാൻ പാടില്ല. രാജി പിൻവലിച്ചു് ബഡ്ജററു് അവതരിപ്പിക്കണമെന്നഭ്യർത്ഥിക്കുന്നു."

ഇതേത്തുടർന്നു പല നേതാക്കന്മാരും ഈ അഭിപ്രായത്തെ പിന്താങ്ങി പ്രസംഗിക്കുകയുണ്ടായി. അഭിപ്രായപ്രകടനം പ്രധാനമായി നടന്നതു പ്രതിപക്ഷബഞ്ചുകളിൽനിന്നാണു്. എന്നാൽ ഡാൽട്ടൻെറ നിലപാടിനു മാററമുണ്ടായില്ല. അദ്ദേഹം അതു "ക്രിക്കററല്ല; ഇംഗ്ലീഷുരീതിയല്ല" എന്നുമാത്രം പറഞ്ഞു തൻെറ ധീരമായ തീരുമാനത്തിൽ ഉറച്ചുനില്ക്കുകയാണുചെയ്തതു്. ഉന്നതകായനായ ഡാൽടൺ ഉന്നതാദർശങ്ങളുടെ മാനദണ്ഡമെന്നനിലയിൽ അന്തസ്സായി സഭയിൽനിന്നും ഹർഷാരവങ്ങൾക്കിടയിൽ സഭാതലത്തിൽനിന്നും ഇറങ്ങിപ്പോയി.

ഇതുപോലെതന്നെനടന്ന മറെറാരു രാജിയും വായനക്കാർ ഓർക്കുമല്ലോ. കൊളോണിയൽമന്ത്രിയായിരുന്ന ജിമ്മിതോമസും, ഇതേസാഹചര്യങ്ങളിൽ തൻെറ മന്ത്രിപദം രാജിവച്ചുപിരിയുകയാണുണ്ടായതു്. സ്വാർത്ഥവിചാരലേശമെന്യേ, പൊതുജനസേവനം പരിശുദ്ധകർത്തവ്യമായി കരുതുന്നവർക്കു് ഈവിധം പ്രവർത്തിക്കാൻ മാത്രമേ സാദ്ധ്യമാകയുള്ളു. ഭാരതത്തിൽ ഈ മാനദണ്ഡം പ്രായോഗികമാകാൻ എത്രകാലം വേണ്ടിവരുമോ?

* * * *

പൊതുജനസേവനത്തിൽ പരിശുദ്ധത പാലിക്കുന്നതു മന്ത്രിതലത്തിൽമാത്രം പോരെന്നും, കൂടുതലായി ഭരണശകടത്തിൻെറ പ്രധാനചക്രമായ സിവിൽസർവ്വീസിൽ വേണമെന്നും ഇംഗ്ലീഷ്ജനതയ്ക്കു നിർബന്ധമുണ്ടു്. അതിനുദാഹരണമായി പാർലമെൻറിൽ നടന്ന ഒരു രംഗം വിവരിക്കാം: ഒരുദിവസം പതിവുപോലെ കാമൺസ്സഭയിൽ ചോദ്യോത്തരരംഗത്തിൻെറ അവസാനഭാഗമാണു്. പ്രതിപക്ഷകക്ഷിനേതാവു് മേജർ ആററ്ലി ഒരു അടിയന്തിരചോദ്യം (Short notice question) ഉന്നയിച്ചു. "മിസ്റ്റർ സ്പീക്കർ, സർ, ഇന്നത്തെ ലണ്ടൻഗസററിൽ, സർ ചാറൽസ്ബുള്ളോയ്ക്കു് എന്ന അണ്ടർസെക്രട്ടറിയെ സർവീസിൽനിന്നും ഡിസ്മിസ്സ് ചെയ്തിരിക്കുന്നതായിക്കാണുന്നു. അതിനുള്ള കാരണം പ്രധാനമന്ത്രി ദയവായി പറയുമോ?"

പ്രധാനമന്ത്രി മി: ബാൾഡ്വിൻ ഇപ്രകാരം ഒരു പ്രസ്താവനചെയ്തു:—"ഈവിധത്തിൽ ഒരു ശിക്ഷണനടപടി എടുക്കേണ്ടിവന്നതിൽ എനിക്കു വ്യസനമുണ്ടു്. പക്ഷേ സിവിൽസർവീസിൻെറ അന്തസ്സും ശുദ്ധതയും പാലിക്കുന്നതിനു ഞാൻ ആവിധം നിർബന്ധിതനായതാണു്. സർ ചാറൽസ്ബുള്ളോയ്ക്കു് സമർത്ഥനായ ഒരു സിവിൽ ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹം തൻെറ ഇരു

പത്തിരുന്നാംവയസ്സിൽ സിവിൽസർവീസ്പരീക്ഷ പാസ്സായി, കഴിഞ്ഞ ഇരുപത്തിമൂന്നുകൊല്ലക്കാലമായി ഈ ഗവണ്മെൻറിനെ വിവിധനിലകളിൽ സേവിച്ചുപോന്ന യാളാണ്. സമർത്ഥതകൊണ്ടുതന്നെ അദ്ദേഹം വിമാന വകുപ്പിലെ സിവിൽസർവീസിൽ ഏററവും ഉന്നതപദവിയായ അണ്ടർസെക്രട്ടറിസ്ഥാനത്തു എത്തിച്ചേരുകയാണുചെയ്തതു്. പ്രായമായില്ലെങ്കിലും അദ്ദേഹത്തിനു സർവീസിൽനിന്നു പിരിയണമെന്നാഗ്രഹംതോന്നി, അതിനുവേണ്ട ഏഴുത്തുകുത്തുകൾ നടത്തിവരികയായിരുന്നു. പെൻഷനുംവാങ്ങി വിശ്രമിക്കാനല്ല അദ്ദേഹം പിരിയണമെന്നാഗ്രഹിച്ചതു്. നേരെമറിച്ച് കൂടുതൽ ഉത്തരവാദിത്വവും ആദായവും ഉള്ള ജോലിചെയ്യണമെന്നുള്ള ആഗ്രഹത്താലാണ്. അതു നല്ലതുതന്നെ. പക്ഷേ അതു സാധിക്കുന്നതിനു അയാൾ സ്വീകരിച്ച നടപടികൾ അപലപനീയമായിക്കണ്ടു അയാൾ ചാർജ്ജുവഹിക്കുന്ന വകുപ്പിനു വിധേയമായി പ്രവർത്തിക്കുന്ന ഇംപീരിയൽ എയർവേസ്ചെയർമാനെയാണ് അയാൾ അക്കാര്യത്തിനായി സമീപിച്ചതു്. വളരെ അധികം പ്രതിഫലം ലഭിക്കാവുന്ന, ഇംപീരിയൽഎയർവേസ്ഡയറക്ടർബോർഡംഗമാകാനാണ് അയാൾ ശ്രമിച്ചതു്. ആ പദവി തനിക്കുനൽകണമെന്നു അയാൾ ചെയർമാനോടപേക്ഷിച്ചു. തൻെറ സഹപ്രവർത്തകരുമായാലോചിച്ച് മറുപടി പറയാമെന്ന് ചെയർമാൻ വാക്കുനൽകി. വീണ്ടും നിർബന്ധമായ അപേക്ഷയുടെ ഫലമായി, ചെയർമാനും സർ ചാറൽസ്ബുള്ളോക്കും ഒരു ഹോട്ടലിൽ ലഞ്ചിനായി കൂടി. ഈ വിവരങ്ങൾ എല്ലാം, സഹജമായ സാമർത്ഥ്യഫലമായി, സ്കാട്ട്ലൻഡ്യാർഡ് പോലീസിനറിവുലഭിച്ചിരുന്നു. ഇവരുടെ സമ്മേളനരംഗത്തു് പോലീസ്, മഫ്ററിവേഷത്തിൽ ചെല്ലുകയും, അവരുടെ സംഭാഷണംമുഴവൻ ടേപ്റിക്കാർഡിൽ രേഖപ്പെടുത്തി എടുക്കുകയും ചെയ്തു. താൻ ചുമതലവഹിക്കുന്ന വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന ഒരു ഘടകത്തിൽ സ്വാർത്ഥലാഭത്തിനായി, സ്വയോൽക്കർഷത്തിനായി, തൻെറ ഔദ്യോഗികനില വ്യഭിചരിപ്പിച്ച ഒരാൾ, ആ സ്ഥാനത്തു തുടരുവാൻ അയോഗ്യനാണെന്നു ഗവമ്മെൻറു കരുതുന്നു. ഇംപീരിയൽഎയർവേസ്ബോർഡംഗമാകാൻ, സർ ചാറൽസ് യോഗ്യനായിരിക്കാം; മററാരേയുംകാൾ യോഗ്യനായിരിക്കാം; അങ്ങിനെ അംഗമാകാൻ അദ്ദേഹത്തിനു ആഗ്രഹം തോന്നിയതിലും തെററില്ല. പക്ഷേ അതിനു ശ്രമിക്കേണ്ടതു്, ഉത്സാഹിക്കേണ്ടതു് വിമാനവകുപ്പ് അണ്ടർസെക്രട്ടറി എന്നനിലയിൽ പാടില്ലാത്തതാകുന്നു. ഇംപീരിയൽ എയർവേസ്ബോർഡിലേയ്ക്കു അംഗങ്ങളെ നാമിനേററുചെയ്യുന്നതിൽ ബോർഡിനുള്ള സ്വാതന്ത്ര്യത്തിൽ ഇതു് ഒരു കയ്യേററമാണ്. അതിനു തൻെറ ഉദ്യോഗനില ദുരുപയോഗിക്കുവാൻ സർ ചാറൽസ് പ്രേരിതനായതു് തെററാണ്. അങ്ങിനെയുള്ള ഒരാളെ സർവീസിൽ വച്ചുപുലർത്തുവാൻ സാധ്യമല്ല. അയാളെ സർവീസിൽനിന്നും ഡിസ്മിസ്സ് ചെയ്യേണ്ടതു സർവീസിൻെറ പരിശുദ്ധത പാലിക്കുന്നതിനു വേണ്ടിമാത്രമല്ല, മററുള്ളവക്കു ഒരു മാതൃകയായിരിക്കാൻകൂടി ആവശ്യമാണെന്നു ഗവമ്മെൻറു കരുതുന്നു.” ഈ പ്രസ്താവനയെ ഹർഷാരവങ്ങളോടെ സഭയുടെ എല്ലാഭാഗങ്ങളിൽനിന്നും സ്വീകരിക്കുകമാത്രമാണ് സഭ ചെയ്തതു്; ഉപചോദ്യങ്ങൾ ഉണ്ടായില്ല; കുതർക്കങ്ങൾ പാർട്ടിഅടിസ്ഥാനത്തിൽ പുറപ്പെടുവിച്ചില്ല. എന്തെന്നാൽ സർവീസ്, എല്ലാപേരുടെയും, കക്ഷിഭേദമെന്യേയുള്ള, പൊതുസ്വത്താണ്.

ഈ കഥ ഞാൻ മുഴുവൻ ആക്കിക്കൊള്ളട്ടെ. ഈ ഡിസ്മിസ്സലിനുശേഷം സർ ചാറൽസ്ബുള്ളോക്കിനും കുടുംബത്തിനും ഇംഗ്ലണ്ടിൽ ജീവിക്കാൻ കഴിഞ്ഞില്ല. അദ്ദേഹത്തിൻെറ സ്നേഹിതർ അദ്ദേഹത്തിൽനിന്നും അകന്നു സമുദായത്തിൽ അദ്ദേഹത്തിനു ഒരു സ്ഥാനവും ഇല്ലാതായി. തൽഫലമായി, ആക്കും അഭയം നൽകുന്ന മെക്സിക്കോയിലേയ്ക്കു അദ്ദേഹം കടിപാർപ്പുകാരനായി ഇംഗ്ലണ്ടു വിട്ടു.

* * *

സർ ആസ്റ്റിൻചേംബർലെയിൻ കാമൺസ്സഭയിലെ ഏററവും പ്രഗത്ഭനായ സാമാജികനാണ്. രാജ്യചരിത്രത്തിൽ അതിപ്രധാനമായ ഒരു കാലഘട്ടത്തിൽ സധീരം, നാട്ടിനും നാട്ടാക്കും നേതൃത്വം നൽകിയ ഒരു സമരവീരനാണ് ഒന്നാംമഹാലോകയുദ്ധക്കാലത്തു വിജയിയായ വിദേശകാര്യമന്ത്രിയാണ്. അതിനെത്തുടന്നും പലതവണയും മന്ത്രിപദം അലങ്കരിച്ചിട്ടുള്ള ദേഹമാണ്. നാട്ടിൻെറ അഭിമാനസ്തംഭമാണ്! നാട്ടാരുടെ കണ്ണിലുണ്ണിയാണ്. ആൾ കണ്ടാൽ കോമളനാണ്; ദീർഘകായകൻ; നല്ല തലയെടുപ്പുള്ള പുരുഷൻ; ഗാംഭീര്യവദനൻ; സ്നേഹമുള്ള കണ്ണുകളോടുകൂടിയ ആൾ; ആരും ബഹുമാനിക്കുന്ന ദേഹം; വളരെ ഭംഗിയായി വസ്ത്രധാരണം ചെയ്യുന്ന ആൾ; പഴയ ഇംഗ്ലീഷ് മട്ടിൽ, ടെയിൽകോട്ടും, ടോപ്പ്ഹാററും ഒററക്കണ്ണടയും (Marocle) ധരിച്ച ആരെയും ആകഷിക്കുന്ന ആകാരത്തോടുകൂടിയ ആൾ. “സഭയുടെ പിതാവ്” (Father of the House) എന്നു വിളിക്കത്തക്കവിധം പഴക്കം ചെന്നയംഗം! പ്രായംകൊണ്ടും ബഹുമാന്യനായ ദേഹം. അതാണ് സർ ആസ്റ്റിൻചേംബർലെയിൻ. ഇദ്ദേഹം സഭയിൽ സന്നിഹിതനാകുന്നതു അപൂർവസംഭവമാണ്. എന്നും മുഴുവൻസമയവും സഭയിൽ ഹാജരായില്ലെങ്കിൽ തന്നെ തെരഞ്ഞെടുത്ത മണ്ഡലത്തോടു താൻ ഒരു തെററാണു ചെയ്യുന്നതു് എന്നു മനസ്സാക്ഷിക്കുത്തൊന്നും അദ്ദേഹത്തിനില്ല തൻെറ ആയകാലത്തു്, ഊണു മുറക്കവും ഉപേക്ഷിച്ച്, രാത്രിദിനഭേദമില്ലാതെ നിസ്സ്വാർത്ഥമായി, സമർത്ഥമായി താൻ രാജ്യസേവനം ചെയ്തിട്ടുണ്ടെന്നും, ഇനി ആ മുറയെല്ലാം തൻെറ “അനന്തരവർ” ചെയ്യണമെന്നും, അവരെ നേർവഴി കാട്ടിക്കൊടുക്കേണ്ടിവരുന്ന വിശേഷാൽസന്ദർഭങ്ങളിൽ സദുപദേശം നൽകുന്നതിനു, കക്ഷികൾക്കതീതമായി, രാഷ്ട്രീയപരിചിന്തനകൾ കൂടാതെ, വ്യക്തിവിദ്വേഷലേശമെന്യേ, അന്തസ്സായി ഗുണദോഷിക്കുന്നതിനുമാത്രമാണ

# നായർസർവീസ് സൊസൈററി

— മക്കപ്പുഴ —

കേരളത്തിൽ പ്രാധാന്യം അർഹിക്കുന്ന നായർ സമുദായത്തിൻെറ അധഃപതനസ്ഥിതിക്കു മാററം വരുത്തി, കാലോചിതമായ പരിഷ്കാരവും സാമൂഹ്യബന്ധവും ഉണ്ടാക്കുന്നതിനും, ആവശ്യമുള്ള പൊതുസ്ഥാപനങ്ങൾ സൃഷ്ടിച്ചു നടത്തുന്നതിനുമായി നായർസമുദായത്തിനു് ഒട്ടാകെ അവകാശവും പ്രയോജനവും ഉണ്ടാകത്തക്കവിധത്തിൽ, ഒരു സമുദായസംഘടന രൂപീകരിക്കാൻ, മധ്യതിരുവിതാംകൂറിലുള്ള ഏതാനും നായർ യുവാക്കന്മാർ തീരുമാനിച്ചതിൻെറ ഫലമായുണ്ടായതാണു് "നായർസർവീസ്സൊസൈററി." കേരളത്തെ ലക്ഷ്യമാക്കിക്കൊണ്ടു് 1090 തുലാം 15-ാംനു-(1914-ൽ) ചങ്ങനാശ്ശേരിയിൽ ജന്മമെടുത്ത ഈ സ്ഥാപനത്തിൻെറ സ്ഥാപകന്മാർ 14 പേർ മാത്രമായിരുന്നു. അവരിൽ ശ്രീ: കെ. കേളപ്പൻ ഒഴിച്ചുള്ള 13 പേരും ചങ്ങനാശ്ശേരിസ്വദേശികളായിരുന്നു. വടക്കേമലബാർകാരനായ കേളപ്പൻ ഒരു മിഷൻസ്കൂൾമാസ്റ്ററായി അന്നു ചങ്ങനാശ്ശേരിയിൽ പാർക്കുന്ന കാലമായിരുന്നു. ആദ്യത്തെ പ്രസിഡൻറു് കേളപ്പൻനായരും, ജനറൽ സെക്രട്ടറി മന്നത്തു പത്മനാഭപിള്ളയും, ട്രഷറർ പനങ്ങോട്ടു കേശവപ്പണിക്കരുമായിരുന്നു. അഗ്നിസാക്ഷിയായി അന്നാരംഭിച്ച സമുദായസേവനം ഈ നാല്പതുകൊല്ലവും പ്രവർത്തകന്മാർ നിമിഷംതെററാതെ തുടർന്നു നടത്തിയതിൻെറ ഫലമാണു് ഇന്നു കാണുന്ന അഭിവൃദ്ധിയെല്ലാം.

നിത്യമെന്നപോലെ അഭിവൃദ്ധിയെപ്രാപിച്ചുവരുന്ന ചങ്ങനാശ്ശേരിപട്ടണത്തിൽത്തന്നെയാണു് ഇന്നും ഇതിൻെറ ഹെഡാഫീസ് സ്ഥിതിചെയ്യുന്നതു്. സർവീസ്സൊസൈററിയുടെ പ്രവർത്തനം ആരംഭിച്ചതും ചങ്ങ

---

താൻ തൻെറ കഴിവുകൾ ഉപയോഗിക്കേണ്ടതെന്നും വിശ്വസിക്കുന്ന ആളാണു്. വൻതോപ്പുകളിൽനിന്നും പെരുച്ചാഴികൾ ചാടിവീഴുന്നപോലെ അദ്ദേഹം പ്രസംഗിക്കാൻ ചാടി എഴുന്നേൽക്കാറില്ല. അദ്ദേഹത്തിനു സഭയിൽ പ്രസംഗിക്കണമെന്നു തോന്നുമ്പോൾ അദ്ദേഹം വിനീതനായി സ്പീക്കറെ തൻെറ ആഗ്രഹം കത്തുമൂലം അറിയിക്കുകയാണു പതിവു്. ഇന്ന വിഷയം ചർച്ചയ്ക്കു വരുമ്പോൾ, ഇന്നദിവസം ഇത്രമണിക്കു് സംസാരിച്ചാൽ കൊള്ളാമെന്നു തനിക്കാഗ്രഹമുണ്ടെന്നും, അതിനു സഭാനടപടിക്രമം അനുവദിക്കുമെങ്കിൽ അതിനവസരം തരണമെന്നും അദ്ദേഹം രേഖാമൂലം സ്പീക്കറോടു് അപേക്ഷിക്കും. കൃത്യസമയത്തിനു രണ്ടുമൂന്നു നിമിഷങ്ങൾക്കുമുമ്പായി, ആ തലയും എടുത്തുപിടിച്ചുകൊണ്ടു് സഭയിൽ ആഗതനായി, സ്പീക്കറെയും അദ്ദേഹത്തിൻെറ ഇരുവശങ്ങളിലും ഇരിക്കുന്ന അംഗങ്ങളെയും അഭിവന്ദിച്ചു സ്വസ്ഥാനത്തിരിക്കും. അദ്ദേഹത്തിൻെറ ആഗമനത്തോടെ, അറുനൂററിപ്പതിനഞ്ചംഗങ്ങൾ ഉള്ള ആ സഭയിൽ, സുഖക്കേടുനിമിത്തം ഹാജരാകുവാൻ നിവൃത്തിയില്ലാതെ ഉള്ള അംഗങ്ങൾ ഒഴിച്ചു് എല്ലാപേരും തിക്കിത്തിരക്കി കൂടിയിരിക്കും. അദ്ദേഹത്തിൻെറ വരവുണ്ടെന്നുള്ള ന്യൂസിനു് അത്രവളരെ പ്രചാരം ലഭിച്ചിരിക്കും. ഇദ്ദേഹത്തെ കാണുന്നതോടെ, പ്രസംഗിച്ചുകൊണ്ടിരിക്കുന്ന ആൾ ഉടനടി ഉപസംഹരിക്കും. സ്പീക്കർ ആ കണിശത്തിനു് സർ ആസ്റ്റിനെ പ്രസംഗത്തിനു ക്ഷണിക്കും. കാര്യസമ്പൂർണ്ണമായ ആ പ്രസംഗം നല്ല ഭാഷയിൽ കേൾക്കാൻകഴിയുന്നതു് ഒരു വിരുന്നാണു്. നിശ്ശബ്ദരായി, നിന്നിമേഷരായി സഭാംഗങ്ങൾ അനുസരണയോടെ ആയതു ശ്രവിക്കുകയാണു് പ്രസംഗംകഴിഞ്ഞാൽ സ്വസ്ഥാനത്തു് സമാന്യമര്യാദയുടെപേരിൽ രണ്ടോ അഞ്ചോ നിമിഷം അദ്ദേഹം ഇരിക്കും. അതു കഴിഞ്ഞു് സ്പീക്കറേയും സഭയേയും അഭിവന്ദിച്ചു് അദ്ദേഹം ഇറങ്ങിപ്പോരികയാണു്; പുറകെ നിരവധി സാമാജികരും. ഉപശാലകളിൽവന്നു് അദ്ദേഹത്തെ അനുമോദിക്കുകയായി; അഭിനന്ദിക്കുകയായി; അദ്ദേഹം അവരോടു കുശലംചോദിക്കുകയായി. ആ രംഗംകണ്ടാൽ ഒരു കാരണവർ തൻെറ ഭാഗിനേയരോടു സംസാരിക്കുന്ന ഒരുരംഗം, ഒരു അഭിവന്ദ്യനായ ഹെഡ്മാസ്റ്റർ തൻെറ പൂർവ്വകാലവിദ്യാർത്ഥികളോടു കുശലംചെയ്യുന്ന ഒരു രംഗം ആണു് ഓർമ്മയിൽ വരുന്നതു്. കുറച്ചു നേരങ്ങൾക്കിടയിൽ അദ്ദേഹത്തിൻെറ വാഹനം കാത്തുനില്ക്കുന്നതായി ആരെങ്കിലും അറിയിക്കും. അദ്ദേഹം സ്വഗൃഹത്തിലേയ്ക്കുമടങ്ങും. ഈ രംഗം കണ്ടപ്പോളെല്ലാം ആരാണു് കൂടുതൽ അഭിനന്ദനവും ബഹുമാനവും അർഹിക്കുന്നതു് —അദ്ദേഹമാണോ അതോ അദ്ദേഹത്തിൻെറ സഹപ്രവർത്തകരായ സഭാംഗങ്ങളാണോ—എന്നു എനിക്കു് പലപ്പോഴും സന്ദേഹം തോന്നിയിട്ടുണ്ടു്. ആരായാലും, അവരിരുകൂട്ടരിലും "ഡെമോക്രസി" സ്ഥായിയായി വേരൂന്നിയിരുന്നു എന്നുള്ളതിൽ എനിക്കു് സന്ദേഹമുണ്ടായിരുന്നില്ല.



എൻ. എസ്. എസ്. പ്രസിഡൻറ് ശ്രീ. വി. കെ. വേലപ്പൻ

നാട്ടേരിയിലും സമീപപ്രദേശത്തുമുള്ള നായന്മാരുടെ ഇടയിലാണ്. കുടുംബമത്സരങ്ങളും, വ്യവഹാരങ്ങളും, താലികെട്ടുകല്യാണം മുതലായ നിരർത്ഥക അടിയന്തിരങ്ങളും, അവയുടെ ധൂർത്തടിച്ച ചിലവുകളും, അവാന്തരജാതിവിഭാഗങ്ങളും, അന്ധവിശ്വാസങ്ങളും, മാമൂലുകളും കൊണ്ട് ദൈനംദിനം തകർന്നുകൊണ്ടിരുന്ന നായർസമുദായത്തിന്റെ അന്നത്തെ ആചാരവിശ്വാസങ്ങളെ മാററി, അടിയുറച്ച ഒരു പരിഷ്കൃതസമുദായം കെട്ടിപ്പടുക്കുന്നതിനുള്ള പ്രചരണജോലിയാണ് ആദ്യം ചെയ്തത്. നായന്മാർ കൂടുന്ന ഉത്സവസ്ഥലങ്ങളിൽച്ചെന്ന് "ആൽത്തറപ്രസംഗം" നടത്തിയും, യോഗങ്ങൾ വിളിച്ചുകൂട്ടി പ്രസംഗങ്ങൾ ചെയ്തും നായർസമുദായത്തിന്റെ പഴയതും ഇന്നത്തേതുമായ നിലഭേദത്തെ പൊതുജനങ്ങളെ മനസ്സിലാക്കി. അഭിവൃദ്ധിയെ പ്രാപിക്കുന്ന പ്രയത്നശീലന്മാരായ മററു സമുദായക്കാരെ ചൂണ്ടിക്കാണിച്ചു ബോധ്യപ്പെടുത്തി. വേർതിരിഞ്ഞ്, ഉച്ചനീചത്വത്തിൽകാണുന്ന നായന്മാരെല്ലാം ഒരു സമുദായത്തിൽപ്പെട്ടവരായതുകൊണ്ട്, ഓരോ പ്രദേശത്തുമുള്ള 'നായർശബ്ദ'ത്തിൽപ്പെട്ടവരെല്ലാം അന്യോന്യഭക്ഷണവും വിവാഹവുംകൊണ്ടു ഒന്നായിച്ചേരണമെന്നും, ഇന്നത്തെ കരതിരിഞ്ഞും ദേശംമാറിയുമുള്ള നില്പുകൾ നീക്കി, തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലുമുള്ള നായന്മാർ ഒരു സംഘടനയിൽപ്പെടണമെന്നും അവരെ മനസ്സിലാക്കി. എൻ. എസ്. എസ്-ന്റെ മധ്യസ്ഥതയിൽ അനവധി കേസ്സുകൾ പറഞ്ഞുതീർത്തു. ഭാഗംചെയ്യിച്ചു കുടുംബകലഹങ്ങൾ അവസാനിപ്പിച്ചു. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ഒട്ടധികം ശമനം വരുത്തി. ഹിന്ദുസമുദായത്തെ നശിപ്പിക്കുന്ന തീണ്ടൽ. തൊടീൽ മുതലായ ദുരാചാരങ്ങളെ ഇല്ലാതാക്കാൻ ഫലപ്രദമായി ശ്രമിച്ചു. സഹോദരസമുദായങ്ങളുമായി മൈത്രീബന്ധത്തിൽ പോകാനും അധഃകൃതസമുദായങ്ങളെ ഉദ്ധരിക്കാനും കഴിവുള്ളതെല്ലാം ചെയ്യുകയും മാതൃകയായി പലതും പ്രവർത്തിച്ചുകാണിക്കയും ചെയ്തു. കൂട്ടുകുടുംബവ്യവസ്ഥിതിയും മരുമക്കത്തായവും കാലത്തിനു പററാത്തതായി ദുഷിച്ചുകഴിഞ്ഞതിനാൽ ആളോഹരിഭാഗവും മക്കത്തായവും നായന്മാർക്കു ആവശ്യമെന്നു തീരുമാനിക്കയും ബഹുജനാനുകൂല്യം സമ്പാദിച്ചുകൊണ്ടു നിയമനിർമ്മാണത്തിനു ശ്രമിച്ചു സാധിക്കയുംചെയ്തു. തൊഴിലുകളെല്ലാം നിഷിദ്ധമെന്നു വിശ്വസിച്ച്, ആഭിജാത്യവും ദുർഭല്ലുംകൊണ്ട് അലസമായി ജീവിക്കുന്ന നായർയുവാക്കന്മാർക്കു അദ്ധ്വാനത്തിന്റെ പ്രേരണനല്കി. മിഷനറിസ്പിരിറ്റോടുകൂടി രാജ്യവ്യാപകമായി പ്രസംഗവും പ്രചരണവും നടത്തി, നിശ്ചലമായിരുന്ന നായർസമുദായത്തിന് ഉണർവും ഉന്മേഷവുമുണ്ടാക്കി. എല്ലാം ഉൾക്കൊള്ളത്തക്കവണ്ണവും, ആവശ്യംവന്നാൽ ഏതിലും ലയിക്കത്തക്കവണ്ണവും നവചൈതന്യമുള്ള ഒരു പുതിയ നായർസമുദായം വാർത്തെടുക്കാൻ, സമുദായാംഗങ്ങളെ എല്ലാം എൻ. എസ്. എസ്. മൂശയിൽ ഇട്ടു ഉരുക്കുന്നതിനുള്ള ശ്രമം സാധിതപ്രായമായിട്ടുണ്ട്. അചിരേണ മാതൃകാപരമായ ഒരു നായർസമുദായത്തെ കാണാൻ കഴിയുമെന്നു വിശ്വസിക്കാവുന്നതാണ്.

ഏതു സ്ഥാപനത്തിന്റെയും നിലനില്പിനും നടത്തിപ്പിനും ധനവും പ്രവർത്തകന്മാരും അത്യാവശ്യമാണ്. സർവീസ്സൊസൈററി ആരംഭകാലംമുതൽ ശ്രമിച്ചതിന്റെ ഫലമായി, തോട്ടങ്ങളും പറമ്പുകളും പാടങ്ങളും ഉൾപ്പെടെ രണ്ടായിരം ഏക്കറോളം കൃഷി

ഭൂമി ഇന്നു് അതിന്റെ കൈവശമുണ്ടു്. വിദ്യാശാലകൾ ഉൾപ്പെടെ വിലപ്പിടിപ്പുള്ള അനവധി കെട്ടിടങ്ങളുമുണ്ടു്. ഇന്നത്തെ നിലവാരമനുസരിച്ചു രണ്ടുകോടിയിലധികം ക. വിലപിടിപ്പുള്ള സ്വത്തുക്കൾ ഇന്നു് അതിനുണ്ടു്. 1955-ലെ ബഡ്ജറ്റിൻപ്രകാരമുള്ള വരവുചിലവുകൾ 25.36 ലക്ഷം ക. യാണു്.

ജനറൽഭരണം, വിദ്യാഭ്യാസശാഖ, സംഘടനാശാഖ, കൃഷിവ്യവസായശാഖ എന്നിങ്ങനെ ഭരണം ഫലപ്രദമായി നടത്താൻ പ്രത്യേകം ചില വ്യവസ്ഥകൾ ചെയ്തിട്ടുണ്ടു്. ഇവയിൽ ഏററവും പ്രാധാന്യമുള്ളതു് വിദ്യാഭ്യാസശാഖയ്ക്കാണു്. നാട്ടിന്റെ നാനാഭാഗങ്ങളിലായി 29 ഇംഗ്ലീഷു് ഹൈസ്ക്കൂളുകൾ ഉൾപ്പെടെ ട്രെയിനിംഗ്സ്ക്കൂളുകൾ മിഡിൽസ്ക്കൂളുകൾ എന്നി ഇനങ്ങളിലായി 40 സെക്കൻഡറി വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടാക്കി നടത്തിവരുന്നുണ്ടു്. എൻ. എസ്. എസ്. ഉണ്ടാക്കി നടത്തിവന്ന ഒട്ടധികം പ്രാഥമികപാഠശാലകൾ, വിദ്യാഭ്യാസപരിഷ്കാരം വന്നപ്പോൾ ഗവർമ്മെൻറിനു വിട്ടുകൊടുത്തിട്ടുണ്ടു്. തിരുവനന്തപുരത്തു് മഹാത്മാഗാന്ധിയുടെ സ്മാരകമായി ഒരു കാളേജും, പന്തളത്തും ചങ്ങനാശ്ശേരിയിലും ഓരോ കാളേജുകളും സ്ഥാപിച്ചു നടത്തിക്കൊണ്ടിരിക്കയാണു്. അവ മൂന്നും ഒന്നാംഗ്രേഡ് കാളേജുകളുമാണു്. തിരുവനന്തപുരത്തു പെരുന്താന്നിയിൽ ഒരു രണ്ടാംഗ്രേഡ് വിമൻസ് കാളേജും ചങ്ങനാശ്ശേരിയിൽ ഒരു ട്രെയിനിംഗ്കാളേജും കൂടിയുണ്ടു്. ഈ അഞ്ചു കാളേജുകളിലുംകൂടി അയ്യായിരത്തിലധികം കുട്ടികൾ പഠിച്ചുവരുന്നു. കാളേജുകളുടെ പണി ഇക്കൊല്ലം പൂർത്തിയാകത്തക്കവണ്ണം തുടന്നു നടന്നുകൊണ്ടിരിക്കയാണു്. കാളേജുകൾക്കുതന്നെ അമ്പതുലക്ഷത്തിലധികം രൂപാ വിലപിടിപ്പുണ്ടു്. കാളേജുകളുടെ നടത്തിപ്പിന്റെ ഉറപ്പിനായി പത്തുലക്ഷം രൂപ ബാങ്കിൽ നിക്ഷേപിക്കാൻ തീരുമാനിച്ചതനുസരിച്ചു് ഏഴുലക്ഷം രൂപയുടെ ഇന്ത്യാഗവമ്മെൻറു ബോണ്ടുവാങ്ങി സൂക്ഷിച്ചിട്ടുണ്ടു്. കാളേജുകളുടെ പണി പൂർത്തിയാക്കാനും ഹോസ്റ്റലുകൾക്കും സ്റ്റേഡിയത്തിനും മററുമായി ഇനിയും ഏതാനുംലക്ഷം രൂപ ഉണ്ടാക്കേണ്ടിയിരിക്കുന്നു. സ്കൂളുകളുടെ ഭരണം ജനറൽമാനേജരും കാളേജുകളുടെഭരണം ഒരു സെൻട്രൽകമ്മിററിയുമാണു് നടത്തുന്നതു്.



എൻ. എസ്. എസ്. ജനറൽസെക്രട്ടറി ശ്രീ. മക്കപ്പുഴ വാസുദേവൻനായർ

എൻ. എസ്. എസ്. സംഘടനയുടെ അടിസ്ഥാനം (യൂണിററു്) കരയോഗങ്ങളാണു്. ഓരോ ദേശത്തും പ്രായപൂർത്തിയുള്ള നായർസ്ത്രീപുരുഷന്മാരെ അംഗങ്ങളാക്കിച്ചേർത്തു് അവിടെ സാമൂഹ്യവും സാമ്പത്തികവുമായ പരിഷ്കാരവും അഭിവൃദ്ധിയും വരുത്താനും അവരെ ഒന്നാക്കിനിറുത്താനും, അവക്കാവശ്യമുള്ള പൊതുസ്ഥാപനങ്ങൾ ഉണ്ടാക്കാനും, മൂലധനം ശേഖരിക്കാനുമുള്ള ചുമതല ഈ കരയോഗങ്ങൾക്കാണു്. സർവ്വീസുസൊസൈററി ഉണ്ടാക്കിട്ടുള്ള നിബന്ധനപ്രകാരമാണു് ഈ കരയോഗങ്ങളെ സംഘടിപ്പിക്കുന്നതും ഭരിക്കുന്നതും. ഈ കരയോഗങ്ങളെല്ലാം സ്വയംഭരണസ്ഥാപനങ്ങളാണു്. നിബന്ധനപ്രകാരം ധനശേഖരം ചെയ്യാനും സൂക്ഷിക്കാനും ചെലവുചെയ്യാനും ഭരണാധികാരികളായ കരയോഗംകമ്മിററിക്കാരെ തെരഞ്ഞെടുക്കാനും ഉള്ള ചുമതലയും അധികാരവും അവക്കുതന്നെയാണു്. സംഘടനകളുടെ നിയന്ത്രണത്തിനും മേലന്വേഷണത്തിനുമായി ഓരോ കരയോഗങ്ങളും തെരഞ്ഞെടുക്കുന്ന

ഈരണ്ടു പ്രതിനിധികളെച്ചേർത്തു് ഓരോ താലൂക്കുയൂണിയൻ ഉണ്ടാക്കീട്ടുണ്ടു്. ഈ കരയോഗങ്ങളും യൂണിയനും ഉണ്ടാക്കി രജിസ്റ്റർചെയ്യാനും അവയുടെ മേൽനോട്ടംവഹിക്കാനും വഴിതെററിപ്പോകാതെ നിയന്ത്രിക്കാനുമല്ലാതെ സവ്വീസ്സൊസൈററിക്കു് അവയുടെമേൽ യാതൊരധികാരവും ഉണ്ടായിരിക്കുന്നതല്ല. ഈ സംഘടനകൾ ശരിക്കു നടത്താൻ വേണ്ട നിർദ്ദേശംകൊടുക്കാനും പരിശോധിക്കാനുമായി, സാമൂഹ്യപരിശീലനം സിദ്ധിച്ച ഓരോ എൻ. എസ് എസ് ഇൻസ്പെക്ടറന്മാരെ താലൂക്കുതോറും നിയമിച്ചിട്ടുണ്ടു്. സംഘടനാശാഖയുടെ അദ്ധ്യക്ഷനായി "എൻ. എസ്. എസ്. കരയോഗം രജിസ്ട്രാർ" എന്നൊരു ഉദ്യോഗസ്ഥനുമുണ്ടു്. അദ്ദേഹമാണു് ഈ ശാഖകളുടെ ചുമതലകളെല്ലാം വഹിക്കുന്നതു്.

പഴയ തിരുവിതാംകൂറിൽ, 1800-ൽ അധികം കരയോഗങ്ങൾ ഉണ്ടാക്കി അവിടത്തെ മിക്കവാറും നായന്മാരെ സവ്വീസ്സൊസൈററിയോടു് സംഘടിപ്പിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും, കൊച്ചിയിലും മലബാറിലും വ്യവസ്ഥാപിതനിലയിൽ എൻ. എസ്സ്. എസ്സ്. ബന്ധമുണ്ടാക്കാൻ ഉള്ള പ്രവൃത്തി കഴിഞ്ഞകൊല്ലമേ ആരംഭിക്കാൻ സാധിച്ചുള്ളു. കൊച്ചിയിൽ ഒട്ടാകെയും മലബാറിൽ പാലക്കാടു് വള്ളുവനാടു് ഈ താലൂക്കുകളിലും സംഘടനാപ്രവത്തനം വിജയപ്രദമായിരിക്കുന്നുണ്ടു്.

വിവിധജാതിമതത്തിൽപ്പെട്ട അദ്ധ്യാപകന്മാർ, കൃഷിക്കാർ, സമുദായപ്രവത്തകന്മാർ ഉൾപ്പെടെ കൊല്ലത്തിൽ പത്തുലക്ഷം രൂപ ശമ്പളം പററുന്ന ആയിരത്തിലധികം ഉദ്യോഗസ്ഥന്മാരും, നേരവും ആവശ്യവും പോലെ സമുദായസേവനം നടത്തുന്ന രണ്ടായിരത്തിലധികം ഓണററി പ്രവത്തകന്മാരും ഇന്നു് നായർസവ്വീസ്സൊസൈററിക്കുണ്ടു്.

മേജറായ എല്ലാ നായർസ്ത്രീപുരുഷന്മാക്കും ദേശഭേദമോ രാജ്യഭേദമോ കൂടാതെ സവ്വീസ്സൊസൈററിയിൽ അംഗമായി ചേരാൻ അവകാശമുണ്ടു്. വ്യക്തിമെമ്പറന്മാരും പ്രതിനിധികളും എന്നു് മെമ്പറന്മാർ രണ്ടുതരത്തിലുണ്ടു്. മെമ്പർഷിപ്പിനുള്ള നൂറുരൂപ അടച്ചാൽ എൻ. എസ്. എസ്. കൗൺസിൽ അനുവദിക്കുന്ന ഏതു നായക്കും ആയുഷ്കാലം മുഴുവൻ മെമ്പറായിരിക്കാൻ അവകാശമുണ്ടായിരിക്കുന്നതാണു്. അവരാണു് വ്യക്തിമെമ്പറന്മാർ. സവ്വീസ്സൊസൈററി ഉണ്ടാക്കിയ കരയോഗനിബന്ധനപ്രകാരം രജിസ്റ്റർ ചെയ്ത കരയോഗങ്ങൾ എന്നെന്നേക്കുമായി നൂറുരൂപ അടച്ചാൽ, ആ കരയോഗങ്ങൾ ഉള്ളകാലംമുഴുവൻ സവ്വീസ്സൊസൈററിയിൽ അംഗമായിരിക്കുന്നതാണു്. കരയോഗത്തിന്റെ പൊതുയോഗംകൂടി അവരുടെ കൂട്ടത്തിൽനിന്നും മൂന്നുകൊല്ലത്തേക്കു തിരഞ്ഞെടുത്തയയ്ക്കുന്നവരാണു് പ്രതിനിധിമെമ്പറന്മാർ വ്യക്തിമെമ്പറന്മാരും പ്രതിനിധികളും ചേരുന്നതാണ പൊതുയോഗം. ആണ്ടിലൊരിക്കൽ പൊതുയോഗംകൂടി വാഷികകണക്കുകളും അടുത്ത കൊല്ലത്തേക്കുള്ള ബഡ്ജററും പാസ്സാക്കുകയും സവ്വീസ് സൊസൈററിയുടെ നയരൂപീകരണം നടത്തുകയും ആവശ്യമുള്ള ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുകയും ചെയ്യുന്നതാണു്. മൂന്നുകൊല്ലത്തിൽ ഒരിക്കൽ, അവരിൽനിന്നും 21-ൽ കുറയാത്ത അംഗങ്ങളെ സവ്വീസ്സൊസൈററി ഭരണത്തിനു് ഡയറക്ടറന്മാരായി തിരഞ്ഞെടുക്കുന്നതാണു്. ഈ 21 പേരിൽനിന്നും ഒരു പ്രസിഡണ്ടിനേയും ഒരു ജനറൽസെക്രട്ടറിയേയും ഒരു ട്രഷററേയും തെരഞ്ഞെടുക്കാനുള്ള അധികാരവും പൊതുയോഗത്തിനുള്ളതാകുന്നു. ഈ ഡയറക്ടർബോർഡിനാണു് ഭരണംനടത്താനുള്ള എല്ലാ ചുമതലയും അധികാരവും. ഈ ബോർഡിൽനിന്നും നിത്യഭരണത്തിനു് പ്രസിഡൻറും ജനറൽസെക്രട്ടറിയും ട്രഷററും ഉൾപ്പെടെ അഞ്ചുപേരുള്ള ഒരു കൗൺസിലിനെ ഡയറക്ടർബോർഡു് തിരഞ്ഞെടുക്കുന്നതാകുന്നു. ജനറൽ സെക്രട്ടറി മുഴുവൻസമയവും ഇതേജോലിതന്നെ ചെയ്യുന്ന ഉദ്യോഗസ്ഥനായിരിക്കണമെന്നു നിർബന്ധമുണ്ടു്.



ശ്രീ: എൻ. ചന്ദ്രശേഖരൻനായർ
(റിട്ട: ഐ. ജി.)
പ്രസിഡൻറു്, കേരളം സവ്വീസ് ബാങ്കു് ഡയറക്ടർബോർഡു്.

എൻ. എസ്. എസ്. വക ഒരു നല്ല അച്ചടിശാലയുണ്ടു്. എൻ. എസ്. എസ് വക എല്ലാ അച്ചടിയും പുറമേനിന്നുംവരുന്ന ജോലികളും ഈ അച്ചടിശാല നിവ്വഹിക്കുന്നു. സവ്വീസ്സൊസൈററിവക സ്ഥിരമായ പ്രസിദ്ധീകരണങ്ങളൊന്നും ഇപ്പോൾ ഇല്ല.

സവ്വീസ്സൊസൈററിയുടെ ആഭിമുഖ്യത്തിൽ, പല താലൂക്കുകളിലുംവച്ചു് വളരെ മോടിയിൽ പതിനായിരക്കണക്കിൽ സ്ത്രീപുരുഷന്മാർകൂടുന്ന പല സമ്മേളനങ്ങൾ നടത്തിട്ടുണ്ടു്. അങ്ങിനെ കേരളീയനായർ ഒന്നാണെന്നുള്ള മനോഭാവം കൊച്ചിയിലും മലബാറിലും ഉള്ളവക്കുകൂടി ഉണ്ടാക്കാൻ ഈ സമ്മേളനംമൂലം സാധിച്ചിട്ടുണ്ടു്. കൊച്ചി നായർമഹാസമാജത്തെ നായർസവ്വീസ്സൊസൈററിയിൽ ലയിപ്പിച്ചു് അവിടെ ഒരു ഡിസ്ട്രിക്ടു്യൂണിയൻ ഉണ്ടാക്കി പ്രവത്തികൾ നട

# ഹിന്ദുക്കളും സന്ന്യാസവും

— കെ. ഗോപാലപിള്ള —

ഇൻഡ്ധ്യയിൽ ഹിന്ദുക്കളുടെ ചരിത്രം പഠിക്കുകയും അവരുടെ സാഹിത്യം പരിശോധിക്കുകയുംചെയ്താൽ മനസ്സില്ലാമനസ്സോടെ കർശനമായ വ്യവസ്ഥകളിലാണ് സാധാരണ നമ്മുടെയിടയിൽ കാണപ്പെടാറുള്ള സംന്യാസത്തെ അവർ അംഗീകരിച്ചിട്ടുള്ളതെന്നു കാണാവുന്നതാണ്. ഈ അംഗീകരണവും വളന്നുകൊണ്ടിരുന്ന ഹിന്ദുസമുദായത്തിൻെറ അനന്തരകാലഘട്ടങ്ങളിലാണ് നല്കിയിട്ടുള്ളതെന്നും കാണാവുന്നതാണ്. ആദികാലത്തു ഹിന്ദുസമുദായത്തിൻെറ വൈജ്ഞാനികനേതൃത്വംവഹിച്ചിട്ടുള്ള ഋഷികളിൽ വളരെ ചുരുക്കംപേരേ അവിവാഹിതരായിട്ടെപ്പാലും കഴിഞ്ഞിരുന്നുള്ളുവെന്ന് ഋഷികളുടെ ജീവചരിത്രങ്ങൾ പുരാണങ്ങൾവഴി മനസ്സിലാക്കിയാൽപ്പോലും അറിയാം. ഋഷികളുടെ മാഹാത്മ്യം സ്ഥിതിചെയ്തിരുന്നതു് പ്രത്യേക വേഷഭൂഷകൾകൊണ്ടോ ഇക്കാലത്തു കാണപ്പെടുംപോലെയുള്ള മതനേതൃത്വംകൊണ്ടോ ഒന്നുമല്ലായിരുന്നു. അവർ തത്വാന്വേഷികളും തത്വദർശികളുമായിരുന്നു. മനുഷ്യനു താല്പര്യമുള്ള നാനാവിഷയങ്ങളിൽ ഇന്നറിയപ്പെടുന്ന ഗവേഷകരുടേയും ശാസ്ത്രജ്ഞന്മാരുടേയും സ്ഥാനമായിരുന്നു അന്നു് ഋഷികൾക്കുണ്ടായിരുന്നതു്. അവർ കണ്ടെത്തിയ തത്വങ്ങളെ ആസ്പദമാക്കിയുള്ള ചിന്തയുടേയും പ്രവത്തനത്തിൻേറയും ഫലമായിട്ടാണ് ഇൻഡ്ധ്യയുടെ സ്വന്തമായ പരിഷ്കാരസംസ്കാരങ്ങളെയെല്ലാം കെട്ടിപ്പടുത്തിട്ടുള്ളതു്. ഇന്നത്തെ മതാദ്ധ്യക്ഷന്മാരെപ്പോലെയോ കാഷായവേഷധാരികളായ സംന്യാസികളെപ്പോലെയോ ഉള്ള സംന്യാസികളായിരുന്നില്ല ഋഷികൾ. അവർ ശാസ്ത്രദ്രഷ്ടാക്കളും ശാസ്ത്രപ്രയോക്താക്കളും ശാസ്ത്രപണ്ഡിതന്മാരും ശാസ്ത്രാദ്ധ്യാപകരുമായിരുന്നു അധികംപേരും കുടുംബജീവിതം നയിച്ചവരുമായിരുന്നു.

ഹിന്ദുക്കളുടെ രാജ്യനീതിയും നിയമസംഹിതയും സാമൂഹ്യശാസ്ത്രങ്ങളും ദർശനങ്ങളും പൊതുവേ സാഹിത്യവും പരിശോധിച്ചാൽ ഒരു സംഗതി വ്യക്തമാകും. അതായതു ജനസമുദായത്തിൻെറ ഏതെങ്കിലും ഒരു വിഭാഗത്തിൽ ഉൾപ്പെട്ടു ജീവിക്കുകയും തനിക്കും സമുദായത്തിനും പ്രയോജനകരമായ പ്രവൃത്തികൾ ചെയ്യുകയും ചെയ്യാത്ത ഒരു വ്യക്തിയേയും സജീവസമുദായത്തിൻെറ നേതൃത്വംവഹിച്ചിരുന്നവരാരും മാനിച്ചു സ്വീകരിച്ചിരുന്നില്ല. സമുദായത്തിൽ ജീവിക്കുന്ന ഒരു വ്യക്തിക്കു വരുമാനമുണ്ടായാൽ ആ വ്യക്തി വിവാഹബന്ധത്തിൽ ഏപ്പെടണമെന്നും കുടുംബജീവിതം നയിക്കണമെന്നും തനിക്കും സമുദായത്തിനും, ഉപകാരപ്രദമായ പ്രവത്തനങ്ങളിൽ ഏർപ്പെടണമെന്നും ഉള്ളതു നിർബ്ബന്ധമായിരുന്നു. ഈ സാമൂഹ്യജീവിതത്തിൽനിന്നൊഴിഞ്ഞുനിന്നുകൊണ്ടു് സമുദായപ്രയത്നത്തിൻെറ പുഷ്പങ്ങളും ഫലങ്ങളും ആസ്വദിക്കുന്നവരെ ഹിന്ദുസാമൂഹ്യചിന്തകന്മാർക്കു വളരെ പുച്ഛവുമായിരുന്നു.

പ്രസിദ്ധ ഇൻഡ്ധ്യൻ നിയമശാസ്ത്രജ്ഞനും ഭരണകർത്താവുമായിരുന്ന മനു മുതലായവർ മനുഷ്യൻ ഒരു സമൂഹ്യജീവിയായിത്തന്നെ കഴിയണമെന്നു നിസ്സംശയം അഭിപ്രായപ്പെട്ടിട്ടുണ്ടു്. അംഗഭംഗാദികൾകൊണ്ടു അവശതയിൽപ്പെടാത്ത എല്ലാ വ്യക്തികളും സമുദായത്തിനാവശ്യമായ എന്തെങ്കിലും ജീവിതവൃത്തിയിലേർപ്പെട്ടു കഴിയണമെന്നാണ് അദ്ദേഹം അനുശാസിക്കുന്നതു്. പൗരന്മാർക്കു ജീവിതവൃത്തിക്കു സൗകര്യമുണ്ടാക്കിക്കൊടുക്കേണ്ട ചുമതല ഗവൺമെൻറിനാണെന്നും അഭ്യസ്തവിദ്യൻ തൊഴിലില്ലാതെ അലഞ്ഞുനടക്കുകയാണെങ്കിലോ തന്മൂലം കുററകൃത്യങ്ങൾ ചെയ്യുകയാണെങ്കിലോ അതി

---

ത്തിവരുന്നു. മലബാറിലും ഇപ്പോൾ ഒരു എൻ. എസ്. എസ്. ഡിസ്ട്രിക്ട് യൂണിയൻ സ്ഥാപിച്ചു് തൽക്കാലം പാലക്കാടു കേന്ദ്രമാക്കി പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. കുതിരവട്ടത്തു് പ്രഭാകരൻതമ്പാൻ സർവ്വീസ് സൊസൈററിക്കു ദാനംചെയ്ത ഒററപ്പാലം ഇംഗ്ലീഷ് ഹൈസ്കൂൾ, എൻ. എസ്. എസ്-ൻെറ ഭരണത്തിൽ നല്ലനിലയിൽ നടന്നുകൊണ്ടിരിക്കുന്നു.

വ്യാപാരവ്യവസായാദികളുടെ സഹായത്തിനായി കേരളസർവ്വീസ് ബാങ്ക് രൂപീകരിക്കുകയും 9 സ്ഥലങ്ങളിൽ ശാഖകളോടുകൂടി സാമാന്യം നല്ലനിലയിൽ അതു പ്രത്യേക കമ്പനിയായി രജിസ്റ്റർചെയ്തു് നടത്തിക്കൊണ്ടിരിക്കയും ചെയ്യുന്നു.

എൻ. എസ്. എസ്. സ്കൂളുകളിൽ പലതിലും അദ്ധ്യാപകന്മാരുടേയും കുട്ടികളുടേയും പ്രത്യേക ആവശ്യത്തിനായി കോവോപ്പറേറീവ് സൊസൈററി സ്ഥാപിച്ചു നടത്തുന്നുണ്ടു്.

ഇങ്ങിനെ നാല്പത്തൊന്നുകൊല്ലംകൊണ്ടുണ്ടാകാവുന്നതിലധികം വളർച്ചയോടുകൂടി, കേരളം ഒട്ടാകെ വ്യാപകമായ ഒരു മഹാസ്ഥാപനമായി പൊതുജനങ്ങളുടെ വിശ്വാസവും ആദരവും സമ്പാദിച്ചുകൊണ്ടു് പുരോഗമിക്കുന്ന ഒരു സ്ഥാപനമാണ് നായർ സർവ്വീസ് സൊസൈററി.

★

ന്റെ കുററം ഗവമ്മെൻറിനാണെന്നും മനു മുതലായ ചിന്തകന്മാർ ധീരമായി പ്രസ്താവിച്ചിരിക്കുന്നു. പ്രായപൂർത്തിവന്ന യാതൊരു വ്യക്തിയും എന്തെങ്കിലും ആപത്തിലകപ്പെട്ടന്നെങ്കിലല്ലാതെ സമുദായത്തിലെ മററൊരംഗത്തോടു വെറുതേ വല്ലതും ചോദിക്കുകയോ വെറുതേ വല്ലതും വാങ്ങുകയോ ചെയ്യരുതെന്നും കശ്നമായി അനുശാസിക്കുന്നുണ്ടു്. അങ്ങോട്ടു് സേവനമായോ സാധനമായോ എന്തെങ്കിലും കൊടുക്കാതെ ഇങ്ങോട്ടു വെറുതേ വല്ലതും വാങ്ങുന്നതോ ഇങ്ങോട്ടു എന്തെങ്കിലും കിട്ടാതെ വെറുതേ വല്ലതും കൊടുക്കുന്നതോ നിയമവിരുദ്ധമായ പ്രവൃത്തിയായിട്ടാണു് മനു അനുശാസിച്ചിട്ടുള്ളതു്. ഹിന്ദുക്കളുടെ സാമൂഹ്യജീവിതം ഒരുകാലത്തു എത്ര അച്ചടക്കമുള്ളതായിരുന്നുവെന്നു് നാം ആശ്ചര്യപ്പെട്ടുപോകുന്നു. ഈശ്വരനിൽ വിശ്വസിക്കുവാനും ഈശ്വരനെ സാക്ഷാൽക്കരിക്കുവാനും സേശ്വരസാമൂഹ്യചിന്തകന്മാർ പിൽക്കാലത്തു് ആവശ്യപ്പെട്ടതുപോലെ നിയമത്തെ വിശ്വസിക്കുവാനും നിയമത്തെ സാക്ഷാൽക്കരിക്കുവാനും അങ്ങിനെ സ്വർഗ്ഗരാജ്യം ഈ ജീവിതത്തിൽത്തന്നെ സൃഷ്ടിച്ചു ആനന്ദിക്കുവാനുമാണു് ഹിന്ദുക്കൾ ഒരു സജീവരാഷ്ട്രമായി കഴിഞ്ഞുകൂടിയ കാലത്തു അവരുടെ മീമാംസകരും സ്മൃതികാരന്മാരും ഉൽബോധിപ്പിച്ചതു്.

"ധർമ്മത്തെസ്സേവിച്ചെന്നാൽ ധർമ്മവും സേവിച്ചീടും
ധർമ്മത്തെ രക്ഷിച്ചെന്നാൽ ധർമ്മവും രക്ഷിച്ചീടും
ധർമ്മത്തെ വഴിപോലെ പാലനം ചെയ്യുവരെ
ധർമ്മമെന്നുള്ളനാമം പാലനംചെയ്യും ദൃഢം."

എന്നുള്ള എഴുത്തച്ഛന്റെ വരികളെല്ലാം അന്നത്തെ ശക്തവും സജീവവുമായ ഇൻഡ്യൻ സാമൂഹ്യജീവിതത്തിന്റെ കാഹളധ്വനിയുടെ പ്രതിധ്വനിയാണു്.

ഒരുകാലത്തു ഹിന്ദുക്കളുടെയിടയിൽ ഈശ്വരവിശ്വാസത്തിനുപകരം ധർമ്മവിശ്വാസമാണുണ്ടായിരുന്നതു്. ധർമ്മത്തെപ്പററി വലിയ അന്വേഷണങ്ങളും ഗവേഷണങ്ങളും നടത്തുക സാമൂഹ്യചിന്തകന്മാർക്കും രാഷ്ട്രീയചിന്തകന്മാർക്കും ഒരു ജീവിതവ്രതമായിരുന്നു. "അഥാതോ ധർമ്മജിജ്ഞാസ" എന്ന ജൈമിനിയുടെ പ്രസ്താവന ഇതിനു തെളിവാണല്ലോ. ധർമ്മത്തിന്റെ പ്രപഞ്ചമയമായ വ്യാപകരൂപംമുതൽ ഇങ്ങേഅററം മനുഷ്യന്റെ ദൈനംദിനപ്രവൃത്തികൾ വരെയുള്ള കർമ്മസ്വരൂപത്തെ എടുത്തു അവർ കൈകാര്യംചെയ്തു. ധർമ്മം പ്രവൃത്തിരൂപമാണെന്നും സുഖത്തെയും സുഖസാധനങ്ങളെയും സർവ്വജീവികളെയും താങ്ങിനിലനിർത്തുകയും അഭിവൃദ്ധിപ്പെടുത്തുകയുംചെയ്യുന്ന ചെറുതും വലുതുമായ എല്ലാപ്രവൃത്തികളെയും ധർമ്മമായിട്ടാണു് അവർ പ്രഖ്യാപിച്ചതു്. ചലനത്തിന്റെ ഘനീഭൂതഭാവമാണു് പ്രപഞ്ചവും പ്രപഞ്ചത്തിലെ ചേതനാചേതനാത്മകമായ സർവ്വവസ്തുക്കളുമെന്നു് അവർ വിശ്വസിച്ചിരുന്നു. ബോധം അഥവാ അറിവെന്നുള്ളതു കർമ്മത്തിന്റെ ഒരു ഗുണംമാത്രമാണെന്നായിരുന്നു ഇവരുടെ സിദ്ധാന്തം. ആകയാൽ പ്രവൃത്തിയിൽനിന്നു വ്യതിരിക്തനായ ഒരു ഈശ്വരനെ അവർ അംഗീകരിച്ചില്ലെന്നുമാത്രമല്ല പ്രവൃത്തിയിൽനിന്നു വിട്ടുനില്ക്കുവാൻ ആരെയും അനുവദിച്ചിരുന്നുമില്ല. ഈ വിശ്വാസത്തിന്റെ അനുരണനമാണു്,

"ഏവം പ്രവർത്തിതം ചക്രം
നാനുവർത്തയതീഹ യഃ
അഘായുരിന്ദ്രിയാരാമോ
മോഘം പാർത്ഥ, സ ജീവതി."

എന്ന ഗീതാപദ്യത്തിലൂടെ നമ്മുടെ ചെവികളിൽ മുഴങ്ങുന്നതു്.

അക്കാലത്തു ജൈമിനമഹർഷിയാകട്ടെ, കപിലമഹർഷിയാകട്ടെ, എന്നുവേണ്ടാ രാഷ്ട്രത്തിലും സമുദായത്തിലും സ്ഥാനവും കൈകാര്യകർത്തൃത്വവുമുണ്ടായിരുന്ന പലരുംതന്നെ ഈശ്വരാസ്തിക്യത്തെ അംഗീകരിച്ചു കാണുന്നില്ല. ഭൗതികവിശ്വാസത്തിന്റെയും ബാഹ്യാർത്ഥചിന്തയുടെയും ഈ നട്ടുച്ചസമയത്താണു് ഇൻഡ്യയിലെ ഹിന്ദുരാഷ്ട്രങ്ങൾ ഐശ്വര്യത്തിന്റെ അത്യുച്ചകോടിയിൽ വർത്തിച്ചിരുന്നതു്. അന്നത്തെ പ്രായോഗികമായ ചിന്തയുടെയും പ്രവർത്തനങ്ങളുടെയും ഫലമായി ഇൻഡ്യയിലെ സർവ്വസ്വവും സ്വർണ്ണമയവും രത്നമയവുമാണെന്നുള്ള ശ്രുതി ലോകത്തിൽ പരക്കുകയും ഇൻഡ്യ വിദേശികളായ കൊള്ളക്കാർക്കു് ഒരു ആക്രമണലക്ഷ്യമായിത്തീരുകയുംചെയ്തു

ബുദ്ധന്റെ ആവിർഭാവത്തോടുകൂടിയാണു് ഇൻഡ്യയിൽ സംന്യാസികളും സംന്യാസിനികളും പെരുകിയതു്. ബുദ്ധമതചിന്ത ഒരുവശത്തു് വിവിധരാഷ്ട്രങ്ങളായി തിരിഞ്ഞുനിന്നു യുദ്ധംചെയ്തു നശിച്ചുവന്ന ഇൻഡ്യയെ ഏകീകരിക്കുവാൻ സഹായിച്ചെങ്കിലും മറുവശത്തു നിലവിലിരുന്ന സാമൂഹ്യവ്യവസ്ഥകളെയും സാമൂഹ്യലക്ഷ്യങ്ങളെയുമെല്ലാം അതു അടിച്ചുതകർത്തു. ഭൗതികജീവിതത്തെപ്പററിയുള്ള ബുദ്ധന്റെ അതിതീക്ഷ്ണമായ വിമർശനം ഭൗതികജീവിതസുഖത്തിൽനിന്നു് അഭ്യസ്തവിദ്യരിൽ ഒന്നാംകിടക്കാരെയെല്ലാം അകററുവാൻ ഇടയാക്കി. സംന്യാസത്തിനു് ഒരു മാന്യസ്ഥാനവും പദവിയും ജനസമുദായത്തിൽ ലഭിച്ചു. ഹിന്ദുക്കൾ അന്നുവരെ കെട്ടിപ്പടുത്തതെല്ലാം ഒന്നുലഞ്ഞു കുറേശ്ശെപൊളിഞ്ഞുവീണുതുടങ്ങി. സാംസ്കാരികമായി പല ഗുണങ്ങളും ബുദ്ധധർമ്മം ഇൻഡ്യയിലെ സ്ത്രീപുരുഷന്മാരിലുണ്ടാക്കി എന്നുള്ളതു ശരിതന്നെ. എങ്കിലും ആ കാലത്തു് ഇൻഡ്യാക്കാർ അഹിംസാതത്ത്വത്തെ മുറുകെ പിടിച്ചതിന്റെ ഫലമായി യുദ്ധത്തെയും ഹിംസയെയും പാപമായി വിശ്വസിച്ചുതുടങ്ങിയ അവരെ ചുററിനുമുണ്ടായിരുന്ന കൊള്ളക്കാരായ രാഷ്ട്രങ്ങൾ ആക്രമിക്കയും അപഹരിക്കയും അടിമപ്പെടുത്തി അപമാനിക്കുകയും ചെയ്തു. മുസ്ലീം ആക്രമണത്തിന്റെയും ബ്രിട്ടീഷ് ആക്രമണത്തിന്റെയും അവരുടെ ഭരണത്തിന്റെയും പശ്ചാത്തലവും സാഹചര്യങ്ങളുമിതാണു്. മാനസികമായും കായികമായും അഖണ്ഡമായും സർവ്വതോമുഖമായും വളരുകയും ഏകീഭൂതവും സുദൃഢവുമായി നിലകൊള്ളുകയുംചെയ്തു ഹിന്ദുക്കളുടെ ദേശീയജീവിതം ഇങ്ങനെ തകർക്കപ്പെട്ടു. അതു പൊട്ടിക്കീറി; സന്ദേ

ഹിച്ചു; തളർന്നു; പരിഭ്രമിച്ചു; ഭയന്നു; വിജ്ഞാനശക്തിയോ പ്രവൃത്തിശക്തിയോ ഇല്ലാതെ ഹിന്ദുക്കൾ പതുങ്ങിനിന്നു.

ബുദ്ധപ്രസ്ഥാനത്തിന്റെ വളർച്ചയുടെയും വികാസത്തിന്റെയും മുൻപിൽ പതറിപ്പതുങ്ങിനിന്ന ഹിന്ദുക്കളുടെ രാഷ്ട്രീയവും സാമൂഹ്യവുമായ ജീവിതപ്രജ്ഞയെ വീണ്ടെടുത്തു് സ്വരുക്കൂട്ടിയതും ചൈതന്യം പകർന്നതും കേരളീയനായ ശങ്കരനായിരുന്നു. ബുദ്ധമതം തകർത്തു് തൂത്തെറിഞ്ഞ ബാഹ്യാർത്ഥവാദത്തെയും ഭൗതികചിന്തയെയും പുനരുജ്ജീവിപ്പിക്കുവാൻ കുമാരിലഭട്ടനും കേരളീയനായ പ്രഭാകരനും അനുയായികളും കിണഞ്ഞുശ്രമിച്ചു. ബുദ്ധപ്രസ്ഥാനത്തെ നീക്കംചെയ്യാനും അതിന്റെ സംന്യാസമയമായ ജീവിതഭാഗത്തെ ഇടിച്ചുനിരത്താനും കുമാരിലനും പ്രഭാകരനും അനുയായികൾക്കും സാധിച്ചെങ്കിലും പ്രസ്ഥാനത്തിന്റെ വിജ്ഞാനഭാഗത്തെ ഹിന്ദുക്കളുടെ ബുദ്ധിയിൽനിന്നു കഴുകിക്കളയുവാൻ അവർക്കുകഴിഞ്ഞില്ല. ഹിന്ദുക്കളുടെ വിജ്ഞാനമണ്ഡലത്തിൽ ഒരു സൃഷ്ടിപരയത്നം നടത്തിയതു് ശങ്കരനാണു്. ബൗദ്ധചിന്തകരുടെ ശാസ്ത്രതത്ത്വങ്ങളെക്കൂടി സംപൂർണ്ണമായി ലയിപ്പിക്കുകയാണു് അദ്ദേഹം ചെയ്തതു്. സർവ്വബൗദ്ധതത്ത്വജ്ഞാനങ്ങളെയും ശേഖരിച്ചു് അരച്ചുകലക്കി തെളിച്ചൂററി സത്തെടുത്തു് ഹിന്ദുക്കളുടെ ചിന്തയിലേക്കു ചേർത്തു് പോഷിപ്പിക്കയും ആ പുഷ്ടമായ ചിന്തയെ അങ്ങേഅററത്തു കൊണ്ടുചെന്നു് പ്രതിഷ്ഠിക്കയും ചെയ്തതാണു് അദ്വൈതം. ബുദ്ധമതതത്ത്വചിന്തകരെയെല്ലാം ശങ്കരൻ വിഴുങ്ങി. കുമാരിലനും പ്രഭാകരനും തൂത്തെറിഞ്ഞ സംന്യാസികളുടേയും സംന്യാസിനികളുടേയും ആവാസസ്ഥാനത്തു് വേദശാസ്ത്രങ്ങളിൽ അസ്തിവാരമുറപ്പിച്ച ക്ഷേത്രങ്ങളുംമററും ഉയർന്നു. ആളുകളെ ആകർഷിക്കയും വിശ്വസിപ്പിക്കയും ചെയ്യുന്ന ആരാധനാപദ്ധതികളും ഉത്സവാദിചടങ്ങുകളും നടപ്പിലായി. രാഷ്ട്രീയനേതാക്കന്മാർ സഹായിച്ചിട്ടും പക്ഷേ ഈ പുനർനിർമ്മാണം ഇൻഡ്യയ്ക്കു പൊതുവേ ഏകീഭൂതമായ ഒരു രാഷ്ട്രീയശരീരം നൽകുന്നതിനു വൈകിപ്പോയി. അതിനു മുൻപാണു് ഹിന്ദുക്കളുടെമേൽ അതിശക്തവും അതീവഭയങ്കരവുമായ മുസ്ലിം ആക്രമണവും വെള്ളക്കാരന്റെ ആക്രമണവുമുണ്ടായതു്. ഒന്നിനുപുറകെ ഒന്നായി ഉണ്ടായ ഈ രണ്ടു സംഭവങ്ങളും ഹിന്ദുക്കളെ ഒരു രാഷ്ട്രമായി ഉരുകിച്ചേർന്നുയരുന്നതിൽ പ്രതിബന്ധമുണ്ടാക്കിത്തീർത്തു. വെള്ളക്കാരുടെ ക്രിസ്തുമതം ബുദ്ധമതത്തെപ്പോലെ ഒരുക്കൂട്ടം സംന്യാസികളെ ഇൻഡ്യയിൽ കൊണ്ടുവന്നു. പക്ഷേ വേദാന്തത്തിൽ അടിയുറച്ചിരുന്ന മതപ്രസ്ഥാനങ്ങളെ വീണ്ടും ഭയപ്പെടുത്താൻ മുസ്ലിം ചിന്തയ്ക്കോ ക്രൈസ്തവചിന്തയ്ക്കോ അവയുടെ പ്രസ്ഥാനങ്ങൾക്കോ കഴിഞ്ഞില്ല. എന്നുമാത്രമല്ല സർവ്വത്തേയും നിഷ്പ്രഭമാക്കുന്ന അദ്വൈതചിന്തയുടെ അധൃഷ്യമായ കൊടിപറത്തിക്കൊണ്ടുള്ള നിലയിൽ അവയെല്ലാം ഇതികർത്തവ്യതാമൂഢമായി നിന്നതേയുള്ളു. ഭരണകർത്താക്കളായിരുന്ന മുസ്ലിമിങ്ങളുടെയും ക്രിസ്ത്യാനികളുടെയും സർക്കാരിന്റെ പിൻബലത്തോടുകൂടിയ പ്രവർത്തനംകൊണ്ടു് കുറേലക്ഷങ്ങളെ മതംമാററാൻ കഴിഞ്ഞുവെങ്കിലും ഇൻഡ്യയുടെ മനംമാററാനോ രൂപംനശിപ്പിക്കുവാനോ അവയ്ക്കു കഴിഞ്ഞില്ല. വെള്ളക്കാരുടെ ഭരണകാലത്തു ക്രൈസ്തവമതത്തിന്റെയും സംന്യാസിപ്രസ്ഥാനത്തിന്റെയും ശക്തിയായ പ്രവർത്തനങ്ങളെ അനുകരിച്ചു് ഇൻഡ്യയിലും ഹിന്ദുക്കളുടെ സന്ദേശപ്രചരണത്തിനു മതപരിവർത്തനസംരംഭനിരോധനത്തിനും ചില ഹിന്ദുസംന്യാസിപ്രസ്ഥാനങ്ങളുണ്ടായി. പക്ഷേ ജനസമുദായത്തിന്റെ ജീവിതപുഷ്ടിയെ വിഴുങ്ങത്തക്കവണ്ണമുള്ള സംന്യാസിപ്രസ്ഥാനങ്ങളൊന്നുംതന്നെ ഹിന്ദുക്കളുടെയിടയിൽ തഴച്ചുവളരത്തക്ക വളമുള്ളമണ്ണു് ഹിന്ദുക്കളുടെയിടയിലുണ്ടായിരുന്നില്ല. ഈ ഇടക്കാലത്തു ഹിന്ദുക്കളുടെ വിജ്ഞാനാത്മകവും ക്രിയാത്മകവുമായ സർവ്വശക്തികളെയും ഒന്നിച്ചു സംഭരിച്ചുകൊണ്ടു് വൈദേശികധർമ്മത്തെ അതിഭയങ്കരമായി പ്രഹരിച്ചുടച്ച ഗാന്ധിജിയുടെപ്രസ്ഥാനവും സംന്യാസത്തെ പ്രോത്സാഹിപ്പിച്ചില്ല. ഗാന്ധിജിതന്നെ യഥാർത്ഥത്തിൽ ഒരു സംന്യാസിയായിരുന്നില്ല. അദ്ദേഹം ഗൃഹസ്ഥാശ്രമിയും പുത്രപൗത്രസമ്പന്നനും തികച്ചും ഒരു സാമൂഹ്യജീവിയുമായിരുന്നു. ബ്രഹ്മചര്യത്തേയും വ്രതചര്യയേയുംമററും അദ്ദേഹം പുകഴ്ത്തുന്നുണ്ടു്. ഇതു വിജ്ഞാനാന്വേഷണമുൾപ്പെടെയുള്ള ഏതു പ്രവൃത്തിക്കും ജനസമുദായത്തിലാവശ്യമാണു്. സംന്യാസം സ്വീകരിച്ച ശങ്കരൻതന്നെ സംന്യാസത്തിനുള്ള അർഹത ഇന്നതെല്ലാമെന്നു് എടുത്തുപറയുന്നുണ്ടു്. ഏതാനും പേർ സംന്യസിച്ചു് ആദ്ധ്യാത്മികമായി സാധാരണന്മാരെക്കാൾ ഔന്നത്യം പ്രാപിക്കേണ്ട ആവശ്യമില്ലെന്നാണു് ഹിന്ദുസാമൂഹ്യചിന്തകരുടെ അഭിപ്രായം. ആകയാൽ ഹിന്ദുക്കളുടെ ആചാരവിശ്വാസപ്രകാരം സംന്യസിക്കുന്നതിനുള്ള ഒരു അവസരം എല്ലാവർക്കും നൽകിയിരിക്കുന്നതു് ജീവിതവൃത്തികളിൽനിന്നു റിട്ടയർചെയ്യുമ്പോഴാണു്. ഹിന്ദുക്കളിൽ ഒന്നാംസ്ഥാനമുള്ളവർ സൽസ്വഭാവികളായ അഭ്യസ്തവിദ്യരാണു്. എന്നാൽ പ്രാധാന്യമുള്ള ജീവിതഭാഗം കുടുംബജീവിതമാണു്. ഗവേഷകർ, തത്ത്വചിന്തകർ, സാഹിത്യകാരന്മാർ, അധ്യാപകന്മാർ, മന്ത്രിമാർ എന്നിങ്ങനെപോകുന്നു അവരുടെ അനുക്രമമുള്ള പട്ടിക. സംന്യാസധർമ്മത്തെ ശ്രേഷ്ഠമായി അംഗീകരിച്ചിട്ടുള്ള സമുദായക്കാരെപ്പോലെയുള്ള ദിവ്യന്മാർ ഹിന്ദുക്കൾക്കു മതനിയമാനുശാസകരായി സമുദായത്തിന്റെ മുകളിൽ ഭരിക്കാനില്ല. ക്ഷേത്രത്തിലെ പൂജാകർമ്മങ്ങൾ നിർവ്വഹിക്കുന്നവർക്കും സാധാരണനിലയിൽക്കവിഞ്ഞു് യാതൊരുതരത്തിലുള്ള അധ്യക്ഷസ്ഥാനമൊന്നും നൽകിയിട്ടില്ല. അവർ അഭ്യസ്തവിദ്യരിൽ താഴത്തെപ്പടിയിൽ നിൽക്കുന്നു.

ഹിന്ദുക്കളുടെ അംഗീകൃതാഭിപ്രായം പറഞ്ഞാൽ തക്കതായ കാരണവും അർഹതയും നിയമപ്രകാരമുള്ള അനുമതിയുംകൂടാതെ ഒരു വ്യക്തി സംന്യസിച്ചു സമുദായംവിടുവാൻ പാടില്ല. ഓരോ വ്യക്തിയും അയാൾ അനുഭവിക്കുന്ന സുഖസൗകര്യങ്ങൾക്കു പര്യാപ്തമായ ഒരു

തൊഴിൽ സമുദായത്തിൽ ചെയ്തുകൊണ്ടിരിക്കണം. അതിന്റെ ആദായവും പററിക്കൊള്ളണം. ആ തൊഴിൽ വിടാൻപാടില്ലെന്നാണു നിർബന്ധം. ഇതിൽനിന്നു് സമുദായത്തിലുള്ള കടമ ചെയ്തുകൊണ്ടിരുന്നാൽമതി അതുകൊണ്ടുതന്നെ മോക്ഷവും കിട്ടുമെന്നും ഹിന്ദുക്കൾ വിശ്വസിക്കുന്നതു്. ഇതിനു പുരോഹിതന്മാരുടെ ആവശ്യവും ഇടനിലയും ആവശ്യമില്ല. മോക്ഷംപോലും മരിച്ചുകഴിഞ്ഞു നേടേണ്ട ഒരു ഉന്നതലക്ഷ്യമല്ലെന്നവരെ ഹിന്ദുമതനേതാക്കന്മാർ സമ്മതിച്ചുകൊടുക്കേണ്ടിവന്നു. വേദാന്തതത്ത്വങ്ങളെല്ലാംതന്നെ സാമൂഹ്യജീവിതത്തിൽ ഏർപ്പെട്ടു ജീവിക്കവേ വിശ്വസിക്കുകയും അനുഷ്ഠിക്കുകയും ചെയ്യാവുന്നതാണെന്നും അതിനു സംന്യസിക്കേണ്ട യാതൊരു ആവശ്യവുമില്ലെന്നുമാണല്ലോ ശ്രീകൃഷ്ണന്റെ അഭിപ്രായം. ശ്രീകൃഷ്ണൻ സംന്യാസിയുമല്ലായിരുന്നു. ഗീതയിൽത്തന്നെ സംന്യാസമെന്നതു കാമ്യകർമ്മങ്ങളുടെയും ദുഷ്‌പ്രവൃത്തികളുടെയും ത്യാഗമാണെന്നു തീർത്തുപറഞ്ഞിട്ടുണ്ടു്. ചുരുക്കത്തിൽ സമ്പത്തും സമ്പൽകരമായ പ്രവൃത്തികളും നിയമാനുസാരമായ സുഖഭോഗങ്ങളുമുപേക്ഷിച്ചു് അസ്വാഭാവികമായ ഒരു കൃത്രിമജീവിതം നയിക്കുന്നതിനെ ഹിന്ദുക്കൾ മാനിക്കുന്നില്ല. ആ ജീവിതം ശ്രേഷ്ഠമാണെന്നു പറയുന്നതിനെയും പ്രചരിപ്പിക്കുന്നതിനെയും തീരെയും മാനിക്കുന്നില്ല. ഒരുപ്രകാരത്തിൽ നോക്കിയാൽ അദ്വൈതംതന്നെ സൂത്രത്തിൽ മററു മതപ്രസ്ഥാനങ്ങളുടെകൂടെ ചേർന്നുനിന്നുകൊണ്ടു് അവയെയെല്ലാം ഈശ്വരാസ്തിക്യബോധമുൾപ്പെടെ തകർത്തിരിക്കുകയാണു് ചെയ്തിരിക്കുന്നതു്. മതം കറുപ്പാണു്, കള്ളാണു് എന്നു ഭാഷയിൽ പറഞ്ഞിട്ടില്ലെന്നേയുള്ളൂ. പഞ്ചദശിയിൽ ഒരുഭാഗത്തു പറയുന്നതു നോക്കുക:—

മായാഖ്യായാഃ കാമധേനോർ-
വത്സൗ ജീവേശ്വരാവുഭൗ
യഥേഷ്ടം പിബതാം ദ്വൈതം
തത്ത്വം ത്വദ്വൈതമേവ ഹി.

അതായതു് മലിനമായ അറിവിന്റെ സന്താനങ്ങളാണു് ഈശ്വരനും ജീവനും എന്നു സാരം. സംന്യാസിയുടെ സംന്യസ്തജീവിതത്തിന്റെ ചെലവുമുഴുവൻ പാടത്തും ഫാക്ടറിയിലും ഖനിയിലും വിദ്യാലയത്തിലും സർക്കാർസ്ഥാപനത്തിലും ഇരുന്നു എല്ലുമുറിയെ പണിചെയ്യുന്നവരാണു് വഹിക്കേണ്ടിവരുന്നതെങ്കിൽ ഈ സംന്യാസം അപഹരണത്തിനുള്ളതാണെന്നും ഹിന്ദുതത്ത്വചിന്ത വിശ്വസിക്കുന്നു. സംന്യാസികളെന്നു പറയപ്പെടുന്നവർ രഹസ്യമായി മദ്യവും മാംസവും എല്ലാം ഉപയോഗിച്ചു് ഇഷ്ടംപോലെ മൈഥുനാദികളിലും ഏർപ്പെട്ടു കഴിയുന്ന ഒരുപററം ആളുകളാണെങ്കിൽ അവരെ കള്ളപ്പരിഷകൾ എന്നു പറഞ്ഞു് സമുദായത്തിൽനിന്നു ബഹിഷ്കരിച്ചു് ശിക്ഷിക്കാനും ഹിന്ദുക്കൾക്കു മടിയില്ല. ഇൻഡ്യയിൽ ഹിന്ദുസമുദായത്തിന്റെമേൽ സംന്യാസികൾക്കു ഭരണപരമായ പിടിയില്ലാത്തതിന്റെ കാരണവുമിതുതന്നെയാണു്. ഹിന്ദുക്കളുടെയിടയിൽ ഇപ്പോൾ കാഷായവസ്ത്രധാരികൾ വളരെ വർദ്ധിച്ചിരിക്കുന്നതു തൊഴിലില്ലായ്മയുടെയും മാനസികരോഗത്തിന്റെയും ഫലമാണെന്നു പറയേണ്ടിയിരിക്കുന്നു. ഇത്തരത്തിൽത്തന്നെയാണു് രാജ്യഭരണം ഉപേക്ഷിച്ചു് സംന്യസിക്കുവാൻ പോയ ജനകനെ അദ്ദേഹത്തിന്റെ പത്നി ശകാരിച്ചതു്. ബഹുപ്രകാരേണ പ്രയോജനമുള്ള സമ്പത്തുപേക്ഷിക്കുന്നതു ശ്രേഷ്ഠമാണെന്നു കരുതരുതേ എന്നു അവർ യാചിച്ചു ആഭാസന്മാർ ജനകന്റെ യോഗദണ്ഡും പിടിച്ചുപറിച്ചു് ജലപാത്രവും അടിച്ചുടച്ചു് കാഷായവസ്ത്രവും കീറിക്കളഞ്ഞാൽ അദ്ദേഹം എന്തു ചെയ്യുമെന്നാണു് രാജ്ഞി ചോദിച്ചതു്.

ഇക്കിണ്ടി തച്ചുടച്ചിട്ടീ-
ത്രിദണ്ഡത്തെ ഹനിക്കുകിൽ,
വസ്ത്രം തട്ടിപ്പറിച്ചെങ്കിൽ,
നിസ്സ്വൻ നീയെന്തുചെയ്തിടും?

അതുകൊണ്ടു് ഒരു പൗരനായി, നിശ്ചയിച്ച തൊഴിലുംചെയ്തു് സമുദായത്തിനു പ്രയോജനകരമായി ജീവിക്കാനാണു് ആ മഹിള ഉപദേശിച്ചതു്.

തെററായ സംന്യാസം നിറുത്തൽചെയ്യുന്നതിനു് തൊഴിൽകൊടുക്കുവാൻ സന്നദ്ധമായ ഒരു ഗവമ്മെൻറു് യാതൊരു സങ്കോചവുംകൂടാതെ നിയമനിർമ്മാണം ചെയ്യേണ്ടിയിരിക്കുന്നു. ചുരുക്കത്തിൽ തക്കവെണ്ണമുള്ള പ്രയോജനമില്ലാതെ സമുദായത്തിനു ദുർഭരമായ സംന്യാസവും അതിനു ചില പ്രത്യേകവേഷങ്ങളും അനുഷ്ഠാനങ്ങളും ആഭാസങ്ങളുമെല്ലാം സംഘടിപ്പിക്കുന്നതു ശക്തവും യുക്തിയുക്തവും ധീരവുമായ ഹിന്ദുക്കളുടെ സ്വതന്ത്രമായ ചിന്താഗതിക്കു ആദ്യംമുതൽ അവസാനംവരെ യോജിച്ചതല്ല. നിരർത്ഥകവുമാണു്. ഇൻഡ്യയുടെ ശക്തിക്കു ഹിന്ദുക്കളുടെ ശക്തിയാണു് ആവശ്യം. ഹിന്ദുക്കൾ ശക്തിയുൾക്കൊള്ളാൻ തുടങ്ങുന്ന ഈ കാലഘട്ടത്തിൽ ശാസ്ത്രീയമായ ചിന്തയുടെ വെളിച്ചത്തിൽ അവരുടെയിടയിൽ ഒരു ശുദ്ധീകരണം നടത്തേണ്ടിയിരിക്കുന്നു. അതിൽ വേണ്ടാത്തതിനെയെല്ലാം അവർ ആഹുതിചെയ്തു് പഴയ സ്വതന്ത്രമായ ചൈതന്യം വീണ്ടെടുക്കണം.

# കേരളം മുന്നേറുന്നു....

പൊതുജനങ്ങളുടെ ഗുണത്തിനും അഭിവൃദ്ധിക്കുമായി കേരളഗവ ൺമെൻറ് പല ഇനം വ്യവസായസ്ഥാപനങ്ങളും നടത്തുന്നു.

## :: അവയിൽ പ്രധാനമായവ ::

### 1. ഗവർമ്മെൻറ് സിറാമിക്ക് കൺസേൺസ്, കുണ്ടറ

മേൽത്തരം പിഞ്ഞാണസാമാനങ്ങൾ ഇലക്ട്രിക്കൽ, കെമിക്കൽ, വ്യവസായങ്ങൾക്ക് ആവശ്യമായ കളിമൺസാമഗ്രികൾ മുതലായവയുടെ നിർമ്മാതാക്കൾ—മിതമായ വില—വ്യാപാരികൾക്ക് ആകർഷകമായ കമ്മീഷൻ.

### 2. ട്രാവൻകൂർ റബ്ബർവർക്സ്, തിരുവനന്തപുരം

സൈക്കിൾ ടയറുകൾ, സൈക്കിൾ ട്യൂബുകൾ, ലേറക്സ് ഫോം കുഷനുകൾ തുടങ്ങിയവയും വ്യവസായശാലകൾക്കും വാണിജ്യസ്ഥാപനങ്ങൾക്കും ആവശ്യമായ മേൽതരം റബ്ബർസാധനങ്ങളും നിർമ്മിക്കുന്നു.

### 3. ഗവർമ്മെൻറ് ഓയിൽഫാക്റ്ററി, കോഴിക്കോട്

അഡമിൻ (കോൺസെൻട്രേറ്റ്) & ഷാക്ക് ലിവർ ഓയിൽ നിർമ്മിക്കുന്നവർ — ഇതിൽ കുട്ടികൾക്കും, അമ്മമാർക്കും, രോഗബാധകഴിഞ്ഞ് ആരോഗ്യം വീണ്ടെടുക്കേണ്ടവർക്കും വേണ്ട വൈററമിൻ അടങ്ങിയിരിക്കുന്നു. സീ ഗോൾഡ് — ബ്ളൻറഡ് ഷാക്ക്ലിവർ ഓയിൽ — വൈററമിൻ 'എ'യും 'ഡി'യും അതിൻെറ മുഴുവൻ പ്രയോജനവും ലഭിക്കത്തക്കവണ്ണം ചുരുങ്ങിയ ചിലവിൽ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

### 4. ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്, പുനലൂർ

ഉയർന്നതരം തേയിലപ്പെട്ടികൾ, കസേരപ്പലകകൾ, ബാററൻസ്, വില്പനസൈസും അലങ്കാരത്തിനും പററിയ പലകകൾ തുടങ്ങിയവയുടെ നിർമ്മാതാക്കൾ.

### 5. ഗവർമ്മെൻറ് ഷാർക്ക്ലിവർ ഓയിൽഫാക്റ്ററി, തിരുവനന്തപുരം

ശുദ്ധമായി ക്രമീകരിച്ച ഇനം (മീനെണ്ണ) ഷാക്ക്ലിവർ ഓയിൽ നിർമ്മിക്കുന്നവർ—

ഷാർലിവറോൾ.

### 6. ദി കേരളഗവർമ്മെൻറ് സെറാമിക്സ്, കുണ്ടറ

ഒന്നാംതരം പിഞ്ഞാണസാധനങ്ങളും ഇൻസുലേററുകളും നിർമ്മിക്കുന്നതിനു് തുടങ്ങിയ പുതിയ സ്ഥാപനം.

### 7. കേരള സോപ്പ് ഇൻസ്റ്റിട്യൂട്ട്, കോഴിക്കോട്

മേൽത്തരം ടോയ്ലററ്, വാഷിംഗ്, ഷേവിംഗ് ഔഷധശക്തി ചേർത്തും ആയ വിവിധതരം സോപ്പുകൾ ഇവിടെ നിർമ്മിക്കുന്നു.

( Inserted by the Department of Public Relations, Kerala )

# കൈനത്താന

— കാവാലം നാരായണപ്പണിക്കർ —

i

കൈനത്തെമൂപ്പിലെക്കണ്ടാൽ പ്രമാണിയും
കാര്യത്തിൽ കേമനുമത്രേ.
"ഇട്ടൂണ്ണാ"നെന്നാണു നാമം, കരയോഗ-
സ്വർഗ്ഗത്തിലദ്ദേഹമിന്ദ്രൻ.

കോവിലിലാറാട്ടെഴുന്നള്ളിനിൽക്കുമ്പോൾ
കോലുവിളക്കിനുമുൻപിൽ
ആനയ്ക്കകംപടിനിൽക്കുമവകാശ-
മാവീട്ടുകാർക്കുള്ളതത്രേ.

ഏറെപ്പഴകിത്തുരുമ്പിച്ചവാളുമ-
ങ്ങേന്തിയകമ്പടികാക്കാൻ
ഇട്ടൂണ്ണാനിന്നോളം തെറ്റാതെയാറാട്ടി-
നെത്തിപ്പതിവുനടത്തി.

പത്തുപേർകൂടുന്നയോഗങ്ങൾക്കൊക്കെയു-
മദ്ദേഹമദ്ധ്യക്ഷനത്രേ.
തെക്കുംകൂർമന്നന്റെ സൈന്യാധിപന്മാരാ-
ണത്തറവാട്ടുകാർ മുന്നം.
അന്നത്തെ വാർപ്പുമുരുളിയും വള്ളവു-
മിന്നുംകിടപ്പു തെളിവായ്.

അത്രപാരമ്പര്യസിദ്ധികൾ കൈനത്തു
റ്റത്തും ചവിട്ടുകിലെന്തേ
വിസ്മൃതൈശ്വര്യച്ചിതൽപ്പുറ്റു മേൽക്കുമേ-
ലത്തറവാടിനെ മൂടി.

തൊട്ടടുത്തുള്ളോരുദേശത്തുകാർകൂടി-
യെത്തിയ വള്ളംകളിയിൽ
'ഓടി'വള്ളത്തിൽ വികടനൊരുകവി
പാടി പണ്ടിരടിയേതോ.
കൈനത്തുകാരെദ്ദുഷിക്കുന്ന * 'കുത്തുപാ-
ട്ടാ'ണതെന്നാരോ പറഞ്ഞു.
വാശിയിലിട്ടൂണ്ണാൻ വസ്തുവിറ്റപ്പൊഴേ
കീശയിൽവന്നപണത്താൽ
പുത്തൻകളിവള്ളംവാങ്ങി ബദലായി-
കുത്തുപാട്ടൊന്നുപാടിച്ചു!
വസ്തുക്കളൊക്കെക്കടത്തിലും കേസിലും
മുക്കിമുടിക്കുകയാലേ
കൈനത്തുവീട്ടുകാർക്കന്തസ്സൊഴിച്ചൊന്നും
കൈവശമില്ലാതെയായീ.

ii

രണ്ടുവളവരവെച്ചു—തോണി
തണ്ടുമണിയത്തുവീശി
അമ്പലമുറ്റത്തടുത്തു—കൈന-
ത്തങ്ങുന്നു മെല്ലെയിറങ്ങി.

വിശ്രമിക്കാനായ് കഴക്കോൽ—ക്കാരൻ
നിശ്വസിച്ചങ്ങനെനിന്നു.
അന്നേരം തോടിന്റെവക്കിൽ—കൂടി
വന്നൊരു കൂറ്റനാമാന.
തുള്ളിയിളകിനടന്നു—അവൻ
കള്ളുകുടിയനെപ്പോലെ.
തുമ്പിക്കരത്തിന്റെമൂട്ടിൽ—നീണ്ട
കൊമ്പുകൾ കൂർമ്പിച്ചുനിന്നു.
പിമ്പേവരുന്നോരുപാപ്പാൻ—തോട്ടി-
ത്തുമ്പൊന്നുനീട്ടിപ്പറഞ്ഞു:
"ആന, ഇസറ്റി,നില്ലാനേ"—അപ്പോ-
ളാന ചുളിഞ്ഞൊന്നുനിന്നു.

കൈനത്തെമൂപ്പന്റെയുള്ളിൽ—കൂടെ
ആനക്കലിയൊന്നുപാഞ്ഞു.
കൊമ്പനെ വാങ്ങുവാനാക്കി—നാട്ടി-
ലുണ്ടായിതിത്ര ചങ്കൂറ്റം?
ആരാകിലെന്തവൻ കൈന—ത്തേമാ-
ന്മാരേ ശരിക്കറിയാത്തോൻ.
ഭള്ളിത്രനാട്ടിൽവളർന്നു—നിൽക്ക-
ക്കള്ളിയില്ലെന്നുവന്നാലോ!
ആകയാൽ "ആരുടേതാണീ—ക്കൊമ്പ-
നാന?" എന്നേമാൻ തിരക്കി.
"ഏഴുപറയിലെ യേമാൻ—വാങ്ങി"
ഏവമറിയിച്ചൊരുത്തൻ.
"ഏമാനോ? കുഞ്ഞുവിനാരീ—സ്ഥാന-
മേകിയെന്നൊന്നറിയേണം"
എന്നോതിയിട്ടൂണ്ണാനുള്ളിൽ—തിങ്ങി-
വിങ്ങുന്നകോപമൊതുക്കി.

iii

താലിമാലമോതിരമരഞ്ഞാൺ
തരിവളയും പാദസ്വരവും
പഴയവാർപ്പുമുരുളിയുമെല്ലാം
പണയമാക്കി കൈനത്തേമാൻ!

* കുത്തുപാട്ട് = കളിയാക്കിയുള്ള പാട്ട്.

പൊടിപൊടിച്ചുപോക്കി ജീവിത-
മിടവിടാതെ തീറുകളെഴുതി.
ഒടുവിലുടമചൊല്ലാൻ പാത്തിട-
മിടമൊഴിഞ്ഞൊരിടമില്ലാതായ്!

വഴിനടന്ന കൈനത്തേമാൻ
വരികിലിന്നു വേലക്കാരും
ഓത്തിടാത്തമട്ടിൽ തലയിൽ
തോത്തുംകെട്ടിഗ്ഗമയിലിരിക്കും.

നാട്ടിലുള്ള യോഗ്യന്മാരുടെ
ക്കൂട്ടമന്നു യോഗംകൂടീ.
എതിരെഴാതെ യോഗാദ്ധ്യക്ഷൻ
ഏഴപറയിലെജമാനായീ.

പല്ലിറുമ്മി കൈനത്തേമാൻ
പകയിൽനോക്കി നാട്ടുകാരെ
പലവികാരമുള്ളിൽ തീതൻ
മലകണക്കു കത്തിവളൻ്റു.

കൊമ്പനാനയുണ്ടെന്നുള്ളൊരു
വമ്പുകാട്ടുമേഴപറക്കാർ
എന്തുകൊണ്ടുമന്നതിനേടി
എന്നുറച്ചു നാട്ടാരെല്ലാം.

iv

ഒരുദിനമേഴപറക്കാർപാക്കും
പുരയുടെയരികിലെ വേലിക്കരികിൽ
വന്നുകടമ്പകടക്കാൻ കൈന-
ത്തേമാനൊന്നുതുടങ്ങുന്നേരം
പച്ചയിൽമേഞ്ഞുനടക്കുംമൂരി-
ക്കുട്ടൻപാഞ്ഞുവരുന്നതുകണ്ടു.
ലക്കില്ലാതെവരുന്നൊരു കാള-
യ്ക്കിട്ടുണ്ണാൻ വഴിമാറുംനേരം
കാളയുറഞ്ഞൊരു കുത്തുകൊടുത്തു
കാലുമൊടിഞ്ഞുപതിച്ചു മൂപ്പർ.
നല്ലവർചിലർവന്നദ്ദേഹത്തിനെ
വള്ളംതന്നിലെടുത്തുകിടത്തീ.
കൂട്ടിക്കൊണ്ടൊരുവൈദ്യൻപാക്കും
വീട്ടിലണഞ്ഞു ചികിത്സയ്ക്കായി.
കൊമ്പനെവാങ്ങിയകൈമ്മടെയുള്ളിലൊ-
രിമ്പത്തിൻഭൂകമ്പംതുള്ളീ

കൈമ്മാറ് പറഞ്ഞു: "കൈനത്തേമാൻ
നമ്മാറ്ക്കെല്ലാം വേണ്ടപ്പെട്ടോൻ
എങ്കിലുമെന്താണാനപിണങ്ങി-
ക്കൊമ്പാൽക്കുത്തിമലത്തിയതല്ലേ?
കാളയ്ക്കങ്ങനെ യജമാന്മാരുടെ
കാലിനുകുത്തി മറിക്കാനൊക്കും?
കുത്തുകളുള്ളതിലാനക്കൊമ്പിൻ-
കുത്തുകണക്കൊരു കുത്തില്ലല്ലോ."

കൈനത്തേമാൻ പലരുംചൊല്ലി
കൈമ്മാറ്പറഞ്ഞ വിനോദംകേട്ടു.
നല്ലതുതന്നേ മററുള്ളവരുടെ-
യല്ലലിലുള്ള വിനോദംതുള്ളൽ!
കൈനത്തേക്കൊരു കൊമ്പനെ വാങ്ങാൻ
കൈയിൽ പണമില്ലാത്തതിനാലേ
എന്തുംപറയാമെന്നു നിനച്ചൊരു
കൈമ്മളെയൊന്നു പഠിപ്പിപ്പതിനായ്
ഉള്ളിൽനിനച്ചഭിമാനവിജൃംഭിത-
നുടനേതന്നേ യാത്രതിരിച്ചു.

കൈനത്തേപ്പുര പുരയിടവുംചേ-
ർത്തന്നൊരു നായക്കൊററികൊടുത്തു
കിട്ടിയ പണവുംകൊണ്ടുഗമിച്ചു
മുട്ടനൊരാനയെ വാങ്ങിമടങ്ങി!
കാളചവുട്ടിയ നീരപ്പോഴും
കാലിൻമുട്ടിൽ മുഴച്ചുകിടന്നു.

* * *

v

ആനയുമായിത്തൻെറ
നാട്ടിലേക്കണഞ്ഞപ്പോ-
ളാനന്ദമഭിമാന-
മെന്നിവരണ്ടുംകൂടി
കൈനത്തെയിട്ടുണ്ണാനിൽ
മേളിച്ചു, മനുഷ്യനു
കൈവല്യം കൊടുപ്പതു
കൊമ്പനാനയെന്നോത്തു.
തറവാടിൻെറമുൻപി-
ലാനയെത്തളച്ചിട്ടു
തളൻ്റുതെങ്ങിൻമൂട്ടിൽ-
ത്തന്നെ രാത്രിയുംപോക്കീ
പിറേറന്നു പുലരിയി-
ലാനയെക്കാണാൻവന്ന
പിള്ളേർതൻ കോലാഹലം
കേട്ടുണന്നെഴുന്നേററു
കൈനത്തെപ്പുരയിട-
മൊററിവാങ്ങിയനായർ
കൈചൂണ്ടി പറമ്പിനു
പുറത്തേ,ക്കെന്നിട്ടോതി:
"കൊമ്പനാനയെക്കെട്ടാ-
നല്ല, ഞാൻ കാശുംതന്നു
തൻെറയീപ്പൊരേടത്തി-
നൊററിവാങ്ങിയതുവ്വേ."

# മന്നത്തു പത്മനാഭൻ

— സി. നാരായണപിള്ള —

മരണാനന്തരം മനുഷ്യർ അന്യഹൃദയങ്ങളിൽ ജീവിക്കുന്നു. ഇതുമാത്രമാണു് അനശ്വരത്വമെന്നു സാമുവൽ ബട്ട്ലർ പറഞ്ഞിട്ടുണ്ടു്: എന്നാൽ മനുഷ്യരെസ്സംബന്ധിച്ചിടത്തോളം ഈ ശാശ്വതത്വം അവർക്കു നിഷ്പ്രയോജനമായ ഒരു സമ്പത്താണു്. സ്മരണകൾ മാഞ്ഞുപോകുന്നു. മൂല്യത മാറിക്കൊണ്ടിരിക്കുന്നു 1920-ൽ ഗാന്ധിജി ഇൻഡ്യയ്ക്കു നൽകിയ സന്ദേശങ്ങൾ ആരെങ്കിലും ഇന്നു് ഓർമ്മിക്കുന്നുണ്ടോ? ചിലപ്പോഴൊക്കെ ചരിത്രകാരന്മാർ ശ്മശാനത്തിൽനിന്നു പൊക്കിയെടുത്തു് ഇവർക്കു പുനർജ്ജീവിതം നൽകാറുണ്ടു്. വിസ്മൃതനായ ഒരാൾ ലോക സംരക്ഷകനായിരുന്നു എന്നവർ കണ്ടുപിടിക്കുന്നു മററുചിലപ്പോൾ ഈ സത്പുരുഷന്മാർ രാഷ്ട്രമാദരിക്കുന്ന ഒരു ചിഹ്നമായി രൂപാന്തരപ്പെടുന്നു മനുഷ്യൻ കേവലം മിത്ഥ്യയായി മാറുന്നു. അദ്ദേഹത്തിൻെറ നേട്ടങ്ങളും സന്ദേശങ്ങളും വിസ്മരിക്കപ്പെട്ടാലും ജീവിച്ചിരുന്നെങ്കിൽ അദ്ദേഹത്തെപ്പോലും ആശ്ചര്യപ്പെടുത്തുമായിരുന്ന ചില തത്വങ്ങളുടേയും ഉപാധികളുടേയും പ്രവാചകനായി അദ്ദേഹം പ്രദർശിപ്പിക്കപ്പെടുന്നു. മതസ്ഥാപകന്മാർക്കു് മിക്കപ്പോഴും സംഭവിക്കാറുള്ള ഒരു ദുരദൃഷ്ടമാണിതു്. അവരുടെ ജീവിതപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ധരിക്കാതെ കോടിക്കണക്കിനു് ജനങ്ങൾ അവരുടെ നാമധേയം ഭക്ത്യാദരങ്ങളോടെ ആവർത്തിക്കുന്നു ഗലീലിയിലെ മരപ്പണിക്കാരൻെറ പുത്രനായിരുന്ന യേശുക്രിസ്തുവിൻെറ നാമധേയത്തിലാണു് മാർപ്പാപ്പയുടെ സമ്പൽസമൃദ്ധവും ആഡംബരപൂർണ്ണവുമായ ജീവിതം നീതീകരിക്കപ്പെടുന്നതു്. വിരസനും നിർദ്ദോഷിയുമായിരുന്ന ഒരുജർമ്മൻ ശാസ്ത്രജ്ഞൻെറ പേരിലാണു് പാളിററ്ബ്യൂറോ റഷ്യയിൽ സർവ്വാധിപത്യം സ്ഥാപിച്ചിട്ടുള്ളതു്. സത്യത്തിനും നീതിക്കും വേണ്ടി ജീവിതാർപ്പണംചെയ്തു് ആർഷേയജീവിതം നയിച്ചു് അക്രമരാഹിത്യത്തിൻെറ രക്തസാക്ഷിയായി ആത്മബലിയർപ്പിച്ച മഹാത്മാഗാന്ധിയുടെ നാമധേയത്തിലാണു് രാഷ്ട്രീയപ്രവർത്തകന്മാർ കോടിക്കണക്കി



ഇടത്തുനിന്നു്:-ഡാ: വി. ആർ. നാരായണൻനായർ, ശ്രീ. മന്നം, ശ്രീ. കളത്തിൽവേലായുധൻനായർ.

---

കുടുംബത്തിലെ യോഗ്യ-
രായ മററംഗങ്ങളെ-
പ്പടിക്കുപുറത്താക്കി, വാതിൽ
നേരത്തേപൂട്ടീ.
ഞെട്ടിപ്പോയ് കൈനത്തേമാൻ,
ആനയുമായിട്ടയാൾ
നാട്ടുപാതയിലേക്കു
നടന്നൂ ഹതാശനായ്

കൈനത്തെയജമാനെ-
ത്തളയ്ക്കാനിടമില്ലാ,
കൈനത്താനയെപ്പിന്നെ
യെവിടെത്തളച്ചിടും?

ഇതിലെ കഥാപാത്രങ്ങളുടെ പേരുകളും വീട്ടുപേരുകളും സാങ്കല്പികങ്ങൾമാത്രമാണു്.

ന്നു പണം ചിലവുചെയ്തു് തിരഞ്ഞെടുപ്പുകാലത്തു് വോട്ടുയാചിക്കുന്നതു്.

ശ്രീ: മന്നത്തുപത്മനാഭൻ ആരോഗ്യവാനായി കർമ്മനിരതനായി ജീവിതം സേവനമെന്നു വിശ്വസിച്ചു് ഇന്നും ഊർജ്ജസ്വലതയോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വയോധികനായ ഒരു സമുദായപരിഷ്കർത്താവാണു്. ഭാവിചരിത്രകാരൻ അദ്ദേഹത്തിൻെറ നേട്ടങ്ങളെ വിലയിരുത്താതിരിക്കയില്ലെന്നു തീർച്ചയാണു്. അദ്ദേഹത്തിൻെറ സമകാലീനന്മാരായ ഈ തലമുറയിലെ ജനങ്ങൾ അദ്ദേഹത്തിൻെറ ജീവിതപ്രവർത്തനങ്ങൾ കാണുന്ന കണ്ണുകൾകൊണ്ടുതന്നെ ഭാവിചരിത്രകാരനും അവവീക്ഷിക്കണമെന്നില്ല. സ്മരണകൾ മാഞ്ഞുപോകാം. മൂല്യതകൾ മാറിക്കൊണ്ടിരിക്കാം. ജീവിതത്തിൽ സ്മരിക്കപോലും ചെയ്തിട്ടില്ലാത്ത ആശയങ്ങളുടെ പ്രവാചകനായി ഒരുപക്ഷേ അദ്ദേഹം ചിത്രീകരിക്കപ്പെട്ടേയ്ക്കാം. എങ്കിലും ആ നാമധേയം നിലനില്ക്കുമെന്നുള്ളതിനു രണ്ടുപക്ഷമില്ല. ജീവിതകാലത്തു് ഇത്രവളരെ വാദപ്രതിവാദങ്ങൾക്കും അഭിപ്രായാന്തരങ്ങൾക്കും പാത്രമായിട്ടുള്ള മറെറാരു നേതാവു് കേരളത്തിലപൂർവ്വമാണു്. ഉല്പതിഷ്ണുക്കൾ അദ്ദേഹത്തെ നിരന്തരമായി ഭർത്സിക്കയും പുച്ഛിക്കയും ചെയ്തിട്ടുണ്ടു്. എങ്കിലും ഈ വിമർശകരുടെ പിതാക്കന്മാരും പിതാമഹന്മാരും യാഥാസ്ഥിതികത്വത്തിലാണ്ടുകിടക്കുമ്പോൾ ശ്രീ: മന്നത്തുപത്മനാഭൻ ഒരു വിപ്ലവകാരിയായിരുന്നു. 1938-നു ശേഷം ഈ സംസ്ഥാനത്തിലിരച്ചുകയറിയ ദേശീയപ്രബുദ്ധതയിലും സ്വാതന്ത്ര്യതൃഷ്ണയിലും മതിമറന്നു പ്രതിയോഗികൾ അദ്ദേഹത്തിൻെറ നാമധേയം ചെളിയിലിട്ടു ചവുട്ടിയിട്ടുണ്ടു്. എങ്കിലും കേരളത്തിൽ ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിൻെറ സന്ദേശങ്ങൾ പ്രചരിപ്പിക്കുവാൻ തീവ്രയത്നം ചെയ്തിട്ടുള്ള കൈവിരലിലെണ്ണാവുന്ന ആദ്യകാലങ്ങളിലെ അപൂർവ്വം ചില രാജ്യാഭിമാനികളിൽ അദ്വിതീയനായിരുന്നു അദ്ദേഹം. ഒരു രാജ്യദ്രോഹിയായും അവസരസേവകനായും സ്വാതന്ത്ര്യവൈരിയായും അദ്ദേഹം ചിത്രീകരിക്കപ്പെട്ടിട്ടുണ്ടു്. എങ്കിലും ആത്മാഭിമാനസംരക്ഷണത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി ജീവിതവൃത്തിപോലും ഉപേക്ഷിക്കുവാൻ മടിച്ചിട്ടില്ലാത്ത ഒരാളാണദ്ദേഹമെന്നു അദ്ദേഹത്തിൻെറ ജീവചരിത്രം തെളിയിക്കുന്നു. തിരുവിതാംകൂറിലെ സ്വാതന്ത്ര്യപ്രക്ഷോഭണം അതിൻെറ മൂർദ്ധന്യത്തിലേയ്ക്കു കുതിക്കുമ്പോൾ ശ്രീ: മന്നത്തുപത്മനാഭൻെറ സമുദായസേവനം മുരടിച്ച വർഗ്ഗീയതയുടേയും സ്വാർത്ഥലാഭേച്ഛയുടേയും പര്യായപദമായി വ്യാഖ്യാനിക്കപ്പെട്ടു. അദ്ദേഹം പൊതുരംഗത്തുനിന്നു് നിഷ്കാസിതനായതുപോലെതോന്നി. എങ്കിലും ഒരു ദശാബ്ദം വേണ്ടിവന്നില്ല അടിച്ച റബ്ബർ പന്തുപോലെ പൂർവ്വാധികം ശക്തിയോടുകൂടി അദ്ദേഹം പൊതുരംഗത്തേയ്ക്കു കുതിക്കുവാനും ദേശീയനേതൃത്വം അദ്ദേഹത്തെ കൈമലർത്തി ആരാധനാപൂർവ്വം സ്വീകരിക്കുവാനും. ഇന്നദ്ദേഹം കേരളീയരാൽമാത്രമല്ല ഭാരതീയനേതാക്കന്മാരാലും ആദരണീയനാണു്. കേരളത്തിൻെറ ഏതൊരുഭാഗത്തും അദ്ദേഹത്തിൻെറ സ്മരണയെ എന്നേയ്ക്കും നിലനിർത്തുന്ന സ്മാരകസ്തംഭങ്ങൾ അന്തരിക്ഷത്തിലുയർന്നുനില്ക്കുന്നുണ്ടു്. ചിന്താലോകത്തിലെ അവ്യക്തങ്ങളും അനിശ്ചിതങ്ങളുമായ ആശയങ്ങളല്ല കല്ലും മരവുംകൊണ്ടു പണികഴിച്ചതും കണ്ണുകൾകൊണ്ടു നോക്കി ആനന്ദിക്കാവുന്നതും കരങ്ങൾകൊണ്ടു സ്പർശിക്കാവുന്നതും കരൾകൊണ്ടഭിനന്ദിക്കാവുന്നതുമായ നിത്യയാഥാർത്ഥ്യങ്ങളാണവ. ഒരുകാലത്തദ്ദേഹത്തെ വിമർശിച്ചിരുന്നവർ ഇന്നദ്ദേഹത്തിൻെറ സ്തുതിപാഠകന്മാരാണു്. ഈ ലേഖകൻ ആ സംഘത്തിൽപ്പെടുന്ന ഒരു എളിയ ആരാധകനാണു്.

ഏകദേശം നാല്പതിലധികം വർഷങ്ങൾക്കുമുൻപു് ചേർത്തല ഇംഗ്ലീഷ്പള്ളിക്കൂടത്തിൽ ഒരു വിദ്യാർത്ഥിയായിരുന്നകാലത്താണു് ഞാനദ്ദേഹത്തെ ആദ്യമായിക്കണ്ടതു്. ബി. എ-ക്കാർ വിരളമായിരുന്ന ചേർത്തലത്താലൂക്കിൽ അക്കാലത്തു് ബി എ. പരീക്ഷ ജയിച്ചവരും പകുതി തോററവരുമായ രണ്ടുമൂന്നു യുവാക്കന്മാർ ചേർന്നു് ഒരു നായർസമ്മേളനം നടത്തുവാൻ നിശ്ചയിച്ചു. സർവ്വശ്രീ കട്ടിയാട്ടു ശിവരാമപ്പണിക്കർ ആർ. പി. എന്ന പേരിലറിയപ്പെട്ടിരുന്ന ആർ. പരമേശ്വരൻപിള്ള, എടമനാട്ടു പത്മനാഭമേനവൻ ഇവരായിരുന്നു ആ സമ്മേളനത്തിലെ ആദ്യവസാനികൾ. ശ്രീ: മന്നത്തുപത്മനാഭൻ ആ യോഗത്തിൽ സന്നിഹിതനായിരുന്നു. അന്നുള്ളതിൽ ഒരു വയസ്സുപോലും പ്രായം അദ്ദേഹത്തിനു കൂടിയിട്ടില്ലെന്നു് അദ്ദേഹത്തെ ഇന്നു കാണുമ്പോഴൊക്കെ എനിക്കു തോന്നിയിട്ടുണ്ടു്. ഇന്നെന്നപോലെതന്നെ ശുഭ്രമായ ഒരു ഷർട്ടും അതിനുമുകളിൽ മടക്കിയിട്ടിട്ടുള്ള ഒരു ഷാളുമാണു് അന്നും അദ്ദേഹത്തിൻെറ വേഷവിധാനം. മുൻഭാഗത്തു് ഇടത്തുകയ്യിൽ വലതുകൈ ചേർത്തുവച്ചുകൊണ്ടു് അദ്ദേഹം പ്രസംഗപീഠത്തിലെഴുന്നേററുനിന്നു് ഒന്നു മന്ദഹസിച്ചു. ആ പ്രസംഗധോരണി ഇന്നും എൻെറ സ്മരണയിലലതല്ലുന്നുണ്ടു്. അദ്ദേഹം ആരംഭിച്ച വാചകം എൻെറ ഓർമ്മയിൽനിന്നു് ഇവിടെ ഉദ്ധരിക്കട്ടെ.

“ഇംഗ്ലീഷറിയാന്മേലാത്ത എനിക്കും, ഇംഗ്ലീഷറിയാവുന്ന എൻെറ മാന്യസ്നേഹിതൻ എം. എൻ. നായർക്കും തമിഴിലസ്സലായിട്ടു സംസാരിക്കാവുന്ന കിട്ടിയാട്ടു ശിവരാമപ്പണിക്കർക്കുമറിയാവുന്ന മലയാളഭാഷയിലാണു് ഞാൻ സംസാരിക്കാൻപോകുന്നതു്.” ആ വാചകം അവസാനിക്കുന്നതിനുമുൻപുതന്നെ ചിരിയും നിരന്തരമായ ഹസ്തതാഡനവും സദസ്സിൽ മുഴങ്ങിക്കൊണ്ടിരുന്നു. മാടമ്പും മററു പ്രതാപങ്ങളും പ്രഭുത്വവും നശിച്ചു് അർദ്ധപ്പട്ടിണിയിലേയ്ക്കു നീങ്ങിക്കൊണ്ടിരുന്ന അഭിമാനികളായ ചേർത്തലയിലെ നായന്മാരോടദ്ദേഹം പ്രസംഗിക്കയായിരുന്നു. സംഗീതസ്വരത്തിൽ അനുനാസികശബ്ദത്തിൽ പുറത്തേയ്ക്കു പ്രവഹിക്കുന്ന ആ വാക്‌ധോരണി ഒരുനിമിഷത്തിൽ ശ്രോതാക്കളെ ആവേശംകൊള്ളിക്കുന്നു. മറെറാരവസരത്തിലവരെ ചിരിപ്പി

ക്കുന്നു. ചിന്താശീലരാക്കുന്നു. അവരുടെ ആത്മാഭിമാനവും പൗരുഷവും തട്ടിയുണർത്തുന്നു. സാമുദായികദുരാചാരങ്ങളെ ഇത്ര പരുഷമായി ഭർത്സിക്കുവാനും പരിഹസിക്കുവാനും ജനങ്ങളുടെ ആത്മവീര്യം ഇളക്കിവിട്ടു് അവരെ കർമ്മനിരതരാക്കുവാനും പര്യാപ്തമായ ഒരു ഭാഷാശൈലിയും വാഗ്വിലാസവുംകൊണ്ടദ്ദേഹം അനുഗ്രഹീതനാണു്.

സാമുദായികസംഘടനകളും പ്രവർത്തനങ്ങളും ഒരിക്കലും ഈ ലേഖകനെ ആകർഷിച്ചിട്ടില്ല. അതുകൊണ്ടു തന്നെ ആയിരിക്കണം അനന്തരകാലങ്ങളിൽ ശ്രീ: മന്നത്തുപത്മനാഭന്റെ സംരംഭങ്ങളെ അതികർക്കശമായി വിമർശിക്കുവാനെനിക്കു ഇടവന്നിട്ടുള്ളതു്. എങ്കിലും അക്കാലങ്ങളിൽ അദ്ദേഹത്തിനെതിരെ അവിവേകമായി പ്രയോഗിച്ചിട്ടുള്ള ഭാഷാശൈലിയേയും പരുഷവിമർശങ്ങളേയുംപറ്റി ഏറ്റവും കൂടുതൽ പശ്ചാത്തപിക്കുന്നതും ഞാൻതന്നെയാണു്. ഉറച്ചടിക്കുവാനും ഉറച്ച അടി ഏൽക്കുവാനുമദ്ദേഹത്തിനു കഴിയും. പ്രതിയോഗികളെ കൂർത്തശരങ്ങൾ പ്രയോഗിച്ചു് അസ്തപ്രജ്ഞരാക്കുവാനുള്ള അദ്ദേഹത്തിന്റെ കഴിവു് അനന്യസാധാരണമാണു്. ആ സ്വരത്തിലും ശൈലിയിലും ഒന്നിലധികംതവണ അദ്ദേഹവുമായി എനിക്കു് ഏറ്റുമുട്ടേണ്ടിവന്നിട്ടുണ്ടെങ്കിലും അനന്തരകാലങ്ങളിൽ അവയൊക്കെ വിസ്മരിച്ചു് സ്നേഹവാത്സല്യങ്ങളോടെ എന്നെ വീക്ഷിക്കുവാനും സഹായിക്കുവാനുമുള്ള മഹാമനസ്കത അദ്ദേഹം പ്രദർശിപ്പിച്ചിട്ടുണ്ടു്. ശ്രീ: മന്നത്തിനെ വിമർശിക്കുമ്പോൾ എല്ലാവർക്കും സംഭവിക്കാറുള്ള തെറ്റുതന്നെയാണു് എനിക്കും പറ്റിയിട്ടുള്ളതു്. ശ്രീ: മന്നത്തു പത്മനാഭൻ ഒരു വർഗ്ഗീയവാദിയല്ല, സമുദായപരിഷ്കർത്താവാണു്. അദ്ദേഹം ഒരു രാഷ്ട്രീയനേതാവല്ല, സൃഷ്ടിപരപ്രവർത്തകനാണു്. ശ്രീ: മന്നത്തുപത്മനാഭനെ ഒരു രാഷ്ട്രീയപ്രവർത്തകനായി വീക്ഷിക്കുന്നതും വിമർശിക്കുന്നതും യാഥാർത്ഥ്യങ്ങളോടുള്ള ഒരു വെല്ലുവിളിയോ അവയുടെ ലംഘനമോ ആയിരിക്കാം. മന്നത്തു പത്മനാഭന്റെ ജീവചരിത്രകാരൻ അദ്ദേഹത്തെ രാഷ്ട്രീയമായ ഒരു ചുറ്റുപാടുകളോടു ബന്ധിച്ചു് അദ്ദേഹത്തിന്റെ നേട്ടങ്ങൾക്കു വിലയിരുത്തുവാൻ ശ്രമിക്കയില്ല. ഒന്നുരണ്ടുദാഹരണങ്ങളെടുത്തു പറയാം മി: മള്ളൂർ ഗോവിന്ദപ്പിള്ള ഒരൊന്നാംതരമഭിഭാഷകനാണു്. സി. വി. രാമൻപിള്ള ഒരു നോവൽകർത്താവാണു്. പി. കെ. നാരായണപിള്ള ഒരു വിമർശകനാണു്. ചുറ്റുപാടുകളിൽനിന്നവരെ അടർത്തിയെടുത്തു് ജീവിതകാലത്തു് അവർ രാഷ്ട്രീയമോ സാമുദായികമോ ആയ പ്രവർത്തനങ്ങളിൽ ചിലപ്പോഴൊക്കെ ഏർപ്പെട്ടിട്ടുള്ളതുകൊണ്ടുമാത്രം അങ്ങിനെയൊരു നിറംകൊടുത്തു് അവരുടെ നേട്ടങ്ങൾക്കു വിലയിരുത്തുന്നതു നിരർത്ഥകമാണു്. സുപ്രസിദ്ധ ഫ്രഞ്ചു് നോവൽകർത്താവായ ഡ്യൂമാസ് അദ്ദേഹത്തിന്റെ ജീവിതകാലത്തു് ചില രാഷ്ട്രീയസംരംഭങ്ങളിൽ പങ്കെടുത്തിട്ടുണ്ടെങ്കിലും അദ്ദേഹത്തെ നോവൽകർത്താവായി മാത്രമേ ലോകമറിയുന്നുള്ളു. വാൾട്ടയറും റൂസോയും വിപ്ലവാത്മകങ്ങളായ ആശയങ്ങൾക്കു രൂപംകൊടുത്തിട്ടുണ്ടെങ്കിലും അവർ വിപ്ലവകാരികളായിരുന്നില്ല. ശ്രീ: മന്നത്തു പത്മനാഭന്റെ രാഷ്ട്രീയപ്രവർത്തനങ്ങളെടുത്തുകാട്ടി അവയിലദ്ദേഹത്തിനു വല്ല പ്രമാദങ്ങളും സംഭവിച്ചിട്ടുണ്ടെങ്കിൽത്തന്നെയും അതുകൊണ്ടു് അദ്ദേഹത്തിന്റെ യശസ്സിൽ കളങ്കംചേർക്കുവാൻ തുനിയുന്നവരെ അസൂയാലുക്കളും വിദ്വേഷബുദ്ധികളുമായിമാത്രമേ നിഷ്പക്ഷബുദ്ധികൾ പരിഗണിക്കയുള്ളു. ഈ ലേഖകനു പറ്റിയ തെറ്റും അതുതന്നെയായിരുന്നു. ശ്രീ: മന്നത്തു പത്മനാഭൻ തെറ്റുകൾചെയ്തിട്ടുണ്ടു്. തെറ്റുകൾ ചെയ്യാത്തതാരാണു്? പക്ഷേ അദ്ദേഹത്തിന്റെ ഏറ്റവും വലിയ തെറ്റുകൾപോലും നിസ്സ്വാർത്ഥപരവും ത്യാഗമോഹനവുമായ ലക്ഷ്യത്തിൽനിന്നുറവെടുത്തവയാണു്. വ്യക്തിപരമായ ഉന്നമനത്തിനുവേണ്ടിയോ സ്വാർത്ഥലാഭേച്ഛയോടുകൂടിയോ അദ്ദേഹത്തിനു പ്രിയതരങ്ങളായ ആശയങ്ങളേയും ആദർശങ്ങളേയും ലംഘിച്ചോ, അദ്ദേഹത്തിന്റെ നിരന്തരവും അവിശ്രാന്തവുമായ പ്രവർത്തനങ്ങൾ പരിമിതമായ ഏതൊരു പരിധിയിലൊതുങ്ങിനിന്നിരുന്നുവോ ആ പരിധിയെ ഉത്തമവിശ്വാസമില്ലാതെ ദ്രോഹിച്ചോ ഒരൊറ്റ പ്രവർത്തനം സുദീർഘമായ അദ്ദേഹത്തിന്റെ സേവനചരിത്രത്തിൽ എടുത്തുകാണിക്കുവാൻ അദ്ദേഹത്തിന്റെ ശത്രുക്കൾക്കുപോലും കഴിയുന്നതല്ല. അതു പറയുവാൻ കഴിവുള്ള രാഷ്ട്രീയപ്രവർത്തകന്മാരോ സമുദായപ്രവർത്തകന്മാരോ ഇന്നു് ഇൻഡ്യയിൽ എത്രയുണ്ടു്?

ചങ്ങനാശ്ശേരിയുടെ ജീവചരിത്രകർത്താവായ ഈ ലേഖകൻ അമിതമായ കൗതുകത്തോടുകൂടിയാണു് മന്നത്തിന്റെ ജീവിതസ്മരണകൾ വായിച്ചുതീർത്തതു്. രണ്ടു ഗ്രന്ഥങ്ങളിലും വിവരിച്ചിട്ടുള്ള സംഭവങ്ങളും സമുദായപ്രവർത്തനങ്ങളും ഒന്നുതന്നെയാണു്. ചങ്ങനാശ്ശേരിയുടെ ജീവചരിത്രത്തിൽ നായർസമുദായത്തിനുണ്ടായിട്ടുള്ള സകല അഭിവൃദ്ധിക്കും പുരോഗതിക്കും സംഘടനാശക്തിക്കുമുള്ള പ്രശസ്തി മുഴുവൻതന്നെ അദ്ദേഹത്തിനു നൽകീട്ടു മന്നത്തു പത്മനാഭനെ കേവലം ഒരു വിറകുവെട്ടിയും വെള്ളംകോരിയുമായിട്ടാണു് ചിത്രീകരിച്ചിട്ടുള്ളതെങ്കിൽ മന്നത്തിന്റെ സ്മരണകളിൽ ചങ്ങനാശ്ശേരി ഒരലങ്കാരവസ്തു മാത്രമാണു്. വാസ്തവം ഏതാണ്ടിതിനു രണ്ടിനും മദ്ധ്യേയാണെന്നു തീർച്ചയാണു്. ചങ്ങനാശ്ശേരിയുടെ സ്വാധീനവും ബുദ്ധിശക്തിയും ഉപദേശങ്ങളും സർവീസ്സൊസൈറ്റിയുടെ പുരോഗതിയെ സഹായിച്ചിട്ടുണ്ടാകാം. എന്നാൽ ഒരു സംഗതി അനിഷേധ്യമാണു്. ഒരു ചങ്ങനാശ്ശേരി ഉണ്ടായിരുന്നില്ലെങ്കിലും സർവീസ്സൊസൈറ്റി ഉത്ഭവിക്കയും വളരുകയും വികസിക്കയും ചെയ്യുമായിരുന്നു. എന്നാൽ ഒരു മന്നത്തു പത്മനാഭനെക്കൂടാതെ ഈ മഹാസ്ഥാപനം ഇന്നതെത്തിച്ചേർന്നിട്ടുള്ള ഔന്നത്യത്തിലും വ്യാപ്തിയിലും ധനശക്തിയിലും സേവനപ്രവർത്തനങ്ങൾമൂലമുണ്ടായിട്ടുള്ള മഹനീയനേട്ടങ്ങളിലും എത്തിച്ചേരുമായിരുന്നില്ലെന്നു തീർത്തുപറയാം. അദ്ദേഹത്തിന്റെ കാര്യശേഷിയും

സംഘടനാചാതുര്യവും ത്യാഗബുദ്ധിയും സേവനസന്നദ്ധതയും അത്രമാത്രം അന്യാദൃശമാണ്. ശ്രീ: മന്നത്തു പത്മനാഭന്റെ ജീവിതസ്മരണകളെപ്പററി മറെറാരു സംഗതി പറയുവാനുള്ളതു് അദ്ദേഹത്തിന്റെ പ്രതിയോഗികളെപ്പററി വിദ്വേഷപരമായോ വൈരനിര്യാതനബുദ്ധിയോടുകൂടിയോ ഒരു പദംപോലും അദ്ദേഹം അതിൽ പ്രയോഗിച്ചിട്ടില്ലെന്നുള്ളതാണ്. ഇത്രവളരെ ദുഷ്പ്രചരണങ്ങൾക്കും വിമർശനങ്ങൾക്കും പ്രതിയോഗികളുടെ കരുതിക്കൂട്ടിയുള്ള ദോഷാരോപണങ്ങൾക്കും പാത്രീഭൂതനായ ഒരാൾക്കു് അല്പത്വത്തിന്റെ കണികപോലും അദ്ദേഹത്തിൽ എവിടെയെങ്കിലും ഒളിഞ്ഞുകിടക്കുന്നുണ്ടെങ്കിൽ ഇത്ര ദീർഘമായ ഒരു ജീവിതവിവരണത്തിൽ അവരെപ്പററി അല്പംചില ദുഃസൂചനകളോ ധ്വനിയോ വിഷലിപ്തമായ വിവരണങ്ങളോ ഒഴിച്ചുകൂടുവാൻ സാധ്യമല്ല. മാത്രമല്ല ഒരാളെപ്പററിയെങ്കിലും ഹൃദയസ്പർശിയായ ഒന്നുരണ്ടു വാചകങ്ങളദ്ദേഹമെഴുതിച്ചേർത്തിട്ടുമുണ്ടു്: അദ്ദേഹം എഴുതുകയാണ്:—

"ദീർഘകാലം സർവീസ്സൊസൈററിയുടെ പ്രസിഡൻറായിരുന്ന എന്റെ ഒരു പഴയ സ്നേഹിതനാണ് ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള. അദ്ദേഹത്തെ (എന്റെ ഷഷ്ടിപൂർത്തിക്കു്) ക്ഷണിച്ചിരുന്നു എങ്കിലും അദ്ദേഹം വന്നില്ലെന്നുമാത്രമല്ല ഒരു മറുപടി അയയ്ക്കാൻപോലും തോന്നിയില്ല. എൻ. എസ്. എസ്. പ്രവർത്തനങ്ങളിൽ ഞങ്ങൾതമ്മിലുള്ള അഭിപ്രായഭേദത്താൽ അദ്ദേഹം വേർപിരിഞ്ഞ കാലമായതുകൊണ്ടായിരിക്കാം അങ്ങിനെ ചെയ്തതു്. എങ്കിലും അതു് അദ്ദേഹത്തിന്റെ വലിപ്പത്തിനു ചേർന്നതാണോ എന്നു ശങ്കിക്കുന്നവർ പലരുമുണ്ടു്."



എൻ. എസ്. എസ്. കാളേജസ് സെൻട്രൽകമ്മിററി സെക്രട്ടറി
ശ്രീ: പി. ആർ. പരമേശ്വരപ്പണിക്കർ

ജീവിതസ്മരണകൾ ആരംഭിക്കുന്ന ആദ്യവാചകത്തിൽ വായനക്കാരെ പരിചയപ്പെടുത്തുന്ന "പാവപ്പെട്ട അമ്മയെ" വലതുവശത്തിരുത്തി പ്രസിഡൻറിന്റെ സമീപത്തിരുന്നുകൊണ്ടു് ഷഷ്ട്യബ്ദപൂർത്തിദിനത്തിൽ സർവീസ്സൊസൈററി സമർപ്പിച്ച മംഗളപത്രം വാങ്ങുമ്പോൾ മന്നത്തിന്റെ ഹൃദയത്തിൽക്കൂടി ഒരു മിന്നൽപോലെ പാഞ്ഞുപോയ ഈ ചിന്ത അദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ളതു് പൂർവസ്മരണകളുള്ളവർക്കു് അല്പമെങ്കിലും ഗൽഗദത്തോടുകൂടിയല്ലാതെ വായിക്കാവുന്നതല്ല. മി: മന്നത്തിന്റെ ഹൃദയമഹത്വത്തിനു് ഇതിൽക്കവിഞ്ഞ തെളിവുകൾ ആവശ്യമില്ലല്ലോ.

വ്യക്തിപരമായ ഒരു സ്മരണകൂടി രേഖപ്പെടുത്തിയിട്ടു് ഈ ലേഖനമവസാനിപ്പിച്ചുകൊള്ളാം. കഴിഞ്ഞ 20 വർഷങ്ങളിലെ രാഷ്ട്രീയപ്രവർത്തനങ്ങൾക്കിടയ്ക്കു് ഒട്ടുവളരെ വ്യക്തിവിദ്വേഷങ്ങളും കുടിപ്പകകളും വൈരനിര്യാതനങ്ങളും അധികാരമത്സരങ്ങളും കൃതഘ്നതയും അല്പത്വങ്ങളും എനിക്കു് നേരിട്ടു കാണുവാനും അനുഭവപ്പെടുവാനും അവസരങ്ങളുണ്ടായിട്ടുണ്ടു്. രാത്രി മുഴുവൻ ഉറക്കമിളച്ചിരുന്നു വാദപ്രതിവാദം നടത്തിയതിനുശേഷം സൂര്യന്റെ ചെങ്കതിരുകൾ ജനാലകളിൽക്കൂടി അകത്തുകടക്കുമ്പോൾ തിരുവിതാംകൂറിലെ രാഷ്ട്രീയപ്രവർത്തനങ്ങളിൽ സുദീർഘമായ പങ്കു വഹിക്കയും ചീഫ് മിനിസ്റ്റർപദംവരെ ഉയരുകയുംചെയ്ത ഒരാളെ രാഷ്ട്രീയമായ പകവച്ചുകൊണ്ടു് തെരഞ്ഞെടുപ്പിനു നിർത്താതിരിക്കുവാൻ ഇലക്ഷൻകമ്മിററിയിൽ വോട്ടുചെയ്തു് പരാജയപ്പെടുത്തിയ അത്യുന്നതന്മാരായ രാഷ്ട്രീയനേതാക്കന്മാരെ എനിക്കറിയാം. അവരൊക്കെ അനന്തരകാലങ്ങളിൽ അവരിൽ നിസ്സാരന്മാരും യാതൊരു സേവനചരിത്രമില്ലാത്തവരുമായവരടങ്ങിയ ഭൂരിപക്ഷത്തിന്റെ കൃതഘ്നതമൂലം പുറന്തള്ളപ്പെട്ടതു് വിധിയുടെ വിനോദമല്ലെങ്കിൽ മറെറന്താണ്? 1952-ലെ തെരഞ്ഞെടുപ്പിനുശേഷം രാജ്യസഭയിലേയ്ക്കുള്ള സ്ഥാനാ

ൎത്ഥികളെ തെരഞ്ഞെടുക്കുവാൻ ഇലക്ഷൻകമ്മിററി എറണാകുളത്തു സമ്മേളിച്ചിരിക്കയാണു്. രാജ്യസഭയിലെ സ്ഥാനാൎത്ഥിത്വത്തിനു് ഈ ലേഖകനും ഒരപേക്ഷകനായിരുന്നു. തെരഞ്ഞെടുപ്പുകാലത്തു് അഹോരാത്രം രാജ്യമൊട്ടുക്കു ചുററിത്തിരിഞ്ഞു് പ്രചരണം നടത്തിയതിനു് ആ ഇലക്ഷൻകമ്മിററിയിലെ അത്യുന്നതന്മാരായ നേതാക്കന്മാരുടെ അഭിനന്ദനത്തിനു് ഞാൻ പാത്രമായിരുന്നതുകൊണ്ടു് എന്റെ സ്ഥാനാൎത്ഥിത്വത്തെപ്പററി കാൎയ്യമായ ആശങ്കകൾക്കു് വകയുണ്ടായിരുന്നില്ല. രണ്ടു് അംഗങ്ങളെമാത്രം തെരഞ്ഞെടുക്കുവാനുള്ള അംഗസംഖ്യയേ കാൺഗ്രസ്സിനന്നു നിയമസഭയിലുണ്ടായിരുന്നുള്ളു. തിരുവിതാംകൂറിലെ ദേശീയപ്രസ്ഥാനത്തോടന്നുവരെ യാതൊരു ബന്ധവുമില്ലാതെ സർ സി. പി. യുടെ കിങ്കരനായി പ്രവൎത്തിച്ചിരുന്ന ഒരാളെ അദ്ദേഹത്തിന്റെ ധനശക്തിയോടു കൃതജ്ഞതരേഖപ്പെടുത്തുവാൻവേണ്ടിമാത്രം രാജ്യസഭയിലയയ്ക്കണമെന്നായിരുന്നു ഈ നേതാക്കൾ നിശ്ചയിച്ചിരുന്നതു്. എന്നാൽ അതു പുറത്തുപറയുവാനുള്ള ധൎമ്മധീരത അവൎക്കുണ്ടായിരുന്നില്ല. അന്നത്തെ കമ്മിററിമീററിംഗിൽ ശ്രീ: മന്നത്തു പത്മനാഭനും സന്നിഹിതനായിരുന്നു. അദ്ദേഹത്തിനു് ഈ ഗൂഢതന്ത്രങ്ങളെപ്പററി അറിവുണ്ടായിരുന്നോ എന്നെനിക്കറിഞ്ഞുകൂടാ. ഇലക്ഷൻകമ്മിററിയിലെ പ്രമുഖാംഗവും ധനാഢ്യന്റെ അനുകൂലിയുമായിരുന്ന ഒരാൾ സ്ഥാനാൎത്ഥികളുടെ പേരുകൾ കൈവിരലിൽ മടക്കുവാനാരംഭിച്ചു. ഓരോ പ്രാവശ്യവും അദ്ദേഹം വിരൽമടക്കുമ്പോൾ ശ്രീ: മന്നത്തു പത്മനാഭൻ എന്റെപേർ ആവൎത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു. ഒരിക്കൽപ്പോലും നേതാവിന്റെ സ്ഥാനാൎത്ഥിയുടെപേർ ആരും ഉച്ചരിച്ചതുമില്ല ആ നാമധേയം ആരെങ്കിലും ഉച്ചരിക്കുമെന്നു് വ്യാമോഹിച്ചു് നേതാവു് പലവട്ടം വിരലുകൾ മടക്കിനോക്കി. ഓരോപ്രാവശ്യവും മന്നത്തു പത്മനാഭൻ എന്റെപേർ ആവൎത്തിച്ചു് ആ ശ്രമം പരാജയപ്പെടുത്തി. ആ നേതാവോടൊന്നിച്ചു 15 വൎഷം ഞാൻ കാൺഗ്രസ്സിൽ പ്രവൎത്തിച്ചിരുന്നു അന്നൊക്കെ അമിതമായ സ്നേഹവാത്സല്യങ്ങൾ അദ്ദേഹം എന്നോടു പ്രദൎശിപ്പിച്ചിട്ടുണ്ടു്. ശ്രീ: മന്നത്തു പത്മനാഭനെ ഒരു രാഷ്ട്രീയപ്രതിയോഗിയായിട്ടാണു ഞാൻ പരിഗണിച്ചിരുന്നതു്. ജീവിതകാലംമുഴുവൻ നീചനായ ഒരു ശത്രുവെന്നെന്നെ അദ്ദേഹം പരിഗണിക്കുവാൻ ഇടനൽകത്തക്കവണ്ണം അത്ര പരുഷവും നിൎമ്മൎയ്യാദവുമായ ശൈലിയിൽ ഞാൻ അദ്ദേഹത്തെ വിമൎശിച്ചിട്ടുണ്ടു്. അതിനുശേഷം എന്റെ മുഖത്തുനോക്കുവാൻപോലും അദ്ദേഹം ഒരുങ്ങിയില്ലെങ്കിൽ അതിനു പരാതിപ്പെടുവാൻ യാതൊരവകാശവും എനിക്കുണ്ടായിരിക്കയില്ല എന്റെ സ്ഥാനാൎത്ഥിത്വത്തെ അനുകൂലിക്കുവാൻ അദ്ദേഹത്തിനു കടപ്പാടില്ല. അതിലേയ്ക്കു ഞാൻ അദ്ദേഹത്തെ സമീപിച്ചിരുന്നുമില്ല. വ്യക്തിവൈരാഗ്യങ്ങൾക്കു അദ്ദേഹത്തിന്റെ ഹൃദയത്തിൽ സ്ഥാനമില്ല. രാഷ്ട്രീയമായ വിമൎശനങ്ങളും വാദപ്രതിവാദങ്ങളും ഉള്ളിലടക്കിവച്ചുകൊണ്ടു പകരംവീട്ടുവാനുള്ള അല്പത്വവും അദ്ദേഹത്തിനില്ല. ആ മഹാമനസ്കതയുടെ മുൻപിൽ എന്റെ നയനങ്ങളിൽനിന്നു് താനേ അടൎന്നുവീണ രണ്ടു കണ്ണുനീർത്തുള്ളികൾ കാഴ്ചവച്ചതിനുശേഷം അദ്ദേഹത്തിന്റെ ഹിമവാനുതുല്യമായ ഹൃദയവലിപ്പത്തെപ്പററി അത്ഭുതപ്പെട്ടുകൊണ്ടും എന്റെ യുവസഹജമായിരുന്ന സാഹസികത്വത്തെപ്പററി പശ്ചാത്തപിച്ചുകൊണ്ടുമാണു് ഞാൻ ആ രംഗത്തുനിന്നു് നിഷ്ക്രമിച്ചതു്.

# വിദ്യാപീഠം

പന്മന, രാമചന്ദ്രൻനായർ എം. എ.

ഇക്കലാസൗധത്തിന്റെ
മുന്നിൽ ഞാൻ നിൽക്കുന്നേരം-
മുൽക്കടാഭിമാനത്താ-
ലെൻകരൾ വിരിയുന്നു.
നവ്യമാമനുഭൂതി-
യാന്നൊരെന്നന്തർന്നേത്രം
ദിവ്യമാംസാങ്കല്പിക-
മേഖല ദർശിക്കുന്നു.
ഉജ്ജ്വലദ്യുതിയാൎന്നു
കൂമ്പിയ മിഴികളു-
മുൾക്കുളിരൊഴുക്കുമാ-
റുയരും വലംകയ്യും
രജതാഭമാം ദീർഘ-
ശ്മശ്രുജാലവും പൂജാ-
കുസുമാദ്ര്യലംകൃത-
രൂപസംവിധാനവും
നാരാചരേഖാപ്ലിത-
വിജ്ഞാനവിഭൂതിതൻ-
ധാരകൾ ധരിക്കുന്ന
വാമഹസ്തവുമായി
ഭദ്രപീഠത്തിൽ വാഴ്‌വൂ
ധന്യനാം ഗുരുദേവൻ
ഭക്തിയിലലിഞ്ഞപോൽ
മംഗലദീപംനില്ക്കെ
ഗുരുവിൻ പാദങ്ങളിൽ
സാഷ്ടാംഗപ്രണാമംചെ-
യ്കുരുളും പൈതൽപ്പൂണ്ണേ!
നിന്നിൽ ഞാൻ ലയിക്കുന്നു!!

Tel: Address: "SOCIETY" Phone No. 528.

# THE ALLEPPEY CENTRAL COIR MARKETING CO-OPERATIVE SOCIETY LTD., No. 1,

ALLEPPEY.

*AIDED BY THE CENTRAL & KERALA STATE GOVERNMENTS.*

Functions to promote the development of the Coir Industry of the State.

**MEMBER SOCIETIES TO SUPPLY GENUINE QUALITIES**

**In Potential Producing Centres.**

*Stockists & Exporters of All Varieties of*

**COIR YARN AND OTHER COIR GOODS.**

- MOST RELIABLE.
- UNDISPUTED QUALITY.
- MODERATE RATES.

കേരളത്തിൽ കൈത്തറിവസ്ത്രങ്ങൾ ഉല്പാദിപ്പിച്ച് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി അനവരതം പോരാടിക്കൊണ്ടിരിക്കുന്ന അനേകായിരം കൈത്തറിനെയ്ത്തുകാരെ ഓക്കുക !

## കൈത്തറിത്തുണികൾ വാങ്ങി കൂടിൽ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുക!

- കൈത്തറിത്തുണികൾ ആകർഷണീയത, ഈട്, ഉറപ്പ് ഇവയ്ക്കു മെച്ചം
- കൈത്തറിത്തുണികൾക്ക് വില്പനനികുതി ഈടാക്കുന്നില്ല
- കൈത്തറിത്തുണി വാങ്ങുന്ന എല്ലാപേക്കും രൂപായ്ക്കു് 6 നയേപൈസ റിബേററ് നൽകിവരുന്നു

**എല്ലാവരും കൈത്തറി വസ്ത്രങ്ങൾ ഉപയോഗിക്കുക!**

**Inserted by the Department of Handlooms, Kerala State.**

# മഹാത്മാഗാന്ധികാളേജ്

— മന്നത്തു പത്മനാഭൻ —

എൻ. എസ്. എസ്. കാളേജിനുവേണ്ടി ഗവൺമെൻറിൽനിന്നും തിരുവനന്തപുരത്തു് ഒഴിപ്പിച്ചെടുത്ത 46 ഏക്കർ സ്ഥലമാണു് ഞാൻ ആദ്യമായി ഏററുവാങ്ങിയതു്. അവിടെ സ്ഥാപിക്കുന്ന കാളേജിനു് മഹാത്മാഗാന്ധികാളേജ് എന്നു് പേരിടാൻ നേരത്തേതന്നെ തീരുമാനിച്ചിരുന്നു. അവിടെ കാളേജുപണിക്കും ഭരണത്തിനുമായി സർവീസ്സൊസൈററി ഡയറക്ടർ ബോർഡു് ഒരു ചെറിയ കമ്മിററി രൂപീകരിച്ചു. അതിൻെറ ജോയിൻറ കൺവീനറായി കളത്തിൽ വേലായുധൻനായരേയും കൊച്ചിക്കൽ ബാലകൃഷ്ണൻതമ്പിയേയും (മാവേലിക്കര) നിശ്ചയിച്ചു. ട്രഷററായി ഡാ: പി. ആർ. നാരായണൻനായരേയും. പ്രസിഡൻറു് എൻ. എസ്. എസ്. പ്രസിഡൻറായ എൻ. ഗോവിന്ദമേനോൻ തന്നെയായിരുന്നു. ആ കമ്മിററിയുടെ പ്രവർത്തനത്തിലും ഞാൻ പങ്കാളിയായിരുന്നു. പണച്ചെലവും പണച്ചുമതലയും ഡാ: നാരായണൻനായർ നിർവ്വഹിച്ചു. കാളേജിനുവേണ്ടി കിട്ടിയ ഭൂമിയിലെ പ്രധാന കുന്നുംപുറം നിരത്തി കാളേജ്കെട്ടിടംപണിക്കുള്ള ഒരുക്കമാരംഭിച്ചു. ഒരു ഇൻഡ്യൻനേതാവിനെ വരുത്തി ശിലാസ്ഥാപനം ചെയ്യിക്കാനും തീരുമാനിച്ചു. കാളേജ്പണി പൂർത്തിയായിട്ടു് പഠിത്തമാരംഭിക്കാൻ കാലതാമസം നേരിടുമെന്നുള്ളതുകൊണ്ടു് തിരുവനന്തപുരം ടൗണിൽ ഒരു കെട്ടിടം വാടകയ്ക്കെടുത്തു് ആ കൊല്ലംതന്നെ — 1948 ജൂണിൽത്തന്നെ — കാളേജ് ആരംഭിക്കണമെന്നു് എല്ലാവർക്കും നിർബന്ധമുണ്ടായി. കാളേജിനുപററിയ ഒരു വീടുകിട്ടുന്നതു് അത്ര എളുപ്പമുള്ള കാര്യമല്ലല്ലോ. കഷ്ടിച്ചു് ഒരു വീടു് കണ്ടുപിടിച്ചു. ശ്രീമൂലംതിരുനാൾ മഹാരാജാവിൻെറ അമ്മച്ചിക്കു് തിരുമനസ്സുകൊണ്ടു് പണിയിച്ചുകൊടുത്ത വടശ്ശേരിഅമ്മവീടു് അപ്പോൾ ആൾപാർപ്പില്ലായിരുന്നു. വലിയ രണ്ടു് നാലുകെട്ടുകളും അതിനോടനുബന്ധിച്ചു് മററു ചില കെട്ടിടങ്ങളും മൂന്നു മാളികകളും ചില ഉപഗൃഹങ്ങളും ഉൾപ്പെട്ടതാണു്, ആ അമ്മവീടു്. ആ ഭവനങ്ങൾ ഇരിക്കുന്നതു് 6 ഏക്കർ തെങ്ങുംതോപ്പിലാണു്. അതിൻെറ ഉടമസ്ഥൻ ശ്രീമൂലംതിരുനാളിൻെറ പൗത്രിയുടെ പുത്രൻ വേലായുധൻതമ്പിയാണു്. അദ്ദേഹം ഒരു മൈനർ ആയിരുന്നതുകൊണ്ടു് അദ്ദേഹത്തിൻെറ രക്ഷകർത്താവും അച്ഛനുമായ പൂഞ്ഞാററുകോയിക്കൽ രാമവർമ്മരാജാവിനെക്കണ്ടു് ആവശ്യം അറിയിച്ചു. അദ്ദേഹം ഞങ്ങളുടെ ഒരു മിത്രവുംകൂടിയായിരുന്നതുകൊണ്ടു് ആണ്ടിൽ രണ്ടായിരം ക. പാട്ടത്തിനും വാടകയ്ക്കുമായി ആവശ്യമുള്ളകാലത്തേയ്ക്കു് ആ സ്ഥലം വിട്ടുതന്നു. മിക്കവാറും സ്ഥലസൗകര്യങ്ങൾ ഉണ്ടായിരുന്നെങ്കിലും വലിയ ക്ലാസ്സിടാനുള്ള നീണ്ട മുറികൾ ഇല്ലായിരുന്നു. ഉടനെതന്നെ ആവശ്യമുള്ള താൽക്കാലികകെട്ടി



വടശ്ശേരി അമ്മവീട്ടിൽ ലക്ഷ്മിപ്പിള്ളകൊച്ചമ്മ

ടങ്ങൾ ഉണ്ടാക്കിയും കുഴൽവെള്ളവും ഇലക്ട്രിക്ക് ലൈററും കൂട്ടിയിണക്കുകയുംചെയ്തു. അഹോരാത്രം മഴയായിരുന്നതുകൊണ്ട് നിശ്ചയിക്കപ്പെട്ടസമയത്തു് എല്ലാം പൂർത്തിയാക്കുന്നതിന് ഡാ: നാരായണൻനായർ വളരെ ക്ലേശിക്കേണ്ടിവന്നു.

മുൻനിശ്ചയപ്രകാരം ആദ്യത്തെ ജനകീയമന്ത്രിസഭയിലെ മുഖ്യമന്ത്രിയായ പട്ടം താണുപിള്ള ഒരു ബഹുജനസദസ്സിൽവച്ച് ആ കാളേജ് ഉൽഘാടനംനടത്തി. അതു് 1948 ജൂണിലാണ്. മൂന്നു മന്ത്രിമാരും മിക്ക ഉദ്യോഗസ്ഥന്മാരും ധാരാളം സ്ത്രീപുരുഷന്മാരും യോഗത്തിൽ സംബന്ധിച്ചിരുന്നു. പി ബാലകൃഷ്ണൻതമ്പി സ്വാഗതവും ഞാൻ കൃതജ്ഞതയും പറഞ്ഞു. യോഗത്തിനുമുമ്പുള്ള സുമുഹൂർത്തത്തിൽ ആദ്യത്തെ പ്രിൻസിപ്പലായ കെ. ആർ. കൃഷ്ണയ്യർ ഏതാനും കാളേജുവിദ്യാർത്ഥികളെ ഇരുത്തി നിറ പറയും വിളക്കുംവച്ച് 'വിദ്യാരംഭം' നടത്തി. കൃഷ്ണയ്യർ ഇവിടത്തെ സയൻസ്കാളേജിൽ പ്രഫസറായി ഇരുന്നു് പെൻഷൻപററിയ പേരുകേട്ട ഒരു ഗുരുനാഥനാണ്. അദ്ദേഹത്തിൻെറ ഭരണത്തിൽ കാളേജ് ഭംഗിയിൽ നടന്നു.

കാളേജ്മരാമത്തുകളുടെ എല്ലാം മേൽനോട്ടത്തിനു പി. ഡബ്ളിയു. ഡി ഓവർസീയറും ശേഷിമാനും സത്യവാനുമായ പന്തളം തട്ടയിൽ എൻ. രാമക്കുറുപ്പിനെ എൻ. എസ്. എസ്. എഞ്ചിനീയറായി നിയമിച്ചു. അദ്ദേഹത്തിൻെറതാഴെ ഏതാനും സൂപ്രവൈസർമാരും ഉണ്ടായിരുന്നു. എം. ജി. കാളേജിൻേറയും മററു കാളേജുകളുടേയും പ്ലാൻ ഉണ്ടാക്കിത്തന്നതും സ്ഥാനനിർണ്ണയംചെയ്തതും ഡ്രാഫ്ററുമാൻ കെ പി. നീലകണ്ഠൻനായരാണ്. പഠിപ്പിലുംകവിഞ്ഞ ശേഷി, പരിചയസമ്പന്നനായ അദ്ദേഹത്തിന് വാസനാജനകമായിത്തന്നെയുണ്ട്. ഈ പത്തുകൊല്ലത്തിനിടയിൽ അദ്ദേഹം സർവ്വീസ്സൊസൈററിക്കുവേണ്ടിചെയ്ത സേവനം അമൂല്യമാണ് എം. ജി കാളേജിനുവേണ്ടവിദഗ്ദ്ധോപദേശം ചെയ്തതും ആവശ്യമുള്ളപ്പോൾ വന്നു മേൽനോട്ടം വഹിച്ചതും എക്സി: എജിനീയറായിരുന്ന കോട്ടയം കെ. എൻ. ഗോവിന്ദപ്പിള്ളയായിരുന്നു. എം. ജി. കാളേജിൻെറ പണി വളരെ വേഗം പുരോഗമിച്ചുകൊണ്ടിരുന്നു. പൊതുവേ രണ്ടുനിലയും ഒരു ഭാഗത്തു് മൂന്നുനിലയും മദ്ധ്യത്തിൽ സ്തൂപികയുൾപ്പെടെ അഞ്ചുനിലയുമുള്ള ഒരു കെട്ടിടം മുഴുവൻ കരിങ്കല്ലുകൊണ്ടു് കെട്ടിയതാണ്. തേക്കുകൊണ്ടുള്ള മരപ്പണിയല്ലാതെ കാണുകയില്ല. മേൽക്കൂരയില്ലാത്ത ആ കെട്ടിടത്തിൻെറ തട്ടുകളെല്ലാം കമ്പിയും സിമൻറും മെററലുംകൊണ്ടു് വാർത്തതാണ്. ഒരുവിധം തുടർന്നുതന്നെ പണി നടന്നുകൊണ്ടിരുന്നിട്ടും പൂർത്തിയാകാൻ 10 കൊല്ലം വേണ്ടിവന്നു. ബാക്കിയുള്ള ചില്ലറപ്പണികളുംകൂടിതീർന്നിട്ട് 1958 ഏപ്രിൽമാസത്തിൽ ഉൽഘാടനംചെയ്യണമെന്നാണ് എൻ. എസ്. എസ്. മേധാവികളുടെ ആഗ്രഹം. അതിനുള്ള ജോലി ദ്രുതഗതിയിൽ നടക്കുന്നു ഈ മഹാസ്ഥാപനത്തിൻെറ ശിലാസ്ഥാപനം ചെയ്തതു് ഇൻഡ്യൻ ഗവർണ്ണർ ജനറലായിരുന്ന ശ്രീ: രാജഗോപാലാചാരിയാണ്. അന്നു് അദ്ദേഹം ഗവർണ്ണർ ജനറലായിരിക്കുന്ന കാലമാണ്. 1948 ആഗസ്റ്റ് 22-ാംതീയതിയാണ് ശിലാസ്ഥാപനം ചെയ്തതു്. ഉൽഘാടനവും ലോകപ്രശസ്തനായ ഒരു ഇൻഡ്യൻനേതാവിനെക്കൊണ്ടുതന്നെ നടത്തിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. കാളേജിൻെറ മുൻവശത്തു് 30 അടിയോളം പൊക്കമുള്ള ഒരു കുന്നുണ്ട്. അതു താഴ്ത്തി നിരപ്പാക്കി



ശ്രീ. പി. വേലായുധൻതമ്പി



ശ്രീ. കൊച്ചിക്കൽ പി. ബാലകൃഷ്ണൻതമ്പി



മഹാത്മാഗാന്ധികാളേജ് പ്രിൻസിപ്പാൾ ശ്രീ. എ. വെങ്കിടാചലം

പരിഷ്കൃതനിലയുണ്ടാകുന്ന സ്റ്റേഡിയം തീർന്നുകഴിയുമ്പോൾ അതു് എം. ജി. കാളേജ്പോലെതന്നെ തെക്കേ ഇൻഡ്യയിലുള്ള ഒന്നാംതരം ഒരു സ്റ്റേഡിയവും ആയിരിക്കുന്നതാണു്. മാതൃകാപരമായുണ്ടാക്കിയിട്ടുള്ള ഓപ്പൺ എയർ തിയേറ്ററും ഗ്യാലറിയും അതിനു പിന്നിൽ എത്ര അധികം ആളുകൾ വന്നാലും തിരക്കില്ലാതെ ഇരിക്കത്തക്കവണ്ണം നീണ്ടുനിവന്നു കിടക്കുന്ന വിശാലമായ മുറ്റവും എല്ലാംകൂടി കണ്ടാൽ മഹാത്മാഗാന്ധിയുടെ മഹിമയ്ക്കുതക്ക ഒരു ശാശ്വതസ്മാരകമാണതു് എന്നു് ആരും സമ്മതിക്കും. കാളേജിന്റെ നാലുവശവും ദർശനവശങ്ങളാണു്. കാളേജിന്റെ ദർശനം പടിഞ്ഞാറുവശം എന്ന സങ്കല്പത്തിൽ ഉണ്ടാക്കിയിട്ടുള്ളതാണെന്നു് പ്രഥമദൃഷ്ടിയിൽത്തന്നെ തോന്നുമെങ്കിലും കിഴക്കുവശത്തു് മൂന്നു നിലയിൽ വർത്തുളാകൃതിയിൽ പണിചെയ്തിട്ടുള്ള അസംബ്ലിഹാളിന്റെ മുൻവശം മറ്റൊരു ഭാഗത്തിനുമില്ലാത്ത ദർശനീയത നൽകിയുംകൊണ്ടു് നമ്മുടെ കണ്ണുകളെ കുളിർപ്പിക്കുന്നുണ്ടു്. കാളേജിന്റെ ആകെ നീളം 460 അടിയാണു്. കിഴക്കോട്ടു് അഞ്ചും പടിഞ്ഞാറോട്ടു് അഞ്ചും നീണ്ട വിങ്ങ്കളും, തെക്കോട്ടും വടക്കോട്ടും ഈരണ്ടു് പോർട്ടിക്കോകളും ഉണ്ടു്. ആകെയുള്ള മുറികൾ 105 ആണു്. അവയെല്ലാംകൂടി 69039 ചതുരശ്രഅടി വിസ്തീർണ്ണംകാണും. സൈക്കിൾ വയ്ക്കുന്നതിനും മോട്ടോർകാർ ഇടുന്നതിനും ആയി 5112 ച: അടി വിസ്തീർണ്ണമുള്ള 14 മുറികൾ ഉണ്ടു്. മെയിൻ റോഡിൽനിന്നു് സ്റ്റേഡിയത്തിലേയ്ക്കു 40 അടി പൊക്കവും അവിടെനിന്നും 40 അടി പൊക്കമുള്ള കാളേജ് റോഡിൽനിന്നും മുറ്റത്തേയ്ക്കു് 18 അടി പൊക്കവുമുണ്ടു്. മുറ്റത്തുനിന്നും മണിമാളികയുള്ള സ്തൂപികയുടെ മുകളിലേയ്ക്കു് 100 അടി പൊക്കമാണുള്ളതു്. കുഴൽവെള്ളം കാളേജിന്റെ മുകളിൽ ചെല്ലണമെങ്കിൽ പ്രത്യേകം പമ്പിംഗ്‌വ്യവസ്ഥ ഉണ്ടായിരിക്കണം. അത്രയ്ക്കു പൊക്കംകൂടിയ സ്ഥലത്താണു് കാളേജ് നില്ക്കുന്നതു്. 200 ഓളം വിദ്യാർത്ഥികൾക്കു് താമസിക്കത്തക്ക സൗകര്യത്തിൽ രണ്ടുനിലയിൽ പണിയുന്ന വിദ്യാർത്ഥിസത്രം കാളേജ് ഉൽഘാടനത്തിനുമുൻപു തന്നെ തീരുന്നതാണു്. അപ്പോൾ സമ്പൂർണ്ണസൗകര്യവും ഭംഗിയുമുള്ള നമ്മുടെ വക ഒരു മഹൽസ്ഥാപനം തിരുവനന്തപുരംപട്ടണത്തിനു് മകുടംചാർത്തിക്കൊണ്ടു് നില്ക്കുമെന്നു നമുക്കു് അഭിമാനിക്കാം. ഈ കാളേജിന്റെ മരാമത്തുകൾക്കു് ഇതുവരെ 20 ലക്ഷം ക. ചെലവായിക്കാണും. ഔദാര്യവാന്മാരായ പലരുടെ സംഭാവനയും സാമാന്യജനങ്ങളിൽനിന്നു് ചെറുരൂപത്തിൽ ശേഖരിച്ച സംഖ്യയും ഗവമ്മെന്റിന്റെയും ദേവസ്വം ബോർഡിന്റെയും ഗ്രാന്റുകളുമാണു് കാളേജ്പണിക്കു ലഭിച്ച പ്രധാനവരവുകൾ. ആദ്യത്തെ വാഗ്ദാനക്കാരായ 10,000 ക ക്കാരെ ജയിച്ചുകേറാൻ ഒരു വനിതാരത്നം മാത്രമേ ഉണ്ടായിരുന്നുള്ളു. അതു് തിരുവനന്തപുരത്തു് പെരുന്താന്നിയിൽ വടശ്ശേരി അമ്മവീട്ടിലെ ലക്ഷ്മിപ്പിള്ളകൊച്ചമ്മയാണു്. അവരുടെ വലിയച്ഛനായ തിരുവട്ടാറു് അമ്മവീട്ടിലെ ശങ്കരൻതമ്പിയുടെ സ്മാരകമായി മഹാത്മാഗാന്ധികാളേജിന്റെ മദ്ധ്യഭാഗത്തു് കിഴക്കോട്ടു ദർശനമായി ഒരു ലൈബ്രറിഹാൾ കെട്ടുന്നതിനു് 50,000 ക. സംഭാവന ചെയ്യാമെന്നു് അവർ വാഗ്ദാനംചെയ്തു. ഇത്ര വലിയ സംഖ്യ കേരളത്തിൽ ആരുംതന്നെ ഒരു പൊതുസ്ഥാപനത്തിനു് ഇതുവരെ സംഭാവന ചെയ്തതായി അറിയപ്പെട്ടിട്ടില്ല. പരിഷ്കൃതയും ചെറുപ്പക്കാരിയുമായിരുന്ന ആ മഹതി വായനശാലകൾക്കും ആശുപത്രികൾക്കും ആശ്രമങ്ങൾക്കും മററുമായി വലിയ സംഖ്യകൾ ഇതിനുമുൻപുതന്നെ സംഭാവന ചെയ്തിട്ടുണ്ടു്. സംസ്കാരസമ്പന്നയായ ആ മഹതി 50,000 ക. യും ലൈബ്രറിയുടെ പണിക്കു് ഉപ

# *സവർണ്ണജാഥ

മുൻനിശ്ചയമനുസരിച്ച് തുലാമാസം 16-ാം തിയതി രാവിലെ ആറുമണിക്ക് ക്ഷേത്രപ്രവേശനജാഥ നായർസർവീസ്സൊസൈററിയുടെ ജനറൽസെക്രട്ടറിയായ മന്നത്തു പത്മനാഭപിള്ളയുടെ സർവ്വസൈന്യാധിപത്യത്തിൻകീഴിൽ വൈക്കം ക്ഷേത്രസന്നിധിയിൽനിന്നു കാൽനടയായി രാജധാനിയിലേക്കു പുറപ്പെട്ടു. വൈക്കത്തുനിന്നും പുറപ്പെട്ടപ്പോൾ കേരളത്തിൻെറ നാനാഭാഗങ്ങളിൽനിന്നുമായി 150 അംഗങ്ങളാണു് ജാഥയിൽ ഉൾപ്പെട്ടതു്. മെ: കേളപ്പൻ, എടമനാട്ടു പത്മനാഭമേനോൻ, എം. എൻ. നായർ, പ്രാക്കുളം പരമേശ്വരൻപിള്ള, കെ. പി. കേശവമേനോൻ, കൃഷ്ണസ്വാമിഅയ്യർ, കെ. ജി. കുഞ്ഞുകൃഷ്ണപിള്ള, കണ്ണന്തോട്ടത്തു വേലായുധമേനോൻ മുതലായവരെ മന്നത്തു പത്മനാഭപിള്ളയുടെ സർവ്വാധിപത്യത്തിൻകീഴിൽ ഉപനായകന്മാരായി നിയമിച്ചിരുന്നു. ദേശീയപതാകകളും കൊടിതോരണങ്ങളും ഉചിതമായ മുദ്രാവാക്യങ്ങളുമെഴുതിയ പ്ലക്കാർഡുകളും വഹിച്ചുകൊണ്ടു് ജാഥാംഗങ്ങൾ സാവധാനം അണിനിരന്നു. സൂര്യോദയത്തിനുമുമ്പുതന്നെ ക്ഷേത്രപരിസരങ്ങളിൽ വന്നുകൂടിയിരുന്ന ബഹുസഹസ്രം ജനങ്ങൾ ഈ തീർത്ഥാടകന്മാർക്കു യാത്രാനുമതി നൽകി ജാഥയുടെ സർവ്വസൈന്യാധിപൻ സൈനികരീതിയിൽ ചില സംജ്ഞകൾ നൽകി. ഉപനായകന്മാർ അണികൾ ശരിപ്പെടുത്തി ജാഥാംഗങ്ങൾ മന്ദമന്ദം മുന്നോട്ടു നീങ്ങിത്തുടങ്ങി. ആ വൻപിച്ച പുരുഷാരം അവരെ അനുഗമിച്ചു. ആ ഘോഷയാത്രയുടെ മുൻഭാഗത്തു് ജയജയാരാവതരംഗിതനായി ആ മാനവപാരാവാരത്തിൻെറ അഗ്രിമനേതാവായി ഉത്കൃഷ്ടമായ പാരമ്പര്യങ്ങളുടെയും വീരോചിതമായ ചരിത്രസംഭവങ്ങളുടെയും അവകാശികളായ നായർസമുദായത്തിൻെറ അഭിമാനപാത്രമായി സഞ്ചരിച്ചിരുന്നതു് മി: മന്നത്തു പത്മനാഭപിള്ളയായിരുന്നു.

ഒരു ക്രിമിനൽവക്കിൽ എന്ന നിലയിൽ ജീവിതമാരംഭിച്ച ഈ സ്വതന്ത്രചിത്തൻ അധികാരപ്രമത്തനും സ്വേച്ഛാധികാരിയുമായിരുന്ന ഒരു ന്യായാധിപനെ പരസ്യമായി അവഹേളിച്ചതിനുശേഷം നിയമജീവിതത്തിൽനിന്നു വിരമിച്ചു് സമുദായസേവനം ജീവിതവ്രതിയായി അംഗീകരിക്കുകയാണുചെയ്തതു്. നായർസമുദായാംഗങ്ങൾക്കു കണ്ണുകൾകൊണ്ടു കാണുവാനും കൈകൾകൊണ്ടു സ്പർശിക്കുവാനും ഹൃദയംകൊണ്ടു് അഭിനന്ദിക്കുവാനും പര്യാപ്തങ്ങളായ വിലപിടിച്ച പല പൊതുസ്ഥാപനങ്ങളും നിർമ്മിച്ചതിനെപ്പററി മി: മന്നത്തിനും അദ്ദേഹം ജനറൽ സെക്രട്ടറിയായിരിക്കുന്ന നായർസർവീസ്സൊസൈററിക്കും സ്വയം അഭിമാനിക്കുവാൻ ധാരാളം വകയുണ്ടു്. മി: മന്നത്തിൻെറ കാര്യശേഷിയും സംഘടനാചാതുര്യവും വാഗ്‌വിലാസവും അനന്യസാധാരണമാണു്. ഒരു ക്രിമിനൽവക്കീലെന്ന നിലയിൽ അല്ല സർവീസ്സൊസൈററിയുടെ ജനറൽ സെക്രട്ടറി എന്ന നിലയിലാണു് അദ്ദേഹം ഇന്നു് പരക്കെ അറിയപ്പെടുന്നതു്. ഒരുകാലത്തു തിരുവിതാംകൂറിൽ മി: മന്നത്തിനു് പങ്കില്ലാത്ത പുരോഗമനപരമായ യാതൊരു പ്രസ്ഥാനവും ഉണ്ടായിരുന്നില്ല. ശ്രോതാക്കളെ ഇളക്കിമറിക്കുന്ന അദ്ദേഹത്തിൻെറ ആവേശജനകമായ പ്രസംഗങ്ങൾകേട്ടു് ആനന്ദിച്ചിട്ടില്ലാത്തവർ തിരുവിതാംകൂറിൽ അപൂർവ്വമാണു്. ജാഥയുടെ സർവ്വസൈന്യാധിപനെന്ന നിലയിൽ തിരുവിതാംകൂറിലെ മിക്കസമുദായങ്ങളുടേയും വിശ്വാസപാത്രമായി ദീനരുടെ സങ്കടപരിഹാരങ്ങൾക്കു് ആത്മബലിയർപ്പിക്കുവാൻ സന്നദ്ധതയുള്ള ത്യാഗസമ്പന്നനായി അവശവർഗ്ഗങ്ങളുടെ ആരാധനാപാത്രമായി രാജ്യമെങ്ങും യശസ്സാർജ്ജിച്ച ഇദ്ദേഹത്തിൻെറ കീർത്തിധവളിമ അതിൻെറ പാരമ്യത്തിൽ എത്തിയിരുന്നതു് ഈ ഘട്ടത്തിലായിരുന്നു.

* (ശ്രീ: സി. നാരായണപിള്ളയുടെ പഴയ ഒരു ലേഖനത്തിൽനിന്നു്.)

---

യോഗപ്പെടത്തക്കവണ്ണം നാലഞ്ചു പ്രാവശ്യമായി തന്നുതീർത്തശേഷം കൃതകൃത്യയായിട്ടാണു് അവർ അകാലത്തിലും യാദൃച്ഛികമായിട്ടും ആണെങ്കിലും ദിവംഗതയായതു്. അവരുടെ അകാലദേഹവിയോഗം കേരളത്തിനും പൊതുസ്ഥാപനപ്രവർത്തകന്മാർക്കും വലിയ നഷ്ടമാണെന്നുള്ള വസ്തുത ഓർക്കുമ്പോൾ കൂടുതൽ കുണ്ഠിതം തോന്നുന്നു. അവരുടെ പുത്രനായ മാധവൻ തമ്പിയെന്ന ഏക സന്താനംമാത്രമേ അവർക്കവകാശിയായിട്ടുള്ളു. ലക്ഷ്മിപ്പിള്ളകൊച്ചമ്മയുടെ ഭർത്താവും കൊച്ചുതമ്പിയുടെ രക്ഷകർത്താവുമായ ജി. വി. ദാസ് എൻെറ പ്രിയസുഹൃത്തും പ്രാപ്തനായ ഒരു സമുദായസ്നേഹിയുമായതുകൊണ്ടു് എൻ. എസ്. എസ്-ൻെറ കാര്യങ്ങളിൽ എല്ലാം ലക്ഷ്മിപ്പിള്ളകൊച്ചമ്മയെപ്പോലെ തല്പരനും സഹായിയും ആയി എൻെറ വലംകയ്യുപോലെ ഇന്നും നില്ക്കുന്നുണ്ടു്. അതിനു മാററംവരാത്തവണ്ണം എന്നെ ആ കുടുംബത്തിലെ ഒരു കാരണവരായിട്ടാണു് അദ്ദേഹവും കൊച്ചുതമ്പിയും സങ്കല്പിച്ചിട്ടുള്ളതും പെരുമാറുന്നതും. കൊച്ചുതമ്പി സമുദായത്തിൻേറയും രാഷ്ട്രത്തിൻേറയും നിധിപോലെ വളർന്നുവരാൻ ഇടയാകണമെന്നാണെൻെറ പ്രാർത്ഥന.



എൻ. എസ്. എസ്. കാളേജ് സെൻട്രൽകമ്മിററിആഫീസ് മാനേജർ
ശ്രീ: പി. രാഘവൻപിള്ള

സവർണ്ണജാഥ തെക്കോട്ടുള്ള സഞ്ചാരമാരംഭിച്ചു. ജാഥാംഗങ്ങൾ സഞ്ചരിച്ചിരുന്ന റോഡുകളിൽ ഇരുഭാഗങ്ങളിലും ജനങ്ങൾ തിങ്ങിക്കൂടിനിന്ന് അവക്കു മംഗളമാശംസിച്ചു. ജനങ്ങൾ അവരെ പുഷ്പമാല്യങ്ങൾകൊണ്ടു മൂടി. കുഗ്രാമങ്ങളിൽപ്പോലും നിറപറയും താലപ്പൊലിയുമായി സ്ത്രീപുരുഷന്മാർ ജാഥാംഗങ്ങളെ സ്വീകരിച്ചു. ജാഥയുടെ സഞ്ചാരമാൎഗ്ഗങ്ങൾ കുരുത്തോലകൊണ്ടും കൊടിതോരണങ്ങൾകൊണ്ടും ആഹ്ലാദഭരിതരായ ജനങ്ങൾ സവിശേഷം അലങ്കരിച്ചു. ഓരോ വിശ്രമഘട്ടങ്ങളിലും വിഭവസമൃദ്ധമായ സദ്യകളും, സർവ്വാണിയും നടത്തി പൗരജനങ്ങൾ സവർണ്ണജാഥയെ ബഹുമാനിച്ചു. ജാതിമതഭേദമെന്യേ ബഹുജനങ്ങൾ അവക്കു സൽക്കാരങ്ങളും സ്വീകരണങ്ങളും ഏർപ്പാടുചെയ്തു. ഓരോ ഗ്രാമങ്ങളിലും പട്ടണങ്ങളിലും ബഹുസഹസ്രം ജനങ്ങൾ യോഗംചേൎന്ന് ജാഥയെ മാനിച്ചു. ജാഥാംഗങ്ങൾ പ്രചരണപരമായ പ്രസംഗങ്ങളും പ്രകടനങ്ങളുംകൊണ്ടു് പൊതുജനാഭിപ്രായത്തെ ഉത്ബുദ്ധമാക്കി. തിരുവിതാംകൂറിൽ അതിനുമുമ്പും പിമ്പും ഇങ്ങനെ ഒരു ജൈത്രയാത്ര നടന്നിട്ടില്ല. രാജ്യമൊട്ടുക്കു് ഈ സംഭവം നവമായ ചൈതന്യവും ഉത്സാഹപ്രസരവും ചേൎത്തു. ജാഥാംഗങ്ങൾ കാൽനടയായി വക്കലയിലെ പുണ്യഭൂമിയിൽ എത്തിച്ചേൎന്നു. ഇവിടെവച്ചു ജാഥാംഗങ്ങൾ വെള്ളവസ്ത്രമുപേക്ഷിച്ചു് പീതവർണ്ണത്തിലുള്ള വസ്ത്രങ്ങൾ ധരിച്ചു. മദ്ധ്യേമാൎഗ്ഗം അനവധി സവർണ്ണനേതാക്കന്മാർ ജാഥായിൽ സംബന്ധിച്ചിരുന്നു. വക്കലവച്ചു മി: ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയും മി: വൈക്കം രാമകൃഷ്ണപിള്ളയും മഞ്ഞവസ്ത്രങ്ങൾധരിച്ചു് ജാഥായിൽ ചേരുകയും അവിടെനിന്നും തിരുവനന്തപുരംവരെ കാൽനടയായി സഞ്ചരിക്കുകയും ചെയ്തു. പത്തുദിവസം തുടൎച്ചയായി സഞ്ചരിച്ചതിനുശേഷമാണു് സവർണ്ണജാഥാ തിരുവനന്തപുരത്തെത്തിയതു്.

ഈ ഘട്ടത്തിൽത്തന്നെ തെക്കൻതിരുവിതാംകൂറിൽ നാഗർകോവിലിൽനിന്നു് ഡാ: എം. ഈ. നായിഡുവിൻേറയും മി: ശിവതാണുപിള്ളയുടേയും നേതൃത്വത്തിൽ മറെറാരു ജാഥാ തുലാമാസം 23-ാംതീയതി വടക്കോട്ടു തിരിച്ചിരുന്നു. ഈ തെക്കൻജാഥയ്ക്കും മദ്ധ്യേമാർഗ്ഗം അതിഗംഭീരങ്ങളായ സ്വീകരണങ്ങൾ ലഭിക്കുകയുണ്ടായി.

രണ്ടുജാഥകളും തുലാമാസം 26-ാംനു- ഏതാണ്ടൊരേസമയംതന്നെ തെക്കും വടക്കുമുള്ള തിരുവനന്തപുരത്തിൻെറ അതിൎത്തിസ്ഥലങ്ങളിൽ പ്രവേശിച്ചു. അഭൂതപൂൎവ്വമാംവണ്ണം അത്ര വൻപിച്ച ഒരു ജനക്കൂട്ടമാണു് അന്നു് തിരുവനന്തപുരംനഗരത്തിൽ സമ്മേളിച്ചിരുന്നതു്. തിരുവനന്തപുരത്തെ നഗരവീഥികൾ അതികമനീയമാംവണ്ണം അലങ്കരിച്ചിരുന്നു പീതവസ്ത്രധാരികളായ അഞ്ഞൂറിൽപ്പരം തീൎത്ഥയാത്രക്കാർ ബഹുസഹസ്രം ജനങ്ങളാലും തിരുവനന്തപുരത്തെ പൗരമുഖ്യന്മാരാലും അനുഗതരായി വടക്കുനിന്നു് നഗരമദ്ധ്യത്തിലേയ്ക്കു് നീങ്ങിയപ്പോൾ 10,000-ൽപ്പരം ജനങ്ങളുടെ അകമ്പടിയോടുകൂടി തെക്കൻജാഥയും പട്ടണത്തിനകത്തുകടന്നു തെരുവീഥികളിൽക്കൂടി മാൎച്ചുചെയ്തു. രണ്ടു ജാഥകളും ഒരേസമയത്തുതന്നെ പുത്തൻകച്ചേരിമൈതാനത്തു എത്തിച്ചേൎന്നു പരസ്പരം സമ്മേളിച്ചു. 25000-ൽപ്പരം ജനങ്ങളാണു് ഈ ഗംഭീരമായ കാഴ്ചകാണുവാൻ അവിടെ കൂടിയിരുന്നതു്. ശ്രീ ചിത്തിരതിരുനാൾമഹാരാജാവുതിരുമനസ്സുകൊണ്ടു് ഈ അവസരത്തിൽ അതുവഴി എഴുന്നള്ളുകയും അനിയന്ത്രിതമായി അലതല്ലിക്കൊണ്ടിരുന്ന ഉത്സാഹത്തിൻെറയും ഉന്മേഷത്തിൻെറയും വിദ്യുൽപ്രവാഹം തൃക്കൺപാൎക്കുകയുംചെയ്തു. അനന്തരം ജാഥാംഗങ്ങളും ഈ മനുഷ്യമഹാസമുദ്രവും ശംഖുംമുഖം കടൽപ്പുറത്തേയ്ക്കു തിരിച്ചു. കടൽപ്പുറത്തുവച്ചു് മി: വി. അച്യുതമേനോൻെറ അദ്ധ്യക്ഷതയിൽക്കൂടിയ ഒരു മഹാസദസ്സ് ജാഥാംഗങ്ങൾക്കു് സ്വാഗതമരുളി. അത്ര വമ്പിച്ച ഒരു സമ്മേളനം അതിനുമുമ്പൊരിക്കലും തിരുവനന്തപുരത്തു് കൂടിയിരുന്നില്ല. സ്വാഗതാശംസയ്ക്കുശേഷം സഞ്ചാരസ്വാതന്ത്ര്യപ്രമേയം സമ്മേളനം അംഗീകരിച്ചു.

"QUEEN'S FOR QUALITY"
BREADS, BISCUITS, CAKES, SWEETS & SWEET'ISHES.
*Specialists for*
X'MAS, NEW YEAR, BIRTHDAY, CHRISTENING AND PRESENTATION CAKES.
THE QUEEN'S BAKERY,
MAIN ROAD • TRIVANDRUM-1.

Phone No. 2784
PLEASE VISIT
↓
AZAD HOTEL
PAZHAVANGADI
TRIVANDRUM.
*Branch:*
QUILON
Phone No. 578

Telephone: 2299. Telegram: "Firefreeze"
THE METROPOLITAN ENGINEERING COMPANY (PRIVATE) LIMITED,
Thampanoor Road, P. B. No. 6, Trivandrum.
MANUFACTURERS OF:
Overhead Line Materials, Gang Operated Air Break Switches, Drop-out Fuse Units, Fire Protection Equipments &c. &c., Electro-plating and Hot-dip Galvanising are also undertaken
DEALERS IN
REMCO P. V. C. Wire & Cables, Manufactured by
N/s. Radio & Electricals Manufacturing Co. Ltd., Bangalore.

നമ്പീശൻസ് ഡി. വി. ഡയറീഫാം
Head Office: MADRAS-28.
ജൂനീസ് ബിൽഡിംഗ്സ്
ചാല, തിരുവനന്തപുരം (Br.)
Phone: 3351.
പരിശുദ്ധമായതും, ശാസ്ത്രീയമായരീതിയിൽ തയ്യാർചെയ്യപ്പെട്ടതുമായ വെണ്ണ, നെയ്യ്, തൈര് എന്നീ ക്ഷീരോല്പന്നങ്ങൾ എപ്പോഴും ഉത്തരവാദിത്വത്തോടെ ഞങ്ങളുടെ സ്ഥാപനത്തിൽ നിന്നും കിട്ടുന്നതാണ്.
കേന്ദ്രഗവമെന്റ് പരിശുദ്ധതയ്ക്ക് സർട്ടിഫൈ ചെയ്ത AGMARK GHEE ഞങ്ങളുടെ ഒരു പ്രത്യേകതയാണ്.

മൂന്നു സിദ്ധൗഷധങ്ങൾ
* ശിവതൈലം —വില്ലൻചുമയ്ക്ക്
* കദളീഖണ്ഡം —അസ്ഥിസ്രാവത്തിന്
* ഉദയഭാസ്കരതൈലം—ത്വക്‌ദോഷത്തിന്.
ഹിന്ദുസ്ഥാൻ ഫാർമസി,
പുത്തൻചന്ത — — തിരുവനന്തപുരം 1.

M/s. Aravinda Jewellery Mart & Watch Works,
T. B. Road :: Kottayam.
Prop:
C. R. Raghavan Pillai.

ശ്രീ
ധന്വന്തരി
മഠം
ആയുർവ്വേദഫാർമസി
പുളിമൂട്,
തിരുവനന്തപുരം–1.

SARMA & SONS
Ayurvedic
Chemists & Druggists
PAZHAVANGADI ★ TRIVANDRUM.

# മഹാത്മാഗാന്ധികാളേജ്

## ഒരനുസ്മരണം

— എൻ. ആർ. കുറുപ്പ് —
എൻ എസ്. എസ്. ഇൻജിനീയർ

ചരിത്രംസൃഷ്ടിച്ച മുതുകുളം കാൺഗ്രസ്സ്സമ്മേളനവും തുടർന്നുണ്ടായ കോളിളക്കങ്ങളും ജയിൽവാസവും, സർ സി പി. രാമസ്വാമിഅയ്യരുടെ വേർപാടും കഴിഞ്ഞു് രാഷ്ട്രീയാന്തരിക്ഷം ശുഭ്രമായതിനുശേഷം നായർസർവ്വീസ് സൊസൈററിക്കുവേണ്ടി തലസ്ഥാനനഗരിയിൽ തിരുവിതാംകൂർസക്കാർ പൊന്നുംവിലയ്ക്കെടുത്തു കൈവശംവച്ചിരുന്ന നാല്പത്തിആറേക്കർ സ്ഥലം അന്നത്തെ ദിവാനായിരുന്ന ശ്രീ: പി. ജി. നാരായണനുണ്ണിത്താൻ എൻ. എസ്. എസ്. പ്രവത്തകരെ ഏൽപ്പിച്ചു. കൊച്ചിക്കൽ ശ്രീ: ബാലകൃഷ്ണൻതമ്പിയുടെ തിരുവനന്തപുരംവസതിയിൽനിന്നും ശ്രീ: മന്നത്തു പത്മനാഭൻ ഇപ്പോഴത്തെ കോളേജ്കുന്നിലുള്ള അതിഥിമന്ദിരത്തിൽ താമസമാക്കി. പെരുന്താന്നിയിലുള്ള വടശ്ശേരി അമ്മവീട്ടിൽ ആരംഭിച്ച എൻ. എസ്. എസ്. കോളേജിനു് സ്വന്തകെട്ടിടമുണ്ടാക്കാനുള്ള പ്രവത്തനത്തിൽ ശ്രീ: മന്നം ജാഗരൂകനായി. ഈ കാലത്താണു് തിരുവനന്തപുരം സിററിയിൽ ഇറിഗേഷൻ സെക്ഷനാഫീസറായി എനിക്കു സ്ഥലംമാററം ലഭിച്ചതു്. സർവ്വീസ്സൊസൈററിയുമായുള്ള ദിർഘകാലബന്ധവും ശ്രീ: മന്നത്തു പത്മനാഭനോടുള്ള ബഹുമാനാദരങ്ങളുംകൊണ്ടു് കോളേജ്കുന്നിൽത്തന്നെ എനിക്കും താമസിക്കുവാനുള്ള ഭാഗ്യമുണ്ടായി.

കോളേജിനാവശ്യമുള്ള ക്ലാസ്സുമുറികൾ, ലാബ്രട്ടറികൾ മുതലായവ ഏററവും ആധുനികമായ രീതിയിൽ ആയിരിക്കാൻതക്കവണ്ണം സർവ്വകലാശാലയിലെ വിവിധ വകുപ്പദ്ധ്യക്ഷന്മാരുടെ വിദഗ്ദ്ധോപദേശം സമ്പാദിച്ചു് അതിനു കലാപരമായ പരിണാമഭംഗി വരുത്തി പ്ലാൻ തയ്യാറാക്കുന്നതിനു് ആർട്ടിസ്റ്റ് ശ്രീ: കെ. വി. നീലകണ്ഠൻനായരെ ചുമതലപ്പെടുത്തുകയുംചെയ്തു. ഇന്നു നാം കാണുന്ന കലാഭംഗിതിളങ്ങുന്ന മഹാത്മാഗാന്ധി കാളേജ് ശ്രീ: കെ. വി നീലകണ്ഠൻനായരുടെ ഭാവനാമുകുരത്തിൽനിന്നും ഉദയംചെയ്തതാണു്. അതിനു രൂപം നൽകാനും സംവിധാനംചെയ്യാനുമുള്ള ജോലിയാണു് ഞാൻ നിവ്വഹിച്ചതു്.

പ്ലാനെല്ലാം തയാറാക്കി. ഒരുദിവസം രാത്രിയിൽ വലിയ ഒരു മേശപ്പുറത്തു പ്ലാൻ നിവത്തി ഇട്ടുകൊണ്ടു് അതിൻെറ വിശദാംശങ്ങളെപ്പററിയെല്ലാം ശ്രീ: മന്നത്തു പത്മനാഭൻ എന്നോടുചോദിച്ചുകൊണ്ടിരുന്നു. നാന്നൂററിഅറുപതടി നീളത്തിലുള്ള സ്ഥായിയും മുൻപോട്ടും പുറകോട്ടും യഥാക്രമം അഞ്ചുമുഖപ്പുകളും മദ്ധ്യഭാഗത്തായി ഉയന്ന മണിമാളികയും ഉൾക്കൊള്ളുന്ന ആ മഹാമന്ദിരത്തിൻെറ സൗകുമാര്യവും ഗാംഭീര്യവും അദ്ദേഹം വ്യക്തമായി മനസ്സിലാക്കിയതായി എനിക്കു തോന്നി. ഇതിൻെറ മൊത്തം ചെലവിനെപ്പററിയുള്ള ഒരു ചോദ്യമാണു് പിന്നീടുണ്ടായതു്.

സക്കാർകണക്കുകൾ അനുസരിച്ചു് മുപ്പത്തിഅഞ്ചു ലക്ഷംരൂപ ചെലവാകുമെന്നു ഞാൻ മറുപടിപറഞ്ഞു. സർവ്വീസ്സൊസൈററിയുടെ അന്നത്തെ സാമ്പത്തിക നിലയെപ്പററി സാമാന്യജ്ഞാനമുണ്ടായിരുന്നതിനാൽ ഞാൻ പറഞ്ഞ ചെലവുകണക്കു് അദ്ദേഹത്തെ വിഷമിപ്പിച്ചിരിക്കുമെന്നു് ഞാൻ ഭയപ്പെട്ടു. തുക കൂടുതലായിപ്പോയെന്നു തോന്നുന്നുണ്ടെങ്കിൽ പിൻഭാഗത്തുള്ള രണ്ടു് ലാബ്രട്ടറിബ്ളോക്കുകൾ വേണ്ടെന്നുവയ്ക്കാംഎന്നു ഞാൻ അഭിപ്രായപ്പെട്ടു. ഗാഢചിന്തയിൽനിന്നുണന്ന അദ്ദേഹം എന്നോടു ചോദിച്ചു. "ശരി— ബാക്കിഭാഗത്തിനുള്ള തുക കൈവശമുണ്ടോ?" എന്നു്. ഞാനെന്തുപറയാനാണു്. അദ്ദേഹം തുടന്നു: "ഒരുകാശും കൈവശമില്ലാ; തെണ്ടിപ്പിരിച്ചു് പണമുണ്ടാക്കാനാണു് ഞാൻ ആഗ്രഹിക്കുന്നതു്. ഒരുഭാഗവും കുറയ്ക്കേണ്ടാ. ഒന്നുകൂടി നീട്ടി തെണ്ടിയേക്കാം. അറേബ്യൻസമുദ്രത്തിൻെറ അക്കരെ പററാനായി ഞാൻ നീന്തുകയാണു്. അക്കരെ പററിയാൽ ജയിച്ചതുതന്നെ. ഇടയ്ക്കു മുങ്ങുമെങ്കിൽ മുങ്ങട്ടെ. മുന്നോട്ടു പോവുകതന്നെ —" ഇങ്ങനെപോയി ആ വാക്പ്രസരം. ഇന്നും ആ വാക്കുകൾ എൻെറ കണ്ണപുടങ്ങളിൽ മുഴങ്ങുന്നുണ്ടു്. അദ്ദേഹത്തെ കാണുമ്പോഴെല്ലാം "ആ ചങ്കൂററം" ഓത്തു് അത്ഭുതപ്പെടാറുണ്ടു്.

ഗവണ്ണർജനറലായിരുന്ന ശ്രീ: രാജഗോപാലാചാരി തിരുവനന്തപുരം സന്ദശിക്കുവാൻ നിശ്ചയിച്ചതായി അറിവുകിട്ടി. രാഷ്ട്രപിതാവായ മഹാത്മജിയുടെ വ്യസനകരമായ നിർവ്വാണത്തിനുശേഷമായിരുന്നല്ലോ ആ സന്ദശനം. ലോകൈകവന്ദ്യനായ മഹാത്മജിയുടെ സ്മാരകമായിട്ടായിരിക്കണം സർവ്വീസ്സൊസൈററി തിരുവനന്തപുരത്താരംഭിക്കുന്ന കോളേജെന്നു എൻ. എസ്. എസ്. ബോർഡു് തീരുമാനിച്ചു. ഗാന്ധിജിയുടെ വിശ്വസ്തശിഷ്യനും ഉപദേഷ്ടാവുമായ ശ്രീ: രാജഗോപാ



എൻ. എസ്. എസ്. എഞ്ചിനീയർ
ശ്രീ. എൻ. രാമക്കുറുപ്പ്



മഹാത്മാഗാന്ധികാളേജ് ഡിസൈനർ,
ആർട്ടിസ്റ്റ് ശ്രീ: കെ. പി. നീലകണ്ഠൻനായർ

ലാചാരി, മഹാത്മജിയുടെ സ്മാരകമായി സ്ഥാപിക്കുന്ന ഈ സരസ്വതീമന്ദിരത്തിനു ശിലാസ്ഥാപനം നിർവ്വഹിക്കുവാൻ അപേക്ഷിക്കേണ്ടതാണെന്നു നിശ്ചയിക്കുകയും അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ: പട്ടംതാണുപിള്ള മുഖേന അനുമതിസമ്പാദിക്കയും ചെയ്തു. ദിവസവും നിശ്ചയിച്ചു. കഷ്ടിച്ചു ഒരാഴ്ചക്കാലമേ ബാക്കിയുണ്ടായിരുന്നുള്ളു. ഇന്നു കോളേജ് സ്ഥിതിചെയ്യുന്നഭാഗം കുന്നിന്റെ അഗ്രഭാഗം പതിനാറടിതാഴ്ചയിൽ വെട്ടിമാററി നിരത്തിയതാണു്. എന്നിട്ടുതന്നെ കഷ്ടിച്ചു മുന്നൂററി അറുപതടിനീളവും നൂറടി വീതിയുമുള്ള സമതലമേ ലഭിച്ചുള്ളു. കെട്ടിടത്തിന്റെ ബാക്കിഭാഗങ്ങൾ ഭൂമിയുടെ കിടപ്പനുസരിച്ചു് മൂന്നുനിലയായി പണിയേണ്ടിവന്നു. തെക്കേവിംഗ്മുഴുവനും വടക്കേവിംഗിന്റെ കിഴക്കുഭാഗവും ലൈബ്രറിയുടെ ഏതാനുംഭാഗവും മൂന്നുനിലകളായതു് ഇപ്രകാരമാണു്.

കെട്ടിടത്തിന്റെ പ്ലാനനുസരിച്ചു് കുററിയടിക്കയും ചൈനിട്ടുകയും ചെയ്തു. ശിലാസ്ഥാപനത്തിനു മൂന്നുദിവസം മുൻപാണു വാനംവെട്ടിയതു്. ഡാ: വി ആർ നാരായണൻനായരുടെ (അന്നത്തെ ട്രഷറർ) നിർദ്ദേശപ്രകാരം തലസ്ഥാനനഗരത്തിലുള്ള എല്ലാ പ്രധാനക്ഷേത്രങ്ങളിലും വഴിപാടുകൾ നടത്തിയശേഷം 1948 ആഗസ്റ്റ് 14-ാംതിയതി രാവിലെ ഏഴരമണിക്കുള്ള ശുഭമുഹൂർത്തത്തിലാണു് പ്രാരംഭകർമ്മങ്ങൾ നിർവ്വഹിച്ചതു്. നിറപറയും നിലവിളക്കുംവച്ചു് ഒരു വിഘ്നേശ്വരപൂജനടത്തി. ശ്രീ: മന്നത്തുപത്മനാഭനും ഡാക്ടരും ശ്രീ: കളത്തിൽ വേലായുധൻനായരും ഞാനും മററു രണ്ടുമൂന്നു ജോലിക്കാരുംമാത്രമേ ആ മഹത്തായ കർമ്മത്തിനു സന്നിഹിതരായുള്ളു. യാതൊരു പ്രസിദ്ധീകരണവും ഉണ്ടായിരുന്നുമില്ല. മുഹൂർത്തമായതുകൊണ്ടു് അങ്ങുതന്നെ ആദ്യമായി വാനംപണി ആരംഭിക്കണമെന്നു് ശ്രീ: മന്നത്തുപത്മനാഭനോടു് ഞാൻ അപേക്ഷിച്ചു.

പൂർവ്വഭാഗത്തുള്ള മനോഹരങ്ങളായ സഹ്യപർവ്വതപംക്തികളെയും ഇടതൂർന്നുയർന്നുനില്ക്കുന്ന തെങ്ങിൻകൂട്ടങ്ങളാൽ പരിസേവിതമായ തലസ്ഥാനനഗരത്തേയും പശ്ചിമസമുദ്രത്തിൽ അനുവേലം ഇളകിക്കൊണ്ടിരിക്കുന്ന തിരമാലകളേയും ആശ്ലേഷിച്ചനുഗ്രഹിച്ചുകൊണ്ടു് ഉയർന്നുവരുന്ന ആദിത്യഭഗവാൻ ഈ മഹാകർമ്മത്തിനു വിജയാശംസചെയ്യുന്നതായി എനിക്കുതോന്നി. നിത്യസാക്ഷിയായ ആ തേജോഗോളത്തെ കൂപ്പുകൈകളോടുകൂടി പ്രണമിച്ചുകൊണ്ടു് ധ്യാനനിരതനായി ആ കർമ്മയോഗി നിൽക്കുന്നതു കണ്ടു. ഭക്തിനിർഭരമായ അന്തരീക്ഷം. കഴിഞ്ഞ അരശതാബ്ദങ്ങളായി ഈ രാജ്യത്തിന്റെ രാഷ്ട്രീയവും സാമൂഹ്യവുമായ വിവിധരംഗങ്ങളിൽ അക്ഷോഭ്യനായി സമരംചെയ്തു വിജയംവരിച്ച ആ വീരസേനാനിയുടെ ഗണ്ഡസ്ഥലങ്ങളിൽക്കൂടി ഉതിർന്നുവീണ അശ്രുധാരകൾ ഭൂമിദേവിയെ അഭിഷേകംചെയ്തു. ആ രംഗം ഇന്നും മായാതെ ഞാൻ കാണുന്നുണ്ടു് ഭഗവാനേ! എന്നു സംബോധനചെയ്തുകൊണ്ടു് മൺവെട്ടി കയ്യിൽ വാങ്ങിയിട്ടു്, സർവ്വീസ്സൊസൈററിയുടേയും ഈ രാജ്യത്തിന്റേയും ഭാവിനന്മയ്ക്കുവേണ്ടി ഈ സരസ്വതീക്ഷേ

# മഹാകവിയുടെ ശിൽപശാലയിൽ

— കുട്ടിക്കൃഷ്ണമാരാര് —

ഇത്രയും പ്രശസ്തമായ ഒരു മരണം, മലയാള ഭാഷ രൂപപ്പെട്ടതിനുശേഷം ഉണ്ടായിട്ടില്ലെന്നു പറയാം; ഇനി ഒരു നൂററാണ്ടിനുള്ളിൽ ഉണ്ടാകുമെന്നു തോന്നുന്നുമില്ല. മഹാകവി വള്ളത്തോൾ കേരളത്തിൽ നിളെയുള്ള ഹൃദയങ്ങളെമാത്രമല്ല, ഇന്ത്യയിലും പുറത്തുമുള്ള പല ഉയൎന്ന ഹൃദയങ്ങളെയും സ്പൎശിച്ചുകഴിഞ്ഞിരുന്നുവല്ലോ. ഈ പ്രശസ്തി അദ്ദേഹം അൎഹിക്കുന്നതിൽ ഒട്ടും അധികമായിരുന്നില്ലതാനും

പ്രശസ്തി ഈവിധത്തിൽ കൈവരിക തുലോം ചുരുക്കമാണ്. ചിലർ അൎഹിക്കുന്നതിലും വളരെക്കവിഞ്ഞ പ്രശസ്തി പിടിച്ചെടുക്കുന്നു, ചിലൎക്ക് അൎഹിക്കുന്നതുപോലും ലഭിക്കാതെ പോകുന്നു. അതിനാൽ ഒരാൾക്കു കിട്ടിയ പ്രശസ്തിയുടെപേരിൽ ആ വ്യക്തിയെ വിലയിരുത്താൻ നോക്കുന്നതു അബദ്ധമാണെന്നത്രേ എന്റെ നിശ്ചയം. തെണ്ടിയായ പ്രശസ്തിയെ തന്റെ മുമ്പിൽ യഥാസ്ഥാനത്തു പിടിച്ചിരുത്തിയ വള്ളത്തോളിനെസ്സംബന്ധിച്ചുപോലും അങ്ങിനെ വിലയിരുത്തുന്നതു നല്ല ശരിയാവാൻ വയ്യ.

ഇങ്ങിനെ പറയുന്നതിൽ എനിക്കു വ്യക്തിപരമായ ഒരു കാരണംകൂടിയുണ്ട്. ഞാനെന്റെ വിദ്യാൎത്ഥിജീവിതം അവസാനിച്ചതുമുതൽ പതിനഞ്ചുകൊല്ലത്തോളം, കുറെയൊക്കെ വിധിവശാലും എന്നാൽ അധികവും സ്വേച്ഛാവശാലും, വള്ളത്തോളിന്റെ അന്തേവാസിയായിരുന്നു; അദ്ദേഹത്തിന്റെ കവിത്വവും വൈദുഷ്യവും എന്നെ മറെറങ്ങും തിരിഞ്ഞുനോക്കാൻ വിടാതെ അദ്ദേഹത്തിന്റെ നേരേ ആകൎഷിച്ചുനിൎത്തി. കേരളീയർ അദ്ദേഹത്തിന്റെ കവിതയെ സൗകൎയ്യംപോലെ ആസ്വദിച്ചാരാധിക്കുമ്പോൾ, ഞാനെന്റെ ജീവിതത്തിലെ വിലയേറിയ വലിയൊരു ഭാഗംകൊണ്ടുതന്നെ അതിനെ ആരാധിച്ചു. നിങ്ങളെല്ലാം അദ്ദേഹത്തെ, അന്നത്തെ നാലോ ആറോ മഹാകവികളിലൊരാളായി പരിഗണിച്ചിരുന്നപ്പോൾ, ഞാനദ്ദേഹത്തെ വാഗ്ദേവതയുടെ പുരുഷാവതാരമായി പരിഗണിച്ചുപോന്നു. ഒടുക്കം ഞാൻ ജീവിതവൃത്തിവശാൽ അദ്ദേഹത്തെ പിരിഞ്ഞുപോരുമ്പോൾ, വള്ളത്തോളിനു കേരളകലയുടെ ഉദ്ധാരകൻ എന്ന പ്രശസ്തി ഉണ്ടായിവരുന്നേ ഉള്ളൂ. അതുതന്നെ ഒരു 'കഥകളിഭ്രാന്തു'' എന്നതിൽനിന്നു അപ്പുറം കടക്കുമെന്നു തോന്നിയിരുന്നില്ല; കാരണം, അന്നു "കേരളകലാമണ്ഡലം'' ആൎത്ഥികക്ലേശങ്ങളിൽപ്പെട്ടുഴലുകയായിരുന്നു.

## കുറേ നാടൻചിത്രങ്ങൾ

അതിനാൽ, എന്റെ ഹൃദയത്തിൽ പതിഞ്ഞുകിടക്കുന്ന വള്ളത്തോൾചിത്രങ്ങൾ, വിദേശങ്ങളിലെ രംഗമണ്ഡപങ്ങളിൽ കഥകളിവിളക്കിൻമുമ്പിൽ കഥകളിവേഷങ്ങളോടൊപ്പം പുഞ്ചിരിക്കൊണ്ടു നില്ക്കുന്നതോ, അന്യരാഷ്ട്രങ്ങളിൽച്ചെന്ന് അവിടെനിന്നു സമ്മാനം കിട്ടിയ അപൂൎവ്വഭൂഷണങ്ങളണിഞ്ഞു വിലസുന്നതോ, കേരളസാഹിത്യ അക്കാഡമിയുടെ ഉപാദ്ധ്യക്ഷപദത്തിൽ ഭാഷാഭിവൃദ്ധിമാൎഗ്ഗങ്ങളെപ്പററി ചുഴിഞ്ഞാലോചിച്ചുകൊണ്ടിരിക്കുന്നതോ ഒന്നുമല്ല. പിന്നെയോ? വന്നേരിയിലെ തെങ്ങിൻപറമ്പുകളുടെ ഇടയിലുള്ള ഒരു കൊച്ചുവീട്ടിന്റെ വെണ്മണൽമുററത്തു സന്ധ്യാസമയങ്ങളിൽ വെളുത്തു നീണ്ട ഒരൊത്ത മനുഷ്യൻ ഒരു തോൎത്തുമുണ്ടും ചുററി, തന്റെ കാവ്യസമാധിക്കൊത്തവണ്ണം അറിയാതെ ഓരോ മുഖഭാവങ്ങളും അംഗചേഷ്ടകളും കാട്ടിക്കൊണ്ടു നടക്കുന്നതു്— അത്താഴം കഴിഞ്ഞു ഉമ്മറക്കോ

---

ത്രത്തിന്റെ വാനംവെട്ടൽ ആ ബലിഷ്ഠങ്ങളായ കൈകൾ നിൎവ്വഹിച്ചു. തുടൎന്നു പണിയും നടന്നു. ശിലാസ്ഥാപനത്തിനുശേഷം ഈ പത്തുകൊല്ലവും മുടക്കമില്ലാതെ തന്നെ പണി നടക്കുകയുമാണ്. അതെല്ലാം ഫലപുഷ്കലമാകുന്നതു് ഏപ്രിൽ 24-ാംതിയതിയാണു്. രാഷ്ട്രപിതാവിന്റെ മാനസപുത്രനായ പണ്ഡിതജി ഈ മഹാസ്ഥാപനത്തിന്റെ ഉൽഘാടനകൎമ്മം നിൎവ്വഹിക്കുന്നു. അഭിനവഭഗീരഥനായ ശ്രീ: മന്നത്തു പത്മനാഭനു്— നിഷ്കാമകൎമ്മത്തിന്റെ പ്രത്യക്ഷോദാഹരണത്തിനു്— അതിൽക്കൂടുതൽ സംതൃപ്തി മറെറന്തുണ്ടു്? ഈ സരസ്വതീമന്ദിരം രാഷ്ട്രപിതാവിന്റെ ദിവ്യസന്ദേശം പ്രചരിപ്പിക്കുന്ന വിജ്ഞാനകേന്ദ്രമായിത്തീരാനും ഇത്തരം പൊതുജനസേവനപരമായ മററു മഹാസ്ഥാപനങ്ങൾ സ്ഥാപിച്ച് രാജ്യസേവനംചെയ്യാനും ഉള്ള ഭാഗ്യം ശ്രീ: മന്നത്തു പത്മനാഭനും നായർസൎവ്വീസ് സൊസൈററിക്കും ഉണ്ടാകട്ടെ.



ലായിൽ 54 ഇഞ്ച് വീതിയുള്ള ഖദർമുണ്ട് തൊക്കിലേയ്ക്കു കയററിച്ചുററി, കേൾവിക്കാരായ ഞങ്ങളോട് തന്റെ സാഹിത്യപരമായ പൂർവാനുഭവങ്ങളെപ്പററിയും മററും ഫലിതത്തിൽ സംസാരിച്ചുകൊണ്ടു ലാത്തുന്നതു്—രാത്രി വളരെ വൈകുവോളം, മുററത്തിട്ട ചൂരൽച്ചാരുകസാലമേൽ ചമ്രംപടിഞ്ഞിരുന്നു്, എഴുത്തുപലകമേൽവെച്ച കമ്പിറാന്തലിൻവെളിച്ചത്തിൽ, സവ്യാഖ്യാനമായ വാല്മീകിരാമായണത്തിന്റെ പഴകിപ്പൊടിഞ്ഞ ഗ്രന്ഥാക്ഷരപുസ്തകത്തിൽ ഉററുനോക്കി, തന്റെ സുസമ്മതമായ ആത്യതജ്ജമയിൽ കുനുകുനെ തിരുത്തലുകൾ എഴുതിച്ചേർക്കുന്നതു്—കുറേ നാടൻചിത്രങ്ങളാണവ.

അതേ, ഗീതോപദേശമനുസരിച്ചു്, ഞാൻ വള്ളത്തോളിനു ലഭിച്ച കീർത്തിഫലങ്ങളുടെ മുമ്പിലല്ല, അതിനുതക്കവണ്ണം അദ്ദേഹമനുഷ്ഠിച്ച കർമ്മദീക്ഷയുടെ മുമ്പിലാണു് എന്റെ പ്രണാമങ്ങൾ സമർപ്പിക്കുന്നതു്.

'വാദേവതയുടെ പുരുഷാവതാര'മെന്നു ഞാൻ വള്ളത്തോളിനെ വിശേഷിപ്പിച്ചതു് വലിയൊരു ബഹുമതിയായിട്ടൊന്നുമല്ല, അദ്ദേഹത്തിനു നിസർഗ്ഗസിദ്ധമായ കവിതാവാസനയുടെ വിശദീകരണമായിട്ടുമാത്രമാണു്. അതൊരു മുജ്ജന്മസുകൃതമാണെങ്കിൽ, അതിനുള്ള ബഹുമതിയും മുജ്ജന്മത്തിലേയ്ക്കു ചെല്ലേണ്ടതേയുള്ളു. അത്തരം ശർമ്മന്മാരെ, വേറെയും ആ കാലഘട്ടത്തിൽനിന്നുതന്നെ എടുത്തു പറയാനുണ്ടാവും. അവർ തങ്ങളുടെ ആ ശ്രീമത്ത്വത്തെ വഴിയാംവണ്ണം ഉപയോഗപ്പെടുത്തിയോ എന്നു പരീക്ഷിക്കുമ്പോഴാണു്, വള്ളത്തോൾ അവരിൽനിന്നെല്ലാം വേറിട്ടു് ഉയർന്നുനില്ക്കുന്നതു്. കവിത്വശക്തിയിൽ താനൊരു ശർമ്മശ്രീമാനായിരുന്നിട്ടുകൂടി, പത്തു കാശുപോലും പൈതൃകമായി ലഭിക്കാതെ ജനിച്ച ഒരാളെപ്പോലെ കിണഞ്ഞധ്വാനിച്ചിട്ടാണു് വള്ളത്തോൾ ഇന്നത്തെ ഈ മഹാകവിപദത്തിലെത്തിയിട്ടുള്ളതെന്നു കണ്ടും കേട്ടും അറിഞ്ഞിട്ടുള്ള സാക്ഷിയാണു് ഞാൻ.

## ഒരു കുടുംബകാര്യം

സന്ദർഭവശാൽ ഇങ്ങനെ ഒരുപമ വന്നുവീണപ്പോൾ ഓർക്കുകയാണു്: ഇദ്ദേഹം സാമാന്യത്തിലേറെ സമ്പത്തുണ്ടായിരുന്ന ഒരുന്നത കുടുംബത്തിലാണു് ജനിച്ചതു്. എന്നാൽ ആ തറവാട്ടുമുതലിന്റെ ഒരു പിന്തുണയുമില്ലാതെ, ഓരോ കാര്യം സ്വപ്രയത്നംകൊണ്ടു് നേടിയിട്ടാണു താൻ ഏതാണ്ടൊരു സമ്പന്നനെപ്പോലെ തന്നെ കഴിഞ്ഞുപോയതു് പില്ക്കാലത്തു തറവാട്ടിൽ ഭാഗംനടന്നപ്പോൾ ഇദ്ദേഹം തന്റെ ഓഹരിയാകെ അടുത്ത രണ്ടു താവഴിയിലെ പെൺകുട്ടികൾക്കു പകുത്തു കൊടുക്കുകയാണുണ്ടായതു്.

മരുമക്കത്തായത്തറവാടുകളിലെ സ്വത്തു് അനന്തരവന്മാർക്ക് ആവശ്യംപോലെ ഉപയോഗിപ്പാൻ കിട്ടാത്തതുകൊണ്ടാവാം വള്ളത്തോളിനു് അതെടുത്തുപെരുമാറുവാൻ സാധിക്കാഞ്ഞതു്. എന്നാൽ തനിക്കെപ്പോഴും എടുത്തുപയോഗിക്കാവുന്ന തന്റെ കവിത്വശക്തിയെ ധൂർത്തടിച്ചു നാനാവിധമാക്കാഞ്ഞതു തന്റെ വിവേകശീലംകൊണ്ടുതന്നെയാണെന്നു പറയണം.

ചെറുപ്പത്തിൽ കാട്ടിച്ച സംസ്കൃതഭാഷാപരിജ്ഞാനം ലഭിച്ചപ്പോഴേയ്ക്കുതന്നെ താൻ സംസ്കൃതത്തിലും മലയാളത്തിലും 'പുല്ലുപോലെ' കവിതയെഴുതിത്തുടങ്ങിയിരുന്നു. അക്കാലത്തു കോഴിക്കോട്ട് ഏട്ടൻതമ്പുരാന്റെ ആഭിമുഖ്യത്തിൽ സമ്മേളിച്ചിരുന്ന സഹൃദയസമാജങ്ങളിൽ ഈ കൊച്ചുകവിയും ചെന്നുചേരും. അദ്ദേഹത്തിന്റെ ഭാഷയിൽ,

"അന്നു ഞാനിന്നത്തെക്കാളല്പജ്ഞനെന്നാകിലും
ചെന്നു ചേരുമാറുണ്ടാസ്സാഹിത്യസമാജത്തിൽ."

അവിടെ പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ മുതലായ പണ്ഡിതകവിമല്ലന്മാർ കാവ്യനാടകങ്ങൾ വായിച്ചു വിനോദിക്കുന്നതിൽ പങ്കുകൊള്ളും. ഒരിക്കൽ മുരാരിയുടെ 'അനർഘരാഘവ'മാണു് വായിച്ചിരുന്നതു്. അതൊരു പ്രൌഢകൃതിയാണല്ലോ. ഈ കൊച്ചുകവിക്ക് അതിലെ പല ശ്ലോകങ്ങളും ഒരിക്കൽ കേട്ടാൽ അർത്ഥമായിരുന്നില്ല. തന്മൂലം കൂടെക്കൂടെ "ഒരിക്കൽക്കൂടി ചൊല്ലു" എന്നാവശ്യപ്പെട്ടുകൊണ്ടിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ നീലകണ്ഠശർമ്മാ കയർത്തുപറഞ്ഞു: "കവിതയെഴുതി നടന്നാൽപ്പോരാ, പുസ്തകംവായിച്ചു വ്യുല്പത്തിയുണ്ടാക്കണം" അന്നു കേട്ടുപോന്നതിനുശേഷം രണ്ടു മൂന്നുകൊല്ലം മിനക്കെട്ടിരുന്നു സംസ്കൃതഗ്രന്ഥങ്ങൾ കിട്ടാവുന്നേടത്തോളം സമ്പാദിച്ചു വായിച്ചുതീർക്കുകയാണുണ്ടായതെന്നു വള്ളത്തോൾതന്നെ ഒരിക്കൽ പറകയുണ്ടായി. ആ രണ്ടുമൂന്നുകൊല്ലം മാത്രമല്ല, പിന്നീട് അന്ത്യകാലംവരേയും സംസ്കൃതകൃതികൾ തേടിപ്പിടിച്ചു വായിക്കുക തന്റെ ഒരു വ്രതമായിരുന്നു കഴിഞ്ഞകൊല്ലം മദിരാശിയിൽവച്ചു കണ്ടപ്പോഴും താനപ്പോൾ വായിച്ചുവരുന്ന ഒരു സംസ്കൃതമഹാകാവ്യത്തെപ്പററി എന്നോടു പ്രശംസിച്ചു പറയുകയുണ്ടായി.

## ഗുണജ്ഞത

അങ്ങിനെ ഒരു സഭയിൽവച്ചു പരസ്യമായിച്ചെയ്ത ആ അധിക്ഷേപത്തെ ഒരു ഗുരൂപദേശമായി കൈക്കൊള്ളുകമാത്രമല്ല ആജീവനാന്തം അനുഷ്ഠിച്ചുപോരികയും ചെയ്തതിനെപ്പററി ഞാൻ പലപ്പോഴും അത്ഭുതപ്പെട്ടിട്ടുണ്ടു്. കാരണം, സംസ്കൃതകാവ്യങ്ങളൊക്കെ, ഈ കേൾക്കുന്നമാതിരി അത്ര മേന്മയുള്ളവയായിട്ടല്ല എനിക്കു തോന്നിയിട്ടുള്ളതു്. പലതിലേയും പല ഭാഗവും അറുമുഷിപ്പനാണെന്നുതന്നെ പറയണം. ഗുണദോഷവിവേകമില്ലാതെ എന്തും എത്രയും വായിക്കാമെന്നുള്ളവർക്കേ അവയെല്ലാം സ്വേച്ഛയാ വായിച്ചെത്തിക്കാൻ സാധിക്കൂ എന്നുപോലും തോന്നിയിട്ടുണ്ടു്. വള്ളത്തോൾ മുഴുവൻ വായിച്ചതിനുശേഷം "നല്ല കവിതയാണു്, വായിച്ചു

നോക്കു" എന്ന ഉപദേശത്തോടെ തന്നേല്പിച്ച ഒരു കാവ്യംപോലും ഞാൻ മുഴുവൻ വായിക്കാതെ വിട്ടിട്ടുണ്ട്. ഇതു വള്ളത്തോളിലും കവിഞ്ഞ ദോഷജ്ഞത എനിക്കുള്ളതുകൊണ്ടല്ല, എന്നിലും കവിഞ്ഞ ഗുണജ്ഞത അദ്ദേഹത്തിനുള്ളതുകൊണ്ടാണെന്നും എനിക്കു ബോധപ്പെട്ടിരിക്കുന്നു. കാവ്യങ്ങളിലെ ഏററവും ചെറിയ ദോഷം കാണുവാനെന്നപോലെ, ഏററവും സൂക്ഷ്മമായ ഗുണമാസ്വദിപ്പാനും വള്ളത്തോളിനുണ്ടായിരുന്ന ആ കഴിവ് ഇന്നും എനിക്കു കയ്യെത്താത്ത ഒരത്ഭുതവസ്തുവായി എന്നെ കൊതിപ്പിച്ചുകൊണ്ട് മുകളിൽ നിൽക്കുന്നേയുള്ളൂ.

സംസ്കൃതസാഹിത്യത്തിലെന്നപോലെതന്നെ,ഇംഗ്ലീഷ്തുടങ്ങിയ ഭാഷാന്തരസാഹിത്യങ്ങളിലും വള്ളത്തോൾ അത്യൽസുകനായിരുന്നു. പക്ഷേ മററു ഭാഷകളൊന്നും അറിയാത്തതുകൊണ്ട്, അവയുടെ മലയാളതർജ്ജമകൾ മാത്രമേ തനിക്കു ശരണമുണ്ടായിരുന്നുള്ളൂ. അവയോ എണ്ണത്തിൽ ചുരുക്കം, പലതും മൂലകൃതികൾക്കു പ്രതിനിധീഭവിക്കാത്തവയും. ഞാനിടപെട്ടിരുന്നകാലത്തോളം 'പാവങ്ങ'ളുടെ തർജ്ജമമാത്രമേ അദ്ദേഹത്തിൻെറ ഈ അതിതൃഷ്ണയ്ക്ക് ഒരിക്കൽ ഒരു പൂർണ്ണസംതൃപ്തി വരുത്തുകയുണ്ടായുള്ളൂ. ആ ബൃഹൽഗ്രന്ഥം അച്ചടിപ്പിക്കാൻ തദ്വിവർത്തകനു കഴിവും പ്രസാധകന്മാർക്കു മനസ്സുമില്ലെന്നുകണ്ടപ്പോൾ, വള്ളത്തോൾ തൻെറ ഏകസമ്പത്തായ പുസ്തകങ്ങൾ മുഴുവൻ മംഗളോദയം പ്രസ്സിനു ജാമ്യംകൊടുത്തിട്ടാണ് അതച്ചടിപ്പിച്ചതെന്നും, തൻെറ യശസ്സിനോ അർത്ഥത്തിനോ വേണ്ടിയല്ലാതെചെയ്ത ആ ഭാഷാസേവനം എത്ര ശ്രേഷ്ഠമാണെന്നും ആരറിയുന്നു, ആരാലോചിക്കുന്നു?

പതിവായി പത്രങ്ങൾ വായിക്കുന്നതിലും, അവയിൽനിന്നു ആവശ്യമുള്ള കലാസംസ്കാരവിഷയങ്ങളും മററും കുറിച്ചെടുക്കുന്നതിലും അദ്ദേഹം എന്നും നിഷ്കർഷിച്ചുപോന്നു. അദ്ദേഹത്തിൻെറ ആ ഡസൻകണക്കിലുള്ള ഡയറിപുസ്തകങ്ങൾ മറിച്ചുനോക്കിയാൽ കാണാം, കവിതാശക്തിക്കു മേലേ 'ലോകകാവ്യശാസ്ത്രാദ്യവേക്ഷണംകൊണ്ട് നിപുണത' നേടണമെന്ന ആചാര്യാനുശാസനത്തെ അദ്ദേഹം എത്രമേൽ ആദരിച്ചിരുന്നുവെന്ന്.

പലകാലം അരികെനിന്നു സേവിച്ച ഈ വിജ്ഞാനവ്രതത്തിൻെറ കാൽക്കൽ എൻെറ പ്രണാമങ്ങൾ!

## കവിത പുല്ലുപോലെ

വള്ളത്തോൾ ചെറുപ്പംമുതല്ക്കേ 'പുല്ലുപോലെ' കവിതയെഴുതിത്തുടങ്ങി എന്നു ഞാനെഴുതിയതു്, അതിനുള്ള എല്ലാ അർത്ഥവും കരുതിക്കൊണ്ടുതന്നെയാണ്. ഭൂമിയിലെവിടെയെങ്കിലും ഇത്തിരി സ്ഥലം തെല്ലിട വെറുതെകിടന്നാൽ ഉടനേ അവിടെ വല്ലപുല്ലുകളും നാമ്പെടുത്തുവരുംപോലെ, വള്ളത്തോളിൻെറ മനസ്സ് അവ്യഗ്രമായിരിക്കുന്ന ഏതു സമയത്തും അതിൽ പലതരം ഒററയൊററ ശ്ലോകങ്ങൾ കിളുർന്നുകൊണ്ടിരുന്നു—അദ്ദേഹത്തിൻെറ കവിതാഡയറികളിൽ അവിടവിടെ കുറിച്ചിട്ടിട്ടുള്ള സമസ്യാപൂരണങ്ങളും യമകങ്ങളും സ്തോത്രങ്ങളും മററും മററുമായുള്ള ഒററശ്ലോകങ്ങൾ ഇതല്ലാതെ മററെന്തുതെളിയിക്കുന്നു? ഇത്ര നിഷ്പ്രയാസമായും നിരന്തരമായും കവിത—വേണ്ട, പദ്യം—വിളയുന്ന ഒരു ഭാവനാശക്തിയുണ്ടായിട്ടുകൂടി, താൻ പുറത്തിറക്കാനുദ്ദേശിക്കുന്ന ഓരോ കവിതയും എത്ര നിഷ്കർഷയോടുകൂടിയാണ് അദ്ദേഹം മിനഞ്ഞെടുത്തിരുന്നതെന്നു കണ്ടവർക്കേ അറിഞ്ഞുകൂടു. ഞാനതു കുറേ കണ്ടിട്ടുള്ളതുകൊണ്ട് അതിനെയും ഞാൻ പ്രണമിക്കുന്നു.

സാമാന്യേന വള്ളത്തോൾ ഒരു ഖണ്ഡകൃതി രചിപ്പാൻ മൂന്നും നാലും ദിവസമെടുക്കും. അതിൻെറ ആരംഭമുണ്ടെങ്കിൽ നേരത്തേ അറിയാം. സാധാരണ ദിവസങ്ങളിൽ ഊൺ കഴിക്കുമ്പോൾ കറികളുടെ രുചിഭേദങ്ങളേയും സ്വന്തം ഇഷ്ടാനിഷ്ടങ്ങളേയുംമററും പററി സംസാരിക്കുക തൻെറ ഒരു ശീലമാണ്. എന്നാൽ ചിലപ്പോൾക്കാണാം, എന്തേ വിളമ്പിയതെന്നു നോക്കാതെ മിണ്ടാതെ വല്ലതുമൊക്കെ വാരിക്കഴിച്ച് എഴുന്നേററു പോകുന്നതു്. കുട്ടികൾ അടുത്തുചെന്നാൽ അവരോടു കളിപറഞ്ഞു് എടുത്തു ലാളിക്കാതിരിക്കാൻ തനിക്കു വയ്യ; എന്നാൽ ഇപ്പറഞ്ഞ ദിവസങ്ങളിൽ അവരെ കണ്ടാലും കാണില്ല, എടുത്താലും അതു കൈകൾ അഭ്യാസവശാൽ ചെയ്തുപോയതാണെന്നേ തോന്നൂ. മുകളിലിരിക്കുമ്പോൾ 'അപ്പു' എന്നോ 'മാരാരേ' എന്നോ വിളികേട്ടു ഞങ്ങൾ മുമ്പിൽ ചെന്നുനിന്നാൽ 'എന്തിനേ വന്നതു്?' എന്നഭാവത്തിൽ മുഖത്തേയ്ക്കുതുറിച്ചുനോക്കും; 'വിളിച്ചതെന്തിനാണ്?' എന്നു പിന്നെ ഞങ്ങൾ അങ്ങോട്ടു ചോദിച്ചറിയണം—ഇതൊക്കെക്കണ്ടാൽ തീർച്ചയാക്കാം, ഒരു നല്ല കവിതയുടെ പുറപ്പാടുണ്ടെന്ന്.

ഒരു ഖണ്ഡകവിത മുഴുവൻ രചിച്ചു മനസ്സിലുറച്ചതിനുശേഷമേ കടലാസ്സെടുത്തു അതെഴുതാൻതുടങ്ങൂ. ചിലപ്പോൾ മുഴുവൻ രചിച്ചതിനുശേഷം എന്നെവിളിച്ചിരുത്തി പറഞ്ഞുതന്നെഴുതിക്കയുമുണ്ടായിട്ടുണ്ട്. 'എൻെറ കൊച്ചുമകൾ' എന്ന ആ സാമാന്യംനീണ്ട കവിത മുഴുവൻ അങ്ങിനെ ഒററഇരിപ്പിനു പറഞ്ഞുതന്നെഴുതിച്ചതാണ്. അതുകഴിഞ്ഞു ഞങ്ങൾ രണ്ടുപേരുംകൂടി കുന്നംകുളത്തേയ്ക്കു പോകയായിരുന്നു. വഴിക്കുവച്ചദ്ദേഹം പറഞ്ഞു: "ഓ, ആ കവിതയിൽ നാലുവരി ഓർമ്മ വിട്ടുപോയി. ഈയിടെയായി ഓർമ്മ ശരിക്കുനില്ക്കാതാവുന്നു. പണ്ട് 'ഋശ്മിയുടെകത്തു്' മുഴുവൻ ഉണ്ടാക്കിയതിനുശേഷം നാലപ്പാടനെ പിടിച്ചിരുത്തി എഴുതിയ്ക്കയാണുണ്ടായതു്. ഇന്നത്ര സാധിക്കുമെന്നു തോന്നുന്നില്ല. അതുപോലെ, പണ്ടു കവിത ആലോചിക്കാൻ തുടങ്ങിയാൽ ഉറക്കം കിട്ടാതിരിക്കയായിരുന്നു പതിവു്. ഇയ്യിടെയായി കവിത ആലോചിച്ചാൽ വന്നു ഉറക്കം. പ്രായഭേദംതന്നെ."

വള്ളത്തോളിനു സർവ്വപ്രധാനമായി ഒരു കാവ്യഗുണത്തെപ്പററി പറയാനുണ്ട്—'പ്രകരണശുദ്ധി.' അതദ്ദേഹത്തിൻെറ സ്വന്തം സാങ്കേതികപദമാണ്. എന്നാൽ അതിന്നൊരു വിശദീകരണം തരുവാൻ അദ്ദേഹംതന്നെ വേണ്ടത്ര സമർത്ഥനായിട്ടില്ല. ഏതോരാശയവും അലങ്കാരവും രചനയും പദവുമെല്ലാം അതുപ്രയോഗിക്കുന്ന സന്ദർഭത്തോടു പൊരുത്തപ്പെട്ടിരിക്കണമെന്നാണ് ചുരുക്കം, സംസ്കൃതസാഹിത്യശാസ്ത്രഭാഷയിൽ ഇതു് 'ഔചിത്യ'മാണ്. പക്ഷേ വള്ളത്തോൾ ആ വാക്കല്ല ഉപയോഗിക്കാറു്; വാസ്തവത്തിൽ ആ ശാസ്ത്രകാരന്മാർ 'ഔചിത്യ'മെന്നതുകൊണ്ടുദ്ദേശിച്ചതിലധികം അർത്ഥം വള്ളത്തോൾ ഈ 'പ്രകരണശുദ്ധി'യിൽ ഉൾപ്പെടുത്തിയിട്ടുണ്ടുതാനും.

ഈ 'പ്രകരണശുദ്ധി'യിലുള്ള നിഷ്ഠയാണ് 'പല്ലപോലെ' കവിതയെഴുതാൻ കഴിവുണ്ടായിരുന്ന അദ്ദേഹത്തിനു് ഓരോ ഖണ്ഡകാവ്യരചനയും ഓരോ ക്ലിഷ്ടപ്രസവമാക്കി മാററിയതു്; അതിനുവേണ്ടിയാണ് അദ്ദേഹം ഓരോകൃതിയുടേയും പൂർണ്ണരചന മനസ്സിൽ വച്ചുതന്നെ കഴിച്ചിരുന്നതു്, ഇതുകാരണമാവാം, അദ്ദേഹം പണ്ടത്തെ ദ്രുതകവിതാനിർമ്മാണത്തിലും കൂട്ടുകവിതാപ്രസ്ഥാനത്തിലും ഏറെയൊന്നും ഏർപ്പെട്ടുകാണാത്തതു്.

വള്ളത്തോളിൽനിന്നു് ഇത്തരം കാവ്യരചനാരഹസ്യങ്ങൾ വിവരിച്ചുകിട്ടണമെങ്കിൽ, നിങ്ങൾ വല്ലവണ്ണവും ഒരു കവിതയുണ്ടാക്കി അദ്ദേഹത്തിൻെറ കയ്യിൽ തിരുത്താൻ കൊടുക്കണം; പുഴുവിനെ പൂമ്പാററയാക്കി മാററുന്ന പ്രകൃതിയുടെ ശില്പവൈഭവത്തിൽ ഒട്ടും ചുരുങ്ങിയതായിരുന്നില്ല വള്ളത്തോളിനു കവിത തിരുത്താനുള്ള വൈദഗ്ദ്ധ്യം. പ്രകൃതി അതെങ്ങിനെ സാധിക്കുന്നു എന്നു് നിങ്ങൾക്കു പറഞ്ഞുതരില്ല. വള്ളത്തോൾ അതു പറഞ്ഞുതരികയും ചെയ്യും. ഒരിക്കൽ ഞാനെഴുതിയ ഒരു കൃതിയിലെ,

"അവൾക്കെഴും പൂവണിവേണിമാത്രം
സ്മിതാർദ്രമായെൻെറ മുഖത്തു നോക്കി'

എന്ന ശ്ലോകാർദ്ധത്തെ

'അവൾക്കെഴും താരണിവേണിമാത്ര-
മെൻനേർക്കിളംപുഞ്ചിരിയിട്ടിരുന്നു'

എന്നു തിരുത്തിത്തന്നിട്ടു് അദ്ദേഹം പറഞ്ഞു: "ഇതാണു് സംസ്കൃതപദങ്ങൾക്കു പകരം മലയാളപദമുപയോഗിച്ചാലത്തെ ഫലം."

മറെറാരുവിധം പറഞ്ഞാൽ, കൃച്ഛ്റലബ്ധങ്ങളായ പദങ്ങളെക്കൊണ്ടു കഷ്ടിപിഷ്ടിയായി കാവ്യം രചിയ്ക്കുന്ന ആളുകൾ അതിനു വളരെ ക്ലേശം സഹിയ്ക്കുന്നുണ്ടല്ലോ; അത്രതന്നെയോ അതിലധികമോ ക്ലേശം, ഒരു കണക്കിൽ, വള്ളത്തോളും സഹിച്ചിരുന്നു. ഒരു കൃതി രചിപ്പാൻ തുടങ്ങിയാൽ പല ആശയങ്ങളും അവ പ്രതിപാദിപ്പാൻ പല രീതികളും തോന്നുന്നതിൽനിന്നു് ഏററവും "പ്രകരണശുദ്ധി"യുള്ളവയെ തിരഞ്ഞെടുക്കാനാണെന്നു മാത്രം. ഞാനോർക്കുന്നു: ചിലപ്പോഴദ്ദേഹം ഒരേ ആശയത്തിൽ രണ്ടുമൂന്നുതരം വരികൾ ചൊല്ലിക്കേൾപ്പിച്ചു് "ഇതിലേതാണ് ഏറെ നല്ലതു്?'' എന്നു ചോദിയ്ക്കും; എല്ലാം നന്നു് എന്നു പറയാനല്ലാതെ, ആ ചെറിയ തിരഞ്ഞെടുപ്പിൽ അദ്ദേഹത്തെ സഹായിപ്പാൻ സാധിച്ചു എന്നു് എനിക്കഭിമാനിപ്പാൻ വകയുണ്ടായിട്ടില്ല......... (മാതൃഭൂമി വള്ളത്തോൾ പതിപ്പു്)




For
Highclass Wedding Sarees
&
Modern Textiles

VISIT

Raj MAHAL
PHONE { OFFICE.- 2223. RESID.- 585.
MAIN ROAD, QUILON.

YOUR FAVOURITE TEXTILE SHOWROOM.

# The Kerala State Co-operative Bank Limited,

## TRIVANDRUM-1.

(Central Financing Agency for the Co-operative movement in the State)

Tele { *grams:* COBANK. / *phone:* 2908.

*Head Office:*
**Trivandrum.**

*Branches:*
**Quilon, Kottayam, Alleppey.**

*CHAIRMAN*
Shri. G. PARAMESWARAN PILLAI, B. A. & B. L.,
*Retd. Chief Secretary to Government.*

| | | |
|---|---|---|
| Authorised Share Capital | : | Rs. 50.00 lakhs. |
| Paid up Share Capital | : | Rs. 20.20 lakhs. |
| Working Capital | : | Rs. 121.50 lakhs. |

***Attractive rates are offered on Deposits.***

**FIXED DEPOSITS:**

| | |
|---|---|
| For Six Months | 3 % p. a. |
| For One Year | 3½ % p. a. |
| For Two Years | 4 % p. a. |

| | |
|---|---|
| Savings Deposits | 2½ % p. a. |
| Current Deposits | ½ % p. a. |

**Provident Deposits carrying 4½ % compound interest a speciality.**

M. K. Parameswaran Pillai, M. A. & B. L.,
*SECRETARY.*

# FASHION JEWELLERIES,

BANKERS

&

JEWELLERS,

## MAIN ROAD, QUILON.

**Prop: A. Gopala Pillai.**




Tel: LINEN. Phone 537.

# THE FASHION SILK STORES,

## MAIN ROAD, QUILON.

FANCY PIECE GOODS MERCHANTS,

Dealers in all kinds of Mill Goods, English Silks, Printed Chints, Printed Voils, Gerjet Silks and all other varieties of cloth.

Specialists in Sarees in up-to-date Fashion and Design in Silk and Cotton.

Props: **S. V. A. Janardhanan Pillai.**

*Our best wishes*
*and*
*Hearty Congratulations*
*to*
*Nair Service Society*
*and its enduring and selfless leader*
*Sri. Mannathu Padmanabhan*
*on this auspicious occasion*
*of the*
*opening ceremony of*
*Mahatma Gandhi College,*
*Trivandrum.*

*From*

*M/s. K. Parameswaran Pillai,*

*Tobacco Merchants*
*and*
*Cashew Exporters, Quilon.*

# പ്രബന്ധരചന

— മൂക്കോത്തു കുഞ്ഞപ്പ —

എഴുത്തുപള്ളിയിൽ അക്ഷരമാല പഠിച്ചു വാക്കുകളെഴുതുവാൻ കഴിവുണ്ടായിത്തിരുമ്പോൾ തുടങ്ങുന്നതാണ് പ്രബന്ധമെഴുത്ത്. ആഴ്ചയ്ക്കു രണ്ടു വീതമായും, പരീക്ഷകൾക്ക് വേറെയായും, മത്സരപ്പരീക്ഷയ്ക്കു പ്രത്യേകമായും പ്രബന്ധങ്ങൾ എഴുതുന്നു. അതിൻെറ പ്രാധാന്യം ക്ലാസ്സുകയറുംതോറും കൂടിക്കൂടി വരികയല്ലാതെ കുറയുകയില്ല. എം എ. പരീക്ഷയ്ക്കു മൂന്നു മണിക്കൂറുകൊണ്ടു് എഴുതിത്തീർക്കാനുള്ള ഒരൊററ ഉപന്യാസം ഒരു "പേപ്പർ"തന്നെയായിരിക്കുമെന്നും നാം കാണുന്നു. വിദ്യാർത്ഥികളൊക്കെ ഗദ്യകാരന്മാരോ, പത്രലേഖകന്മാരോ, സാഹിത്യകാരന്മാരോ ആറുകയില്ലെന്നു എല്ലാവർക്കുമറിയാം. പിന്നെ ഈ പ്രബന്ധരചനയ്ക്കു് ഇത്രയധികം പ്രാധാന്യം നൽകുന്നതെന്തിനാണ് എന്നു ഒരു യുവാവു് ചോദിക്കുകയുണ്ടായി. ഇന്നത്തെ "ടെക്കിനിക്കൽ" യുഗത്തിൽ ആ പഴയ കലാഭ്യാസപദ്ധതി ഒരു അധികപ്പററാണ് എന്നായിരുന്നു യുവാവിൻെറ വാദം. റെയിൽവേയിൽ ഗാർഡോ, സ്റ്റേഷൻമാസ്റ്ററോ ആവാനുള്ള മത്സരപ്പരീക്ഷയ്ക്കുംകൂടി പ്രബന്ധരചനയുണ്ടെന്നു പറഞ്ഞാൽ അയാൾ എന്തുവിചാരിക്കും എന്ന് അറിയുന്നില്ല. പ്രബന്ധരചനയുണ്ടെന്നു മാത്രമല്ല, പ്രബന്ധത്തിനാണ് ഉദ്യോഗമത്സരപരീക്ഷകളിൽ പ്രഥമസ്ഥാനം നൽകുന്നതു് എന്നുള്ളതാണ് വാസ്തവം. പ്രബന്ധത്തിൽ "പാസ്സുമാർക്ക്" കിട്ടിയില്ലെങ്കിൽ, മററുള്ള ഇനങ്ങൾ പാസ്സായിട്ടും ഗുണമില്ല; അയാൾക്കു സെലക്ഷൻ കിട്ടുകയില്ല—എന്നുള്ളതാണുപോൽ സമ്പ്രദായം എന്നാണ് അങ്ങിനെയുള്ള "സെലക്ഷൻ" ബോർഡുകളിൽ സാധാരണ പങ്കെടുത്ത ഒരു ഉദ്യോഗസ്ഥനിൽനിന്നു ഞാൻ മനസ്സിലാക്കിയതു്. അക്കാര്യം മനസ്സിലാക്കാത്തതുകൊണ്ടു എത്രയോ ഉദ്യോഗാർത്ഥികളായ വിദ്യാർത്ഥികൾക്കു ഇച്ഛാഭംഗം ഉണ്ടായിട്ടുണ്ടെന്നും അദ്ദേഹം പറയുകയുണ്ടായി. നമ്മുടെ രാജ്യത്തുള്ള വിദ്യാർത്ഥികൾ അക്കാര്യം അറിയുന്നതു നന്നായിരിക്കും എന്നു തോന്നി.

പക്ഷേ അതുകൊണ്ടു കാര്യമായില്ലല്ലോ. ഉപന്യസിക്കുവാനുള്ള സന്ദർഭങ്ങളോ, ആവശ്യമോ വളരെ വിരളമായ ഉദ്യോഗങ്ങൾക്കു ആളെ തിരഞ്ഞെടുക്കുമ്പോൾ കൂടി ഉപന്യാസത്തിന് പ്രാധാന്യം കല്പിക്കുന്നതിൻെറ ആവശ്യംകൂടി നമ്മൾ മനസ്സിലാക്കിയാലേ കാര്യം പററൂ. അതൊന്നു ചിന്തിച്ചുനോക്കാം. "How to write" എന്ന പേരായി "Steph n Leacock" എന്ന ഒരു ഇംഗ്ലീഷ് പണ്ഡിതനും പ്രൊഫസ്സരും സാഹിത്യകാരനും ആയ മഹാൻ ഒരു പുസ്തകം എഴുതീട്ടുണ്ടു്. അതിൽ അദ്ദേഹം പറയുന്നതു് "എഴുതുവാൻ പഠിക്കുക എന്നുവച്ചാൽ ചിന്തിക്കാൻ പഠിക്കുക" എന്ന് അർത്ഥം ധരിച്ചുകൊള്ളണം എന്നാണ്. "എനിക്കു ഉപന്യാസം എഴുതുവാൻ കഴിയുകയില്ല"—എന്നു നിങ്ങൾ പറയുന്നതിൻെറ അർത്ഥം "എനിക്കു ചിന്തിക്കാൻ കഴിയുകയില്ല" എന്നല്ലാതെ മററു യാതൊന്നും അല്ല. അതുകൊണ്ടു ഉപന്യാസങ്ങൾ എഴുതാൻ ആരും ഒന്നും പഠിക്കേണ്ടതില്ല ചിന്തിക്കാൻ പഠിച്ചാൽമതി, ഉപന്യാസം തനിയേ ഉളവായിക്കൊള്ളും എന്നും അദ്ദേഹം പറയുന്നു.

ഏതെങ്കിലും ഒരു വിഷയത്തെപ്പററി കുറേ ചിന്തകൾ ക്രമാനുസരണം കൂട്ടിച്ചേർത്തു ലിഖിതമാക്കിയാൽ അതു് ഉപന്യാസമായി. അല്ലെയോ? അതാണ് ലീക്കോക്കു പറഞ്ഞതിൻെറ അർത്ഥം എന്നു പിന്നെ സ്പഷ്ടമാക്കേണ്ടുന്ന ആവശ്യം തീരെ ഇല്ലെന്നുവരുന്നു. ഉപന്യാസരചന ചിന്താധോരണിയാണ് എന്നു നാം പ്രസ്പഷ്ടമായി കരുതിയില്ലെന്നേയുള്ളൂ എന്നു സാരം. ഉപന്യസിക്കാൻ പഠിക്കുന്നതു ചിന്തിക്കാൻ പഠിക്കുകയാണ് എന്നു മനസ്സിലാക്കിയാൽ ഉപന്യാസത്തിനു

**V. GOPALA PILLAI,**
Piece Goods Dealer,
QUILON.
വി. ഗോപാലപിള്ള
ജൗളിവ്യാപാരം, കൊല്ലം.
ആകർഷണീയവും, ഈടുള്ളതും ആയ എല്ലാവിധ ജൗളിത്തരങ്ങളും, കടകളും മൊത്തമായും ചില്ലറയായും മിതമായ വിലയ്ക്കു ലഭിക്കുന്നതാണ്.

Phone: 2263. Gram: Umbrella.
FOR Umbrellas
*VISIT*
**HINDUSTAN UMBRELLA MART,**
Main Road, QUILON.
Manufactures and Dealers in
EAGLE & H. U. M. Umbrellas.

നൽകുന്ന പ്രാധാന്യത്തിന്റെ സാരവും അതോടുകൂടി മനസ്സിലാവുന്നു. എന്തു് ഉദ്യോഗത്തിലായാലും വേണ്ട തില്ല; ഏതു വ്യാപാരത്തിലായാലും തരക്കേടില്ല; കാര്യ ങ്ങൾ മനസ്സിലാക്കുവാൻ അറിയണം; മനസ്സിലായവ കാര്യകാരണബന്ധപ്പെട്ടു ക്രമപ്പെടുത്താൻ കഴിയണം. ക്രമപ്പെടുത്തിയശേഷം അവയിൽനിന്നു പ്രവൃത്തിപദ്ധ തി തിട്ടപ്പെടുത്തുവാൻകഴിയണം ഇതൊക്കെ ചിന്തിച്ചു വേണം ചെയ്യുവാൻ. വാക്കുകൾ ഉപയോഗിക്കാതെ ഒരാൾക്കും ചിന്തിക്കുവാൻകഴിയുകയില്ല. വാക്കുകളുടെ പ്രയോഗസമത്ഥത ഉപന്യാസങ്ങളെഴുതീട്ടാണു പരിശീ ലിക്കേണ്ടതു്. അതുകൊണ്ടാണു് ഉദ്യോഗസ്ഥന്മാരെ തെരഞ്ഞെടുക്കുമ്പോൾകൂടി ഉപന്യാസങ്ങൾ പരീക്ഷക ളുടെ ഒരു അവിഭാജ്യഘടകമായിത്തീന്നിട്ടുള്ളതു്.

എന്റെ ഉററസ്നേഹിതനായ ഡാക്ടർ കുഞ്ഞിക്ക ണ്ണന്റെ ഡിസ്പെൻസറിയിൽ ഞാൻ ഒഴിവുകാലങ്ങളിൽ വളരെ മണിക്കൂറു കഴിച്ചിട്ടുണ്ടു്. അപ്പോഴൊക്കെയും അദ്ദേഹത്തോടു് രോഗികളും രോഗികളുടെ ബന്ധുക്കളും വന്നു രോഗവിവരങ്ങൾ പറയുന്നതു ഞാൻ ശ്രദ്ധിച്ചിട്ടും ഉണ്ടു്. കാര്യക്രമമായി, ചുരുങ്ങിയ വാക്കുകളിൽ ഉള്ള കാര്യം ഡാക്ടരെ പറഞ്ഞുമനസ്സിലാക്കുവാൻ നൂറിൽ പത്തുപേൎക്കു കഴിയാറില്ല എന്നായിരുന്നു ഞാൻ മനസ്സി ലാക്കിയതു്. അവരുടെ കാട്ടംപടലുംപറച്ചലിൽനിന്നു രോഗലക്ഷണങ്ങൾ ഏതു് എന്നു ഡോക്ടർ എങ്ങിനെ മനസ്സിലാക്കുന്നുവെന്നു് ആരും അത്ഭുതപ്പെട്ടുപോകും അവരുടെ വത്തമാനംകേട്ടാൽ. അത്ഭുതത്തിലും അത്ഭു തം, പഠിച്ചു പരീക്ഷ പാസ്സായവരാണു് ഇക്കാര്യത്തിൽ വലിയ മോശം എന്നുള്ളതായിരുന്നു. പഠിക്കാത്തവനു് എന്താണവന്റെ ദണ്ഡമെന്നറിയാം. അതയാൾ നേരേ യങ്ങു പറയുകയുംചെയ്യും. പഠിച്ചവരുടെ മുഖവുരയും, വ്യാഖ്യാനങ്ങളും, അറിയാത്ത കാര്യങ്ങൾ അറിയുമെന്നു നടിച്ചുള്ള ചില പ്രമാണപ്രവചനങ്ങളും തട്ടിനിക്കി ഉള്ളി ലെ കാതൽ ഗ്രഹിക്കാൻ ഉള്ള പണി കുറച്ചൊന്നുമല്ല. ഇവരെയൊക്കെ ഉപന്യാസം ശരിയായി എഴുതുവാൻ ശീലിപ്പിക്കാത്തതല്ലയോ നമ്മളുടെ വിദ്യാലയങ്ങൾ ചെയ്യുന്ന ക്ഷന്തവ്യമല്ലാത്ത അപരാധം? അതേ, അതേ, അതേ—എന്നുമാത്രമേ പറയാനുള്ളു.

ഉപന്യാസത്തിൽ വാക്കിന്റെ പ്രയോഗത്തിലും വളരെ സൂക്ഷിക്കേണ്ടതുണ്ടു് എന്നു പറയുന്നതു കേൾക്കാ റുണ്ടു്. പര്യായശബ്ദങ്ങൾ പലതും ഭാഷയിലുണ്ടായേ ക്കാം. പക്ഷേ അവയ്യോരോന്നിനും അല്പസ്വല്പമായ





A Firm of Complete Reliability and Cent Percent Confidence in the Trade for More Than Halt a Century to "All C asses of People" – Counting its true Tradition Since "1902".

**K. VELAYUDHAN PILLAI & SONS**

**Importers, Exporters & General Merchants,**

**QUILON.**

Phone: 427, 427-A & 2253, Estd: "1902", Telegram: "ANANDA"

*"Representing Almost All Leading Firms in The Line"*

*Dealing in*:– **Stationery, Glassware, Crockery, Toilet goods, Sundry items, Infant foods, Patent Medicines, Milk Powder etc. etc.**

*Wholesale Stockists of Beedi Tobacco & Leaves*

**"RATES ALWAYS MODERATE"**

# IMPERIAL PENCIL FACTORY,

**Curzon Road. QUILON.**

Production begins to serve Indias' growing need for Lead Pencils of all varities.

It is a positive step forward in carrying valuable foreign exchange in an expanding sphere of our national activity.

The following are cur standard quality of black lead and copying pencils.

1. **H. B. No. 5555 Imperial 9'O Clock Pencil.**
2. **H. B. No. 6666 Imperial Everbright Pencil.**
3. **H. B. No. 313 Imperial Deluxe Pencil.**

(In attractive brilliant colours and designs)

വിവിധതരത്തിലുള്ള ആകർഷണീയമായ എല്ലാതരം പെൻസിലു കളും മിതമായ വിലയ്ക്കു് ഞങ്ങളുടെ പക്കൽനിന്നും ലഭിക്കുന്നതാണു്.

ഞങ്ങളുടെ എക്സിബിഷൻനഗറിലുള്ള സ്റ്റാൾ സന്ദശിക്കുക.

അർത്ഥവ്യത്യാസങ്ങൾ ഉണ്ടാവും. അവയെ മനസ്സിരുത്തി മനസ്സിലാക്കി ഓരോ സ്ഥാനത്തും ഏററവും ഉചിതമായ വാക്കുവേണം ഉപയോഗിക്കുവാൻ എന്നു ഗുരുനാഥന്മാർ പഠിപ്പിക്കാറുണ്ടു്. ഇക്കാര്യത്തിൽ മലയാളത്തിൽ ആശാനെപ്പോലെയൊരു ആശാൻ ഇല്ലെന്നുവേണം പറയാൻ. ചണ്ഡാലഭിക്ഷുകിയിൽ ആനന്ദനെയും മാതംഗിയെയും പററി പ്രതിപാദിക്കുന്ന ഓരോ സ്ഥലത്തും ആശാൻ ഏതേതു പദങ്ങളാണു പ്രയോഗിച്ചതു് എന്നു കരുണയിൽ ഉപഗുപ്തന്നു മഹാകവി നൽകുന്ന പലേ പര്യായപ്പേരുകളും മനസ്സിരുത്തി വായിച്ചുനോക്കിയാൽ അതു സ്പഷ്ടമാവുന്നതാണു്. അഥവാ എന്തിനങ്ങിനെ ഒററപ്പെടുത്തിപ്പറയണം, ആശാന്റെ ഏതു കവിതയിലും, ഏതു ശ്ലോകത്തിലും കാണാവുന്നതാണു് ഔചിത്യപദദീക്ഷയുടെ മകുടോദാഹരണങ്ങൾ. മേലുദ്ധരിച്ച ലീക്കോക്കുപറയുന്നതു് ശരിയായ പദം പ്രയോഗിക്കാനല്ല പഠിക്കേണ്ടതു്, കണിശമായി ചിന്തിക്കാനാണു് എന്നാണു്. നിങ്ങളുടെ ചിന്തയുടെ സ്പഷ്ടമായ പ്രതിഫലനമാണു് നിങ്ങൾ ഉപയോഗിക്കുന്ന വാക്കുകൾ. വഴവഴാന്നു ചിന്തിക്കുന്നവന്റെ എഴുത്തും വഴവഴാന്നിരിക്കും.

അതുകൊണ്ടു് ഇപ്പറഞ്ഞതൊക്കെ സാഹിത്യപരിശ്രമങ്ങളല്ല; ജീവിതപരിശീലനങ്ങളാണു് എന്നു മനസ്സിലാക്കിട്ടുവേണം നാം പ്രബന്ധരചനയിൽ ഏർപ്പെട്ടുവാനായിട്ടു്.



# ശ്രീരാമവിലാസംപ്രസ്സ് & ബുക്കഡിപ്പോവക

## ★ ചില പ്രസിദ്ധീകരണങ്ങൾ ★

### നോവലുകൾ

| | Rs. | nP. |
|---|---|---|
| ബഞ്ചമിൻ ഫ്രാങ്ക്ളിൻ (അമേരിക്കൻനോവൽ) | 1 | 75 |
| തോംസായർ ” | 2 | 00 |
| വാൾഡൻ ” | 2 | 00 |
| വിസ്താരജഡ്ജി ” | 1 | 00 |
| വ്യോമവിജയം ” | 1 | 00 |
| ഏകാന്തപഥികർ ” | 1 | 50 |
| കാമുകൻെറ കട്ടംകൈ | 1 | 25 |
| മരീചിക | 2 | 00 |
| അത്ഭുതനിലയത്തിലെ ഇന്ദ്രജാലം | 1 | 00 |
| കേരള കാളിദാസൻ | 2 | 50 |
| സത്യഗ്രാഹി | 3 | 00 |
| താരാഭായി | 1 | 50 |
| കമലാഭായി | 1 | 50 |
| പ്രണയക്കിറുക്കൻ | 1 | 50 |
| കൃതഘ്നത | 1 | 00 |
| മരണപത്രം | 1 | 50 |
| മായാമണ്ഡലം | 2 | 50 |
| അമീർഹംസ | 3 | 12 |
| കുസുമോത്സവം | 2 | 25 |
| ഇന്ദിര | 2 | 50 |
| പുളകോൽഗമം | 2 | 50 |
| പൊയ്പ്പോയ ലോകം | 2 | 25 |
| അരമനരഹസ്യം | 1 | 50 |
| സുവർണ്ണകുമാരി | 1 | 12 |
| ചിത്രലേഖ | 1 | 75 |
| വീരകേസരി | 1 | 50 |
| ചമ്പകമാല | 1 | 00 |
| മരതകമണി | 1 | 12 |
| വെളിച്ചംകിട്ടി | 1 | 00 |

### ചെറുകഥകൾ

| | Rs. | nP. |
|---|---|---|
| മൊഹബത് കി കഹാനി | 1 | 00 |
| നന്മക്കുഴികൾ | 0 | 75 |
| ബാഷ്പാങ്കുരം | 0 | 75 |
| ഭാസ്കരൻ | 0 | 56 |
| മദനകാമരാജൻകഥ | 0 | 75 |
| ആശാങ്കുരം | 1 | 00 |
| വിക്രമാദിത്യചരിത്രം | 3 | 00 |
| സൽക്കഥാസാഗരം 1-ാംഭാഗം | 1 | 75 |
| ” 2-ാംഭാഗം | 1 | 75 |
| ഭാരതീയരുടെചെറുകഥകൾ | 1 | 75 |
| തെന്നാലിരാമൻ | 1 | 00 |
| സ്ത്രീഹൃദയം | 1 | 50 |
| ഭാഗ്യസൂചന | 1 | 25 |
| ആദർശദർപ്പണം | 0 | 56 |
| ഒരു വേശ്യയുടെ കഥ | 1 | 00 |
| സരള | 0 | 75 |
| മന്നത്തു പത്മനാഭൻ | 1 | 50 |
| ബാലനിധി | 0 | 37 |
| അമേരിക്കൻചെറുകഥകൾ | 1 | 50 |
| ഹെഡ്മിസ്റ്റ്റസ് | 1 | 00 |
| പരിചാരിക | 1 | 00 |
| അറബിക്കഥകൾ (5 ഭാഗം) | 6 | 25 |
| ചെറുകഥകൾ | 0 | 62 |
| കഥാവല്ലരി | 0 | 37 |
| ബാലലീല | 0 | 37 |
| സുഭദ്ര | 0 | 37 |
| ഷേക്സ്പിയർകഥകൾ | 0 | 37 |
| ഭക്തികഥകൾ | 0 | 37 |
| ചരിത്രസൽക്കഥകൾ | 0 | 31 |
| അപ്പുക്കുട്ടൻ | 0 | 31 |
| സാരോപദേശകഥകൾ | 0 | 31 |

### വൈദ്യപുസ്തകങ്ങൾ

| | Rs. | nP. |
|---|---|---|
| അഷ്ടാംഗഹൃദയം (സവ്യാഖ്യാനം) | | |
| സൂത്രസ്ഥാനം 1-ാംഭാഗം | 1 | 87 |
| ” 2-ാംഭാഗം | 1 | 87 |
| ശാരീരസ്ഥാനം | 1 | 50 |
| നിദാനസ്ഥാനം | 1 | 87 |
| ചികിത്സിതസ്ഥാനം 1-ാംഭാഗം | 2 | 25 |
| ” 2-ാംഭാഗം | 1 | 87 |
| കല്പസ്ഥാനം | 1 | 00 |
| ഉത്തരസ്ഥാനം 1-ാംഭാഗം | 2 | 00 |
| ” 2-ാംഭാഗം | 2 | 50 |
| ആയുർവ്വേദസുധാകരം (സവ്യാഖ്യാനം) | 2 | 62 |
| സഹസ്രയോഗം (സവ്യാഖ്യാനം) | 3 | 00 |
| അഗസ്ത്യവൈദ്യചന്ദ്രിക | 1 | 50 |
| രസരാജതരംഗിണി 1-ാംഭാഗം | 1 | 50 |
| ” 2-ാംഭാഗം | 2 | 25 |
| മസൂരിസിദ്ധചികിത്സ | 0 | 75 |
| കുഷ്ഠരോഗചികിത്സാദർപ്പണം | 0 | 75 |
| ആരോഗ്യരക്ഷാശാസ്ത്രം | 0 | 75 |
| ചികിത്സകചിന്താമണി | 1 | 12 |
| നയനചികിത്സാമഞ്ജരി | 0 | 37 |
| പത്ഥ്യാപത്ഥ്യം(സവ്യാഖ്യാനം) | 0 | 56 |
| ബ്രഹ്മരഹസ്യം | 0 | 37 |
| വിഷചികിത്സാതന്ത്രം | 0 | 56 |
| നാഡീദർപ്പണം (സവ്യാ:) | 0 | 56 |
| ബാലരോഗനിവാരിണി | 0 | 25 |
| വിഷവൈദ്യതരംഗിണി | 0 | 75 |

ഞങ്ങളുടെ പ്രസിദ്ധീകരണങ്ങളായ പുരാണഗ്രന്ഥങ്ങൾ, ഉപനിഷത്തുകൾ, പ്രബന്ധങ്ങൾ, ഉപന്യാസങ്ങൾ, നിരൂപണങ്ങൾ, നോവലുകൾ, ചെറുകഥകൾ, ഏകാങ്കങ്ങൾ, നാടകങ്ങൾ, പദ്യകൃതികൾ, ഡിക്ഷ്ണറികൾ മുതലായവകൾക്കു പുറമെ നാഷണൽബുക്ക്സ്റ്റാൾ, മംഗളോദയം, കെ. ആർ. ബ്രദേഴ്സ്, പി. കെ. ബ്രദേഴ്സ്. മാതൃഭൂമി, വള്ളത്തോൾ ഗ്രന്ഥാലയം, കമലാലയം ബുക്കഡിപ്പോ, ശാരദാബുക്കഡിപ്പോ, വിദ്യാരംഭം ബുക്കഡിപ്പോ, ഉദയാബുക്ക്സ്റ്റാൾ മുതലായ കേരളത്തിലെ എല്ലാ പ്രസിദ്ധീകരണശാലക്കാരുടെയും പുസ്തകങ്ങൾ ഞങ്ങളുടെ പക്കൽ സ്റ്റാക്കുണ്ട്.

ഗ്രന്ഥശാലകൾക്കു് കൂടുതൽ കമ്മിഷൻ നൽകുന്നതാണ്.

മാനേജർ, ശ്രീരാമവിലാസം പ്രസ്സ് & ബുക്കഡിപ്പോ, കൊല്ലം.

ബ്രാഞ്ചുകൾ:— തിരുവനന്തപുരം ★ ആലപ്പുഴ ★ എറണാകുളം.

മഹാത്മാഗാന്ധികാളേജ് ഉത്ഘാടനാഘോഷസമിതിക്കുവേണ്ടി കൊല്ലം ശ്രീരാമവിലാസം പ്രസ്സിൽ അച്ചടിച്ചതു്.

# "We are advertised by our loving friends"

WM. SHAKESPEARE



FAR BE IT FROM US to disagree with the bard. To be sure, a cable-maker's best advertisement is a satisfied electrical engineer, like diamonds being a girl's best friend or the horse you've put your shirt on being the bookie's bosom pal!

'But, ay, there' th[illegible] ub', to have another s[illegible]b at the Swan of Avo[illegible] [illegible]ho, no doubt, pinched his copy from out of the m[illegible] of som[illegible] [illegible]temporary pain [illegible]alm manufacturer!

Be that as it may, we can't expect our loving friends forever to be beating *our* drum, even if it should be wound with such a priceless product as ALIND aluminium cable! We can't expect them forever to be singing our praises even if we should make such wonderful conductors!




Here's why we advertise here—and on the same lines—in other publications.

ALIND

**THE ALUMINIUM INDUSTRIES LIMITED**

*India's largest manufacturers of aluminium cables and accessories*

KUNDARA · KERALA STATE

*Managing Agents:* Seshasayee Bros. (Trav.) Private Ltd

AL-407